Vol. 13 Issue 1 January 2023

Government Arts & Science College

# RESEARCH JOURNAL

## പ്രതിരോധ പഠനങ്ങൾ

**Studies on Resistance**

Editor: Dr. Sajitha Kizhinipurath

Government Arts & Science College
# RESEARCH JOURNAL
Vol.13 • Issue 1 • January 2023

# പ്രതിരോധ പഠനങ്ങൾ
## Studies on Resistance

Editor

**Dr. Sajitha Kizhinipurath**

**Government Arts & Science College Calicut**
**Kozhikode - 18**

**Government Arts & Science College**
**RESEARCH JOURNAL**
(Bi - annual)
Vol. 13 Issue 1 January 2023
ISSN: 2277-4246
Peer Reviewed

**Advisory Board**
Dr. K.N. Panikkar
Dr. T.B Venugopala Panikkar
Dr. T.P. Kunhikannan
Dr. Hema P.G
Dr. M. R. Raghava Varier
Dr. Shashad Hussain K.T.
Dr. Ajay S Sekhar

**Editorial Board**
Dr.Sureshbabu P. A.
Sathian V.T.
Dr. Abdul Raheem M.K.
Dr. Geetha H
Dr.Yaseer K.M.
Beena P.
Dr.Nimmi A.A.
Mahima K.

**Managing Editor**
Dr. Priya P
Principal

**Editor**
Dr. Sajitha Kizhinipurath

The Publication is funded by a generous grant from The Parent and Teachers Association – 2022- 2023, GASC, Kozhikode
Reg.No. D1.49489/2007

@All rights reserved. No parts of this publication may be reproduced, stored in a retrieval system or transmitted in any form or by any means, electronic, mechanical, photocopying, recording or otherwise, without prior permission of the authors. The authors are responsible for the views expressed in their articles

Book layout & Cover Design: Bina Photostat, Calicut University
Published by Dr. Priya P, Principal, Government Arts & Science College Calicut

# Contents


മുഖക്കുറിപ്പ്

ആമുഖം ........................................................................................ 7

അംബേദ്കറുടെ മതദർശനവും വിമർശനവും
*ഡോ. രവി കെ.പി* ........................................................................ 13

പിതൃദായക്രമത്തിൽ നിന്ന് ലിംഗനീതിയിലേക്ക്: ചരിത്രവും കാഴ്ച്ചപ്പാടുകളും
*ഡോ. പ്രിയ പിലിക്കോട്* ................................................................ 39

Impact of Internal Migration on the Income and Asset Holdings of the Migrants: A Study among the Internal Migrants of Kerala
*Dr. Kabeer K.T.* ........................................................................ 56

Economics Through the Lens of Social Interactions: Veblen, North and Institutionalism
*Dr. Suresh Babu P A* .................................................................. 74

Corporate Social Responsibility: A Pathway to Sustainable Development
*Dr. Sheba Susan Johns* ............................................................... 87

അച്ചടിമലയാളം: ബ്ലോക്ക് പ്രിന്റിംഗിൽ നിന്ന് ഡിജിറ്റലിലേയ്ക്ക്
*ഡോ. റീജ രവീന്ദ്രൻ* ..................................................................... 102

പാരമ്പര്യ വിജ്ഞാനവും കേരളീയ ആയുർവേദ ഗ്രന്ഥങ്ങളും.
*നിമ എം.* .................................................................................. 113

ഉതാമ: ബൊളിവിയൻ ഗ്രാമജീവിതത്തിന്റെ ഉൾക്കാഴ്ചകൾ
*ഡോ. ബി. ശ്രീകുമാർ സമ്പത്ത്* ........................................................ 131

സംസ്കാരവ്യവസായവും ചലച്ചിത്രഗാനങ്ങളിലെ മുസ്ലീം ജീവിതാഖ്യാനവും
*ഡോ. സിജു കെ.ഡി.* .................................................................... 142

ദൃശ്യാവബോധവും കേരളീയ കലാവിഷ്കാരവും: -
സാംസ്കാരിക പരിണാമങ്ങൾ
*ഡോ.റീന എ എം*....................................................................... 173

ഹിംസ: നിർമ്മിതിയുടെ വഴികളും നോവലിന്റെ കലയും
*ലീന ഇ.പി* ........................................................................... 182

പ്രതിരോധത്തിന്റെ വഴികൾ പുതുകഥയിൽ
*ഡോ. എസ്. സുസ്മിത*.................................................................. 200

രാഷ്ട്രീയാധുനികത: യു.പി ജയരാജിന്റെ കഥകളിൽ
*ഹരിത കെ പ്രസാദ്*.................................................................... 215

കോവിലന്റെ കഥകളിലെ സ്ത്രീ: സ്വരൂപവും ആഖ്യാനവും
*ഷീബ പി.* ........................................................................... 232

उपभोगि तराज़ू में तौलती तालीम और इंसानी जज़्बात
*डा. षंली एम एम*..................................................................... 242

ജലബിംബങ്ങൾ സാറാജോസഫിന്റെ കഥകളിൽ
*ഡോ. സജിത കിഴിനിപ്പുറത്ത്*............................................................ 247

**Reviews**

പോരാട്ടങ്ങളുടെ ചരിത്രരേഖകൾ: കെ.പി. ശശിയുടെ
ഡോക്യുമെന്ററി ജീവിതം
*ഡോ. സ്റ്റാലിൻ ദാസ് പടിഞ്ഞാറെ പുരക്കൽ*...................................... 256

ओमप्रकाश वाल्मीकी की कविता 'अब और नहीं' में अभिव्यक्त टीस की
अभिव्यक्ति।
*डॉ. पी. प्रिया* ....................................................................... 261

ഹെർബേറിയം: അതിജീവനത്തിന്റെ സർഗാവിഷ്കാരം
*ദിവ്യ കെ*............................................................................ 269

List of Contributors ................................................................ 276

# മുഖക്കുറിപ്പ്

ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ് കാലിക്കറ്റ് പ്രസിദ്ധീകരിച്ചുവരുന്ന ഗവേഷണ ജേർണലിന്റെ പതിമൂന്നാമത് വാല്യമാണ് പ്രതിരോധപഠനങ്ങൾ. ഭാഷ മാനവിക വിഷയങ്ങളിൽ നടക്കുന്ന ചിന്താപരമായ ചെറുത്തുനിൽപ്പുകളെ അടയാളപ്പെടുത്തുന്ന പഠനപ്രബന്ധങ്ങളാണ് ഇവിടെ സമാഹരിച്ചിരിക്കുന്നത്. സംസ്കാരപഠനമേഖലയിൽ പുതിയ അന്വേഷണങ്ങൾക്ക് ദിശാബോധം നൽകാൻ പ്രാപ്തമായ ഈ പ്രതിരോധ പഠനങ്ങളെ അക്കാദമിക സമൂഹത്തിന്റെ ഗൗരവമായ വായനയ്ക്കായി സമർപ്പിക്കുന്നു.

**ഡോ. പ്രിയ പി**
പ്രിൻസിപ്പാൾ

കോഴിക്കോട്

15.03.2024

# ആമുഖം

പ്രതിരോധപഠനം ലോകക്രമത്തെക്കുറിച്ചുള്ള പുതിയൊരവബോധം സാധ്യമാക്കുന്ന സംസ്കാരപഠനമാണ്. അത് സർവ്വ മനുഷ്യവ്യവഹാരങ്ങളിലുമുള്ള ആധിപത്യ പ്രവണതകളെ കണ്ടെത്തുകയും തുടച്ചുനീക്കേണ്ടവയെ തുറന്നുകാട്ടുകയും, ആശയപരമായി അവയെ ചെറുക്കുകയും കൂടുതൽ മെച്ചപ്പെട്ട സമൂഹനിർമ്മിതിക്കായി ബദലുകൾ അവതരിപ്പിക്കുകയും അതിജീവനത്തിനായുള്ള പുതിയ ചിന്താമേഖല തുറന്നിടുകയും ചെയ്യുന്നു.

ദലിത്, പാരിസ്ഥിതി, സ്ത്രീ തുടങ്ങി വൈവിധ്യമാർന്ന പഠനവഴികളിലൂടെ പ്രതിരോധ പഠനം അക്കാദമിക പഠനമേഖലയിൽ സജീവമായ ഒരു സംവാദതലം ഇന്ന് രൂപപ്പെടുത്തിയിട്ടുണ്ട്. അത്തരം ബഹുതലസ്പർശികളായ ചിന്താവഴികളെ പ്രകാശിപ്പിക്കുന്ന ഗൗരവമാർന്ന പ്രബന്ധങ്ങൾ ഉള്ളടങ്ങുന്നതാണ് ഗവ.. ആർട്സ് ആന്റ് സയൻസ് കോളേജ് കാലിക്കറ്റ് പ്രസിദ്ധീകരിക്കുന്ന ഈ റിസർച്ച് ജേർണൽ.

പ്രതിരോധ പഠനത്തിന് ഒരു വിഷയവും അന്യമല്ല. ഒരു പ്രത്യേക ചട്ടക്കൂടിൽ ഒതുങ്ങി നിൽക്കുന്നതുമല്ല അത് ഉയർത്തുന്ന ചർച്ചകൾ. അന്തർ വൈജ്ഞാനികവിഷയങ്ങളുടെ രീതിശാസ്ത്രസമന്വയമാണ് ഇവിടെ നടക്കുന്നത്. പ്രതിരോധാത്മകത എന്ന അടിസ്ഥാന ആശയമാണ് വിശാലമായ ഈ പഠനമേഖലയെ കോർത്തിണക്കുന്നത്. അത്തരമൊരു അവബോധത്തിന്റെ പശ്ചാത്തലത്തിലാണ് ഇവിടെ പഠനങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നത്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എഴുതപ്പെട്ട ഭാഷാ സാഹിത്യ മാനവികപഠനമേഖലകളിൽ നിന്നുള്ള പതിനാറ് പ്രബന്ധങ്ങളും ഒരു ഡോക്യുമെന്ററി നിരൂപണവും രണ്ട് പുസ്തകനിരൂപണവും ആണ് ഈ ജേർണലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

'അംബേദ്ക്കറുടെ മതദർശനവും വിമർശനവും' എന്ന പ്രബന്ധ ത്തിൽ ഡോ. കെ.പി. രവി മതത്തെക്കുറിച്ചുള്ള അംബേദ്ക്കറുടെ വിമർശ നാത്മക ചിന്തകളെ സമകാലസാമൂഹ്യ സന്ദർഭത്തിൽ നിന്നുകൊണ്ട് സൂക്ഷ്മ പഠനത്തിന് വിധേയമാക്കുന്നു. ബഹുസ്വരമായ ഇന്ത്യൻ സമൂഹ്യാവസ്ഥയെ എല്ലാതരം അധികാരശക്തിയും ഉപയോഗിച്ചുകൊണ്ട് തകർക്കാൻ നടത്തുന്ന സമീപകാലശ്രമങ്ങളെ അംബേദ്ക്കറുടെ ചിന്തകൾ ഉയർത്തിപ്പി ടിച്ചുകൊണ്ട് പ്രതിരോധിക്കുകയാണ് ഈ പ്രബന്ധത്തിൽ ഡോ.രവി.

ഡോ. പ്രിയ പിലിക്കോടിന്റെ 'പിതൃദായ ക്രമത്തിൽ നിന്ന് ലിംഗനീതിയിലേക്ക്: ചരിത്രവും കാഴ്ചപ്പാടുകളും' എന്ന പ്രബന്ധം സ്ത്രീ, സമൂഹത്തിൽ രണ്ടാംകിട പദവിയിലേക്ക് തരംതാഴ്ത്തപ്പെട്ടതിന്റെ ചരിത്ര സാഹചര്യങ്ങൾ പരിശോധിക്കുന്നതോടൊപ്പം ലിംഗസമത്വാധിഷ്ഠിതമായ സമൂഹനിർമ്മിതിക്കായി നടക്കുന്ന പ്രതിരോധപഠനങ്ങളും പ്രവർത്തനങ്ങളും അടയാളപ്പെടുത്തുകയും ചെയ്യുന്നു. ഭരണഘടന ഉറപ്പുനൽകുന്ന സാമൂഹിക സമത്വം യാഥാർത്ഥ്യമാക്കാനുള്ള പോരാട്ടങ്ങളുടെ അനിവാര്യത ഊന്നി പറയുകയും ചെയ്യുന്നു.

വിവിധ ജോലികൾക്കായി ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വന്നുകൊണ്ടിരിക്കുന്ന തൊഴിലാളികളുടെ അനുദിനവർദ്ധനവിനെ മുൻനിർത്തി അതിനുപിന്നിലുള്ള സാമ്പത്തിക സാഹചര്യങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യുകയാണ് 'Impact of Internal Migration on the Income and Asset holdings of the Migrants: A Study among the Internal Migrants of Kerala ' എന്ന പഠനത്തിൽ ഡോ. കബീർ കെ.ടി. കേരളം പ്രദാനംചെയ്യുന്ന മെച്ചപ്പെട്ട സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളാണ് ഈ ഒഴുക്കിന്റെ അടിസ്ഥാന കാരണമെന്ന കണ്ടെത്തൽ നടത്തുമ്പോൾ ബദൽ സമൂഹത്തിന്റെ സാധ്യതകളെ ഉയർത്തിക്കൊണ്ടുവരിക കൂടിയാണ് ഡോ. കബീർ.

സാമ്പത്തികശാസ്ത്രപഠനങ്ങളെ സാമൂഹിക ഘടകങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് പഠിക്കുന്ന 'ഇൻസ്റ്റിറ്റ്യൂഷണലിസം ' എന്ന പുതിയ പഠന

മേഖലയുടെ സ്വഭാവവും സാധ്യതകളും വിശദീകരിക്കുന്ന പ്രബന്ധമാണ് ഡോ.സുരേഷ് ബാബു പി. എ യുടെ 'Economics Through the Lens of Social Interactions: Veblen, North and Institutionalism'. ഒരു സമൂഹത്തിന്റെ സാമ്പത്തികാവസ്ഥയെ നിർണയിക്കുന്നത് മനുഷ്യനും സമൂഹവും തമ്മിലുള്ള നിരന്തരമായ കൊടുക്കൽ വാങ്ങലുകൾ ആണെന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് നടത്തിയ ഈ പഠനം സാമ്പത്തിക ശാസ്ത്ര ചിന്താമേഖല സംസ്കാരപഠനമായിമാറുന്നതിന്റെ സ്വഭാവം വിശദീകരിക്കുന്നുണ്ട്.

ബിസിനസ് രംഗം അവശ്യം പുലർത്തേണ്ട പാരിസ്ഥിതികവും സാമൂഹികവും ധാർമികവും ആയ ഉത്തരവാദിത്വങ്ങൾ ഉറപ്പ് വരുത്തുന്നതിനു വേണ്ടി ഇന്ത്യ ആവിഷ്ക്കരിച്ച നിയമങ്ങളെ വിശകലനം ചെയ്യുകയാണ് ഡോ. ഷേബ സൂസൻ ജോൺസ് 'Corporate Social Responsibility:A Pathway To Sustainable Development' എന്ന പഠനത്തിൽ. സുസ്ഥിര വികസന സങ്കല്പങ്ങളെ യാഥാർത്ഥ്യമാക്കുന്നതിന് ഈ മേഖലയിൽ സമീപകാലത്തു വന്ന ഈ ഇടപെടൽ ഫലപ്രമാകുമോ എന്ന കാര്യം ഔദ്യോഗിക രേഖകളെ അവലംബിച്ചുകൊണ്ട് പഠിക്കുന്നുണ്ട് ഡോ. ഷേബ ഈ പ്രബന്ധത്തിൽ

'അച്ചടി മലയാളം ബ്ലോക്ക് പ്രിന്റിംഗിൽ നിന്ന് ഡിജിറ്റലിലേക്ക്' എന്ന ഡോ. റീജ രവീന്ദ്രന്റെ പഠനം അച്ചടിയുടെ രംഗത്തുവന്ന വിജ്ഞാന വികാസത്തിന്റെ ചരിത്രം രേഖപ്പെടുത്തുന്നതോടൊപ്പം എല്ലാവർക്കും പ്രാപ്യമായ ഒരിടമായി സാങ്കേതികജ്ഞാനമേഖല മാറിയതിന്റെ സാംസ്കാരിക പ്രാധാന്യം തിരിച്ചറിയുകയും ചെയ്യുന്നു.

യൂറോ കേന്ദ്രിത വീക്ഷണത്തിൽ നിന്ന് ഭിന്നമായി മൂന്നാം ലോക രാജ്യങ്ങളിൽ വളർന്നുവന്ന വിജ്ഞാനസമ്പത്ത് വീണ്ടെടുക്കുകയും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്നത് പ്രധാനമാണ്. വൈദ്യശാസ്ത്രരംഗത്തെ ഇന്ത്യൻ സംഭാവനയായ ആയുർവേദ ചികിത്സാവഴികളുടെ അറിവുരൂപങ്ങൾ വിശദീകരിക്കുന്നു നിമ എം തന്റെ 'പാരമ്പര്യ വിജ്ഞാനവും കേരളീയ ആയുർവേദ ഗ്രന്ഥങ്ങളും' എന്ന പ്രബന്ധത്തിൽ .

കേവലമായ സൗന്ദര്യാവിഷ്ക്കരണോപാധിയല്ല ഇന്ന് കല. അത് മനുഷ്യ കേന്ദ്രിതവുമല്ല. പാരിസ്ഥിതിക പ്രതിസന്ധികളെ പ്രശ്നവൽക്കരിക്കുന്ന ശക്തമായ മാധ്യമമായി സിനിമ എന്ന കല മാറിയതിനെ ഉതാമ എന്ന സിനിമയെ ഉദാഹരിച്ചുകൊണ്ട് വിശദീകരിക്കുകയാണ് 'ഉതാമ: ബൊളിവിയൻ ഗ്രാമ ജീവിതത്തിന്റെ ഉൾക്കാഴ്ചകൾ' എന്ന പ്രബന്ധത്തിൽ ഡോ. ബി. ശ്രീകുമാർ സമ്പത്ത്.

കലയുടെ മേഖലയെ വിപണി മൂല്യങ്ങൾ കീഴ്പ്പെടുത്തുന്ന വഴികളെക്കുറിച്ച് സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രമുപയോഗിച്ചുകൊണ്ട് വിമർശനാത്മകമായി പരിശോധിക്കുകയാണ് ഡോ. സിജു കെ.ഡി 'സംസ്കാര വ്യവസായവും ചലച്ചിത്രഗാനങ്ങളിലെ മുസ്ലിം ജീവിതാഖ്യാനവും' എന്ന പ്രബന്ധത്തിൽ.

ഒരു സമൂഹത്തിന്റെ ദൃശ്യാവബോധം അവരുടെ സാംസ്കാരിക നിർമ്മിതിയുടെ അടിസ്ഥാനഘടകങ്ങളിൽ ഒന്നായിത്തീരുന്നതെങ്ങനെയെന്ന് കേരളീയകലാവിഷ്ക്കാരങ്ങളിലെ കാഴ്ചയുടെ പരിണാമചരിത്രത്തെ മുൻനിർത്തി പരിശോധിക്കുകയാണ് ഡോ റീന എ എം തന്റെ 'ദൃശ്യവബോധവും കേരളീയ കലാവിഷ്കാരവും: സാംസ്കാരിക പരിണാമങ്ങൾ' എന്ന പ്രബന്ധത്തിൽ. പ്രതിരോധത്തിന്റെ പ്രത്യയശാസ്ത്രം ഉൾക്കൊള്ളുന്ന ഭാഷ, ആഖ്യാനം, പ്രമേയം, സാമൂഹ്യ വിശകലനം എന്നിവ സ്വീകരിച്ചുകൊണ്ടുള്ള സാംസ്കാരിക ഇടപെടലുകളാണ് സാഹിത്യരചനകൾ ഇന്ന് നടത്തുന്നത്.

കഥാസാഹിത്യം സംസ്കാരത്തിന്റെ അടരുകളെക്കുറിച്ചുള്ള സൂക്ഷ്മാഖ്യാനങ്ങളാവുന്നതെങ്ങനെ എന്ന് വിശകലനം ചെയ്യുന്ന വ്യത്യസ്തമായ ആറു പഠനങ്ങൾ ഈ സമാഹാരത്തിലുണ്ട്. ലീന ഇ.പി. 'ഹിംസ: നിർമ്മിതിയുടെ വഴികളും നോവലിന്റെ കലയും' എന്ന പ്രബന്ധത്തിൽ കെ.ആർ.മീര ആരാച്ചാർ എന്ന നോവലിൽ ആവിഷ്ക്കരിച്ച ഹിംസയുടെ നിർമ്മിതി തന്ത്രങ്ങൾ വിശകലനം ചെയ്യുന്നു. കേരളീയ സാമൂഹ്യാന്തരീക്ഷത്തിൽ സംഭവിച്ച സാംസ്കാരികപരിണാമങ്ങളെ ആഴത്തിൽ മനസ്സിലാക്കുന്നതും

സമകാല ജീവിതത്തിന്റെ ദൗർബല്യങ്ങളെ പ്രതിരോധിക്കുന്നതുമായ പുതിയ കഥകളുടെ സ്വഭാവ സവിശേഷതകളാണ് ഡോ. എസ്. സുസ്മിത 'പ്രതിരോധത്തിന്റെ വഴികൾ പുതു കഥയിൽ' എന്ന പഠനത്തിലൂടെ കണ്ടെത്തുന്നത്. ആധുനികതയ്ക്കുള്ളിൽ തന്നെ രൂപപ്പെട്ടതും എന്നാൽ അതിന്റെ അന്യവല്ക്കരണ സ്വഭാവത്തെ നിരാകരിക്കുന്നതും ഒപ്പം സാമൂഹ്യ പ്രതിബദ്ധചിന്ത പുലർത്തുന്നതുമായ രാഷ്ട്രീയാധുനികതയെ കഥകൾ എങ്ങനെ അടയാളപ്പെടുത്തി എന്നതിനെക്കുറിച്ചുള്ള പഠനമാണ് ഹരിത കെ പ്രസാദിന്റെ 'രാഷ്ട്രീയാധുനികത: യുപി ജയരാജിന്റെ കഥകളിൽ' എന്നത്.

പുരുഷരചനകളിലെ സ്ത്രീ ആവിഷ്കാരം പഠിക്കുക എന്നത് സ്ത്രീവാദത്തിന്റെ ശക്തമായൊരു പഠനവഴിയാണ്. കോവിലന്റെ കഥകളെ അത്തരമൊരു പഠനത്തിന് വിധേയമാക്കുന്നു ഷീബ കെ 'കോവിലന്റെ കഥകളിലെ സ്ത്രീ: സ്വരൂപം, ആഖ്യാനം' എന്ന പഠനത്തിൽ.

അടിസ്ഥാന മനുഷ്യ സ്വഭാവങ്ങളിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നതും മനുഷ്യരെ പലവിധ പാസ്‌വേഡുകൾക്കിടയിൽ വീർപ്പുമുട്ടിച്ചു കൊണ്ടിരിക്കുന്നതുമായ കമ്പ്യൂട്ടർ യുഗത്തെ വിമർശനസ്ഥാനത്ത് നിർത്തുന്ന നോവലാണ് കമൽ കുമാറിന്റെ പാസ്‌വേർഡ്. ഈ നോവലിന്റെ ആഖ്യാനപരവും പ്രമേയപരവുമായ സവിശേഷതകൾ വിലയിരുത്തുന്ന പഠനമാണ് ഡോ. ഷംലിയുടെ 'उपभोगि तराज़ू में तौलती तालीम और इंसानी जज़्बात' എന്ന പ്രബന്ധം.

പാരിസ്ഥിതികസ്ത്രീവാദദർശനത്തിന്റെ സർഗാത്മകാവിഷ്കാരങ്ങളാണ് സാറാജോസഫിന്റേ കഥകളെന്ന് സമർത്ഥിക്കുന്നു ഡോ. സജിത കിഴിനിപ്പുറത്ത് 'ജലബിംബങ്ങൾ സാറാ ജോസഫിന്റെ കഥകളിൽ' എന്ന പ്രബന്ധത്തിൽ.

ഡോ.സ്റ്റാലിൻ ദാസ് പടിഞ്ഞാറേ പുരയ്ക്കൽ എഴുതിയ 'പോരാട്ടങ്ങളുടെ ചരിത്രരേഖകൾ: കെ.പി. ശശിയുടെ ഡോക്യുമെന്ററി', ഡോ പ്രിയ പി യുടെ 'ओमप्रकाश वाल्मीकी की कविता 'अब और नहीं' में अभिव्यक्त टीस

की अभिव्यक्ति', ദിവ്യ കെ യുടെ 'ഹെർബേറിയം: അതിജീവനത്തിന്റെ സർഗാവിഷ്കാരം' എന്നീ ഡോക്യുമെന്ററി, പുസ്തകനിരൂപണങ്ങൾ പ്രതിരോധമെന്ന ഈ ജേർണലിന്റെ മുഖ്യ വിഷയത്തോട് ചേർന്നു നിൽക്കുന്നവയാണ്.

ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ് കാലിക്കറ്റ് എന്നും പിന്തുടർന്നുപോരുന്ന മികച്ച അക്കാദമിക താൽപര്യം തന്നെയാണ് ഈ റിസർച്ച് ജേർണലിനെ യാഥാർത്ഥ്യമാക്കിയത്. ഒരു അടിസ്ഥാന ആശയത്തെ കേന്ദ്രമാക്കിക്കൊണ്ട് വൈവിധ്യമാർന്ന പഠനവിഭാഗങ്ങളിൽ നിന്നുള്ള ഗവേഷണപ്രബന്ധങ്ങൾ സമാഹരിക്കൽ ശ്രമകരമായ ദൗത്യമായിരുന്നു. ജേർണൽ യാഥാർത്ഥ്യമാക്കാൻ കൂടെ നിന്ന പ്രിൻസിപ്പാൾ, സഹപ്രവർത്തകർ, പി.ടി എ, പിയർ റിവ്യൂ നടത്തിയ വിഷയവിദഗ്ധർ, പ്രബന്ധരചയിതാക്കൾ എന്നിവരോടെല്ലാമുള്ള സ്നേഹവും കടപ്പാടും അറിയിക്കുന്നു. ഗൗരവമായ വിലയിരുത്തലുകൾക്കും തുടരാലോചനകൾക്കുമായി അക്കാദമികസമൂഹത്തിനു മുന്നിൽ ഈ പ്രതിരോധ പഠനങ്ങൾ സമർപ്പിക്കുന്നു.

കോഴിക്കോട് **ഡോ.സജിത കിഴിനിപ്പുറത്ത്**

# അംബേദ്കറുടെ മതദർശനവും വിമർശനവും

**ഡോ. രവി കെ.പി**

**പ്രബന്ധസംഗ്രഹം**

ഡോ. ബി.ആർ അംബേദ്കറുടെ വിചാരവിപ്ലവത്തിന്റെ ഏറ്റവും പ്രധാനമായ ഭാഗമാണ് ജാതി-മത വിമർശനത്തിന്റേത്. മനുഷ്യ ജീവിതത്തിന്റെ സാന്മാർഗിക വ്യവസ്ഥയുമായി ബന്ധപ്പെട്ട മാതൃകാ പദ്ധതിയായാണ് മതത്തെ അദ്ദേഹം വീക്ഷിക്കുന്നത്. സാമൂഹികപ്രയോജനം, നീതി എന്നീ രണ്ട് മാനദണ്ഡങ്ങൾ മത വിമർശനത്തിനായി അംബേദ്കർ നിർദ്ദേശിക്കുന്നു. മതത്തെ ചരിത്രാത്മകമായി സമീപിക്കുന്നതോടൊപ്പം സാമൂഹിക മന:ശസ്ത്രത്തിന്റെയും താരതമ്യ പഠനത്തിന്റെയും സ്വത്വത്തെ കുറിച്ചുള്ള ആധുനിക സങ്കൽപനങ്ങളെയും അദ്ദേഹം ഉപയോഗിക്കുന്നതായി കാണാം. ഇന്ത്യയിലെ ജാതിവ്യവസ്ഥയിൽ ഏറ്റവും അധികം മർദ്ദനത്തിനും ചൂഷണത്തിനും വിധേയമായ ജനതയുടെ ജീവിതാധികാരവുമായി ബന്ധപ്പെട്ടാണ് അംബേദ്കറുടെ മതവിചാരമെന്നത് ശ്രദ്ധേയമാണ്. ഏകശിലാത്മകമായ ഒരു മതസ്വത്വത്തിന്റെ അടിസ്ഥാനത്തിൽ ദേശരാഷ്ട്രത്തെ നിർവചിക്കാനുള്ള സമകാലിക ഭരണകൂട പശ്ചാത്തലത്തിൽ അംബേദ്കറുടെ മതവിമർശനത്തിന് പ്രസക്തി ഏറെയാണ്.

**താക്കോൽവാക്കുകൾ:** ജാതി, മതസാമൂഹികത, പ്രത്യയശാസ്ത്രം, വ്യവഹാരം, രാഷ്ട്രീയം പൗരത്വം, ദേശീയത

ഇന്ത്യയിലെ അടിസ്ഥാനജനത അനുഭവിക്കേണ്ടിവന്ന ജാതീയമായ അപമാനവീകരണത്തിന്റെയും സാമൂഹികമായ അധഃപതനത്തിന്റെയും ആഴം എത്ര ഭീകരമാണെന്ന് അനുഭവിച്ചറിയുകയും, അതിന്റെ മതാത്മക പ്രത്യയശാസ്ത്രത്തിലേക്കും രാഷ്ട്രീയമായ പ്രതിവിധികളിലേക്കും തന്റെ ജീവിതം മാറ്റിസ്ഥാപിക്കുകയും ചെയ്യുന്നിടത്താണ് അംബേദ്കറുടെ പ്രസക്തി. എല്ലാവിധ സാമൂഹിക സമ്പർക്കത്തിൽനിന്നും ജാതിഹിന്ദുക്കൾ വിലക്ക് ഏർപ്പെടുത്തുന്നതിന്റെ പൊതുസ്ഥാപനങ്ങളിൽനിന്ന് അകറ്റി നിർത്തുന്നതിന്റെ സാമൂഹികമനഃശാസ്ത്രമാണ് അദ്ദേഹം അന്വേഷിച്ചത്. 79.5 ദശലക്ഷം[1] വരുന്ന ദളിതുകളെ മനുഷ്യരായി കാണുന്നതിൽ പരാജയപ്പെട്ട സംസ്കാരത്തിന് കാര്യമായ കുഴപ്പമുണ്ടെന്ന തിരിച്ചറിവിൽനിന്നാണ്

അംബേദ്കറുടെ ആശയലോകം രൂപപ്പെടുന്നത്. വ്യക്തിപരമായി വിശുദ്ധി യുടെ തലത്തിൽ ജാതിഹിന്ദുവിനെക്കാൾ എത്ര മികവ് പുലർത്തിയാലും ആ വ്യക്തിയെ അസ്പൃശ്യനായിത്തന്നെ പരിഗണിക്കുന്നത് എന്തുകൊണ്ടാണെന്ന ചോദ്യത്തിൽനിന്നാണ് അദ്ദേഹത്തിന്റെ അന്വേഷണം തുടങ്ങുന്നത്. അയിത്തം കേവലം സാമൂഹികപ്രശ്നമല്ലെന്നും അത്യന്തം ഹിംസാത്മക മായൊരു രാഷ്ട്രീയപ്രശ്നം അതിലുണ്ടെന്നും അദ്ദേഹം തിരിച്ചറിഞ്ഞു.

ബ്രാഹ്മണമതമാണ് വ്യത്യസ്ത പരിഷ്കാരങ്ങളിലൂടെ ഹിന്ദുമത മെന്ന പേരിൽ വ്യവഹരിക്കപ്പെടുന്നതെന്നും ജാതിവ്യവസ്ഥയാണ് അതിന്റെ അടിസ്ഥാനമെന്നും ഗവേഷണപഠനത്തിലൂടെ അംബേദ്കർ കണ്ടെത്തുന്നു. ഇതിലൂടെ അദ്ദേഹം സ്ഥാപിക്കാൻ ശ്രമിക്കുന്ന പ്രധാനപ്പെട്ട കാര്യം ഇന്ത്യയിലെ ദലിതർ ഹിന്ദുക്കളല്ലെന്ന കാഴ്ചപ്പാടാണ്.[2] ഇതിന്റെ ഭാഗമായി ബ്രാഹ്മണമതത്തിനെതിരെ സൈദ്ധാന്തികവും പ്രായോഗികവുമായ സമര പദ്ധതികൾ രൂപപ്പെടുത്തിയെടുത്തു. ഇന്ത്യൻ സന്ദർഭത്തിൽ പ്രവർത്തി ക്കുന്ന അധിനിവേശപ്രത്യയശാസ്ത്രം ഹിന്ദുമതത്തിന്റേതാണെന്ന അംബേദ്ക റുടെ കാഴ്ചപ്പാട് പ്രധാനമാണ്. പ്രാചീന ഇന്ത്യൻ സംസ്കാരത്തിന്റെ ആന്തരികവൈരുദ്ധ്യങ്ങൾ മറനീക്കി കാണിച്ചുകൊണ്ട് പൗരസമൂഹത്തെയും രാഷ്ട്രീയസമൂഹത്തെയുംകുറിച്ചുള്ള ആധുനികമായവീക്ഷണം അദ്ദേഹം മുന്നോട്ടുവച്ചു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഈ വീക്ഷണമാണ് പിൽക്കാല ദളിത്‌വ്യവഹാ രത്തെ സാധ്യമാക്കിയത്.

ജാതീകൃതമായ അടിച്ചമർത്തലുകളുടെ ആത്മനിഷ്ഠാനുഭവങ്ങൾ വസ്തുനിഷ്ഠമായ അറിവിന്റെ സ്രോതസ്സായി പരിവർത്തിപ്പിക്കുന്നിടത്താണ് അംബേദ്കറുടെ വിചാരവിപ്ലവം ശ്രദ്ധേയമാകുന്നത്.[3] ഇന്ത്യൻ സാമൂഹികാ വസ്ഥയിലെ ഏറ്റവും ക്രൂരവും സവിശേഷവുമായ ജാതിയെയും അതിന്റെ സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ വ്യവഹാരങ്ങളെയും സൂക്ഷ്മമായി വിമർശനവിധേമാക്കാൻ കഴിയുന്നത് ഈ ആത്മനിഷ്ഠാനുഭവ ങ്ങൾകൊണ്ടാണ്. ജാതിയും അതിന്റെ മേലെ കെട്ടിപ്പൊക്കിയിട്ടുള്ള

ബ്രാഹ്മണികമതബോധവും ദലിതുകളെ എങ്ങനെയെല്ലാം സാമൂഹികമായി അന്യവൽക്കരണത്തിന് വിധേയമാക്കുന്നുവെന്ന തിരിച്ചറിവിൽനിന്നാണ് അദ്ദേഹത്തിന്റെ ജാതി-മത-രാഷ്ട്രീയചിന്ത ഉടലെടുക്കുന്നത്. ഈ അർത്ഥ ത്തിൽ ഹിന്ദുത്വത്തിന്റെ അടിച്ചമർത്തലിനെതിരായ വിപ്ലവസ്വരമാണ് അംബേദ്കറുടേത്. ഹിന്ദുയിസം അസ്പൃശ്യതയെയും ജാതിവ്യവസ്ഥയെയും ദൈവസത്തയുടെ ഭാഗമെന്ന നിലയിൽ നിയമവൽക്കരിച്ചപ്പോൾ അംബേദ്കർ ആധുനികശാസ്ത്രാവബോധത്തിന്റെ വ്യവഹാരമാതൃകകൾ ഉൾക്കൊണ്ട് തന്റെ ചിന്തകൾ രൂപപ്പെടുത്തി. ഇതിലൂടെ അടിച്ചമർത്തപ്പെട്ട ജനതയ്ക്ക് ആധുനികവും ആത്മാഭിമാനത്തിന്റേതുമായ ഒരു സാമൂഹിക-രാഷ്ട്രീയ കർതൃത്വം സാധ്യമാക്കി. ഇക്കാര്യത്തിൽ അമേരിക്കൻ ചിന്തകനായ ജോൺദെവെയുടെ ദർശനങ്ങൾ അദ്ദേഹത്തെ കാര്യമായി സ്വാധീനിച്ച തായി മീരാനന്ദ വ്യക്തമാക്കുന്നുണ്ട്. ദെവെയുടെ തത്ത്വചിന്തകളെ മീരാനന്ദ ഇങ്ങനെ സംക്ഷേപിക്കുന്നു.

1. ആധുനികശാസ്ത്രം സാധാരണ ജനങ്ങളുടെ അനുഭവങ്ങളെ സമ്പുഷ്ടമാക്കാനും വികസിപ്പിക്കാനുമുള്ളതാണ്.

2. അറിവനുഭവങ്ങളെ സ്വാധീനാത്മകപെരുമാറ്റങ്ങൾ, സാമൂഹികജീവിതത്തിന്റെ പാരമ്പര്യാത്മകതലങ്ങൾ തുടങ്ങിയ ജ്ഞാനേതരങ്ങളിൽ നിന്നും ഒരിക്കലും വേർപെടുത്താനാവില്ല.

3. പ്രപഞ്ചത്തെക്കുറിച്ച് എന്ത് എങ്ങനെ പഠിക്കുന്നുവെന്നതിനെ സംബന്ധിച്ച നമ്മുടെ അതിഭൗതികസങ്കല്പനങ്ങളെ പ്രശ്നവൽക്കരിക്കുകയെന്നതാണ് മാനവതാവാദത്തിന്റെ വീക്ഷണം.

4. മാനവസമൂഹം അതിന്റെത്തന്നെ ക്രമീകൃതനിലവാരങ്ങളെ സൃഷ്ടിക്കാൻ ശേഷിയുള്ളതാണ്.

5. സാമൂഹികമായി അന്തർഭവിക്കപ്പെട്ട അനുഭവങ്ങളെ സംഘടിതവും ജനാധിപത്യാധിഷ്ഠിതവുമായി പ്രശ്നവൽക്കരിക്കേണ്ടതുണ്ട്.

6. ഈ പ്രശ്നവൽക്കരണം സയുക്തികവും മതനിരപേക്ഷാധിഷ്ഠിതവുമായിരിക്കണം.

7. ബഹുമുഖജീവിതാനുഭവങ്ങളിൽനിന്നും സ്വാംശീകരിച്ച അറിവുകളെ ശാസ്ത്രീയവസ്തുതകളുമായി നിർമിച്ചെടുക്കുകയെന്നതാണ് പ്രധാനം.

8. മൂല്യമെന്നത് ദൈവദത്തമല്ല. സാമൂഹികാചാരസൃഷ്ടമോ വ്യക്തികൽപ്പനകളോ അല്ല; മറിച്ച് സ്വഭാവത്തെ നയിക്കുന്ന ആശയങ്ങളാണ്.

9. വസ്തുനിഷ്ഠ അറിവ് എന്നത് സാമൂഹിക-സാംസ്കാരിക മൂല്യങ്ങളിലും പ്രകൃതിയുടെ വസ്തുനിഷ്ഠതയിലും അധിഷ്ഠിതവുമായിരിക്കണം.[4]

ജോൺദെവെയുടെ ശാസ്ത്രീയമായ വീക്ഷണം അംബേദ്കർ വിചാരലോകത്തെ വിസ്തൃതമാക്കി. ഇന്ത്യൻ ജനതയുടെ സൂക്ഷ്മബോധങ്ങളെ അപമാനവീകരിച്ചുകൊണ്ട് ബ്രാഹ്മണപ്രത്യയശാസ്ത്രം പ്രവർത്തിക്കുന്നതെങ്ങനെയെന്ന് മനസ്സിലാക്കാൻ ദെവയുടെ ദർശനം അദ്ദേഹത്തിന് സഹായകമായി.

**മതസങ്കൽപ്പം**

മതം എന്ന വാക്ക് ദൈവശാസ്ത്രം എന്നർത്ഥത്തിലാണ് അംബേദ്കർ പ്രയോഗിക്കുന്നതെങ്കിലും പിൽക്കാലത്ത് അതിന് വന്ന മാറ്റത്തിലാണ് അദ്ദേഹത്തിന്റെ പഠനം കേന്ദ്രീകരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് മൂന്ന് പൂർവ്വപക്ഷങ്ങൾ അദ്ദേഹം വ്യക്തമാക്കുന്നു. (1) ദൈവത്തിന്റെ അസ്തിത്വം (2) പ്രപഞ്ചത്തിനുമേൽ ദൈവം നടത്തുന്ന അനുഗ്രഹപരമായ ഭരണം (3) മനുഷ്യരാശിയുടെ മേൽ ദൈവം നടത്തുന്ന സാന്മാർഗികഭരണം.[5]

മനുഷ്യൻ ജീവിക്കുന്ന സാമൂഹികാവസ്ഥയെ സാന്മാർഗിക വ്യവസ്ഥയാക്കി തീർക്കുകയെന്ന ലക്ഷ്യങ്ങളോടുകൂടിയ ദൈവികഭരണത്തിന്റെ മാതൃകാപദ്ധതിയായി മതത്തെ വീക്ഷിക്കുകയാണ് അംബേദ്കർ.

അതിനാൽ സാന്മാർഗിക വ്യവസ്ഥ സൃഷ്ടിക്കുന്നതിന് മാതൃകാപദ്ധതി എന്തെന്ന് അറിഞ്ഞിരിക്കേണ്ടതുണ്ട്. മാത്രമല്ല, മതം ഏത് മാതൃകാപദ്ധതിക്ക് വേണ്ടിയാണോ നിലകൊള്ളുന്നത്, അതിന്റെ മൂല്യത്തെ വിലയിരുത്താൻ ചില മാനദണ്ഡങ്ങൾ ആവശ്യപ്പെടുന്നുണ്ട്. അംബേദ്കർ രണ്ടു മാനദണ്ഡങ്ങളെ മതങ്ങളെ സമീപിക്കാൻ ഉപയോഗിക്കുന്നു. ഒന്നാമത്തേത് സാമൂഹിക പ്രയോജനമാണ്. രണ്ടാമത്തേത് നീതിയാണ്.6 പ്രാചീനവും ആധുനികവുമായ മതബോധത്തെ അപഗ്രഥിക്കാൻ രണ്ട് മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിലൂടെ മതവിമർശനത്തിന് പുതിയൊരു രീതിശാസ്ത്രമാണ് അംബേദ്കർ അവതരിപ്പിക്കുന്നത്.

ആധുനികശാസ്ത്രത്തിന്റെ ആവിർഭാവം ദൈവശാസ്ത്രത്തിൽ വിപ്ലവാത്മകമായ പരിണാമം കൊണ്ടുവന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം, മനുഷ്യന് മനുഷ്യനോടുള്ള ബന്ധം എന്നീ കാര്യങ്ങളിൽ ആധുനികശാസ്ത്രം വിപ്ലവാത്മകമായ മാറ്റം സൃഷ്ടിച്ചു. മതത്തെ ചരിത്രാത്മ കമായി സമീപിക്കുന്നതോടൊപ്പം സാമൂഹികമനഃശാസ്ത്രത്തിന്റെയും താരതമ്യ പഠന രീതിയുടെയും സ്വത്വത്തെക്കുറിച്ചുള്ള ആധുനികമായ സങ്കൽപ്പങ്ങളെയും അംബേദ്കർ മതപഠനത്തിനായി ഉപയോഗിക്കുന്നു. പ്രാകൃതസമൂഹത്തിന്റെ മതസങ്കൽപ്പത്തിൽനിന്ന് ആധുനികമനുഷ്യന്റെ മതബോധത്തിലേക്കുള്ള മാറ്റത്തെ അംബേദ്കർ സംക്ഷേപിക്കുന്നത് ഇങ്ങനെയാണ്.

1. പ്രാകൃതസമൂഹത്തിലായാലും ആധുനികസമൂഹത്തിലായാലും മതത്തിന്റെ ആന്തരികതലം വ്യക്തിയുടെ സംരക്ഷണമാകുന്നു.
2. ദൈവമെന്ന ആശയം മതത്തിന്റ അവശ്യഘടകമല്ല.
3. മതവും ധാർമികതയും സദാചാരവും തമ്മിലുള്ള ബന്ധം മനുഷ്യാസ്തിത്വത്തിന്റെ മൗലികതയുമായി ബന്ധപ്പെട്ടിരിക്കുന്നു.
4. ദേശീയതയിൽ മാറ്റം വരുമ്പോൾ മതം വഹിക്കുന്ന പങ്ക് പ്രധാനമാണ്.
5. സാമൂഹികസംയോജനത്തിന് മതം അത്യാവശ്യഘടകമല്ല.

6. ആധുനികരെ സംബന്ധിച്ചിടത്തോളം മതം വ്യക്തിനിഷ്ഠമായ വിശ്വാസ ത്തിന്റെയും യുക്തിയുക്തമായ ധാരണയുടെയും പ്രശ്നമാണ്.

7. പുരാതനസമൂഹത്തിൽ ശരിയും തെറ്റും വിലയിരുത്താനുള്ള മാതൃക സാമൂഹികപ്രയോജനമാണ്. ആധുനികസമൂഹത്തിൽ അതിന്റെ മാതൃക നീതിയാണ്.

8. മതപഠനത്തിന്റെ മാതൃക ദൈവികമായിരിക്കണമെന്നുണ്ടെങ്കിൽ അത് ലൗകികം കൂടിയായിരിക്കണം.[7]

ആധുനികശാസ്ത്രാവബോധത്തിന്റെയും ജോൺ ദെവെയുടെ തത്വചിന്തയുമായും ബന്ധപ്പെട്ട്, മതത്തെ ദൈവവിജ്ഞാനീയത്തിൽനിന്ന് വേർപ്പെടുത്തി സാമൂഹികതലത്തിലേക്കും വ്യക്തിയുടെ ധാർമ്മികപരിസര ത്തിലേക്കും പ്രതിഷ്ഠിക്കുകയാണ് അംബേദ്കർ ചെയ്യുന്നത്. ഏത് ദർശനത്തെയും മനസ്സിലാക്കേണ്ടത് ജനജീവിതവുമായി ബന്ധപ്പെട്ടായിരി ക്കണമെന്ന കാഴ്ചപ്പാട് ഇതിന്റെ ഭാഗമാണ്.

**മതസ്വീകരണവാദം**

തദ്ദേശീയ-മതസാംസ്കാരികമൂല്യങ്ങളാൽ അടിച്ചേൽപ്പിക്കപ്പെട്ട ഹീനമായ അപമാനവും അനീതികളും സഹിക്കേണ്ടിവന്ന ജാതിവ്യവസ്ഥ യുടെ ഇരകളാണ് ദലിതർ. അതുകൊണ്ടുതന്നെ ഉപരിജാതിവ്യവഹാര നിർമിതികളെയും അതിന്റെ നിഗൂഢതകളെയും അപനിർമ്മിച്ചെടുക്കുക എന്നതാണ് പ്രധാനം. ഇന്ത്യയിലെ അടിസ്ഥാനജനതയുടെ ജീവിതാവസ്ഥ യുമായി ബന്ധപ്പെട്ടാണ് അംബേദ്കർ തന്റെ മതവിചാരം നടത്തുന്നത് എന്നത് ശ്രദ്ധേയമാണ്. അതുകൊണ്ടുതന്നെ മതത്തെ സാന്നിധ്യമായും രാഷ്ട്രീയവ്യവഹാരത്തെ മുഖ്യമായും പരിഗണിക്കുകയാണ് അംബേദ്കർ ചെയ്യുന്നത്.'ഹിന്ദുക്കളിൽനിന്ന് അകലെ[8] എന്ന പ്രബന്ധം ഈ അർത്ഥ ത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. മതത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് അവതരി

പ്പിക്കുന്നതോടൊപ്പം പുതിയൊരു രാഷ്ട്രീയസമൂഹത്തെക്കൂടി അത് മുന്നിൽ കാണുന്നു.

1936 മേയ് 12-ന് ബോംബെയിൽ ചേർന്ന മഹറുകളുടെ സമ്മേളനം ഹിന്ദുമതം ഉപേക്ഷിച്ച് മറ്റേതെങ്കിലും മതം സ്വീകരിക്കുന്നതിനെക്കുറിച്ച് പ്രമേയം പാസാക്കുകയുണ്ടായി. അസ്പൃശ്യരുടെ മതസ്വീകരണത്തിനെതിരായി ഉന്നയിക്കാവുന്ന നാല് തടസ്സവാദങ്ങളെ അംബേദ്കർ ഇവിടെ വ്യക്തമാക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു.

1. മതപരിവർത്തനംകൊണ്ട് അസ്പൃശ്യർക്ക് എന്ത് നേടാനാവും. അതുവഴി അവരുടെ പദവിക്ക് യാതൊരു മാറ്റവും ഉണ്ടാകാൻ പോകുന്നില്ല.

2. എല്ലാ മതങ്ങളും സത്യമാണ്, എല്ലാ മതങ്ങളും നന്മയാണ്. മതം മാറുന്നത് വൃഥാവിലാണ്.

3. അസ്പൃശ്യരുടെ മതം മാറ്റത്തിന് രാഷ്ട്രീയസ്വഭാവമുണ്ട്.

4. അസ്പൃശ്യരുടെ മതം മാറ്റം വിശ്വാസത്തിന്റെ അടിസ്ഥാനത്തിലല്ലാത്തതുകൊണ്ട് അത് ആത്മാർത്ഥതയോടെയുള്ളതല്ല.[9]

അസ്പൃശ്യജീവിതാവസ്ഥയുടെ സമഗ്രസാന്നിധ്യത്തിൽവെച്ച് ഈ നാല് വാദങ്ങളെയും സൂക്ഷ്മമായി അദ്ദേഹം വിശകലനം ചെയ്യുന്നുണ്ട്. മധ്യകാലഘട്ടത്തിലെ ക്രിസ്തുമതത്തിലേക്ക് നടന്ന പരിവർത്തനങ്ങളെ പരാമർശിച്ചുകൊണ്ട് മതംമാറ്റപ്രക്രിയ മേലെനിന്ന് താഴോട്ടാണ് നടന്നതെന്ന് അംബേദ്കർ പറയുന്നു. ആദ്യം രാജാവു മാറുന്നു, കൂടെ ജനങ്ങളും. നിർബന്ധത്തിന്റെയും വഞ്ചനയുടെയും ഫലമായി മതം മാറ്റം നടന്ന സംഭവങ്ങളും ചരിത്രത്തിൽനിന്ന് അദ്ദേഹം ഉദാഹരിക്കുന്നു.

അസ്പൃശ്യരുടെ മതംമാറ്റം സ്വയം തെരഞ്ഞെടുപ്പിന്റെ ഭാഗമായിരിക്കുമെന്നും അതിന്റെ ആത്മാർത്ഥതയിൽ സംശയിക്കേണ്ടതില്ലെന്നുമാണ് അംബേദ്കറുടെ നിലപാട്. ഇതിന്റെ ഭാഗമായി മതംമാറ്റത്തിന്റെ രാഷ്ട്രീയ

സ്വഭാവത്തെയും അദ്ദേഹം ഖണ്ഡിക്കുന്നു. കാരണം ഇന്ത്യയിലെ ഓരോ മതവിഭാഗത്തിനും ഭരണഘടനാപരമായ പ്രത്യേക പരിരക്ഷയുണ്ടെന്നും മതംമാറിയാലും ഇല്ലെങ്കിലും ഈ രാഷ്ട്രീയാവകാശങ്ങൾ അവർക്ക് ലഭിക്കുമെന്നും അദ്ദേഹം വ്യക്തമാക്കുന്നു. രാഷ്ട്രീയനേട്ടവുമായി മതപരിവർത്തനത്തിന് ബന്ധമില്ലെന്ന് സൂചിപ്പിക്കുന്നതുവഴി അതിനേക്കാൾ വലിയൊരു സാമൂഹികലക്ഷ്യമാണ് അംബേദ്കർ മുന്നിൽ കാണുന്നത്.

**മതസാമൂഹികത**

എല്ലാ മതങ്ങളും പഠിപ്പിക്കുന്നത് ഒരേമൂല്യമാണെന്ന ആശയത്തെ അംബേദ്കർ അതേപടി അംഗീകരിക്കുന്നില്ല. എല്ലാ മതങ്ങളും പഠിപ്പിക്കുന്നത് ഒന്നുതന്നെയാണെന്നുണ്ടെങ്കിൽ, ഒന്നിനു പകരം മറ്റൊന്നിനെ സ്വീകരിക്കുന്നതിൽ യാതൊരു യുക്തിയുമില്ലെന്ന നിഗമനത്തിലെത്തിച്ചേരേണ്ടിവരും. ജീവിതത്തിന്റെ അർത്ഥം 'നന്മ' കണ്ടെത്താനുള്ള യത്നത്തിലാണെന്ന കാര്യത്തിൽ എല്ലാ മതങ്ങളും യോജിക്കുന്നുണ്ട്. എന്നാൽ ഒരു മതത്തിന് മറ്റൊരു മതത്തേക്കാൾ പ്രാമുഖ്യമുണ്ട് എന്ന് തറപ്പിച്ചുപറയുന്നതിൽ യാതൊരു യുക്തിയുമില്ലെന്ന പരികല്പന അബദ്ധമാണ്. മാത്രമല്ല എന്താണ് നന്മ എന്ന ചോദ്യത്തിന് എല്ലാ മതങ്ങളുടെയും ഉത്തരം ഒരുപോലെയല്ല. സാഹോദര്യമാണ് നന്മയെന്ന് ഒരു മതം വിശ്വസിക്കുന്നു. ജാതിയും അയിത്തവുമാണ് നന്മയെന്ന് മറ്റൊരു മതം വിശ്വസിക്കുന്നു.[10] ഈ വസ്തുതകൾ പരിശോധിക്കുമ്പോൾ എല്ലാ മതങ്ങളും ഒരുപോലെയാണെന്നു പറയുന്നതിൽ യാതൊരു യുക്തിയുമില്ലെന്ന് അംബേദ്കർ സ്ഥാപിക്കുന്നു.

ദളിത് ജീവിതാവസ്ഥയിൽനിന്നുകൊണ്ട് താരതമ്യശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ച് ഹിന്ദുമതത്തെ അംബേദ്കർ വിശകലനം ചെയ്യുന്നു. ഒരു മതമെന്ന നിലയ്ക്ക് ഹിന്ദുമതത്തിന്റെ മേന്മയെന്തെന്ന് വ്യക്തമാക്കാൻ ജാതിഹിന്ദുക്കളോട് ആവശ്യപ്പെടുമ്പോൾ അവർ ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നത്. മാത്രമല്ല, അസ്പൃശ്യനെ മുൻനിർത്തി

ഹിന്ദുമതത്തിന് എന്തു കുഴപ്പമാണുള്ളത് എന്ന് ചോദിക്കാൻ ഒരു ഹിന്ദുവിനും ധൈര്യമുണ്ടാവില്ല എന്ന് അംബേദ്കർ പറയുന്നു. എല്ലാ മതങ്ങളും നല്ലതാണെന്ന ആശയം താരതമ്യശാസ്ത്രം ഉണ്ടാക്കിയ മതമാണെന്നും അതിലാണ് ഹിന്ദുക്കൾ അഭയം തേടുന്നതെന്നുമാണ് അദ്ദേഹത്തിന്റെ വിമർശനം.

മതംമാറ്റത്തെ സംബന്ധിച്ച എതിർവാദങ്ങളിൽ മൂന്നെണ്ണത്തെ തള്ളിക്കളഞ്ഞ ശേഷം ഒന്നാമത്തെ വാദത്തെ ദളിത് ജീവിതാവസ്ഥയുമായി ചേർത്തുവെച്ച് അംബേദ്കർ വിശദമായി പരിശോധിക്കുന്നു. മധ്യകാലമത സങ്കൽപ്പവും ആധുനികമതസങ്കൽപ്പവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കിയശേഷം മതത്തെ മനുഷ്യനും ദൈവവുമായുള്ള വ്യക്തിപരമായ കാര്യമായി പരിഗണിക്കാതെ മൗലികതയുടെ തലത്തിൽ വീക്ഷിക്കുകയാണ് അംബേദ്കർ. മതത്തിന്റെ ചടങ്ങുകളും ഉദ്ദേശ്യങ്ങളും മനസ്സിലാക്കുന്നതിന് അതിനെ ദൈവവിജ്ഞാനീയത്തിൽനിന്ന് വേർപ്പെടുത്തി കാണണമെന്ന് അദ്ദേഹം പറയുന്നു. മതത്തിന്റെ പ്രാഥമികമായ ഉള്ളടക്കം സാമൂഹികമാണെന്നതിനാൽ മതം പ്രകൃത്യതീതമാണ് എന്ന ആശയം ഉപേക്ഷിക്കേണ്ടതാണ്. ജീവിതവും അതിന്റെ പരിപാലനവും വർത്തമാനകാല സമൂഹത്തിൽപോലും പ്രധാനമാണ്. ഇവിടെ മതപഠനത്തിന് സംഭവിച്ചിട്ടുള്ള പരിണാമം അദ്ദേഹം വിലയിരുത്തുന്നുണ്ട്. അപരിഷ്കൃതജനതയുടെ മതത്തിലെ മുഖ്യമായ അംശം മനുഷ്യന്റെ അസ്തിത്വത്തിന്റെ പ്രാഥമികഘടകങ്ങളാണെന്ന് കണ്ടെത്തുന്നതിൽ പഠിതാക്കൾ പരാജയപ്പെട്ടു. അതുകൊണ്ടാണ് ഇന്ദ്രജാലം ഭ്രഷ്ട്, കുലചിഹ്നവുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങൾ എന്നിവയിൽ പഠിതാക്കൾ ശ്രദ്ധിച്ചത്. എന്നാൽ ഇവയെല്ലാം മതത്തിന്റെ മാർഗ്ഗം മാത്രമാണെന്നും, ലക്ഷ്യമല്ലെന്നും അംബേദ്കർ പറയുന്നു. മതത്തിന്റെ ലക്ഷ്യം സാമൂഹിക ജീവിതം പരിപാലിക്കലും പവിത്രീകരിക്കലുമാണ്. അങ്ങനെ നോക്കുമ്പോൾ സാമൂഹിക ആകർഷണത്തിന്റെ ഏറ്റവും സ്വാധീനമുള്ള ശക്തിയാണ് മതം.

മതത്തിന്റെ ധർമം സാമൂഹികമാണെന്ന് സ്ഥാപിക്കുന്ന അംബേദ്കർ ബാൽഫോർ പ്രഭു (Lord Bal Four) പരമജ്ഞാനസിദ്ധാന്തി

കളോട് ഉന്നയിച്ച ചോദ്യം ഹൈന്ദവവക്താക്കളോട് ചോദിക്കുന്നു. മനുഷ്യ ഗണം എന്ന നിലയ്ക്ക് അസ്പൃശ്യരുടെ മാഹാത്മ്യം, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യബന്ധം, ബന്ധുത്വം, പെരുമാറ്റം, സൗഹൃദം, പരസ്പരാംഗീകാരം എന്നിവ അംഗീകരിക്കാൻ ഹിന്ദുക്കൾ തയ്യാറാകുമോ എന്ന ചോദ്യത്തിന് അതെ എന്ന് ഉത്തരം നൽകാൻ ഒരു ഹിന്ദുവും തയ്യാറാകില്ല എന്ന് അംബേദ്കർ നിരീക്ഷിക്കുന്നു.[11] കാരണം ഇന്ത്യൻ സാമൂഹികഘടന പടുത്തു യർത്തിയിരിക്കുന്നത് ഹൈന്ദവനാഗരിക-സംസ്കാരങ്ങളുടെ സവിശേ ഷോൽപ്പന്നമായ ജാതിവ്യവസ്ഥയിന്മേലാണ്. ഇത് ചില ജാതികൾക്ക് സമസ്താധികാരവും അവകാശവും കൽപ്പിച്ചു നൽകുമ്പോൾ ചില ജാതികൾക്ക് അധികാരവും അവകാശവും നിഷേധിക്കുന്നു.

ദളിതന്റെ അന്തസ്സും ആത്മാഭിമാനവുമായി പൊരുത്തപ്പെട്ടു പോകുന്നതല്ല ഹിന്ദുമതമെന്ന് അതിന്റെ അയിത്തസങ്കൽപം വ്യക്തമാക്കു ന്നുണ്ട്. അയിത്തത്തെ നിയമവൽക്കരിക്കുന്ന ഒരു മതസംഹിതയുമായി എങ്ങനെയാണ് അസ്പൃശ്യർ ഒത്തുപോകുന്നത് എന്ന ചോദ്യം അംബേദ്കർ ഉന്നയിക്കുന്നുണ്ട്. അയിത്തം ഹിന്ദുമതത്തിന്റെ ഭാഗമാണ്. ഒരു ഹിന്ദുവിനെ സംബന്ധിച്ചിടത്തോളം തന്റെ താഴെ അസ്പൃശ്യനുണ്ടെന്ന ബോധം അയാളുടെ ശ്രേഷ്ഠതയ്ക്കു കാരണമാണ്. ഹിന്ദുവിന്റെ ഈ ശ്രേഷ്ഠതാബോധത്തെ നിലനിർത്താൻ എം.എസ്.ഗോൾവാൾക്കറും വിവേകാനന്ദനും ഒരുപോലെ ശ്രമിക്കുന്നതായി കാണാം. 1951-ൽ ബ്രാഹ്മണത്വം സംഘിന്റെ പ്രചോദ നവും ക്ഷത്രിയത്വം അതിന്റെ പോരാട്ടതന്ത്രവുമാണെന്ന് ഗോൾവാക്കർ പറഞ്ഞു.[12] മാത്രമല്ല വർണ്ണവ്യവസ്ഥയെയും ജാതിവ്യവസ്ഥയെയും അംഗീകരിക്കുകയും ആര്യൻ എന്ന പദത്തെ സംസ്കാരസമ്പന്നൻ എന്ന തലത്തിൽ വ്യാഖ്യാനിക്കുകയും ചെയ്യുന്നു.[13] വിവേകാനന്ദനാകട്ടെ മാതൃകാ പുരുഷനായി ബ്രാഹ്മണനെ കാണുന്നു. ഈശ്വരന്റെ ആളുകളായതുകൊണ്ട് മാതൃകാപുരുഷൻ ബ്രാഹ്മണനാണ്. സത്യയുഗത്തിൽ ഒരു ജാതിയേ ഉണ്ടായിരുന്നുള്ളൂവെന്നും അതുബ്രാഹ്മണജാതിയായിരുന്നുവെന്നും വിവേകാനന്ദൻ പറഞ്ഞു.[14] മാത്രമല്ല ജാതിയെ നൈസർഗ്ഗികമായ ഒരു

ചിട്ടയായി അദ്ദേഹം കാണുന്നു. സാമൂഹ്യജീവിതത്തിൽ ഓരോരുത്തർക്കും ഓരോ ചുമതല നിർവ്വഹിക്കാൻ ജാതി അവസരം നൽകുന്നു. അതുകൊണ്ട് ഒരാൾ മറ്റൊരാളേക്കാൾ വലിയവനാണെന്ന് വരുന്നില്ല എന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്.[15] എന്നാൽ അസ്പൃശ്യരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനം അവരുടെ സാമൂഹികമായ ഒറ്റപ്പെടലാണ്. സാമൂഹികമായ ഒറ്റപ്പെടലും ജാതീകൃതമായ അസമത്വവും ഒഴിവാക്കിക്കൊണ്ടേ അയിത്ത ജാതിക്കാർക്ക് സ്വത്വം സ്ഥാപിക്കാനാവൂ എന്നാണ് അംബേദ്കർ പറഞ്ഞത്.[16]

**സാമുദായികബന്ധുത്വം**

സാമൂഹികമായ ഒറ്റപ്പെടലിൽനിന്ന് രക്ഷപ്പെടാനുള്ള ഒരുപാധി ജാതിചിന്തയിൽ നിന്ന് മുക്തമായ ഒരു സമുദായവുമായി ബന്ധുത്വം സ്ഥാപിക്കുക എന്നതാണ്. തന്റെ കാഴ്ചപ്പാട് വ്യക്തമാക്കാൻ പ്രൊഫ: റോബർട്ട്സൺ സ്മിത്തിനെ അദ്ദേഹം ഉദ്ധരിക്കുന്നു:

'ബന്ധുജനം എന്നത് വ്യക്തികളുടെ ഒരു ഗ്രൂപ്പായിരുന്നു. ശാരീരിക ഐക്യം എന്ന് വിശേഷിപ്പിക്കത്തക്ക വിധം അവരുടെ ജീവിതങ്ങൾ തമ്മിൽ അത്ര കണ്ട് ബന്ധപ്പെട്ടിരിക്കുന്നു. ഒരു സാധാരണ ജീവിതത്തിന്റെ ഘടകങ്ങളായി അവർ കണക്കാക്കപ്പെടും. ബന്ധുജനത്തിൽപ്പെട്ടയാളുകൾ സമ്പൂർണ്ണമായ ഒരു ജീവിതം കണക്കെ ചൈതന്യവത്തായ ഏകരക്തപിണ്ഡം പോലെ, മജ്ജയും മാംസവും പോലെ, സ്വയം കണക്കാക്കി മറ്റുള്ളവരിൽ ക്ലേശമുണ്ടാക്കാതെ ഇവരിൽ ഒരാളെ സ്പർശിക്കാൻ കഴിയുമായിരുന്നില്ല.'[17]വ്യക്തി, കുടുംബം, സമുദായം എന്നിവയിൽനിന്ന് വ്യതിരിക്തമായ ഒരു ഉള്ളടക്കമായി ബന്ധുത്വത്തെ അംബേദ്കർ നിർവചിക്കുന്നു. ഒരു ഗ്രൂപ്പിലെ അംഗമാണെന്നും കേവലം വ്യക്തിയല്ലെന്നുമുള്ള വിചാരം ബന്ധുത്വം ആവശ്യപ്പെടുന്നു. കുടുംബത്തിൽനിന്ന് ലഭിക്കുന്ന മഹാമനസ്കത, ഉപകാരസ്മരണ, സ്നേഹം, ദയ, പരോപകാരനിരതമായ പെരുമാറ്റം എന്നിവയെല്ലാം ബന്ധുത്വത്തെ

സാധ്യമാക്കുന്നു. കുടുംബത്തിന്റെ വികസിതരൂപമാണ് സമുദായമെന്നും സമുദായം സമൂഹത്തിൽനിന്ന് ഭിന്നമാണെന്നും അദ്ദേഹം സ്ഥാപിക്കുന്നു.

പൗരത്വത്തിൽ നിന്ന് ബന്ധുത്വത്തെ അംബേദ്കർ വേർപ്പെടുത്തി കാണുന്നു. സമൂഹത്തിൽ പൗരത്വം ആർജ്ജിക്കുന്ന മാർഗങ്ങളിൽനിന്ന് തികച്ചും ഭിന്നമാണ് സമുദായത്തിൽ ബന്ധുത്വം ആർജ്ജിക്കുന്ന മാർഗങ്ങൾ. പൗരത്വത്തിനുള്ള മുന്നുപാധി ഭരണകൂടത്തോടുള്ള രാഷ്ട്രീയമായ കൂറ് അംഗീകരിക്കുകയാണ്. ബന്ധുത്വം ആർജ്ജിക്കുന്നതിനുള്ള മുന്നുപാധികൾ തികച്ചും വ്യത്യസ്തമാണെന്ന് അംബേദ്കർ തിരിച്ചറിയുന്നുണ്ട്.[18] ഗോത്രകാലഘട്ടത്തിൽനിന്ന് മതകാലഘട്ടത്തിലേക്കുള്ള മാറ്റം ബന്ധുത്വത്തിലും പരിവർത്തനമുണ്ടാക്കി. ആദ്യഘട്ടത്തിൽ രക്തൈക്യമായിരുന്നു പ്രധാനം. ഒരു പിതാമഹനിൽനിന്ന് വരുന്നവരുടെ ഞരമ്പുകളിൽ ഓടുന്നത് ഒരേ രക്തമാണെന്ന് അവർ കരുതി. മനുഷ്യപരിണാമത്തിന്റെ രണ്ടാംഘട്ടത്തിൽ രക്തൈക്യത്തിന്റെ സ്ഥാനം മതം ഏറ്റെടുത്തു. പൊതുവായ മതമാണ് ബന്ധുത്വത്തെ നിർവ്വചിച്ചതെന്ന് അംബേദ്കർ വ്യക്തമാക്കുന്നു.[19]

ജാതീകൃതമായ അസമത്വങ്ങളെ, അതിന്റെ ബഹിഷ്കരണ തന്ത്രങ്ങളെ, വിവേചനത്തെയെല്ലാം മറികടക്കാൻ ബന്ധുത്വംകൊണ്ടു സാധിക്കുന്നു. ഹിന്ദുക്കളായി തുടരുന്നിടത്തോളം കാലം അവരുടെ ഒറ്റപ്പെടൽ മാറില്ല. മതസ്വീകരണത്തിന്റെ യുക്തി പ്രവർത്തിക്കുന്നത് ഇവിടെയാണ്. അസ്പൃശ്യർക്ക് തങ്ങളുടെ ഒറ്റപ്പെടലും അതിൽനിന്നുളവാകുന്ന പ്രയാസങ്ങളും അവസാനിപ്പിക്കാൻ കേവലം പൗരത്വം മതിയാവുകയില്ലെന്നും ബന്ധുത്വം സ്ഥാപിക്കലാണ് ഒരേയൊരു മാർഗ്ഗമെന്നും അദ്ദേഹം കരുതി. മാത്രമല്ല അസ്പൃശ്യരുടെ ഒറ്റപ്പെടൽ, വിവേചനം എന്നിവ മാറ്റിയെടുക്കാൻ മതപരിവർത്തനത്തിലൂടെ കഴിയുമെന്ന കാഴ്ചപ്പാടാണ് അംബേദ്കർ മുന്നോട്ടു വെയ്ക്കുന്നത്. ഇത് അവരുടെ സാമൂഹികപദവി ഉയർത്തും.[20] മനുഷ്യാത്മാവിനെ രക്ഷിക്കുക എന്നതല്ല മതത്തിന്റെ ലക്ഷ്യമെന്നും, മറിച്ച് സമൂഹത്തിന്റെ സംരക്ഷണത്തിനും മാനവക്ഷേമത്തിനും വേണ്ടിയാണ് മതം നിലകൊള്ളേണ്ടതെന്നുമുള്ള കാഴ്ചപ്പാടിലേക്കാണ് അംബേദ്കറുടെ

മതദർശനം വികസിക്കുന്നത്. ഇവിടെ അംബേദ്കറുടെ യുക്തി തികച്ചും ആധുനികവും ശാസ്ത്രീയവുമാണ്.

19-ാം നൂറ്റാണ്ടിലെ പ്രധാന ചിന്ത മതം മനുഷ്യനിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചായിരുന്നു. അതിന്റെ ഭാഗമായി മതത്തെക്കുറിച്ചുള്ള താരതമ്യപഠനം സജീവമാകുന്നുണ്ട്. ഹിന്ദുപണ്ഡിതന്മാർ വേദപാരമ്പര്യത്തിലേക്ക് തിരിച്ചുപോകുന്നത് ഈ പശ്ചാത്തലത്തിലാണ്. ലോകമാന്യതിലകനെപ്പോലുള്ളവർ ഭഗവദ്ഗീതയെ പുനർവായിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. മതസൗഹാർദ്ദത്തെ ഉയർത്തിക്കാണിക്കാൻ എം.കെ.ഗാന്ധി ഭഗവദ്ഗീതയും ബൈബിളും ഖുറാനും ഒരേസമയം ഉപയോഗിക്കുന്നു. കേരളത്തിനകത്ത് ശ്രീനാരായണഗുരുവിനെപ്പോലുള്ളവർ വ്യത്യസ്ത ആചാരാനുഷ്ഠാനങ്ങളെ പരിഷ്കരിച്ച് അദ്വൈതചിന്താപരിസരത്ത് എത്തിച്ചേരുകയും ചെയ്യുന്നുണ്ട്. 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്നീ ദർശനങ്ങളിൽ ദൈവസത്തയേയും മതത്തെയും നിഷേധിക്കുന്നില്ലെന്നു കാണാം. എന്നാൽ താരതമ്യമതശാസ്ത്രത്തിന്റെ നിഷേധാത്മകതലവുമായി ബന്ധപ്പെട്ട് ഹിന്ദു പാരമ്പര്യവാദികളുടെ കാഴ്ചപ്പാടുകളെയാണ് അംബേദ്കർ ചോദ്യം ചെയ്യുന്നത്.

ബുദ്ധനെ പുനർവായിച്ചുകൊണ്ട് മതത്തെക്കുറിച്ചുള്ള തികച്ചും ആധുനികമായ ഒരു കാഴ്ചപ്പാട് ആവിഷ്കരിക്കുകയാണ് അംബേദ്കർ. 1956 ഒക്ടോബർ 14-ാം തിയ്യതി മൂന്നുലക്ഷത്തോളം അനുയായികളോടൊപ്പം, പരസ്യമായി ഹിന്ദുയിസത്തെ പരിത്യജിച്ച് ബുദ്ധമാർഗ്ഗം സ്വീകരിച്ചു. ബുദ്ധവ്യവഹാരങ്ങളെ മുഖ്യമായും ഒരു രാഷ്ട്രീയപ്രത്യയശാസ്ത്രമായിട്ടാണ് അംബേദ്കർ കണ്ടതെന്ന് 'ബുദ്ധനും അദ്ദേഹത്തിന്റെ ധർമ്മവും' എന്ന കൃതി വ്യക്തമാക്കുന്നുണ്ട്. നവബുദ്ധിസ്റ്റുകളുടെ ബൈബിൾ എന്ന പേരിലാണ് ഈ കൃതി അറിയപ്പെടുന്നത്.

## ബുദ്ധധർമ്മവും മതരാഷ്ട്രീയവ്യവഹാരവും

അംബേദ്കറുടെ മാസ്റ്റർപീസ് എന്ന് വിശേഷിപ്പിക്കാവുന്ന കൃതി ബുദ്ധനും ബുദ്ധധർമവുമാണ്. ആധുനികശാസ്ത്രാവബോധത്തിന്റെയും യുക്തിചിന്തയുടെയും ബലത്തിൽ ബുദ്ധനെ പുനർവ്യാഖ്യാനിക്കുകയാണ് അംബേദ്കർ ചെയ്യുന്നത്. ഹിന്ദുത്വ അതിഭൗതികവാദത്തെയും അതിന്റെ അസമത്വപൂർണ്ണമായ സാമൂഹികഘടനയെയും സൈദ്ധാന്തികമായും പ്രായോഗികമായും നേരിടാൻ ബുദ്ധവ്യവഹാരത്തിനാകുമെന്നും അതിലൂടെ ദലിതർക്ക് പുതിയൊരു കർതൃത്വം സാധ്യമാകുമെന്നും അംബേദ്കർ പ്രതീക്ഷിക്കുന്നു. അതുകൊണ്ടുതന്നെ ഒരു രാഷ്ട്രീയവ്യവഹാരം എന്ന നിലയിലാണ് അംബേദ്കർ ബുദ്ധന്റെ ആശയങ്ങളെ സ്വീകരിച്ചിരിക്കുന്നത്.

ബ്രാഹ്മണസുഖത്തിനും ബ്രാഹ്മണഹിതത്തിനും വേണ്ടി നിലകൊണ്ട വൈദികമതത്തെയും അതിന്റെ ചാതുർവർണ്യവ്യവസ്ഥയെയും ദാർശനികമായും നൈതികമായും എതിരിട്ടത് ബുദ്ധനായിരുന്നു.[21] അതിനാൽ സാമൂഹികവ്യവസ്ഥയെ ബഹുജനഗുണത്തിനും ബഹുജനസുഖത്തിനുമായി മാറ്റിപ്പണിയേണ്ടതുണ്ടെന്ന് ബുദ്ധൻ കരുതി. അതിനുള്ള പദ്ധതിയാണ് ബുദ്ധൻ അന്വേഷിച്ചത്. അതാവട്ടെ മനുഷ്യന്റെ ധാർമിക പ്രശ്നമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈശ്വരന്റെ അസ്തിത്വത്തെയും ആത്മാവിനെക്കുറിച്ചുള്ള വേദപാരമ്പര്യത്തെയും ബുദ്ധൻ നിരസിച്ചു. ഈശ്വരനെ സംബന്ധിക്കുന്ന പ്രശ്നം ആത്യന്തികമായി ആധ്യാത്മികമായിരുന്നു. മനുഷ്യന്റെ ദുഃഖങ്ങൾക്ക് അറുതിവരുത്താനുള്ള പ്രയോഗിക പ്രശ്നത്തിന്മേൽ അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു. അതിനുതകുന്ന ഏറ്റവും ലളിതവും സൈദ്ധാന്തികവുമായ അടിത്തറ രൂപീകരിക്കേണ്ടതുണ്ടായിരുന്നു. ഇക്കാര്യത്തിൽ ബുദ്ധൻ രണ്ടു വസ്തുതകളിൽ ഊന്നി. ഒന്നാമതായി ഏതൊരു കാര്യത്തിന്റെ സിദ്ധിയിലും സുനിശ്ചിതമായ ഒരു ക്രമം ഉണ്ടായിരി ക്കണം. രണ്ടാമതായി പ്രത്യക്ഷനിരീക്ഷണത്തിൽനിന്ന് വ്യക്തമായ സ്ഥലകാല പ്രകൃതത്താൽ നിബന്ധിതമാണ് കാര്യസിദ്ധി എന്നു പറഞ്ഞു.[22] ഇതു രണ്ടും ഈശ്വരാസ്തിത്വത്തെ പാടെ നിരാകരിക്കുന്നു.

മനുഷ്യന്റെ പൊതുവായ അനുഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള സിദ്ധാന്തമാണ് ബുദ്ധൻ ആവിഷ്കരിച്ചത്. എന്നാൽ, അനുഭവത്തെ പുനർമൂല്യനിർണ്ണയത്തിന് വിധേയമാക്കണമെന്ന് അംബേദ്കർ നിർദ്ദേശിക്കുന്നു. താനൊരു ദൈവദൂതനോ പ്രവാചകനോ ആണെന്ന് ബുദ്ധൻ ഒരിക്കലും അവകാശപ്പെട്ടില്ല. ഓരോരുത്തരും സ്വപ്രയത്നംകൊണ്ട് മോക്ഷമടയണം. മോക്ഷം എന്നതുകൊണ്ട് ബുദ്ധൻ അർത്ഥമാക്കുന്നത് നിർവ്വാണമാണെന്ന് അംബേദ്കർ വ്യക്തമാക്കുന്നു.[23] സന്മാർഗ്ഗനിരതമായ ജീവിതത്തിന്റെ മറ്റൊരു പേരാണിത്. മനുഷ്യന്റെ സർവ്വനാശമല്ല അത്. നിർവ്വാണം പ്രാപിച്ചവന് മാത്രമേ അഷ്ടാംഗമാർഗ്ഗങ്ങളിലൂടെ[24] സഞ്ചരിക്കാനാവൂ എന്നു പറയുമ്പോൾ നിർവ്വാണംകൊണ്ട് എന്താണ് ലക്ഷ്യമാക്കുന്നതെന്ന് സ്പഷ്ടമാകുന്നുണ്ട്. പ്രജ്ഞയ്ക്കും കരുണയ്ക്കും ഇടയ്ക്കുള്ള മധ്യമാർഗ്ഗമായി അംബേദ്കർ നിർവ്വാണത്തെ കാണുന്നു. ആത്മാവ്, മരണശേഷം അതിനു സംഭവിക്കുന്ന മോക്ഷം ഇവയ്ക്ക് നിർവ്വാണസങ്കൽപ്പത്തിൽ ഒരു സ്ഥാനവുമില്ല. അതിനാൽ ബോധമാണ് ബുദ്ധിസത്തിലെ വ്യക്തിയെ പ്രചോദിപ്പിക്കുന്നത്. ബോധം ജനിക്കുമ്പോഴാണ് മനുഷ്യൻ സചേതനവസ്തുവാകുന്നത്. ആത്മാവിന്റേതായി പറയപ്പെടുന്ന എല്ലാ കർമങ്ങളും നിർവ്വഹിക്കുന്നത് ബോധമാണ്. ഇവിടെ മനസ്സാണ് എല്ലാറ്റിന്റേയും കേന്ദ്രബിന്ദു. അതുകൊണ്ടു തന്നെ മനസ്സിന്റെ ശുദ്ധീകരണമാണ് നടക്കേണ്ടത്. ബുദ്ധൻ നേരിട്ട പ്രധാനപ്രശ്നം ദൈവത്തിന്റെയും ആത്മാവിന്റെയും കെട്ടുപാടുകളിൽനിന്ന് മനുഷ്യമനസ്സിനെ മോചിപ്പിക്കുക എന്നതിലായിരുന്നു.[25]

ആത്മാവിലുള്ള വിശ്വാസമാണ് മനുഷ്യനെ ജനനം മുതൽ മരണം വരെ ബ്രാഹ്മണപൗരോഹിത്യത്തിന്റെ അടിമയാക്കിയത്. ആത്മാവിന്റെ സ്ഥാനത്ത് നാമരൂപത്തെ ബുദ്ധൻ പ്രതിഷ്ഠിച്ചു. ഭൗതികവും മാനസികവുമായ ഘടനകൾ ചേർന്നതാണ് ഒരു സചേതനവസ്തു. ഭൂമി, വെള്ളം, തീ, വായു, ഇവ ചേർന്നതാണ് ശരീരം. ബോധമാണ് നാമകാണ്ഡം. ഇവ നാലും ചേരുമ്പോൾ ബോധം ജനിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മനുഷ്യൻ ജീവിതത്തിന്റെ ഓരോ നിമിഷത്തിലും മാറികൊണ്ടിരിക്കുന്നു.[26] ബുദ്ധമതത്തിലെ ശൂന്യതാ

വാദം കേവലം അജ്ഞേയവാദമല്ലെന്നും ലൗകികജീവിതത്തിൽ അനുനിമിഷം മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുന്ന വെന്നാണ് അതിന്റെ അർത്ഥമെന്നും അംബേദ്കർ സൂചിപ്പിക്കുന്നു. സാന്മാർഗ്ഗിക നിയമങ്ങളുടെ പ്രേരകശക്തിയാണ് കർമ്മം. അതിനുള്ള വിശ്വാസമാണ് ധർമ്മം. ദൈവമല്ല കർമ്മനിയമമാണ് പ്രപഞ്ചത്തിന്റെ ധാർമ്മികനീതി പരിപാലിക്കുന്നത്. അത് മനുഷ്യനെ ആശ്രയിച്ചു നിൽക്കുന്നു. മറ്റാർക്കും അതിൽ പങ്കില്ല. മനുഷ്യന്റെ പ്രവൃത്തിയാണ് കർമ്മം. നിർവ്വാണം പ്രാപിച്ച മനുഷ്യൻ ചെയ്യുന്ന കർമത്തിനാണ് ബുദ്ധൻ പ്രാധാന്യം കൊടുത്തത്. അതുകൊണ്ടുതന്നെ ദൈവത്തിന്റെ സ്ഥാനത്ത് ധർമ്മത്തെ പ്രതിഷ്ഠിച്ചു. ധാർമ്മികനീതിയുടെ അടിസ്ഥാനമെന്ത് എന്ന ചോദ്യത്തിനുത്തരമായാണ് ബുദ്ധൻ കർമ്മനിയമം ആവിഷ്കരിച്ചതെന്ന് അംബേദ്കർ വ്യക്തമാക്കുന്നു.[27] ജീവിതത്തിന്റെ വിശുദ്ധി നിലനിർത്തിക്കൊണ്ടാണ് ധർമ്മം പാലിക്കേതെന്നർത്ഥം. ഇതിൽ ദൈവത്തിനോ ബലികർമ്മങ്ങൾക്കോ യാതൊരു സ്ഥാനവുമില്ല. ബുദ്ധനാൽ നിർവചിക്കപ്പെട്ട ധർമ്മം വൈദികസാഹിത്യത്തിൽ കീഴ്മേൽ മറിയുന്നു.[28] മാത്രമല്ല അതിന് പ്രഹേളികാസ്വഭാവം കൈവരികയും ചെയ്യുന്നു.

ആത്മാവിനെ അടിസ്ഥാനമാക്കിയാണ് ഹിന്ദുമതത്തിലെ കർമ്മ നിയമം നിലനിൽക്കുന്നത്. ഓരോ പ്രവൃത്തിയും ആത്മാവിൽ ഒരു മുദ്ര പതിപ്പിക്കും. ഈ മുദ്രകൾ അടുത്ത ജന്മത്തെയും ആജന്മത്തിലെ പദവി യെയും നിശ്ചയിക്കുന്നു, പാപികളാണ് പുനർജനിക്കുന്നത്. അങ്ങനെ ഹിന്ദുദർശനമനുസരിച്ച് പുനർജന്മമെടുക്കുന്നത് മുജ്ജന്മപാപം പരിഹരിക്കാ നാണ്. ഇഹലോകജീവിതത്തിൽ വൈദികാനുഷ്ഠാനങ്ങൾ കൃത്യമായി പാലിച്ചാൽ പാപനാശം നേടാമെന്നും പാപിക്ക് പുനർജന്മം ഇല്ലാതെ കഴിക്കാമെന്നും ഹിന്ദുമതം പ്രചരിപ്പിച്ചു.[29] പുനർജന്മമെന്ന ബ്രാഹ്മണ സിദ്ധാന്തത്തെ ബുദ്ധൻ പ്രതിരോധിച്ചു. എല്ലാം മുൻകൂട്ടി നിശ്ചയിക്കപ്പെടുന്നു വെങ്കിൽ മനുഷ്യപ്രയത്നത്തിന് യാതൊരു വിലയുമില്ലെന്ന ബുദ്ധന്റെ ആശയത്തെ അംബേദ്കർ ഉൾക്കൊണ്ടു. ആത്മാവിന്റെ പുനർജന്മത്തിലല്ല ദ്രവ്യത്തിന്റെ പുനർജന്മത്തിലാണ് ബുദ്ധൻ വിശ്വസിച്ചത്.[30]

ബുദ്ധന്റെ പരിത്യാഗത്തെയും ജ്ഞാനാർജ്ജനത്തെയും പ്രജ്ഞയുടെ പ്രയോഗമായി അംബേദ്കർ അവതരിപ്പിക്കുന്നു. സിദ്ധാർത്ഥൻ വീട് വിട്ടിറങ്ങിയത് വിധിയുടെ അടിസ്ഥാനത്തിലല്ല; മറിച്ച് തനിക്കു ചുറ്റും നടമാടിയിരുന്ന സാമൂഹികസംഘർഷങ്ങളുടെയും യാതനകളുടെയും കാരണം വിശദീകരിക്കാൻ നിലവിലുള്ള ദർശനങ്ങൾ പരാജയമാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലായിരുന്നു. സനാതനമായി യാതൊന്നും നിലനിൽക്കുന്നില്ലെന്ന് ബുദ്ധന് മനസ്സിലായി. അംബേദ്കറുടെ വീക്ഷണത്തിൽ അജ്ഞതയെ കീഴടക്കാനുള്ള വഴി കണ്ടെത്തുകയായിരുന്നു ബുദ്ധന്റെ ലക്ഷ്യം. ഇതിന്റെ അടിസ്ഥാനത്തിൽ വേദങ്ങളുടെ അപ്രമാദിത്വം, മോക്ഷത്തിലോ ആത്മാവിന്റെ മോചനത്തിലോ ഉള്ള വിശ്വാസം, സ്രഷ്ടാവ് ഈശ്വരനും അതിന്റെ അടിസ്ഥാനം ബ്രഹ്മവുമാണെന്ന വിശ്വാസം, ആത്മാവിലുള്ള വിശ്വാസം, ആത്മാവിന്റെ പുനർജന്മത്തിലുള്ള വിശ്വാസം ഇവയെല്ലാം ബുദ്ധൻ തിരസ്കരിച്ചു. ഒരർത്ഥത്തിൽ ബുദ്ധന്റെ കാലഘട്ടത്തിൽ നിലനിന്ന ഔദ്യോഗിക ഭരണകൂടപ്രത്യയശാസ്ത്രമായ വൈദിക ബ്രാഹ്മണചിന്താപദ്ധതി ഇവയുടെ അടിത്തറയിലാണ് കെട്ടിപ്പൊക്കിയിരുന്നത് എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.[31]

ബുദ്ധദർശനമനുസരിച്ച് മനുഷ്യനും പ്രകൃതിയും, മനുഷ്യനും-മനുഷ്യനും തമ്മിലുള്ള ബന്ധമാണ് പ്രധാനം. അല്ലാതെ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധമല്ല. ബ്രഹ്മവുമായി സായൂജ്യം പ്രാപിക്കുന്നതിനെ അടിസ്ഥാനമാക്കിയുള്ള ധർമ്മം കപടധർമ്മമാണെന്നും അങ്ങനെയുള്ള മതം അർത്ഥശൂന്യമാണെന്നും ബുദ്ധൻ തെളിയിച്ചു.[32] അതിനാൽ മനുഷ്യനും പ്രകൃതിയും മനുഷ്യനും മനുഷ്യനും തമ്മിലുള്ള നന്മയെയാണ്, സമത്വത്തെയാണ് പ്രോത്സാഹിപ്പിക്കേണ്ടത്. ധർമ്മത്തെ സാമൂഹികജീവിതവുമായി ബന്ധപ്പെടുത്തി പ്രപഞ്ചത്തെ പുനഃസൃഷ്ടിക്കുകയെന്നതാണ് ധർമ്മത്തിന്റെ ലക്ഷ്യമെന്ന് ബുദ്ധൻ പറഞ്ഞു. ബുദ്ധന്റെ പ്രജ്ഞയെ തത്ത്വാധിഷ്ഠിതമത സൃഷ്ടിക്കുവേണ്ട പ്രഥമ ഉപാധിയായിട്ടാണ് അംബേദ്കർ കാണുന്നത്. ആത്മാഭിമാനത്തിലേക്ക് ഉണരുന്ന ജനതയ്ക്ക് നിയമാധിഷ്ഠിതമതത്തിനെതി

രായി പ്രയോഗിക്കാൻ കഴിയുന്ന ആയുധമാണ് പ്രജ്ഞ. ബുദ്ധസന്ദേശത്തിന്റെ അടിസ്ഥാനം നിലകൊള്ളുന്നത് പ്രജ്ഞയുമായി ബന്ധപ്പെട്ട സാമൂഹികതലത്തിലാണെന്ന് അംബേദ്കർ വ്യക്തമാക്കുന്നു. ബുദ്ധൻ ചെയ്ത പ്രധാനദൗത്യം രാഷ്ട്രീയസംയോഗത്തിന്റെ ഘടനയെ മതമായി മാറ്റിയെടുക്കുകയും അത് പ്രചരിപ്പിക്കാനായി ഒരു സംഘം സ്ഥാപിക്കുകയും ചെയ്തുവെന്നതാണ്. അതുകൊണ്ടുതന്നെ അംബേദ്കർ ബുദ്ധനെ ഒരു രാഷ്ട്രീയചിന്തകനായി പുനർവായിക്കുകയും ആധുനികജനാധിപത്യത്തിനുള്ള സാധ്യത അതിൽ ആരായുകയും ചെയ്തു എന്നതിൽ മൗലികതയുണ്ട്.

**മതപ്രശ്നവൽകരണം**

ജാതീകൃതമായ അസമത്വഘടനയ്ക്ക് ഇരയായിത്തീർന്ന ഇന്ത്യയിലെ ദലിതരുടെ സാമൂഹികാവസ്ഥയിൽനിന്നുകൊണ്ടാണ് ബുദ്ധനെ അംബേദ്കർ പുനർവായിച്ചെടുക്കുന്നത്. ഇത് ജാതിയെയും മതത്തെയും കുറിച്ച് പുതിയൊരവബോധത്തിലേക്ക് അദ്ദേഹത്തെ നയിക്കുന്നു. ആധുനിക സമൂഹത്തിനകത്തേയ്ക്ക് ഇവയെ പ്രവേശിപ്പിക്കുന്നത് സമത്വമെന്ന ആശയത്തെ ഇല്ലാതാക്കുമെന്ന് അദ്ദേഹം കണ്ടു. മുഖ്യധാരാദേശീയതയുടെ വക്താക്കൾ ജാതിപരിഷ്കരണത്തിനും മതപരിഷ്കരണത്തിനും പ്രധാന്യം കൊടുത്തപ്പോൾ അതിനുവിരുദ്ധമായി ജാതി ഉന്മൂലനത്തിലും അതിനെ അടിസ്ഥാനമാക്കിയുള്ള മതനശീകരണത്തിലും അദ്ദേഹം ശ്രദ്ധിച്ചു. ബുദ്ധിസ്റ്റ്വ്യവഹാരങ്ങളും ജോൺ ദെവെയുടെ കാഴ്ചപ്പാടുമാണ് ഹിന്ദുമതമെന്ന പേരിൽ വ്യവഹരിക്കുന്ന ബ്രാഹ്മണമതത്തെ പ്രശ്നവൽക്കരിക്കാൻ അംബേദ്കറെ സഹായിക്കുന്നത്.

ജാതി ഒരു മതസ്ഥാപനമായി മാറുന്നതെങ്ങനെയെന്നും, അത് ദൈവസൃഷ്ടിയാണെന്നുള്ള വിശ്വാസത്തിലേക്ക് നയിക്കുന്ന വിധത്തിൽ ദൈവശാസ്ത്രപരമായ അടിത്തറയും മതാത്മകമായ അംഗീകാരവും നേടിക്കൊടുക്കുന്നതിൽ ബ്രാഹ്മണമതസാഹിത്യം വഹിച്ച പങ്കിനെ സൂക്ഷ്മമായി

അദ്ദേഹം അപഗ്രഥനവിധേയമാക്കി. ഇതിനെ അടിസ്ഥാനമാക്കി ചില നിഗമനങ്ങളിൽ അദ്ദേഹം എത്തിച്ചേർന്നു.

സ്മൃതികാരന്മാർ സാമൂഹികഘടനയിൽ ബ്രാഹ്മണരെ ഉയരത്തിൽ പ്രതിഷ്ഠിച്ചു. രാജാക്കന്മാർ ഉൾപ്പെടെ മറ്റുള്ളവരുടെ കർത്തവ്യങ്ങൾ പ്രഖ്യാപിക്കുന്നതിനുള്ള അധികാരവും അവകാശവും നല്കി. സവർണ്ണജാതികൾക്ക് വിശുദ്ധിയും അവർണ്ണജാതികൾക്ക് അശുദ്ധിയും നിയമവൽക്കരിച്ചു. വിശുദ്ധിയിൽപ്പെട്ടവർക്ക് അശുദ്ധിയിൽപ്പെട്ടവരെ അടിച്ചമർത്താനുള്ള ദണ്ഡനീതി പ്രഖ്യാപിച്ചു. അസന്തുലിതമായ സാമൂഹികവിഭജനം മതപരമായി അംഗീകരിക്കുന്നിടത്താണ് ബ്രാഹ്മണപൗരോഹിത്യം വിജയിച്ചത്.

ഒരു സാമൂഹികശക്തിയെന്ന നിലയിൽ മതം ഹിന്ദുവിന്റെ ജീവിതത്തെ എങ്ങനെയെല്ലാം നിയന്ത്രിക്കുന്നുവെന്ന് വ്യക്തമാക്കുന്നിടത്താണ് അംബേദ്കറുടെ കാഴ്ചപ്പാട് ശ്രദ്ധേയമാകുന്നത്. ഇന്ത്യയിൽ മതപരമായ ആദർശത്തിന്റെ പിന്നിലുള്ള പ്രഭാവവും അംഗീകാരവും വളരെ വലുതാണെന്ന് അദ്ദേഹം മനസ്സിലാക്കി. ഇതിന്റെയടിസ്ഥാനത്തിൽ മനുഷ്യന്റെ ജന്മവാസനകൾ മതപരമായ ആദർശത്തിന്റെ ശാസനകൾക്ക്, അവ തമ്മിൽ എത്രയേറെ വൈരുധ്യമുണ്ടെങ്കിലും ശരി വഴങ്ങിക്കൊടുക്കുമെന്നും അതേസമയം മനുഷ്യന്റെ ജന്മവാസനകൾ മതനിരപേക്ഷമായ ആദർശവുമായി വൈരുധ്യമുണ്ടെങ്കിൽ അതിന് വഴങ്ങിക്കൊടുക്കുകയില്ലയെന്നും അദ്ദേഹം വ്യക്തമാക്കി. മതപരമായ ആദർശമുള്ള ഒരു വ്യക്തിയിൽ വിശ്വാസമുള്ളിടത്തോളം കാലം അത് പ്രവർത്തിച്ചുകൊണ്ടിരിക്കുമെന്നതിനാൽ മതത്തെയും അതിന്റെ പ്രതിപ്രവർത്തനത്തെയും സൂക്ഷ്മമായി അപഗ്രഥിക്കേണ്ടതുണ്ടെന്നാണ് അംബേദ്കർ പറയുന്നത്.

ദളിത്ജീവിതാവസ്ഥയുമായി ബന്ധപ്പെട്ട് ഹിന്ദുമതത്തെ നീതിയുടെയും പ്രയോജനത്തിന്റെയും മാനദണ്ഡമുപയോഗിച്ച് വിലയിരുത്തുന്നത് ഇതിന്റെ ഭാഗമാണ്.[33] സാമൂഹികസമത്വത്തിന്റെയും വ്യക്തിസ്വത്വത്തിന്റെയും നിഷേധമായി മതം മാറുന്നതെങ്ങനെയെന്ന് ഹിന്ദുമതത്തിലെ

പ്രഹേളികകൾ[34] എന്ന കൃതിയിൽ അംബേദ്കർ വ്യക്തമാക്കുന്നുണ്ട്. സദാചാരമാണ് സമൂഹത്തിന്റെ അടിത്തറയെന്നും എന്തുകൊണ്ടാണ് സദാചാരം ഈ മതത്തിൽനിന്ന് അപ്രത്യക്ഷമായതെന്നും ചോദിക്കുന്നു. ജാത്യാചാരവും അന്വേഷണരഹിതവും അനുശീലനാധിഷ്ഠിതവുമായ മതസംഹിതകളുമാണ് ഇതിന് കാരണമെന്ന് ജാതി ഉന്മൂലനം എന്ന കൃതിയിൽ അദ്ദേഹം വ്യക്തമാക്കുന്നുണ്ട്.

രാഷ്ട്രത്തെ ആധ്യാത്മികചിന്തയുമായി ബന്ധപ്പെടുത്തിയുള്ള ഗാന്ധിയൻ ശ്രമത്തെ അംബേദ്കർ എതിരിടുന്നത് അത് അസ്പൃശ്യജനതയെ ഉൾക്കൊള്ളാത്തതുകൊണ്ടുകൂടിയാണ്. ഗാന്ധിയുടെ ആധ്യാത്മികരാഷ്ട്രത്തിൽ, രാമരാജ്യം എന്ന സങ്കൽപ്പത്തിൽ ദളിതരുടെ പങ്ക് എന്തായിരിക്കും എന്നതിനെക്കുറിച്ച് അംബേദ്കർക്ക് വ്യക്തമായ കാഴ്ചപ്പാടുായിരുന്നു. അത് ഗ്രാമസ്വരാജിൽ ഊന്നുന്നതായിരുന്നു. ഗ്രാമം ദളിതരെ സംബന്ധിച്ചിടത്തോളം അസമത്വത്തിന്റെയും ജാതിവ്യവസ്ഥയുടെയും അതിലുപരി ശാസ്ത്രബോധത്തിൽനിന്ന് അകന്നുനിൽക്കുന്ന വീക്ഷണങ്ങളുടെയും ആകെത്തുകയാണ്. മാത്രമല്ല, ഗ്രാമം എന്ന അടിസ്ഥാനയൂണിറ്റിനും പുറത്തായിരുന്നു അസ്പൃശ്യവിഭാഗം[35]നിലനിന്നത്. സാമൂഹികനീതിയിൽനിന്ന് വളരെ അകലെയുള്ള ഈ വിഭാഗത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ പരിരക്ഷയിലായിരുന്നു അംബേദ്കറുടെ ഊന്നൽ.[36]

ഗാന്ധി ഉൾക്കൊള്ളുന്ന ഗ്രാമസ്വരാജിലും ആധ്യാത്മികതയിലൂന്നിയുള്ള രാഷ്ട്രസങ്കല്പത്തിലും ശബ്ദം നഷ്ടപ്പെട്ട വിഭാഗമായിരിക്കും ദലിതരെന്ന് അംബേദ്കർ തിരിച്ചറിഞ്ഞു. ജനതയ്ക്ക് ശബ്ദമുണ്ടാകുന്നത് ആത്മാഭിമാനമുണ്ടാകുമ്പോഴാണ്. എന്നാൽ നിലനിൽക്കുന്ന ജാതി-മതബോധത്തിൽ അതിനുള്ള യാതൊരു സാധ്യതയുമില്ലെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. കാരണം ബ്രാഹ്മണകേന്ദ്രീകൃതമായ മതം സാമൂഹികനീതിയെ അംഗീകരിക്കുന്നില്ല. മതം ജനക്ഷേമത്തിനാവാശ്യമായ ഒരു നന്മയാണെങ്കിൽ മറ്റ് ഏത് മാനദണ്ഡവും നിരർത്ഥകമായിത്തീരുമെന്നാണ് അംബേദ്കർ വ്യക്തമാക്കുന്നത്. സൽപ്രവൃത്തികൾ, ധാർമികോപദേശങ്ങൾ, നവീനമായ നിയമ

സംഹിതകൾ തുടങ്ങിയവയുടെ സഹായത്താൽ നിർമാർജനം ചെയ്യാവുന്ന പിഴവുകളല്ല ബ്രാഹ്മണമതത്തിലേതെന്നും മറിച്ച്, കർമസിദ്ധാന്തബന്ധിത മായ ദൈവപ്രകൃതി മനുഷ്യപ്രവാചകാദി ഹിന്ദുധാരണകളുടെ സ്വാഭാവിക മായ പ്രത്യയശാസ്ത്രസൃഷ്ടിയാണ് അതെന്നും അദ്ദേഹം നിരീക്ഷിച്ചു.

**അടികുറിപ്പുകൾ**

1. 1931- ലെ കാനേഷുമാരി കണക്കനുസരിച്ച് ഇന്ത്യയിലെ പ്രാകൃതവർഗ്ഗക്കാർ 25 ദശലക്ഷം വരും. ക്രിമിനൽ വർഗക്കാരുടെ പട്ടിക നാലരദശലക്ഷമായിരുന്നു. അസ്പൃശ്യരുടെ മൊത്തം ജനസംഖ്യ 50 ദശലക്ഷം. മൂന്നു വിഭാഗത്തെയും ഉൾപ്പെടുത്തി 79.5 ദശലക്ഷം. അംബേദ്കർ, ബി. ആർ. (ഡോ.),ഡോ. അംബേദ്കർ സമ്പൂർണ്ണകൃതികൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000, വാല്യം 10, പുറം. 6.

2. അസ്പൃശ്യരുടെ ജനസംഖ്യ തിട്ടപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നത് 1911 -ലാണ്. ഇതിനായി ജാതിഹിന്ദുക്കളിൽനിന്ന് വ്യത്യസ്തരാണ് അസ്പൃശ്യരെന്ന് തെളിയിക്കാൻ സ്വീകരിച്ച നടപടിക്രമം പ്രധാനമാണ്. പത്തു മാനദണ്ഡങ്ങൾ സെൻസസ് കമ്മീഷണർ തയ്യാറാക്കി. 1) ബ്രാഹ്മണരുടെ മേധാവിത്വത്തെ തിരസ്കരിച്ചവർ (2) ബ്രാഹ്മണരിൽ നിന്നോ മറ്റ് അംഗീകൃത ഹൈന്ദവ ഗുരുക്കന്മാരിൽനിന്നോ മന്ത്രം സ്വീകരിക്കാത്തവർ (3) വേദങ്ങളുടെ ആധികാരികതയെ തിരസ്കരിച്ചവർ (4) ഹൈന്ദവദൈവങ്ങളെ ആരാധിക്കാത്തവർ (5) ബ്രാഹ്മണപൗരോഹിത്യസേവനം ലഭിക്കാത്തവർ (6) സാധാരണ ഹൈന്ദവക്ഷേത്രങ്ങളുടെ അകത്തളങ്ങളിൽ പ്രവേശനമില്ലാ ത്തവർ (7) അയിത്തത്തിന് കാരണക്കാരായിരുന്നവർ (8) മരിച്ചവരെ കുഴിച്ചിടുന്നവർ (9) കാളയിറച്ചി തിന്നുന്നവരും പശുവിനെ ബഹുമാനിക്കാത്ത വരും (10) അശുദ്ധമാകലിന് കാരണമാകുന്നവർ. അയിത്തജാതികൾ ഹിന്ദുമതത്തിൽപ്പെടുമോ എന്ന പ്രശ്നം അങ്ങനെ ഉയർന്നുവന്നു. ഇ. വി. രാമസ്വാമി നായ്ക്കർ, കാഞ്ച ഇളയ്യ എന്നിവർ ഇതേ പ്രശ്നം ഉന്നയിക്കുകയും തങ്ങൾ ഹിന്ദുക്കളല്ലെന്നു സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്. അംബേദ്കർ സമ്പൂർണ്ണകൃതികൾ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000, പുറം 6.

3. പിൽക്കാലത്ത് ഇന്ത്യൻ സാഹിത്യചരിത്രത്തിലെ പ്രധാന ഇനമായ ആത്മാഖ്യാനങ്ങൾ ചരിത്രപരമായി അവരനുഭവിച്ച ജാതീകൃതമായ വേദനകളുടെ സാക്ഷ്യപ്പെടുത്തലുകളായി മാറുന്നുണ്ട്. 'ഭീമായനം' എന്ന കൃതി അംബേദ്കർ അനുഭവിച്ച ചരിത്രാത്മകമായ മുറിവിനെ സാക്ഷ്യപ്പെടുത്തുന്ന രേഖാചിത്രമാണ്.

   ദുർഗാബായിവ്യാം, സുഭാഷ് വ്യാം, ഭീമായനം, തൊട്ടുകൂടായ്മയുടെ അനുഭവങ്ങൾ, (വിവ.) രേണുകുമാർ, എം.ആർ, ഡി.സി.ബുക്സ്, 2011.

അംബേദ്കർ, ബി. ആർ. (ഡോ). ഡോ. അംബേദ്കർ സമ്പൂർണ്ണകൃതികൾ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2007, വാല്യം 35 എന്നീ പുസ്തകങ്ങൾ കാണുക.

4. മീരാനന്ദ. ഉത്തരാധുനികത മധ്യവർഗ്ഗം, ഹിന്ദുത്വം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2007, പുറം 197 - 111.

5. ഡോ. അംബേദ്കർ സമ്പൂർണ്ണകൃതികൾ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999, വാല്യം, പുറം 7.

6. അതേ പുസ്തകം, പുറം 27 - 28.

7. അതേ പുസ്തകം, പുറം 6 - 28

8. ഹിന്ദുക്കളെന്നു പറയുമ്പോൾ വർണ്ണവ്യവസ്ഥയിലെ ആദ്യത്തെ മൂന്നു വർണ്ണങ്ങളെയും ചിലപ്പോൾ ശൂദ്രരെയും ഉൾപ്പെടുത്തിക്കൊണ്ടാണ് പറയുന്നത്.

   ഡോ. അംബേദ്കർ സമ്പൂർണ്ണകൃതികൾ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000, വാല്യം 10, പുറം 333.

9. അതേ പുസ്തകം, പുറം 334.

10. അതേ പുസ്തകം, പുറം 336,

11. അതേ പുസ്തകം, പുറം 343 - 344

12. ഗോൾവാൾക്കർ, മാധവ സദാശിവ. വിചാരധാര, കുരക്ഷേത്ര പ്രകാശൻ, കൊച്ചി, നാലാം പതിപ്പ്, 1994, പുറം 117.

13. അതേ പുസ്തകം, പുറം 118 - 126.

14. സ്വാമിമൃദാനന്ദ. വിവേകാനന്ദസാഹിത്യസംഗ്രഹം, ശ്രീരാമകൃഷ്ണമഠം, പുറനാട്ടുകര, തൃശ്ശൂർ, 1987, പുറം 268 - 269.

15. അതേ പുസ്തകം, പുറം, 289.

16. ഡോ. അംബേദ്കർ സമ്പൂർണ്ണകൃതികൾ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000, വാല്യം 10, പുറം 345.

17. അതേ പുസ്തകം, പുറം 346.

18. അതേ പുസ്തകം, പുറം 349.

19. അതേ പുസ്തകം, പുറം 350.

20. അതേ പുസ്തകം, പുറം 352.

   ജാതീകൃതമായ അസമത്വങ്ങളിൽ നിന്ന് മോചനം എന്ന നിലയ്ക്ക് ഇന്ത്യയിലെ രണ്ട് സെമിറ്റിക് മതങ്ങളിലേക്ക് ദളിതർ പ്രവേശിക്കുകയുണ്ടായി. കേരളത്തെ

സംബന്ധിച്ചിടത്തോളം പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യാനിറ്റിയുമായി ബന്ധപ്പെട്ട് ക്രിസ്തുമതത്തിലേക്ക് പ്രവേശിച്ച ദളിതരുടെ സാമൂഹികാവസ്ഥയിൽ സമൂലമായ മാറ്റം ഉണ്ടാക്കാനായില്ല എന്നതാണ് ചരിത്രം. പൊയ്കയിൽ അപ്പച്ചന്റെ 'പ്രത്യക്ഷരരക്ഷാദൈവസഭ' ക്രിസ്തുമതത്തിനെതിരെ ദളിതർ നടത്തിയ പ്രതിവിപ്ലവമാണ്. ഒരവസരത്തിൽ അവർ ബൈബിൾ കത്തിക്കുകപോലു മുണ്ടായി എന്ന് പറയപ്പെടുന്നു. 'ദളിത് ദൈവശാസ്ത്രം' ക്രൈസ്തവസഭയ്ക്കകത്തെ ജാതീയത കൂടിയാണ് വ്യക്തമാക്കുന്നത്.

ഇസ്ലാം സ്വീകരിച്ചവരുടെ സാമൂഹികബോധത്തിൽ വന്ന മാറ്റം ശ്രദ്ധേയമാണ്. അതിനകത്തു പ്രവർത്തിക്കുന്ന സാഹോദര്യബോധം അയിത്തംപോലുള്ള മനോഭാവങ്ങളെ മറികടക്കാനുള്ള ആന്തരികബലം അവർക്കു നൽകി.

നവബുദ്ധിസ്റ്റുകളെ ഭരണഘടനാപരമായി ഹിന്ദുമതത്തിന്റെ ഭാഗമായി തന്നെ പരിഗണിക്കപ്പെട്ടുവെങ്കിലും പ്രതിവ്യവഹാരത്തിന്റെ ശക്തമായ വക്താക്കളാകാൻ ഇവർക്കു കഴിഞ്ഞു. വ്യത്യസ്ത മതങ്ങളുമായി ബന്ധപ്പെട്ട് ദളിതരുടെ പദവിബോധത്തിലുണ്ടായ മാറ്റവും, കർതൃത്വവും ഉപരിഗവേഷണത്തിന്റെ തലം സൃഷ്ടിക്കുന്നുണ്ട്.

21. ബുദ്ധിസ്റ്റ് വ്യവഹാരത്തെക്കുറിച്ചുള്ള പഠനത്തിന് അംബേദ്കറുടെ കൃതി കൂടാതെ കാഞ്ച ഇളയ്യയുടെ, ദൈവമെന്ന രാഷ്ട്രമീമാംസകൻ, ഡി.സി.ബുക്സ്, കോട്ടയം, (വിവ.) ശിവദാസ് പി. കെ, 2006.

    ദേബിപ്രസാദ് ചതോപാധ്യായയുടെ ഇന്ത്യൻ നിരീശ്വരവാദം, (വിവ). വർമ. പി.ആർ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2009.

    രമേഷ് കെ. പി.യുടെ ഗൗതമബുദ്ധൻ ജ്ഞാനവും സൗന്ദര്യശാസ്ത്രവും, മാതൃഭൂമി ബുക്സ്, കോഴിക്കോട് 2005.

    മീരാനന്ദയുടെ ഉത്തരാധുനികത മധ്യവർഗം, ഹിന്ദുത്വം, (വിവ) പി.പി. സത്യൻ, ചിന്ത പബ്ലിഷേഴ്സ്, കോഴിക്കോട്, 2007.

    ധർമ്മപദം (വിവ) മാധവൻ അയ്യപ്പത്ത്, കറന്റ് ബുക്സ്, തൃശ്ശൂർ, 2007.

    സുഗതൻ കെ. (ഡോ) യുടെ ബുദ്ധനും നാണുഗുരുവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2004, എന്നീ പുസ്തകങ്ങളെയാണ് ആശ്രയിച്ചിരിക്കുന്നത്.

22. ദേബിപ്രസാദ് ചതോപാധ്യായ, ഇന്ത്യൻ നിരീശ്വരവാദം, (വിവ) വർമ പി.ആർ. ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2009, പുറം. 99-104.

23. അംബേദ്കർ സമ്പൂർണ്ണകൃതികൾ, ബുദ്ധനും ബുദ്ധധർമ്മവും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000, വാല്യം 22, പുറം 206.

24. ശരിയായ ദർശനം, ശരിയായ അഭിലാഷങ്ങൾ, ശരിയായ വാക്ക്, ശരിയായ പെരുമാറ്റം, ശരിയായ ജീവിതവൃത്തി, ശരിയായ പ്രയത്നം, ശരിയായ മനോനില, ശരിയായ ആനന്ദം എന്നിവയാണ് അഷ്ടാംഗമാർഗ്ഗങ്ങൾ.

25. ദൈവത്തിന്റെ അസ്തിത്വം, ആത്മാവ് എന്നിവയുടെ നിഷേധമായിരുന്നു ബുദ്ധിസ്റ്റ് വ്യവഹാരത്തിന്റെ പ്രധാന ലക്ഷ്യം. ഇതിനെ കേന്ദ്രീകരിച്ചാണ് ബ്രാഹ്മണപൗരോഹിത്യം അന്ധവിശ്വാസങ്ങൾ പ്രചരിപ്പിച്ചത്. ഈശ്വര നിഷേധത്തെ സമർത്ഥിക്കുന്ന ഏറ്റവും പ്രാചീന മഹായനഗ്രന്ഥം നാഗാർജ്ജുനന്റെ 'ഈശ്വരകർതൃത്വനിരാകരണവിഷ്ണോ ഏകകർതൃത്വനിരാകരണം' ആണ് (ഈശ്വരൻ സ്രഷ്ടാവ് എന്നതിന്റെയും വിഷ്ണു മാത്രമാണ് ഏക സ്രഷ്ടാവ് എന്നതിന്റെയും നിഷേധം).

    ദേബിപ്രസാദ് ചതോപാധ്യായ. ഇന്ത്യൻ നിരീശ്വരവാദം, (വിവ) വർമ, പി. ആർ. ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2009, പുറം. 105 -148 കാണുക.

26. ഡോ. അംബേദ്കർ സമ്പൂർണ്ണകൃതികൾ. ബുദ്ധനും ബുദ്ധധർമ്മവും, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000, വാല്യം 22, പുറം 2009.

27. അതേ പുസ്തകം, പുറം 212 - 213

28. ധർമത്തെ നിഗൂഢവൽക്കരിക്കുകയാണ് ഹിന്ദുപ്രത്യയശാസ്ത്രം ചെയ്തത്. മഹാഭാരതത്തിൽ ധർമ്മപുത്രനിലൂടെ അത് ആവിഷ്കരിക്കപ്പെടുന്നതു കാണാം. 'ധർമ്മസ്യ തത്വം നിഹിതം ഗുഹായാം' എന്ന് ധർമ്മപുത്രരെ ആസ്പദമാക്കി മഹാഭാരതം സ്ഥാപിക്കുന്നു. ധർമ്മത്തെ ലൗകികജീവിത വ്യവഹാരമായി കാണുകയാണ് ബുദ്ധൻ ചെയ്തത്. അതിനെ തടയുക എന്നതായിരുന്നു ഹിന്ദുത്വത്തിന്റെ ലക്ഷ്യം.

29. പൂന്താനത്തിന്റെ ജ്ഞാനപ്പാന ഈ യുക്തിയെ ലളിതമായി ആവിഷ്കരിക്കുന്ന കാവ്യമായി പ്രതിഷ്ഠ നേടി.

30. ഡോ. അംബേദ്കർ സമ്പൂർണ്ണകൃതികൾ, ബുദ്ധനും ബുദ്ധധർമ്മവും, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000, വാല്യം 22 പുറം 286.

31. കാഞ്ച ഐലയ്യ, ദൈവമെന്ന രാഷ്ട്രീയമീമാംസകൻ, ഡി.സി. ബുക്സ്, കോട്ടയം, 2006, പുറം 52-55.

32. അംബേദ്കർ, ബി. ആർ. (ഡോ). ഡോ. അംബേദ്കർ സമ്പൂർണ്ണകൃതികൾ, ബുദ്ധനും ബുദ്ധധർമ്മവും കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000, വാല്യം, 22 പുറം 223 -226.

33. പ്രൊഫസർ ബെർഗ്ബോണിന്റെ നീതിയെക്കുറിച്ചുള്ള സങ്കൽപ്പമാണ് അംബേദ്കർ ഉപയോഗിക്കുന്നത്. നീതി ധാർമ്മികവ്യവസ്ഥയുടെ അസ്ഥിവാരമാണ്. നീതിനിഷ്ഠത സമത്വത്തെ സൂചിപ്പിക്കുന്നു. നിയമങ്ങളും നിബന്ധനകളും ശരിയും ധർമ്മനിഷ്ഠയും മൂല്യത്തിലെ സമത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു. എല്ലാ മനുഷ്യരും തുല്യരാണെങ്കിൽ, പൊതുവായ ഒരു സത്ത ഒരേ മൗലികാവകാശങ്ങൾക്കും തുല്യമായ സ്വാതന്ത്ര്യത്തിനും അർഹതയുള്ളവരാക്കുന്നു. സ്വാതന്ത്ര്യം സമത്വം സാഹോദര്യം എന്നിവയുടെ മറ്റൊരു പേരാണ് നീതി.

ഡോ. ബി. ആർ .അംബേദ്കർ സമ്പൂർണ്ണകൃതികൾ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999, വാല്യം 6, പുറം 31.

34. അംബേദ്കർ അവതരിപ്പിക്കുന്ന പ്രഹേളികകളിൽ പതിനഞ്ചെണ്ണം മതപരവും അഞ്ചെണ്ണം സാമൂഹ്യപരവും നാലെണ്ണം രാഷ്ട്രീയപരവുമാണ്. അതിൽ ആദ്യപ്രഹേളിക ആരാണ് ഹിന്ദു എന്നതാണ്. ജാതിവ്യവസ്ഥയാണ് ഹിന്ദുമതത്തിന്റെ പ്രധാന ഘടകമെന്നും ജാതിവ്യവസ്ഥയിൽ വിശ്വസിക്കാത്തവരെ ഹിന്ദുവല്ലെന്ന് പറയാൻ സാധ്യമല്ലെന്നും അദ്ദേഹം വ്യക്തമാക്കുന്നു. രണ്ടുമുതൽ ഒമ്പതുവരെയുള്ള പ്രഹേളിക ഉപനിഷത്തുക്കളുടെയും വേദങ്ങളുടെയും ഉല്പത്തി, വികാസം ഇവയുമായി ബന്ധപ്പെട്ടതാണ്. ബ്രാഹ്മണപൗരോഹിത്യം അവയിൽ ഇടപ്പെട്ട പങ്കിനെയാണ് അംബേദ്കർ പരിശോധിക്കുന്നത്. മതഗ്രന്ഥങ്ങളെ വിശകലനം ചെയ്തുകൊണ്ട് വേദസംഹിതകൾക്ക് അപൗരുഷേയങ്ങളും അപ്രമാദിത്വവും കൈവന്നത് ബ്രാഹ്മണപൗരോഹിത്യത്തിന്റെ ഫലമാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു.

പത്ത് പതിനൊന്ന് പന്ത്രണ്ട് പ്രഹേളികകൾ ഹിന്ദുദേവന്മാരെപ്പറ്റിയാണ്. അഗ്നി, ഇന്ദ്രൻ, സോമൻ, വരുണൻ എന്നിവരെ പിന്തള്ളി, ബ്രഹ്മാവ്, വിഷ്ണു, ശിവൻ, രാമൻ എന്നീ ദേവന്മാർക്ക് സ്ഥാനം ലഭിച്ചതെങ്ങനെയെന്ന് അന്വേഷിക്കുന്നു. മതവുമായി ബന്ധപ്പെട്ട ഹിംസ, അഹിംസ എന്നിവയെക്കുറിച്ചുള്ളതാണ് പതിമൂന്ന്, പതിന്നാല്, പതിനഞ്ച് പ്രഹേളികകൾ. 16 മുതൽ 20 വരെ പ്രഹേളികകൾ സാമൂഹ്യകാര്യങ്ങളാണ് ഉൾക്കൊള്ളുന്നത്. ചാതുർവർണ്യത്തിന്റെ ഉല്പത്തിയെക്കുറിച്ചുള്ള അഭിപ്രായവൈവിധ്യം അദ്ദേഹം വ്യക്തമാക്കുന്നു. 21 മുതൽ 24 വരെയുള്ള പ്രഹേളിക രാഷ്ട്രീയമാണ്. കലിയുഗസിദ്ധാന്തംതന്നെ ബ്രാഹ്മണപൗരോഹിത്യത്തിന്റെ രാഷ്ട്രീയം വ്യക്തമാക്കുന്നതാണ്. അവസാനത്തെ പ്രഹേളിക രാമനേയും കൃഷ്ണനേയും കുറിച്ചുള്ളതാണ്. അംബേദ്കറുടെ മരണശേഷമാണ് ഈ കൃതി ഇറങ്ങുന്നത്. ഈ കൃതിക്കെതിരെ ഹിന്ദു തീവ്രവാദഗ്രൂപ്പ് രംഗത്തു വരികയുണ്ടായി.

ഡോ. അംബേദ്കർ സമ്പൂർണകൃതികൾ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000, വാല്യം, പുറം 8.

35. മനുസ്മൃതിനിയമമനുസരിച്ച് അന്ത്യജർ ഗ്രാമത്തിന് പുറത്താണ് വസിക്കേണ്ടത്. ചണ്ഡാലരുടെയും ശ്വപാകരുടെയും പാർപ്പിടങ്ങൾ ഗ്രാമത്തിന് വെളിയിലായിരിക്കണമെന്നും അവരെ അപപാത്രരാക്കണമെന്നും, നായ്ക്കളും കഴുതകളും അവരുടെ ധനമായിരിക്കണമെന്നും മനുസ്മൃതി. അസ്പൃശ്യർ ഇന്ത്യയിലൊട്ടാകെ ഗ്രാമത്തിനു പുറത്താണെന്ന് അംബേദ്കർ വ്യക്തമാക്കുന്നുണ്ട്.

ഡോ. അംബേദ്കർ സമ്പൂർണ്ണകൃതികൾ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000, വാല്യം 14, പുറം 32-38.

ഇന്ത്യൻ ഭരണഘടനാനിർമാണവേളയിൽ ഗ്രാമത്തെ രാഷ്ട്രീയത്തിന്റെയും ഭരണത്തിന്റെയും അടിസ്ഥാനഘടകമാക്കി ഗ്രാമസമിതികൾ അടങ്ങുന്ന

പഞ്ചായത്തീരാജ് വ്യവസ്ഥയിൽ അധിഷ്ഠിതമായ 'ഗാന്ധിയൻ ഭരണഘടന' വേണമെന്ന നിർദ്ദേശം വന്നപ്പോൾ അംബേദ്കർ ഇതിനെ നിശിതമായി വിമർശിച്ചു.

ഈ റിപ്പബ്ലിക്കുകളാണ് ഇന്ത്യയെ നശിപ്പിച്ചത് എന്നാണ് അദ്ദേഹം പറഞ്ഞത്. അതുകൊണ്ടുതന്നെ ഭരണഘടനയിൽ ഗാന്ധിമാർഗത്തിന്റെതായി ഒന്നും ഉണ്ടായിരുന്നില്ലെന്ന് രാമചന്ദ്രഗുഹയും നിരീക്ഷിക്കുന്നുണ്ട്.

രാമചന്ദ്രഗുഹ. ഇന്ത്യ ഗാന്ധിക്കുശേഷം ഡി.സി.ബുക്സ്, കോട്ടയം, 2011, പുറം 158 - 161 കാണുക.

36. അംബേദ്കറുടെ രാഷ്ട്രീയാധികാരവുമായി ബന്ധപ്പെട്ട സമരങ്ങളെല്ലാം സാമൂഹികപരിരക്ഷയുമായി ബന്ധപ്പെട്ടതാണ്. സൈമൺകമ്മീഷനു മുന്നിൽ ദളിതരുടെ രാഷ്ട്രീയപരിരക്ഷയ്ക്കുവേണ്ടി വാദിക്കുകയും പ്രത്യേകനിയോജക മണ്ഡലങ്ങൾ ഭരണഘടനാപരമായി നിയമവൽക്കരിക്കേണ്ടതുണ്ടെന്നും അദ്ദേഹം സ്ഥാപിച്ചു. അസ്പൃശ്യർ ഒരു സ്വതന്ത്രസമുദായമാണെന്ന് വ്യക്തമാക്കിയതിനു ശേഷമായിരുന്നു ഇത്. അവരുടെ ആവശ്യങ്ങളെ രാഷ്ട്രീയം, വിദ്യാഭ്യാസപരം, സാമൂഹികം എന്നിങ്ങനെ മൂന്നായി വിഭജിച്ച് അതിനുള്ള പരിരക്ഷ ഭരണഘടനാപരമായി ഉറപ്പുവരുത്താനും അംബേദ്കർ ശ്രമിച്ചു.

ഡോ. അംബേദ്കർ സമ്പൂർണ്ണകൃതികൾ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997, വാല്യം 4, പുറം 189 - 228 വാല്യം 17, പുറം 5 -19 കാണുക.

# പിതൃദായക്രമത്തിൽ നിന്ന് ലിംഗനീതിയിലേക്ക്: ചരിത്രവും കാഴ്ച്ചപ്പാടുകളും

**ഡോ. പ്രിയ പിലിക്കോട്**

**പ്രബന്ധ സംഗ്രഹം**

സ്ത്രീയുടെ സാമൂഹ്യപദവിയിൽ വന്ന മാറ്റം ചരിത്രപരമായി വിശകലന വിധേയമാക്കുകയാണിവിടെ.സ്ത്രീയെ പുരുഷന്റെ സ്വത്തായി കാണുന്ന മനോഭാവം നിലവിൽ വന്നത് പിതൃദായക്രമത്തിന്റെ ആവിർഭാവത്തോടെയാണ്. സ്ത്രീയുടെ വ്യക്തിത്വത്തെ പിതൃമേധാവിത്ത സമൂഹം അംഗീകരിക്കുന്നില്ല. സമൂഹത്തിൽ സ്ത്രീ രണ്ടാംകിട പദവിയിലേക്ക് തരം താഴ്ത്തപ്പെട്ടത് നവീന ശിലായുഗത്തിന്റെ അവസാനത്തോടെയാണെന്ന പറയാം ഇന്ത്യയിൽ ബ്രാഹ്മണ പുരുഷാധിപത്യത്തെ ഊട്ടിയുറപ്പിച്ച ജാതിവ്യവസ്ഥ സ്ത്രീകളെ നീച ജാതിയായി കണക്കാക്കി ദളിത് സ്ത്രീകൾ, സ്ത്രീകൾ എന്ന നിലയിൽ മാത്രമല്ല ജാതിയുടെയും പാർശ്വവൽകൃതാവസ്ഥയുടെയും കൂടി ഇരകളായി. ഉമാ ചക്രവർത്തി, ശർമിള റെഗെ, ഗോപാൽ ഗുരു എന്നിവരുടെ പഠനങ്ങൾ ഈ മേഖലയിൽ പ്രധാനമാണ്. ഭരണഘടന മുന്നോട്ടുവയ്ക്കുന്ന ധാർമികത മുറുകെ പിടിച്ച് കൊണ്ട് ലിംഗനീതിക്കു വേണ്ടിയുള്ള പോരാട്ടം തുടരുക തന്നെ വേണം

**താക്കോൽവാക്കുകൾ:** പിതൃദായക്രമം, ജാതിവ്യവസ്ഥ, സാമൂഹ്യ വിഭജനം, ലൈംഗികത, പാതിവ്രത്യം, ജാതി ശുദ്ധി, വൈധവ്യം, ദളിത് സ്ത്രീ .

'കുട്ടി അമ്മയോട് ചോദിച്ചു
ഞാനെവിടെ നിന്നാണ് വന്നത്
എവിടെ നിന്നെങ്കിലും കിട്ടിയതാണോ അമ്മയ്ക്കെന്നെ
കുഞ്ഞിനെ നെഞ്ചോട് ചേർത്ത്
ചിരിച്ചും കരഞ്ഞും കൊണ്ട്
അമ്മ പറഞ്ഞു
നീയെന്റെ ഹൃദയത്തിലെ അഭിലാഷമായിരുന്നു'

- രവീന്ദ്രനാഥടാഗോർ[1]

മാതൃത്വത്തിന്റെ ഉദാത്തഭാവം വിളിച്ചോതുന്ന രവീന്ദ്രനാഥ ടാഗോറിന്റെ വരികളാണിവ. എന്നാൽ സ്ത്രീ മാതാവ് മാത്രമല്ല ഒരു വ്യക്തി

കൂടിയാണെന്ന് നമ്മുടെ പിതൃമേധാവിത്വലോകം മറന്ന് പോകാറുണ്ട്. പിതൃദായക്രമത്തിന്റെ സംസ്കാരികമായ ഉത്പ്പന്നങ്ങളിൽ പ്രധാനമാണ് സ്ത്രീ പുരുഷന്റെ സ്വത്താണ് എന്ന സങ്കൽപ്പം. അതിന്റെ ചരിത്രപശ്ചാത്തലം വിശകലനം ചെയുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

ഈയിടെ സുപ്രീംകോടതി തീർപ്പാക്കിയ പലകേസുകളും ഇന്ത്യയുടെ നാനാഭാഗത്തും വലിയ ചർച്ചകൾ ഉത്പ്പാദിപ്പിക്കുകയുണ്ടായി. ശബരിമലയിൽ പ്രായവ്യത്യാസമില്ലാതെ സ്ത്രീകൾക്ക് പ്രവേശിക്കാം എന്ന വിധി ഒരുദാഹരണം. സ്വവർഗ്ഗരതി ക്രിമിനൽ കുറ്റമാണെന്ന് പ്രഖ്യാപിക്കുന്ന സെക്ഷൻ 377 റദ്ദാക്കിയത് മറ്റൊരുദാഹരണം. വിവാഹിതയായ സ്ത്രീകളുമായുള്ള ശാരീരികബന്ധം ക്രിമിനൽ കുറ്റമാണെന്ന് കണക്കാക്കുന്ന 497-ാം വകുപ്പ് റദ്ദാക്കിയതും അത്തരത്തിലാണ് കാണേണ്ടത്.

ഇപ്പറഞ്ഞ മൂന്ന് വിധികളും ലിംഗനീതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് എന്നത് യാദൃശ്ചികമാകാം. സദാചാരത്തിന്റെയും ധാർമ്മികതയുടെയും വിശ്വാസത്തിന്റെയും പേരിൽ പലതരം വിവാദങ്ങൾക്ക് വഴിമരുന്നിട്ട ഈ മൂന്ന് വിധികളും സമൂഹത്തിന്റെ വിവിധമായ ചർച്ച അർഹിക്കുന്നുണ്ട്.

497-ാം വകുപ്പ് റദ്ദാക്കികൊണ്ട് പുറപ്പെടുവിച്ച വിധി ന്യായത്തിൽ സ്ത്രീ പുരുഷന്റെ സ്വകാര്യസ്വത്തല്ല എന്ന് സുപ്രീംകോടതി പ്രത്യേകം എടുത്തുപറഞ്ഞിരുന്നു. ഇന്ത്യയിൽ പലതരത്തിൽ നിലനിൽക്കുന്ന ഒന്നാണ് സ്ത്രീ പുരുഷന്റെ സ്വകാര്യസ്വത്ത് എന്ന സങ്കല്പം. ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് സുപ്രീകോടതി പുറപ്പെടുവിച്ച വിധി അംഗീകരിക്കാൻ വലിയൊരു ശതമാനം പുരുഷന്മാർക്കും സാധിക്കാത്തത് ഈ പിതുരാധിപത്യത്തിന്റെ സ്വാധീനം കൊണ്ടാണ്.

സമകാലീന സ്ത്രീ അവസ്ഥയും അതിന്റെ ചരിത്രവും പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നത് സാമൂഹ്യമായ മുൻവിധികളാണ്. മുൻവിധികളുടെ പ്രശ്നം അവയൊരിക്കലും യുക്തിഭദ്രമല്ലെന്നാണ്. സ്ത്രീ രണ്ടാംകിടയാണെന്ന പുരുഷന്റെ മുൻവിധിയാണ് ഇതിൽ പ്രധാനം. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ താഴ്ന്നവരാണെന്ന മനോഭാവം. ഇത് വളരെ സ്വാഭാവികമായാണ് സ്ത്രീകളും കരുതുന്നത്. ഇതാണ് സ്ത്രീജീവിതത്തിന്റെ പ്രധാന ദുരന്തങ്ങളിലൊന്ന്. ഇത് സാമൂഹ്യ അധികാര ഘടനയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത്തരം മുൻവിധികളാലാണ് സ്ത്രീകൾക്കെതി

രായ അതിക്രമങ്ങൾ വ്യാപകമാകുന്നത്. സ്ത്രീയുടെ ദൈനംദിന ജീവിതത്തെ, എന്തിന് ഓരോ നിമിഷത്തെയും അടക്കി ഭരിക്കുന്ന ഒന്നാണത്.

**പിതൃദായക്രമം**

പിതൃദായക്രമം അഥവാ പുരുഷാധികാരത്തെ കവയിത്രിയായ ആഡ്രിയൻ റിച്ച് (1929-2012) ഇങ്ങനെ വിവരിക്കുന്നു: 'പുരുഷാധികാര മെന്നാൽ പിതാക്കന്മാരുടെ അധികാരമാണ്. ബലപ്രയോഗം കൊണ്ടും നേരിട്ടുള്ള സമ്മർദ്ദങ്ങൾ കൊണ്ടും അല്ലെങ്കിൽ അനുഷ്ഠാനം, പാരമ്പര്യം, നിയമം എന്നിവ കൊണ്ടും ഒപ്പം ഭാഷ, ആചാരങ്ങൾ, മര്യാദ, വിദ്യാഭ്യാസം, അധ്വാനവിഭജനം എന്നിവ കൊണ്ടും സ്ത്രീകളുടെ പങ്കിനെ പുരുഷന്മാർ നിർണ്ണയിക്കുന്ന കുടുംബപരമായ, സാമൂഹ്യമായ, പ്രത്യയശാസ്ത്രപരമായ രാഷ്ട്രീയവ്യവസ്ഥ, ഇതിൽ എല്ലായിടത്തും സ്ത്രീ പുരുഷന് കടപ്പെട്ടിരിക്കുന്നു.' 'പുരുഷാധികാരത്തിൻ കീഴിൽ ഞാൻ പർദ്ദാസമ്പ്രദായത്തിനുള്ളിൽ ഒതുങ്ങുന്ന സ്ത്രീയാകാം. അല്ലെങ്കിൽ ലോറി ഓടിക്കുന്നവളാകാം. ബാർബർ ജാതിക്കാരുടെ ഗ്രാമത്തിന്റെ ചെളിമതിലുകൾക്കുള്ളിൽ ഭർത്താവിന് അതിരാവിലെ കാപ്പി തയ്യാറാക്കുന്നവളാകാം. വരേണ്യ അക്കാദമിക ബുദ്ധിജീവികളുടെ പ്രതിഷേധപ്രകടങ്ങളിൽ പങ്കുചേരുന്നവളാകാം. എന്റെ സാമൂഹ്യനില, ലൈംഗികാഭിരുചി, ഞാൻ പങ്കുപറ്റുന്ന സാമ്പത്തികവർഗ്ഗം ഇവയൊക്കെ എന്തുതന്നെയായാലും ഞാൻ പിതാവിന്റെ അധികാരത്തിൻ കീഴിലാണ് ജീവിക്കുന്നത്. പുരുഷാധികാരം എനിക്ക് സങ്കല്പിക്കുന്ന അധികാരമോസ്വാധീനമോ മാത്രമേ എനിക്ക് ലഭ്യമായുള്ളൂ. എതുതന്നെയും പുരുഷന്റെ അംഗീകാരത്തിനുള്ള വില നൽകുന്നിടത്തോളം മാത്രം"[2] (ആഡ്രിയൻ റിച്ച്, സ്ത്രീയിൽ നിന്ന് ജനിച്ചത്: മാതൃത്വം-സ്ഥാപനവും അനുഭവവും).

നവീനശിലായുഗകാലഘട്ടത്തിന്റെ അവസാനത്തോടെയാണ് പുരുഷാധിപത്യം ആരംഭിച്ചതെന്ന് പറയാം ഇടയഗോത്രത്തിൽ പെട്ട പുരുഷന്മാർ നവീനശിലായുഗത്തിന്റെ അവസാനത്തിൽ തങ്ങളുടെ സ്വത്തു ക്കൾ തന്റെ രക്തത്തിൽ പിറന്ന മക്കൾക്ക് തന്നെ കൈമാറണമെന്ന നിഷ്കർഷിച്ചതോടെയാണ് ഇത് ആരംഭിച്ചതെന്ന് പറയാം. അതോടെ യാണ് തങ്ങൾ വിവാഹം ചെയ്യുന്ന സ്ത്രീകൾ കന്യകകളായിരിക്കണമെന്നും വിവാഹശേഷം അവർ പരപുരുഷബന്ധങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കണ മെന്നും പുരുഷന്മാർ ശഠിക്കാൻ തുടങ്ങിയത്. ആദ്യത്തെ പുരുഷാധിപത്യ

കുടുംബങ്ങൾക്ക് ഇത് തുടക്കം കുറിച്ചു. കുടുംബത്തിന്റെയും സ്വകാര്യസ്വത്തിന്റെയും ഭരണകൂടത്തിന്റെയും ഉത്ഭവം എന്ന തന്റെ പുസ്തകത്തിൽ ഫ്രെഡറിക് ഏംഗൽസ് (1820-1895) ഇതിനെ 'സ്ത്രീസമൂഹത്തിന്റെ ചരിത്രപരമായ പരാജയം' എന്നാണ് വിശേഷിപ്പിച്ചത്. അതോടെയാണ് സ്ത്രീകളെ ഒരു വസ്തുവായി കാണാൻ ആരംഭിച്ചത് എന്ന് പറയാം.[3]

വിഖ്യാതനരവംശശാസ്ത്രജ്ഞൻ ക്ലോദ് ലെവിസ്ട്രോസ് (1908-2009) 'സ്ത്രീകളുടെ കൈമാറ്റം' എന്ന് വിളിച്ച ഒരു പ്രതിഭാസം നവീന ശിലയുഗത്തിന്റെ അന്ത്യത്തിലെ ജീവിതത്തിൽ ഉണ്ടായി. സ്ത്രീകളെ ഉൽപ്പന്നങ്ങളായി കരുതിക്കൊണ്ടുള്ള വ്യത്യസ്തരൂപത്തിലുള്ള വ്യാപാരത്തെയാണ് ഇത് പ്രതിനിധീകരിക്കുന്നത്. ഇത് നിരവധി രൂപങ്ങളിലായാണ് ഉണ്ടാകുന്നത്.

- ഗോത്രങ്ങളോ, ഗ്രാമങ്ങളോ പേശിയുറപ്പിച്ച് നടത്തുന്ന വിവാഹബന്ധങ്ങൾ സ്ത്രീകൾ സ്വന്തം മാതൃദേശങ്ങളിൽ നിന്ന് നീക്കം ചെയ്യപ്പെടുന്നു.
- സന്ദർശകരായെത്തുന്ന പുരുഷന്മാരുടെ കൂടെയുറങ്ങാൻ ആതിഥ്യമര്യാദയുടെ പേരിൽ ഗോത്രമേധാവികൾ സ്ത്രീകളെ നൽകുന്നു.
- സമൃദ്ധിക്ക് വേണ്ടിയുള്ള ഉത്സവത്തോടനുബന്ധിച്ച് അനുഷ്ഠാനപരമായ ബലാത്സംഗങ്ങളിൽ സ്ത്രീകളെ ബലാത്ക്കാരമായി പങ്കെടുപ്പിക്കുന്നു. ഇത്തരം പുരുഷാധിപത്യ അനുഷ്ഠാനങ്ങൾക്ക് വഴങ്ങാൻ വളരെ ചെറുപ്പത്തിൽ തന്നെ സ്ത്രീകളെ പഠിപ്പിക്കുന്നു എന്ന് വ്യക്തമാക്കുകാണ് സ്ത്രീകളുടെ കൈമാറ്റം പോലുള്ള അനുഷ്ഠാനങ്ങൾ.

അതേസമയം കഠിനാദ്ധ്വാനത്തിന്റെയും കുഞ്ഞുങ്ങൾക്ക് ജന്മമേകാനുള്ള പ്രാപ്തിയുടെയും പേരിൽ നവീനശിലായുഗത്തിൽ സ്ത്രീകളെ കാർഷിക ഗ്രാമങ്ങളിൽ ആവശ്യമുണ്ടായിരുന്നു. മക്കൾ എത്രകൂടുന്നുവോ അത്ര നന്നായിരുന്നു അന്ന്. കാരണം വിപുലമായി കൊണ്ടിരുന്ന കാർഷിക ഭൂമിയിൽ കൃഷിചെയ്യാൻ കൂടുതൽ ആളുകൾ ആവശ്യമായിരുന്നു. സ്ത്രീകളുടെ പ്രത്യുല്പാദനശേഷി ഗ്രാമത്തിന്റെ വിഭവസ്രോതസ്സായി കരുതപ്പെടുന്നു. അവളുടെ പ്രത്യുല്പാദ്നശേഷി ആ സമൂഹത്തിന്റെ ഭരണാധികാരികളുടെ സ്വത്തോ, സാമഗ്രിയോ പോലെയായിരുന്നു. കുട്ടികളെ സാമ്പത്തിക സ്വത്തായിട്ടാണ് കണകാക്കിയത്.

സാമ്പത്തികദാരിദ്ര്യത്തിന്റെ കാലങ്ങളിൽ ഗോത്രങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ വലിയ യുദ്ധങ്ങളായി മാറുമ്പോൾ സ്ത്രീകളെ പിടിച്ചെടുത്ത് അടിമകളാക്കുമായിരുന്നു. മനുഷ്യചരിത്രത്തിലെ ആദ്യത്തെ അടിമകൾ സ്ത്രീകളും കുട്ടികളുമാണ്. അടിമ സ്ത്രീകൾ വേശ്യകളോ വെപ്പാട്ടിമാരോ വീട്ടുജോലിക്കാരോ ആകാൻ നിർബന്ധിതരായി.

പ്രാചീനശിലായുഗത്തിലെ നവീനശിലായുഗത്തിലും വളരെ സാധാരണമായിരുന്ന അമ്മദൈവങ്ങൾ നാഗരികതയുടെ ഉദയത്തോടെ അനേകദൈവങ്ങളുടെ നിരയിലേക്ക് തരംതാഴ്ത്തപ്പെടുകയും പുരുഷദൈവങ്ങൾ ദൈവനിരയുടെ തലപ്പത്തേക്ക് ഉയരുകയും ചെയ്തു. സൈന്ധവനാഗരികതയിൽ അമ്മദൈവങ്ങൾക്കുണ്ടായിരുന്ന പ്രാധാന്യം വേദകാലഘട്ടമായപ്പോഴേയ്ക്കും ഇന്ദ്രൻ, പുരന്തരൻ തുടങ്ങിയ ദൈവങ്ങളുടെ അപ്രമാദിത്വത്തിലേക്ക് വന്നത് ഉദാഹരണം.

സ്ത്രീകൾ തങ്ങളുടെ തന്നെ കീഴ്പ്പെടുത്തലിനോട് സഹകരിക്കുകയും തങ്ങളെ കീഴ്പ്പെടുത്തിയ മൂല്യങ്ങളെ ചിലപ്പോഴൊക്കെ സ്വാംശീകരിക്കുകയും ചെയ്തു. പ്രശസ്ത ആസ്ട്രിയൻ-അമേരിക്കൻ എഴുത്തുകാരിയായ ജെർദ ലേർനർ (1920-2013) ക്രിയേഷൻ ഓഫ് പാട്രിയാർക്കി (Creation of Patriarchy) (1986) എന്ന തന്റെ വിഖ്യാതഗ്രന്ഥത്തിൽ പിതൃദായക്രമം എങ്ങനെയാണ് രൂപപ്പെട്ടതെന്ന് വിശദമാക്കുന്നുണ്ട്. പിതൃദായക്രമം രൂപപ്പെട്ടത് ചരിത്രാതീതകാലത്ത് 2000 ബി.സി.ഇ. യോടു കൂടിയാണെന്നും അതൊരു സംസ്കാരികമായ നിർമ്മിതിയാണെന്നും ലേർനർ സ്ഥാപിക്കുന്നുണ്ട്.

**ജാതിയും ലൈംഗികതയും**

ഇന്ത്യൻ ജാതിവ്യവസ്ഥ ശ്രേണീബദ്ധമായ അസമത്വത്തിലൂന്നിയതാണ്. സ്ത്രീകളെ ശൂദ്രർക്ക് തുല്യമായാണ് കണക്കാക്കിയിരുന്നത്. ജാതിക്കകത്തെ താഴ്ന്ന ജാതി അഥവാ നീചജാതിയായാണ് സ്ത്രീകളെ കണക്കാക്കിയിരുന്നത്.[4] സ്ത്രീ എന്താണ് എന്ന ചോദ്യത്തിന്റെ ലളിതമായ ഉത്തരം അവൾ ഒരു ഗർഭാശയമാണ് എന്നാണ്. ആദ്യകാലഘട്ടത്തിൽ സ്ത്രീക്ക് സമൂഹത്തിൽ ഉണ്ടായിരുന്ന സ്ഥാനം അവളുടെ പ്രത്യുല്പാദന കഴിവുമായി ബന്ധപ്പെട്ടതായിരുന്നത് കൊണ്ടാണ് സ്ത്രീയെകുറിച്ചുള്ള സങ്കല്പവും ഗർഭാശയവുമായി മാത്രം ചിത്രീകരിക്കപ്പെട്ടത്.

ഇന്ത്യയിലെ സാമൂഹ്യവിഭജനത്തിന്റെ രണ്ട് വ്യത്യസ്ത യാഥാർത്ഥ്യങ്ങളാണ് ജാതിയും ലൈംഗികതയും. ഇവ രണ്ടും മനസ്സിലാക്കാൻ ഉമാചക്രവർത്തി[5] ഉപയോഗിച്ച സാങ്കേതികപദമാണ് ബ്രാഹ്മണപുരുഷാധിപത്യം. ജാതിയും ലിംഗവും പരസ്പരം ബന്ധപ്പെടുന്ന, പരസ്പരം രൂപപ്പെടുത്തുന്ന, ജാതിശുദ്ധി നിലനിർത്താൻ സ്ത്രീകളെ ഉപയോഗിക്കുന്ന നിയമങ്ങളാണ്. ബ്രാഹ്മണവീക്ഷണത്തിലുള്ള ഗ്രന്ഥങ്ങളാണ് ഈ ആശയം രൂപപ്പെടുത്തിയത്. ജാതിവ്യവസ്ഥയെ നിലനിർത്തുന്നതിന് ഓരോ ജാതിയുടെയും പദവിയനുസരിച്ച് സ്ത്രീകളെ കർശനനിയന്ത്രണത്തിന് വിധേയമാക്കുന്നു. സ്ത്രീകൾ ജാതിശുദ്ധി നിലനിർത്തുന്നതിനുള്ള മാദ്ധ്യമങ്ങളാണ്. അത്കൊണ്ട് തന്നെ സ്ത്രീലൈംഗികത നിയന്ത്രിക്കപ്പെടേണ്ടതാണ്. ബ്രാഹ്മണപുരുഷാധിപത്യത്തിൽ സ്ത്രീലൈംഗികത ഏതുകാലത്തും ഭയപ്പെടേണ്ട, നിയന്ത്രിക്കപ്പെടേണ്ട ഒന്നാണ്. സ്ത്രീസ്വഭാവം ചഞ്ചലമാണെന്നും രാപ്പകൽ സ്ത്രീകളെ നിയന്ത്രണവിധേയമാക്കണമെന്നും മനുസ്മൃതി അനുശാസിക്കുന്നു. ഇതിനായി നിരവധി മാർഗ്ഗങ്ങൾ ബ്രാഹ്മണപുരുഷാധിപത്യം മുമ്പോട്ട് വെക്കുന്നുണ്ട്.

അതിൽ ഏറ്റവും പ്രധാനമാണ് സ്ത്രീധർമ്മം അഥവാ പതിവ്രതാധർമ്മം എന്ന പ്രത്യയശാസ്ത്രം. ബ്രാഹ്മണപുരുഷാധിപത്യം സ്ത്രീകളെ നിയന്ത്രിക്കാനുപയോഗിച്ച ഈ ആശയമാണ് ലോകത്തിലെ പുരുഷാധിപത്യസമൂഹത്തിൽ ഏറ്റവും വിജയിച്ചിട്ടുള്ള മാർഗ്ഗം എന്ന് ഉമാ ചക്രവർത്തി നിരീക്ഷിക്കുന്നു. ചഞ്ചലമായ, കാപട്യമുള്ള സ്ത്രീസ്വഭാവത്തെ സ്ത്രീധർമ്മം അഥവാ പതിവ്രതാധർമ്മത്തിലൂടെ മെരുക്കുകയാണ് ചെയ്യുന്നത്. പതിവ്രത ആദർശവനിതകളാണ്. അവർ ആദരിക്കപ്പെടേണ്ടവരാണ്. സീത, സാവിത്രി, ശീലാവതി തുടങ്ങിയ പുരാണ ഇതിഹാസ കഥാപാത്രങ്ങളിലൂടെ ഈ ആശയം സമൂഹത്തിൽ ശക്തമായി നിലനിർത്താനും സ്ത്രീകളെ കൊണ്ട് സ്വയം അംഗീകരിപ്പിക്കാനും ബ്രാഹ്മണപുരുഷാധിപത്യത്തിന് കഴിഞ്ഞു.

പാതിവ്രത്യഭംഗം വന്നാൽ എന്തു സംഭവിക്കുമെന്നതിന് അഹല്യവും രേണുകയും ഉദാഹരണങ്ങളാണ്. സ്ത്രീകൾ സ്വയം ഈ പ്രത്യയശാസ്ത്രം സ്വാംശീകരിക്കുന്നു. എന്നാൽ ഇതിൽ വിജയിച്ചില്ലെങ്കിൽ ബന്ധുക്കളായ പുരുഷന്മാർക്ക് പ്രത്യേകിച്ച്, ഭർത്താവിന് സ്ത്രീയെ നിയന്ത്രിക്കാം എന്ന് ബ്രാഹ്മണഗ്രന്ഥങ്ങൾ പറയുന്നു. ഭാര്യമാരെ നിയന്ത്രിക്കുക എന്നത് ഭർത്താവിന്റെ പ്രധാന കർത്തവ്യമായി സ്മൃതികൾ പറയുന്നു. ഏറ്റവും ദുർബ്ബലനായ പുരുഷന്മാർ പോലും ഭാര്യയെ നിയന്ത്രിക്കണമെന്ന് മനുസ്മൃതി

പറയുന്നുണ്ട്. പീഡനവും കായികവുമായ അടിച്ചമർത്തലും ഭർത്താവിന്റെ അവകാശമായി പോലും സ്മൃതി ഗ്രന്ഥങ്ങൾ കാണുന്നു.

സ്ത്രീകളുടെ അടിച്ചമർത്തലും അവരുടെ ചലനസ്വാതന്ത്ര്യത്തിനും ലൈംഗികതയ്ക്കും മേലുള്ള കർക്കശമായ നിയന്ത്രണവും സ്വകാര്യസ്വത്തിന്റെ സ്ഥാപനത്തിനും ജാതിശുദ്ധി ആവശ്യമായിരുന്നു എന്ന് ഉമാ ചക്രവർത്തി തന്റെ ജെൻഡെറിംഗ് കാസ്റ്റ് ത്രൂ എ ഫെമിനിസ്റ്റ് ലെൻസ്[6] എന്ന രചനയിൽ വാദിക്കുന്നു.

പ്രശസ്ത നരവംശശാസ്ത്രജ്ഞയായ ലീലാ ദുബെയുടെ (1923-2012) Anthropological Explorations in Gender Intersecting Fields (2001)[7] എന്ന ഗ്രന്ഥത്തിലൂടെ പുരുഷാധിപത്യസമൂഹത്തിൽ എങ്ങനെയാണ് ഒരു പെൺകുട്ടിയുടെ സാമൂഹ്യവർക്കരണം നടക്കുന്നത്, വിത്തും മണ്ണുമായി എങ്ങനെയാണ് പുരുഷനെയും സ്ത്രീയെയും പുരുഷാധിപത്യാസമൂഹം വിലയിരുത്തുന്നത് എന്ന് വ്യക്തമാക്കുന്നുണ്ട്.

പ്രത്യുല്പാദന പ്രക്രിയയിൽ രണ്ട് പങ്കാളികൾ എപ്രകാരമാണ് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നത് എന്നതാണ് ഈ പ്രതീകത്തിലെ ഏറ്റവും സുപ്രധാനമായ വശങ്ങളിലൊന്ന്. പുരുഷന് തന്റെ ശരീരത്തിൽ വിത്തുണ്ട്. മറുവശത്ത് സ്ത്രീയാകട്ടെ നിലം തന്നെയാണ്. കുഞ്ഞ് വിത്തിന്റെ ഉടമയുടേതാണ്. വാസ്തവത്തിൽ നിലവും അയാളുടെ തന്നെയാണ്. പുരുഷ നാണ് ജന്മി, ഉടമ അഥവാ ദാതാവ് എന്ന് സൂചിപ്പിക്കുന്നതാണ് ഈ പ്രതീകം മകൾ അഥവാ ഭാര്യ ഉത്പ്പന്നം മാത്രമാണ്.

മകൾ, ഭാര്യ, വിധവ എന്നീ നിലകളിലുള്ള സ്ത്രീകളുടെ ചാരിത്ര്യ ശുദ്ധിയിലും നന്മയിലുമാണ് അവരുടെ മോക്ഷപ്രാപ്തമായ സന്തോഷം അടങ്ങിയിരിക്കുന്നത്. വിത്തിന്റെയും മണ്ണിന്റെയും പ്രതീകകല്പനയിലൂടെ യാണ് ഈ പ്രമേയം ആവിഷ്കരിക്കപ്പെട്ടത്. കുഞ്ഞിനെ സൃഷ്ടിക്കുന്ന സത്തയും വിത്തും നൽകുന്നത് പുരുഷനാണ്. വിത്താണ് കുഞ്ഞിന്റെ ഇനം തീരുമാനിക്കുന്നത്. വിത്ത് സ്വീകരിച്ച് തന്റെ രക്തത്തിലൂടെ പോഷകങ്ങളും ഊഷ്മളതയും പകർന്ന് കുഞ്ഞിനെ വളരാൻ സഹായിക്കുക മാത്രമാണ് അമ്മയുടെ ദൗത്യം. മേൽജാതിക്കാരുടെ മതാനുഷ്ഠാനങ്ങളും ബ്രാഹ്മണിസ ത്തിന്റെ ചട്ടങ്ങളും ഏർപ്പെടുത്തിയത് വേദങ്ങളും ധർമ്മശാസ്ത്രങ്ങളുമാണ്. ആദർശവനിത എന്താണ് എന്ന് കൗടില്ല്യന്റെ അർത്ഥശാസ്ത്രത്തിലും മനുസ്മൃതിയിലും നിർവ്വചിക്കപ്പെട്ടു.

സ്ത്രീയുടെ മാനസികഭാവവുമായി പെൺശിശു ജനിക്കുന്നില്ല. ലിംഗഭേദമനുസരിച്ച് പെണ്ണായി ജനിച്ച വ്യക്തിയെ വ്യക്തിത്വമുള്ളവളാക്കുന്നതിന് പകരം സൈസ്ത്രൈണ മൂല്യങ്ങളുടെ കർമ്മമാതൃകയായി രൂപപ്പെടുത്തുന്നു. ഈ മാതൃകയ്ക്ക് വേണ്ടിയുള്ള പരിശീലനത്തിൽ പെൺകുട്ടി സുന്ദരിയായി പുരുഷനെ വശീകരിച്ച് ഭർത്താവിനെ നേടിയെടുക്കുന്ന കലകൾ അഭ്യസിച്ച് വിനീതയും വിധേയത്വമുള്ളവളും ആകുന്നു. ആൺകുട്ടി ഉശിരനും പ്രതാപിയുമായി വളർന്ന് സ്വന്തം ഭാവിയും സമൂഹനീതികളും വാർത്തെടുക്കാൻ പ്രാപ്തനാക്കപ്പെടുന്നു. പുരുഷനെ ഭർത്താവായി നേടിയെടുത്ത് മാതൃകാ ഭാര്യയായി, മാതൃകമാതാവായി, ഉത്തമകുടുംബിനിയായി ജീവിക്കുക എന്നതാണ് സ്ത്രീയുടെ ധാർമ്മിക ഉത്തരവാദിത്വം. എല്ലാ പെൺകുട്ടികളും വിവാഹത്തിനും മാതൃത്വത്തിനും വേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടവരും വിധിക്കപ്പെട്ടവരും ആണെന്ന സാമൂഹിക ആശയം നിരന്തരം ആവർത്തിക്കപ്പെടുമ്പോൾ മാനസികമായി സ്ത്രീ ആ അംഗീകാരത്തിന് വേണ്ടി തയ്യാറെടുക്കുന്നു.[8]

ഈ കർമ്മമാതൃകയുടെ ചട്ടക്കൂടിനുള്ളിലേക്ക് അവൾ സ്വയം തളയ്ക്കപ്പെടുന്നു. പുരുഷന്റെ സൗകര്യാർത്ഥം രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്ന ഈ മാതൃഭാവം സ്ത്രീയുടെ സമ്പൂർണ്ണമായ മാനസികവളർച്ചയും വ്യക്തിത്വവികസനവും നഷ്ടപ്പെടുത്തി അവളെ എഴുതപ്പെടാത്ത ശക്തമായ ഒരു നിയമാവലിക്കുള്ളിൽ ഒതുക്കിനിർത്തുന്നു. ഈ അടിമത്തം ജീവിത സുരക്ഷിതത്വവും ജീവിതസൗകര്യങ്ങളും സമൂഹത്തിൽ മാന്യമായ നിലനിൽപ്പും നൽകുന്നുവെന്ന പൊള്ളയായ ഒരു ധാരണയും ഉടലെടുത്തു. ഫ്യൂഡൽ പൈതൃക വ്യവസ്ഥിതിയിലെ ചൂഷണം ചെയ്യപ്പെടുന്ന ഉപഭോഗവസ്തുവായി ജീവിക്കുന്നത് നിർവൃതിയാണെന്ന് സ്ത്രീയും ധരിച്ചു.[9]

ജാതി സംവിധാനവും സ്വജാതി വിവാഹങ്ങളും സ്ത്രീകളുടെ തൊഴിലിനും ലിംഗത്വത്തിനും മേൽ നിയന്ത്രണം നിലനിറുത്തി. ജാതി, തൊഴിലുകളുടെ സാമൂഹ്യ വിഭജനം മാത്രമല്ല, ലിംഗത്വ വിഭജനവും നിർവഹിക്കുന്നു. പിതൃദായക്രമം നിലനിറുത്തുന്നതിന് സ്ത്രീകളുടെ ജാതിശുദ്ധിയെ സംബന്ധിച്ച സങ്കൽപങ്ങൾ സ്ത്രീകളുടെ അടിച്ചമർത്തലിനെ നീതീകരിക്കുന്നു. സ്ത്രീകൾക്കും ശൂദ്രർക്കും ഉപനയനചടങ്ങിനുള്ള നിരോധനം, സ്ത്രീകളെയും ശൂദ്രരെയും വധിക്കുന്നതിന് ഒരേ ശിക്ഷ നൽകുന്നത്, മതപരമായ അവകാശങ്ങളുടെ നിഷേധം എന്നിവ ജാതിയും ലിംഗത്വവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നതിന്റെ സൂചകങ്ങളാണ്.

സ്ത്രീശുദ്ധിയും ജാതിശുദ്ധിയും തമ്മിലുള്ള ബന്ധം ബ്രാഹ്മണിക്കൽ പുരുഷാധിപത്യത്തിൽ സുപ്രധാനവും മുഖ്യവുമായിരുന്നു. സ്ത്രീകളെ അതു ശ്രദ്ധാപൂർവ്വം കാത്തുസൂക്ഷിക്കുകയും താഴ്ന്ന ജാതി സ്ത്രീകൾക്ക് ഉന്നത ജാതി സ്ത്രീകളിലേയ്ക്ക് ലൈംഗികമായ സമീപസ്ഥത തടയുകയും ചെയ്തു. മൂന്നാമത്തേത് ഭരണകൂടം തന്നെയാണ്. സ്ത്രീകൾക്കു മേലുള്ള പുരുഷാധിപത്യ നിയന്ത്രണത്തെ അത് പിന്തുണയ്ക്കുകയും അപ്രകാരം പുരുഷാധിപത്യത്തെ ഒരു പ്രത്യയശാസ്ത്രമായല്ല മറിച്ച് യാഥാർത്ഥ്യമായി തന്നെ സ്ഥാപിതമാക്കുകയും ചെയ്തു. കുടുംബം, മതം, ജാതി, സമുദായം, വർഗം, രാജ്യം എന്നിവയുടെ ഘടനാസംവിധാനത്തിനുള്ളിൽ സംഘടിതമാണ് ലിംഗത്വബന്ധങ്ങൾ.

ചില ജാതിബന്ധിതമായ തൊഴിലുകളുടെ തുടർച്ചയിൽ സ്ത്രീകളുടെ പങ്കു മുഖ്യമാണ്. പരമ്പരാഗത തൊഴിലുകളിൽ സ്ത്രീകളെ പരിശീലിപ്പിക്കുന്നതിനു കുട്ടിക്കാലം മുതൽ തന്നെ മാതാപിതാക്കൾ അവരിൽ നിയന്ത്രണങ്ങൾ വയ്ക്കുന്നു. വിദ്യാഭ്യാസം അവർക്കും നിഷേധിക്കപ്പെടുന്നു. ഔപചാരിക വിദ്യാഭ്യാസമല്ല, പരമ്പരാഗത തൊഴിലെടുക്കാനുള്ള പ്രാപ്തിയാണ് ഒരു പെൺകുട്ടിയെ ഭർത്താവിന്റെ കുടുംബത്തിൽ പ്രയോജനമുള്ളവളാക്കുന്നത്.

സ്ത്രീ ജീവിതങ്ങളിലെ ജാതിസ്വാധീനത്തിന്റെ മുഖ്യമായ വേദിയാകുന്നത് വിവാഹവും ലൈംഗികതയുമാണ്. പുരുഷ, സ്ത്രീ ലൈംഗികതകളിലെ അടിസ്ഥാനപരമായ വ്യത്യാസങ്ങളെ സംബന്ധിച്ച സാംസ്കാരിക വീക്ഷണത്തിൽ അധിഷ്ഠിതമാണ് ജാതിസംവിധാനം. ജാതിക്കുള്ളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കുമിടയിൽ ഒരു അധികാരശ്രേണിയുണ്ട്. സ്വജാതിയിലെ പുരുഷന്മാരുടെ നിലയ്ക്കുള്ള ശുദ്ധത സ്ത്രീകൾക്കൊരിക്കലും ആർജിക്കാൻ കഴിയില്ലെന്ന് ഒരു വിശ്വാസമുണ്ട്. ഉന്നത ജാതികളിലെ സ്ത്രീകളെ സമീകരിച്ചിരിക്കുന്നത് വേദങ്ങൾ പഠിക്കാൻ കഴിയാത്തവരായിട്ടാണ്. ശാരീരിക പ്രക്രിയകളിലൂടെ സ്ത്രീകൾ അശുദ്ധരാകുന്നതായി പരിഗണിക്കപ്പെടുന്നു.

വിധവാത്വം അശുദ്ധിയുടെ മറ്റൊരു കാരണമാണ്. വിധവകൾ കുടുംബത്തിൽ പൂജ നടത്താൻ പാടില്ല. ദേവതമാർക്കുള്ള നിവേദ്യം അവർക്കു പാകം ചെയ്തുകൂടാ. വിഭാര്യനാകുന്ന ഒരു പുരുഷനെ ഇക്കാര്യങ്ങൾ ഇതേ മട്ടിൽ ബാധിക്കുന്നില്ല. സ്ത്രീ പുരുഷന്മാർക്കിടയിലെ ഈ വേർതിരിവുകൾ ഏറെയും ബ്രാഹ്മണ ജാതിയുടെയും മറ്റു ഉയർന്ന ജാതികളുടെയും ഒരു

സവിശേഷതയാണ്. പിതൃദായക്രമവും സ്വകാര്യസ്വത്തും ആവിർഭവിച്ച സാഹചര്യത്തിലാണ് മാതൃത്വത്തിനും സ്ത്രൈണലൈംഗികതയ്ക്കുമിടയിൽ വ്യക്തമായ വേർതിരിവ് ഉണ്ടായത്. ജാതിശുദ്ധി ഉറപ്പാക്കുന്നതിനു ഇണ ചേരൽ കർക്കശമായി നിയന്ത്രിക്കപ്പെട്ടിരുന്നു.

ബ്രാഹ്മണപുരുഷാധിപത്യത്തിന്റെ കീഴിൽ വൈധവ്യം ഒരു സാമൂഹ്യമരണമാണ് എന്ന് ഉമാചക്രവർത്തി നിരീക്ഷിക്കുന്നുണ്ട്. സ്ത്രീകളുടെ നിലനില്പ്പ് അവളുടെ പ്രത്യുല്പാദനക്ഷമതയിലാണ്. ഭർത്താവ് മരിച്ചു കഴിഞ്ഞാൽ അവളുടെ ലൈംഗികതയും പ്രത്യുല്പാദനക്ഷമതയും ഉപയോഗ ശൂന്യമാകുന്നു. അതുകൊണ്ട് തന്നെ അവൾക്ക് സാമൂഹ്യമായി നില നില്പ്പില്ല. സ്ത്രീയുടെ ഭാര്യ എന്ന നിലയിലുള്ള നിലനില്പ്പ് ഭർത്താവിനെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ഭർത്താവില്ലെങ്കിൽ അവളുടെ ഭൗതികശരീരം ജീവിച്ചിരുന്നാലും സാമൂഹ്യമായി അവൾ പാർശ്വവൽക്കരിക്കപ്പെട്ടവളാകുന്നു. ആഭരണങ്ങളും നല്ലഭക്ഷണവും സഞ്ചാരസ്വാതന്ത്ര്യവും എല്ലാം വിധവയ്ക്ക് നിഷേധിക്കപ്പെടുന്നു.

പിതൃദായക്രമം മാതൃത്വത്തെ ആദർശവത്കരിക്കുകയും അനുഷ്ഠാന ബദ്ധമാക്കുകയും ചെയ്തു. വിവാഹത്തോടെ ആരംഭിക്കുന്ന അസംഖ്യം കർമ്മാനുഷ്ഠാനങ്ങൾ ഗർഭധാരണത്തിലും പുത്രന്റെ ജനനവേളയിൽ ആൺ കുഞ്ഞിന്റെ സുരക്ഷിതമായ പ്രസവം ഉറപ്പുവരുത്തതിലുമെല്ലാം തുടരുന്നു. വിവാഹാനുഷ്ഠാനങ്ങളിൽ സ്വജാതി വിവാഹം, ജാതിയുടെയും ലിംഗത്വത്തി ന്റെയും അധീനത പ്രകടിപ്പിക്കുന്നതിനും നിലനിറുത്തുന്നതിനും ഉള്ള ഒരു മാർഗമായി പരിഗണിക്കപ്പെട്ടു. ആലോചിച്ചുറപ്പിച്ചുള്ള വിവാഹമാണ് ഇന്ത്യ യിലെ വിവാഹത്തിന്റെ പൊതുവായ രീതി. ജാതിസംവിധാനം പുനരുത്പാ ദിപ്പിക്കുന്നതിനുള്ള അടിസ്ഥാനവും ഇതു തന്നെയാണ്. അനുയോജ്യമായ ഒരു വിവാഹബന്ധത്തിന് വധുവും വരനും ഒരേ ജാതിയിലോ ഉപജാതി യിലോ പെട്ടതായിരിക്കണം. ജാതിയുടെയോ ഉപജാതിയുടെയോ തുടർച്ചയും ശുദ്ധതയും ഉറപ്പാക്കുന്നതിനാണ് വിവാഹം നടത്തുന്നത്. ഒരാളുടെ ജാതി സ്ഥിതി നിലനിർത്തുന്നതിൽ വിവാഹം സുപ്രധാനമായി പരിഗണിക്കപ്പെ ടുന്നു.

ജാതിയിൽ അധിഷ്ഠിതമായ ഇന്ത്യൻ സമൂഹത്തിന്റെ ഉള്ളിലെ അധികാരശ്രേണിയുടെ തത്വങ്ങളും വിവാഹാനുഷ്ഠാനത്തിന്റെ തത്വങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വിവാഹം വിശ്വാസത്തോടും അനുഷ്ഠാനങ്ങ

ളോട്ടും ബന്ധപ്പെട്ടിരിക്കുന്നു. ഈ അനുഷ്ഠാനങ്ങളുടെ ശുദ്ധതയാണ് ഈ അധികാരശ്രേണി നിലനിറുത്തുന്നത്. വർഗവും ജാതിയും ലിംഗത്വവും പരസ്പരം പ്രതിപ്രവർത്തിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നു. വിവാഹം, ലൈംഗികത, പ്രത്യുത്പാദനം എന്നിവയുടെ ഘടനയാണ് ജാതിസംവിധാന ത്തിന്റെ അടിസ്ഥാനം. വിവാഹത്തിന്റെ ഘടന വർഗപരവും ജാതിപരവുമായ അസമത്വം പുനരുത്പാദിപ്പിക്കുന്നു.

ചില ഗുണവിശേഷങ്ങൾ അന്തർലീനമല്ലാത്തതിനാൽ സ്ത്രീ സ്ത്രീയായി അംഗീകരിക്കപ്പെടുന്നു എന്ന് അരിസ്റ്റോട്ടിൽ വാദിക്കുന്നുണ്ട്. പുരുഷൻ ധൈര്യശാലി, പരുക്കൻ, ധിക്കാരി, വേട്ടക്കാരൻ, ഭരിക്കുന്നവൻ, നയിക്കുന്നവൻ, ബുദ്ധിമാൻ, കീഴടക്കുന്നവൻ, ജയിക്കാനായി ജനിച്ചവൻ. അവർ ആദ്യം കീഴടക്കി ഭരിച്ചത് സ്ത്രീവർഗ്ഗത്തെയാണ്. ഭൂമുഖത്തെ ആദ്യത്തെ കോളനിയായി സ്ത്രീവർഗ്ഗത്തെയും ആദ്യത്തെ പരമാധികാരി യായി പുരുഷവർഗ്ഗത്തെയും വിശേഷിപ്പിക്കാം.

ഉയർന്ന ജാതിയിലെ സ്ത്രീകളെ അപേക്ഷിച്ച് ദളിത് സ്ത്രീകൾ കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കുന്നവരാണെന്ന ഒരു വാദമുണ്ട്. ജെ.ദേവികയുടെ കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടാകുന്നതെങ്ങനെ?[10] എന്ന പുസ്തകത്തിൽ ഇത്തരത്തിലുള്ള വിശകലനം നടക്കുന്നുണ്ട്. എന്നാൽ ദളിത് സ്ത്രീകൾ മൂന്ന് തരത്തിലുള്ള അടിച്ചമർത്തൽ നേരിടുന്നുണ്ടെന്ന് ശർമിള റെഗെ (1964-2013)[11] തന്റെ Writing Caste, Writing Gender: Reading Dalit Women's Testimonios, എന്ന ഗ്രന്ഥത്തിൽ[12] പ്രതിപാദിക്കുന്നു.[13] 'ദളിത് സ്ത്രീകൾ വ്യത്യസ്തമായി സംസാരിക്കുന്നു' (Dalit Women Talk Differently) എന്ന് റെഗെ ചരിത്രപരമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ അടയാളപ്പെടു ത്തുന്നു. ഇന്ത്യയിലെ ദളിത് സ്ത്രീകൾ ദളിതർക്കുള്ളിലെ ദളിതരാണ്. പുരുഷാധിപത്യത്തിന്റെയും ജാതിയുടെയും സമൂഹത്തിലെ ഏറ്റവും ദരിദ്രവും പാർശ്വവത്കൃതവുമായ വർഗ്ഗത്തിലിരിക്കുന്നതിന്റെയും അടിച്ചമർത്തൽ നേരിടുന്നവരാണ് അവർ പുരുഷാധിപത്യപരമായ അടിച്ചമർത്തൽ തന തായി മാർഗ്ഗത്തിലൂടെ ദളിത് സ്ത്രീകളും അനുഭവിക്കുന്നു.

ദളിത് സ്ത്രീകൾ വ്യത്യസ്തമായി സംസാരിക്കുന്നു (1995) എന്ന ഗോപാൽ ഗുരുവിന്റെ ലേഖനം വളരെയധികം പ്രശസ്തമാണ്. 1928ൽ പുറത്തിറങ്ങിയ ജെ.സി.ദാനിയേൽ സംവിധാനം ചെയ്ത വിഗതകുമാര നിലെ[14] നായികയായി അഭിനയിച്ച പി.കെ.റോസി എന്ന ദളിത് പെൺകുട്ടി

സിനിമയിൽ അഭിനയിച്ചതിന്റെ പേരിൽ അനുഭവിക്കേണ്ടിവന്ന പീഡനങ്ങൾ ഉദാഹരണമാണ്. ഇത് നഷ്ടനായിക എന്ന പേരിൽ വിനു എബ്രഹാം നോവലാക്കിയിട്ടുണ്ട്.

ഫ്രഞ്ച് എഴുത്തുകാരിയായ സിമോൺ ദി ബുവെ (1908-1986)[15] സ്ത്രീക്ക് നൽകിയ നിർവചനം വളരെയധികം പ്രസക്തമാണ്. തന്റെ വിഖ്യാത ഗ്രന്ഥമായ സെക്കൻഡ് സെക്സിലൂടെ സ്ത്രീ ഒരു സാമൂഹ്യസംസ്കാരിക നിർമ്മിതിയാണ് എന്ന സിദ്ധാന്തം അവർ ഉറപ്പിക്കുന്നുണ്ട്. എല്ലാ കാലത്തും പുരുഷാധിപത്യ സമൂഹം സ്ത്രീയെ രണ്ടാം കിടയായിട്ടാണ് കാണുന്നത്. സ്ത്രീ എല്ലാകാലത്തും ആകപ്പെടുകയാണ്.[16] 1949-ൽ സിമോൺ ദി ബുവെ[17] തന്റെ സെക്കൻഡ് സെക്സ് എന്ന ഗ്രന്ഥത്തിൽ സമൂഹത്തിലെ ചരിത്രാതീത കാലം മുതൽക്കുള്ള സ്ത്രീയുടെ പദവിയുടെ ചരിത്രം പഠനവിധേയമാക്കി. ഓരോ കാലഘട്ടത്തിലും സ്ത്രീ അനുഭവിച്ച അപമാനത്തിനും പീഡനത്തിനും പിന്നിൽപ്രവർത്തിച്ച പുരുഷാധിപത്യ ശക്തിയെ കുറ്റപ്പെടുത്തിയതോടൊപ്പം, അതിനു മുമ്പിൽ തന്റെ വ്യക്തിത്വത്തെ അടിയറവെച്ച സ്ത്രീയുടെ മേൽ പ്രവർത്തിച്ച സാമൂഹ്യവൽക്കരണ പ്രക്രിയയുടെ ലിംഗാധിഷ്ഠിത വസ്തുതകളിലേക്കും അവർ വിരൽചൂണ്ടി. സ്ത്രീയെ രണ്ടാം ലിംഗവിഭാഗമായി തരംതാഴ്ത്തുന്ന പുരുഷന്റെ നിലപാടിനെ അവർ നിശിതമായി വിമർശിച്ചു. ലോകത്തെ ആക്രമിച്ചു തങ്ങളുടെ ജീവൻ ഉറപ്പാക്കാനുള്ള ശക്തി ആർജിക്കാനും, പുരുഷന്മാരുടെ ആശ്രിതത്വത്തിൽ നിന്നും വിമോചിതരാകാനും അവർ ആഹ്വാനം ചെയ്തത് ആ കാലഘട്ടത്തിൽ ഒരു പോർവിളിക്കു സമാനമായിരുന്നു.

സാഹിത്യ സംസ്കാരിക ഇടങ്ങൾ സ്ത്രീക്ക് കൂടി അവകാശപ്പെട്ടതാണെന്നു പ്രഖ്യാപിക്കുന്ന സ്വന്തമായൊരു മുറി (A Room of Ones Own) യുടെ കർത്താവായ വെർജീനിയ വൂൾഫ് (1882-1941)[18] പത്തൊമ്പതാം നൂറ്റാണ്ടിലെ സ്ത്രീകളുടെ സാമൂഹ്യനില എങ്ങനെ ആയിരുന്നുവെന്ന വിശദീകരിക്കുന്നുണ്ട്. ഓക്സ്ഫോർഡിലെ പുൽത്തകിടിയിലൂടെ നടക്കുമ്പോൾ, സ്ത്രീകൾ അതിലൂടെ നടക്കാൻ പാടില്ലെന്ന് പറഞ്ഞ് പുരോഹിതൻ വിലക്കിയത്, ലൈബ്രറിയിലെ പ്രവേശനത്തിന് ഒരു ഫെല്ലോ കൂടെയുണ്ടാകുകയോ അല്ലെങ്കിൽ പരിചയപ്പെടുത്തിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ കത്തുണ്ടാകുകയോ വേണം. എങ്കിലേ സ്ത്രീകളെ അകത്തേക്ക് കടത്തി വിടുകയുള്ളൂ. ഇത്തരത്തിലുള്ള അനുഭവങ്ങൾ വെർജീനിയ രേഖപ്പെടുത്തിയിട്ടുണ്ട്.

അക്കാലത്തെ സ്ത്രീ അവസ്ഥ വ്യക്തമാക്കാൻ വേണ്ടി ഷേക്സ്പിയർക്ക് അതിബുദ്ധിമതിയായ ജൂഡിത്ത് എന്ന സഹോദരിയുണ്ടായിരുന്ന എന്ന ഒരു സങ്കൽപം വെർജീനിയ വൂൾഫ് പങ്കുവെക്കുന്നുണ്ട്.[19] അവളെ സ്കൂളിൽ അയച്ചിരുന്നില്ല. പുരുഷന്മാരെ പോലെ സത്രങ്ങളിൽ താമസവും ഭക്ഷണവും നേടാനോ പാതിരാത്രിയിൽ തെരുവിൽ അലയാനോ അവൾക്ക് കഴിയുമോ? പിന്നെങ്ങനെ മനുഷ്യരെയും ജീവിതാവസ്ഥയെയും കുറിച്ച് അവൾ പഠിക്കും? സ്കൂൾ വിദ്യാഭ്യാസത്തിന് പോലും അവസരം ലഭിക്കാതെ വിവാഹം കഴിച്ച് കുടുംബഭാരം തലയിൽ ഏറ്റിയിരുന്ന ഒരു സ്ത്രീക്ക് ഷേക്സ്പിയർ ആകാൻ അവസരം ലഭിക്കുന്നതെങ്ങനെ?

ഏതോ അജ്ഞാതകാരണങ്ങളാൽ സമൂഹം സ്ത്രീക്ക് വേണ്ടി കണ്ടുപിടിച്ച ഒരു മന്ത്രത്തകിടാണ് ചാരിത്ര്യം എന്ന് വെർജിനിയ വൂൾഫ് പറയുന്നുണ്ട്. 119-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പോലും ചാരിത്ര്യ ശുദ്ധിയുടെ പേരിലാണ് സ്ത്രീയെ പൊതുവേദിയിൽ നിന്ന് അകറ്റിനിർത്തിയത്. അറിയപ്പെടാതിരിക്കുന്നതാണ് സ്ത്രീയുടെ പ്രധാന ഗുണം എന്ന് ഗ്രീക്ക് ഭരണാധികാരിയായ പെരിക്ലിസ് പോലും പറഞ്ഞിട്ടുണ്ട്. സ്ത്രീകളുടെ പ്രസിദ്ധി നിന്ദ്യമാണല്ലോ. അജ്ഞാതത്വം അവളുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നു എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

വിവിധകാലങ്ങളിലും സ്ഥലങ്ങളിലും സ്ത്രീകൾ ജനസംഖ്യയുടെ ഭൂരിപക്ഷമായിരുന്നിട്ടുണ്ട്. പക്ഷേ പുരുഷന്മാർ അനുഭവിച്ചിരുന്ന, അവകാശങ്ങൾ ഇല്ലാത്ത, അടിച്ചമർത്തപ്പെട്ട ഒരു ന്യൂനപക്ഷത്തിന്റെ അവസ്ഥയായിരുന്നു അവരുടേത്. രാഷ്ട്രീയത്തിൽ നിന്നും സാമ്പത്തിക ജീവിതത്തിൽ നിന്നും നൂറ്റാണ്ടുകളോളം അവർ ഒഴിവാക്കപ്പെട്ടു. വ്യക്തികളെന്ന നിലയിലും സമൂഹത്തിലും പാരമ്പര്യവും നിയമവും ക്രമവും തദ്സ്ഥിതിയുമെല്ലാം നിലനിർത്തുന്ന യാഥാസ്ഥിതികരുടെ ദൗത്യമാണ് സ്ത്രീകൾ പൊതുവെ നിർവ്വഹിച്ചിരുന്നത്. പുരുഷന്മാർക്കൊപ്പം അവരും ലോകം തുല്യമായി പങ്കുവെക്കുന്നു. ലോകത്തിലെ അനുഭവങ്ങളിൽ പകുതിയും അവരുടേതും കൂടിയാണ്. ലോകത്തിലെ ജോലിയുടെയും അനേകം ഉത്പ്പന്നങ്ങളുടെയും പകുതി അവർക്കവകാശപ്പെട്ടതാണ്. പക്ഷേ സ്ത്രീകളുടെ ചരിത്രം പുരുഷന്മാരുടെ നിരീക്ഷണത്തിന്റെ കണ്ണുകളിലൂടെയാണ് എഴുതപ്പെട്ടിട്ടുള്ളത്.

ചരിത്രത്തിൽ ഏതുകാലത്തും ഇടംകിട്ടാത്തവരായിരുന്നു സ്ത്രീകൾ. കീഴാളർക്ക് സംസാരിക്കാൻ കഴിയുമോ? (Can the Subaltan Speak?)

എന്ന പ്രബന്ധത്തിലൂടെ ഗായത്രി സ്പിവാക്ക്[20] ഈ ചോദ്യം ഉയർത്തുന്നുണ്ട്. എഴുതുന്നവരുടെ താൽപര്യത്തിന്റെ ഉത്പ്പന്നമാണ് ചരിത്രം. അതുകൊണ്ട് തന്നെ സ്ത്രീകൾ എല്ലാ കാലത്തും ചരിത്രത്തിന് പുറത്തായിരുന്നു. ഒരു സ്ത്രീയെ ചിത്രീകരിക്കുമ്പോൾ അവളുടെ വ്യക്തിത്വത്തെ കുറിച്ചാണ് ആദ്യം പറയേണ്ടത്. ഒരേ സമയം സർഗ്ഗാത്മകമായും യാഥാർത്ഥ്യബോധത്തോടെയും അവളെ കുറിച്ച് ചിന്തിക്കാൻ കഴിയണം. ഇംഗ്ലീഷ് ചരിത്രമെഴുതിയ ജി.എം.ട്രെവല്യൻ പോലും അപൂർവ്വമായി മാത്രമേ എലിസബത്തിനെയോ മേരിയേയോ പോലെ വ്യക്തിപ്രാധാന്യമുള്ള സ്ത്രീകളെ കുറിച്ച് പറയുന്നുള്ളു എന്ന് വെർജീനിയ വൂൾഫ് വിമർശിക്കുന്നുണ്ട്. അതും രാജ്ഞിമാരെയോ ഉന്നതകുലജാതകളെയോ കുറിച്ച് മാത്രം. ഇടത്തരക്കാരായ സ്ത്രീകൾ ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം പിടിക്കത്തക്കരീതിയിലുള്ള ഒരു പ്രവൃത്തിയും ചെയ്തതായി ആരും രേഖപ്പെടുത്താറില്ല.

അപൂർവ്വപക്ഷികൾ കണ്ണാടി നോക്കുന്നു എന്ന ലേഖനത്തിൽ എസ്.ശാരദകുട്ടി ലളിതാംബിക അന്തർജനത്തിന്റെ പ്രതികാരദേവത എന്ന കഥയിലെ ഒരു കഥാസന്ദർഭം വിവരിക്കുന്നുണ്ട്. ഒരിക്കൽ പതിവ്രതയും കുലീനയും അച്ചടക്കവുമുള്ളവളുമായ ഒരു കുടുംബിനി ഒരു കഥയെഴുതാനിരുന്നു. സമയം അർദ്ധരാത്രിയോടടുക്കാറായി. അന്തസ്സും ആഭിജാത്യവും വിടാത്ത തന്നെപോലെ ഒരുവൾ എന്തെഴുതും? എങ്ങനെ എഴുതും? അവൾക്ക് സംശയങ്ങൾ തീരുന്നില്ല. മനസ്സിൽ തോന്നുന്ന വികാരങ്ങൾ അതേപോലെ പകർത്തിയാൽ ഉണ്ടായേക്കാവുന്ന ഉരുൾപ്പൊട്ടലുകൾ ഓർത്ത് അവൾ വിറച്ചു. അനുഭവങ്ങൾ ഏറെയുണ്ട്. പക്ഷേ ധൈര്യമില്ല.[21] ഇത് പുരുഷാധിപത്യ സമൂഹത്തിൽ മിക്ക സ്ത്രീകളും നേരിടുന്ന അവസ്ഥയാണ്.

**ഉപസംഹാരം**

ലിംഗനീതിക്ക് വേണ്ടിയുള്ള സമരം എവിടെയും എത്തിയിട്ടില്ല എന്നാണ് ഇന്നത്തെ സാഹചര്യം കൊണ്ട് ഇന്ത്യയിലെ ഏത് നഗരവും ഏത് ഗ്രാമവും ഉദാഹരിക്കുന്നത്. മതപൗരോഹിത്യം ഭരണഘടനയെക്കാളും വലുതാണ് ജാത്യാചാരങ്ങളും മതാചാരങ്ങളും എന്ന് പരസ്യമായി പ്രഖ്യാപിക്കാൻ ധൈര്യപ്പെടുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ പ്രധാനപ്പെട്ട ഭാഗം ഇനിയും അരങ്ങേറാനിരിക്കുന്നതേയുള്ളു. അതായത് ലിംഗസമത്വത്തിന് വേണ്ടിയുള്ള പോരാട്ടം സമകാലിക ഇന്ത്യയിൽ സർവ്വപ്രധാനമാണ് എന്നർത്ഥം.

ഇന്ന് ലോകമെങ്ങും സ്ത്രീകളുടെ നേതൃത്വത്തിൽ നിരവധി പ്രക്ഷോഭങ്ങൾ നടക്കുന്നുണ്ട്. 2018 മാർച്ച് 6 ന് ലോസാഞ്ചലസിലെ ഹോളിവുഡ് തിയേറ്ററിൽ വെച്ച് നടന്ന ഓസ്കാർ അവാർഡ് നിശയിൽ 'മിസോറിയിലെ' അഭിനയത്തിന് മികച്ച നടിക്കുള്ള അവാർഡ് സ്വീകരിച്ചു കൊണ്ട് ഫ്രാൻസിസ് ഡോർമണ്ട് ഹോളിവുഡ് സിനിമാമേഖലയിൽ സ്ത്രീകൾക്ക് തുല്യതയും വൈവിധ്യവും വേണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നടത്തിയ പ്രസംഗം ശ്രദ്ധേയമാണ്. ഇത്തരം ചിന്തകളെ നമ്മൾ സ്വീകരിക്കേണ്ടതാണ്. വളരെ പ്രത്യക്ഷവും ഹിംസാത്മകവുമായ പരിസരങ്ങളെ അഭിസംബോധന ചെയ്യാൻ നമുക്ക് സാധിക്കണം. അതിന് കൂടുതൽ മാനസികഭാവങ്ങൾ ഉള്ള, സാഹോദര്യമുള്ള ഒരു സമൂഹമാണ് ഉണ്ടാകേണ്ടത്. സാമൂഹികമായ അനീതികളെ, നിയന്ത്രണങ്ങളെ, കടന്നാക്രമണങ്ങളെ ചെറുത്ത് തോൽപ്പിക്കാനുള്ള പോംവഴി ഭരണഘടന മുന്നോട്ട് വെക്കുന്ന ധാർമ്മികത മുറുകെ പിടിക്കുക എന്നുള്ളതാണ്. അത്തരത്തിലുള്ള ജനാധിപത്യ ബോധമാണ് നമുക്ക് ഉണ്ടാകേണ്ടത്.

**അടിക്കുറിപ്പ്**

1. ഉദ്ധരണം, റോസി തമ്പി, സൈത്രണ ആത്മീയത: പെണ്ണായി പിറന്നതിന്റെ അഴക്കും ആത്മഹർഷവും, ഗ്രീൻബുക്സ്, തൃശ്ശൂർ, 2009, പു.43.

2. ആഡ്രിയൻ റിച്ച്, Of Women Born: Motherhood as Experience and Institution, ഡബ്ല്യു. ഡബ്ല്യു. നോർട്ടൻ, 1976, പു. 55-58.

3. പി. സോമൻ, മാർക്സിസം, ലൈംഗികത, സ്ത്രീപക്ഷം, ഡി.സി.ബുക്സ്, കോട്ടയം, 2010, പു. 23.

4. സുജാതാ സെൻ (എഡി.), Gender Studies, പു.21.

5. ഡൽഹി വനിതാ സർവകലാശാലയിൽ (യൂണിവേഴ്സിറ്റി കോളേജ് ഫോർ വിമൻ, ഡൽഹി) മിറാന്റ ഹൗസിൽ അദ്ധ്യാപികയായിരുന്ന അവർ ബുദ്ധിസം, ആദ്യകാല ഇന്ത്യയുടെ ചരിത്രം തുടങ്ങിയ വിഷയങ്ങളിലും സമകാലിക വിഷയങ്ങളിലും ശ്രദ്ധേയമായ രചനകൾ നടത്തിയിട്ടുണ്ട്. ഇപ്പോൾ. ഇന്റർനാഷണൽ ഫെഡറേഷൻ ഫോർ റിസർച്ച് ഇൻ വിമൻസ് ഹിസ്റ്ററി എന്ന അന്താരാഷ്ട്ര സംഘടനയുടെ ബോർഡ് അംഗവും വൈസ് പ്രസിഡന്റുമായി പ്രവർത്തിക്കുന്നു. 1970 മുതൽ വനിതാ മുന്നേറ്റങ്ങളുമായി പ്രവർത്തിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി അനവധി വസ്തുതാന്വേഷണ സംഘങ്ങളിൽ അംഗമായിരുന്നു കൊണ്ട് ഭരണകൂട അടിച്ചമർത്തലുകൾ,

വനിതകൾക്കെതിരായ അതിക്രമങ്ങൾ, മനുഷ്യാവകാശനിഷേധങ്ങൾ തുടങ്ങിയവയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ഇവരുടെ പ്രധാനപ്പെട്ട പുസ്തകമാണ് ജെൻഡറിംഗ് കാസ്റ്റ് ത്രൂ എ ഫെമിനിസ്റ്റ് ലെൻസ് (2002).

6. ഉമാചക്രവർത്തി, Gendering Caste: Through a Feminist Lens, സേജ്, ന്യൂഡെൽഹി, 2002.

7. ലീലാ ദുബെ, Anthropological Explorations in Gender Intersecting Fields, സേജ്, ന്യൂഡെൽഹി, 2001.

8. ഷോമ എ. ചാറ്റർജി. The Indian Womens Search for an Identity, വികാസ് പബ്ലിഷിംഗ് ഹൗസ്, ന്യൂഡെൽഹി, 1997.

9. ജാൻസി ജെയിംസ് (എഡി.), ഫെമിനിസം (2), കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000, പു.7.

10. ജെ.ദേവിക, കുലസ്ത്രീയും ചന്തപെണ്ണും ഉണ്ടായതെങ്ങനെ?, കേരളശാസ്ത്ര സാഹിത്യപരിഷത്ത്, തൃശ്ശൂർ, 2015.

11. ഒരു ഇന്ത്യൻ സോഷ്യോളജിസ്റ്റും ഫെമിനിസ്റ്റ് പണ്ഡിതയുമായിരുന്ന ശർമിളാ റെഗെ ഇന്ത്യയിലെ സ്ത്രീപക്ഷ ചരിത്രകാരികളിലൊരാളാണ്.

12. ഷർമ്മിള റെഗെ, Writing Caste, Writing Gender: Reading Dalit Women's Testimonios, സുബാൻ, ന്യൂഡെൽഹി, 2006.

13. ഷർമ്മിള റെഗെ (എഡി.), Sociology of Gender (2003), സേജ്, ന്യൂഡെൽഹി, 2017.

14. ആദ്യത്തെ മലയാള ചലച്ചിത്രം ആണ് വിഗതകുമാരൻ. 1928 ൽ ചിത്രീകരണം തുടങ്ങി. 1930 നവംബർ 7 നാണ് ഈ ചിത്രം പുറത്തിറങ്ങിയത്. ഇതൊരു നിശ്ശബ്ദചിത്രം ആയിരുന്നു. രചന, സംവിധാനം, നിർമ്മാണം എന്നിവ നിർവ്വഹിച്ചതും ചിത്രത്തിലെ നായകവേഷത്തിൽ അഭിനയിച്ചതും ജെ.സി.ദാനിയേൽ ആണ്. പി.കെ.റോസി ഇതിലെ നായികാ കഥാപാത്രത്തെ അവതരിപ്പിച്ചു.

15. ഫ്രഞ്ച് എഴുത്തുകാരിയും അസ്തിത്വവാദ ചിന്തകയും സ്ത്രീവാദിയും സാമൂഹിക സൈദ്ധാന്തികയും ആയിരുന്ന സിമോൺ ദി ബുവെ. നോവലുകളും തത്ത്വചിന്ത, രാഷ്ട്രീയം, സാമൂഹിക പ്രശ്നങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട പഠനങ്ങളും ഉപന്യാസങ്ങളും ജീവചരിത്രങ്ങളും നിരവധി വാല്യങ്ങൾ അടങ്ങുന്ന ആത്മകഥയും അവർ രചിച്ചിട്ടുണ്ട്. ഷീ കേം റ്റുസ്റ്റേ, മാൻഡരിൻസ് തുടങ്ങിയ

അതിഭൗതികനോവലുകളും 1949-ൽ എഴുതിയ ദ സെക്കൻഡ് സെക്സ് എന്ന പഠനവുമാണ് സിമോൺ ബുവെയെ ശ്രദ്ധേയയാക്കിയത്. സാർത്രുമായി ആജീവനാന്തം ബഹുഭർതൃബന്ധത്തിൽ ഏർപ്പെട്ടു എന്നതിനാലും അവർ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീയുടെ അടിച്ചമർത്തപ്പെടലിനെയും സമകാലീന സ്ത്രീവാദത്തിന്റെ അടിത്തറയെയും വിശദമായി അപഗ്രഥിക്കുന്ന കൃതിയാണ് ദ സെക്കൻഡ് സെക്സ്.

16. ഇയാൻ ബുച്ചാനൻ ആന്റ് ക്ലെയർ കോൾബ്രൂക്ക്, Deleuze and Feminist Theory, എഡിൻബർഗ്ഗ് യൂണിവേഴ്സിറ്റി പ്രസ്, 2000, പു.28.

17. ജെ.ദേവിക, മുമ്പത്തേത്, പു.18.

18. വെർജീനിയാ വൂൾഫ് ഇരുപതാം നൂറ്റാണ്ടിലെ മോഡേണിസത്തിലെ ഏറ്റവും പ്രധാനപ്പെട്ട എഴുത്തുകാരിൽ ഒരാളായി കരുതപ്പെടുന്നു. രണ്ടു ലോകമഹായുദ്ധങ്ങൾക്കും ഇടയ്ക്ക് ഉള്ള കാലഘട്ടത്തിൽ വൂൾഫ് ഇംഗ്ലണ്ടിലെ സാഹിത്യ സമൂഹത്തിലെ ഒരു പ്രധാനകഥാപാത്രമായിരുന്നു. ബ്ലൂംസ്ബറി ഗ്രൂപ്പിലെ അംഗവുമായിരുന്നു അവർ. വൂൾഫ്ിന്റെ പ്രധാനകൃതികൾ മിസ്സിസ്സ് ഡാല്ലോവെ (1925), റ്റു ദി ലൈറ്റ് ഹൗസ് (1927), ഒർലാന്റോ (1928) എന്നിവയും ഒരു പുസ്തകരൂപത്തിലുള്ള ഉപന്യാസമായ സ്വന്തമായൊരു മുറി (1929) എന്ന കൃതിയുമാണ്. ഈ പുസ്തകത്തിലാണ്. ഒരു സ്ത്രീയ്ക്ക് സാഹിത്യം രചിക്കുവാൻ പണവും സ്വന്തമായി ഒരു മുറിയും വേണം എന്ന പ്രശസ്തമായ വാചകം ഉള്ളത്.

19. വെർജീനിയ വൂൾഫ്, എഴുത്തുകാരിയുടെ മുറി (എൻ.മൂസക്കുട്ടി (വിവ.) മാതൃഭൂമി, കോഴിക്കോട്, 2000, പു. 39.

20. ഇന്ത്യക്കാരിയായ ഒരു സാഹിത്യ വിമർശകയും സൈദ്ധാന്തികയുമാണ് ഗായത്രി ചക്രവർത്തി സ്പിവാക്ക് (ജ.1942). പോസ്റ്റ് കൊളോണിയലിസത്തിന്റെ അടിസ്ഥാന ഉറവിടമായി കണക്കാക്കുന്ന കീഴാളർക്ക് സംസാരിക്കാൻ കഴിയുമോ? (Can the Subaltern Speak?) എന്ന ലേഖനത്തിലൂടെയും ഴാക്ക് ദെറിദയുടെ ഓഫ് ഗ്രമറ്റോളജി എന്ന ഗ്രന്ഥത്തിന്റെ പരിഭാഷയിലൂടെയുമാണ് ഗായത്രി കൂടുതലായി അറിയപ്പെടുന്നത്. കോളംബിയ സർവകലാശാലയിൽ അദ്ധ്യാപികയായ ഗായത്രി സ്പിവാക്ക് 2007ൽ അവിടുത്തെ ഉന്നത റാങ്കായ യൂണിവേഴ്സിറ്റി പ്രൊഫസർ എന്ന പദവിയിലേക്ക് ഉയർത്തപ്പെട്ടു. പണ്ഡിതയായ ഇവർ ലോകവ്യാപകമായി സഞ്ചരിച്ച് പ്രഭാഷണങ്ങളും നടത്തുന്നു.

21. എസ്. ശാരദകുട്ടി, വിചാരം, വിമർശം, വിശ്വാസം (ലേഖനങ്ങൾ), മാതൃഭൂമി, കോഴിക്കോട്, 2015, പു.33.

# Impact of Internal Migration on the Income and Asset Holdings of the Migrants: A Study among the Internal Migrants of Kerala

**Dr. KABEER K.T.**

**Abstract**

This paper examines the impact of internal migration on the income and the asset holdings of the domestic migrants working in the micro, small and medium firms in the Kerala state. The demographic advancement of Kerala state has resulted a situation where in internal migration outweighs external migration. Internal migrant workforce has become an inevitable part of the Kerala society as they are being placed in many fields of economic activities in the state. Comparatively high wage rates, sustained job opportunities, peaceful work environment and relatively less discriminatory treatment in the labour market of the state pull the internal migrants towards the state. This has caused for the recent influx of the internal migration to the state. The present study is based on a field survey conducted among the internal migrants working in the plywood and footwear firms of the state. This study has examined the previous employment of the domestic migrant workers and found that most of the migrants were engaged in the low paying employments at their origin. The average monthly income of the domestic migrants working in the MSMEs of the state is found to be three fold higher to their previous monthly income that they used to receive at their native places. The possession of assets of internal migrant workers has increased reasonably after their migration to the state and the study empirically stated that the internal migration has positive impact upon the level of living of the migrants.

**Keywords**: Internal migration, migration paradox, micro firms, small firms, medium firms, asset holdings

## Introduction

Internal and international human migrations are universal phenomenon and the trend of these migrations is on the increase in almost all the regions of the world. There are several motivations why people choose for migration from one place to another. Migration with

family is considered pull-induced if there is a significant increase in expected earnings at the destination location. Family migration will be regarded as push induced if the expected income in the destination is less. Still, the families' decision to move is primarily motivated by the search for alternative survival options (D Jayaraj, 2013). Existing evidences show that internal migration in LDCs, as in the case of underdeveloped countries (UDCs), is beneficial for economic development, efficiency, and social change, while pathways of influence are complex (International encyclopedia of the social and behavioural sciences, 2015).

Migration plays a vital role in determining the distribution of a region's population and the labour force supply. The pull and push theory of migration coined by Ravenstein states that people migrate because of factors that push them out of their existing place or nation and factors that pull them into another location or country and this movement happens due to the desire to be better off than they currently are, and the deteriorating living conditions force them to move to better places (Ravenstein 1886). Many plus and minus factors at the origin and destination cause migration, the plus factors or positive factors which hold people within the area or pull others to it and opposing forces that repel or push people from the site and some zero points neither attract nor repel people from migrating (Lee, 1966). Literatures say that economic factors are the leading factor determining the decision to migrate, and it has gained momentum in the globalised world. Other than economic factors, people are forced to move due to conflict, human rights violations, violence, extreme weather, etc at the origin. Certain social, cultural and geographical

factors also significantly influence the decision in the process of migration.

It is clear that migration takes place between two regions because of push and pulls reasons. Pull factors are the attracting forces at the destinations and push factors are the repelling forces at the origins and the intensity of the flow of the migration is highly perceived between the rural and urban regions especially in the underdeveloped countries. The movement of people occurs as a result of the desire to be better off than they currently are and the poor living conditions force the people to move to better places. This movement in terms of rural urban migration and interstate migration is still on the rise in less developed countries like India.

**Background of the study**

Migration plays a pivotal role in the economy of Kerala. The demographic advancement of Kerala state has resulted a situation where in internal migration outweighs external migration. This internal migrant workforce has become an inevitable part of the Kerala society as they are being placed in many fields of economic activities in the state. Exceptionally high wage rates compared to the rest of India, sustained job opportunities, peaceful social environment, relatively less discriminatory treatment of workers, direct trains from native states, and development of ICT shortened the distance from their homes have influenced the migration to Kerala (Benoy Peter and Vishnu Narendran 2017). The rising temporary migration from other states is mainly because of the increasing demand for these workers in Kerala, particularly for the low-skilled jobs (Jajati Keshari Parida, 2021).

The majority of the workers involved in large-scale work are young single men from backward communities in rural areas, predominantly from Jharkhand, Bihar, Uttar Pradesh, Odisha, and West Bengal (Benoy Peter and Vishnu Narendran, 2017). It is a fact said that migrant labourers are easy to manage and work continuously without breaks. They also put in long hours and are ready to do overtime with no extra pay. In the construction sector, this labourer's typical working day extends to 14 hours a day. Even though labourers are satisfied with the wages they are paid for their work, in many cases, it is due to the poor job market and extreme poverty in their homeland (Asha Elizabeth Thomas, 2018). Deepa George (2014) observed in her study that migrants are ready to take risks and work in hazardous conditions and local employers find it easy to have migrants because there are almost no complaints, however, they love to work here as the state provides them with a comparatively better work environment. While going through the literature on the migration phenomenon of the state, it is apparent that a circular pattern is visible in the migration flow of Kerala. The unique pattern of labour movement in the state could be termed as 'migration paradox' as it establishes a phenomenon which causes people to migrate from the origin to other nations due to unemployment and in turn the flow of internal in migrants from different destinations to the origin due to the employment opportunities created by the outmigration.

Recent report of Kerala sate Planning Board has projected the number of interstate migrants in Kerala for 2025 and 2030 based on the growth rates of interstate migration. From the given trend, it is estimated that the total number of migrants in Kerala will be 45.7

lakhs by the year 2025 and 55.9 lakhs by the year 2030. This quantum of internal migrants in the state comes around 26 percent of total work force and therefore, studies with regard to the demographic and work profile of these migrants turn to be important topics of discussions. In these circumstances, present paper makes an attempt to analyse the changes in the income and assets of internal migrants working in the micro, small and medium firms of the state after their migration and the objectives of this study are specifically articulated as follows;

1) To assess the impact of internal migration on the income of the internal migrants working in the MSMEs of Kerala
2) To assess the impact of internal migration on the asset holdings of the internal migrants working in the MSMEs of Kerala

**Data and Method**

The empirical analysis of the study is based on primary data collected from the inter-state migrants working in the MSMEs of Ernakulum and Kozhikode district of Kerala by administering a structured interview schedule. Ernakulum and Kozhikode are the two districts in Kerala having higher number of internal migrant working in different sectors. The Ministry of Micro, Small and Medium Enterprises has formed different industrial clusters in these districts as a key strategy for enhancing the productivity and competitiveness as well as capacity building of small enterprises. The industrial clusters are there in the areas of wood, plywood, furniture, rubber, textile, rice mill, plastic, footwear, printers, ethnic food, agriculture implements and general engineering etc. For the present study plywood cluster from Ernakulum district and footwear cluster from Kozhikode district have taken as sample clusters. These two clusters have taken for the present study as these two clusters accommodate more number of

internal migrants. A multi stage random sampling technique is used to select sufficient number of sample from these clusters. Firstly, these clusters are grouped in to small, micro and medium industries on the basis of their registration and from each cluster two micro units, one small and medium industry are identified as sample units by using simple random techniques. A sample of 450 inter-state migrants is selected as sample for the present study and out of which 225 samples are taken from plywood cluster of Ernakulum district and 225 samples are taken from the footwear cluster of Kozhikode district. Each cluster has small, micro and medium enterprises and from each enterprise a sample of 75 migrants are identified randomly and taken as sample for the study. An interview schedule comprising questions related to income and asset holding was administered among the sample migrants in the month of December - 2021. The answers of the respondents were estimated with simple arithmetic mean and percentage methods for making interpretations. In the present study, discussion is carried out in the two parts; part one assesses the changes in the income and the second part analyses the changes in the other asset holdings of the internal migrants after their migration to the Kerala state.

## Discussion of the Result

The migrant workers get more number of working days with a higher wage rate in Kerala than what they received in their native places. This has significantly improved their earnings, and they have moved from low to high-income brackets (Saikia, 2008). The high wage paid to the migrant labourers compared with their homeland is a major factor attracting the migrants to the state. In the construction sector, they are paid at least Rs.400/- a day, and a majority of the

migrants work for more than 10 hours a day without any reluctance, and this is the main factor that makes migrant labourers attractive in the local markets of Kerala (Asha Elizabeth Thomas, 2018). Evidences say that the internal migration to the state is driven by mainly economic reasons and certain economic factors like high wage rate, more employment opportunities, better perks and other conditions pull the migrants to the state. The result of the present survey is discussed in the following two parts; part one assesses the changes in the income after migration by analyzing their previous job and income. The second part analyses the changes in the other asset holdings of the internal migrants in terms of change in investment, consumption, education etc..

**Part I: Assessment of changes in the income of internal migrants after migration**

Level of income received by a worker for her labour is the most important measure to understand the economic welfare. Present and previous monthly income of the domestic migrants working in the MSMEs are analysed here to understand how the internal migration has affected the income and asset holdings of the migrants. A detailed investigation is made in the study to understand the previous and present monthly income of the domestic migrants between industries and across the firms.

**Previous Employment of Migrant Workers at their Origin.**

The main reason for heavy influx of rural migration in to the urban areas are due to the repelling forces operating in the rural areas in the form of high rates of unemployment, poverty, low wages, small size of land holding, low level of amenities and lack of infrastructure

development etc. (Bose 1974). Evidences say that people with under employment and low income are more prone to internal migration compared to other section of the society. Presently in the state among the sectors which provide jobs to the internal migrants, construction sector ranks the top with an estimated 17.5 lakhs migrant workers. Manufacturing sector is the second most dominant sector which is attracting large number of migrants from other states and it holds 6.3 lakhs migrants. About 3 lakh migrants are estimated to be engaged in agriculture and allied sector activities, whereas rest are found to be engaged in the service sectors like hotel and restaurants services (about 1.7 lakh), wholesale and retail trade (about 1 lakhs) and other elementary services (1.6 lakh). The sector “mining and quarrying”, “education”, “health and social services” etc., also provide employment to a few (Jajati Keshari Parida, 2021**)**.

1) To evaluate whether the contribution of the corporate sector of the country towards CSR initiatives is in confirmation with the expectation of the government.
2) To analyse whether the contribution from the corporate sector towards CSR initiatives is sufficient to attain SDGs.
3) To identify the most achieved Sustainable Development Goal among the corporate sector.

## METHODOLOGY AND SOURCE OF DATA

Secondary Data compiled from the National CSR Portal is analysed to find out whether the contribution of the corporate sector of the country towards CSR initiatives is in confirmation with the expectation of the government and to identify the most achieved SDG among the corporate sector. Secondary Data from the Sustainable Development Report, which shows SDG Index for all UN member states are analysed to find out the position of India on a global basis, suggesting whether the contribution made by corporate sector to SDGs through CSR is sufficient or not.

## RESULTS AND DISCUSSION

The following table and figure show the contribution made by the corporate sector of the country towards CSR initiatives for the financial years 2018-19, 2019-20 and 2020-21.

**Table II**

*Amount Spent as CSR Expenditure by the Corporate Sector in India*

| Financial Year | No. of Companies | Amount (In Crore) | Top 3 States | Top 3 Companies |
|---|---|---|---|---|
| 2018-19 | 25094<br>1. 0 Spending-13948 (55.6%)<br>2. < Mandatory Amount-4113 (16.4%)<br>3. Exact-736 (2.9%)<br>4. >Mandatory Amount-6297 (25.1%) | 20150 | 1.Maharashtra<br>2.Karnataka<br>3.Gujarat | 1. RIL<br>2. ONGC<br>3.IOCL |
| 2019-20 | 22660<br>1. 0 Spending-10238 (45.2%)<br>2. < Mandatory Amount-4687 (20.7%)<br>3. Exact-799 (3.5%)<br>4. >Mandatory Amount-6936 (30.6%) | 24861 | 1.Maharashtra<br>2.Karnataka<br>3.Tamil Nadu | 1.RIL<br>2.TCS Ltd<br>3.ONGC |
| 2020-21 | 8632<br>1. 0 Spending-1149 (13.3%)<br>2. < Mandatory Amount-1702 (19.7%)<br>3. Exact-839 (9.7%)<br>4. >Mandatory Amount-4942 (57.3 %) | 20359 | 1.Maharashtra<br>2.Gujarat<br>3.Karnataka | 1.RIL<br>2.TCS Ltd<br>3.Tata Sons |

Source: National CSR Portal

**Figure I**

*Amount Spent as CSR Expenditure by the Corporate Sector in India*




Government was expecting about Rs 20,000 Crore a year from the corporate sector of the country in the form of CSR expenditure. The above table and figure show that for all the financial years under consideration 2018-19 (Rs 20150), 2019-20 (Rs 24861) and 2020-21 (Rs 20359), the corporate sector of the country have met the expectation of the government. However, in the year 2018-19, only 28.05 per cent of the companies that had met the criteria for mandatory CSR spending had actually spent an amount which is at least equal to or more than the obligatory amount. Coming to the year 2019-20, of the total number of companies that had met the criteria for mandatory CSR spending, 34.1 per cent had spent an amount which is equal to or more than the obligatory amount. Covid had affected the earning capacity of companies in the year 2020-21, considerably reducing the total number of companies falling within the umbrella of mandatory CSR spending (8632). However, of the companies that had met the criteria, 67 per cent had spent an amount which is equal to or more than the obligatory amount. Every year the maximum amount in the form of CSR expenditure was spent in

Maharashtra and the leading contributor of the country was Reliance Industries Limited.

The following table shows the position (rank) of India based on SDG index score on a global basis from the year 2018 to 2021 as given in Sustainable Development Reports.

**Table III**

*India and SDG Index*

| Year | Rank | Index score |
|---|---|---|
| 2018 | 112/156 | 59.10 |
| 2019 | 115/162 | 61.10 |
| 2020 | 117/166 | 61.90 |
| 2021 | 120/165 | 60.10 |

Sources: SDG Index and Dashboards Report 2018, Sustainable Development Report 2019, The Sustainable Development Goals and COVID-19. Sustainable Development Report 2020 & The Decade of Action for the Sustainable Development Goals: Sustainable Development Report 2021

The table shows that the position of India in the Sustainable Development Report was 120 in the year 2018, which had slipped to 115 in the year 2019, slipped another two points to 117 in 2020 and further three points to 120 in the year 2021 (though there is improvement in the index score in 2018, 2019 and 2020). It is evident that India lag way behind in the attainment of Sustainable Development Goals. For all the financial years under study, the CSR expenditure of the corporate sector of the country had overridden the expectation of the government. However, the declining rank of the country in the Sustainable Development Report shows that, neither the expectation of the government nor the contribution of the corporate sector is sufficient to meet the Sustainable Development Goals.

## Table IV

*Amount Spent by the Corporate Sector in India for Different Categories of CSR Initiatives*

| Initiatives | Amount (In Crores) | | | | | | | |
|---|---|---|---|---|---|---|---|---|
| | Year & Rank | | | | | | Total | Rank |
| | 2018-19 | Rank | 2019-20 | Rank | 2020-21 | Rank | | |
| 1. Health, Eradicating Hunger, Poverty etc. + Swachh Bharat Kosh | 5623.26 | 2 | 6861.8 | 2 | 7067.8 | 1 | 19552.86 | 2 |
| 2. Education, Differently Abled etc. | 7982.71 | 1 | 9593.11 | 1 | 6463.51 | 2 | 24039.33 | 1 |
| 3. Gender Equality, Women Empowerment etc. | 570.86 | 6 | 693.15 | 8 | 322.78 | 8 | 1586.79 | 7 |
| 4. Environment, Animal Welfare etc.+ Clean Ganga Fund | 1708.51 | 4 | 1799.83 | 4 | 1043.24 | 6 | 4551.58 | 4 |
| 5. Heritage, Art & Culture | 225.08 | 9 | 932.74 | 5 | 396.97 | 7 | 1554.79 | 8 |
| 6. Other Sectors (Technology | 122.27 | 10 | 115.4 | 11 | 116.74 | 11 | 354.41 | 11 |

| Initiatives | Amount (In Crores) | | | | | | | |
|---|---|---|---|---|---|---|---|---|
| | Year & Rank | | | | | | Total | Rank |
| | 2018-19 | Rank | 2019-20 | Rank | 2020-21 | Rank | | |
| Incubators & Benefits to Armed Forces & Adm. Overheads | | | | | | | | |
| 7. Encouraging Sports | 308.87 | 8 | 301.92 | 10 | 212.27 | 10 | 823.06 | 10 |
| 8. Prime Ministers National Relief Fund | 320.46 | 7 | 796.98 | 7 | 1452.94 | 4 | 2570.38 | 6 |
| 9. Rural Development | 2418.09 | 3 | 2289.02 | 3 | 1671.45 | 3 | 6378.56 | 3 |
| 10. Slum Area Development | 51.06 | 12 | 42.91 | 12 | 16.63 | 12 | 110.6 | 12 |
| 11. Any Other Fund | 730.96 | 5 | 930.44 | 6 | 1327.85 | 5 | 2989.25 | 5 |
| 12. Others | 87.61 | 11 | 503.4 | 9 | 267.29 | 9 | 858.3 | 9 |
| **Total** | **20149.74** | | **24860.7** | | **20359.47** | | **65369.91** | |

Source: National CSR Portal

In the financial year 2018-19, initiative that had received maximum contribution from the corporate sector through CSR spending is ‘Education, Differently Abled, Livelihood etc’ which is interlinked with SDG 4 ‘Quality Education’ and some targets of SDG 8 ‘Decent Work and Economic Growth’, followed by initiative for ‘Health, Eradicating Hunger, Poverty and Malnutrition, Safe Drinking Water, Sanitation including contribution to Swachh Bharat Kosh etc.’ which is interlinked with SDG 1 ‘No Poverty’, SDG 2 ‘Zero Hunger’, SDG 3 ‘Good Health and Well-being’ and SDG 6 ‘Clean Water and Sanitation’ and also some targets of SDG 12 ‘Responsible Consumption and Production’. The initiative that received least contribution from the corporate sector through CSR spending is ‘Slum Area Development’ which is interlinked with SDG 11 ‘Sustainable Cities and Communities’ and some targets of SDG 1, SDG 2, SDG 3, SDG 4, SDG 6 and SDG 7 ‘Affordable and Clean Energy’. A similar trend can be observed in the financial year 2019-20.

Coming to the financial year 2020-21, the initiative that had received maximum contribution is initiative for ‘Health, Eradicating Hunger, Poverty and Malnutrition etc.’ (Interlinked with SDG 1, SDG 2, SDG 3 and SDG 6 and some targets of SDG 12) followed by initiative for ‘Education, Differently Abled, Livelihood etc.’ (Interlinked with SDG 4 and some targets of SDG 8). The initiative that received least contribution from the corporate sector through CSR spending during that year also is ‘Slum Area Development’ which is interlinked with SDG 11 and some targets of SDG 1, SDG 2, SDG 3, SDG 4, SDG 6 and SDG 7. Three-year total analysis result is similar to the trend shown in 2018-19 and 2019-20. Therefore, the most

achieved Sustainable Development Goals among the corporate sector of the country are SDG 1, SDG 2, SDG 3, SDG 4 and SDG 6.

## CONCLUSION

The study shows that for all the financial years under consideration, the corporate sector of the country has met the fund flow expectation of the Indian government while they framed CSR legislation. But the declining rank of the country in the Sustainable Development Reports shows that the contribution of the corporate sector is insufficient to meet the Sustainable Development Goals. Analysis shows that though some companies are spending more than the minimum mandated amount on CSR initiatives, many companies that should mandatorily spend on CSR initiatives are either not spending or they are spending less than the prescribed amount. Government must take necessary steps to bring those companies to the necessary CSR spend. The most achieved Sustainable Development Goals among the corporate sector of the country are SDG 1 'No Poverty', SDG 2 'Zero Hunger', SDG 3 'Good Health and Well-being', SDG 4 'Quality Education' and SDG 6 'Clean Water and Sanitation'. Corporates can give more attention to CSR initiative that contributes to SDG 5 Gender Equality and SDG 11 'Sustainable Cities and Communities'. It is also important to note that the government should frame more programmes to achieve SDGs and accelerate Sustainable Development. Also, there are certain SDGs where the direct and active intervention of government is inevitable such as SDG 17.

There is a paradigm shift in the world order because of climate change, pandemics, and changing geo-political equations.

Sustainable Development is an engine that results in fair progress. Sustainable Development Goals enable world 'to achieve a better and more sustainable future for all'. When corporates focus on sustainable development through CSR, they are building an innovative business model, resulting in synergy for corporates in the forms of competitive advantage, better management of relationship with stakeholders and corporate sustainability. SDGs offer business organisations a fulcrum to place their CSR initiatives. Efficient leadership and stakeholder support can enhance business organisations' CSR engagement. Government of India can continue the restructuring of Schedule VII of the Companies Act 2013, bringing out a more viable CSR model for the corporate sector, enabling them to constructively contribute to Sustainable Development through SDGs. Proper mediation by the government through the framing and execution of necessary policies and intercession by the corporate sector through CSR initiatives is imperative to accelerate the pace of the country in its journey towards United Nation's 2030 Agenda for Sustainable Development.

## References

Pachar, S & Singh, R 2021, 'Role of sustainable development goals and corporate social responsibility in India's growth: opportunities and challenges', *Empirical Economics Letters,* vol.20, no. 2, viewed 26 May 2022,

<https://www.researchgate.net/publication/353444027_Role_of_Sustainable_Development_Goals_and_Corporate_Social_Responsibility_in_India's_Growth_Opportunities_and_Challenges>

Sharma, J P 2018, CORPORATE GOVERNANCE, Business Ethics and CSR, Ane Books Pvt. Ltd.

Bhagwat, P 2011, 'Corporate social responsibility and sustainable development', paper presented at the conference on Inclusive &

Sustainable Growth: Role of Industries, Governments & Society, Institute of Management and Technology, Nagpur, 15-16 July.

The Times of India 2020, 'India needs USD 2.64 tln investment to meet SDGs by 2030: Report', *The Times of India*, 21 January, viewed 28 May 2022, <https://timesofindia. indiatimes.com/india-needs-usd-2-64-tln-investment-to-meet-sdgs-by-2030-report/articleshow/73492558.cms >

Sachs, J, Schmidt-Traub, G, Kroll, C, Lafortune, G, & Fuller, G. 2018. SDG Index and Dashboards Report 2018. New York: Bertelsmann Stiftung and Sustainable Development Solutions Network (SDSN), viewed 4 June 2022,

<https://www.sdgindex.org/reports/sdg-index-and-dashboards-2018/>

Sachs, J, Schmidt-Traub, G, Kroll, C, Lafortune, G, & Fuller, G. 2019. Sustainable Development Report 2019. New York: Bertelsmann Stiftung and Sustainable Development Solutions Network (SDSN), viewed 4 June 2022,

<https://www.sdgindex.org/reports/sustainable-development-report-2019/>

Sachs, J, Schmidt-Traub, G, Kroll, C, Lafortune, G, Fuller, G & Woelm, F. 2020. The Sustainable Development Goals and COVID-19. Sustainable Development Report 2020. Cambridge: Cambridge University Press, viewed 4 June 2022,

<https://www.sdgindex.org/reports/sustainable-development-report-2020/>

Sachs, J, Kroll, C, Lafortune, G, Fuller, G, & Woelm, F. 2021. The Decade of Action for the Sustainable Development Goals: Sustainable Development Report 2021. Cambridge: Cambridge University Press, viewed 4 June 2022,

<https://www.sdgindex.org/reports/sustainable-development-report-2021/>

National CSR Portal, viewed on 1 June 2022, < https://www.csr.gov.in/content/csr/global/ master/home/home.html>

United Nations, *Sustainable Development Goals*, viewed on 6 June 2022

<https://sustainabledevelopment.un.org/topics/sustainabledevelopmentgoals >

# അച്ചടിമലയാളം: ബ്ലോക്ക് പ്രിന്റിംഗിൽ നിന്ന് ഡിജിറ്റലിലേയ്ക്ക്

**ഡോ. റീജ രവീന്ദ്രൻ**


**പ്രബന്ധസംഗ്രഹം**

ആധുനിക വിജ്ഞാനാധിഷ്ഠിതസമ്പദ് വ്യവസ്ഥയ്ക്കും വിജ്ഞാനവികസനത്തിനും വ്യാപനത്തിനും അടിസ്ഥാനമായത് അച്ചടിയാണെന്നതിൽ തർക്കമില്ല. കടലാസ് നിർമ്മാണംപോലെ അച്ചടിയുടെയും തുടക്കം ചൈനയിൽത്തന്നെ. ചിത്രങ്ങളായി വിവിധ മാദ്ധ്യമങ്ങളിൽ പതിപ്പിച്ചു തുടങ്ങിയ ആലേഖനവിദ്യയുടെ വളർച്ച അച്ചടിയന്ത്രത്തിലൂടെ ത്വരിതവേഗത്തിൽ സംഭവിച്ചു. മുദ്രിത പാഠങ്ങൾ നിർമ്മിക്കുന്ന സാങ്കേതികവിദ്യ യൂറോപ്പിലാകെ വ്യാപിക്കുകയും മതപരിവർത്തനം ലക്ഷ്യമാക്കി ഇന്ത്യയിലെത്തിയ പോർച്ചുഗീസുകൾ ഇവിടെ അത് പ്രചരിപ്പിക്കുകയും ചെയ്തു. കേരളത്തിൽ ചതുരവടിവിലുള്ള മലയാളലിപികളിൽ മുദ്രിതമായ ഗ്രന്ഥങ്ങളിലൂടെയുള്ള തുടക്കം ലിപി പരിഷ്കരണത്തിലൂടെ ദൃശ്യശ്രാവ്യഡിജിറ്റൽ രൂപത്തിലേക്ക് മുന്നേറി. അങ്ങനെ 'ആലേഖനകല' എന്ന സങ്കുചിതാർത്ഥത്തിൽ നിന്ന് മുദ്രണത്തിന്റെ മൾട്ടിമീഡിയതലങ്ങളിലേക്കുള്ള അച്ചടിയുടെ വളർച്ചയെ പരിശോധിക്കുന്നു.


**താക്കോൽവാക്കുകൾ:** ആലേഖനകല – ലേഖനവിദ്യ – മുദ്രണപാരമ്പര്യം – ഹോർത്തൂസ് മലബാറിക്കസ് – ജംഗമ അച്ചുകൾ - കുമ്പേനി – സി.എം.എസ്. പ്രസ്സ് – ഭാഷാപ്രക്രിയ - മലയാളലിപിയുടെ ഏകീകൃതരൂപം – ഭാഷയുടെ ഡിജിറ്റൽ രൂപം – ഒ.സി.ആർ.

"പുസ്തകങ്ങളിൽ സഞ്ചിതമത്രേ
മർത്ത്യവിജ്ഞാന സാരസർവ്വസ്വം"

(എൻ.വി. കൃഷ്ണവാര്യർ 'പുസ്തകങ്ങൾ')

മർത്ത്യവിജ്ഞാനത്തിന്റെ പകർപ്പുകളായ പുസ്തകങ്ങൾ അച്ചടിയിലൂടെ മനുഷ്യരാശിക്കു കൈവന്ന നേട്ടമാണ്.

ആധുനിക വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയ്ക്കും പഠനത്തിന്റെ വ്യാപനത്തിനും അടിസ്ഥാനം അച്ചടി എന്ന സാങ്കേതികവിദ്യ തന്നെ.

നവോത്ഥാനത്തിന്റെയും ശാസ്ത്രവിപ്ലവത്തിന്റെയും വികസനത്തിൽ അച്ചടി സാങ്കേതികവിദ്യ വഹിച്ച പങ്ക് ശ്രദ്ധേയമാണെന്ന മാത്രമല്ല വിജ്ഞാന വിതരണത്തിലും സ്വീകരണത്തിലും വിസ്ഫോടനം സൃഷ്ടിക്കാനും അച്ചടിക്കായി. വർണങ്ങൾ, ചിഹ്നങ്ങൾ, വരകൾ, ചിത്രങ്ങൾ, ലിപികൾ എന്നിവ ആലേഖനം ചെയ്യാൻ പലതരം അച്ചുകളിലേയ്ക്ക് പകർത്തുകയും അവയിൽ നിന്ന് കടലാസിലോ തുണിയിലോ മറ്റു പദാർത്ഥ ങ്ങളിലോ കൈകൊണ്ടോ യന്ത്രസഹായത്താലോ പതിപ്പുകൾ നിർമ്മിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് അച്ചടി. 'ആലേഖന കലകൾ' എല്ലാം തന്നെ അച്ചടിയുടെ പരിധിയിൽപെടും. അച്ചടിക്കുപയോഗിക്കുന്ന മാദ്ധ്യമത്തിന്റെ സ്വഭാവമനുസരിച്ച് മുദ്രണസമ്പ്രദായങ്ങൾക്കും മാറ്റം വരും. അച്ചടിയുടെ പരമ്പരാഗതരീതിയായ ലറ്റർ പ്രസിൽ നിന്ന് മുദ്രണചരിത്രം ബഹുദൂരം മുന്നോട്ടുപോയിക്കഴിഞ്ഞിരിക്കുന്നു.

**ലേഖനവിദ്യയും മുദ്രണപാരമ്പര്യവും**

കടലാസ് നിർമ്മാണംപോലെ അച്ചടിയുടെയും ഈറ്റില്ലം ചൈന തന്നെ. ചിത്രലിപികളും അക്ഷരമാലയും പല പരിവർത്തനങ്ങൾക്കും വിധേയമായി ശിലാ ലിഖിതങ്ങളായും പാപ്പിറസ് - തുകൽ ചുരുളുകളായും താളിയോല ഗ്രന്ഥങ്ങളായും മാറിയപ്പോൾ തന്നെ അച്ചടിയുടെയും ചരിത്രം തുടങ്ങുകയായി. എ.ഡി 220ന മുമ്പ് ചൈനയിൽ തുണിയിലെ പ്രിന്റിംഗ് ആയിരുന്ന ഏറ്റവും പ്രാചീനമായ അച്ചടിരീതി. ഹാൻ രാജവംശത്തിനായി പട്ടുവസ്ത്രങ്ങളിൽ മൂന്ന നിറങ്ങളിലുള്ള പൂക്കൾകൊണ്ട് അച്ചടിച്ച വുഡ്ബ്ലോക്ക് രീതിയിൽനിന്ന് 15-ാം നൂറ്റാണ്ടിൽ ജൊഹനാസ് ഗുട്ടൻബർഗ് കണ്ടുപിടിച്ച അച്ചടിയന്ത്രത്തിലേയ്ക്കുള്ള സാങ്കേതികവിദ്യയുടെ വളർച്ച ത്വരിതഗതിയിലായിരുന്നു.

അച്ചടിവിദ്യയുടെ കണ്ടുപിടിത്തം വളരെ യാദൃച്ഛികമത്രേ. ഡച്ചിലെ ഹാർലം നഗരത്തിലെ ക്രിസ്ത്യൻപള്ളിയിൽ വാർഡനായിരുന്ന ലോറൻസ് കാസ്റ്റൻ കുട്ടികളെ കളിപ്പിക്കുവാനായി മരത്തൊലിയിൽ കൊത്തിയെടുത്ത

അക്ഷരങ്ങൾ കടലാസിൽ പൊതിഞ്ഞുവെച്ചിരുന്നു. പിന്നീട് നോക്കിയ പ്പോൾ അക്ഷരങ്ങൾ കടലാസിൽ പതിഞ്ഞിരിക്കുന്നതായി കണ്ടു. ഇതാണ് അച്ചടിവിദ്യയുടെ പ്രാരംഭ മായി എം.ജയരാജ് ചൂണ്ടിക്കാട്ടുന്നത്.[1]

ഒൻപതാം നൂറ്റാണ്ടോടുകൂടിയാണ് കടലാസിൽ അച്ചടി ആരംഭിക്കു ന്നത്. സമ്പൂർണ്ണമായി അച്ചടിച്ച ആദ്യഗ്രന്ഥം 868-ലെ ഡയമണ്ട് സൂത്ര (ഹിരാകാസൂത്ര) എന്ന ബൗദ്ധസ്മാരക ഗ്രന്ഥമാണ്. "വാങ്മിക് തന്റെ മാതാപിതാക്കളുടെ സ്മരണയോടുള്ള ബഹുമാനാദരങ്ങൾ നിലനിർത്തുന്നതി നുവേണ്ടി സൗജന്യ വിതരണത്തിന് 868 മെയ് 11-ആം തീയതി അച്ചടിച്ചത് എന്ന് പുസ്തകത്തിന്റെ ഒന്നാം പേജിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പുസ്തകം എ.ഡി. 1907 ൽ ചൈനയിലെ ക്യാൻസു പ്രവിശ്യയിലുള്ള ആയിരം ബുദ്ധന്മാരുടെ ഗുഹയിൽ നിന്ന് അവറൽ സ്കയിൻ കണ്ടെത്തുകയുണ്ടായി."[2]

ചൈനയിൽ മരപ്പലകകളിൽ അക്ഷരങ്ങൾ കൊത്തി മഷിപുരട്ടി ആലേഖനം ചെയ്ത അച്ചുകളിൽനിന്ന് മാറ്റിവെക്കാവുന്ന ടൈപ്പുകൾ, ഇരുമ്പു ചട്ടക്കൂടുകളോടു കൂടിയ കളിമൺടൈപ്പുകൾ, തടികൊണ്ടുള്ള ടൈപ്പുകൾ, വെങ്കല ടൈപ്പുകൾ എന്നിവ സ്വീകരിച്ചുകൊണ്ട് മുദ്രണവിദ്യ വികസിത മായി. അച്ചുകൾ വാർക്കുന്ന സമ്പ്രദായം കൊറിയ, ജപ്പാൻ, ചൈന എന്നി വിടങ്ങളിലേക്കും വ്യാപിച്ചു.

**അച്ചടിയന്ത്രം ഇന്ത്യയിലേക്ക്**

മുദ്രിത പാഠങ്ങൾ നിർമ്മിക്കുന്ന സാങ്കേതികവിദ്യ ചൈനയിൽ നിന്നല്ല മറിച്ച് യൂറോപ്പിൽ നിന്നാണ് ഇന്ത്യയിലേക്ക് കടന്നുവന്നത്. ക്രിസ്തുമത പ്രചരണാർത്ഥം, അബിസീനിയയിലെ ജസ്യൂട്ട് സന്യാസികൾക്ക് പോർച്ചുഗീസ് രാജാവ് ഒരു അച്ചടി യന്ത്രം സമ്മാനിച്ചിരുന്നു. തുടർന്ന് ഗോവയിൽ ആ സന്യാസി സംഘത്തോടൊപ്പം അച്ചടിയന്ത്രവും എത്തി ച്ചേർന്നു. കുറച്ചുനാളുകൾക്കുശേഷം തിരിച്ച് അബിസീനിയയിലേക്ക് പോകാനൊരുങ്ങിയ സന്യാസിമാർക്ക് പോർച്ചുഗീസ് ഗവർണർ അച്ചടി യന്ത്രം വിട്ടുനൽകിയില്ല. അങ്ങനെ 1556-ൽ ആണ് ഇന്ത്യയ്ക്ക് അച്ചടിയന്ത്രം

ലഭിച്ചത്. ഗോവയിൽനിന്ന് പോർച്ചുഗീസ് ഭഷയിലെഴുതിയ ഡോക്ട്രീന ക്രിസ്റ്റീന എന്ന വേദപുസ്തകം ആദ്യമായി ഇതിൽ അച്ചടിച്ചു. "രണ്ടു പതിറ്റാണ്ടുകൾക്കുശേഷം കേരളത്തിൽ കൊല്ലത്ത് ഫാദർ ഫാരിയാസ് 'ദിവ്യരക്ഷകന്റെ കലാലയത്തിൽ' എന്ന പേരിൽ ഒരു പ്രസ് സ്ഥാപിച്ചു. 1578-ൽ ഒക്ടോബർ 27-ന് ഇന്ത്യൻ ഭാഷയിൽ അച്ചടിച്ച ആദ്യപുസ്തകം പ്രസിദ്ധീകരിച്ചു. ഡോക്ട്രീന ക്രിസ്റ്റീനയുടെ തമിഴ് പരിഭാഷ ആ പേരിൽത്തന്നെയാണ് പ്രസിദ്ധീകരിച്ചത്. ഇതിനുവേണ്ട അച്ചുകളിൽ എട്ടുവരികൾ 1577-ൽ ഗോവയിലും ബാക്കി 1578-ൽ കൊല്ലത്തുവച്ചും നിർമ്മിച്ചു എന്ന് പുസ്തകത്തിൽതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. തമിഴിലും പോർച്ചുഗീസിലുമായി വന്ന പരിഭാഷകൾ ഫാദർ ഹെൻട്രിക്കയും ഫാദർ മാനുവൽ സാൻപാദ്രോയുമാണ് നിർവ്വഹിച്ചത്."[3]

റൈൻവാലിയിലെ വൈൻപ്രസിന്റെ പ്രവർത്തനത്തിൽനിന്ന് ചലിക്കുന്ന അച്ചടിയന്ത്രത്തിന്റെ ആശയം ലഭിച്ച ജർമൻകാരനായ ജോഹാനെസ് ഗുട്ടൻബർഗ് കണ്ടുപിടിച്ച അച്ചടിയന്ത്രം 1462-ൽ ജർമനിയിൽ പ്രവർത്തനക്ഷമമായി. ഇളക്കിമാറ്റാവുന്നതരത്തിലുള്ള ഒറ്റ അച്ചുകൾ നിർമ്മിച്ചുകൊണ്ട് 1450-ൽ അച്ചടി ആരംഭിച്ച ജോഹനാസ് ഗുട്ടൻബർഗിന്റേതായി ഒരു കലണ്ടറും 1282 പേജുകളുള്ള ഒരു ബൈബിളും കണ്ടുകിട്ടിയിട്ടുണ്ട്. പശുക്കുട്ടികളുടെ തോലിൻമേലാണ് ബൈബിൾ മുദ്രണത്തിന്റെ ആദ്യ പാഠങ്ങൾ തുടങ്ങിവച്ചത് എന്ന് കരുതപ്പെടുന്നു. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തോടെ യൂറോപ്പിലെ പ്രമുഖനഗരങ്ങളിൽ അച്ചുകൂടങ്ങൾ സ്ഥാപിതമായി. തുടർവർഷങ്ങളിൽ ഇറ്റലി, സ്വിറ്റ്സർലാന്റ്, ഫ്രാൻസ്, നെതർ ലാൻഡ്, സ്വീഡൻ, ഇംഗ്ലണ്ട് എന്നിവിടങ്ങളിൽ അച്ചടി വ്യാപിച്ചു.

**അച്ചടി ഇന്ത്യയിൽ**

മതപരിവർത്തനം ലക്ഷ്യമാക്കി ഇന്ത്യയിലെത്തിയ പോർച്ചുഗീസുകാരാണ് 16-ആം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അച്ചടി ഇന്ത്യയിൽ പ്രചരിപ്പിച്ചത്. കൊച്ചിക്കടുത്ത് അമ്പഴക്കാട് എന്ന സ്ഥലത്തുനിന്ന് ആദ്യ

മായി അച്ചടിച്ച ഗ്രന്ഥം തമിഴ് ബൈബിൾ ആയിരുന്നത്രേ. അച്ചടിക്കാവശ്യമായ മരഅച്ചുകൾ നിർമ്മിച്ചത് ജോൺഗോൺസാൽവസ് എന്ന പാതിരിയും. ഇതേ കാലഘട്ടത്തിൽതന്നെ 1778-ൽ ബംഗാളിലെ ഒരു പ്രസിൽ ഒരു വ്യാകരണഗ്രന്ഥം അച്ചടിക്കുകയുണ്ടായി. ഇതിനു വേണ്ട അച്ചുകൾ നിർമ്മിച്ചത് ചാൾസ് വിൽക്കിൻസ് ആണ്. 1811-ൽ മുംബൈയിലെ 'കൊറിയർ പ്രസി'ൽ സുവിശേഷങ്ങൾ മലയാളത്തിൽ മുദ്രണം ചെയ്തുകൊണ്ട് മലയാളം അച്ചടിയുടെ ചരിത്രം ആരംഭിച്ചു.

**അച്ചടി കേരളത്തിൽ**

പതിനാറ്-പതിനേഴ് നൂറ്റാണ്ടുകളിൽ കേരളത്തിലെ കൊല്ലം, കൊച്ചി, വൈപ്പിൻകോട്ട, അമ്പഴക്കാട് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചിരുന്ന പ്രിന്റിംഗ് പ്രസുകളിലെ ആദ്യമുദ്രണം മലയാളത്തിലായിരുന്നില്ല, തമിഴിലായിരുന്നു.[4] മലയാളത്തിൽ ആദ്യമായി അച്ചടിക്കപ്പെട്ട ഗ്രന്ഥങ്ങളിൽ ആദ്യത്തേത് ഹോർത്തൂസ് മലബാറിക്കസ് ആണ്. കേരളത്തിലെ പലതരം സസ്യങ്ങളെക്കുറിച്ചുള്ള വിശദ പഠനമാണ് ഈ കൃതി. കൊച്ചിക്കോട്ടയിൽ ഗവർണർ ആയിരുന്ന ഡച്ചുകാരൻ ഹെൻഡ്രിക് ഏഡ്രിയൻ വാൻറീഡിന്റെ നേതൃത്വത്തിൽ രചിച്ച് 1678 മുതൽ 1703 വരെ പ്രസിദ്ധീകരിച്ച 12 വാല്യങ്ങളോടുകൂടിയ ഈ ബൃഹത്ഗ്രന്ഥത്തിലാണ് ആദ്യമായി മലയാള ലിപികൾ അച്ചടിക്കപ്പെടുന്നത്. ലത്തീൻ, മലയാളം, അറബി, ദേവനാഗരി എന്നീ നാലു ലിപികൾ ഈ പുസ്തകത്തിലുണ്ടെങ്കിലും ഇതിന്റെ അച്ചടി നടത്താൻ അച്ചുകൾ ഉപയോഗിച്ചിട്ടില്ല. മറിച്ച് ബ്ലോക്കുകൾ വാർത്ത് മലയാളലിപി ചിത്രമായാണ് ചേർത്തത്.

1772-ൽ റോമിലെ ഭാഷാമുദ്രണാലയത്തിൽനിന്ന് ചതുരവടിവിലുള്ള മലയാള ലിപികളിൽ ക്ലമന്റ് പാതിരി അച്ചടിച്ച ആൽഫബെത്തം ഗ്രൻഡോണിക്കോ മലബാറിക്കം എന്ന ലത്തീൻഗ്രന്ഥത്തിൽ മലയാള ഭാഷയെയും ലിപികളുടെ വ്യത്യസ്തമായ മാതൃകകളെക്കുറിച്ചുമുള്ള വിശദീകരണം കാണാം. ഓരോ മലയാളാ ക്ഷരത്തിനും പ്രത്യേകം തയ്യാറാക്കിയ

ജംഗമ അച്ചുകൾ ഉപയോഗിച്ച് മലയാളം അക്ഷരങ്ങൾ ആദ്യമായി അച്ചടിച്ച പുസ്തകത്തിന്റെ മുഴുവൻ പേര് 'ആൽഫബെത്തം ഗ്രാൻഡോണിക്കോ മലബാറിക്കം സൈവ് സംസ്കൃതോണിക്കം' എന്നാണ്. ഈ ഗ്രന്ഥത്തിന്റെ അവതാരിക എഴുതിയ ജോൺ ക്രിസ്റ്റഫർ അമദാത്തിയസ് ഗ്രന്ഥമലയാളം അഥവാ സംസ്കൃതം അക്ഷരമാല മലബാർപ്രദേശത്ത് ഉപയോഗിച്ചുവരുന്ന മൂന്നു ലിപിവിന്യാസരീതികളിൽ ഒന്ന് എന്ന സൂചന നൽകികാണുന്നു.[5]

റോമിലെ മുദ്രണാലയത്തിൽനിന്ന് 1772-ൽ മലയാളലിപിയിൽ അച്ചടിച്ച ആദ്യത്തെ സമ്പൂർണ്ണ മലയാളഗ്രന്ഥം 'സംക്ഷേപവേദാർത്ഥം' ആണ്. 'കുമ്പേന്തി' എന്ന പേരുകൂടിയുള്ള ഈ കൃതിയുടെ പൂർണനാമം 'Compendiosa Legis Explicatio Omnibus Christains Scitu Necesaria' എന്നാണ്. കേരളത്തിൽ സുവിശേഷപ്രചരണാർത്ഥം താമസിച്ചിരുന്ന ക്ലമന്റ് പിയാനിയസ് എന്ന വൈദികൻ രചിച്ച ഈ കൃതി ചോദ്യോത്തര രൂപത്തിൽ ഗുരുശിഷ്യസംവാദമായി 270 ലധികം പുറങ്ങളിലായി ചിട്ടപ്പെടുത്തിയിരിക്കുന്നു. സമ്പൂർണമായി മലയാളലിപികളിൽ മുദ്രിതമായ ആദ്യഗ്രന്ഥം 'സംക്ഷേപവേദാർത്ഥം' തന്നെ.

ഇംഗ്ലീഷുകാരനായ ക്രിസ്തുമതപ്രചാരകൻ ബെഞ്ചമിൻ ബെയ്‌ലി കോട്ടയത്ത് സി.എം.എസ്. പ്രസ് സ്ഥാപിച്ചതോടെ കേരളത്തിലെ മലയാളം അച്ചടിയുടെ തുടക്കമായി. കേരളത്തിൽ അന്ന് മലയാളം അച്ചടിശാലകളില്ലാത്തതു കൊണ്ട് കേണൽ മൺറോയുടെ സഹായത്താൽ ഇംഗ്ലണ്ടിൽനിന്ന് പ്രസ്സും മദ്രാസിൽനിന്ന് അച്ചുകളും വരുത്തി, 1821-ൽ അച്ചടി ആരംഭിച്ചു. ചില ലഘുലേഖകളും ബൈബിളിലെ മത്തായിയുടെ സുവിശേഷവും അച്ചടിച്ച് 1824-ൽ 'ചെറു പൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽനിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ' അച്ചടിച്ചു. സ്വന്തം ആവശ്യങ്ങൾക്കുതകുംവിധം അച്ചടിയന്ത്രവും മലയാള അച്ചുകളും രൂപകല്പന ചെയ്തുകൊണ്ട് അച്ചടി എന്ന സാങ്കേതികവിദ്യയെ നവീകരിക്കാൻ ബെയിലി ശ്രമിച്ചു. അസാധാരണ വലുപ്പവും ചതുരവടിവും ചേർന്ന് വികൃതമായിരുന്ന മലയാളം അച്ചുകളെ ഉരുണ്ട മനോഹരമാതൃകകളാക്കി മാറ്റാൻ

ബെയിലിക്കായി. അച്ചടിയും പ്രസാധനവും വ്യാവസായികാടിസ്ഥാനത്തിൽ രൂപപ്പെട്ടതിന്റെ തുടക്കം ബെയിലിയിൽ നിന്നാണെന്ന് കരുതേണ്ടിയിരിക്കുന്നു.

1834-ൽ സ്വാതിതിരുനാൾ തിരുവനന്തപുരത്ത് തുടങ്ങിയ ഗവൺമെന്റ് പ്രസ്സും 1846-ൽ മാന്നാനത്ത് ചാവറ കുര്യാക്കോസ് അച്ചൻ തടികൊണ്ട് നിർമ്മിച്ച സെന്റ് ജോസഫ് പ്രസ്സും എടുത്തുപറയേണ്ടതാണ്. ഈ കാലഘട്ടത്തിൽതന്നെ കോഴിക്കോട് പ്രവർത്തനമാരംഭിച്ച മിനർവാ പ്രസ്സും 1853-ൽ തിരുവനന്തപുരത്ത് ഈശ്വരപിള്ള വിചാരിപ്പുകാർ സ്ഥാപിച്ച കേരളവിലാസം എന്ന അച്ചുകൂടവും പ്രാധാന്യമർഹിക്കുന്നു. പത്രങ്ങളുടെ പ്രചാരണത്തോടെ മുദ്രണകലയിൽ അത്യന്താധുനിക സാങ്കേതിക വിദ്യകളുടെ കടന്നുവരവായി.

### അച്ചടിമലയാളം - ദൃശ്യശ്രാവ്യ ഡിജിറ്റൽ രൂപത്തിലേക്ക്

അച്ചടിയുടെ പ്രഥമവും പ്രധാനവുമായ ഫലം ഭാഷയുടെ ആധുനീകരണവും മാനകീകരണവും തന്നെയാണ്. ലിപികളുടെ ചിട്ടപ്പെടുത്തലും, അച്ചുകളുടെ നിർമ്മിതികളും ഉൾപ്പെടെയുള്ള നിരവധി ഭാഷാപ്രക്രിയകളിലൂടെയാണ് ഇത് സാദ്ധ്യമായത്. ബ്രാഹ്മി, വട്ടെഴുത്ത്, ആര്യ എഴുത്ത് തുടങ്ങിയവയിലൂടെ മലയാളത്തിലെത്തിയ ലിപിപരിണാമം അച്ചടിയിലെത്തിയപ്പോൾതന്നെ പലവിധ മാറ്റങ്ങൾക്കും വിധേയമായി.

മുദ്രണത്തോടുകൂടിയാണ് ഭാഷയ്ക്കെന്നപോലെ മലയാളലിപികൾക്കും ഏകീകൃതരൂപമായത്. അതിനുമുൻപ് ലിപിവ്യവസ്ഥയുണ്ടെങ്കിലും വ്യക്തിഗതഭിന്നമായിരുന്നു എഴുത്തുകൾ. രചയിതാവിന്റെ മനോനിലയ്ക്കും കൈവഴക്കത്തിനുമനുസൃതമായി കൈയെഴുത്തിൽ വരുന്ന വൈജാത്യങ്ങൾ സ്വാഭാവികമെന്നേ പറയേണ്ടൂ. ദേശകാലഭേദങ്ങൾ അവയിൽ കണ്ടെന്നുവരാം. എന്നാൽ അച്ചടിയോടുകൂടി ഇതിനൊരു പരിഹാരമാവുകയായിരുന്നു.

"ആലേഖനവിദ്യയുടെ ഭാഗമായി സാങ്കേതികതയുടെ ചില സവിശേഷഘട്ടങ്ങളിലൂടെ മലയാളലിപികൾ കടന്നുപോയിട്ടുണ്ട്. കല്ലിലും ലോഹത്തകിടിലും താളിയോലയിലും മറ്റ് പ്രതലങ്ങളിലുമുള്ള കൈയെഴുത്തിന്റെ ആദ്യഘട്ടം, അച്ചടിയുടെ രണ്ടാംഘട്ടം, ടൈപ്പ്റൈറ്റിങ്ങിന്റെ മൂന്നാംഘട്ടം, കമ്പ്യൂട്ടറെഴുത്തിന്റെ നാലാംഘട്ടം, മൊബൈലിലെഴുത്ത് സാദ്ധ്യമായ അഞ്ചാംഘട്ടം എന്നിങ്ങനെ ഇവയെ സാമാന്യമായി വേർതിരിക്കാം.[6]

മുദ്രണവിദ്യയുടെ ഭാഗമായിട്ടാണെങ്കിലും മലയാളത്തിലെ ലിപിപരിഷ്കരണം തികച്ചും ആസൂത്രിതമായിരുന്നു. അച്ചടിക്കുവേണ്ടി ലിപികളെ സജ്ജമാക്കിയ ബെഞ്ചമിൻ ബെയിലി മുതൽ തുടങ്ങുന്ന ഈ പ്രവർത്തനം. മലയാളം അച്ചടിക്കായി ലഭിച്ച മദ്രാസ്ടൈപ്പ് ഫോണ്ടുകളിൽ സംതൃപ്തനല്ലാത്ത ബെയിലി സ്വന്തമായി അച്ചുകൾ നിർമ്മിച്ചപ്പോൾ വ്യഞ്ജനങ്ങളോടൊപ്പം ചേർത്തിരുന്ന ഇകാര, ചിഹ്നങ്ങളെ പിരിച്ചുമാറ്റുകയും ചതുരവടിവും വലുപ്പംകൂടിയതുമായ അക്ഷരങ്ങളെ ഉരുണ്ട മനോഹരരൂപികളാക്കി രൂപഭംഗിവരുത്തുകയും ചെയ്തു. മലയാളത്തിന്റെ എഴുത്തിലും അച്ചടിയിലും പിൽക്കാലത്ത് അടിസ്ഥാനമാതൃകയായി വർത്തിച്ചത് ബെയ്‌ലി ഫോണ്ടുകൾ ആണ്.

1970കളോടെ കേരളത്തിലെ സർക്കാർ സ്ഥാപനങ്ങളിൽ ടൈപ്പ്റൈറ്റർ ഉപയോഗത്തിൽ വരുന്നതോടുകൂടി ലിപികൾ വീണ്ടും പരിഷ്കരിക്കപ്പെട്ടു. ലിനോ ടൈപ്പ് അച്ചടിക്കുവേണ്ടി ഉപയോഗത്തിലിരുന്ന അഞ്ഞൂറിലധികമുണ്ടായിരുന്ന മലയാളലിപികൾ 90 ആയി കുറയുകയും അത് അച്ചടിമേഖലയിൽ വലിയ പരിവർത്തനം സൃഷ്ടിക്കുകയും ചെയ്തു. വിശാലമായ മുറികളിൽനിന്ന് അച്ചടി മേശപ്പുറത്തേക്ക് ഒതുങ്ങുകയായിരുന്നു.

ലിപിവിദ്യയിലൂടെ കാലത്തെ മറികടക്കാൻ ഭാഷയും സാഹിത്യവും ശ്രമിച്ച കാലഘട്ടത്തെ തുടർന്ന് കേവലം അച്ചടിയിൽ മാത്രം ഒതുങ്ങാതെ ഡിജിറ്റൽ രൂപത്തിലേക്ക് ശബ്ദചിത്രാലേഖനങ്ങളോടെ ഭാഷ സമർത്ഥമായി

വളരുകയായിരുന്നു. കമ്പ്യൂട്ടറിന്റെ വരവോടെ എങ്ങനെ ഡിജിറ്റൽ മേഖലയുമായി ബന്ധപ്പെട്ട് മലയാളഭാഷ കൈകാര്യം ചെയ്യാം എന്ന ചിന്ത ഫോട്ടോ ടൈപ്പ് സെറ്റിങ്ങിലേക്ക് നയിച്ചു. കീബോർഡ് ഉപയോഗിച്ച് ടൈപ്പ് ചെയ്ത ലിപിരൂപങ്ങൾ ഫോട്ടോപ്രിന്റുകൾപോലെ ബ്രോമൈഡ് കടലാസിൽ പതിപ്പിച്ച് ഓഫ്സെറ്റ് യന്ത്രമുപയോഗിച്ച് അച്ചടിച്ച പ്രാരംഭദശയിൽ 'ആസ്കി'ക്കനുസൃതമായ ഫോണ്ടുകളായിരുന്നു മലയാളഭാഷയ്ക്കായി ഉപയോഗിച്ചിരുന്നതെങ്കിൽ 'ഇസ്കി'യിലൂടെ യൂണികോഡിലെത്തി നിൽക്കുമ്പോൾ മലയാളത്തിനായി നൂറുകണക്കിന് ഫോണ്ടുകളാണ് ഡിജിറ്റൽ മേഖലയിൽ അണിനിരന്നത്. ആഗോളഭാഷയായ ഇംഗ്ലീഷ് കൈയടക്കി വച്ചിരുന്ന കമ്പ്യൂട്ടിംഗ് മേഖലയിൽ സങ്കീർണമായ ലിപിവ്യവസ്ഥകളോടു കൂടിയ മലയാളമുൾപ്പെടുന്ന പ്രാദേശികഭാഷകളുടെ കടന്നുകയറ്റം ആദ്യകാലത്ത് അച്ചടിയുമായി ബന്ധപ്പെട്ടുതന്നെയായിരുന്നുവെങ്കിലും വ്യത്യസ്ത ആവശ്യങ്ങൾക്കായി മലയാളം കമ്പ്യൂട്ടിങ്ങിന്റെ സാദ്ധ്യതകൾ ഇപ്പോൾ തിരിച്ചറിയുന്നു. വ്യക്തിഗതഭിന്നമായ കൈയെഴുത്തുകളെപ്പോലും തിരിച്ചറിയുന്ന രീതിയിൽ 'മലയാളം ഒപ്റ്റിക്കൽ ക്യാരക്ടർ റെക്കഗ്നിഷൻ' വഴി ഭാഷയെ മാനകമായ അച്ചടിമാതൃകയിലേക്ക് പരിവർത്തനം ചെയ്യിക്കാൻ കഴിയുമെന്നത് അച്ചടിയുടെ വളർച്ചയെയും പ്രോത്സാഹിപ്പിച്ചു.

"ഒ.സി.ആർ. സാങ്കേതികവിദ്യയുടെ വരവോടെ കമ്പ്യൂട്ടറിലെ മലയാള നിവേശകരീതിയുമായി ബന്ധപ്പെട്ട് ടൈപ്പിങ്ങിൽ നിലനിന്നിരുന്ന പരിമിതികൾ മറികടക്കാനായി. സാങ്കേതികപരിജ്ഞാനമോ ടൈപ്പിങ്ങോ വശമില്ലാത്തവരേയും ഒ.സി.ആർ മലയാളനിവേശകത്തിന് സഹായിക്കുന്നു. ആൻഡ്രോയിഡ് പിന്തുണയുള്ള ഫോണുകളിലും ടാബ്ലെറ്റുകളിലും ലാപ്ടോപ്പുകളിലുമൊക്കെ മലയാളം ഒ.സി.ആർ പ്രവർത്തനസജ്ജമാണ്."[7] ടച്ച്സ്ക്രീൻ പ്രതലത്തിൽ കൈകൊണ്ടെഴുതുകയേ വേണ്ടൂ. ലിപിരൂപങ്ങളായി അവ സ്ക്രീനിൽ തെളിയും. മനുഷ്യരുടെ സ്വാഭാവികഭാഷണങ്ങളെ ലിഖിതരൂപത്തിലും ലിഖിതങ്ങളെ ഭാഷണരൂപത്തിലും മാറ്റുന്ന മലയാളം സ്പീച്ച്റെക്കഗ്നിഷൻ ഉൾപ്പെടെയുള്ള ആധുനികസാങ്കേതികവിദ്യകൾ അച്ചടി

യിലും ഭാഷാകമ്പ്യൂട്ടിങ്ങിലും വളരെ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു.

'അച്ചടി' കേവലം സാങ്കേതികപദത്തിലൊതുങ്ങാതെ അതുമായി ബന്ധപ്പെട്ട സർവ്വവിധ ജ്ഞാനമണ്ഡലങ്ങളെയും സ്വീകരിച്ചുകൊണ്ട് പരിഷ്കരിച്ചുകൊണ്ട് മുദ്രണകലയായി വികസിക്കുമ്പോൾ കേരളീയ ആധുനികീകരണത്തിനുകൂടി വഴി തെളിക്കുകയായിരുന്നു. മാതൃഭാഷ മുൻനിർത്തിയുള്ള വിശകലനങ്ങൾക്കും വിചിന്തനങ്ങൾക്കുമപ്പുറം ഭാഷ ഒരു ജീവിതവ്യവസ്ഥയായി രൂപപ്പെടുന്നതിൽ മുദ്രണകല സുപ്രധാന പങ്കുവഹിച്ചു. "കേരളീയ വായനാസമൂഹത്തെ സവിശേഷമായി നിർമ്മിച്ചെടുക്കുകയും രാഷ്ട്രീയവത്കരിക്കുകയും ചെയ്തത് കേരളത്തിലെ പുസ്തകവായനാ സംസ്കാരത്തിന് അനുരൂപമായിട്ടാണ്."[8] അതിന് കാരണമായത് അച്ചടിയും.

**കുറിപ്പുകൾ**

1) എം ജയരാജ്, *മലയാള അച്ചടിമാധ്യമം; ഭൂതവും വർത്തമാനവും*, പു. 21-22.

2) എം.ജയരാജ്, *മലയാള അച്ചടി മാധ്യമം; ഭൂതവും വർത്തമാനവും*, പു. 19

3) എം. ജയരാജ്, *മലയാള അച്ചടി മാധ്യമം ; ഭൂതവും വർത്തമാനവും*, പു. 19-20.

4) ഡോ. ബാബു ചെറിയാൻ, *ബെഞ്ചമിൻ ബെയിലി*, പു.49.

5) കെ.എം.ഗോവി, *ആദിമുദ്രണം ഭാരതത്തിലും മലയാളത്തിലും*, കേരള സാഹിത്യ അക്കാദമി, പു.19-20.

6) നിസാർ അഹമ്മദ്, *ഭാഷാകമ്പ്യൂട്ടിങ്ങും ലിപി വ്യവസ്ഥയും - ചരിത്രവും വർത്തമാനവും*, അച്ചടിമലയാളത്തിന്റെ 200 വർഷങ്ങൾ, പു.885.

7) നിസാർ അഹമ്മദ്, *ഭാഷാകമ്പ്യൂട്ടിങ്ങും ലിപിവ്യവസ്ഥയും ചരിത്രവും വർത്തമാനവും വാക്കിലെ ലോകങ്ങൾ*, അച്ചടിമലയാളത്തിലെ 200 വർഷങ്ങൾ.പു. 904.

8) ഡോ.ഏ.ജി. ശ്രീകുമാർ, *പുസ്തകങ്ങൾ നിർമ്മിച്ച കേരളം*, പു.122.

**ആധാര ഗ്രന്ഥങ്ങൾ**


1) ഗോവി.കെ.എം, *ആദിമുദ്രണം ഭാരതത്തിലും മലയാളത്തിലും*, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 1999.

2) ജയരാജ് എം., *മലയാള അച്ചടിമാധ്യമം, ഭൂതവും വർത്തമാനവും*, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2013.

3) നിസാർ അഹമ്മദ്, *ഭാഷാകമ്പ്യൂട്ടിങ്ങും ലിപി വ്യവസ്ഥയും ചരിത്രവും വർത്തമാനവും*, അച്ചടി മലയാളത്തിന്റെ 200 വർഷങ്ങൾ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 2021.

4) ബാബുചെറിയാൻ (ഡോ.), *ബെഞ്ചമിൻ ബെയിലി*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2009

5) ശ്രീകുമാർ ഏ.ജി. (ഡോ.), *പുസ്തകങ്ങൾ നിർമ്മിച്ച കേരളം*, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2018.

# പാരമ്പര്യ വിജ്ഞാനവും കേരളീയ ആയുർവേദ ഗ്രന്ഥങ്ങളും.

**നിമ എം.**

**പ്രബന്ധസംഗ്രഹം**

പ്രാചീനകാലം മുതൽക്കേ വൈജ്ഞാനിക മേഖലയിൽ മറ്റേത് ലോകരാഷ്ട്രങ്ങളെയും വെല്ലുവാൻ പര്യാപ്തമായ മഹത്വമുള്ളതായിരുന്നു ഭാരതീയ സംസ്കാരം. ഈ പ്രശസ്തിയിൽ കേരളവും വലിയ സംഭാവന നൽകിയിട്ടുണ്ട്. വൈദ്യം, ജ്യോതിഷം, ഗണിതം, വാസ്തുവിദ്യ തുടങ്ങിയ മേഖലകളിൽ എല്ലാം ലോകോത്തരമായ രചനങ്ങളാൽ കേരളം സമ്പന്നമായിരുന്നു.

വൈദ്യശാസ്ത്ര സംബന്ധമായ അറിവ് വേദങ്ങളിൽ കാണാൻ കഴിയും. ഭാരതീയർ ലോകത്തിനു നൽകിയ അമൂല്യസംഭാവനയാണ് ആയുർവേദം. ചരക സുശ്രുത സംഹിതാദികൾ മുതലുള്ള ഗ്രന്ഥങ്ങളുടെ പ്രചാരത്തിനു മുന്നേ കേരളത്തിൽ തനതായ ചില ചികിത്സാരീതികൾ ഉണ്ടായിരുന്നു. ആ നാടൻചികിത്സകൾ ആയുർവേദ വികാസത്തെ സ്വാധീനിച്ചു. വൈദ്യം കുലത്തൊഴിലാക്കിയിരുന്ന അനേകം വിഭാഗങ്ങൾ ഇവിടെ ഉണ്ടായിരുന്നു. കേരളീയ നാട്ടുചികിത്സയുമായി ബന്ധപ്പെട്ട ഗൃഹവൈദ്യവും ഇവിടെ പുരോഗമിച്ചിരുന്നു. അമൂല്യമായ ഔഷധങ്ങളെക്കുറിച്ചും അവയുടെ ഉപയോഗക്രമത്തെക്കുറിച്ചും കേരളീയർക്ക് അറിവുണ്ടായിരുന്നെങ്കിലും ആദ്യകാലങ്ങളിൽ അവയൊന്നും രേഖപ്പെടുത്താനുള്ള ശ്രമങ്ങൾ ഉണ്ടായിരുന്നില്ല. പിന്നീട് സംസ്കൃതഭാഷയിൽ ഉണ്ടായിട്ടുള്ള ആയുർവേദ ഗ്രന്ഥങ്ങൾക്ക് ഭാഷ്യവും വ്യാഖ്യാനവും രചിക്കപ്പെട്ടു. കേരളീയ പണ്ഡിതൻമാരാൽ മലയാളത്തിലെ വൈദ്യസാഹിത്യം സമ്പന്നമായിത്തീർന്നു.

ആദ്യകാലങ്ങളിൽ വളരെയധികം പ്രാധാന്യം നൽകിയിരുന്ന ആയുർവേദ ചികിത്സാരീതിക്ക് പിന്നീട് പല കാരണങ്ങളാൽ പ്രാമുഖ്യം നഷ്ടപ്പെടുകയുായി. ആയുർവേദത്തിന് ഇടക്കാലത്ത് നേരിട്ട അപചയത്തിൽ നിന്ന് മോചനം സാധ്യമാക്കുന്നതിന് വൈദ്യരത്നം പി എസ് വാര്യർ നിർണായകമായ പങ്കു വഹിച്ചു. ആയുർവേദത്തെയും വൈദ്യശാസ്ത്രത്തെയും രോഗങ്ങളെയും കുറിച്ച് വിവരിക്കുന്ന പഠനഗ്രന്ഥങ്ങളും ആനുകാലികങ്ങളും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ആയുർവേദത്തിന് ഇന്ന് കാണുന്ന ലോകപ്രശസ്തി നേടിയെടുക്കുന്നതിൽ അദ്ദേഹം അമൂല്യമായ സംഭാവനകൾ നൽകിയിട്ട്.

**താക്കോൽവാക്കുകൾ :** പാരമ്പര്യവിജ്ഞാനം, ആയുർവേദം ഉല്പത്തി, കേരളീയ ആയുർവേദം, വൈദ്യസാഹിത്യം, പി എസ് വാര്യരുടെ ഗ്രന്ഥങ്ങൾ - ചികിത്സാസംഗ്രഹം, ധന്വന്തരി വൈദ്യമാസിക.

കേരള സംസ്കാരത്തിന്റെ വിവിധങ്ങളായ ആവിഷ്കാരങ്ങളിൽ ലിഖിതവും അലിഖിതവുമായ നിരവധി വിജ്ഞാനങ്ങൾ കൈമുതലായുണ്ട്. വൈദ്യം, ജ്യോതിഷം, ജ്യോതിശാസ്ത്രം എന്നീ മേഖലകളിലെല്ലാം കേരളത്തിന് അഭിമാനിക്കാവുന്നതും അസൂയാവഹവുമായ വിജ്ഞാനം പണ്ടു മുതലേ സ്വായത്തമാണ്. കേരളീയ പൈതൃകത്തിലും പാരമ്പര്യവിജ്ഞാനങ്ങളിലും ഏറെ പ്രാധാന്യം അർഹിക്കുന്നതാണ് വൈദ്യശാസ്ത്രമേഖല. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട പരമ്പരാഗതമായ അറിവുകളാൽ സമ്പന്നമാണ് ഈ ദേശത്തിന്റെ സംസ്കാരം ആചാരങ്ങൾ വിജ്ഞാനം എന്നിവ. പ്രാചീനകാലം മുതൽ മനുഷ്യരാശിക്ക് ദുഃഖനിവൃത്തി നൽകിയിരുന്ന തൊഴിലാണ് വൈദ്യവൃത്തി. മനസ്സിനും ശരീരത്തിനും ഒരുപോലെ ആശ്വാസമേകുന്ന വൈദ്യവൃത്തിക്ക് ദൈവികപരിവേഷവും അവയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ദൈവികത്വവും കല്പിക്കപ്പെട്ടിരുന്നു. ആംഗലേയരുടെ വരവിന് മുമ്പ് ഭാരതത്തിൽ നിലനിന്നിരുന്നത് തദ്ദേശീയമായി വികസിച്ചുവന്ന ആയുർവേദ സിദ്ധ യൂനാനി ചികിത്സാ സമ്പ്രദായങ്ങളായിരുന്നു. അക്കാലത്ത് വൈദ്യവിദ്യാഭ്യാസം പാരമ്പര്യത്തിൽ അധിഷ്ഠിതമായിരുന്നു.

**ആയുർവേദം**

ആയുസ്സ് സംരക്ഷണത്തിന് ആവശ്യമുള്ള ആരോഗ്യരക്ഷാ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന ഭാരതീയ വിജ്ഞാനശാഖയും ചികിത്സാ ശാസ്ത്രവും ആണ് ആയുർവേദം. ഋക്, യജുർ, സാമ, അഥർവ വേദങ്ങളിൽ എല്ലാം തന്നെ ചികിത്സയുടെയും ഔഷധങ്ങളുടെയും വിവിധ വശങ്ങൾ പരാമർശിക്കുന്നു. വൈദ്യശാസ്ത്ര സംബന്ധമായി മനുഷ്യകുലത്തിന് ലഭ്യമായിട്ടുള്ള പ്രാഥമികവിജ്ഞാനം വേദങ്ങളിൽ നിന്നാണ്. ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ വൈദ്യശാസ്ത്രജ്ഞാനം രൂപപ്പെടുന്നതിനുമുമ്പ് തന്നെ ഭാരതീയ വൈദ്യശാസ്ത്രത്തിന്റെ പ്രശസ്തി ലോകമെങ്ങും അറിയപ്പെട്ടിരുന്നു. വേദകാലത്തും ഉപനിഷത്തുകാലത്തും വൈദ്യശാസ്ത്രം പുരോഗമനോൻമുഖം ആയിരുന്നു. പുരാതനകാലം മുതൽ ഭാരതീയർ ആയുർവേദശാസ്ത്രത്തെ

പ്രോത്സാഹിപ്പിക്കുകയും ഭാരതീയവൈദ്യന്മാരുടെ ഔഷധദ്രവ്യവിജ്ഞാനം പ്രശംസ അർഹിക്കും വിധം പുരോഗമിക്കുകയും ചെയ്തിരുന്നു.

**ആയുർവേദം ഉല്പത്തി**

ആയുർവേദ ഉല്പത്തിയെക്കുറിച്ച് ധാരാളം ഐതിഹ്യങ്ങൾ നിലനിൽക്കുന്നു. ബ്രഹ്മാവ് ആണ് ആയുർവേദം സൃഷ്ടിച്ചത് എന്നാണ് സുശ്രുതമതം.[1] ആയുർവേദം എന്നുള്ളത് അഥർവവേദത്തിന്റെ ഉപാംഗമാണെന്നും പ്രജകളുടെ ഉല്പത്തിക്ക് മുമ്പ്തന്നെ ഈ വേദം സ്വയംഭൂ സൃഷ്ടിച്ചു എന്നും സാരം. വൈദ്യശാസ്ത്രം അനാദി ആയിരുന്നു എന്നും ബ്രഹ്മാവ് അത് സ്മരിച്ച് പ്രജാപതിക്ക് ഉപദേശിച്ചുകൊടുത്തതായും പ്രജാപതിയിൽ നിന്ന് ഇന്ദ്രൻ ആത്രേയ മഹർഷിമാർ എന്നീ ക്രമത്തിൽ പരമ്പരാഗതമായി അത് തുടർന്നുവന്നു എന്നാണ് വാഗ്ഭടൻ 'അഷ്ടാംഗഹൃദയ'ത്തിൽ വ്യക്തമാക്കുന്നത്".[2] ചരകസംഹിതയിൽ ഇന്ദ്രനിൽനിന്ന് വിദ്യ ലഭിക്കുന്നത് ഭരദ്വാജനാണ്. ഇങ്ങനെ കൈമാറിയ ആയുർവേദം പിന്നീട് രണ്ട് കൈവഴികളായി വളർന്നു ചികിത്സാപ്രധാനവും ശല്യചികിത്സാപ്രധാനവും. ചരകസംഹിതയും സുശ്രുതസംഹിതയും ആണ് ഈ വിഭാഗത്തിൽപ്പെട്ട രണ്ട് പ്രധാന ഗ്രന്ഥങ്ങൾ. ഭാരതീയ ശാസ്ത്രരംഗം പുരോഗതിയുടെ പരമോന്നതിയിൽ എത്തിയത് സംഹിതാകാലത്താണ് ആയുർവേദ ആചാര്യന്മാർ തത്വങ്ങളുടെയും സിദ്ധാന്തങ്ങളുടെയും അടിസ്ഥാനത്തിൽ ആയുർവേദത്തെ ശാസ്ത്രീയമായി വർഗ്ഗീകരിക്കുന്നതും ഈ കാലയളവിലാണ്. കാലഗണനയിൽ വേദകാലഘട്ടസംസ്കാരത്തെക്കാൾ പഴക്കമുള്ളതും പ്രാഗല്ഭ്യം ഉള്ളതുമായ ഒരു സംസ്കാരം ഭാരതത്തിൽ ഉണ്ടായിരുന്നുവെന്നും ആ സംസ്കാരം വൈദികസംസ്കാരത്തെ സ്വാധീനിച്ചിട്ടുണ്ടെന്നും പഠനങ്ങൾ വ്യക്തമാക്കുന്നു. നമുക്ക് ലഭ്യമായിട്ടുള്ളതിൽ വച്ച് ഏറ്റവും പ്രാചീനമായ ചികിത്സാഗ്രന്ഥം ചരക സംഹിതയാണ്, ചരകസംഹിത, സുശ്രുതസംഹിത എന്നിവയാണ് ആയുർവേദത്തിന്റെ മാർഗ്ഗദർശകങ്ങളായ ദീപസ്തംഭങ്ങൾ. ഈ രണ്ടു മഹത്ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കിയാണ് ആയുർവേദരംഗത്ത്

അനേകം ചികിത്സാവിധികളും സിദ്ധാന്തങ്ങളും പിൽക്കാലത്ത് ഉണ്ടായിട്ടു ള്ളത്.

**കേരളീയ ആയുർവേദം**

കേരളീയരുടെ നിത്യജീവിതത്തിലും ആചാരങ്ങളിലും പ്രാമുഖ്യവും സ്ഥാനവും നേടിയിട്ടുള്ള ഔഷധമൂല്യമുള്ള സസ്യജാലങ്ങളും മറ്റും അടിസ്ഥാന മാക്കി പരിശോധിക്കുമ്പോൾ സംസ്കൃതഗ്രന്ഥങ്ങളുടെ വരവിനു മുമ്പേ ഇവിടെ പരമ്പരാഗതമായ വൈദ്യസമ്പ്രദായമുണ്ടായിരുന്നു എന്ന് മനസ്സി ലാക്കാം. സംസ്കൃതസാഹിത്യത്തിന്റെ പ്രചാരത്തിന് മുമ്പ് വിരചിതമായ സംഘംകൃതികളുടെയും മറ്റും സാഹിത്യനിയമങ്ങൾ പ്രതിപാദിക്കുന്ന തൊൽക്കാപ്പിയത്തിൽ ബ്രാഹ്മണരുടെ ആറു കർമ്മങ്ങളെ വിവരിക്കുന്ന തിൽ വൈദ്യം ഉൾപ്പെടുത്തിയിട്ടില്ല. അതേസമയം വേലന്റെ ചികിത്സയെ ക്കുറിച്ചും പ്രസവചികിത്സയെക്കുറിച്ചും പരാമർശവുമുണ്ട്. എ.ഡി. അഞ്ച്, ആറ്, ഏഴ് നൂറ്റാണ്ടുകളിലായാണ് സംസ്കൃതസാഹിത്യം കേരളത്തിൽ പ്രബലമാകുന്നത്. കേരളത്തിലെ അഷ്ടവൈദ്യന്മാർ പ്രധാനമായും വാഗ്ഭട പാരമ്പര്യം പിന്തുടരുന്നവരാണ്. എ.ഡി. അഞ്ചാം നൂറ്റാണ്ടാണ് വാഗ്ഭടകൃതി കളുടെ കാലം. വാഗ്ഭടശിഷ്യർ കേരളത്തിൽ വന്നു താമസിച്ച് ശിഷ്യപരമ്പര സൃഷ്ടിച്ചതായി ഐതിഹ്യമുണ്ട്. സംസ്കൃത സാഹിത്യത്തിന്റെയും ആയുർവേദഗ്രന്ഥങ്ങളുടെയും വരവോടുകൂടി കേരളത്തിലെ പഴയ വൈദ്യം പുതിയവൈദ്യവുമായി ചേരുകയും കേരളീയ ആയുർവേദത്തിന് സ്വന്ത മായൊരു രൂപം കൈവരുകയും ചെയ്തു. ജ്യോതിഷം, മീമാംസ, വേദാന്തം, വൈദ്യം എന്നിവയിലെല്ലാം മികച്ച വൈജ്ഞാനികപാരമ്പര്യം കേരളം നിലനിർത്തിയിരുന്നു. ക്ഷേത്രസംസ്കാരത്തിന്റെ പ്രചാരകന്മാരായ ബ്രാഹ്മണർ തങ്ങളുടെ ജീവിതം ചിട്ടപ്പെടുത്തുന്നതിൽ വൈദ്യവൃത്തിയുടെ പ്രാധാന്യം തിരിച്ചറിയുകയും വൈദിക അഭ്യസനത്തിനുള്ള കേരളത്തിലെ 18 സഭാമഠങ്ങൾക്കും ഓരോ ബ്രാഹ്മണകുടുംബം വീതം വൈദ്യവൃത്തിയിൽ ഏർപ്പെട്ടവരായി വേണമെന്ന് നിശ്ചയിക്കുകയും ചെയ്തു. അങ്ങനെ നിയുക്ത രായവരാണ് വേദാധികാരികളായ അഷ്ടവൈദ്യന്മാർ. കേരളീയ ആയുർവേദ

രംഗം അഷ്ടാംഗമായ ആയുർവേദശാസ്ത്രത്തിലെ പ്രാചീനങ്ങളും പ്രമുഖങ്ങളുമായ ചരകസുശ്രുതാദി ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കിയുള്ളവയാണ്. ഇവയിൽ ഏറ്റവും പ്രചാരം വാഗ്ഭടരചയിതമായ അഷ്ടാംഗസംഗ്രഹം, അഷ്ടാംഗഹൃദയം എന്നിവയാണ്.

കേരളത്തിൽ പ്രസിദ്ധിയാർജ്ജിച്ച എട്ട് കേരളീയ വൈദ്യകുടുംബങ്ങളാണ് അഷ്ടവൈദ്യന്മാർ. അഷ്ടാംഗമായ ആയുർവേദത്തിൽ നിഷ്ണാതരായതിനാൽ ഇവരെ അഷ്ടവൈദ്യന്മാർ എന്ന് വിളിക്കാൻ തുടങ്ങി. ബ്രാഹ്മണരായ ഇവർക്ക് നമ്പി, മൂസ് എന്ന് വിശേഷ പേരുകളും ഉണ്ട്. അഷ്ടവൈദ്യന്മാരിൽ പലരും വൈദ്യശാസ്ത്രത്തിൽ അസാധാരണ പാണ്ഡിത്യം ഉള്ളവരും ചികിത്സാപ്രയോഗത്തിൽ വിദഗ്ധരും ആയിരുന്നു. അവരുടെ പ്രധാനഗ്രന്ഥങ്ങൾ എല്ലാം ഇന്നും പ്രചാരത്തിലുണ്ട് സഹസ്രയോഗം, വൈദ്യമനോരമ, യോഗരത്ന സമുച്ചയം മുതലായ സംസ്കൃത ഗ്രന്ഥങ്ങളും അവരുടേതാണ്. ആലത്തിയൂർ, പുലാമന്തോൾ, കുട്ടഞ്ചേരി, തൃശ്ശൂർ തൈക്കാട്, ഇളയിടത്ത് തൈക്കാട്, ചിരട്ടമൺ, വയസ്കര, വെള്ളോട്ട് എന്നിവയാണ് അഷ്ടവൈദ്യകുടുംബം. ഇവരിൽ ആലത്തിയൂർ കുടുംബക്കാർ നമ്പിമാരെന്നും മറ്റ് ഏഴു കുടുംബാംഗങ്ങൾ മൂസ്സുമാർ എന്നും അറിയപ്പെടുന്നു. ഇവരെല്ലാം പരസ്പരം ബന്ധപ്പെട്ടവരാണ്. ശിഷ്യപരമ്പരയെ ശാസ്ത്രം പഠിപ്പിച്ചു പ്രചരിപ്പിച്ചും വൈദ്യവൃത്തി പരിപാലിച്ചുപോരുന്ന ഇവർക്ക് ചികിത്സയിൽ പ്രത്യേകമായ അനുഗ്രഹശക്തി ഉണ്ടെന്ന് ജനങ്ങൾ ഇന്നും വിശ്വസിക്കുന്നു. അതിന് ബലമേകുന്ന ഐതിഹ്യങ്ങൾ പ്രചാരത്തിലുണ്ട്.[3] ഇവരെക്കൂടാതെ വൈദ്യം കുലവൃത്തിയാക്കിയ നമ്പൂതിരികുടുംബങ്ങൾ വേറെയുമുണ്ട്. മേഴത്തൂർ ഉള്ള വൈദ്യമഠം കുടുംബം യാഗശാലവൈദ്യർ എന്ന സ്ഥാനപ്പേരുള്ളവരാണ്. കല്ലൂർ, കുന്നംപറമ്പ്, കാട്ടുമാടം, കാലടി എന്നിവിടെയുള്ള നമ്പൂതിരികുടുംബങ്ങൾ മന്ത്രവാദവിഷയത്തിൽ പ്രസിദ്ധരും, പാമ്പുമേക്കാട്ട്, കോക്കര, മണ്ണാറശാല, വെട്ടിക്കോട്ട്, കരാട് കുടുംബങ്ങൾ വിഷചികിത്സയിൽ അംഗീകാരം ലഭിച്ചവരുമാവുന്നു. ഇവരുടെയെല്ലാം അമാനുഷിക കഴിവുകളെക്കുറിച്ച് ഐതിഹ്യങ്ങളും ഉണ്ട് .

വൈദ്യം ഏതെങ്കിലും പ്രത്യേക സമുദായക്കാരുടെ അവകാശമോ കുത്തകയോ ആണെന്ന് പറയുകവയ്യ. ബ്രാഹ്മണസമുദായത്തിൽപെട്ടവരും വേദാധികാരികളുമായിരുന്ന അഷ്ടവൈദ്യന്മാർക്ക് ഇക്കാര്യത്തിൽ പ്രാമുഖ്യം ഉണ്ടായിരുന്നപ്പോഴും അഷ്ടാംഗഹൃദയം അഭ്യസിച്ച് പാരമ്പര്യമായി വൈദ്യവൃത്തിയിൽ ഏർപ്പെട്ടുവരുന്ന ഈഴവ കുടുംബങ്ങളും കേരളത്തിൽ പഴയകാലം മുതൽക്ക് ധാരാളമായി ഉണ്ട്. ഇവരിൽ പലരും പേരിനോടുകൂടി വൈദ്യൻ എന്നു പ്രയോഗിച്ചിരുന്നു. ഇതുകൂടാതെ വൈദ്യസംബന്ധിയായ ചില പരിചരണക്രിയകൾ കുലത്തൊഴിലായി അനുവർത്തിച്ചു പോന്നവരാണ് വേലൻ, മണ്ണാൻ തുടങ്ങിയ സമുദായക്കാർ. പ്രസവപരിചരണങ്ങൾ അവരാണ് ചെയ്യാറുണ്ടായിരുന്നത്. വേലപ്പണിക്കൻ, ഗണകൻ എന്നിവർ ബാലചികിത്സയിലും, കുറുപ്പന്മാർ ഉഴിച്ചിൽ, മർമ്മചികിത്സയിലും അതിവിദഗ്ധരായിരുന്നു. ബാലചികിത്സ, നേത്രചികിത്സ, വിഷചികിത്സ, ഭൂതാപസ്മാരപ്രതിവിധി എന്നിവ കുലത്തൊഴിലാക്കിയ കുടുംബങ്ങളും ഉണ്ടായിരുന്നു. മുറിവ്, ഒടിവ്, ചതവ് എന്നിവയ്ക്ക് പ്രത്യേകമായി ഔഷധങ്ങൾ തയ്യാറാക്കുന്നത് പാരമ്പര്യമായി കൊണ്ടുനടക്കുന്നവരും കേരളത്തിലുണ്ട്. പതിമൂന്നാം ശതകത്തിൽ കൊല്ലം സന്ദർശിച്ച മാർക്കോ പോളോ ഇവിടെ നല്ല വൈദ്യന്മാരും ജ്യോത്സ്യന്മാരും സമൃദ്ധമായി ഉണ്ടായിരുന്നു' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു[4].

### വൈദ്യസാഹിത്യം

കേരളത്തിലെ വൈദ്യസാഹിത്യത്തെ പൊതുവേ മൂന്ന് ഭാഗങ്ങളായി തിരിക്കാം.

ഒന്ന്) മൂലഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങൾ അവയിലെ പ്രതിപാദ്യത്തെ ഉപജീവിച്ച് എഴുതിയ സ്വതന്ത്ര കൃതികൾ.

രണ്ട്) നാട്ടിൽ നടപ്പുള്ളവയും പല വൈദ്യന്മാരും പലപ്പോഴായി കുറിച്ചുവെച്ചവയുമായ ഔഷധച്ചാർത്തുകളുടെയും ക്രിയാമാർഗങ്ങളുടെയും സമാഹാരങ്ങൾ.

മൂന്ന്) ആധുനികശാസ്ത്രവിജ്ഞാനത്തിന്റെ വളർച്ചയ്ക്ക് ശേഷം ഉണ്ടായിട്ടുള്ള നൂതന കൃതികൾ.

**അഷ്ടാംഗഹൃദയം**

എ.ഡി. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചതായി കരുതുന്ന വാഗ്ഭടാചാര്യൻ രചിച്ച ആയുർവേദചികിത്സാ ഗ്രന്ഥമാണ് അഷ്ടാംഗഹൃദയം, അഷ്ടാംഗസംഗ്രഹം എന്നിവ. കായചികിത്സ, കൗമാരഭൃത്യം, ഭൃതവിദ്യ, ഊർദ്ധ്വാംഗചികിത്സ. ശല്യതന്ത്രം, അഗതതന്ത്രം, രസായനതന്ത്രം, വാജീകരണതന്ത്രം എന്നിങ്ങനെ എട്ട് അംഗങ്ങൾ ഉള്ളതുകൊണ്ടാണ് അഷ്ടാംഗം എന്ന പേര് കിട്ടിയത്. സൂത്രം, ശാരീരം, നിദാനം, ചികിത്സിതം, കൽപം, ഉത്തരം എന്ന ആറ് സ്ഥാനങ്ങളും നൂറ്റിയിരുപത് അധ്യായങ്ങളും ഇതിൽ ഉണ്ട്. കേരളീയ പണ്ഡിതന്മാരെ ഏറ്റവുമധികം ആകർഷിച്ച ഗ്രന്ഥമാണ് അഷ്ടാംഗഹൃദയം. അതിന് അനേകം കേരളീയവ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പലതും പ്രസിദ്ധീകരിച്ചിട്ടില്ല, പ്രസിദ്ധീകരിച്ചവയിൽ തന്നെ പലതും കിട്ടാനുമില്ല. അഷ്ടാംഗഹൃദയം അഷ്ടാംഗസംഗ്രഹം എന്നിവയ്ക്കുള്ള സംസ്കൃതവ്യാഖ്യാനങ്ങളായ 'ശശിരേഖ'യുടെ കർത്താവായ ഇന്ദു കേരളീയനാണെന്ന് അഭിപ്രായമുണ്ട്.[5] അരുണദത്തന്റെ 'സർവാംഗസുന്ദരി' എന്ന വ്യാഖ്യാനമാണ് ഏറ്റവും മികച്ച അഷ്ടാംഗഹൃദയഭാഷ്യം. കേരളത്തിൽ ഉണ്ടായിട്ടുള്ള പ്രധാന വ്യാഖ്യാനങ്ങൾ പാഠ്യം, കൈരളി, ലളിത, ഹൃദ്യ, വാക്യപ്രദീപിക എന്നിവയാണ്. കൈരളി വ്യാഖ്യാനത്തിന്റെ കർത്താവ് പുലാമന്തോൾ മൂസാണ്. ആലത്തിയൂർ വാസിയായ പരമേശ്വരൻ നമ്പൂതിരിയാണ് വാക്യപ്രദീപികയുടെ കർത്താവ്. കൈക്കുളങ്ങര രാമവാര്യരുടെ 'സാരാർത്ഥദർപ്പണം', 'ഭാവപ്രകാശം' എന്നിവയും ഉപ്പോട്ടു കണ്ണന്റെ 'ഭാസ്കരം', ഗോവിന്ദൻ വൈദ്യരുടെ 'അരുണോദയം' 'വാസുദേവീയം' എന്നിവയും അഷ്ടാംഗഹൃദയത്തിന്റെ പ്രസിദ്ധമായ ചില ഭാഷാവ്യാഖ്യാനങ്ങളാണ്. കൈരളി വ്യാഖ്യാനകാരനായ പുലാമന്തോൾ മൂസിന്റെ മറ്റൊരു കൃതിയാണ് 'ചികിത്സാമഞ്ജരി'. അഷ്ടാംഗഹൃദയത്തിലെ പ്രതിപാദ്യത്തെ അടിസ്ഥാനമാക്കി രചിച്ച ഗ്രന്ഥങ്ങളാണ് വൈക്കത്ത്

പാച്ചമൂത്തതിന്റെ 'ഹൃദയപ്രിയം' അതിന്റെ സംക്ഷേപമായ 'സുഖസാധകം'. യോഗാമൃതകാരന്റെ മറ്റൊരു കൃതിയായ അഷ്ടാംഗസാരം എന്നിവ. വെളുത്തേരി കേശവൻവൈദ്യർ അഷ്ടാംഗഹൃദയം പദ്യരൂപത്തിൽ പരിഭാഷപ്പെടുത്തി. തിരുനെല്ലി കൃഷ്ണൻവൈദ്യൻ അഷ്ടാംഗഹൃദത്തിന്റെ കുറച്ചുഭാഗങ്ങൾ ഭാഷയിൽ രചിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി ലക്ഷ്മിപുരം കൊട്ടാരത്തിൽ രവിവർമ്മത്തമ്പുരാൻ സംസ്കൃതത്തിലും ഭാഷയിലും ഒരു വ്യാഖ്യാനം തുടങ്ങിയതായി ഉള്ളൂർ രേഖപ്പെടുത്തുന്നു[6]. അഷ്ടാംഗഹൃദയത്തിന് മാത്രമല്ല മറ്റു മൂലഗ്രന്ഥങ്ങൾക്കും പല വ്യാഖ്യാനങ്ങളും പരിഭാഷകളും ഉണ്ടായിട്ടുണ്ടെങ്കിലും അവയൊന്നും കണ്ടുകിട്ടുകയുണ്ടായിട്ടില്ല. പരവൂർ കേശവൻ ആശാൻ 'മാധവനിദാന'ത്തിന് 'സാരചന്ദ്രിക' എന്ന വ്യാഖ്യാനം, 'വൈദ്യസംഗ്രഹ'ത്തിന് ലഘുടിപ്പണി, 'ശാർങ്ഗധരം', 'ഭാവപ്രകാശം', 'ഭൈഷജ്യരത്നാവലി'എന്നിവയ്ക്ക് അപൂർണ്ണ വ്യാഖ്യാനങ്ങളും എഴുതിയിട്ടുണ്ട്.

### സ്വതന്ത്ര കൃതികൾ

ആരോഗ്യശാസ്ത്ര തത്വങ്ങളും രസനിരൂപണവും പ്രതിപാദ്യം ആകുന്ന 'രസവൈശേഷികം' എന്ന ഗ്രന്ഥത്തിന്റെ സൂത്രകർത്താവ് ഭദന്ദനാഗാർജ്ജുനനും ഭാഷ്യകർത്താവ് നരസിംഹനുമാണ്[7]. ആയുർവേദത്തിലെ രസതന്ത്രപ്രതിപാദ്യമായി വരുന്ന കൃതിയാണ് 'രസോപനിഷത്ത്'.

*ആലത്തൂർ മണിപ്രവാളം*: ഏറ്റവും പ്രധാനവും പ്രാചീനവുമായ ഗ്രന്ഥമാണ് 'ആലത്തൂർ മണിപ്രവാളം'. ലീലാതിലകത്തിലാണ് ഈ ഗ്രന്ഥത്തെക്കുറിച്ച് ആദ്യപരാമർശം. 'ഭാഷകൊണ്ട് നോക്കിയാലും ലിപികൊണ്ട് നോക്കിയാലും ഇന്ന് മലയാളത്തിൽ പ്രചാരത്തിലുള്ള ഏത് യോഗഗ്രന്ഥത്തേക്കാളും പഴയത് ആലത്തൂർ മണിപ്രവാളം തന്നെ എന്ന കാര്യത്തിൽ സന്ദേഹം ഇല്ല, എന്ന് തന്നെയല്ല മലയാളത്തിലുള്ള യോഗഗ്രന്ഥങ്ങളിൽ ഒന്നൊഴിയാതെ എല്ലാറ്റിലും ആലത്തൂർ മണിപ്രവാളത്തിലെ യോഗങ്ങൾ യാതൊരു വ്യത്യാസമില്ലാതെയും ചിലപ്പോൾ ലഘുവായ ഭേദങ്ങളോടെയും കാണാ

 നണ്ട്. കേരളീയ വൈദ്യഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ ആലത്തൂർ മണിപ്രവാള ത്തിന്റെ പ്രാധാന്യവും പ്രാമാണ്യവും അവിതർക്കിതമാണെന്ന് ഉറപ്പിച്ചു പറയാം'.[8] പതിനാലാംശതകത്തിൽ രചിച്ചതായി കരുതുന്ന ഈ കൃതിയുടെ കർത്താവ് ആലത്തൂർ നമ്പിയുടെ കുടുംബത്തിൽപ്പെട്ട ഒരാളായിരിക്കാം എന്ന് ഉള്ളൂർ അഭിപ്രായപ്പെടുന്നു.

*വൈദ്യമനോരമ*: മലയാളലിപിയിൽ അച്ചടിച്ചതാണെങ്കിലും സംസ്കൃത ഭാഷയിൽ ഉള്ളതും ജ്വരം മുതൽ രസായനവാജീകരണങ്ങൾ വരെ ഇരുപത്തി രണ്ട് പടലങ്ങൾകൊണ്ട് വിവരിച്ചിട്ടുള്ള ഈ ഗ്രന്ഥം കേരളീയ വൈദ്യന്മാ രുടെ ഇടയിൽ പ്രചുരപ്രചാരമുള്ളതാണ്. വാചസ്പതി പരമേശ്വരൻ മൂസ്സ് വ്യാഖ്യാനത്തോടുകൂടി തൃശ്ശൂർ ഭാരതവിലാസം പ്രസ്സിൽ നിന്ന് ഇത് അച്ചടിച്ചിട്ടുണ്ട്. മറ്റു ഗ്രന്ഥങ്ങളിൽ കാണാത്ത പല ഔഷധയോഗങ്ങളും ഇതിലുണ്ട്. ഈ കൃതിയുടെ കർത്താവ് കേരളീയനാണെന്ന് കരുതുന്നു ശ്രീ കാളിദാസവിരചിതം എന്ന പ്രസ്താവന ഇതിൽ കാണുന്നുണ്ട്.

*ധാരാകൽപ്പം*: ഇതൊരു കേരളീയ കൃതിയാണ്. കേരളീയചികിത്സയാണ് ധാര. പ്രസിദ്ധീകൃതമായ സഹസ്രയോഗങ്ങളിൽ ധാരാകല്പം ചേർത്തു കാണുന്നു. ആറ്റുപുറത്ത് ഇമ്പിച്ചൻ ഗുരു ഇത് വ്യാഖ്യാനത്തോടെ പ്രസിദ്ധീകരിച്ചിരിക്കുന്നു.

*സിന്ദൂരമഞ്ജരി*: ചെമ്പ്, ഇരുമ്പ്, ഗന്ധകം, അഭ്രം, രസം മുതലായവയുടെ സംസ്കരണാദിവിധികൾ അടങ്ങുന്ന ഈ ഗ്രന്ഥം തൃശ്ശൂർ തൈക്കാട്ട് നാരായണൻ മൂസ്സ് രചിച്ച ഒരു സ്വതന്ത്ര കൃതിയാണ്.

*ഹോർത്തൂസ് മലബാറിക്കസ്*: മലയാളത്തിൽ എഴുതപ്പെട്ടതല്ലെങ്കിലും കേരളത്തിലെ സസ്യസമ്പത്തിനെക്കുറിച്ച് വിവരിക്കുന്ന ഹോർത്തൂസ് മലബാറിക്കസ് എന്ന കൃതി ഏറെ പ്രാധാന്യമർഹിക്കുന്നു. കൊച്ചിയിലെ ഡച്ച് ഗവർണർ ആയിരുന്ന വാൻ റീഡിന്റെ നേതൃത്വത്തിൽ നിർമ്മിച്ച ഈ ഗ്രന്ഥത്തിന്റെ മൂലകൃതി പരിശോധിച്ചു ശേഖരിക്കുകയും പരാമർശിതമായ സസ്യങ്ങളെകുറിച്ച് ഗവേഷണം നടത്തുകയും ചെയ്തിട്ടുള്ള ഡോക്ടർ കെ എസ്

മണിലാൽ ഗ്രന്ഥരചന പശ്ചാത്തലത്തെക്കുറിച്ച് പറയുന്നു[9]. 'ഡച്ച് കമ്പനിക്ക് വലിയ പ്രയോജനം സിദ്ധിക്കും എന്ന ഉറച്ച വിശ്വാസം കൊണ്ടാണ് ഹോർത്തൂസ് മലബാറിക്കസ് എന്ന ഗ്രന്ഥം രചിക്കാൻ വാൻ റീഡ് തീരുമാനിച്ചത്. കമ്പനിയുടെ ഡച്ചുകാരായ ഉദ്യോഗസ്ഥന്മാർക്കും സൈനികർക്കും എന്തെങ്കിലും അസുഖങ്ങൾ പിടിപെടുമ്പോൾ അവരുടെ ചികിത്സയ്ക്ക് വേണ്ട ഔഷധങ്ങൾ യൂറോപ്പിൽ നിന്ന് കപ്പൽ മാർഗ്ഗം കൊണ്ടുവരികയായിരുന്നു അന്നത്തെ പതിവ്. അങ്ങനെയെത്തുന്ന മിക്ക ഔഷധങ്ങളും ഈ നാട്ടിൽ പ്രകൃത്യാ വളരുന്നവയാണെന്ന് അദ്ദേഹം ശ്രദ്ധിച്ചു. ഇവ മലബാറിൽ നിന്ന് അറബിക്കച്ചവടക്കാർ ശേഖരിച്ച് യൂറോപ്യൻ കമ്പോളങ്ങളിൽ വിൽക്കുകയും അവിടെനിന്ന് അവ ഇങ്ങോട്ട് തന്നെ അയക്കുകയുമാണ് ചെയ്തിരുന്നത്. ഈ ഔഷധങ്ങളുടെ യഥാർത്ഥ ഉറവിടം അക്കാലത്ത് പാശ്ചാത്യർക്ക് അറിഞ്ഞുകൂടായിരുന്നു. അതിനാലാണ് അവ അറബി ഔഷധങ്ങളായി അവിടെ അറിയപ്പെട്ടിരുന്നത്. അതുപോലെ കേരളീയർക്ക് ഉണ്ടാകുന്ന രോഗങ്ങൾ ഇവിടെ ലഭ്യമായ ഔഷധസസ്യങ്ങൾ ഉപയോഗിച്ച് ഫലപ്രദമായി ചികിത്സിച്ചുവരുന്നതായും അദ്ദേഹംമനസ്സിലാക്കി. ഈ നാട്ടിലെ വിലയേറിയ സസ്യസമ്പത്തിനെപ്പറ്റി വിവരങ്ങൾ ശേഖരിക്കുകയാണെങ്കിൽ അത് തന്റെ കമ്പനിക്ക് വലിയ മുതൽക്കൂട്ടായിരിക്കും എന്ന് നിഗമനത്തിലെത്തുകയും ചെയ്തു. ഡച്ച് സാമ്രാജ്യതലസ്ഥാനമാക്കുവാൻ കൂടുതൽ യോഗ്യമായത് കൊച്ചി നഗരമാണെന്ന തന്റെ അഭിപ്രായം സമർപ്പിക്കാനുള്ള ഒരു പ്രധാന വാദമുഖമായും ഈ ഗ്രന്ഥം ഉപകരിക്കും എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ഹോർത്തൂസ് മലബാറിക്കസ് സസ്യശാസ്ത്രത്തിനുള്ള ഒരു മുതൽക്കൂട്ടായി തീർന്നത് യാദൃച്ഛികം മാത്രമായിരുന്നു'.

മലയാളം, അറബി കൊങ്കിണി, നാഗരി എന്നിങ്ങനെ വ്യത്യസ്തമായ നാല് ലിപികൾ ഇതിൽ ഉപയോഗിച്ചിട്ടുണ്ട്. ഗ്രന്ഥത്തിലേക്ക് ആവശ്യമായ വിവരങ്ങൾ നൽകിയത് ചേർത്തലക്കാരനായ കൊല്ലാട്ട് ഇട്ടി അച്യുതൻ വൈദ്യർ ആണ്. കൊങ്കണി ബ്രാഹ്മണരായ അപ്പുഭട്ട്, രംഗഭട്ട്, വിനായക

പണ്ഡിറ്റ് എന്നിവരുടെ സേവനവും ഇതിനായി പ്രയോജനപ്പെടുത്തി. ഇതിന്റെ മലയാളം പരിഭാഷ 2008-ൽ കേരളസർവകലാശാല പ്രസിദ്ധീകരിച്ചിട്ടുണ്ട്.

*മറ്റ് ചിലത്*: 'ചികിത്സാക്രമം', 'സഹസ്രയോഗം.' 'യോഗരത്നപ്രകാശിക ', 'വൈദ്യമഞ്ജരി', 'ചികിത്സാമഞ്ജരി', 'സന്നിപാതചികിത്സ', 'നേത്രരോഗ ചികിത്സ' മുതലായ കേരളത്തിലെ വൈദ്യകുടുംബങ്ങളിൽ സർവ്വസാധാരണയായി അറിയപ്പെടുന്നവയും അന്യദിക്കുകളിൽ പ്രചാരമില്ലാത്തവയുമായി നിരവധി കൃതികൾ ഉണ്ട്. ഇവയുടെ രചയിതാക്കളെ പറ്റി കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. സുപ്രസിദ്ധമായ മറ്റൊരു മണിപ്രവാള ഗ്രന്ഥമാണ് 'യോഗാമൃതം'. ഇത് രചിച്ചത് ഒൻപതാം ശതകത്തിൽ ജീവിച്ചിരുന്ന പെരിഞ്ചല്ലൂർ ഗ്രാമക്കാരനായ നമ്പൂതിരി ആണെന്ന് വിശ്വസിക്കുന്നു. ഈ ഗ്രന്ഥം ടിപ്പണിയോടുകൂടി ഉപ്പോട്ട് കണ്ണൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'യോഗസാരം' മറ്റൊരു പഴയ ഗ്രന്ഥമാണ്. 'വൈദ്യമഞ്ജരി' എന്ന ഗ്രന്ഥം പുതുക്കാട്ടുമഠത്തിൽ കൃഷ്ണൻ ആശാൻ രചിച്ചതായി കാണുന്നു. അഷ്ടാംഗഹൃദയത്തിലോ മറ്റ് സംസ്കൃതമൂലഗ്രന്ഥങ്ങളിലോ കാണാത്തതും എന്നാൽ തലമുറകളായി കേരളത്തിൽ ഉപയോഗമുള്ളതുമായ ഒട്ടേറെ യോഗങ്ങൾ ഉൾക്കൊള്ളുന്ന മണിപ്രവാളകൃതിയായ 'സഹസ്രയോഗം' വൈദ്യന്മാരുടെ ഇടയിൽ മാത്രമല്ല സാമാന്യസംസ്കാരനിലവാരമുള്ള പല പ്രമുഖ തറവാടുകളിലും പ്രചാരമുള്ളതാണ്. സിദ്ധഫലങ്ങളായ ഗോരോചനാദി, കൊമ്പഞ്ചാദി, കസ്തൂര്യാദി മുതലായ ഗുളികകളും ഇളനീർകുഴമ്പ് തുടങ്ങിയവയും കേരളീയ വൈദ്യന്മാരുടെ പ്രായോഗികപരിചയത്തിൽ നിന്ന് സിദ്ധിച്ചവയാണ്. നാളികേരവെള്ളം, പാൽ/എണ്ണകൾ, വെളിച്ചെണ്ണകൾ ഔഷധമായി ഉപയോഗിച്ചിരുന്നു. ഈർക്കിൽ, ചിരട്ട, ചകിരി എന്നിവയും ഇവിടെ ഔഷധമാണ്. ധാര, കിഴി, തളം മുതലായ പ്രത്യേക ചികിത്സാമുറകൾ തനി കേരളീയമാണ്. വളരെയേറെ ഫലപ്രദങ്ങളായ ഈ കേരളീയ ചികിത്സാമുറകൾ ആയുർവേദത്തിന് കേരളത്തിന്റേതായ സംഭാവനകളാണ്.

*ബാലചികിത്സ:* പണ്ടുമുതലേ പ്രചാരത്തിലുള്ള പല ചികിത്സാമാർഗ്ഗങ്ങളും സംഭരിച്ചു ചേർത്തിട്ടുള്ളതാണ് കേരളത്തിലെ ബാലചികിത്സാഗ്രന്ഥങ്ങൾ. ഇവയുടെ മൂലം സംസ്കൃതഗ്രന്ഥങ്ങൾ ആണെങ്കിലും കേരളീയർ ഈ വിഷയത്തിൽ വളരെയേറെ പുരോഗതി കൈവരിച്ചിട്ടുണ്ട്. കൈക്കുളങ്ങര രാമവാര്യരുടെ 'ആരോഗ്യകല്പദ്രുമം' കേരളീയ യോഗങ്ങളുടെ സംസ്കൃത വിവർത്തനമാണ്. മിക്കവാറും എല്ലാ ചികിത്സകരും കൈവശം വയ്ക്കുന്ന പുസ്തകമാണ് ഇത്. 'മഹാസാരം' എന്ന ഗ്രന്ഥത്തിൽ മലയാളഭാഷയിലുള്ള ബാലചികിത്സ കുറെ കൊടുത്തിട്ടുണ്ട്. ഈ ഗ്രന്ഥത്തിന്റെ ആമുഖത്തിൽ ഇതിലെ മിക്ക ഭാഗങ്ങളും വൈദ്യന്മാർ അപ്പപ്പോൾ കുറിച്ച നോട്ടുകൾ ആണെന്ന് സൂചിപ്പിക്കുന്നുണ്ട്. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ 'കരപ്പൻ' എന്നൊരു ബാലചികിത്സാഗ്രന്ഥം നിർമ്മിച്ചിട്ടുണ്ട്. 'ഗർഭരക്ഷാക്രമം', 'വൈദ്യജീവനം' മുതലായ വൈദ്യഗ്രന്ഥങ്ങളുടെ കർത്താവായ വള്ളത്തോളിന്റെ സാഹിത്യഭംഗി തുളുമ്പുന്ന ബാലചികിത്സാഗ്രന്ഥമാണ് ആരോഗ്യ ചിന്താമണി'.

*നേത്രചികിത്സ:* 'നേത്രചികിത്സ' ഭാഷാവ്യാഖ്യാനത്തോടുകൂടി കൈക്കുളങ്ങര രാമവാര്യർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നേത്രചികിത്സയുടെ അടിസ്ഥാനം അഷ്ടാംഗഹൃദയമാണങ്കിലും പ്രത്യേകമായ പല യോഗങ്ങളും കേരളത്തിൽ ഉണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ ശസ്ത്രക്രിയാരംഗത്തും വിദഗ്ധരായിരുന്നു കേരളത്തിൽ ഉണ്ടായിരുന്ന നേത്രവൈദ്യന്മാരിൽ പലരും.

*കളരിചികിത്സ:* കളരിപ്പയറ്റിന്റെ നാടായ കേരളത്തിൽ പലതരത്തിലുള്ള ഉഴിച്ചിലുകളും മർമ്മചികിത്സകളും പണ്ടുമുതലേ നിലനിൽക്കുന്നു. ഇതിന്റെ വികാസം പ്രായോഗികപരിചയത്തിൽ കൂടിയായിരുന്നു. നാഡീവിജ്ഞാനം ഇതിന് ഒഴിച്ചുകൂടാത്ത ഘടകമാണ്. ആയുർവേദത്തിലെ മർമ്മജ്ഞാനവും നാഡീവിജ്ഞാനവും ആണ് ഇതിന്റെ പശ്ചാത്തലം. മർമ്മഗുളിക, കറുത്ത ഗുളിക, പലതരം എണ്ണകൾ, കുഴമ്പുകൾ, കഷായ കഞ്ഞികൾ എന്നിവയെല്ലാം ഭാഷയിലുള്ള വൈദ്യഗ്രന്ഥങ്ങളിൽ കാണാം. ചിറക്കൽ ടി ശ്രീധരൻനായർ രചിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള 'മർമ്മദർപ്പണം' എന്ന ഗ്രന്ഥം ഈ വിഷയത്തിൽ എടുത്തുപറയാവുന്ന ഒന്നാണ്.

*വിഷവൈദ്യം*: കേരളത്തിലെ വിഷചികിത്സ ആയുർവേദത്തെ അടിസ്ഥാന പ്പെടുത്തി ആഗന്തുകരോഗമായിട്ടാണ് കരുതപ്പെടുന്നത്. ത്രിദോഷങ്ങളിൽ തന്നെയാണ് അതിന്റെ നിദാനചികിത്സകൾ നിർണയിക്കപ്പെടുന്നത്. അഷ്ടാംഗഹൃദയം, നാരായണീയം, ഉഡ്ഡീശം, ഉൽപ്പലം, മേഖല, കാലവഞ്ചനം, ലക്ഷണാമൃതം എന്നീ ഏഴ് ശാസ്ത്രഗ്രന്ഥങ്ങളെ അടിസ്ഥാന മാക്കിയാണ് മറ്റ വിഷവൈദ്യഗ്രന്ഥങ്ങൾ എല്ലാം രചിക്കപ്പെട്ടിട്ടുള്ളത്. നാരായണീയത്തിൽ അധികവും മന്ത്രപ്രയോഗങ്ങളാണ് ഉഡ്ഡീശം ഔഷധ പ്രയോഗങ്ങളും കാലവഞ്ചനം വിഷം മൂർച്ഛിച്ച കാലൻ സമീപസ്ഥമായ സമയത്ത് ചെയ്യേണ്ട കട്ടുംകൈകളും ആണ്. ലക്ഷണാമൃതം പ്രാഥമിക പാഠപുസ്തകത്തിന്റെ നിലയിലാണ്. വിഷവൈദ്യ പ്രസ്ഥാനത്തിൽ കേരളം വലിയ സംഭാവനയാണ് നൽകിയത്. കേരളത്തിലെ വിഷവൈദ്യ വിഭാഗ ത്തിൽ ഏറ്റവും പ്രധാനമായ കൃതിയായ 'വിഷവൈദ്യ ജോത്സ്നിക'. പ്രമുഖ വിഷവൈദ്യനായ കാരാട്ട് നമ്പൂതിരി രചിച്ചതാണ്. 'പ്രയോഗസമുച്ചയം' ഒരു പഴയ വിഷവൈദ്യഗ്രന്ഥമാണ് കൊച്ചുണ്ണിതമ്പുരാൻ ഇത് മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. കുട്ടമത്ത് ചെറിയ രാമക്കുറിപ്പിന്റെ 'സർവ്വമംഗള പ്രമോചനം 'എന്നതും വിഷവൈദ്യ ഗ്രന്ഥമാണ്.

*വസൂരിചികിത്സ*: കേരളീയർക്ക് വിഷചികിത്സ പോലെ പണ്ടുമുതലേ പേടിയോടുകൂടി നേരിടേണ്ടിവന്ന ഒരു ആപത്താണ് വസൂരി. 90 തരം വസൂരിയെ കേരളീയർ വേർതിരിക്കുകയും അവയുടെ ഗതിവിഗതികളും നിരീക്ഷിച്ച പ്രതിവിധികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. 'വസൂരിമാല' ഒരു പ്രശസ്ത ഗ്രന്ഥമാണ്. ചികിത്സാസംബന്ധമായ വൈദഗ്ധ്യങ്ങൾ ഒന്നും ഇല്ലാതെതന്നെ വസൂരിചികിത്സയിൽ മാത്രം പ്രാവീണ്യമുള്ളവർ കേരളത്തിൽ നിലനിന്നിട്ടുണ്ട്.

ഔഷധസസ്യ സമൃദ്ധമായ കേരളത്തിൽ ഔഷധങ്ങളെക്കുറിച്ചുള്ള പഠനം പ്രാചീനകാലം മുതൽ പുരോഗമിച്ചിട്ടുണ്ട്. പഴയ ഈഴവ കുടുംബത്തിലെ അംഗമായ ഇട്ടി അച്യുതനിൽ നിന്ന് ലഭിച്ച വിവരങ്ങളെ ആസ്പദമാക്കിയുള്ള പ്രസിദ്ധീകരണങ്ങളിലൂടെ കേരളീയർക്ക് ഉണ്ടായിരുന്ന ഔഷധവിജ്ഞാനത്തിന്റെ നിലവാരത്തെപ്പറ്റി മനസ്സിലാക്കാം. കൂടാതെ

ചോലയിൽ കെ എം വൈദ്യർ ഒരു ആയുർവേദനിഘണ്ടു എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട് കാണിപ്പയ്യൂർ നമ്പൂതിരിപ്പാട് 'ആയുർവേദനിഘണ്ടു' എന്ന പേരിലും ആയുർവേദനിഘണ്ടു രചിച്ചിട്ടുണ്ട്. പ്രചാരത്തിലുള്ള ഏറ്റവും വലിയ നിഘണ്ടു തയ്യിൽ കൃഷ്ണൻ വൈദ്യരുടെ 'ഔഷധനിഘണ്ടു'വാണ്.

**ആധുനിക ഘട്ടം**

ആദ്യകാലങ്ങളിൽ വളരെയധികം പ്രാധാന്യം നൽകിയിരുന്ന ആയുർവേദ ചികിത്സാരീതിക്ക് പിന്നീട് പല കാരണങ്ങളാൽ പ്രാമുഖ്യം നഷ്ടപ്പെട്ടുകയുണ്ടായെങ്കിലും ഈ ദുസ്ഥിതിക്ക് ഒരു പരിഹാരം ഏറെ താമസിയാതെതന്നെ ഉണ്ടായി. അംഗീകൃതവൈദ്യവിദ്യാഭ്യാസം, ആധുനിക രീതിയിലുള്ള ഔഷധനിർമ്മാണം, ഗവേഷണം, ഗ്രന്ഥരചന മുതലായ മാർഗങ്ങളിലൂടെ ആയുർവേദം പുനരുജ്ജീവനം നേടുകയുണ്ടായി. ആയുർ വേദത്തെ ജനകീയമാക്കുന്നതിൽ നൂതനമായ പല മാർഗങ്ങളും അവലംബിച്ചുകൊണ്ട് പി എസ് വാര്യരും കോട്ടക്കൽ ആര്യവൈദ്യശാലയും ആയുർവേദനവോത്ഥാനത്തിന് വളരെയേറെ സംഭാവനകൾ നൽകി. പാരമ്പര്യത്തെ മുറുകെപ്പിടിച്ച് പുതുമയെ തിരസ്കരിക്കുകയോ പുതുമയെ സ്വീകരിച്ചുകൊണ്ട് പാരമ്പര്യത്തെ പാടെ തള്ളിക്കളയുകയോ ചെയ്യാതെ ആധുനികതയുടെ വെളിച്ചത്തിൽ പാരമ്പര്യത്തെ കാലോചിതമായി പരിഷ്ക്കരിക്കാനുള്ള ശ്രമങ്ങൾ അദ്ദേഹം സ്വീകരിച്ചത് ആയുർവേദ വിദ്യാഭ്യാസത്തെ സാമൂഹികവും ജനകീയവും ആക്കുന്നതിന് സഹായക മായിരുന്നു. ആയുർവേദവിദ്യാഭ്യാസത്തിന് പാഠ്യപദ്ധതി തയ്യാറാക്കുകയും അതിലേക്കായി 'അഷ്ടാംഗശാരീരം', 'ബൃഹച്ഛാരീരം' എന്ന രണ്ട് ശാരീര ഗ്രന്ഥങ്ങളും അദ്ദേഹം രചിക്കുകയുണ്ടായി. 'ചികിത്സാസംഗ്രഹം', ആയുർവേദപാഠശാല, ധന്വന്തരി വൈദ്യമാസിക, ശാരീരഗ്രന്ഥങ്ങൾ, ആര്യവൈദ്യസമാജം എന്നിവയിലൂടെ ആയുർവേദത്തിന് ആധുനിക ചികിത്സാരീതികളോടൊപ്പം കിടനിൽക്കുന്നതിനുള്ള സാഹചര്യം സംജാത മാക്കുന്നതിൽ പി.എസ്. വാര്യർ പ്രധാന പങ്ക് വഹിച്ചു.

**ചികിത്സാസംഗ്രഹം:**

നിലവിലുള്ള ആയുർവേദവിജ്ഞാനം തരംതിരിക്കുന്നതിന്റെയും പ്രചരിപ്പിക്കുന്നതിന്റെയും മേഖലകളിലാണ് പി എസ് വാര്യർ പ്രധാനമായും ശ്രദ്ധിച്ചത്. അദ്ദേഹത്തിന്റെ ആദ്യകാല പരിശ്രമങ്ങളിൽ ഒന്ന് മാത്രയുടെ വിശദാംശങ്ങളും മറ്റ വിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് ഔഷധങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക എന്നായിരുന്നു. രോഗികൾക്ക് ചികിത്സകന്റെ കുറിപ്പടി ഇല്ലാതെതന്നെ മരുന്ന് ഉപയോഗിക്കാൻ പ്രാപ്തരാകും വിധത്തിലുള്ളതായിരുന്നു ആ പട്ടിക. ആയുർവേദ ചികിത്സയെക്കുറിച്ചും ഔഷധങ്ങളെക്കുറിച്ചും പൊതുജനങ്ങളെ ബോധവാന്മാരാക്കുവാൻ അദ്ദേഹം 'ചികിത്സാസംഗ്രഹം' എന്ന ഗ്രന്ഥം രചിക്കുകയുണ്ടായി. കോളറയെ പറ്റിയുള്ള ഒരു പുസ്തകം, അഷ്ടാംഗഹൃദയത്തിന്റെ മലയാള പതിപ്പ്, ആയുർവേദത്തിന്റെ ചരിത്രം തുടങ്ങിയ, ചികിത്സകർക്കും പൊതുജനങ്ങൾക്കും എളുപ്പത്തിൽ ലഭ്യമായ ഈ പുസ്തകങ്ങൾ ആയുർവേദത്തിന്റെ പ്രാധാന്യത്തെപറ്റിയുള്ള സാമൂഹ്യമായ അറിവിലേക്ക് വഴി തെളിയിക്കുകയും ചെയ്തു. ഋഷിമാർ മുതൽ ആചാര്യന്മാർ പകർന്നു നൽകിയ അറിവ് ജനതയുടെ പൊതുസ്വത്താക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾക്കായി രോഗനിർണയവും പ്രതിവിധികളും അടങ്ങിയ കാറ്റലോഗ് ആയുർവേദത്തിന്റെ ചരിത്രത്തിൽ ആദ്യമായി അദ്ദേഹം എല്ലാവരിലും എത്തിച്ചു. ഇതാണ് പിന്നീട് ചികിത്സാസംഗ്രഹം[10] എന്ന ഗ്രന്ഥമായി വികസിച്ചത്. ഇതിന്റെ തുടർച്ചയായിരുന്നു അദ്ദേഹം ആരംഭിച്ച പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ.

**ധന്വന്തരി വൈദ്യമാസിക:**

മലയാളത്തിലെ ആദ്യത്തെ ആരോഗ്യശാസ്ത്ര മാസികയാണ് വൈദ്യരത്നം പി എസ് വാര്യരുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ധന്വന്തരി. കേരളീയ നവോത്ഥാനത്തിന്റെ മുഖമൊഴിയായിരുന്നു ഈ മാസിക. നവോത്ഥാന പ്രക്രിയയുടെ ഉള്ളടക്കം ആര്യവൈദ്യസമാജത്തിന്റെ മുഖപത്രമായ ധന്വന്തരിയിൽ കാണാൻ കഴിയും. ആയുർവേദ

ത്തിന്റെ മൗലികതയിൽ ഉറച്ചു നിന്നുകൊണ്ട് ആധുനിക വൈദ്യശാസ്ത്ര ത്തിന്റെ പ്രയോഗക്രമങ്ങളെയും ഉപകരണ സംവിധാനങ്ങളെയും കൂട്ടിയി ണക്കി ആയുർവേദത്തിന്റെ നവീകരണത്തെപ്പറ്റി പ്രതിപാദിക്കുന്ന ഒട്ടേറെ ലേഖനങ്ങൾ ഇതിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അക്കാലത്ത് മലയാളികളായ ഡോക്ടർമാരെയെല്ലാം ഏറെ ആകർഷിച്ച ഒന്നായിരുന്നു ഈ അപൂർവ പ്രസിദ്ധീകരണം. ആയുർവേദവൈദ്യന്മാർ മാത്രമല്ല അലോപ്പതി ഹോമിയോപ്പതി തുടങ്ങിയ വ്യത്യസ്തചികിത്സാരീതികളിൽ വ്യാപൃതരായ ഡോക്ടർമാരും അവരുടെ പ്രവർത്തനതമണ്ഡലത്തെ അടിസ്ഥാനമാക്കി ഇതിൽ ലേഖനങ്ങൾ എഴുതിയിരുന്നു. വൈദ്യസംബന്ധമായ ചർച്ചകൾ ക്കുള്ള ഒരു മാധ്യമം എന്നതിലുപരി കേരളീയ ചികിത്സാ ചരിത്രത്തിൽ ചില നാഴികക്കല്ലുകൾ സ്ഥാപിക്കുക എന്ന ദൗത്യം കൂടി ധന്വന്തരി നിർവഹി ച്ചിട്ടുണ്ട്. പല ദേശങ്ങളിലായി ചിതറിക്കിടന്നിരുന്ന മലയാളികളായ വൈദ്യന്മാർക്കെല്ലാം ആശയവിനിമയത്തിന് ഒരു പൊതുവേദി ഒരുക്കി ക്കൊടുത്തത് ധന്വന്തരി മാസികയാണ്. കേരളീയ ആയുർവേദ വിദ്യാഭ്യാസത്തിന് സമ്പ്രദായികമായ അടിത്തറ ഇടുന്നതിൽശ്രദ്ധിച്ച്, ആര്യവൈദ്യപഠനത്തിനുള്ള കോഴ്സുകൾ, പാഠ്യക്രമം, മാതൃകാചോദ്യ ക്കടലാസുകൾ, പരീക്ഷ നടത്തിപ്പിന്റെ വിശദീകരണങ്ങൾ, പരീക്ഷാഫലം തുടങ്ങിയ കാര്യങ്ങളും കൃത്യമായി ഇതിലൂടെ പുറത്തുവന്നിരുന്നു.

വൈദ്യവിജ്ഞാനത്തിന്റെയും ദിശാബോധത്തിന്റെയും പ്രചാരണ ത്തിൽ ഈ മാസിക നിർവഹിച്ച സേവനം പ്രശംസാർഹമാണ്. ആയുർവേദ ത്തിന്റെ സാങ്കേതിക ജ്ഞാനവും പ്രയോഗപദ്ധതികളും പൊതുജനങ്ങളി ലേക്ക് എത്തിച്ചതും ആയുർവേദത്തിനു പുറമേ ആധുനിക വൈദ്യത്തിന്റെ നേട്ടങ്ങളും കൂടി മലയാളികൾ അറിഞ്ഞതും ഈ പ്രസിദ്ധീകരണത്തിലൂടെ യാണ്. ലോകത്തിലെ മറ്റു വൈദ്യസമ്പ്രദായങ്ങൾ പരിചയപ്പെട്ടു ത്തുന്നതിലും വൈദ്യശാസ്ത്രത്തിന്റെ സാങ്കേതിക വിഷയങ്ങൾക്കപ്പുറം അതിന്റെ സാമൂഹ്യവും സാംസ്കാരികവുമായ വസ്തുതകളെ സ്പർശിക്കുന്ന പഠനങ്ങളും ഇതിലൂടെ പുറത്തുവന്നു. കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ച മഹാവൈദ്യന്മാരുടെ ചികിത്സാനുഭവങ്ങൾ, ഔഷധങ്ങളുടെയും മൂലകങ്ങളുടെയും സൈദ്ധാന്തി

കവും പ്രായോഗികവുമായ വശങ്ങൾ, ആയുർവേദത്തിന്റെ കാലോചിത പരിഷ്കരണം, വൈദ്യപഠനത്തിന്റെ ദിശാബോധം, സംഘടനാ വാർത്ത കൾ, വൈദേശിക ചികിത്സാപദ്ധതികൾ എന്നിങ്ങനെ ബഹുമുഖങ്ങളായ വിഷയങ്ങൾ സ്പർശിച്ചുകൊണ്ടുള്ള നിരവധി പ്രബന്ധങ്ങൾ ധന്വന്തരിയുടെ താളുകളിലൂടെ പുറത്തിറങ്ങി. ഇത്തരത്തിൽ ആയുർവേദത്തിന്റെ പുനർനവീ കരണത്തിൽ തേജോമയമായ ഒരു കാലഘട്ടം സൃഷ്ടിക്കുന്നതിൽ ധന്വന്തരി മാസികവഹിച്ച പങ്ക് അത്യന്തം പ്രമുഖവും പ്രധാനവുമാണ്.

നമ്മുടെ ഭാഷയുടെയും സംസ്കാരത്തിന്റെയും നിലനിൽപ്പിനും വളർച്ചയ്ക്കും വേണ്ടി കോട്ടയ്ക്കൽ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെങ്കിലും സാമ്രാജ്യത്വ അധിനിവേശത്തെ സമചിത്തനായി ദീർഘവീക്ഷണത്തോടെ വൈദ്യരത്നം നേരിട്ടത് സമാനതകളില്ലാത്ത നിശബ്ദവിപ്ലവമാണ് എന്ന കാര്യത്തിൽ സംശയമില്ല. അതിപ്രാചീനമായ പാരമ്പര്യവൈദ്യശാസ്ത്രത്തെ ആധുനിക സാങ്കേതികവിദ്യയുടെ സഹായ ത്തോടെ ജനങ്ങളിൽ എത്തിക്കുവാനുള്ള ദൗത്യം ഏറ്റെടുക്കുകയും ആരോഗ്യ രംഗത്തെ സാമ്രാജ്യത്വ അധിനിവേശത്തെ പ്രതിരോധിക്കുകയും ചെയ്തു എന്നതാണ് പി എസ് നിർവഹിച്ച സുപ്രധാന ദൗത്യം. ചരകനും സുശ്രുതനും കാണിച്ച പാരമ്പര്യവൈദ്യവൈദ്യശാസ്ത്രത്തിന്റെ വളർച്ച പി എസ് വാര്യരിലൂടെ പുനർജനിക്കുകയായിരുന്നു. ഭാരതത്തിലെ പൂർവികരായ ഋഷിവര്യന്മാർ തലമുറകളായി കൈമാറിയ ആയുർവേദശാസ്ത്രത്തെ പാരമ്പര്യ ത്തിന്റെ ഇരുട്ടറകളിൽ നിന്ന് ആധുനികതയുടെ വെളിച്ചത്തിൽ പരിഷ്കരിച്ചു കൊണ്ട് അദ്ദേഹം പുറത്തേക്ക് കൊണ്ടുവന്നു.

ആധുനികകാലത്ത് ആയുർവേദത്തിൽ പല പഠനങ്ങളും നടന്നു കൊണ്ടിരിക്കുന്നു. ആധുനിക ശാസ്ത്രശാഖകളുടെ വളർച്ച വൈദ്യശാസ്ത്ര ത്തെയും വളരെയധികം സഹായിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആയുർവേദത്തിന് കിട്ടിയിട്ടുള്ള പ്രാധാന്യം ലോകശ്രദ്ധ ആകർഷിക്കുകയും വൈജ്ഞാനിക രംഗത്തും ചികിത്സാരംഗത്തും പുതിയ മുന്നേറ്റങ്ങൾക്ക് കാരണമാവുകയും ചെയ്തിരിക്കുന്നു.

**കുറിപ്പുകൾ:**

1. ഇഹ ഖല്വായുർവേദ നാമ യദുപാംഗമഥർവ്വവേദസ്യ അനുത്പാദൈവ പ്രജാ:
ശ്ലോക സഹസ്രം അദ്ധ്യായസഹസ്രം ച കൃതവാൻ സ്വയംഭൂ:
സുശ്രുത സംഹിത. അദ്ധ്യായം ഒന്ന്
2. കൃഷ്ണൻകുട്ടി വാര്യർ. എൻ വി. ആയുർവേദ ചരിത്രം, കോട്ടക്കൽ. 1980.
3. ശങ്കുണ്ണി കൊട്ടാരത്തിൽ, ഐതിഹ്യമാല. കോട്ടയം, 1974.
4.. കൃഷ്ണൻകുട്ടി വാര്യർ. എൻ വി. ആയുർവേദ ചരിത്രം, കോട്ടക്കൽ. 1980
5. അതേ പുസ്തകം
6. പരമേശ്വരയ്യർ എസ് ഉള്ളൂർ, കേരള സാഹിത്യ ചരിത്രം. വാല്യം ഒന്ന്, കേരള സർവകലാശാല, തിരുവനന്തപുരം, 1990.
7. കൃഷ്ണൻകുട്ടി വാര്യർ. എൻ വി. ആയുർവേദ ചരിത്രം, കോട്ടക്കൽ. 1980
8. പരമേശ്വരയ്യർ എസ് ഉള്ളൂർ, കേരള സാഹിത്യ ചരിത്രം. വാല്യം ഒന്ന്, കേരള സർവകലാശാല, തിരുവനന്തപുരം, 1990.
9. മണിലാൽ എസ്, ഹോർത്തൂസ് മലബാറിക്കസും ഇട്ടി അച്യുതനും. മെന്റർ ബുക്സ്, കോഴിക്കോട്, 1999.
10. വാര്യർ പി എസ്, ചികിത്സാസംഗ്രഹം. ആര്യ വൈദ്യശാല,കോട്ടയ്ക്കൽ.

**റഫറൻസ്:**


1. പരമേശ്വരയ്യർ എസ് ഉള്ളൂർ, കേരള സാഹിത്യ ചരിത്രം, വാല്യം ഒന്ന്, കേരള സർവകലാശാല, തിരുവനന്തപുരം, 1990.
2. കൃഷ്ണവാരിയർ, പി വി, ആര്യവൈദ്യ ചരിത്രം, കോട്ടക്കൽ, 1903.
3. കൃഷ്ണൻകുട്ടി വാര്യർ, എൻ വി, ആയുർവേദ ചരിത്രം, കോട്ടക്കൽ. 1980.
4 പണിക്കർ, കെ എൻ, സംസ്കാരവും ദേശീയതയും, കറണ്ട് ബുക്സ്, തൃശ്ശൂർ, 2010.
5. ബാലകൃഷ്ണൻ കാവുമ്പായി, വിജ്ഞാന മലയാളം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2019.
6. രാഘവ വാര്യർ, എം ആർ, ധന്വന്തരി മാസിക പ്രബന്ധസൂചി, ആര്യവൈദ്യശാല, കോട്ടക്കൽ, 2008.
7. വാര്യർ, പി എസ്, ചികിത്സാസംഗ്രഹം. ആര്യ വൈദ്യശാല,കോട്ടയ്ക്കൽ.
8. വാര്യർ, സി എ, വൈദ്യരത്നം പി എസ് വാര്യർ, ആര്യവൈദ്യശാല, കോട്ടക്കൽ, 2006.
9. ശങ്കുണ്ണി, കൊട്ടാരത്തിൽ, ഐതിഹ്യമാല.,കോട്ടയം, 1974.

# ഉതാമ: ബൊളിവിയൻ ഗ്രാമജീവിതത്തിന്റെ ഉൾക്കാഴ്ചകൾ

**ഡോ. ബി. ശ്രീകുമാർ സമ്പത്ത്**

**പ്രബന്ധസംഗ്രഹം**

ബൊളിവിയൻ ചിത്രം 'ഉതാമ' (2022) അന്തർദ്ദേശീയമായി ശ്രദ്ധിക്കപ്പെട്ട, നിരവധി പുരസ്കാരങ്ങൾ നേടിയ സിനിമയാണ്. 2022 IFFKയിൽ സുവർണ്ണ ചകോരം നേടിയത് ഈ ചിത്രമാണ്. അലിജാൻഡ്രോ ലോയ്സാ ഗ്രിസി എന്ന സംവിധായകന്റെ ആദ്യചിത്രം. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഗാധബന്ധത്തിന്റെ ആവിഷ്കാരമാണിത്. ചെമ്മരിയാടുകളെ വളർത്തി (ലാമ) ജീവിതം മുന്നോട്ടുകൊണ്ടുപോകുന്ന ഗ്രാമീണർ തീക്ഷ്ണമായ പരിസ്ഥിതിപ്രശ്നങ്ങൾ നേരിടുന്നു.

**താക്കോൽവാക്കുകൾ:** ലാറ്റിനമേരിക്കൻ സിനിമ – സിനിമ നൽകുന്ന പരിസ്ഥിതിദർശനം – പ്രാദേശിക സംസ്കാരങ്ങളുടെ അതിജീവനം

അന്താരാഷ്ട്രചലച്ചിത്രമേളകൾ മലയാളസിനിമാസ്വാദകരിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇന്റർനെറ്റിലെ സിനിമാക്കാഴ്ചകൾ വരുന്നതിന് മുമ്പുതന്നെ ലോകസിനിമയിലേക്കുള്ള വാതായനങ്ങൾ തുറന്നു തന്നത് ഇത്തരം ചലച്ചിത്രമേളകളാണ്. പുതിയകാലഘട്ടത്തിന്റെ രാഷ്ട്രീയ വിമർശനങ്ങളും പാരിസ്ഥിതികപ്രശ്നങ്ങളും ശക്തമായി ആവിഷ്കരിക്കുവാൻ ലോകസിനിമയ്ക്കു കഴിയുന്നുണ്ട്. അതുകൊണ്ടുതന്നെ നമ്മുടെ സിനിമകളിൽ നിന്നും ഏറെ വിഭിന്നമായ സിനിമാപരീക്ഷണങ്ങളെ ആവേശത്തോടെ യാണ് പ്രേക്ഷകർ സ്വീകരിക്കുന്നത്. അലിഗറിയെന്ന് തോന്നിക്കാത്തവണ്ണം തന്റെ നാടിന്റെ പാരിസ്ഥിതികപ്രശ്നങ്ങൾ ആവിഷ്കരിക്കുവാനാണ് സംവിധാ യകൻ ശ്രമിക്കുന്നത്. മറ്റേത് മാധ്യമത്തേക്കാളും ശക്തമായി സിനിമകൾ പ്രകൃതിയുടെ അവസ്ഥകളെ ചിത്രീകരിക്കുന്നുണ്ട്. ഭരണവർഗ്ഗത്തിന്റെയോ സമൂഹത്തിന്റെതന്നെയോ ശ്രദ്ധനേടാത്ത ദൃശ്യങ്ങളിലേക്ക് ചലച്ചിത്രം കടന്നുചെല്ലുന്നു. വികസനം മാത്രം ലക്ഷ്യംവയ്ക്കുന്ന ഭരണകൂടങ്ങൾ ജീവിച്ചിരി ക്കുന്നവരോടും വരുംതലമുറയോടും വലിയ അപരാധങ്ങളാണ് ചെയ്തുകൊണ്ടി രിക്കുന്നതെന്ന സത്യവും നാം മനസ്സിലാക്കേണ്ടതുണ്ട്.

ബൊളിവിയൻ സംവിധായകനായ അലിജാൻഡ്രോ ലോയ്സാ ഗ്രിസിയുടെ ആദ്യചിത്രമാണ് ഉതാമ. 2022-ലെ IFFKയിൽ പ്രദർശിപ്പി ക്കപ്പെട്ട ഈ കൊച്ചു ചിത്രം മികച്ച പ്രേക്ഷകപ്രീതിയോടെ സുവർണ്ണ ചകോരം നേടുകയുണ്ടായി. മറ്റു പല ചലച്ചിത്രമേളകളിലും ശ്രദ്ധനേടിയ പാരിസ്ഥിതികപ്രാധാന്യമുള്ള ഈ ചലച്ചിത്രം നമ്മുടെ ജീവിതപരിസരങ്ങ ളിലും ഏറെ പ്രസക്തമാണ്.

'നമ്മുടെ വീട്' എന്ന അർത്ഥം വരുന്ന ഉതാമ ബൊളിവിയയിലെ ഗ്രാമീണ ജീവിതത്തിന്റെ കഥയാണ് പറയുന്നത്. പുതിയകാലത്തും ഇതു പോലെ പ്രകൃതിയെ ചേർത്തുനിർത്താൻ കഴിയുന്ന ചിത്രങ്ങൾ എടുക്കാൻ കഴിയുന്നു എന്നത് മാറിയ സിനിമാസ്വാദനവുമായി നിലകൊള്ളുന്ന നമുക്ക് അതിശയകരമായി തോന്നാം.

'ഉതാമ' ഒരേ സമയം ഒരുപാട് കാര്യങ്ങൾ നമ്മെ ഓർമിപ്പിക്കു ന്നുണ്ട്. സ്വന്തം ദേശം, പ്രകൃതി, സംസ്കാരം ഇവയോടുള്ള മനുഷ്യന്റെ വേർപെടുത്താനാവാത്ത ഹൃദയബന്ധം, എത്ര ദുഷ്കരമായ ചുറ്റുപാടിൽപോലും സ്വന്തം വീടെന്ന സങ്കൽപ്പത്തിന്റെ പ്രാധാന്യം, മനുഷ്യർ തമ്മിലുള്ള ആത്മബന്ധത്തിന്റെ ആഴങ്ങൾ ഇവ ചർച്ച ചെയ്യുന്നു ഈ ചിത്രം. മാജിക്കൽ റിയലിസത്തിന്റെ ഭാവുകത്വം അനുഭവിപ്പിക്കുമ്പോഴും ഉതാമ ജീവിതത്തിന്റെ ദുഃഖസാന്ദ്രതയെ അത്രമേൽ യാഥാർത്ഥ്യത്തോടെ തന്നെയാണ് പകർത്തി യിരിക്കുന്നത്. ഗ്ലോബൽവാമിങ്ങും പ്രകൃതിക്കു കൈവരുന്ന പ്രവചനാതീത മായ പരിണാമങ്ങളുമൊക്കെ വെല്ലുവിളിയായി മാറുന്ന ഈ പുതിയകാലഘട്ട ത്തിൽ, സ്പാനിഷ് ഭാഷയിൽ ഒരുക്കിയ ഈ ബൊളീവിയൻ സിനിമ ഹൃദയസ്പർശിയായൊരു ചലച്ചിത്രാനുഭവമായിമാറുന്നു.

ഒരുപക്ഷേ, പാശ്ചാത്യ വികസിതസമൂഹത്തിന് അന്യമായൊരു ലോകത്തിന്റെ കാഴ്ചകളാവാം ഉതാമ നമുക്ക് മുന്നിൽ തുറന്നുകാട്ടുന്നത്. ബൊളീവിയയുടെ പർവ്വതചെരുവുകളോടുചേർന്ന് കിടക്കുന്ന വിദൂരമായ വരണ്ട ഗ്രാമഭൂമിയിലെ പ്രദേശികജനതയുടെ ജീവിതം. ഇവിടുത്തെ ഗ്രാമ ത്തിൽ താമസിക്കുന്ന വൃദ്ധദമ്പതികളായ വിർജിനിയോയുടെയും സിസോയു

ടെയും ഏകാന്തജീവിതമാണ് സിനിമയുടെ ഇതിവൃത്തം. വർഷങ്ങളായി ആ ഗ്രാമത്തിലെ ശാന്തമായ ജീവിതത്തോട് ഇഴുകി ചേർന്നവരാണ് അവർ. മറ്റൊരു ലോകം അവരുടെ മനസ്സിലോ അനുഭവങ്ങളിലോ ഇല്ല. വീട്ടുമുറ്റത്തു നിന്ന് കാണുന്ന നീലാകാശവും വിദൂരമായ പർവതച്ചെരിവുകളും, വരണ്ട മരുഭൂമിക്ക് സമാനമായ മണ്ണും, പക്ഷേ, എത്ര പ്രയാസമേറിയ ചുറ്റുപാടാണെങ്കിലും അത് അവരുടെ സ്വന്തം ദേശമാണ്. സ്വന്തം വീടാണ്, സ്വന്തം ആകാശവും പർവ്വതങ്ങളുമാണ്. സ്വന്തം പാരമ്പര്യമാണ്.

പക്ഷേ, അടുത്ത കാലത്തുണ്ടായ അസാധാരണവും പ്രവചനാതീതവുമായൊരു വരൾച്ച ആ ഗ്രാമത്തെ ഗ്രസിച്ചിരിക്കുന്നു. അവിടെ ജീവിതം തുടരുന്നതുതന്നെ ഇനി ദുർഘടമാവുമെന്ന് ഭീഷണിയോടെ ഓർമിപ്പിക്കുന്ന വിധത്തിൽ എല്ലാവരും ആ ഗ്രാമം വിട്ടുപോവുകയാണ്. വൃദ്ധദമ്പതികളായ വിർജിനിയോയും സിസയും അവിടം വിട്ട് നഗരത്തിലുള്ള ബന്ധുക്കളുടെ അടുത്തേക്ക് കുടിയേറണോ, അതോ എന്താവും ഭാവിയെന്ന് അറിയില്ലാത്ത പ്രതീക്ഷാരഹിതമായ ആ ദേശത്തു തന്നെ ജീവിതം തുടരണോയെന്ന് തീരുമാനിക്കേണ്ടതുണ്ട്. ആ ഗ്രാമവും ദേശവും വിട്ടുപോകാൻ തീർത്തും മടിക്കുകയാണ് വൃദ്ധനായ വിർജിനിയോ. ആരൊക്കെ നിർബന്ധിച്ചിട്ടും അയാൾ തന്റെ പിടിവാശിയിൽ ഉറച്ചുനിൽക്കുന്നു. സ്വന്തം തീരുമാനത്തിന്റെ ഭവിഷ്യത്തുകൾ എന്തായാലും അയാളും ഭാര്യയും നേരിടേണ്ടതുണ്ട്.

സിനിമയുടെ ഫ്രെയിമുകളിൽ ഉടനീളം പ്രതിഫലിക്കുന്ന ബൊളിവിയൻ പർവതതാഴ്‌വാരം, ആ വരണ്ട ഭൂമികയുടെ വെയിലാളുന്ന കാഴ്ചകൾ, ഇവ വൃദ്ധദമ്പതികളുടെ പ്രതീക്ഷയില്ലാത്ത ജീവിതംപോലെ നമ്മെ നൊമ്പരത്തിലാഴ്ത്തുന്നുണ്ട്. പരിഷ്കൃതസമൂഹത്തിന്റേതായ അനുഗ്രഹങ്ങളൊന്നും അവിടെയില്ല. വൃദ്ധൻ തന്റെ വളർത്തുമൃഗങ്ങളുടെ കൂട്ടത്തെ മേയ്ക്കാൻ ഇറങ്ങുമ്പോൾ അയാളുടെ ഭാര്യ ദൂരെയുള്ള അരുവിക്കരയിലേക്ക് മറ്റ് സ്ത്രീകൾക്കൊപ്പം ഇത്തിരി ജലം തേടി പോകുന്നു. ഗ്രാമത്തിലുള്ള എല്ലാവരും തന്നെ പ്രകൃതിയുടെ മാറ്റങ്ങളുടെ കനിവില്ലായ്മയിൽ ആശങ്ക നിറഞ്ഞവരാണ്.

പ്രായത്തിന്റേതായ അവശതകളും ഇല്ലായ്മയുമെല്ലാം വൃദ്ധദമ്പതികളെ വലയ്ക്കുന്നുണ്ട്. രോഗത്തിന്റെ കാഠിന്യം നിഴലിക്കുന്ന ചുമ വിർജിനിയോയെ പലപ്പോഴും തളർത്തിക്കളയുന്നു. വരണ്ടുവിണ്ടുണങ്ങിയ പച്ചപ്പിന്റെ ഒരു തരിയോ ഒരു മഴത്തുള്ളിയുടെ നനവുപോലുമോ ഇല്ലാത്ത ഗ്രാമഭൂമിയുടെ ദൃശ്യങ്ങൾ മനസ്സിനെ ഹതാശമാക്കുമ്പോഴും അയാൾ പിടിച്ചുനിൽക്കുകയാണ്. പശ്ചാത്തലസംഗീതമില്ലാത്ത ഫ്രെയിമുകളിൽ വൃദ്ധന്റെ ദീർഘമായ ആയാസപ്പെട്ടുള്ള ശ്വാസോച്ഛ്വാസത്തിന്റെ താളവും പർവതച്ചെരിവിലെ കാറ്റിന്റെ മൂളലുമാണ് വേദനിപ്പിക്കുന്ന സംഗീതമാകുന്നത്.

വരൾച്ച പിടിമുറുക്കിയ ആ ഗ്രാമംവിട്ട് ഗ്രാമവാസികൾ പോകുമ്പോഴും വൃദ്ധനും ഭാര്യയും അവിടം ഉപേക്ഷിച്ചുപോകാൻ തയ്യാറാകുന്നില്ല. അവിടംവിട്ടുള്ള പുതിയൊരു ജീവിതം അയാളുടെ സ്വപ്നങ്ങളിൽ ഇനിയില്ലാത്തതുപോലെ. വരണ്ട ആകാശത്ത് വട്ടമിട്ടു പറക്കുന്ന പരുന്തിന്റെ അദൃശ്യമായ വൃത്തങ്ങളിൽ അയാൾ തന്റെതന്നെ വിധിയുടെ നിയതമായ കാഴ്ചകൾ തിരിച്ചറിയുന്നുണ്ടാവാം. തന്റെ ജീവിതത്തിന്റെയും അറുതിയുടെയും പ്രതിബിംബമാകാം ആ പക്ഷിയുടെ ദുഃശ്ശകുനം പോലുള്ള പറക്കൽ.

ഇല്ലായ്മയും രോഗാവശതകളുമെല്ലാം പരീക്ഷണമാക്കുന്ന ആ ജീവിതത്തിലും വൃദ്ധദമ്പതികളുടെ സ്നേഹത്തിന്റെ ആഴം പ്രേക്ഷകരുടെ ഹൃദയത്തെ തൊടുന്നു. നഗരത്തിലേക്കുപോയാൽ അവർക്ക് ശിഷ്ടകാലം വളരെ സുഖമായും എളുപ്പത്തിലും കഴിച്ചുകൂട്ടാനാകുമെന്ന് ബന്ധുക്കൾ അവരോട് പറയുന്നുണ്ട്. പക്ഷേ, വൃദ്ധൻ ആ ക്ഷണവും നിരസിക്കുകയാണ്. കാരണം അയാളെ ആ ഭൂമിയുമായി പിടിച്ചു ചേർത്തുവയ്ക്കുന്ന അദൃശമായ പാരമ്പര്യത്തിന്റെ ചരടുകളുണ്ടാകാം. ഈ ഗ്രാമത്തിന്റേതായ സംസ്കാരം, അതുവിട്ടൊരു ജീവിതം തനിക്കില്ലെന്ന് അയാൾ തിരിച്ചറിയുന്നു. ഭാര്യയേക്കാളും അയാളിലാണ് ഈ പിടിവാശി കൂടുതൽ. തന്റെ അവസാനദിനങ്ങൾ അവിടെ ചെലവഴിക്കാനാണ് അയാൾ ആശിക്കുന്നത്. തന്റെ അവസാനം അയാൾ മുൻകൂട്ടി കാണുകയും ചെയ്യുന്നു. ആകാശത്തു വട്ടമിട്ടുപറക്കുന്ന പരുന്തിന്റെ കാഴ്ചയും ഒരു ഓർമപ്പെടുത്തൽപോലെയാണ്.

സ്വന്തം ജീവിതംപോലെതന്നെ വരണ്ടുണങ്ങിയ ആ ഭൂമികയുടെയും വിദൂരമായ മലമടക്കുകളുടെയും ദൃശ്യങ്ങളിൽ കണ്ണുനട്ട് വൃദ്ധൻ നേരം ചെല വിടുന്നു. ഇടയ്ക്ക് റിബൺ കെട്ടിയ വളർത്തുമൃഗങ്ങളുടെ കൂട്ടത്തെ മേയ്ക്കാനായി പുറത്തേക്ക് പോകുന്നു.

അവരുടെ ഏകാന്തതയിലേക്ക് കൊച്ചുമകനായ ക്ലെവർ നഗര ത്തിൽനിന്ന് വന്നെത്തുകയാണ്. പേരക്കുട്ടിയോടവർക്കുള്ള സ്നേഹവും കരുതലും ഗ്രാമീണ ജീവിതത്തിന്റെ നിഷ്കളങ്കത വെളിപ്പെടുത്തുന്നു. മുത്തച്ഛ നോടും മുത്തശ്ശിയോടുമുള്ള അടുപ്പം അവരെ തനിച്ചാക്കി പോകാൻ അവനെ അനുവദിക്കുന്നില്ല. മുത്തച്ഛന്റെ രോഗത്തിന്റെ കാഠിന്യവും അവനെ അലട്ടുന്നു. അവിടുത്തെ ഇല്ലായ്മയിലും ഇത്തിരി സന്തോഷവും സ്നേഹവും പങ്കിട്ട് അവർ ദിനങ്ങൾ ചെലവഴിക്കുന്നു. പക്ഷേ ഗ്രാമത്തിലെ വറുതി ഓരോ ദിവസവും ഏറിവരികയാണ്. ഗ്രാമം വിട്ടുപോകാനുള്ള കൊച്ചുമകന്റെ നിർബന്ധത്തിനും മുത്തച്ഛൻ വഴങ്ങുന്നില്ല. ഒടുവിൽ കൊച്ചുമകൻ ഒരു ഡോക്ടറെ കൂട്ടിക്കൊണ്ടു വരുമ്പോഴും ആ ഗ്രാമത്തോടുള്ള അടുപ്പത്തെക്കുറിച്ചാണ് അയാൾ പറയുന്നത്. താൻ ജനിച്ചുവളർന്ന് ജീവിച്ച ആ മണ്ണിൽത്തന്നെ അവസാനം അലിഞ്ഞു ചേരാനുള്ള ആഗ്രഹമാവാം വൃദ്ധനെ അവിടംവിട്ടുപിരിയാതിരിക്കാൻ പ്രേരിപ്പിക്കുന്നത്. ഗ്രാമത്തിലെ വറുതിയിലൂടെ അലയുമ്പോൾ, അയാളുടെ ഓർമയിലേക്ക് പഴയൊരു നാടൻപാട്ടിന്റെ ശീലുകളുടെ മാധുര്യം ഒഴുകിയെ ത്തുന്നുണ്ട്. ഭൂതകാലത്തിന്റെ ആർദ്രമായൊരു തലോടൽപോലെ. ഇതാണ് സിനിമയിലെ ഏകഗാനം.

ഒരിക്കൽ അയാൾ തന്റെ വളർത്തുമൃഗങ്ങളുമായി ഉരുകുന്ന വെയിലി ലൂടെ നടക്കുമ്പോൾ രോഗത്തിന്റെയും ചുമയുടെയും കാഠിന്യം മൂർച്ഛിച്ച് തളർന്നുവീഴുന്നു. അയാളുടെ അവശത ഭാര്യയെയും കൊച്ചുമകനെയും അങ്ങേയറ്റം തളർത്തിക്കളയുന്നു. മരണക്കിടക്കയിൽ അയാളുടെ കരങ്ങൾ ചേർത്തുപിടിക്കുന്ന ഭാര്യയുടെ നിശ്ശബ്ദനൊമ്പരം വാക്കുകൾക്കതീതമാണ്.

വൃദ്ധന്റെ ഹൃദയാഭിലാഷംപോലെതന്നെ അയാളുടെ മരണശേഷ മുള്ള വിലാപയാത്രയും അന്ത്യവിശ്രമവും ആ ഗ്രാമത്തിന്റെ മണ്ണിൽത്തന്നെ

നടക്കുന്നതാണ് സിനിമയുടെ അവസാന ഫ്രെയിമുകളിൽ. കൊച്ചുമകനും യാത്രയായശേഷം തനിച്ചാകുന്ന മുത്തശ്ശി സിസോ ഇനി മറ്റു ഗ്രാമീണർ ക്കൊപ്പം ആ ഗ്രാമം വിട്ടുപോകുകയാവാം. ഇപ്പോൾ വിദൂരമായ പർവതച്ചെരി വുകളിൽ മഴയുടെ പച്ചപ്പ് തെളിയുന്നുണ്ട്.

'ഉതാമ' എന്നാൽ തെക്കേ അമേരിക്കൻ ബൊളിവിയൻ പർവത ച്ചെരിവുകളിലെ ജനതയുടെ നാട്ടുഭാഷയിൽ വീട് (ഹോം) എന്നാണ് അർഥമാക്കുന്നത്. വീടിനോട് മനുഷ്യഹൃദയത്തിൽ ആദിമമായൊരു അടുപ്പ മുണ്ട്. താൻ ജനിച്ചു വളർന്ന മണ്ണിനോടും. പ്രകൃതി അവന്റെ ഹൃദയത്തിന്റെ തന്നെ ഭാഗമാണ്. അതുകൊണ്ടാണ് പറിച്ചുനടലുകൾ അവനു ദുഷ്കരമാകു ന്നത്. ഉതാമയെന്ന ചലച്ചിത്രം ഇതിനെക്കുറിച്ചെല്ലാം വിലാപാത്മകമായി പറയുന്നു. ഒപ്പം മനുഷ്യജീവിതത്തിന്റെ പോരാട്ടത്തെയും ദുഃഖാത്മകതയെയും കുറിച്ച് കൂടി ഓർമ്മിപ്പിക്കുന്നു.

ബൊളിവിയൻ പ്രകൃതിയുടെ ഗാംഭീര്യം നിറഞ്ഞതാണ് സിനിമാ റ്റോഗ്രഫി. പുരസ്കാരം നേടിയ പ്രഗത്ഭ സിനിമാറ്റോഗ്രഫറായ ബാർബറാ അൽവാരിസിന്റെ ഫ്രെയിമുകൾ സിനിമയ്ക്ക് ഗംഭീരവും സവിശേഷവുമായൊരു മനോഹാരിത പകരുന്നു. ജോസ് കൽസിന (വിർജിനിയോ), ലൂസിയ ക്വിസേപെ (സിസ), സാന്റോസ് ഷോക്ക് (ക്ലെവർ) എന്നിവർ തങ്ങളുടെ കഥാപാത്രങ്ങൾ അവിസ്മരണീയമാക്കി.

**ആഖ്യാനശൈലി**

വളരെ ലളിതമായ ആഖ്യാനശൈലിയാണ് ഈ ചിത്രം സ്വീകരിച്ചി രിക്കുന്നത്. ഗ്രാമജീവിതത്തിന്റെ പതിഞ്ഞതാളത്തിലാണ് സിനിമ മുന്നോട്ടു നീങ്ങുന്നത്. ദിനചര്യകളെ ക്യാമറയിൽ പകർത്തുന്ന രീതിയിലുള്ള ചിത്രീ കരണം. ഒരു തിരക്കഥയെ ഉപജീവിക്കുന്നതായി പ്രേക്ഷകന് തോന്നു കയില്ല.

രണ്ടു ശയ്യകളിലായി ഒരു ജാലകത്തിനരികിൽ ശയിക്കുന്ന വൃദ്ധദമ്പതിമാരുടെ ഫ്രെയിമിലൂടെയാണ് സിനിമ ആരംഭിക്കുന്നത്. ജാലക

ത്തിലൂടെ ഒരു പെയിന്റിംഗ് പോലെ പ്രകൃതിയുടെ ദൃശ്യം കാണാം. നിശ്ചല ചിത്രങ്ങളുടെ ശക്തി ഓർമ്മിപ്പിക്കുന്ന ഫ്രെയിമുകളാണ് ചിത്രത്തിന്റെ ആഴം കൂട്ടുന്നതെന്ന് പറയാം. അവരുടെ യൗവ്വനം ചോർന്നുപോയിരിക്കുന്നു. പക്ഷേ സ്നേഹം അതിതീവ്രമായി നിലനിൽക്കുന്നു. മനുഷ്യജീവിതത്തിന്റെ നിസ്സഹാ യതയെ ഓർമ്മിപ്പിക്കുന്ന ഈ ദൃശ്യങ്ങൾ. തളംകെട്ടി നിൽക്കുന്ന കാലം കാവ്യാത്മകമായി നമ്മെ സ്പർശിക്കുന്നു. അധികം സംഭാഷണങ്ങളില്ലാതെ തന്നെ ആ കഥാപാത്രങ്ങളെ പ്രേക്ഷകനിലേക്കെത്തിക്കുന്ന സംവിധാന മികവ് എടുത്തുപറയേണ്ടതുണ്ട്.

നാടകീയതകളൊന്നുമില്ലാത്ത അതിലളിതമായ ഒരു കഥയാണ് ഉതാമ പറയുന്നത്. ജീവിതത്തിന്റെ അവസാനദിനങ്ങളിലൂടെ കടന്നു പോകുന്ന വൃദ്ധദമ്പതികൾ. പ്രായം അവരുടെ ശരീരത്തെ തളർത്തിയിരി ക്കുന്നു. പക്ഷെ അവരുടെ വേരുകളുള്ള മണ്ണ് അവർക്കിന്നും പുതുമയാണ്. മരണത്തിനുപോലും അവരെ എങ്ങോട്ടെങ്കിലും കൊണ്ടുപോകാൻ കഴിയും എന്ന തോന്നൽ അവരിലില്ല. ഒരു വൃക്ഷം പ്രകൃതിയോടു വിനിമയം ചെയ്യുന്നതുപോലെയാണ് കഥാനായകനായ വിർജിനിയോ ആ മലനിരക ളോടും ആകാശത്തോടും സംവദിക്കുന്നത്. ഓരോ ദിനവും അയാൾ ഹൃദയാ ഹ്ലാദത്തോടെയാണ് ജീവിതം ആരംഭിക്കുന്നത്. തന്റെ ജീവിതത്തെക്കുറി ച്ചുള്ള സൂചനകൾ പ്രകൃതിയിൽനിന്നുതന്നെ അദ്ദേഹത്തിന് ലഭിച്ചുകഴിഞ്ഞു. ഡോക്ടറുടെ വരവും കൊച്ചുമകനും മുത്തശ്ശിയും തമ്മിലുള്ള സംഘർഷഭരിത മായ സംഭാഷണവും അയാളിൽ ഉത്കണ്ഠ സൃഷ്ടിക്കുന്നില്ല. പ്രകൃതിയുടെ ഭാഗമായി വിർജിനിയോ ഒറ്റയ്ക്കുനിൽക്കുന്ന ചില ഫ്രെയിമുകൾ സവിശേഷം എന്നുമാത്രമേ പറയാൻ കഴിയൂ. നാടിനെ വല്ലാത്തൊരു പ്രതിസന്ധിയിലാ ക്കിയ ജലക്ഷാമത്തെ മറികടക്കാൻ കഴിയുന്ന ഒരു പ്രശ്നമായി മാത്രമേ അയാൾ കാണുന്നുള്ളൂ. മനുഷ്യന്റെ നിശ്ചയദാർഢ്യവും പ്രകൃതിയോടുള്ള അഗാധബന്ധവുമാണ് അയാളുടെ കരുത്ത്. മരണത്തെപ്പോലും ഒരു നിദ്രയായി അവതരിപ്പിക്കുന്ന ചിത്രത്തിലെ രംഗം എടുത്തുപറയേണ്ടതുണ്ട്. അയാൾ ഉണരാത്ത പ്രഭാതം തേങ്ങലുകളാൽ നിറയുന്നു. പ്രിയപ്പെട്ടവർക്കരി

കിൽ ശാന്തനായി ഉറങ്ങുകയാണയാൾ. പ്രകൃതിയുടെ നിയമങ്ങൾ സവിനയം സ്വീകരിക്കുന്ന മനുഷ്യന്റെ വിധേയത്വം ഇവിടെ പ്രകടമാകുന്നു.

സാങ്കേതികവിദ്യയുടെ കുതിച്ചുചാട്ടം ഈ ചിത്രത്തെ സ്വാധീനിച്ചിട്ടില്ല. ക്യാമറടെക്നിക്കുകളോ നാടകീയമായ ആഖ്യാനരീതികളോ ഈ ചിത്രത്തിലില്ല. നിശ്ശബ്ദതയുടെ സംഗീതമാണ് ഇതിന്റെ ഫ്രെയിമുകളെ ആകർഷമാക്കുന്നത്. പ്രകൃതിയെ അതിന്റെ സ്വാഭാവികമായ മുഖഭാവത്തിൽ ചിത്രം അനാവരണം ചെയ്യുന്നു. സംവിധായകൻ അലിജാൻഡ്രോ ഒരു അഭിമുഖത്തിൽ ഇങ്ങനെ പറയുന്നുണ്ട്. ബൊളീവിയൻ ഭാഷയുടെയും സംസ്കാരത്തിന്റെയും തനിമ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാലമാണ്. 70കളിൽ ജനതയുടെ 70 ശതമാനവും ഗ്രാമങ്ങളിലായിരുന്നു വസിച്ചിരുന്നത്. 50 വർഷം കൊണ്ട് ഭൂരിഭാഗവും നഗരവാസികളായി ജീവിതം തന്നെ മാറിമറിഞ്ഞു. നഗരവത്കരണം നാടിന്റെ മുഖച്ഛായ മാറ്റി. വികസനമെന്നാൽ നഗരങ്ങളെ സൃഷ്ടിക്കുക എന്ന ചിന്തയാണ് ലോകത്തെ ഭരിക്കുന്നത്. പ്രകൃതിയുടെ താളംതെറ്റുന്ന ഒരു പ്രക്രിയയാണിത്.

**പ്രകൃതിയും മനുഷ്യനും**

പ്രകൃതിയുടെ ഭാഗമായിനിന്ന് നാം വളർത്തിയെടുത്ത മാനസിക ലോകം നഷ്ടമാക്കിയതിനുശേഷം സാങ്കേതികവിദ്യയുടെ അത്ഭുതങ്ങൾ നിറഞ്ഞ ബാഹ്യലോകം സൃഷ്ടിക്കാനൊരുങ്ങുകയാണ് നാം. ആധുനിക കാലത്ത് മനുഷ്യന്റെ ഭൂമിയിലെ സാന്നിധ്യത്തിന്റെ രൂപകങ്ങൾ ബുൾഡോസറുകളാണ്. ജൈവീകമായ ആവശ്യങ്ങളുടെ പൂരണത്തിനല്ല ജീവിതത്തിന്റെ ചാക്രികതയിൽനിന്ന് വഴിമാറിക്കൊണ്ട് രേഖീയവും നിലയ്ക്കാത്തതുമായ പുരോഗതിയെന്ന സങ്കല്പത്തിലേക്കാണ് മനുഷ്യൻ കുതിക്കുന്നത്.[1] നഗരത്തിൽനിന്നെത്തുന്ന കൊച്ചുമകൻ ക്ലെവർ ഈ നാഗരികതയുടെ പ്രതിനിധിയാണ്. അവനെ സംബന്ധിച്ചിടത്തോളം ആ ഗ്രാമം മനുഷ്യവാസത്തിന് യോഗ്യമല്ല. വളരെ കൗതുകത്തോടെ നോക്കിക്കാണുമ്പോഴും അവിടെ നിന്ന് തന്റെ മുത്തച്ഛനേയും മുത്തശ്ശിയേയും കൊണ്ടുപോകുവാൻ അവനാഗ്രഹിക്കുന്നു. അതിൽ വിജയിക്കുമെന്ന് അവൻ വിശ്വസിക്കുന്നു.

എന്നാൽ പതുക്കെ ആ ഗ്രാമീണരുടെ ജീവിതശൈലി അവൻ മനസ്സിലാക്കുന്നു. തന്റെ രോഗത്തെപ്പോലും അവഗണിച്ച് ദിനചര്യകളുമായി മുന്നോട്ടുപോകാനാണ് വൃദ്ധൻ ഇച്ഛിക്കുന്നത്. അയാളുടെ നിർബന്ധബുദ്ധി വ്യക്തിത്വത്തിന്റെ ഭാഗമാണ്. യാതനകളേയും രോഗത്തേയും ജീവിതത്തിന്റെ ഭാഗമായി അയാൾ കാണുന്നു. തന്റെ മരണം തൊട്ടരികിൽത്തന്നെയുണ്ടെന്ന് അയാൾ മനസ്സിലാക്കുന്നു. പക്ഷേ അയാൾ ആശങ്കാകുലനല്ല, നിർഭയനായി നിലകൊള്ളുന്നു.

പുതിയ ലോകസിനിമ വസ്തുനിഷ്ഠമായി ജീവിതത്തെ അടുത്തറിയാൻ ശ്രമിക്കുന്നു. നാടിന്റെ രാഷ്ട്രീയവും സാമൂഹികവും പാരിസ്ഥിതികമായ കാഴ്ചപ്പാടുകളും ഫീച്ചർ ഫിലിമുകളായും ഡോക്യുമെന്ററികളായും വന്നുകൊണ്ടിരിക്കുകയാണ്.

സിനിമ എന്ന കലാരൂപത്തിന് ഭൂമിശാസ്ത്രപരമായും ദൃശ്യപരമായും പരിമിതികളില്ല. പ്രാദേശികജനതയുമായി അത് ആശയവിനിമയമോ വിനോദവിനിമയമോ നടത്തുന്നതിനാൽ അത് പ്രാദേശികമായി ഒതുങ്ങി നിൽക്കണമെന്ന് അർത്ഥമില്ല.[2] ലോകസിനിമ എന്ന് നാം വിളിക്കുന്ന ചിത്രങ്ങൾ തികച്ചും പ്രാദേശികമായി ചിത്രീകരിക്കുന്നവയാണ്. സാങ്കേതികമായ മികവുകൊണ്ട് മാത്രം ലോകസിനിമയുടെ വിഭാഗത്തിൽ എത്തുകയില്ല. ഒരു കലയെന്ന നിലയിൽ സിനിമയെ ഉൾക്കൊണ്ട് വിപണിയെ മറന്നുകൊണ്ട് ചെയ്യുന്ന ചിത്രങ്ങളാണ് ഈ രീതിയിൽ ശ്രദ്ധിക്കപ്പെടുന്നതെന്ന് മനസ്സിലാക്കാം. ഉതാമ പോലുള്ള ചിത്രങ്ങൾ ആ നാട്ടിലൂടെയുള്ള സഞ്ചാരത്തിലൂടെ ഒരു സിനിമാറ്റോഗ്രഫർ എന്ന നിലയിൽ ധാരാളം ദൃശ്യങ്ങൾ പകർത്തുന്നതിലൂടെ ആ നാടിന്റെ സ്പന്ദനങ്ങൾ മനസ്സിലാക്കി ചെയ്ത സിനിമയാണ്. അതുകൊണ്ടുതന്നെ ആ ദേശം ഒരു കഥാപാത്രമെന്ന വണ്ണം സിനിമയിൽ നിറയുന്നത്.

സിനിമ വികസിത മുതലാളിത്തത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും ആഗോള അജണ്ടകളുടെ ഭാഗമാണെന്നത് വ്യക്തമാണ്.[3] പ്രാദേശികതയും ദേശീയതയും അവിടെ വിപണിയുടെ കണ്ണിലാണ് ചിത്രീകരിക്കപ്പെട്ടു

ന്നത്. വിപണിയിൽനിന്നും മാറിനിന്നുകൊണ്ടുള്ള സൃഷ്ടിയിൽ മാത്രമാണ് അതൊരു കലയെന്ന ആർജ്ജവത്വം നേടിയെടുക്കുന്നത്.

നമ്മുടെ ചലച്ചിത്രങ്ങളുടെ പരിമിതികൾ നമുക്ക് ബോധ്യപ്പെടുക മറ്റു ചില മൂന്നാംലോകരാജ്യങ്ങളിലെ ചലച്ചിത്രശ്രമങ്ങളെ അടുത്തറിയുമ്പോഴാണ്. ബൊളീവിയയിലും അർജന്റീനയിലും അടിച്ചമർത്തലുകൾക്കിടയിൽ പൊരുതുന്ന സിനിമയുടെ ഉത്തമമാതൃകകൾ ഉണ്ടായിട്ടുള്ളതായി കാണാം.[4]

ഉതാമ പോലുള്ള ചിത്രങ്ങൾ ഉയർത്തുന്ന പ്രശ്നങ്ങൾ അതിലേറെ ഇന്ത്യൻ സമൂഹം നേരിടുന്നുണ്ട്. ഈ ചിത്രങ്ങൾ നൽകുന്ന അനുഭവങ്ങൾ നമ്മുടെ പ്രേക്ഷകരെയും ആഴത്തിൽ സ്വാധീനിക്കുന്നു എന്നതിനു തെളിവാണ് ചലച്ചിത്ര മേളകളിൽ ലഭിക്കുന്ന അംഗീകാരം. നമ്മുടെ പ്രേക്ഷക സമൂഹം വീണുകിടക്കുന്ന ചതിക്കുഴികളെപ്പറ്റിയും ഒപ്പം അവരുടെ സാമൂഹ്യാവസ്ഥകളെപ്പറ്റിയുമുള്ള ബോധം ഒരു ചലച്ചിത്രകാരന് ആവശ്യമാണ്.

മധ്യവർഗ്ഗത്തിന്റെ വൈകാരികതയെ മാത്രമാണ് നമ്മുടെ സിനിമ അഭിസംബോധന ചെയ്യുന്നത്. നമ്മുടെ സിനിമകളിലെ പ്രകൃതിയുടെ ചിത്രണം പലപ്പോഴും വെറുമൊരു പിൻകർട്ടൻ മാത്രമാണ്. കഥയിലെ നാടകീയതകൾ മാത്രമാണ് നമ്മുടെ ആകർഷണവലയം. ഉപരിപ്ലവമായ ചിന്തകൾ മാത്രം നൽകുന്ന സിനിമാസംസ്കാരം വെറും വാണിജ്യാവശ്യങ്ങൾ മാത്രമേ നിറവേറ്റുന്നുള്ളൂ. സിനിമ വെറും വ്യവസായമായിക്കാണുന്ന മൂലധന ശക്തികളുടെ ആധിപത്യം കാരണം ചലച്ചിത്രനിർമ്മാണംതന്നെ അസാധ്യമാകുന്ന സാഹചര്യം ഇവിടെ നിലവിൽ വന്നുകഴിഞ്ഞു. സാങ്കേതികതയുടെ കുതിച്ചുചാട്ടം ആഘോഷിക്കുന്ന പ്രേക്ഷകർ ഇങ്ങനെയുള്ള കഥകളോ ആഖ്യാനരീതികളോ സ്വീകരിക്കണമെന്നില്ല. ഇവർക്ക് മുന്നിൽ നമ്മുടെ ജീവിതം അഭിസംബോധന ചെയ്യുന്ന ഒരു ചിത്രത്തിന്റെ സൃഷ്ടി സംവിധായകന് വെല്ലുവിളിയാണ്.

പുതിയ സിനിമാപഠനങ്ങൾ ഉതാമ പോലുള്ള ചലച്ചിത്രങ്ങളുടെ പ്രസക്തി ലോകത്തിനുമുന്നിൽ അവതരിപ്പിക്കേണ്ടതുണ്ട്. ഹരിതസിനിമാ നിരൂപണം സിനിമയിലെ പ്രകൃതിയോടുള്ള സമീപനത്തെ രേഖപ്പെടുത്താ

നുള്ള ശ്രമമാണ്. സാഹിത്യത്തിൽനിന്നും സംസ്കാരപഠനത്തിലേക്കും സ്വാഭാവികമായും സിനിമയിലേക്കും ഈ നിരൂപണരീതി എത്തപ്പെട്ടു. ഏതു രീതിയിൽ പ്രകൃതിയെ ആവിഷ്കരിക്കപ്പെടുന്നു എന്ന അന്വേഷണത്തിൽ വാണിജ്യസിനിമകളും സമാന്തരസിനിമകളുമെല്ലാം പഠനവിധേയമായി ട്ടുണ്ട്. പരിസ്ഥിതിസിനിമകളെക്കുറിച്ച് നിരവധി ചർച്ചകൾ നടന്നുകൊണ്ടി രിക്കുന്നു. യാഥാർത്ഥ്യത്തെ കാല്പനികമായി അവതരിപ്പിക്കുന്ന സമീപന രീതിയല്ല ഇവിടെ ആവശ്യം. പ്രകൃതിയെയും അതിന്റെ സംരക്ഷണത്തെയും കണ്ടുകൊണ്ടുള്ള ആവിഷ്കാരങ്ങളാണ് പ്രധാനം. പ്രകൃതിയുടെ സമ്പൂർണ്ണത മനസ്സിലാക്കുവാനുള്ള ശ്രമം ഉണ്ടാവണം. ഹരിതനിരൂപണം പല ജ്ഞാനശാസ്ത്രങ്ങളും രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പാരിസ്ഥിതിക ധാരണ, അവബോധം എന്നിവ വികസിപ്പിക്കുന്നതിന് സിനിമകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന് പറയാം.

**കുറിപ്പുകൾ**

1. മധുസൂദനൻ ജി., കഥയും പരിസ്ഥിതിയും, പുറം 13.
2. സാബു ശങ്കർ, രൂപിമങ്ങൾ സ്വനിമങ്ങൾ സിനിമയുടെ രസദർശനങ്ങൾ, പുറം 261.
3. രവീന്ദ്രൻ, സിനിമ സമൂഹം പ്രത്യയശാസ്ത്രം, പുറം 8.
4. ജോസഫ് വി.കെ., സിനിമയും പ്രത്യയശാസ്ത്രവും, പുറം 24.

**ഗ്രന്ഥസൂചി**


1. മധുസൂദനൻ ജി., *കഥയും പരിസ്ഥിതിയും*, കറന്റ് ബുക്സ്, തൃശ്ശൂർ, 2000.
2. ജോസഫ് വി.കെ., *സിനിമയും പ്രത്യയശാസ്ത്രവും*, സാംസ്കാരിക വകുപ്പ്, കേരള സർക്കാർ, 1997.
3. രവീന്ദ്രൻ, സിനിമ സമൂഹം പ്രത്യയശാസ്ത്രം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2007.
4. സാബു ശങ്കർ, *രൂപിമങ്ങൾ സ്വനിമങ്ങൾ സിനിമയുടെ രസദർശനങ്ങൾ*, പ്രഭാത് ബുക്ക് ഹൌസ്, തിരുവനന്തപുരം, 2012
5. Stephen Rust, Salma Monani & Sean Cubitt (Ed.), Eco Cinema – Theory and Practice, Routledge, Newyork, London, 2013.

# സംസ്കാരവ്യവസായവും ചലച്ചിത്രഗാനങ്ങളിലെ മുസ്ലീം ജീവിതാഖ്യാനവും

ഡോ. സിജ്ജ കെ.ഡി.

**പ്രബന്ധസംഗ്രഹം**

സംസ്കാരപഠനം മുന്നോട്ട് വച്ച ഉൾക്കാഴ്ചകളിൽ നിന്നുകൊണ്ട് കേരളത്തിലെ ജനപ്രിയ ഗാനശാഖയായ ചലച്ചിത്രഗാനങ്ങളിൽ മുസ്ലീം ജനവിഭാഗം പ്രതിനിധാനം ചെയ്യപ്പെട്ടത് എങ്ങനെയെന്ന വിശകലനമാണ് ഈ പ്രബന്ധത്തിലൂടെ നടത്തുന്നത്. മാപ്പിളപ്പാട്ടുകളിലെ സവിശേഷമായ ഈണവും പദപ്രയോഗങ്ങളും ആദ്യകാല ഗാനങ്ങളിൽ സ്വീകരിക്കപ്പെടുന്നുണ്ടെങ്കിലും പുതിയ കാലഘട്ടത്തിലേക്ക് വരുമ്പോൾ പാരമ്പര്യമൂല്യങ്ങൾ കയ്യൊഴിഞ്ഞ് വിപണിമൂല്യങ്ങൾ തൽസ്ഥാനം കയ്യടക്കുന്നതായി കാണാം.

**താക്കോൽവാക്കുകൾ :** അറബി മലയാളസാഹിത്യം-മാപ്പിളപ്പാട്ട്-മുസ്ലീം ഇതിവൃത്ത സിനിമാഗാനം – ജനപ്രിയസംസ്കാരം- സംസ്കാര വ്യവസായം.

## സംസ്കാരവും സംസ്കാരപഠനവും

ലോകത്തിൽ ഇന്നോളം അറിഞ്ഞതും പറഞ്ഞതുമായ കാര്യങ്ങളിൽ ഏറ്റവും ഉന്നതമായത് എന്നാണ് മാത്യൂ ആർനോൾഡ് സംസ്കാരത്തെ വിശേഷിപ്പിച്ചത്. സംസ്കാരത്തെ വരേണ്യമായ ഒരു ജീവിതക്രമമായാണ് അദ്ദേഹം നോക്കിക്കണ്ടത്. ഈ നിർവചനത്തിന് ചേരാത്തവയെയെല്ലാം അദ്ദേഹം അരാജകത്വമെന്ന് ഗണിച്ചു. ക്ലാസിക് എന്ന് വ്യവഹരിക്കാവുന്ന, സുശിക്ഷിതരായ ഒരു ന്യൂനപക്ഷത്തിന്റെ ആവിഷ്കാരങ്ങളെ മാത്രമാണ് ഈ നിർവചനം കലയുടെയും സാഹിത്യത്തിന്റെയും പരിധിയിൽ ഉൾപ്പെടുത്തിയത്. എന്നാൽ കാലം മാറിയപ്പോൾ ഈ കാഴ്ചപ്പാട് അസാധുവാകുകയും പകരം മനുഷ്യന്റെ സാമൂഹ്യജീവിതത്തെ സാധ്യമാക്കുന്ന എല്ലാത്തരം വ്യവഹാരങ്ങളുടെയും ആകത്തുകയായി സംസ്കാരം പരിഗണിക്കപ്പെടുകയും ചെയ്തു. ആഹാരം, ഭാഷ, വേഷം, കല-സാഹിത്യം, നിയമം, ആചാരാനുഷ്ഠാനങ്ങൾ, കൂട്ടായ്മകൾ, വിശ്വാസസംഹിതകൾ തുടങ്ങി ബഹുതലസ്പർശിയായ

ഒരു സങ്കീർണ്ണവ്യവസ്ഥയായി ഇന്ന് സംസ്കാരത്തെ നമ്മൾ അറിയുന്നു. സ്വാഭാവികമായും ആർനോൾഡ് മഹത്തരമല്ലാത്തതിനാൽ പടിക്കുപുറത്തു നിർത്തിയതെല്ലാം സംസ്കാരത്തിന്റെ അടയാളങ്ങളായി മാറി.

1964 ൽ ഇംഗ്ലണ്ടിലെ ബർമിംഗ്ഹാം സർവകലാശാലയിൽ സെന്റർ ഫോർ കണ്ടമ്പററി കൾച്ചറൽ സ്റ്റഡീസ് സ്ഥാപിതമാകുന്നതോടെയാണ് സാഹിത്യപഠനത്തിന്റെ വിഭാഗം മാത്രമായിരുന്ന സംസ്കാരപഠനം ഒരു സ്വതന്ത്ര പഠനവിഷയമായി പരിഗണിച്ചു തുടങ്ങുന്നത്. ഇതിന് നേതൃത്വം നൽകിയത് റിച്ചാർഡ് ഹൊഗാർഡ്, റെയ്മണ്ട് വില്യംസ്, ഇ. പി. തോംസൺ, സ്റ്റുവർട്ട് ഹാൾ തുടങ്ങിയ ചിന്തകരാണ്. രണ്ട് തരം സമീപനങ്ങളാണ് സാഹിത്യപഠനവുമായി ബന്ധപ്പെട്ട് സംസ്കാരപഠനം മുന്നോട്ടു വയ്ക്കുന്നത്.

1. കൃതി എഴുതപ്പെട്ട സാമൂഹ്യ-ഭൗതിക-ചരിത്ര-പ്രത്യയശാസ്ത്രപരിസരങ്ങളെ പരിഗണിച്ച് ഇവ തമ്മിലുള്ള സങ്കീർണമായ ബന്ധത്തെ അവലംബിച്ച് സാഹിത്യകൃതിയെ വിലയിരുത്തുക.

2. ക്ലാസിക്കൽ കൃതിയെപ്പറ്റി മാത്രം ചർച്ച ചെയ്തുകൊണ്ടിരുന്ന പരമ്പരാഗതരീതിയെ തള്ളിക്കളഞ്ഞ് സാഹിത്യേതരവും അലിഖിതവുമായ രചനകളെക്കൂടി പഠനവിധേയമാക്കുക.

നരവംശശാസ്ത്രം, സാഹിത്യം, സാമൂഹ്യശാസ്ത്രം, തത്വചിന്ത പോലുള്ള വിവിധ പഠനമേഖലകളുടെ ഭാഗമായി നിലനിന്നിരുന്ന സംസ്കാരപഠനം അവയെല്ലാം ഉൾക്കൊള്ളുന്ന ഒരു അന്തർവൈജ്ഞാനിക പഠനമേഖലയായി. സംസ്കാരത്തിന് വരേണ്യം, തനത്, അധമം, ജനകീയം, ജനപ്രിയം എന്നിങ്ങനെ പലതരം വിഭജനങ്ങൾ സാധ്യമാണെന്ന ബോധ്യം കാലമത്രയുമായി പ്രാന്തവൽക്കരിക്കപ്പെട്ട് കിടന്ന ബഹുജനങ്ങളുടെ തനത് സംസ്കാരത്തെ (folk culture) മുഖ്യപരിഗണനാ വിഷയമാക്കി. വരേണ്യ സംസ്കാരത്തേക്കാൾ കൂടുതൽ വൈകാരിക അടുപ്പവും പ്രാപ്യതയും തനത് സംസ്കാരത്തിനായിരുന്നു. സാങ്കേതിക വികാസം അച്ചടി, ശബ്ദലേഖനം,

ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി തുടങ്ങിയ പുതിയ സംഗതികൾക്ക് വഴിതുറന്നു. അതോടൊപ്പം സംസ്കാരത്തിന്റെ വ്യാവസായികസാധ്യതകളും തെളിഞ്ഞുവരാൻ തുടങ്ങി. യാന്ത്രികമായ പുനഃസൃഷ്ടി സാധ്യമായതോടെ കയ്യെഴുത്തുപ്രതിയുടെയും ചിത്രലേഖനത്തിന്റെയും അനന്യത ചോദ്യം ചെയ്യപ്പെട്ടു. മൈക്കൽ ആഞ്ചലോയും ഡാവിഞ്ചിയും പിക്കാസോയും രാജാ രവിവർമ്മയും വരച്ച ചിത്രങ്ങൾ ആർട്ട് കഫെയിലെ അനേകമനേകം പകർപ്പുകളായി മാറി. തൽസമയ സംഗീത/നൃത്ത/നാടകാവിഷ്കാരങ്ങളേക്കാൾ അവയുടെ ശബ്ദദൃശ്യലേഖ(recorded copy)കൾക്ക് കൂടുതൽ ആളുകളിലേക്ക് എത്താൻ കഴിഞ്ഞു. അത് ആസ്വാദകരുടെ എണ്ണം വർദ്ധിക്കാൻ കാരണമായി.

മലയാള ചലച്ചിത്രഗാനങ്ങളിൽ പ്രതിനിധാനം ചെയ്യപ്പെടുന്ന മുസ്ലീം ജീവിതമാണ് ഈ പ്രബന്ധം വിശകലനം ചെയ്യുന്നത്. ജീവിതത്തെ കലയിലൂടെ അവിഷ്കരിക്കാനുള്ള ശ്രമത്തെയാണ് പ്രതിനിധാനം (Representation) എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. അർഥത്തെയും ഭാഷയെയും സംസ്കാരവുമായി ബന്ധിപ്പിക്കുകയാണ് പ്രതിനിധാനം ചെയ്യുന്നതെന്ന് സ്റ്റുവർട് ഹാൾ പറയുന്നു. വസ്തുക്കളുടെയും ആശയങ്ങളുടെയും പ്രാതിനിധ്യം വഹിക്കുകയോ അവയ്ക്ക് പകരം നിൽക്കുകയോ ചെയ്യുന്ന സൂചകങ്ങളും ഇമോജികളും ഭാഷപ്രയോഗവുമെല്ലാം പ്രതിനിധാനത്തിന്റെ ഭാഗമാണ്. കലയിൽ ആവിഷ്കൃതമാകുന്ന ലോകം ഭൗതികലോകത്തിന്റെ പ്രതീകങ്ങളിലൂടെയുള്ള അവതരണമാണ് എന്നർഥം; അത് വാക്കാവാം വർണ്ണമാകാം. ശബ്ദമോ രൂപമോ ആകാം.

കേരളത്തിലെ ജനസംഖ്യയിലെ നാലിലൊന്നോളം വരുന്ന ജനവിഭാഗമാണ് ഇസ്ലാം മതവിശ്വാസികൾ. കേരളത്തിലങ്ങോളമിങ്ങോളം ഒറ്റ സാംസ്കാരിക വ്യക്തിത്വമായല്ല മുസ്ലീങ്ങൾ ജീവിക്കുന്നതെങ്കിലും, വിശ്വാസപരമായും ആചാരാനുഷ്ഠാനങ്ങളിലും അവാന്തരവിഭാഗങ്ങളും ദേശവ്യത്യാസങ്ങളുമുണ്ടെങ്കിലും അവരെ ചേർത്ത്കെട്ടുന്ന ഘടകങ്ങൾ തന്നെയാണ് മുന്തി നില്ക്കുന്നത്. അതുകൊണ്ട് ഒരു യൂണിറ്റായി മുസ്ലീങ്ങളെ

പരിഗണിക്കുന്നത് യുക്തിസഹമാണ്. കേരളത്തിലെ സാഹിതീയവും കലാപരവുമായ ആവിഷ്കാരങ്ങളിൽ ഇസ്ലാമികജീവിതം നൂറ്റാണ്ടുകളായി ആവിഷ്കരിക്കപ്പെടുന്നുണ്ട്. ഒരു ജനതയുടെ ജീവിതവും സംസ്കാരവും എപ്രകാരമാണ് ആഖ്യാനം ചെയ്യപ്പെടുന്നത് എന്ന അന്വേഷണം ആ ജനതയുടെ സംസ്കാരത്തെ മുഖ്യധാരാസംസ്കാരം ഏത് വിധമാണ് പരിഗണി ക്കുന്നത് എന്ന അന്വേഷണത്തിന്റെ കൂടി ഭാഗമാണ്. ആഖ്യാനം ചെയ്യപ്പെട്ട പ്രമേയങ്ങൾ, ഗാനങ്ങളുടെ ഭാഷാപരമായ പ്രത്യേകതകൾ, ബിംബകല്പന കളുടെ സവിശേഷതകൾ, ഇതര ഗാനങ്ങളിൽ നിന്നുള്ള വ്യതിരിക്തതകൾ, ആലാപന ശൈലി എന്നിവ ഈ ലേഖനത്തിന്റെ വിഷയപരിധിയിൽ വരും.

**അറബി മലയാളം: സാഹിത്യത്തിലെ ഇസ്ലാമികധാര**

ഇസ്ലാം വിശ്വാസികളുടെ സാഹിത്യസംരംഭങ്ങൾ എ.ഡി 1600നു മുന്നേ ആരംഭിച്ചിരിക്കണം. അവരുടെ തനതായ സാഹിത്യപ്രസ്ഥാനമാണ് അറബി മലയാളം. മലയാളത്തെ അറബിലിപിയിൽ ആവിഷ്കരിക്കുന്ന അറബിമലയാളത്തിന് പ്രമേയപരവും ഭാഷാപരവുമായ സവിശേഷതക ളുണ്ട്. മലയാളികളും അറബികളും തമ്മിൽ ഉണ്ടായിരുന്ന മതപരവും വാണിജ്യപരവും മറ്റുമായ ബന്ധമാണ് ഈ ഭാഷാശാഖക്ക് ഹേതുവാകുന്നത്. പിൽക്കാലത്ത് തമിഴ്, ഉറുദു, ഹിന്ദി തുടങ്ങി പല ഭാഷകളും ഇതിൽ അലിഞ്ഞു ചേർന്നു. കണ്ടുകിട്ടിയതിൽ വെച്ച് ഏറ്റവും പ്രാചീനമായ രചന ശൈഖ് മുഹ്‌യിദ്ദീൻ അബ്ദുൽ ഖാദർ ജീലാനിയുടെ സിദ്ധികൾ പ്രകീർത്തിച്ചുകൊണ്ട് ഖാസി മുഹമ്മദ് രചിച്ച മുഹ്‌യിദ്ദീൻമാലയാണ്. എഴുത്തച്ഛന്റെ കാലത്തോളം പഴക്കമുണ്ടെങ്കിലും അറബി മലയാളസാഹിത്യത്തിന് അന്നത്തെ മുഖ്യധാരാ സാഹിത്യശ്രേണിയുടെ ഭാഗമാവാൻ കഴിഞ്ഞിരുന്നില്ല. ഭാഷാപരമായ കാരണം കൊണ്ടുമാത്രമല്ല അത് സംഭവിച്ചത്. അന്നത്തെ വരേണ്യസംസ്കാര ത്തിന്റെ (elite culture) ഭാഗമായി പരിഗണിക്കപ്പെട്ടത് ഹിന്ദു മിത്തുകളുടെ പുനരാഖ്യാനങ്ങളായിരുന്നു. അവയുടെ സാംസ്കാരിക മേൽകോയ്മയെ അതി ജീവിക്കാൻ അറബി മലയാളത്തിന് സാധിച്ചിരിക്കില്ല.

മാപ്പിളപ്പാട്ടുകളാണ് അറബിമലയാളത്തിന്റെ പ്രധാനശാഖ. യുദ്ധം, വീരചരിതം, പ്രണയം, വിരഹം, മതം, ദാർശനികത, സമകാലിക സാമൂഹ്യ വിഷയങ്ങൾ തുടങ്ങി വിപുലമായ ഒരു പ്രമേയലോകം മാപ്പിളപ്പാട്ടുകൾ ക്കുണ്ട്. ആഖ്യാനവിഷയമനുസരിച്ച് മാപ്പിളപ്പാട്ടുകളിൽ അവാന്തരവിഭാഗ ങ്ങളുണ്ട്; മാലപ്പാട്ടുകൾ, പടപ്പാട്ട്, കിസ്സ, കല്ല്യാണപ്പാട്ട്, മദ്ഹ്പാട്ട്, ഉറുദി, വിരുത്തം, കെസ്, കത്തുപാട്ട് എന്നിങ്ങനെ. ആരാധ്യരായ ചരിത്രപുരുഷന്മാ രുടെ അത്ഭുതസിദ്ധികളും അപദാനങ്ങളും പ്രമേയമാക്കുന്ന കീർത്തനങ്ങ ളാണ് മാലപ്പാട്ടുകൾ. പുണ്യവാളന്മാരുടെയും പ്രവാചകന്മാരുടെയും ജീവിത കഥകൾ അവതരിപ്പിക്കുന്ന കഥാഗാനങ്ങളായ കിസ്സപ്പാട്ടുകളിൽ വിശിഷ്ട വ്യക്തികളുടെ സാഹസികജീവിതങ്ങളും വ്യക്തിജീവിതത്തിലെ വൈകാരിക തകളുമാണ് ആവിഷ്കരിക്കപ്പെട്ടത്. ഉറുദികൾ നിർവഹിക്കുന്നത് യുദ്ധവിവര ണമാണ്. സ്തുതികൾ വിരുത്തങ്ങൾ എന്നും പ്രണയകാവ്യം കെസ്സ് എന്നും അറിയപ്പെട്ടു. മാപ്പിളപ്പാട്ട് വൃത്തങ്ങളാണ് 'ഇശലുകൾ. കമ്പി (ആദ്യാക്ഷര പ്രാസം), കഴുത്ത് (ദ്വിതീയാക്ഷര പ്രാസം), വാൽക്കമ്പി (അന്ത്യാക്ഷര പ്രാസം), വാലുമ്മൽകമ്പി (അന്താദി) തുടങ്ങിയവ പ്രാസങ്ങളും. ഇശലുകളുടെ താളക്രമത്തിൽ അക്ഷരപ്രാസങ്ങളിണക്കിയാണ് മാപ്പിളപ്പാട്ട് രചിക്കുന്നത്. കല്ല്യാണം (ഒപ്പന, വട്ടപ്പാട്ട്, മൈലാഞ്ചിപ്പാട്ടുകൾ), കാതുകുത്ത്, പ്രസവം തുടങ്ങിയ സന്ദർഭങ്ങളിലും കോൽക്കളി, ദഫ്മുട്ട്, അറബനമുട്ട് തുടങ്ങിയ കലാരൂപങ്ങളിലുമെല്ലാം മാപ്പിളപ്പാട്ടുകൾ അകമ്പടിയായി. ഇത്തരത്തിൽ മുസ്ലിങ്ങളുടെ ആചാരങ്ങളുമായും കലാജീവിതവുമായും മാപ്പിളപ്പാട്ടുകൾക്ക് ഇഴചേർന്നുകിടന്നു.

മോയിൻകുട്ടി വൈദ്യർ, മാളിയക്കൽ കുഞ്ഞഹമ്മദ്, ശുജായി മുഹ്യിദ്ദീൻ മുസലിയാർ, ചേറ്റുവായ് പരീക്കുട്ടി, പുലിക്കോട്ടിൽ ഹൈദർ, പി.കെ. ഹലീമ, ടി. ഉബൈദ് തുടങ്ങിയ ഒട്ടേറെ പ്രഗല്ഭരായ എഴുത്തുകാർ അറബി മലയാള ശാഖക്ക് സംഭാവന നല്കി. മറ്റേതൊരു സാഹിത്യ പ്രസ്ഥാനത്തേക്കാളും ദൈർഘ്യമേറിയ കാലം പ്രഭാവത്തോടെ നിന്നെങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യകാലത്തോടെ ഈ പ്രസ്ഥാനത്തിന്റെ

നിലനിൽപ്പ് പ്രതിസന്ധിയിലായി. മറ്റ് ശാഖകളെല്ലാം അപ്രസക്തമായി മാപ്പിളപ്പാട്ടുകളിൽ മാത്രമായി അത് പരിമിതപ്പെട്ടു എന്ന് മാത്രമല്ല മാപ്പിള പ്പാട്ടുകൾതന്നെ നേരത്തെ പിന്തുടർന്നുപോന്ന നിബന്ധനകൾ പലതും ഉപേക്ഷിക്കുകയും ചെയ്തു.

**ചലച്ചിത്രവും സംഗീതവും**

സാമാന്യമനുഷ്യരുടെ, സാധാരണക്കാർക്ക് പ്രാപ്യതയുള്ള ജീവിതാ ഖ്യാനം നിർവഹിക്കുന്ന കലയെന്ന പരിഗണന കൊണ്ടുകൂടിയാവാം മനുഷ്യൻ കണ്ടുപിടിച്ചതിൽ ഏറ്റവും ജനപ്രിയ സംസ്കാരാവിഷ്കാരമായി സിനിമ മാറിയത്. അഭിനയം, ചിത്രകല, ശിൽപവിദ്യ, സംഗീതം, നൃത്തം, ആയോധനകല, വേഷാലങ്കാരം തുടങ്ങി മറ്റെല്ലാ കലകളെയും സ്വാംശീകരി ക്കാനുള്ള കഴിവ് സിനിമയെ കൂടുതൽ ജനപ്രിയമാക്കി. ഇതിവൃത്ത സന്ദർഭത്തെ കൂടുതൽ അനുഭവവേദ്യമാക്കുന്നതിനാണ് ചലച്ചിത്രങ്ങളിൽ സംഗീതത്തെ ഉപയോഗിക്കുന്നത്. പശ്ചാത്തലസംഗീതമായാണ് ലോകമെ മ്പാടുമുള്ള ചലച്ചിത്രങ്ങളിൽ സംഗീതം ഉൾച്ചേർക്കുന്നത്. ഉപകരണ സംഗീതവും വാദ്യോപകരണങ്ങളും മറ്റുമാണ് ഇതിനായി ഉപയോഗിക്കുന്നത്. എന്നാൽ കഥാസന്ദർഭം വിശദീകരിക്കാനും കഥാഗതി മുന്നോട്ട് കൊണ്ടു പോകാനും ഗാനങ്ങളുടെ സഹായം തേടുന്ന രീതിയാണ് ഇന്ത്യൻ സിനിമ തുടക്കം തൊട്ടേ സ്വീകരിച്ചത്. കഥാപാത്രങ്ങളുടെ വൈകാരികാവസ്ഥ, ഇതിവൃത്തസന്ദർഭത്തിനിണങ്ങുന്ന ഭാവസന്നിവേശം എന്നിവയൊക്കെ പാട്ടിലൂടെ വിനിമയം ചെയ്യുന്നത് ശബ്ദസിനിമയുടെ പിറവിക്കാലം തൊട്ടേ ഇന്ത്യൻ സിനിമകളുടെ രീതിയാണ്. വിവിധ വൈകാരികാവസ്ഥകൾ സ്ഫുരിപ്പിക്കുന്നതിന് പുറമെ കാലപ്പകർച്ച, കഥാപാത്രങ്ങളുടെ ശാരീരിക മാനസിക വളർച്ച, ജീവിതവിജയപരാജയങ്ങൾ പോലുള്ളവ കാണിക്കാൻ ഇന്ത്യൻ സിനിമകൾ ഗാനരംഗങ്ങളെ പ്രയോജനപ്പെടുത്തുന്നു.

ആദ്യകാല സിനിമാഗാനങ്ങൾ ചിത്രത്തിന്റെ ഗാത്രത്തോട് രൂപഭാവപരമായി ലയിച്ചു ചേർന്ന അവസ്ഥയിലായിരുന്നെങ്കിൽ ക്രമേണ

സ്വയം പൂർണ്ണമാകും വിധമുള്ള ആഖ്യാനപദ്ധതി അവയ്ക്കായി രൂപപ്പെട്ടു വന്നു. മ്യൂസിക് ട്രാക്കുകളുടെ വിപണനത്തിലൂടെ നേടാവുന്ന വരുമാനം പാട്ടുകൾ ഒരുക്കുന്നതിന് പ്രത്യേകമായ ശ്രദ്ധ നല്കാൻ സിനിമാപ്രവർത്തകർക്ക് പ്രേരണയായി. സവിശേഷതാളത്തിലുള്ള ചലനക്രമീകരണവും നിറപ്പൊലിമയുള്ള ആഖ്യാനവും പശ്ചാത്തലത്തിൽ പ്രത്യക്ഷപ്പെട്ട നർത്തകസംഘങ്ങളും മറ്റും ചേർന്ന ഒരുലോകമായി ഗാനസന്ദർഭത്തെ അവർ സംവിധാനം ചെയ്തു. വൈകാതെ ഇന്ത്യയിൽ ചലച്ചിത്രഗാനശാഖ സ്വതന്ത്ര അസ്തിത്വമുള്ള ഒരു മേഖലയായി. സംസ്കാരവ്യവസായത്തിന്റെ പ്രധാനപ്പെട്ട ഒരു ഉല്പന്നമായ സിനിമയുടെ ഉപോൽപ്പന്നമായി ചലച്ചിത്രഗാനങ്ങൾ മാറിയിരിക്കുന്നു.

നാം നിലനിൽക്കുന്ന കാലത്തെ മാത്രമല്ല ഇനി നില്ക്കേണ്ട കാലത്തെയും സംസ്കാരം നിർണ്ണയിക്കുന്നുണ്ടല്ലോ. ചലച്ചിത്രഗാനങ്ങളെക്കുറിച്ചുള്ള പഠനം സിനിമയിൽ ആവിഷ്കൃതമാകുന്ന ജനതയുടെ വർത്തമാനകാലം പഠിക്കാൻ സഹായിക്കുന്നതുപോലെ നാളെയെക്കുറിച്ചുള്ള ധാരണകളും ആഗ്രഹങ്ങളും മനസ്സിലാക്കാൻ കൂടി സഹായിക്കും. കാരണം, അനുഭവിക്കുന്ന ജീവിതം മാത്രമല്ല ആഗ്രഹിക്കുന്ന ജീവിതം കൂടിയാണ് സിനിമാഗാനങ്ങൾ ആഖ്യാനം ചെയ്യുന്നത്. ജീവിതത്തിന് ഉണ്ടാകണമെന്ന് കൊതിക്കുന്ന ഭൗതികസുഖത്തിന്റെ നിറപ്പകിട്ടുകളെല്ലാം ചേർത്താണ് ഗാനങ്ങൾ മുന്നിലെത്തുന്നത്. യഥാർഥ ജീവിതത്തിലെ ദൃശ്യങ്ങളിൽ നിന്നു ഗാനങ്ങളിലെ തിരജീവിതദൃശ്യങ്ങൾക്കുള്ള വ്യത്യാസം അനുഭവജീവിതവും ആഗ്രഹജീവിതവും തമ്മിലുള്ള അകലത്തിന്റെ വ്യത്യാസമാണ്.

**മലയാളചലച്ചിത്രവും മതജീവിതവും**

ഇന്ത്യൻ സിനിമയുടെ മുഖ്യപ്രമേയം ഭക്തിയായിരുന്ന കാലത്തുതന്നെ കേരളം സാമൂഹ്യവിഷയങ്ങൾ സിനിമയിൽ അവതരിപ്പിച്ചു തുടങ്ങിയിരുന്നു. ഭക്തിയുടെ ചുവടു പിടിച്ചും അല്ലാതെയും സിനിമയിൽ മതസ്വത്വം അവതരിപ്പിക്കപ്പെട്ടു. ദൈവീക ഇതിവൃത്തമുള്ള സിനിമകളെ പൂർണ്ണമായും മാറ്റി നിർത്തി പരിശോധിച്ചാലും സിനിമയിലെ മതപരവും ദൈവവിശ്വാസപരവുമായ ഉള്ളടക്കം തിരിച്ചറിയാൻ കഴിയും. ആചാരനിഷ്ഠ

മായ വ്യക്തി/സമൂഹജീവിതം, അറിഞ്ഞോ അറിയാതെയോ ആത്മവൽക്ക രിച്ച മതചിഹ്നങ്ങൾ, ആദ്യാത്മിക ചിന്തകൾ എന്നിവയിലൂടെയെല്ലാമാണ് ഈ മതസ്വത്വം സിനിമയിൽ പ്രത്യക്ഷപ്പെടുന്നത്.

1928-ൽ 'വിഗതകുമാരനി'ൽ തുടങ്ങുന്ന മലയാളസിനിമയുടെ ചിരിത്രം പരിശോധിച്ചാൽ ആദ്യത്തെ സിനിമകളെല്ലാം ഹൈന്ദവകുടുംബ കഥകളോ ഹൈന്ദവമിത്തിന്റെ ചലച്ചിത്രാവിഷ്കാരങ്ങളോ ആയിരുന്നു എന്ന് കാണാം. 1952-ൽ 'അൽഫോൺസ'എന്ന സിനിമയിലൂടെയാണ് ഒരു ക്രൈസ്തവ കഥ സിനിമയാകുന്നത്. എന്നാൽ ജനസംഖ്യയുടെ നാലിലൊ ന്നോളം വരുന്ന ഇസ്ലാം മതവിശ്വാസികളുടെ ജീവിതം സിനിമയുടെ മുഖ്യവിഷയമായി വരുന്നത് പിന്നെയും വർഷങ്ങൾക്ക് ശേഷമാണ്. 1954-ൽ 'നീലക്കുയിലും' 1958-ൽ 'നായര് പിടിച്ച പുലിവാലും' മുസ്ലീം കഥാപാത്ര ങ്ങൾക്ക് സിനിമയിലേക്ക് വഴിതുറന്നു. രണ്ടു വർഷം കഴിഞ്ഞ് 1960 -ൽ കുഞ്ചാക്കോയുടെ സംവിധാനത്തിൽ പുറത്തു വന്ന 'ഉമ്മ'യിലൂടെയാണ് പൂർണ്ണമായും മുസ്ലീം ഇതിവൃത്തമുള്ള ആദ്യസിനിമ പിറക്കുന്നത്.

ഇരുപതാം നൂറ്റാണ്ടിലെ സാംസ്കാരികരംഗത്ത് വലിയ ചലന ങ്ങൾക്ക് കാരണമായ ചലച്ചിത്രം വൈകാതെ കേരളത്തിലും മറ്റെല്ലാ കലകളെക്കാളും ജനപ്രീതിയുള്ള ഒന്നായി മാറി. സംഗീതം, നൃത്തം, ഫോട്ടോഗ്രാഫി പോലുള്ളവ ഹറാം ആയി കണ്ട യാഥാസ്ഥിതികമുസ്ലീം സിനിമയിൽനിന്ന് അകന്നുനിന്നപ്പോൾ ഉൽപ്പതിഷ്ണുക്കളായ മറ്റൊരു വിഭാഗം സിനിമയെ ഏറ്റെടുത്തു. സിനിമയുടെ സാഹിത്യരചന, അഭിനയം, സംഗീതം തുടങ്ങിയവയിലും സാങ്കേതികസാമ്പത്തികകാര്യങ്ങളിലും അവർ സജീവമായി ഇടപെട്ടു. കെ. ടി. മുഹമ്മദ്, എൻ. പി. മുഹമ്മദ്, മൊയ്തു പടിയത്ത്, ആലപ്പി ഷെരീഫ്, സലാം കാരശ്ശേരി (കഥ-തിരക്കഥ), പി. എം. എ. അസീസ്, പി. എ. ബക്കർ (സംവിധാനം), പ്രേം നസീർ, കെ.പി.ഉമ്മർ, ബഹദൂർ, നിലമ്പൂർ ആയിഷ (അഭിനയം), യൂസഫലി കേച്ചേരി, പൂവച്ചൽ ഖാദർ (ഗാനരചന), എം. എസ്. ബാബുരാജ്, എ. ടി ഉമ്മർ, കോഴിക്കോട് അബ്ദുൾ ഖാദർ, മെഹബൂബ് (സംഗീതം-ആലാപനം), പരീക്കുട്ടി

(നിർമ്മാണം) തുടങ്ങി ഒട്ടേറെപ്പേർ മലയാളസിനിമയുടെ ശൈശവകാലത്ത് സിനിമയെ മുന്നോട്ട് നയിച്ചവരാണ്.

അറബിമലയാള സാഹിത്യം ഒളിമങ്ങിപ്പോയതോടെ മാപ്പിള പ്പാട്ടുകൾ പുതിയ രൂപഭാവങ്ങൾ സ്വീകരിച്ചത് നേരത്തെ സൂചിപ്പിച്ചല്ലോ. പരിഷ്കരിക്കപ്പെട്ട മാപ്പിളപ്പാട്ടുകളുടെ സാന്നിധ്യം ചലച്ചിത്രഗാനമേഖലയി ലാണ് ധാരാളമായി കാണാനാകുന്നത്. കിസ, കെസ്സ്, കത്ത്പാട്ട്, കല്യാണപ്പാട്ട്, ദാർശനികഗാനങ്ങൾ തുടങ്ങി അറബി മലയാളം കൈകാര്യം ചെയ്ത മിക്ക പ്രമേയങ്ങളും ആഖ്യാനമാതൃകകളും ഈഷൽഭേദങ്ങളോടെ സിനിമാപ്പാട്ടുകളിൽ കാണാനാകും. ഇക്കാലത്ത് മാപ്പിളപ്പാട്ടുകളുടെ അസാ ന്നിധ്യം മുസ്ലീം ജീവിതം ഇതിവൃത്തമാക്കിയ സിനിമാപ്പാട്ടുകളാണ് പരിഹരിക്കുന്നത് എന്നുകൂടി പറയേണ്ടിവരും.

'നീലക്കുയിലി'ലെ (1954) 'കായലരികത്ത് വലയെറിഞ്ഞപ്പോ വളകിലുക്കിയ സുന്ദരി' എന്ന പാട്ടിന്റെ സാഹചര്യം മുസ്ലീം യുവാവിന്റെ പ്രണയാഭ്യർഥനയാണ്. വരികൾ പി. ഭാസ്കരനും ഈണവും ആലാപനവും കെ. രാഘവനും. ചലച്ചിത്രത്തിന്റെ ദൃശ്യങ്ങളില്ലാതെ ഈ ഗാനം കേട്ടാൽ ഇസ്ലാമിക ജീവിതസൂചനകൾ വളരെ കുറവാണ് എന്ന് കാണാം. പ്രാദേശിക മായ കല്പനകളാണ് പാട്ടിലുടനീളം. ഖൽബ്, ഞമ്മള് എന്നീ പദങ്ങളും നെയ്യോർ സംബന്ധിച്ച പരാമർശവും അതിലുപരി ഗാനത്തിന്റെ ഈണവു മാണ് മുസ്ലീം സന്ദർഭമായി ഈ പാട്ടിനെ മാറ്റുന്നത്. 'രാരിച്ചൻ എന്ന പൗരൻ'(1956)വേണ്ടി പി. ഭാസ്കരൻ രചനയും കെ. രാഘവൻ സംഗീതവും നിർവഹിച്ച് ശാന്ത.പി. നായർ, ഗായത്രി ശ്രീകൃഷ്ണൻ എന്നിവർ ചേർന്നു ആലപിച്ച 'മണവാളൻ വന്നല്ലോ' എന്ന ഗാനമാണ് മുസ്ലീം ജീവിതവും സംസ്കാരവും ഇതിവൃത്തമായ ആദ്യത്തെ മലയാളസിനിമാഗാനം. ഖദീജ എന്ന പെൺകുട്ടിയുടെ വിവാഹസന്ദർഭമാണ് പാട്ടിൽ പരാമർശിക്കപ്പെട്ടത്.

മണവാളൻ വന്നല്ലോ പുതുമാരൻ വന്നല്ലോ
കുയലൊച്ച മുഴങ്ങിയല്ലോ ഖദീജാ

മണവാട്ടി മുഖം താഴ്ത്തി മയങ്ങീടൊല്ലേ
നാണം കുണുങ്ങീടൊല്ലേ ....
മണിവളയണിക്കയ്യിൽ മൈലാഞ്ചിയണിയേണം
മലർമിഴി രണ്ടിലും മയ്യുവേണം നല്ല മയ്യുവേണം
മാറത്തു മാണിക്യ മണിത്താലിയണിയേണം
മയിൽപ്പീലിച്ചുരുൾമുടിയിൽ, ഖദീജാ,
മണമുള്ള കുടമുല്ലമലർ ചൂടേണം, മുല്ലമലർ ചൂടേണം ..

'നാഴിയുരി പാലുകൊണ്ട് നാടാകെ കല്യാണം', 'പണ്ട് പണ്ട് പണ്ട് നിന്നെ കണ്ടനാളയ്യ്', 'പൂമുറ്റത്തൊരു മുല്ല വിരിഞ്ഞു, പൂമണമില്ലെന്നാര് പറഞ്ഞു' എന്നിങ്ങനെ മുസ്ലീം കഥാപാത്രം പാടുകയോ അവർക്കായി പാടുകയോ ചെയ്യുന്ന പാട്ടുകൾ ഇതേ സിനിമയിൽ വേറെയുമുണ്ട്. എന്നാൽ അവ ദൃശ്യത്തോടൊപ്പമല്ലാതെ കേൾക്കുമ്പോൾ മേൽ സൂചിപ്പിച്ച ഗാനം പോലെ മുസ്ലീംഗാനമായി അനുഭവപ്പെടണമെന്നില്ല.

വയലാർ രചിച്ച 'പാത്തുമ്മ ബീവിതൻ ഭാഗ്യം തെളിയുന്ന കല്യാണ ക്കാലത്തിൽ കൈകൊട്ടിപ്പാടീടാം' എന്ന 'കൂടപ്പിറപ്പ്'(1956)ലെ കല്യാണ പ്പാട്ടും അതേ വർഷം തന്നെ പുറത്തുവന്നു. ഈ പാട്ടും ചിട്ടപ്പെടുത്തിയത് കെ. രാഘവനാണ്.

പാത്തുമ്മാബീവീതൻ ഭാഗ്യം തെളിയുന്ന
കല്യാണക്കാലത്തിൽ കൈകൊട്ടിപ്പാടീടാം
തങ്കവടിവൊത്ത മങ്കതൻ മാരന്റെ
മംഗല്യകാലത്തിൽ കൈതട്ടിപ്പാടീടാം
.. .. .. .. .. ..
മാരൻ വരവിന്റെ മേളങ്ങൾ കേൾക്കുന്നു
വാദ്യങ്ങൾ മുട്ടിണ്, കൈതട്ടിപ്പാടണ്
പട്ടിൻ ഷർട്ടുമതിട്ടുവരുന്നു
പട്ടിൻ കസവൊരു തട്ടമുടുത്തു

കസവിനിറഞ്ഞൊരു തലയിൽക്കെട്ടും
.. .. .. .. .. ..
കാതുകളിൽ അലുക്കത്തുകളിട്ട്
കണ്ണിണതന്നില്ല സുറുമയുമെഴുതി
കൈകളിലും മൈലാഞ്ചിയുമിട്ട്...

പുത്തൻ പട്ടുകുപ്പായവും കസവ് തലയിൽക്കെട്ടുമായി മോടിയിൽ വരുന്ന മാരനെ സ്വീകരിക്കാൻ നായികയെ ആഭരണങ്ങളും അലങ്കാരങ്ങളും കൊണ്ട് അണിയിച്ചൊരുക്കാൻ ചങ്ങാതിമാരോട് കവി അഭ്യർഥിക്കുന്നു. ഒരു മുസ്ലീം വിവാഹത്തിന്റെ നിറപ്പൊലിമയുള്ള ഒരുക്കങ്ങളാണ് രണ്ടു പാട്ടിലും അവതരിപ്പിക്കുന്നത്. മലയാളസിനിമയിൽ പിൽക്കാലത്ത് അവതരിപ്പിക്കപ്പെട്ട അനേകം കല്യാണപ്പാട്ടുകളുടെ ആദ്യമാതൃകകളാണ് ഇവ. മാപ്പിളപ്പാട്ടുകളുടെ ശയ്യാപാകം സഹജമായി ഉൾക്കൊണ്ടവരല്ല രചയിതാക്കളെന്നതുകൊണ്ടാവാം പ്രാസദീക്ഷ, ഇശലുകളെന്നിവ അതേപടി പിന്തുടരുന്നവയല്ല ഈ പാട്ടുകൾ. എങ്കിലും മാപ്പിളപ്പാട്ടിന്റെ അനുരണനം ഈ പാട്ടുകളുടെ പദഘടനയിൽ കാണാനാകും.

മുസ്ലീങ്ങൾക്കിടയിൽ നടപ്പുണ്ടായിരുന്ന ബഹുഭാര്യാത്വത്തിന്റെ പ്രശ്നങ്ങളായിരുന്നു 'ഉമ്മ'(1960)യുടെ പ്രമേയം. പി. ഭാസ്കരൻ രചിച്ച് എം. എസ്. ബാബുരാജ് ഈണമിട്ട ഈ സിനിമയിലെ പാട്ടുകളിൽ മിക്കതും സ്വാഭാവികമായും ഇസ്ലാമിക ജീവിതാഖ്യാനമാണ്. 'കദളിവാഴക്കയ്യിലിരുന്ന് കാക്കയിന്നു വിരുന്നു വിളിച്ച്', 'പാലാണ് തേനാണെൻ ഖൽബിലെ പൈങ്കിളിക്ക്,' 'എൻ കണ്ണിന്റെ കടവിലടുത്താൽ കാണുന്ന കൊട്ടാരത്തില്', 'തള്ളാനും കൊള്ളാനും നീയാരു മൂഢാ', 'രാരിരോ രാരാരിരോ', 'വെളിക്ക് കാണുമ്പം നിനക്ക് ഞാനൊരു പരുക്കൻ മുള്ളുള്ള മുരിക്ക്' എന്നിങ്ങനെ പ്രണയം, ഹാസ്യം, തത്വചിന്ത, താരാട്ട് തുടങ്ങി വിഷയവൈവിധ്യം കൊണ്ടും ഈണവൈവിധ്യകൊണ്ടും സമ്പന്നമാണ് ഈ സിനിമയിലെ ഗാനങ്ങൾ.

**കല്യാണപ്പാട്ടുകൾ**

മാപ്പിളപ്പാട്ടുകളിലെ പ്രധാന ഇനമായിരുന്നല്ലോ കല്യാണപ്പാട്ടുകൾ. സാധാരണയായി മുസ്ലീം കല്യാണങ്ങൾ വധൂവരന്മാരുടെ സുഹൃത്തുക്കളുടെ ഒപ്പനയുടെ/വട്ടപ്പാട്ടിന്റെ അകമ്പടിയോടെയാണ് നടക്കാറ്. വധുവിനെ മൈലാഞ്ചിയണിയിക്കുന്ന ചടങ്ങും പ്രധാനമാണ്. വരന്റെ പെൺവീട്ടിലേക്കുള്ള യാത്രയിൽ ചിലപ്പോൾ കോൽക്കളിയും മറ്റും ഉണ്ടാവും. പ്രചാരത്തിലുള്ള അറബി-മലയാളഗാനങ്ങളാണ് ഇത്തരം സന്ദർഭങ്ങളിൽ ഉപയോഗിക്കാറ്. സാന്ദർഭികമായി വധൂവരന്മാരുടെ പേരുകൾ ഈ പാട്ടുകളിലേക്ക് സന്നിവേശിപ്പിക്കും. സിനിമയിൽ ഇത്തരം സന്ദർഭങ്ങളിലേക്കായി പ്രത്യേകം ഗാനങ്ങൾ എഴുതുകയും മൈലാഞ്ചിപ്പാട്ടും ഒപ്പനയും ദഫ് മുട്ടും കോൽക്കളിയുമെല്ലാം ഒറ്റപ്പാട്ടിൽ തന്നെ കടന്നു വരികയും ചെയ്തു. ആയിരത്തിത്തൊള്ളായിരത്തി അറുപത്-എഴുപതുകളിൽ മുസ്ലീം ഇതിവൃത്തം ആവിഷ്കരിച്ച മിക്ക സിനിമകളിലും ഒരു ഒപ്പനപ്പാട്ടോ കല്യാണപ്പാട്ടോ ഉണ്ടായിരുന്നു. 'മണവാളൻ വന്നല്ലോ പുതുമാരൻ വന്നല്ലോ' (പി ഭാസ്കരൻ, കെ. രാഘവൻ, രാരിച്ചൻ എന്ന പൗരൻ, 1960 ), 'കണ്ടാലഴകുള്ള മണവാട്ടി കവിളത്തു പൂവൊള്ള മണവാട്ടി' (വയലാർ, ദേവരാജൻ, കാത്തിരുന്ന നിക്കാഹ്, 1964) 'ഒരു കുട്ടക്ക പൊന്നു തരാം പെണ്ണിനെ തരുമോ നാത്തൂനേ'(പി. ഭാസ്കരൻ, എം. എസ്. ബാബുരാജ്, സുബൈദ, 1965), 'മധുരപ്പൂവനപ്പുതു മലർക്കൊടി, കുറു കുറു മച്ചം പെണ്ണുണ്ടോ?' (പി. ഭാസ്കരൻ , എം. എസ്. ബാബുരാജ്, കുപ്പിവള, 1965), 'പുള്ളിമാനല്ല മയിലല്ല മധുരക്കരിമ്പല്ല മാരിവില്ലൊത്ത പെണ്ണാണ്' (പി. ഭാസ്കരൻ , എം. എസ്. ബാബുരാജ്, കുട്ടിക്കുപ്പായം, 1965), 'തങ്കവർണ്ണ പട്ടുടുത്ത റങ്കകാരിപ്പെണ്ണിവളൊരു മംഗലപ്പൂമാരന്റെ പങ്കുകാരിയല്ലോ'(പി. ഭാസ്കരൻ, ദേവരാജൻ, യത്തീം, 1977) എന്നിവ ഉദാഹരണങ്ങൾ. ഈ പാട്ടുകളെല്ലാം മണവാട്ടിയെയാണ് അഭിസംബോധന ചെയ്യുന്നത്. 'പരിമളക്കുളിർ വാരിച്ചൂടിയ പുതിയ മണവാളൻ' (ശ്രീകുമാരൻ തമ്പി, ശ്യാം, നായാട്ട്, 1980), 'എന്തിനാണീ

കള്ളനാണം ചൊല്ല് മോളേ' (ബാല്യ കിരിയത്ത്, എ.ടി.ഉമ്മർ, നായകൻ, 1985) തുടങ്ങിയവ വധൂവരന്മാരെ ഒരേ പാട്ടിന്റെ ഭാഗമാക്കുന്നു.

പി. ഭാസ്കരൻ രചിച്ച് എ. ടി. ഉമ്മർ സംഗീതം പകർന്ന 'മണിയറ'(1983)യിലെ 'പെണ്ണേ മണവാട്ടിപ്പെണ്ണേ, പെണ്ണേ മൊഞ്ചുള്ള പെണ്ണേ' എന്ന കല്യാണപ്പാട്ടിൽ ഒപ്പനത്തോഴിമാർ അവളുടെ കളിക്കുട്ടി പ്രായം കഴിഞ്ഞു എന്ന് ഓർമ്മിപ്പിക്കുന്നത് കാണാം. പ്രായപൂർത്തിയാകും മുൻപേ വിവാഹം നടക്കുന്നത് മുസ്ലീംജനവിഭാഗത്തിനിടയിൽ അടുത്തകാലം വരെയും സാധാരണമായ ഒന്നായിരുന്നു എന്ന വസ്തുതയുടെ പശ്ചാത്തല ത്തിൽ ഈ വരികൾ ശ്രദ്ധയർഹിക്കുന്നുണ്ട്. കൗമാരത്തിലേ മുതിരേണ്ടത് അവരുടെ ഭാവി ജീവിതത്തിന് അത്യാവശ്യമായിരുന്നു. സാധാരണനില യിൽ ഉടൽ വർണ്ണനകളും ആഭരണങ്ങളും ആലഭാരങ്ങളും മണിയറയെക്കുറി ച്ചുള്ള സ്വകാര്യങ്ങളുംകൊണ്ട് നിറഞ്ഞവയാണ് സിനിമയിലെ കല്യാണപ്പാട്ടു കൾ. മേലെക്കൊടുത്ത പോലുള്ള വരികൾ വരുന്ന ഗാനങ്ങൾ അതിവിരള മാണ്. ഈ പാട്ടിൽത്തന്നെ ആ ഒറ്റ വരി മാറ്റിവെച്ചാൽ ബാക്കിയെല്ലാം സ്ഥിരം പാതയിലാണ്. ഗാനത്തിലെ മണവാളന്റെ സുഹൃത്തുക്കൾ ആലപി ക്കുന്ന ഖവ്വാലി ശൈലിയിലുള്ള രണ്ടാം പാദവും മണിയറയെക്കുറിച്ചാണ് പറയുന്നത്.

കല്യാണം എന്ന സന്ദർഭം മാത്രമാണോ വരികളുടെ സൂചനകളെ ഇത്തരത്തിൽ പരിമിതപ്പെടുത്തുന്നത്. ദർശനരതി(scopophilia)[1]യെ കേന്ദ്രീകരിച്ച് ആഖ്യാനം നിർവഹിക്കുന്ന ഒരു കലാരൂപമാണ് സിനിമ. എന്നാൽ സ്ത്രീകളുടെ സാമൂഹികദൃശ്യതയേക്കാളും ശാരീരികദൃശ്യതയെ ലക്ഷ്യം വെക്കുന്ന സിനിമയുടെ താല്പര്യമാണ് ഈ പാട്ടുകളെ സ്വാധീനിച്ച തെന്ന് നിരീക്ഷിക്കാൻ കഴിയില്ലതന്നെ. മേല്പ്പറഞ്ഞ സിനിമഗാനങ്ങളുടെ ദൃശ്യാവിഷ്കാരം ഒരു ആഘോഷവേളയെ ചിത്രീകരിക്കുന്നതിനപ്പുറം ദൃശ്യരതി യുടെ സന്ദർഭമായി പൊതുവേ മാറിക്കാണുന്നില്ല. അതേസമയം വാങ്മയ ചിത്രങ്ങളിലൂടെ ആസ്വാദകരുടെ ഉള്ളിൽ കാഴ്ചാഭിരതി (visual pleasure) സൃഷ്ടിക്കാൻ ചലച്ചിത്രഗാനങ്ങൾ ശ്രമിക്കുന്നുണ്ട്. എങ്കിലും ശരീരവർണ്ണനയും

സംഭോഗാഖ്യാനങ്ങളും വ്യംഗ്യസൂചനകളിലൂടെ എന്നതാണ് സാമാന്യേന നാം പിന്തുടരുന്ന രീതി. എന്നാൽ അപവാദങ്ങളുമുണ്ട്. തോഴിമാരും ബന്ധുക്കളും ചേർന്നുള്ള പെൺവീട്ടിലെ ആഘോഷങ്ങളുടെ ചിത്രമാണ് 'കന്നിപ്പളുങ്കേ പൊന്നിൻകിനാവേ സുന്ദരിപുന്നാരേ' (രചന: ബിച്ചു തിരുമല, സംഗീതം:ശ്യാം, അങ്ങാടി, 1980) എന്ന പാട്ടിൽ അവതരിപ്പിക്കുന്നത്. മുസ്ലീം കല്യാണപ്പെണ്ണിന്റെ വേഷഭൂഷകളുടെയും ആഭരണങ്ങളുടെയും വ്യത്യസ്തതകൾ ആവിഷ്കരിച്ച ശേഷം വരുന്ന വരികൾ വിപ്രലംഭത്തിന്റെ വഴിയിലാണ് സഞ്ചരിക്കുന്നത്.

> കരിമിഴിയിൽ സുറുമയണിഞ്ഞും കവിളിണയിൽ പുളകമണിഞ്ഞും
> പതിനേഴിൻ പടിവാതിൽ നീ മുട്ടിവിളിക്കുമ്പോൾ മാർമൊട്ടുകൾ
> പൂക്കുമ്പോൾ
> അതിൽ തട്ടിയുണർത്തുമ്പോൾ പുതുചെക്കനെ കിക്കിളി മുത്തം
> നൽകാതൊക്കുകയില്ലല്ലൊ മുത്തേ ഒക്കുകയില്ലല്ലോ.
> ... ... ...
> കിളിവാതിലടക്കുമ്പോൾ മണവാളനണയ്ക്കുമ്പോൾ നിൻ
> മൊഞ്ചും നെഞ്ചും മെയ്യും മാരൻ താലോലിക്കില്ലേ
> അങ്ങനെ നാണം തീരില്ലേ.

മാർമൊട്ടുകൾ പൂക്കുമ്പോൾ, അതിൽ തട്ടിയുണർത്തുമ്പോൾ/ നിൻ മൊഞ്ചും നെഞ്ചും മെയ്യും മാരൻ താലോലിക്കില്ലേ തുടങ്ങിയ വരികളിലെ പ്രത്യക്ഷ രതിസൂചനകൾ ബന്ധുക്കൾ ചുറ്റും കൂടി നിൽക്കുന്ന ഒരു കല്യാണ രാവിലാണ് ആലപിക്കപ്പെടുന്നത്. പൊതുവേ സൂചനകളിലൂടെ അവതരിപ്പി ക്കപ്പെടുന്ന ആശയം ഇവിടെ പച്ചയായിത്തന്നെ പ്രകാശിപ്പിക്കുകയാണ്. ഉടൽവർണ്ണനകൾ വളരെ തുറന്നെഴുത്തായി തീരുന്നത് മോയിൻകുട്ടി വൈദ്യ രുടെയടക്കം വരികളിൽ കാണാം. മോയിൻകുട്ടി വൈദ്യരുടെ നായികാ വർണനം നോക്കൂ.

വണ്ടിറകൊത്ത കറുപ്പ് മുടിക്കെട്ടും വില്ലിളകൊല്ല്പാനെ, തിലകം
വാർച്ചാ മുഖം മൂക്കും പോർ പവിഴച്ചുണ്ടും കാറക്കഴുത്താണേ....
കിണ്ടി കിലശം ഇരിപ്പൂ നൽ ചെപ്പുമാതിപ്പോയുറപ്പാണേ, നൽ
കുഞ്ഞി-
ക്കിണ്ണമോ കണ്ണാടി കട്ടി മഷിയിട്ട വട്ട മുലയാണേ....

ഈ പാട്ട് ഓളവും തീരവും (1970) മരം (1973) എന്നീ ചിത്രങ്ങളിൽ പില്ക്കാലത്ത് ഉപയോഗിച്ചിട്ടുണ്ട് .

പാരമ്പര്യമായി പാടിവന്ന ഓപ്പനപ്പാട്ടുകളുടെ കല്പനകളെ പിന്തുടരുകയാണ് സിനിമാ ഗാനരചയിതാക്കൾ പ്രാഥമികമായി ചെയ്തത്. സ്വഭാവികമെന്നോണം അന്നത്തെ മുസ്ലീം ജീവിതപരിസരം സ്ത്രീയെ എങ്ങനെയാണ് നോക്കിക്കണ്ടത് എന്നതിന്റെ ബാക്കിപത്രമാണ് സിനിമയിലെ കല്യാണപ്പാട്ടുകളും. അതാണ് ഉടയാടയും മെയ്യാഭരണവും വ്യക്തിയേക്കാൾ വ്യക്തത നേടുന്നത്. അംഗം അംഗിയെക്കാൾ  പ്രാധാന്യം നേടുന്നത്.

പാട്ടുകാരിയായോ ഒപ്പനച്ചുവടുവെച്ചുകൊണ്ടോ അതുമല്ലെങ്കിൽ ആ സന്ദർഭത്തിൽ സജീവമായി ഇടപ്പെട്ടുകൊണ്ടോ അമുസ്ലീമായ ഒരു തോഴിയുടെ സാന്നിധ്യം സിനിമയിലെ മിക്ക ഒപ്പനപ്പാട്ടുകളിലും കാണാൻ കഴിയും. കല്യാണം മതാചാരനിഷ്ഠയുള്ള ചടങ്ങായിരിക്കെത്തന്നെ മതേതരമായ കൂട്ടുചേരൽ സാഹചര്യം കൂടിയാണ്. നിലനില്ക്കുന്ന ജീവിതസാഹചര്യത്തെ ആവിഷ്ക്കരിക്കുകയാണ് അത്തരം ചിത്രീകരണങ്ങൾ ചെയ്തത്. എന്നാൽ വയനാടൻ വരമഞ്ഞൾ മുറിച്ചപോലെ പതിനാലാം രാവിൽ പൂത്ത നിലാവു പോലെ (ബിച്ചു തിരുമല,പി. എസ്. ദിവാകർ, ഇത്തിക്കരപ്പക്കി,1980)എന്ന പാട്ടിൽ കല്യാണപ്പെണ്ണിന്റെ തോണിയാത്രയിൽ അവൾക്കൊപ്പമുള്ള തോഴികൾ ഒപ്പനക്കാരികൾ മാത്രമല്ല, പരമ്പരാഗതവേഷമണിഞ്ഞ തിരുവാതിരക്കളിക്കാരുമുണ്ട്. തുടക്കം ഒപ്പനയാണെങ്കിലും പല്ലവി കഴിഞ്ഞാൽ ഗാനം തിരുവാതിരക്കളിയുടെ താളത്തിലേക്കും കല്പനകളിലേക്കും മാറുന്നു. ഗാനത്തിന്റെ ചരണങ്ങൾ

ഭൂരിഭാഗവും അവരാണ് പാടുന്നത്. പത്തൊൻപത്താം നൂറ്റാണ്ടിലെ ഇത്തിക്കരപ്പക്കിയെന്ന 'നല്ലവനായ കള്ളന്റെ' കഥയാണ് ആ സിനിമ പറയുന്നത്. അക്കാലത്തെ മലയാളിയുടെ മത സൗഹാർദ്ദം വളരെ ആഴത്തിൽ വേരുള്ളതായിരുന്നു എന്ന് കാണിക്കാനാണ് ഈ ഗാനം ഉപയോഗിക്കുന്നത്.

കല്യാണപ്പാട്ടുകൾ എന്ന് നേരിട്ട് വിളിക്കാൻ കഴിയാത്ത, എന്നാൽ കല്യാണവുമായി ബന്ധപ്പെട്ട ചില ശ്രദ്ധേയമായ പാട്ടുകളുണ്ട്. പകലവനിന്നു മറയുമ്പോള് (പി. ഭാസ്കരൻ, കെ. രാഘവൻ, അസുരവിത്ത്, 1968) എന്ന ഗാനം മാപ്പിളപ്പാട്ടിന്റെ അച്ചിൽ വാർന്നുവീണ രചനയാണ് . മാപ്പിളപ്പാട്ടിന്റെ അക്ഷരക്രമവും ഈണവും താളവും ഒപ്പിച്ചൊരുക്കിയ ഗാനം. വിവാഹപൂർവ ദിനം ഇതിവൃത്തമാക്കിയ വരികൾ. 'കദളിവാഴക്കയ്യിലിരുന്ന് കാക്കയിന്നു വിരുന്നു വിളിച്ചു' (ഉമ്മ 1960) 'പാവാട വേണം മേലാട വേണം' (ബിച്ചു തിരുമല, ശ്യാം അങ്ങാടി, 1980) തുടങ്ങിയവ കല്യാണത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ പങ്കുവെക്കുകയാണ്.

'കദളിവാഴക്കയ്യിലിരുന്ന് കാക്കയിന്നു വിരുന്നുവിളിച്ചു' എന്ന ഗാനം മുസ്ലീം പെൺകുട്ടികൾ അക്കാലത്ത് അനുഭവിച്ചിരുന്ന അനിശ്ചിതത്വം കൂടി വ്യഞ്ജിപ്പിക്കുന്നുണ്ട്. വിരുന്നു വരുന്ന ആൾ ജീവിതത്തിൽ ഇണയാകേണ്ട ആളായെങ്കിൽ എന്ന മോഹം അവൾക്കുണ്ട്. വിരുന്നുകാരൻ മാരനോ സുന്ദരനോ ഒരു പക്ഷേ വയസ്സനോ ആകാം. വിരുന്നുവരുന്നത് വൃദ്ധനാവാനും അയാൾതന്നെ മാരനായി മാറാനുമുള്ള സാധ്യതയും നിലനിൽക്കുന്നു. വരുന്നതാരായാലും സ്വീകരിക്കുക എന്നതാണ് അവളുടെ നിയോഗം. എന്നാൽ 'ഓളെ മെലഡീ' ( മു.രി, വിഷ്ണു വിജയ്, തല്ലുമാല, 2022) സുലൈഖ മൻസിൽ സിനിമയുടെ അനുബന്ധമായി ഡെബ്സി തയ്യാറാക്കിയ 'രാവോനാണേ രാവോളാണെ' (2023 ) എന്നിവ മാറിയ കാലത്തിന്റെ സ്ത്രീ പുരുഷ സമത സൂചിപ്പിക്കുന്ന പാട്ടുകളാണ്. സമ ഗമയും സമ ഗരിമയുമാണ് സ്ത്രീപുരുഷ ബന്ധങ്ങളുടെ അടിസ്ഥാനമായി 'ഓളെ മെലഡീ' എന്ന ഗാനം നിരീക്ഷിക്കുന്നത്. 'ഓളെന്നോ ഓനെന്നൊരു വ്യത്യാസവുമില്ലാത്തത് ഇനിയുള്ള

കാലത്തില് കാണാലോ' എന്ന് 'രാവോനാണേ രാവോളാണെ'എന്ന ഗാനവും.

**പ്രണയഗാനങ്ങൾ**

അറബി മലയാളസാഹിത്യത്തിലെ ഏറെ പ്രധാനപ്പെട്ട ശാഖയാണ് പ്രണയം പ്രമേയമായ കെസ്സ് പാട്ടുകൾ. സിനിമയിലും പ്രണയഗാനങ്ങൾ വളരെ പ്രധാനപ്പെട്ടവയാണ്. പി.ഭാസ്കരൻ, എം.എസ്.ബാബുരാജ് കൂട്ടുകെട്ടിൽ പിറന്ന 'വെളുക്കുമ്പോൾ കുളിക്കുവാൻ പോകുന്ന വഴിവക്കിൽ' (കുട്ടിക്കുപ്പായം, 1964) എന്ന ഗാനത്തിന്റെ തുടക്കത്തിൽ കളിക്കൂട്ടുകാരനെ പ്പറ്റിയുള്ള ഗൃഹാതുരത്വമാണ് ആവിഷ്കരിക്കുന്നത് എന്ന് തോന്നും. അരളിപ്പൂ മരച്ചോട്ടിൽ ആറ്റിലെ മണലിനാൽ കളിപ്പുര വെച്ചതും കരിഞ്ചീരയരിഞ്ഞിട്ട് കണ്ണഞ്ചിരട്ടയിൽ ബിരിയാണി വെച്ചതും കളിയാട്ടം സമയത്തു മറ്റാരും കാണാതെ കാനേത്തു കഴിച്ചതും കളിത്തോഴൻ കളിവാക്ക് പറഞ്ഞാലും കാര്യം പറഞ്ഞാലും മധുരിക്കുന്ന ഈ പ്രായത്തിൽ പ്രണയമായി തിരിച്ചറി യുന്നു അവൾ. അനലങ്കൃതമായ ഭാഷയിലും ഈണത്തിലുമാണ് നിഷ്കളങ്ക മായ പ്രണയം കവി ആവിഷ്കരിക്കുന്നത്. 'എന്റെ വളയിട്ട കൈപിടിച്ച വിരുന്നുകാരൻ/പിന്നെ വലയിട്ട കണ്ണുകൊണ്ടു പുതുമാരൻ' (പി.ഭാസ്കരൻ, എം.എസ്. ബാബുരാജ്, സുബൈദ, 1965) 'ജന്നത്ത് താമര പൂത്തല്ലോ' (അഭയദേവ്, എം.എസ്. ബാബുരാജ്, പോർട്ടർ കുഞ്ഞാലി, 1965) എന്നീ പാട്ടുകളിലും പ്രണയത്തിൽ 'അകപ്പെട്ട' നായികയുടെ ഹർഷവും പാരവശ്യവും തന്നെയാണ് ആവിഷ്കരിക്കുന്നത്. 'ജന്നത്ത് താമര പൂത്തല്ലോ' എന്ന ഗാനത്തിൽ കുറേക്കൂടി അറബി മലയാളം പദങ്ങൾ സ്വീകരിച്ചിട്ടു ണ്ടെങ്കിലും 'വെളുക്കുമ്പോൾ കുളിക്കുവാൻ' എന്ന പാട്ടിൽ കാനേത്ത്, പുതുക്കം എന്നീ പദങ്ങൾ മാത്രമേ ഇസ്ലാം സ്വത്വസൂചകമായി നില്ക്കുന്നുള്ളൂ. ആ പദങ്ങൾ കല്യാണം, സൽക്കാരം എന്നിങ്ങനെ മാറ്റിയാൽ അത് മതമുള്ള / മതമില്ലാത്ത ഏത് ജനതക്കും ബാധകമാകുന്ന ഗാനമാക്കാനും കഴിയും. 'എന്റെ വളയിട്ട കൈപിടിച്ച' എന്ന പാട്ടിലും നിക്കാഹ്, പുതുമാരൻ എന്നീ പദങ്ങൾക്ക് പകരം ഇതരമത/ മതേതരസ്വത്വമുള്ള പദങ്ങൾ ഉപയോഗി

ച്ചാലും ഈ മാറ്റം സാധ്യമാണ്. എന്നിട്ടും ആ പാട്ടുകൾ ഇസ്ലാമികഗാനം തന്നെയായി ആസ്വാദകർക്ക് അനുഭവപ്പെടുന്നത് സിനിമയിലെ ഗാനസന്ദർഭത്തെക്കുറിച്ചുള്ള അറിവുകൊണ്ട് മാത്രമല്ല. ഈണം മുഖ്യപങ്ക് വാഹിക്കുന്നുണ്ടെങ്കിലും കല്പനകളിൽ ഒന്ന് പോലും അനിസ്ലാമിക ബിംബങ്ങളല്ല എന്നതുകൊണ്ട് കൂടിയാണ് ആ അനുഭവം. എന്നാൽ 'കാത്തിരുന്ന നിക്കാഹ്'(1965) എന്ന സിനിമയ്ക്ക് വേണ്ടി വയലാറും ദേവരാജനും ചേർന്നൊരുക്കിയ 'സ്വപ്നത്തിലെന്നെ വന്നു നുള്ളിനുള്ളിയുണർത്തിയ സുൽത്താനേ' എന്ന പാട്ടിലെ 'പത്തു നിലപ്പന്തലിട്ട്, പന്തലലങ്കരിച്ച്, പട്ടാഭിഷേകമിനിയെന്നാണ്' എന്ന വരിയിലെ അഭിഷേകം എന്ന പദം സന്ദർഭത്തിന് ഇണങ്ങാതെ നില്ക്കുന്നു. കവി അറിഞ്ഞോ അറിയാതെയോ ഉൾക്കൊണ്ട ആർഷസംസ്കൃതി സ്വാധീനിച്ചതിന്റെ പ്രതിഫലനമാകാം ഇത്. അധീശസംസ്കാരം ചെലുത്തുന്ന ഈ സ്വാധീനം കവിതയുടെ ഇസ്ലാമിക സന്ദർഭത്തെയാണ് റദ്ദാക്കുന്നത്.

ചിലപ്പോഴെങ്കിലും മുസ്ലീംഗാനം രചിക്കപ്പെടുന്നത് ഭാഷയിൽ ചില പൊടിക്കൈകൾ ഉപയോഗിച്ചാണ് എന്ന് കരുതേണ്ടിയിരിക്കുന്നു. റസൂൽ, ഖൽബ്, മുഹബത്ത്, സീനത്ത്, ഹാജത്ത്, ജന്നത്ത്, നിക്കാഹ്, മക്കാറ് പോലുള്ള അറബി പദങ്ങളോ കാനേത്ത്, മാരൻ, മണവാട്ടി, പിരിശം, സുബർക്കം, പോലുള്ള മുസ്ലീംജനസമൂഹത്തിന്റെയിടയിൽ പ്രചുരപ്രചാരത്തിലുള്ള സാമൂഹികഭാഷാഭേദപദങ്ങളോ ദേശഭേദങ്ങളോ ഒക്കെയാണ് ഇതിന് ഉപയോഗിക്കുന്നത്. സാംസ്കാരികമായി മുസ്ലീംജനതയുടെ അനന്യത ആവിഷ്കരിക്കാൻ സ്വാഭാവികമായും ആ പാട്ടുകൾക്ക് കഴിയാതെ പോകും. അർഥത്തെയും ഭാഷയെയും സംസ്കാരവുമായി ബന്ധിപ്പിക്കുകയാണ് പ്രതിനിധാനം ചെയ്യുന്നതെന്ന് സ്റ്റുവർട് ഹാൾ പറയുന്നു. ഇവിടെ ഭാഷ കൃത്രിമമാകയാൽ സംസ്കാരത്തെ പ്രതിഫലിപ്പിക്കാൻ അതിന് ശേഷി കുറയുന്നു.

പ്രണയഗാനങ്ങൾ രണ്ടുവിധമുണ്ട്. വിഭാവത്തിന്റെ ആത്മവത്തയെ മുഖ്യമായി കാണുന്ന, ശരീരത്തിന് ഏറെ പ്രാധാന്യം നൽകാത്ത രീതിയും

ശരീരത്തെയും ആടയലങ്കാരങ്ങളെയും മുൻനിർത്തി രചന നിർവഹിക്കുന്ന രീതിയും. പ്രണയത്തിന്റെ ശരീരബന്ധിയല്ലാത്ത നില ആവിഷ്കരിക്കുന്നതിൽ പി. ഭാസ്കരനോളം കൃതഹസ്തനായ എഴുത്തുകാരനുണ്ടാവില്ല. 'ഇന്നെന്റെ കരളിലെ പൊൻമണിപ്പാടത്തൊരു പുന്നാര പനംതത്ത പറന്നു വന്നു' (എം. എസ്. ബാബുരാജ്, കുട്ടിക്കുപ്പായം, 1964) 'ആറ്റുവഞ്ചി കടവിൽ വെച്ച് അന്ന് നിന്നെ ഞാൻ കണ്ടപ്പോൾ' (ചിദംബരനാഥ്, കായംകുളം കൊച്ചുണ്ണി, 1966) 'മണിമാരൻ തന്നത് മുത്തല്ല പൊന്നല്ല' (എം.എസ്.ബാബുരാജ്, ഓളവും തീരവും, 1970), 'പനിനീര് പെയ്യുന്ന പതിനാലാംരാവിൽ പനിമതി' (കാനേഷ് പൂനൂർ, കെ രാഘവൻ, പതിനാലാം രാവ്, 1978)) 'മിഴിയിണ ഞാനടയ്ക്കുമ്പോൾ' (എ. ടി. ഉമ്മർ, മണിയറ, 1983), 'നിനവിന്റെ കായലിൽ നിലയില്ലാ കായലിൽ' (എ.ടി. ഉമ്മർ, മണിയറ, 1983)എന്നിവ അവയിൽ ചിലതാണ്. 'മയിൽപ്പീലി കണ്ണുകൊണ്ട് കൽബിന്റെ കടലാസിൽ മാപ്പിള പ്പാട്ടു കുറിച്ചവനേ' (വയലാർ, ദേവരാജൻ, കസവുതട്ടം, 1967) എന്ന ഗാനം 'കാത്തിരുന്ന നിക്കാഹ്' എന്ന സിനിമയിലെ വയലാറിന്റെ രചനയിൽ കണ്ട സാംസ്കാരികവിടവ് ഒട്ടും അനുഭവപ്പെടാത്ത പാട്ടാണ്. പ്രണയത്തെ മനോഹരമായി ആവിഷ്കരിച്ച ചില ഗാനങ്ങൾകൂടി പരമാർശിച്ചു പോകേണ്ടതുണ്ട്. 'താമരപ്പൂങ്കാവനത്തില് താമസിക്കുന്നോളെ പഞ്ചവർണ്ണ പൈങ്കിളിയില് പങ്ക് റങ്കുള്ളോളെ' (കെ.ടി. മുഹമ്മദ്, കെ. രാഘവൻ, ബാല്യകാലസഖി, 2014) 'വാതിക്കല് വെള്ളരിപ്രാവ്' (ബി. കെ. ഹരിനാരായണൻ, എം ജയചന്ദ്രൻ, സൂഫിയും സുജാതയും, 2020) 'ഓള് ഓള് കണ്ണുതുറന്ന് ഖൽബ് മിഴിച്ച് മുന്നിലോളുണ്ട്' (ഷംസു സയ്ബ, ശ്രീഹരി. കെ. നായർ, മണിയറയിലെ അശോകൻ, 2022).

നായികയുടെ ബാഹ്യശരീരവർണന ലൈംഗികതയിലേക്ക് വഴുതി പ്പോകുന്ന 'അങ്ങാടി'യിലെ കന്നിപ്പളുങ്കേ എന്ന ഗാനത്തെപ്പറ്റി മുൻപ് സൂചിപ്പിച്ചതാണല്ലോ. കാമുകീകാമുകന്മാരുടെ രഹസ്യസമാഗമത്തിന്റെ പശ്ചാത്തലത്തിൽ കേൾക്കുന്ന, 'ഇത്തിക്കരപ്പക്കി'യിലെ ബിച്ചു തിരുമല യുടെ 'പതിനാലാം ബെഹറില് നൊയമ്പും നോറ്റിരുന്ന പനിമതിപ്പൂവി

നൊത്ത മൊഞ്ചുള്ളൊരു പെണ്ണേ' എന്ന് തുടങ്ങുന്ന ഗാനത്തിൽ പെണ്ണിനെ വിശേഷിപ്പിക്കുന്നത് പവിഴപ്പൂം തട്ടമിട്ട്, മിഴിപ്പൂവിൽ സുറുമയുമിട്ട്, അലുക്കുള്ള മണിയരഞ്ഞാൺ അരക്കെട്ടിൽ തൊങ്ങലുമിട്ട്, മദനപ്പൂമണം തോൽക്കും മലർമെയ്യില് അത്തറിട്ട്, മൈലാഞ്ചിക്കൈവളകൾ മധുരത്തില് കെസ്സ് പാടി വരുന്നവളായാണ്. ബാഹ്യശരീരം തന്നെയാണ് രണ്ടു പാട്ടുകളുടെയും ശ്രദ്ധാകേന്ദ്രം. ഒപ്പനപ്പാട്ടിലും സ്വകാര്യപ്രണയ സന്ദർഭത്തിലും ഒരേ പോലെ മുസ്ലീം സ്ത്രീ ആടയാഭരണങ്ങളും അലങ്കാരങ്ങളും തന്നെയായി മാറുന്നു. ആ കാലത്തെ സിനിമകൾ സ്ത്രീകളെ ഏതുതരത്തിലാണ് സമീപിച്ചത് എന്നതിന്റെ നിദർശനമാണ് ഇത്തരം ആവിഷ്കരണങ്ങൾ. മങ്കൊമ്പ് ഗോപാലകൃഷ്ണൻ രചിച്ച് എ.ടി.ഉമ്മർ സംഗീതം നല്കിയ 'കാട്ടുകള്ളൻ' (1981) എന്ന സിനിമയിലെ ഗാനവും പ്രണയത്തെ ഉടലനുഭവമായാണ് അവതരിപ്പിക്കുന്നത്.

സുറുമ വരച്ചൊരു കണ്ണ്
ഈ സുൽത്താന്റെ പെണ്ണൊരു ജിന്ന്
നിക്കാഹ് പൂതി തൻ മദനപ്പൂങ്കാവിലെ
പച്ചക്കരിമ്പിന്റെ തുണ്ട്
ഇവൾ പച്ചക്കരിമ്പിന്റെ തുണ്ട്...
ചൊകചൊക മിനുങ്ങണ ചുണ്ട്
ചെമ്പക പൂവിന്റെ ചെണ്ട്
തിടമാൻ പോലത്തെ മൊഞ്ച്
കുടമാതളം പോൽ നെഞ്ച്.

'പൂന്തട്ടം പൊങ്ങുമ്പോൾ തെളിയുന്ന തുനെറ്റി പാതിയായ പൊന്നമ്പിളി' (ശ്രീകുമാരൻ തമ്പി, ശ്യാം, ജോൺ ജാഫർ ജനാർദ്ദനൻ, 1982) പോലുള്ള ഗാനങ്ങളിൽ ശരീരത്തെ ആവിഷ്കരിക്കുന്നുണ്ടെങ്കിലും അത് ലൈംഗികോദ്ദീപനത്തിനുള്ള ഉടലല്ല.

**ഹാസ്യഗാനങ്ങൾ**

ഹിന്ദു മുസ്ലീം പ്രണയകഥ അവതരിപ്പിച്ച 'നീലിസാലി'(1960)യിൽ പി.ഭാസ്കരൻ രചിച്ച മുസ്ലീം പശ്ചാത്തലത്തിലുള്ള രണ്ട് തമാശപ്പാട്ടുകളുണ്ട്; 'ഇക്കാനെപ്പോലത്തെ മീശവെച്ചേ', 'തീർച്ചയില്ല ജനം രക്ഷയെന്നും മറ്റും ആനവരുന്നതിനാളുകളോടീട്ട്' എന്നിവ. അതിൽ പില്ക്കാലത്തും ശ്രദ്ധിക്കപ്പെട്ടത് തീർച്ചയില്ല ജനം എന്ന പാട്ടാണ്. മട്ടാഞ്ചേരിയിൽ ജീവിച്ചിരുന്ന കണ്ണൻ പരീക്കുട്ടി സിനിമയ്ക്ക് വേണ്ടിയല്ലാതെ രചിച്ചതാണ് ഈ വരികൾ എന്ന് ചില രേഖകളിൽ കാണുന്നു. ഉസ്താദ് (1999) എന്ന സിനിമയിൽ അല്പസ്വല്പം വ്യത്യാസങ്ങളോടെ ഈ ഗാനം ഉപയോഗിച്ചിട്ടുണ്ട്. മാനകഭാഷ പൂർണ്ണമായും ഉപേക്ഷിച്ച്, മുസ്ലീം സ്വത്വമുള്ള പ്രദേശികഭാഷയിലാണ് രചന നിർവഹിച്ചിരിക്കുന്നത്. 'നീലിസാലി'യിലെ 'കാന്താരിമുളകു പഴുത്ത പോലെ' എന്ന ഗാനത്തിൽ നായികയെ കാമുകൻ ഉപമിക്കുന്നത് പഴുത്ത കാന്താരിമുളകിനോടും തുളുനാടൻ ഹൽവയോടും വിരണ്ട വയനാടൻ പോത്തിനോടും ഇല്ലത്തെ ആനയോടുമൊക്കെയാണ്. നായികയുടെ രൂപഭംഗി മാത്രമല്ല അവളുടെ വരവും ഗാംഭീര്യവും കൂടി വരികളിലുണ്ട്. സദൃശകല്പനക്ക് ഉപയോഗിക്കുന്ന പോത്തും കാന്താരിമുളകും തുളുനാടൻ ഹലുവയും പോലുള്ളവ ഹൈന്ദവ പ്രണയസന്ദർഭങ്ങളിലെ ചന്ദ്രനും നിലാവും മറ്റനേകം സുന്ദരപുഷ്പങ്ങളും ചേർന്ന് സൃഷ്ടിക്കുന്ന അന്തരീക്ഷത്തിൽ നിന്ന് ഏറെ വ്യത്യസ്തമാണ്.

'പച്ചക്കരിമ്പുകൊണ്ടു പടച്ചോൻ തീർത്തൊരു പെണ്ണ്' (വയലാർ, ദേവരാജൻ, കാത്തിരുന്ന നിക്കാഹ്, 1965) എന്ന പ്രണയഗാനം ചില സൂചനകളിലൂടെ ഹാസ്യഗാനവുമായി മാറുന്നത് കാണാം. 'കരളിന്റെ ചുണ്ടത്ത് കത്തിച്ചുവെച്ചൊരു/കഞ്ചാവു ബീഡിയാണീ പ്രണയം/അതു വലിക്കുമ്പം വലിക്കുമ്പം തലയ്ക്കകത്തിരുന്നൊരു/വല്ലാത്ത ഗുലുമാല് മനിശ്യന്'. 'കണ്ട് രണ്ടു കണ്ണ് കതകിൻ മറവില് നിന്ന്' ( പി. എ കാസിം, ബാബുരാജ്, ചുഴി, 1973) എന്ന ഗാനം കേൾവിയിൽ പ്രണയഗാനമാണെങ്കിലും നായികയെ കളിയാക്കലാണ് ഉദ്ദേശം. 'കൊല്ലാൻ നടക്കണ കൊമ്പുള്ള

ബാപ്പാ' (പി. ഭാസ്കരൻ, എം.എസ് ബാബുരാജ്, സുബൈദ, 1965)എന്ന ഗാനം കൊല്ലാതെ കൊല്ലണ് ബമ്പത്തി മോള്/വല്ലാത്തതാണെന്റെ കല്ല്യാണ ക്കോള്/പൊല്ലാപ്പിലായി മുസീബത്തിനാല് എന്നിങ്ങനെ കാമുകന്റെ പങ്കപ്പാ ടാണ് ആവിഷ്കരിക്കുന്നത്. 'വണ്ടിക്കാരൻ ബീരാൻ കാക്കാ രണ്ടാം കെട്ടിനു പൂതിവെച്ച്' (ശ്രീമൂലനഗരം വിജയൻ, എം. എസ്. ബാബുരാജ്, പോർട്ടർ കുഞ്ഞാലി, 1965) എന്ന പാട്ടിലെ വരികൾ (കൊണ്ടോട്ടീച്ചെന്ന് കണ്ട് തണ്ടുകാരിപ്പാത്തുമ്മാനെ/സൽക്കാരം കയിഞ്ഞപ്പോ പാത്തുമ്മാ പറയണ്/ ഇക്കാര്യം നടപ്പില്ലെന്ന്/നിക്കാഹിന് തൽക്കാലം മനസ്സില്ലെന്ന്) കല്യാണ മോഹം തകർന്നതിന്റെ ഹാസ്യാത്മകമായ ആവിഷ്കാരമാണ്. 'ഈ മുഹബ ത്തെന്തൊരു മുസീബത്ത്' (ശ്രീകുമാരൻതമ്പി, വി ദക്ഷിണാമൂർത്തി, കണ്ണൂർ ഡീലക്സ്, 1969) ഖവ്വാലി ശൈലിയിൽ ചിട്ടപ്പെടുത്തിയ ഹാസ്യഗാനമാണ്. 'കൊമ്പൻ മീശക്കാരൻ വമ്പൻ പണക്കാരൻ' (ബിച്ചു തിരുമല, ദിവാകർ, ഇത്തിക്കരപ്പക്കി, 1980) എന്ന പാട്ട് പതിനൊന്നു കെട്ടിയ മദ്ധ്യവയസ്കനെ വേദിയിലിരുത്തി പാടുന്ന പാട്ടാണ്. പാട്ടിലെ നിന്ദാസ്തുതി അക്കാലത്ത് മുസ്ലീങ്ങൾക്കിടിയിലുണ്ടായിരുന്ന ബഹുഭാര്യാത്വത്തിന്റെയും പരിധിവിട്ട മൊഴിചൊല്ലലിന്റെയും കൂടി വിമർശനമാണ്.

വിചിത്രകല്പനകളും ഭാഷപ്രയോഗവും ചേരുംപടി ചേർത്ത ആഖ്യാനമാണ് ഹാസ്യഗാനങ്ങളിൽ കാണുക. പ്രാദേശികഭാഷയാണ് മുസ്ലീം ഇതിവൃത്തചലച്ചിത്രഗാനങ്ങളിൽ സാധാരണയായി ഉപയോഗിക്കുന്ന തെങ്കിൽ അതിനെ അല്പംകൂടി വക്രീകരിക്കുകയോ തനിഗ്രാമ്യപ്രയോഗങ്ങൾ ഉപയോഗിക്കുകയോ ചെയ്യുന്നത് ഹാസ്യഗാനങ്ങളിൽ സർവസാധാരണ മാണ്. എ ടി ഉമ്മറിന്റെ ഈണത്തിൽ 'അഗ്നി' (1978) എന്ന ചിത്രത്തിന് വേണ്ടി ശകുന്തള രാജേന്ദ്രൻ കഥാഗാനങ്ങളുടെ മാതൃകയിലാണ് ഹാസ്യഗാന ങ്ങൾ രചിച്ചത്. 'സുൽത്താന്റെ കൊട്ടാരത്തിൽ കള്ളൻ കേറി പൊന്നും മുത്തും വാരി' എന്ന ഗാനം തന്നെ ഭയപ്പെടുത്തിയോടിച്ച് അധികാരം പിടിച്ചടക്കിയ കള്ളനെ സ്വയം കളവ് പഠിച്ചു തിരിച്ചുവന്ന സുൽത്താൻ ഓടിക്കുന്ന കഥയാണ്. 'തൊണ്ണൻ പോക്കരു പൊണ്ണൻ പോക്കര് '-ൽ പെൺവീട്ടിലെ

സൽക്കാരസദ്യയിൽ വിഴുങ്ങിയ മുട്ട തൊണ്ടയിൽ കുരുങ്ങിയപ്പോൾ മുട്ടയിറങ്ങാൻ മൊട്ടത്തലയിൽ അമ്മിക്കുട്ടികൊണ്ട് അടികിട്ടി പോക്കർ മരിക്കുന്നതാണ് ആഖ്യാനം ചെയ്യുന്നത്. കഥയിൽ സ്വയമേവയുള്ള ഹാസ്യത്തെ ആഖ്യാനത്തിന്റെ ഹാസ്യസ്വഭാവം ഊർജ്ജസ്വലമാക്കുന്നു.

കള്ള സുൽത്താൻ കണ്ടു ബെരണ്ടു വാലുമടക്കി പാഞ്ഞു
രാജോത്തീം കൂടെപാഞ്ഞു
പാഞ്ഞോടത്തോ ഉസറു ബെളമ്പീ ഉസറു ബെളമ്പീ
നാട്ടു ബെടക്കാക്കി

ഒത്തുക, രാജോത്തീ, ഉസറ് പോലുള്ള തനിപ്രാദേശികപദങ്ങൾ മാത്രമല്ല വകാര-ബകാര ആദേശവും പാട്ടിലുടനീളം കാണാം. ആഖ്യാനത്തിന്റെ ഭാവരൂപങ്ങളൊന്നാകെ ഏറ്റവും ഗ്രാമ്യമാകുകയാണ് രണ്ട് പാട്ടിലും. പ്രാസത്തിന് ഇണങ്ങുന്ന പദരചന, നിരർഥക ശബ്ദങ്ങളുടെ താളക്രമത്തിലുള്ള ആവർത്തനം തുടങ്ങിയവയൊക്കെ ഹാസ്യത്തിന് ഹേതുവാകുന്നു.

**ഭക്തി – തത്ത്വചിന്ത**

സൂഫി പാരമ്പര്യത്തിലുള്ള അർച്ചനാഗാനങ്ങളും ദാർശനികകവിതകളും വിശുദ്ധരുടെയും വിഖ്യാതരായ പൂർവികരുടെ ചരിതങ്ങളായ കിസ്സപ്പാട്ടുകളും മാലപ്പാട്ടുകളും അറബിമലയാളസാഹിത്യത്തിൽ ധാരാളമായി കാണാം. മലയാള സിനിമാഗാനങ്ങളിൽ ഇതിന് സമാനമായ ഒട്ടേറെ പാട്ടുകളുണ്ട്. 'ഉമ്മ'യിലെ 'തള്ളാനും കൊള്ളാനും നീയാര് മൂഢാ' മുസ്ലീം സിനിമഗാനങ്ങളിലെ ആദ്യത്തെ ദാർശനികഗാനമായിരിക്കും. 'അല്ലാഹുവിൻ പാദതാരിൽപ്പതിക്കു തള്ളില്ലൊരാളും തടയില്ലൊരാളും' എന്നിങ്ങനെ മൊഴിചൊല്ലപ്പെട്ട ആയിഷയെ ആശ്വസിപ്പിക്കുന്ന തരത്തിൽ സിനിമയുടെ പശ്ചാത്തലത്തിൽ കേൾക്കുന്ന ഗാനമാണിത്. 'സർവ്വശക്തനെ ശരണം തേടുക മനമേ' (പി.ഭാസ്കരൻ, എം.എസ്. ബാബുരാജ്, കണ്ടംബെച്ച കോട്ട്, 1965)എന്ന ഗാനം 'ദുഃഖസാഗരത്തിലെ രക്ഷകൻ അവനല്ലേ /അള്ളാവിൻ തിരുവുള്ളമിതേ/അല്ലലിലാഴരുതേ വെറുതേ' എന്നും "അവന്റെ കരമൊന്നു ചലിച്ചാൽ

ആശക്കോട്ടകൾ മണ്ണടിയും/അള്ളാവൊന്നു നിനച്ചാൽ അഖിലരും ആനന്ദ ത്തിൻ മധുനുകരും /ഏതൊരു കൂരിരുൾ തന്നിലും ഒരു ചെറു പാത തെളിച്ചിടും അള്ളാഹ്' എന്നും സകലതിനും ആശ്രയമായി അല്ലാഹുവിനെ കാണാനു പദേശിക്കുന്നു.

'പരിപാവനം കേഴുവോർക്കാശ്രയം നൽകും അജ്മീർ ഖ്വാജാ ഷേക്കിൻ മഖ്ബറാ' (പി. ഭാസ്കരൻ, എ. ടി. ഉമ്മർ, മണിയറ, 1983) എന്ന് തുടങ്ങുന്ന ഗാനം മഖ്ബറയിൽ നടന്ന അത്ഭുതപ്രവൃത്തിയുടെ ചരിതം അവതരിപ്പിക്കുന്നു. മണിത്താലി(പി. ഭാസ്കരൻ, എ. ടി. ഉമ്മർ, 1984)യിലെ 'യാഹബീ യാഹബീ യാഹബീ' എന്ന ഗാനം നാഗോറിലെ മഖ്ബറയെപ്പറ്റി യുള്ളതാണ്: 'ലോകൈക വന്ദ്യൻ റസൂലിൻ ദാസൻ/ഷാഹുൽ ഹമീദിൻ വന്ദ്യസ്ഥലം/മാറാത്ത വ്യാധികൾ മാറും പുണ്യസ്ഥലം/മണ്ണിൽ തീരാത്തൊ രാധികൾ തീർക്കും പുണ്യസ്ഥലം'. 'റസൂലെ നിൻ കനിവാലെ' (യൂസഫലി കേച്ചേരി, കെ ജെ യേശുദാസ്, സഞ്ചാരി, 1981) ഖുർ ആൻ അവതരിച്ച തിന്റെ ചരിതമാണ് പാടുന്നത്. 'മാണിക്യ മലരായ പൂവി മഹതിയാം ഖദീജ ബീവി' (പി എം എ ജബ്ബാർ, ഷാൻ റഹ്മാൻ, ഒരു അഡാർ ലവ്, 2019) നാലു പതിറ്റാണ്ടുകൾക്ക് മുൻപ് രചിച്ച ഒരു ഗാനമാണ്. 'ഒരു അഡാർ ലവി'ലെ അതിന്റെ ദൃശ്യാവിഷ്കാരം വിവാദങ്ങൾക്ക് കാരണമാവുകയുണ്ടായി. അല്ലാഹു വിന്റെ കരുണയും ദൈവീകസ്നേഹത്തിന്റെ മഹത്വവും വിവരിക്കുന്ന ഗാനമാണ് 'കാറ്റുപായ തകർന്നല്ലോ കൈതുഴ ഒടിഞ്ഞല്ലോ' (പി. ഭാസ്കരൻ, എം.എസ് ബാബുരാജ്, കുപ്പിവള, 1965) 'കൊട്ടിയടച്ചൊരു മൂഢന്റെ വാതിലിൽ മുട്ടിവിളിയ്ക്കേണ്ട ബാലേ/കൊട്ടിയടയ്ക്കാത്തൊരള്ളാഹുവിൻ ദിവ്യകൊട്ടാരവാതിലിൽ ചെല്ലൂ നീ എന്ന് ഗാനം ഉപദേശിക്കുന്നു. 'പൊൻവള യില്ലെങ്കിലും പൊന്നാടയില്ലെങ്കിലും പൊന്നിൻകുടം എന്നും പൊന്നിൻ കുടം' (പി. ഭാസ്കരൻ, എം.എസ്. ബാബുരാജ്, കുട്ടിക്കുപ്പായം, 1964) എന്ന ഗാനത്തിൽ അനപത്യതാ ദുഃഖത്തെ ദാർശനികചിന്തകൊണ്ട് മറികടക്കാ നുള്ള ശ്രമം കാണാം. അല്ലലിന്റെ ഇരുളിൽ കൂടുതൽ പ്രഭാപൂരിതമാകുന്ന

ദൈവീക സ്നേഹത്തെക്കുറിച്ചുള്ള ചിന്തകൾ കവിതകൾക്ക് മാത്രമല്ല വഴങ്ങുക എന്ന് ഈ ഗാനം കാണിച്ചു തരുന്നു.

അള്ളാഹ വെച്ചതാമല്ലലൊന്നില്ലയിൽ
അള്ളാഹവെ തന്നെ മറക്കില്ലേ - നമ്മൾ
അള്ളാഹവെ തന്നെ മറക്കില്ലേ
എല്ലാർക്കുമെപ്പൊഴും എല്ലാം തികഞ്ഞാൽ
സ്വർലോകത്തിനെ വെറുക്കില്ലേ - നമ്മൾ
സ്വർലോകത്തിനെ വെറുക്കില്ലേ.

കുട്ടിക്കുപ്പായം(1964)ത്തിലെ പി.ഭാസ്കരൻ രചിച്ച് എം. എസ്. ബാബുരാജ് ഈണം നല്കിയ 'തൊട്ടിലിൽ നിന്ന് തുടക്കം – മയ്യത്ത്/കട്ടിലിൽ യാത്രയൊടുക്കം/അവിടെനിന്നാർക്കും ഇല്ല മടക്കം/ആറടിമണ്ണിലുറക്കം' - എന്ന ഗാനം മരണത്തെക്കുറിച്ചുള്ള ദാർശനികമായ തിരിച്ചറിവാണെങ്കിൽ, അതേ സിനിമയിലെ 'പൊട്ടിച്ചിരിക്കുവാൻ മോഹമുണ്ടെങ്കിലും/പൊട്ടിക്കരയിക്കും ജീവിതം/ആശിച്ചവേഷങ്ങൾ ആടാൻ കഴിയാത്ത /നാടകമാണെന്നും ജീവിതം' - യാഥാർത്ഥ്യബോധത്തോടെ ജീവിതദുരന്തങ്ങളെ സമീപിക്കുന്നു. 'യാത്രക്കാരാ പോകുക പോകുക, ജീവിത യാത്രക്കാരാ' എന്ന ആയിഷയിലെ (1964) വയലാർ, ആർ. കെ. ശേഖർ കൂട്ടുകെട്ടിൽ പിറന്ന ഗാനം പാന്ഥർ പെരുവഴിയമ്പലം തന്നിലേ താന്തരായ് കൂടി വിയോഗം വരുമ്പോലെ എന്ന എഴുത്തച്ഛന്റെ കല്പനയെ അനുസ്മരിപ്പിക്കുന്നു.

വികാരങ്ങൾ വഴി കാണിക്കും വിചാരങ്ങൾ കൂടെ നടക്കും
വിധിയുടെ വാടകവണ്ടിയിൽ ഇങ്ങനെ
വിരുന്നുപോകുവതെങ്ങോ - നമ്മൾ വിരുന്നുപോകുവതെങ്ങോ
ഒരുവഴി അടയുമ്പോൾ ഒൻപതു വഴി തുറക്കും - കാലം ഒൻപതു വഴി
തുറക്കും
വരുമിണചേരും പിരിയും പലരും
വഴിയമ്പലമെങ്ങോ – നമ്മുടെ വഴിയമ്പലമെങ്ങോ

'അള്ളാവിൻ കാരുണ്യമില്ലെങ്കിൽ ഭൂമിയിൽ എല്ലാരും എല്ലാരും യത്തീമുകൾ' (പി. ഭാസ്കരൻ, എം. എസ്. ബാബുരാജ്, യത്തീം 1977) എന്ന ഗാനം നാഥനും നയിക്കപ്പെടുന്നയാളും തമ്മിലുള്ള ബന്ധമായി ഈശ്വര-മനുഷ്യ ബന്ധത്തെ 'ഏറ്റവും സരളമായി നിരീക്ഷിക്കുന്നു. 'അള്ളാ ജീവിത മരുളുന്ന അവനിൽ തന്നെ ചേരാൻ (പൂവച്ചൽ ഖാദർ, ശ്യാം, എൻ എച്ച് 47, 1984) 'അതിരുകളറിയാത്ത പക്ഷി മോഹപക്ഷി' ( യൂസഫലി കേച്ചേരി, ബോംബെ രവി, ഗസൽ, 1993), 'മക്കാ മദീനത്തിൽ എത്തുവാനല്ലാതെ തുച്ഛമീജന്മത്തിൻ അർത്ഥമെന്തോ....?' (റഫീക് അഹമ്മദ്, രമേശ് നാരായണൻ, ആദാമിന്റെ മകൻ അബു, 2011) തുടങ്ങിയ ഒട്ടേറെ ഗാനങ്ങളിൽ ജീവിതവും മരണവും അദ്ധ്യാത്മികതയും സംബന്ധിച്ച തത്വങ്ങൾ പലപാട് ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്.

ഈ ഗാനങ്ങൾക്കെല്ലാമുള്ള പൊതുസവിശേഷത, പ്രണയവും ശോകവും പരിഹാസവും പോലുള്ള ഭൗതികജീവിതസംഗതികൾ ആഖ്യാനം ചെയ്യുമ്പോൾ പിന്തുടർന്ന ഭാഷയിൽ നിന്നുള്ള വിച്ഛേദമാണ്. ഭാഷ മാനകീകരണത്തിന് തയ്യാറാകുന്നു. വരേണ്യം എന്ന് വ്യവഹരിക്കാവുന്ന ചില അടയാളങ്ങൾ ഉൾക്കൊള്ളുന്നു. ആത്മീയതയും ദാർശനികതയും ഭൗതികജീവിതവ്യവഹാരങ്ങൾക്കപ്പുറം ഗൗരവമുള്ള ഒന്നാണെന്നും, അത് പ്രകാശിപ്പിക്കാൻ മുസ്ലീം സാമൂഹികഭേദങ്ങൾ അശക്യമാണ് എന്നുമുള്ള തോന്നൽ, ഗ്രാംഷി ചൂണ്ടിക്കാട്ടുന്ന സാംസ്കാരികവരേണ്യതയുടെ അധീശ ബോധം ഇതിന് പിറകിൽ പ്രവർത്തിക്കുന്നുണ്ടാവണം. ഇതിനും അപവാദ ങ്ങളില്ലെന്നല്ല. ശ്രീകുമാരൻ തമ്പിയുടെ ഗാനങ്ങളായ 'അള്ളാവിൻ തിരുസഭയിൽ കണക്കു കാണിക്കുവാൻ' (എം.കെ. അർജ്ജുനൻ, ജയിക്കാ നായ് ജനിച്ചവൻ,1978) 'കളിയും ചിരിയും ഖബറിലടങ്ങും കല്പന കാക്കാൻ നമ്മൾ മടങ്ങും' (ജയവിജയ, സ്നേഹം, 1977), 'തൽക്കാല ദുനിയാവ് കണ്ടു നീ മയങ്ങാതെ' (ബന്ധുക്കൾ ശത്രുക്കൾ, 1993) പോലുള്ള ഗാനങ്ങളിൽ അദ്ദേഹം മുസ്ലീംഗാനങ്ങൾക്ക് പൊതുവേ ഉപയോഗിക്കുന്ന പദരചന തന്നെ പ്രായേണ പിന്തുടരുന്നത് കാണാം. പൂവച്ചൽ ഖാദർ, കെ. രാഘവൻ

കൂട്ടുകെട്ടിൽ പിറന്ന പതിനാലാം രാവ് (1978)ലെ 'അഹദോന്റെ തിരുനാമം മൊളിന്തിന്റെ സമയത്ത്/ദുവാ ചെയ്ത് കരം മൊത്തി തെളിന്ത് റബ്ബേ - സ്തുതിയാൽ/കടക്കട്ടെ നെബിയോരിൽ സലാത്തും ബിണ്ടേ' പഴയ അറബി മലയാള രചനകളുടെ  പാത പിന്തുടരുന്നത് കാണാം. പി കെ ഗോപിയും ജോൺസണും  നാരായം (1993) എന്ന സിനിമയ്ക്ക് വേണ്ടി ഒരുക്കിയ 'ഖൽബിലൊരൊപ്പനപ്പാട്ടുണ്ടോ' എന്ന പാട്ടിൽ 'ഇസത്തിന്റെ ഹിക്മത്തിൽ അള്ളാനെ മറന്നിട്ട് തലപ്പാവ് വെച്ചോരെ/സക്കാത്ത് നൽകാത്ത നിസ്കാരത്തയമ്പിനെ പടച്ചോൻ കാണൂല്ല' എന്ന് ഓർമ്മിപ്പിക്കുന്നത് നർമ്മത്തിന്റെ ഭാഷയിലാണ്. ഒരു മൽസ്യത്തൊഴിലാളിയാണ് പാടുന്നത് എന്നത് ആ ഗാനത്തിന്റെ പദസംരചന (diction) നിർണ്ണയിച്ചതിന് പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടാവണം.

മുസ്ലീംചലച്ചിത്രഗാനങ്ങളെ പരമ്പരാഗതമാപ്പിളപ്പാട്ടുകൾ, ശോകഗാനങ്ങൾ, പലഹാരപ്പാട്ട് , കാത് കുത്തുപ്പാട്ട്, വാണിഭം, ഉൽസവം, താരാട്ട് തുടങ്ങി പലതരത്തിൽ വർഗീകരിക്കാനാവും. മോയിൻകുട്ടി വൈദ്യരുടെ പ്രസിദ്ധമായ വരികൾ 'ഒയ്യെ എനിക്കുണ്ട് പയ്യല് തീരായത്തിൽ' ബാബുരാജിന്റെ സംഗീതസംവിധാനത്തിലും (ഓളവും തീരവും, 1970) 'ഏറിയനാളായല്ലോ മധുമലർ വിരിയുന്ന പൂരണ മധുകുടിപ്പാനെ', 'കണ്ടാരക്കട്ടിന്മേല്' എന്നിവ ജി. ദേവരാജന്റെ ഈണത്തിലും  (മരം, 1973) 'മുത്തുനവ രത്നമുഖം കത്തിടും മയിലാളേ' ശ്യാമിന്റെ സംഗീതസംവിധാനത്തിലും (ആയിരത്തിത്തൊള്ളായിരത്തി ഇരുപത്തിയൊന്ന്, 1988) ചലച്ചിത്രഗാനങ്ങളായി മാറിയിട്ടുണ്ട്. 'വടക്കേലെ പാത്തുനെ പെൺകെട്ടാലോചിച്ചനേകംപേർ വന്നാനേ' (പറവ, 2017) എന്ന പാട്ട് പോലെ പരമ്പരാഗതമായി പടിപ്പോന്ന വേറെയും പാട്ടുകൾ സിനിമയിൽ ഉപയോഗിച്ചിട്ടുണ്ട്.

'പൊട്ടിച്ചിരിക്കല്ലേ പൊന്മകളേ എന്നും/പൊട്ടിക്കരയേണ്ട ജന്മമല്ലേ /നീയൊരു പെണ്ണായ് പിറന്നില്ലേ/ഇനി മയ്യത്താകും വരെ കരയേണ്ടേ' (പി. ഭാസ്കരൻ, എം.എസ്.ബാബുരാജ് കുപ്പിവള, 1965) എന്ന പാട്ട് മുസ്ലീം സ്ത്രീയുടെ മാത്രമല്ല, പൊതുവേ സ്ത്രീ ജീവിതത്തിന്റെ ദുരിതപൂർണ്ണതയുടെ

ആഖ്യാനമാണ്. കുട്ടിയെ താലോലിക്കുന്ന അമ്മ സ്വന്തം ജീവിതവ്യഥകളുടെ വെളിച്ചത്തിൽ പെൺജീവിതത്തെ തിരിച്ചറിയുകയാണിവിടെ. സിനിമ ആവശ്യപ്പെടുന്ന സവിശേഷ സന്ദർഭത്തെ അതിവർത്തിച്ച് പൊതുമാനങ്ങ ളുള്ള ഒരു നിരീക്ഷണമായി ഈ വരികൾ സിനിമയ്ക്ക് പുറത്തേക്ക് വളരുന്നു. 'മയിൽപ്പീലി കണ്ണുകൊണ്ട് ഖൽബിന്റെ കടലാസ്സിൽ മാപ്പിളപ്പാട്ട് കുറിച്ച വനേ' (വയലാർ രാമവർമ്മ, ജി ദേവരാജൻ, കസവുതട്ടം, 1967) പ്രണയ നഷ്ടം ആവിഷ്കരിക്കുന്ന യുഗ്മഗാനമാണ്. ഈ ഗാനം പ്രണയഗാനമായും സിനിമയിൽ ഉപയോഗിച്ചിട്ടുണ്ട്. 'അറബിക്കടലേ അറബിക്കടലേ ചോദി ച്ചോട്ടേ എൻ അറബിക്കഥയിലെ രാജകുമാരി സുഖമായ് വാഴുന്നോ' ( പി. ഭാസ്കരൻ, കെ. രാഘവൻ, സുറുമയിട്ട കണ്ണുകൾ, 1983) എന്ന ഗാനം പുരുഷന്റെ പ്രണയഭംഗമാണ് ആഖ്യാനം ചെയ്യുന്നത്. 'കരയ്ക്കെന്നെ തനിച്ചാ ക്കിട്ട്.... തിരക്കോളിലേക്കു പോയോനേ/ഇടയ്ക്കോരോന്ന്-ലാവു പാളുമ്പം നിനയ്ക്കും ഞാൻ നിന്റെ പായെന്ന്' (അൻവർ അലി, കൃഷ്ണകുമാർ, തുറമുഖം 2023), 'ഈ വരികൾ നീ വായിക്കുവാൻ എഴുതുന്നതാണേ/രാപ്പകലുടയോ നായോന്റെ നാമമോതി പ്രേമത്താലേ/നീ ഇല്ലാ മണിയറയുള്ളിൽ ഞാൻ അല്ലേ മഖ്ബറയുള്ളിൽ/നീ ഉള്ളോരായിരുളറയിൽ ഞാൻ ഇല്ലെ തീയായി' ( മു. രി, ഗോവിന്ദ് വസന്ത, കഠിനകഠോരമീ അണ്ഡകടാഹം , 2023) എന്നീ പാട്ടുകൾ തീവ്രനഷ്ടത്തിന്റെ വേവുപാട്ടായി വാക്കുകൊണ്ടും ഈണംകൊണ്ടും പൊള്ളിക്കുന്നവയാണ്.

താരാട്ടുപാട്ടുകൾ ('പടച്ചോന്റെ കൃപകൊണ്ടു നിന്നെ കിട്ടി - പൊന്നിൻ കട്ടി നീയുറങ്ങ് കുഞ്ഞുമോനേ', പി ഭാസ്കരൻ, ബി എ ചിദംബര നാഥ്, കായംകുളം കൊച്ചുണ്ണി 1966/ 'ഹസ്ബിറബ്ബിസലല്ലാ'- ആർ കെ ദാമോദരൻ, എം കെ അർജ്ജുനൻ, അടിമച്ചങ്ങല, 1981/'പുന്നാര പൂമുത്തെ പുന്നെല്ലിൻ പൂങ്കനിയെ' - ദേവദാസ്, രവീന്ദ്രൻ, ഒന്നും ഒന്നും പതിനൊന്ന്, 1988), കാതുകുത്തുപാട്ട് ('ഒരുകൊട്ട പൊന്നുണ്ടല്ലോ മിന്നുണ്ടല്ലോ മേനി നിറയെ കരയല്ലേ ഖൽബിൻ മണിയേ'- പി ഭാസ്കരൻ,ബാബുരാജ് കുട്ടിക്കുപ്പായം, 1964), വാണിഭം ('സുറുമ നല്ല സുറുമ'-പി ഭാസ്കരൻ, ബി എ

ചിദംബരനാഥ്, കായംകുളം കൊച്ചുണ്ണി 1966), ആഘോഷപ്പാട്ടുകൾ ('പതിനാലാം രാവിന്റെ പിറപോലെ വന്നില്ലേ' - ഗിരീഷ് പുത്തഞ്ചേരി, മോഹൻ സിതാര, ഷാർജ ടു ഷാർജ, 2014/ 'അപ്പങ്ങളെമ്പാടും ഒറ്റയ്ക്ക് ചുട്ടമ്മായി'- റഫീക് അഹമ്മദ്, ഗോപി സുന്ദർ, ഉസ്താദ് ഹോട്ടൽ, 2012/ 'ആവേശം കൊള്ളുന്ന മോഹികളെ - മു. രി & ടി കെ കുട്ടിയാലി, വിഷ്ണുവിജയ്, സുലൈഖമൻസിൽ, 2023) ദേശാഭിമാനം ('ഏറനാടിൻ മണ്ണിൽ നിന്നുയണർന്നെണീറ്റീടും' - ആർ കെ ദാമോദരൻ, എം കെ അർജ്ജുനൻ, അടിമച്ചങ്ങല, 1981) എന്നിങ്ങനെ ബൃഹത്തും വിപുലവിഷയി യുമാണ് ഈ മലയാള ചലച്ചിത്രഗാനശാഖ.

## സംസ്കാരവ്യവസായത്തിന്റെ ഇടപെടൽ

പരമ്പരാഗത മാപ്പിളപ്പാട്ടുകളെ ജനപ്രിയതസംസ്കാരത്തിന്റെ വഴിയിലേക്ക് നടത്തുകയാണ് സിനിമാപ്പാട്ടുകൾ. പാരമ്പര്യമൂല്യങ്ങൾ ഊർന്നുപോയ വിടവിലേക്ക് വിപണിമൂല്യങ്ങൾ കൂട്ടിച്ചേർക്കപ്പെട്ട അവസ്ഥ യിലാണ് അവ. ഉന്നതസംസ്കാരത്തിൽ നിന്ന് ഭിന്നമായി ആൾക്കൂട്ടം നിർമ്മി ക്കുന്ന സംസ്കാരമാണ് ജനപ്രിയസംസ്കാരം എന്ന് തോന്നിയേക്കാമെങ്കിലും ആൾക്കൂട്ടത്തിന്റെ താല്പര്യങ്ങളെ തങ്ങൾക്കനുഗുണമാക്കും വിധം വിപണി നിർമ്മിക്കുന്ന, നിയന്ത്രിക്കുന്ന സംസ്കാരമാണ് അത്. മാധ്യമങ്ങളാണ് അതിന്റെ മുഖ്യ ചാലകങ്ങൾ. ഉദാഹരണമായി, തുടക്കത്തിൽ ചലച്ചിത്രമെന്ന മാധ്യമത്തിന്റെ സവിശേഷ സാഹചര്യത്തിൽ മാത്രം നിലനിൽപ്പുള്ള ഒന്നായിരുന്ന സിനിമാ കല്യാണപ്പാട്ടുകൾ. എന്നാൽ വിപണിയുടെ സാംസ്കാരികാധീശത്തം ജീവിതസന്ദർഭങ്ങളെയും വഴക്കിയെടുക്കുന്നതിന്റെ ദൃഷ്ടാന്തമാണ് പുതിയ കാലത്തെ കല്യാണാഘോഷങ്ങളുടെ ഭാഗമായി വരുന്ന ഒപ്പനപ്പാട്ടുകൾ. പരമ്പരാഗത കല്യാണപ്പാട്ടുകളെ അനുകരിച്ചും എന്നാൽ ഇശലിന്റെയും പ്രാസത്തിന്റെയും അതിരുകൾ ലംഘിച്ചും പരമ്പരാ ഗത ഈണത്തെ ഒട്ടൊക്കെ പിന്തുടർന്നും അതേസമയം പുതുമ നിറച്ചുമാണ് ആദ്യകാലത്ത് ഗാനങ്ങൾ സൃഷ്ടിച്ചത്. പിന്നീട് പാരമ്പര്യത്തിന്റെ ശേഷിപ്പു കളെ ഓരോന്നായി ഉപേക്ഷിച്ച് സിനിമാപ്പാട്ടുകൾ മുന്നോട്ടുപോയി.

സാഹിത്യം, ഈണം, ചുവടുകൾ എന്നിവയിലെല്ലാം ഈ മാറ്റം ദൃശ്യമാണ്. അങ്ങനെ സിനിമ നിർമ്മിച്ചെടുത്ത പുതിയ കാല കല്യാണപ്പാട്ടുകളാണ് 'മെഹറുബ മെഹറുബ പുതുക്കപ്പെണ്ണേ' (കൈതപ്രം, എം.ജയചന്ദ്രൻ, പെരുമഴക്കാലം, 2004), 'താമരക്കുരുവിക്ക് തട്ടമിട് തങ്കക്കിനാവിന്റെ കമ്മലിട്' (ഗിരീഷ് പുത്തഞ്ചേരി, ഇളയരാജ, അച്ചുവിന്റെ അമ്മ, 2005), 'കിഴക്ക പൂക്കും മുരിക്കിനെന്തൊരു ചൊക ചൊകപ്പാണ്' (റഫീഖ് അഹമ്മദ്, ഗോപി സുന്ദർ, അൻവർ, 2010) 'ഹാലേതാ ഹാലെ നിന്നെ കണ്ടലാകേ ഹാലാകേ മാറുന്നേ' (മു.രി, വിഷ്ണു വിജയ്, സുലൈഖ മൻസിൽ, 2023) തുടങ്ങിയവ. ഇവയെല്ലാം യഥാർഥ കല്യാണാഘോഷങ്ങളിലും ആലപിക്കുന്ന, ചുവടുവെക്കുന്ന പാട്ടുകളായി മാറിയതോടെ പരമ്പരാഗത ഗാനങ്ങൾ മെല്ലെമെല്ലെ അരങ്ങൊഴിയുകയാണ്. ഇത്തരം പ്രവണത പ്രണയഗാനങ്ങളിലും ഹാസ്യഗാനങ്ങളിലുമെല്ലാം കാണാൻ കഴിയുന്ന മാറ്റമാണ്. ചുരുക്കത്തിൽ സംസ്കാരവ്യവസായം പരമ്പരാഗത സാംസ്കാരിക മുദ്രയെ എങ്ങനെയാണ് വിപണിയിലെ വിലയുള്ള ചരക്കാക്കി പരിവർത്തിപ്പിക്കുന്നത് എന്നതിന് ഉദാഹരണമാണ് മാപ്പിളപ്പാട്ടുകളുടെ സിനിമയിലെ സാന്നിധ്യം.

**കുറിപ്പുകൾ:**

1. The cinema offers a number of possible pleasures. One is scopophilia. There are circumstances in which looking itself is a source of pleasure, just as, in the reverse formation, there is pleasure in being looked at. Laura Mulvey

**ഗ്രന്ഥസൂചി**


1. ഒ.എൻ.വി കുറുപ്പ്, ഒഎൻവിയുടെ ഗാനങ്ങൾ, സഹൃദയ ബുക്സ്, പുലിയന്നൂർ, 1999.
2. പി. ഭാസ്കരൻ, കൃതികൾ സമ്പൂർണ്ണം: കവിതകൾ ഗാനങ്ങൾ, ഡിസി ബുക്സ്, കോട്ടയം, 2008.
3. ശ്രീകുമാരൻ തമ്പി,ഹൃദയസരസ് , തെരഞ്ഞെടുത്ത 1001 ഗാനങ്ങൾ, ഡിസി ബുക്സ്, കോട്ടയം, 2012.

4. ഷാജി ജേക്കബ്, ജനപ്രിയ സംസ്കാരം ചരിത്രവും സിദ്ധാന്തവും,മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2017.

5. വയലാർ രാമവർമ്മ, വയലാർ കൃതികൾ കവിതകളും ഗാനങ്ങളും, ഡിസി ബുക്സ്, കോട്ടയം, 2007.

6. Laura Mulvey, Visual and Other Pleasures, Palgrave Macmillan, UK, 1989

7. Stuart Hall, Representation: Cultural Representations and Signifying Practices, Sage, London, 2010)

**ഗവേഷണ പ്രബന്ധം**

1. അഷറഫ് കെ. ടി, അറബി-മലയാളകൃതികൾ: ഭാഷാപരവും സാംസ്കാരികവുമായ സവിശേഷതകളെ മുൻ നിർത്തിയുള്ള പഠനം, കാലിക്കറ്റ് യൂണിവേഴ്സിറ്റി, 2009

**വെബ് ഉള്ളടക്കം**

1. https://www.malayalasangeetham.info/
2. https://www.m3db.com/records
3. https://www.malayalachalachithram.com/song.

# ദൃശ്യാവബോധവും കേരളീയ കലാവിഷ്ക്കാരവും: - സാംസ്കാരിക പരിണാമങ്ങൾ

**ഡോ.റീന എ എം**

**പ്രബന്ധസംഗ്രഹം**

കാഴ്ചയുടെ സാംസ്കാരിക പരിണാമ ചരിത്രം വിവിധ കാലഘട്ടങ്ങളിലുള്ള കലാസൃഷ്ടികളുടെ സൂക്ഷ്മ പഠനങ്ങളിലൂടെ കണ്ടെത്താം. ചലിക്കുന്ന ദൃശ്യങ്ങളുടെ ആവിഷ്ക്കരണത്തിന് കലാകാരന്മാർ കൂടുതൽ ആഭിമുഖ്യം പുലർത്തിയതായി കാണാം. ഭ്രദൃശ്യങ്ങൾക്ക് അതിൽ വലിയ പങ്കുണ്ട്..ഒരു സമൂഹത്തിന്റെ ദൃശ്യാവബോധം സാംസ്കാരിക നിർമ്മിതിയുടെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ്. കേരളീയ കാഴ്ചകളെ ഈ അവബോധത്തിൽ പരിശോധിക്കേണ്ടതുണ്ട്.

**താക്കോൽവാക്കുകൾ:** ദൃശ്യബോധം, ദൃശ്യസംസ്കാരം, ദൃശ്യാവിഷ്ക്കാരം, ദൃശ്യാവബോധം, ദൃശ്യാത്മകത, സാംസ്കാരിക നിർമ്മിതി

പഞ്ചേന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട സംവേദനത്തിൽ പ്രഥമസ്ഥാനം കണ്ണിനുതന്നെ നൽകാൻ കഴിയും. കണ്ണുകൾ കൊണ്ട് കാണുകയും വിലയിരുത്തുകയും വിമർശിക്കുകയും ചെയ്യുന്ന ഒരു സാംസ്കാരിക പാരമ്പര്യത്തിന്റെ തുടർച്ചയായി അതിനെ കാണാനാവും. പടിഞ്ഞാറ് ഭാഗത്ത് അതിവിശാലമായി കിടക്കുന്ന അറബിക്കടലും 44 നദികളും കായലുകളും ഹരിതാഭമായ പ്രകൃതിയും മലയാളിയുടെ ഇന്ദ്രിയനുഭവങ്ങളെ കാഴ്ചയിലേക്ക് കേന്ദ്രീകരിച്ചു. കേരളത്തിന്റെ കിഴക്കുഭാഗത്തെ സഹ്യപർവ്വതവും കാഴ്ചയെ സ്വാധീനിച്ചു. മലകൾ തിങ്ങിനിറഞ്ഞു കിടക്കുന്ന കേരളത്തിന്റെ പ്രകൃതി കേരളീയന്റെ ദൂരക്കാഴ്ചകളുടെ (long sight)പരിധി കുറച്ചു. 'കണ്ണെത്താത്ത ദൂരത്തോളം' ഉള്ള കാഴ്ച ചുരുക്കം ചില സ്ഥലങ്ങളിൽ മാത്രം സാധ്യമായി. ഇത് വസ്തുക്കളെ അതിന്റെ പരപ്പിൽ കാണുന്നതിനേക്കാൾ സൂക്ഷ്മമായി കാണാനുള്ള ദൃശ്യബോധം കേരളീയന് നൽകി.

മലയാളികളുടെ കാഴ്ചയുടെ അടിസ്ഥാനം കേരളത്തിന്റെ പ്രകൃതി തന്നെയാണ്. മലനാടും ഇടനാടും തീരപ്രദേശവും കേരളത്തിൽ മൂന്നുതരം

കാഴ്ചകളെ സൃഷ്ടിച്ചു. ഒരു അവസ്ഥയുടെ തന്നെ വ്യത്യസ്ത ആംഗിളുകളിൽ ഉള്ള കാഴ്ചയും സൃഷ്ടിച്ചത് ഈ ഭൂപ്രകൃതി തന്നെയാണ്. പുഴയുടെ കരയിൽ നിന്നു പുഴ കാണുന്നതും മലമുകളിൽ നിന്നു പുഴ കാണുന്നതും കാഴ്ചയുടെ വ്യത്യസ്ത അനുഭൂതി മണ്ഡലങ്ങളെ സാധ്യമാക്കി. വ്യത്യസ്ത സമയങ്ങളിലുള്ള സൂര്യന്റെ കാഴ്ചയും മലയാളിയുടെ ദൃശ്യബോധത്തെ, സർഗാത്മകതയെ സ്വാധീനിച്ചു. ഉദയവും അസ്തമയവും മലയാളിയുടെ മനസ്സിലും ദൃശ്യങ്ങൾ വരച്ചിട്ടു. കടലിൽ നിന്നുദിച്ചു വരുന്ന സൂര്യനും കടലിൽ മുങ്ങിത്താഴുന്ന സൂര്യനും മലയാളിക്ക് ഒരു ശാസ്ത്രീയ അനുഭവം എന്നതിനേക്കാൾ കാല്പനിക അനുഭവമായിരുന്നു.

പൂക്കളും പൂമ്പാറ്റകളും കായലും വയലും എല്ലാം മനുഷ്യന് കാണാൻ വേണ്ടി സൃഷ്ടിക്കപ്പെട്ടതാണ് എന്ന തരത്തിലേക്ക് മലയാളിയുടെ ദൃശ്യബോധത്തെ സംബന്ധിക്കുന്ന കാഴ്ചപ്പാടുകൾ മാറി. കാലാവസ്ഥയും മലയാളിയുടെ ദൃശ്യബോധത്തെ സ്വാധീനിച്ച ഘടകമാണ്. മഞ്ഞും മഴയും വെയിലും കാഴ്ചകൾക്ക് വ്യത്യസ്ത നിറങ്ങൾ നൽകി. മഞ്ഞണിഞ്ഞ മലകളും വെയിൽ അണിഞ്ഞ വയലുകളും മഴയിൽ കുതിർന്ന മരങ്ങളും മലയാളിയുടെ ഇന്ദ്രിയ അനുഭവങ്ങളെ കാഴ്ചയ്ക്കപ്പുറത്തുള്ള വ്യത്യസ്തങ്ങളായ അനുഭൂതി മണ്ഡലങ്ങളിലേക്കെത്തിച്ചു. സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാനവും മലയാളിയുടെ കാഴ്ചയുമായി ബന്ധപ്പെട്ടുതന്നെ വികസിക്കുന്നതായി കാണാം. പെണ്ണുകാണുക, വീടുകാണുക, ദുഃഖംകാണുക,പ്രസവിച്ച കുഞ്ഞിനെ കാണുക തുടങ്ങി കാഴ്ചയുമായി ബന്ധപ്പെട്ടാണ് കേരളീയന്റെ ജീവിതം പുരോഗമിച്ചത്.

ദൃശ്യാനുഭവങ്ങൾ നിറഞ്ഞ പ്രകൃതിയിൽ കാഴ്ചകൾക്ക് വേണ്ടി പ്രത്യേകമായി സമയം മാറ്റിവയ്ക്കേണ്ടാത്തതു കൊണ്ടാവാം sight seeing – നു തുല്യമായ ഒരു പദം മലയാളിക്ക് ഇല്ലാതെ പോയത്. ‘മുഖം കാണിക്കലും’ ‘കാഴ്ചക്കുലയും’ ‘കാഴ്ചദ്രവ്യവും’ ‘കാണിക്ക’യും എല്ലാം ഫ്യൂഡൽ കാലഘട്ടത്തെ ഓർമിപ്പിക്കുന്ന ദൃശ്യപദങ്ങളാണ്. കെട്ടുകാഴ്ചയും കണികാണലും ഉത്സവാഘോഷങ്ങളുമായി ബന്ധപ്പെട്ട ദൃശ്യപദങ്ങൾ മാത്രമല്ല, മറിച്ച് ജീവിത വിമർശനത്തിന്റെ പദങ്ങൾകൂടിയായിരുന്നു.

ഉത്സവങ്ങളും ആഘോഷങ്ങളും എല്ലാം മലയാളിക്ക് കാഴ്ചയുടെ നിറമായിരുന്നു. പൂക്കളം ഒരുക്കലും പുത്തിരി കത്തിക്കലും ക്രിസ്മസ് നക്ഷത്രം ഒരുക്കലും കാഴ്ചകളുടെ നിറം വർദ്ധിപ്പിച്ചു. വള്ളംകളിയും പൂരക്കാഴ്ചകളും ദൃശ്യപ്രധാനങ്ങളാണ്.

ആര്യാധിനിവേശവും യൂറോപ്പ്യൻ അധിനിവേശവും മലയാളിയുടെ കാഴ്ചകളിൽ പുതിയ വർണ്ണബോധങ്ങൾ സൃഷ്ടിച്ചു. സഞ്ചാരിയുടെ കാഴ്ചകൾക്ക് വിരുന്നൊരുക്കുകയാണ് കേരളീയനിൽ അധിനിവേശം തന്നെ ഒരു സംസ്കാരമായി മാറിയത്. കപ്പലിൽ നിന്ന് ദൂരദർശിനിക്കുഴൽ വഴിയുള്ള കാഴ്ച തന്നെയാണ് അധിനിവേശത്തിന്റെ അടിസ്ഥാനം. പിന്നീട് അങ്ങോട്ട് ഒരു സംസ്കാരം തന്നെ വളർന്നത് വിദേശക്കാഴ്ചകളിലൂടെയാണ്. അവർ കൊണ്ടു വന്ന കാഴ്ചദ്രവ്യങ്ങളിലൂടെ ലോകത്തിന്റെ വ്യത്യസ്തതകളെ തിരിച്ചറിയാനായി.

മലയാളിയുടെ ദൃശ്യസംസ്കാരത്തിന്റെ ചരിത്രത്തിന് ആയിരക്കണക്കിന് വർഷങ്ങളുടെ പഴക്കമുണ്ട്. ശിലായുഗ കാലത്ത് ഗുഹകളിൽ താമസിച്ചിരുന്ന ആദിമ മനുഷ്യനിൽ നിന്നും അത് ആരംഭിക്കുന്നു എന്ന് സ്ഥാപിക്കാൻ കഴിയുന്ന ധാരാളം ഉദാഹരണങ്ങൾ ലഭ്യമാണ്. "പ്രാചീന മനുഷ്യരുടെ ആശയാവിഷ്കരണ പ്രക്രിയയിൽ ഭാഷയോടൊപ്പം തന്നെ ചിത്രകലയും ഇടപെട്ടിട്ടുണ്ട്. മനുഷ്യർ തമ്മിലുള്ള സംവാദങ്ങൾക്കും സമ്പർക്കങ്ങൾക്കും നിറം പകർന്നത് ചിത്രങ്ങൾ ആയിരിക്കണം. ആദിമ മനുഷ്യന്റെ ആവാസകേന്ദ്രമായ ഗുഹകളുടെ ഭിത്തികളിലെ വരകൾ അത് രേഖപ്പെടുത്തുന്നു. ചിത്രകലയുടെ പൗരാണിക സൂചന നിലനിൽക്കുന്ന ഇത്തരം ഗുഹാ ചിത്രങ്ങൾ വരച്ച വരെ കുറിച്ച് ചരിത്രകാരന്മാർ നിരീക്ഷിച്ചിട്ടുണ്ട്."[1]

ഗുഹകളിൽ കൊത്തിവയ്ക്കപ്പെട്ട ചിത്രങ്ങൾ പ്രകൃതിയെ മനുഷ്യൻ ഏതു രീതിയിൽ കണ്ടു എന്നതിന് ദൃഷ്ടാന്തങ്ങളാണ്. ഗുഹ ഭിത്തികളിൽ കൊത്തിവയ്ക്കപ്പെട്ട ആദിമ ചിത്രങ്ങളിൽ മൃഗങ്ങളും പക്ഷികളും മത്സ്യങ്ങളും

വേട്ടയും എല്ലാം ഉയിർക്കൊണ്ടു. മൃഗങ്ങളുടെ ചടുലമായ ചലനങ്ങൾ ഉള്ള ചിത്രങ്ങൾ ആവിഷ്കരിക്കാൻ ആണ് ഗുഹാ മനുഷ്യൻ ഏറെ താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളത്. ഗുഹാചിത്രങ്ങളിലെ ഈ സവിശേഷത ഇർവിജ് ഗോൾഡ്മാൻ ഹന്നഗോൾഡ് മാൻ എന്നിവർ നിരീക്ഷിച്ചിട്ടുണ്ട്.(1987-95).

ചുറ്റുമുള്ള ചരാചരങ്ങളെ തന്റെ വാസസ്ഥലത്ത് മനുഷ്യൻ ആവിഷ്കരിച്ചു. മരങ്ങളും മൃഗങ്ങളും ആകാശത്തിലൂടെ പറക്കുന്ന പക്ഷികളും ജലത്തിൽ നീന്തിത്തുടിക്കുന്ന മത്സ്യങ്ങളും മനുഷ്യന്റെ സവിശേഷമായ കാഴ്ചയിൽ സ്ഥാനം നേടി. ചലനാത്മകമായ രൂപങ്ങളോട് ഈ ഗുഹാ മനുഷ്യന് പ്രത്യേകം താല്പര്യമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ മൃഗങ്ങളു ടെയും വേട്ടയുടെയും ചിത്രങ്ങളാണ് അക്കാലത്തെ ഗുഹാചിത്രങ്ങളിൽ ഏറെ പ്രത്യക്ഷപ്പെട്ടത്.

> "കാർഷികവൃത്തിയിൽ പ്രാചീന മനുഷ്യർ ആനന്ദവും ജീവിതവും കണ്ടെത്തിയെന്ന് പല ചിത്രങ്ങളും സാക്ഷ്യപ്പെ ടുത്തുന്നുണ്ട്. പച്ചത്തഴപ്പും വൃക്ഷചോട്ടിൽ മേയുന്ന മാനും പുളച്ചു പായുന്ന മീനും പക്ഷികളും ചിത്രങ്ങളിൽ തെളി യുന്നു. ഗുഹാഭിത്തികളിൽ കാണുന്ന ആൾരൂപങ്ങളും മൃഗങ്ങളുടെ ചിത്രങ്ങളും വരച്ച രീതിയിൽ പ്രകടമായ വ്യത്യാസമുണ്ട്. നേരിൽ കാണുന്ന രീതിയിലാണ് മൃഗങ്ങളെ ചിത്രീകരിച്ചത്. അന്യാദൃശമായ സൂക്ഷ്മതയോടെ മൃഗത്തിന്റെ ഓരോ സവിശേഷതയും അവർ ചിത്രങ്ങളിൽ ആവിഷ്കരിച്ചു. അവ ഫോട്ടോഗ്രാഫുകൾ പോലെ അത്രയ്ക്ക് വിശദാംശങ്ങൾ ഉൾക്കൊള്ളുന്നവയാണ്."[2]

ലോകത്തിലെ പ്രാചീന സംസ്കാരങ്ങളിൽ ഒക്കെ ഇത്തരം ഗുഹാ ചിത്രങ്ങൾ കാണപ്പെട്ടിരുന്നു. ചൈനീസ്,ഗ്രീക്ക്, റോമൻ സംസ്കാരങ്ങളി ലെല്ലാം പ്രമേയത്തിൽ വ്യത്യാസമുണ്ടെങ്കിലും ഗുഹാചിത്രങ്ങൾ ദൃശ്യമായി രുന്നു. കാഴ്ചയെയും സങ്കല്പങ്ങളെയും സർഗാത്മകമായി ആവിഷ്കരിക്കാനുള്ള ശ്രമങ്ങളാണ് ആദിമ മനുഷ്യൻ നടത്തിയത്.

ഭാരതത്തിലെ പ്രാചീന സംസ്കാരവും ഗുഹാചിത്രങ്ങൾ കൊണ്ട് സമ്പന്നമായിരുന്നു. ഹൈന്ദവ കലയിലെ മുദ്രകളിലും അജന്തയിലെ ഗുഹാ ചിത്രങ്ങളിലും കാഴ്ച കലയായി മാറുന്നത് ദർശിക്കാനാകും. കർണാടകയിലെ ബല്ലാരിയിലും ഭോപ്പാലിലെ ഭീംബഡ്ക്കയിലെ പാറമടക്കുകളിലും ആദിമ മനുഷ്യന്റെ ദൃശ്യ ബോധത്തിന്റെ സർഗാത്മകമായ ആവിഷ്കാരം കാണാം. സൈന്ധവ രേഖാചിത്രങ്ങൾ പാത്രങ്ങളിലും ഭരണിയിലും ആയിരുന്നു രേഖപ്പെടുത്തിയത്.

ഇന്ത്യയിലെ ആദിമമനുഷ്യന്റെ ജീവിതത്തെക്കുറിച്ച് ലഭിച്ച തെളിവുകളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കേരളത്തിലെ എടയ്ക്കൽ ഗുഹ. എടയ്ക്കൽ ഗുഹയിലെ പാറച്ചുമരിൽ ആദിമമനുഷ്യന്റെ ദൃശ്യാവിഷ്കാരത്തിന്റെ അടയാളങ്ങൾ കാണാം. ആന, വേട്ടപ്പട്ടി, മാൻ, സൂര്യൻ, പുഷ്പം, സ്വസ്തികാചിഹ്നം, അഗ്നി, മാന്ത്രികചതുരം തുടങ്ങിയവ യെല്ലാം ഈ ചിത്രങ്ങളിൽ ആവിഷ്കരിക്കപ്പെട്ടിരുന്നു.

കേരളത്തിൽ മധ്യശിലായുഗ കാലത്ത് ജീവിച്ചിരുന്ന മനുഷ്യരുടെ ദൃശ്യബോധത്തിന്റെ ദൃഷ്ടാന്തങ്ങളാണ് ഇടുക്കി ജില്ലയിലെ മറയൂരിൽ പാറയുടെ ഉൾവശത്ത് വരച്ച ഛായാചിത്രങ്ങൾ. വന്യമൃഗങ്ങൾ,നൃത്തം ചെയ്യുന്ന മനുഷ്യൻ, താന്ത്രികചിഹ്നങ്ങൾ തുടങ്ങിയ ചിത്രങ്ങളാണ് മറയൂരിലു ള്ളത്.

കാഴ്ചയുടെ ആഹ്ലാദം അനുഭവിച്ചുകൊണ്ടുതന്നെ സർഗാത്മകമായി ആവിഷ്കരിക്കുന്നതിനുള്ള ശ്രമങ്ങൾ കേരളത്തിൽ ജീവിച്ചിരുന്ന ആദിമ നിവാസികളിൽ ഉണ്ടായിരുന്നു, തെളിവുകളാണ് എടയ്ക്കൽ, മറയൂർ ചിത്രങ്ങൾ. ആദിപ്രരൂപങ്ങളുമായി ബന്ധപ്പെട്ട പഠനം വ്യക്തി മനസ്സിൽ യുകാന്തരങ്ങളിലൂടെ കൈമാറ്റം ചെയ്യപ്പെട്ടുവരുന്ന ധാരണകളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട് മനുഷ്യനിൽ നിന്നും വർത്തമാനകാല ജീവിതത്തിലേ ക്കുള്ള ബന്ധത്തെ കാണിക്കുന്നു.

കേരളീയന്റെ ദൃശ്യബോധം മതബോധത്തിലും അതിൽ നിന്നു ണ്ടായ പ്രപഞ്ച വീക്ഷണത്തിലും അധിഷ്ഠിതമായിരുന്നു. വിശ്വാസങ്ങളുമായി

ബന്ധപ്പെട്ട വരകളുടെയും മരണങ്ങളുടെയും ദൃശ്യലോകം കേരളീയൻ സൃഷ്ടിച്ചിരുന്നു. അനുഷ്ഠാനങ്ങളുടെ ഭാഗമായി അവതരിപ്പിക്കുന്ന കളമെഴുത്തിലും കോലങ്ങളിലും ക്ഷേത്രാലങ്കാരങ്ങളിലും കാഴ്ചയുടെ പ്രാധാന്യം കാണുന്നുണ്ട്. കെട്ടുകാഴ്ച, പൂരക്കാഴ്ച തുടങ്ങിയ പദങ്ങൾ ദൃശ്യ സംസ്കാരത്തിന്റെ ഭാഷാരൂപങ്ങളാണ്. പൗരാണിക കാലത്ത് മരത്തിലും പാറയിലുമെല്ലാം വരയ്ക്കുവാൻ ഉണ്ടായ മനുഷ്യരുടെ ആത്മചോദന തന്നെയാണ് പിന്നീടുണ്ടായി വന്ന ഉത്സവങ്ങളുടെയും കലാരൂപങ്ങളുടെയും വർണ്ണപ്പൊലിമയ്ക്ക് അടിസ്ഥാനം. വിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു ദൃശ്യസംസ്കാരമായിരുന്നു ആദ്യകാല കേരളീയന് ഉണ്ടായിരുന്നത്. തെയ്യം, സർപ്പംപാട്ട്, മുടിയേറ്റ്, തീയാട്ട് തുടങ്ങിയ അനുഷ്ഠാനകലാരൂപങ്ങളിലും തുള്ളൽ, കഥകളി തുടങ്ങിയ ക്ലാസിക് കലകളിലും വരെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള നിറഭംഗിയും വേഷഭംഗിയും കാഴ്ചയെ കേന്ദ്രീകരിച്ച് രൂപം കൊണ്ടത് തന്നെയാണ്. മലയാളി പൂരം 'കാണാൻ' പോവുകയാണ് ചെയ്യുക. വെടിക്കെട്ടും താളമേളങ്ങളും കേൾക്കാമെങ്കിലും 'പൂരം കാണുക'യാണ് പതിവ്.

മലയാളിയെ സംബന്ധിച്ചിടത്തോളം കലയുടെയും വിശ്വാസത്തിന്റെയും അടിസ്ഥാനമായി വർത്തിച്ചത് ദർശനത്തിന്റെ സാധ്യതകൾ തന്നെയാണ്. ക്ഷേത്രങ്ങളിൽ പോകുന്നത് ദൈവദർശനം നടത്താനാണ്. ചുമർ ചിത്രങ്ങൾ അരൂപിയായ ദൈവങ്ങൾക്ക് രൂപം നൽകി. കാണാത്ത ദൈവങ്ങളെക്കാൾ 'കൺകണ്ട ദൈവങ്ങൾ'ക്കാണ് വിശ്വാസം ഊന്നൽ നൽകിയത്. ജാതിയുമായി ബന്ധപ്പെട്ട, 'കണ്ടാൽ കുളിക്കണം' തുടങ്ങിയ പ്രയോഗങ്ങൾ ജീവിതത്തിന്റെ തന്നെ അടിത്തറ കാഴ്ചയാണെന്ന് സൂചിപ്പിക്കുന്നു.

മലയാളത്തിൽ ഉണ്ടായ ആദ്യകാല സാഹിത്യകൃതികളിൽ വാക്കുകൾ കൊണ്ട് രൂപം സൃഷ്ടിക്കാനുള്ള ശ്രമമായിരുന്നു നടന്നിരുന്നത്. 'ചിത്രത്തിലെഴുതിയപോലെ', 'വാക്കുകൾ കൊണ്ട് ചിത്രം വരച്ചിരിക്കുന്നു', 'വാങ്മയചിത്രങ്ങൾ', 'ചിത്രം വരച്ചതുപോലെ' എന്നിങ്ങനെയുള്ള വാക്യങ്ങൾ ഉപയോഗിച്ചാണ് പദ്യകൃതികൾ വിലയിരുത്തിയിരുന്നത്. പ്രകൃതി

യുടെ മനോഹരമായ ദൃശ്യം വാക്കുകളിലേക്ക് പകർത്തിയെടുക്കാനുള്ള ശ്രമമാണ് കവികളും നടത്തിയിരുന്നത്.

സാഹിത്യകൃതികളിലെയും പുരാണകഥകളിലെയും കഥാപാത്രങ്ങൾക്ക് രൂപം നൽകാനുള്ള ശ്രമമാണ് ആദ്യകാല ചിത്രകല നടത്തിയത്. രവിവർമ്മയുടെ ചിത്രങ്ങൾ പൗരാണിക ഇതിഹാസ കഥാപാത്രങ്ങളുടെ ഫോട്ടോഗ്രാഫുകൾ ആയിരുന്നു. മനുഷ്യനെ, മനുഷ്യന്റെ രൂപത്തെ കേന്ദ്രീകരിച്ച ഒരു ദൃശ്യ സംസ്കാരം ഉടലെടുക്കുന്നത് ഇക്കാലത്താണ്. ആധുനികകലാസാങ്കേതിക രൂപങ്ങളുടെ വികാസം മലയാളിയുടെ കാഴ്ചയെ ആഴത്തിൽ സ്വാധീനിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്തു.

നാടൻ കലാരൂപങ്ങളിലും കാഴ്ചയുടെ സാധ്യതകളെ കുറിച്ചുള്ള അന്വേഷണമാണ് നടന്നിരുന്നത്. നാടൻ കലാരൂപങ്ങളിലും ആദ്യകാല ജനകീയ നാടകാവതരണങ്ങളിലും കാഴ്ചയുടെ മതേതരമുഖം കണ്ടെത്താനാവും. ഹരി കഥയും മതപ്രഭാഷണങ്ങളും 'കേൾക്കാൻ' പോയിരുന്ന മലയാളി നാടകം 'കാണാൻ' പോയിത്തുടങ്ങി. പുരാണ കഥാനാടകങ്ങൾ വിട്ട് ആശയപ്രചരണ ഉദ്ദേശ്യത്തോടുകൂടി സൃഷ്ടിക്കപ്പെട്ട സാമൂഹ്യ നാടകങ്ങളുടെ 'കാഴ്ച'യാണ് മലയാളിക്ക് പുതിയൊരു 'ദർശനം' നൽകിയത്. കാഴ്ചയെ ജനകീയ പ്രതിരോധത്തിനുള്ള ആയുധമാക്കിയ കാലമായിരുന്നു ഇത്. "ജീവിതത്തിന്റെ നേർക്കാഴ്ചയാണ് ഈ നാടകം" എന്നാണ് അക്കാലത്തെ പല നാടകങ്ങൾക്കും നൽകിയിരുന്ന പ്രശസ്തിപത്രം. നാടകം കാണാൻ തുടങ്ങിയപ്പോഴാണ് കേരളീയന്റെ കാഴ്ച മതേതരമായതെന്നു പറയാനാകും.

അച്ചടി വന്നതിനുശേഷം ആണ് സാഹിത്യ ആസ്വാദനത്തിൽ രേഖാചിത്രങ്ങൾക്ക് പ്രാധാന്യം ഉണ്ടായത്. കഥാപാത്രങ്ങൾ മൂർത്തവത്കരിക്കപ്പെട്ടപ്പോൾ ആസ്വാദന തലത്തിൽ മാറ്റങ്ങൾ ഉണ്ടായി. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ചിത്രകാരന്മാർ ഒഴിച്ചുകൂടാനാവാത്ത വിഭാഗമായി മാറി. യഥാതഥമായി ആവിഷ്കരിക്കുന്ന ചിത്രങ്ങളോടൊപ്പം കാർട്ടൂൺ ചിത്രങ്ങളും പ്രസിദ്ധീകരണങ്ങളിൽ പ്രത്യക്ഷപ്പെട്ടു. ഒ.വി വിജയൻ,

അരവിന്ദൻ തുടങ്ങിയവർ കാർട്ടൂണിനെ ആശയാവിഷ്കരണത്തിനുള്ള ശക്ത മായ ഉപാധിയാക്കിത്തീർത്തു. കുട്ടികൾക്കുള്ള പ്രസിദ്ധീകരണങ്ങൾ ആരംഭിച്ച പ്പോൾ ചിത്രങ്ങൾക്കും ചിത്രകഥകൾക്കുമുള്ള പ്രാധാന്യം വർദ്ധിച്ചു.

ഫോട്ടോഗ്രാഫിയുടെ വരവ് മലയാളിയുടെ ദൃശ്യബോധത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കി. ചിത്രങ്ങൾ വരയ്ക്കുകയും അവ വാങ്ങുകയും ആസ്വദിക്കുകയും ചെയ്യുന്നത് സമ്പന്ന വിഭാഗക്കാരുടെ മാത്രം ശീലമായി രുന്നു. ഫോട്ടോഗ്രാഫി വന്നതോടെ മലയാളിയുടെ ചുവരുകൾ ഫോട്ടോകൾ കൊണ്ടും കലണ്ടറുകൾ കൊണ്ടും നിറഞ്ഞു. സ്വയം കാണുന്നതോടൊപ്പം മറ്റുള്ളവരെ കാണിച്ചു കൊടുക്കുകയും ചെയ്യുന്ന പ്രകടനാത്മകമായ ഒരു ദൃശ്യബോധം മലയാളി സൃഷ്ടിച്ചു.

ക്യാമറ, മൂവിക്യാമറ ആയതോടുകൂടി കാഴ്ച പൂർണ്ണതയിലെത്തി. കഥകളിലും നോവലുകളിലും പുരാണങ്ങളിലും ചരിത്രത്തിലും വായിച്ചും കേട്ടും അറിഞ്ഞ കഥാപാത്രങ്ങളെ സ്ക്രീനിൽ നേരിട്ട് കണ്ടപ്പോഴാണ് ഇത് പൂർണമാ യത്. സിനിമയോടൊപ്പം ടെലിവിഷൻ ചാനലുകളും സജീവമായതോടെ കാര്യങ്ങളെല്ലാം ദൃശ്യങ്ങളായി വിലയിരുത്താനുള്ള പ്രവണത മലയാളിയിൽ ഉടലെടുത്തു.

ജീവിതത്തിന്റെ സമസ്ത മേഖലകളെയും ദൃശ്യസാങ്കേതികവിദ്യ കീഴടക്കിക്കൊണ്ടിരിക്കുകയാണ്. ചാനലുകൾ, സിനിമ, ഇന്റർനെറ്റ് എന്നിവ കാഴ്ചയെയും വർണവിന്യാസ രീതിയിലുള്ള ധാരണകളെയും മാറ്റിമറിച്ചു. ഊന്നൽ കാഴ്ചയുടെ ആഴങ്ങളിൽ നിന്ന് പരപ്പിലേക്ക് പരിണമിച്ചു.ജീവിതം കേവലമായ കാഴ്ചയ്ക്ക് മാത്രമുള്ളതാണെന്ന് വന്നുപെട്ടു. ഇങ്ങനെ രൂപപ്പെട്ടു വന്ന പുതിയ ദൃശ്യസംസ്കാരം സാഹിത്യകലയെയും സ്വാധീനിച്ചു. കവിത യിലും കഥയിലും നോവലിലുമെല്ലാം ഈ സ്വാധീനം വളരെ പ്രകടമായി.

ഇന്ദ്രിയസംവേദനക്ഷമതയുടെ ആഴവും സൂക്ഷ്മതയും എഴുത്തുകാ രന്റെ ജൈവികമായ സവിശേഷതയാണ്. അതിന്റെ സർഗാത്മകമായ പ്രതിഫലനമാണ് അയാളുടെ കൃതികളിൽ കാണപ്പെടുന്നത്. കേൾവി, സ്പർശം, ഗന്ധം, രുചി എന്നിവയെക്കാൾ പ്രായേണ കരുത്ത് കൂടുതൽ

കാഴ്ചയുമാണ്. അഥവാ കാഴ്ചയിൽ നിന്ന് ശബ്ദവും ഗന്ധവും സ്പർശവും രുചിയും പ്രസരിപ്പിക്കാനാവും എന്ന വിലയിരുത്തലാണ് എഴുത്തുകാർ നടത്തിയത്.

ദൃശ്യാവബോധം സാംസ്കാരിക നിർമ്മിതിയുടെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നായി തീർന്നതിനു പിന്നിൽ സാഹിത്യ സ്വരൂപങ്ങളുടെ സാന്നിധ്യമുണ്ട്. ഭാഷയാണ് സംസ്കാരനിർമ്മിതിയുടെ അടിസ്ഥാന ഉപാധി. ഭാഷാവ്യവഹാരങ്ങൾ സൃഷ്ടിക്കുന്ന ദൃശ്യാത്മകത ദൃശ്യങ്ങളെയും ദൃശ്യങ്ങൾ ഭാഷയെയും സ്വാധീനിക്കുന്നു. സിനിമ വന്നതിൽ പിന്നെ ക്ലാസിക്കൽ കലകളിൽ വന്നിട്ടുള്ള പരിണാമം പ്രധാനമാണ്. അതുപോലെ വിവിധ സാഹിത്യരൂപങ്ങളിലും ദൃശ്യങ്ങൾ സ്വാധീനിക്കുകയുണ്ടായി. ബിംബാത്മക കവിതകൾ മുതൽ സർ റിയലിസ്റ്റ് കവിതകളിലും ക്യൂബിസ്റ്റ് കവിതകളിലും അത് പ്രത്യക്ഷമായി കാണാം. ചിത്രകല,ഫോട്ടോഗ്രാഫി, സിനിമ ഇവയുടെ യെല്ലാം ഭാവനാത്മക മേഖലകളിലേക്ക് സാഹിത്യം മാറിത്തുടങ്ങി. ദൃശ്യത ഉപയോഗിച്ച് സാഹിത്യം കൂടുതൽ ഭാവനാത്മകമായിത്തീർന്നു.

**ഗ്രന്ഥസൂചി**

1. സോമൻ കടലൂർ (ഡോ.), കേരളീയ രേഖാചിത്രണകല, ഇൻസൈറ്റ് ബുക്സ്, കോഴിക്കോട്, 2005
2. രാമചന്ദ്രൻ ടി കെ, കാഴ്ചയുടെ കോയ്മ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2006.
3. മുരളീകൃഷ്ണ (ഡോ), സിനിമ വീഡിയോ ടെക്നിക്, ഡി. സി. ബുക്സ്, കോട്ടയം, 2006.
4. മധു വയ്പന, സിനിമയുടെ ടെക്നിക്ക്, ഡി . സി. ബുക്സ്, കോട്ടയം, 1981
5. ജലീൽ (പ്രൊഫ),കെ.എ,ലിപികളും മാനവ സംസ്കാരവും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989.
6. മാർഷൽ മക് ലൂഹൻ, അണ്ടർസ്റ്റാൻറിംഗ് മീഡിയ. കാനഡ, 1964.
7. ദേവൻ. എം.വി, ദേവസ്പന്ദനം,ഡി. സി. ബുക്സ്, കോട്ടയം, 1981.

# ഹിംസ: നിർമ്മിതിയുടെ വഴികളും നോവലിന്റെ കലയും

**ലീന ഇ.പി**


**പ്രബന്ധസംഗ്രഹം**

മാനുഷികവ്യവഹാരങ്ങളിൽ ഉൾപ്പെടുന്ന ബഹുമുഖതലങ്ങളോടു കൂടിയ പ്രക്രിയയാണ് ഹിംസ. വ്യക്തിസ്വത്വത്തെ ഹനിക്കുന്ന മനോഭാവമായും അവസ്ഥയായുമെല്ലാം പ്രത്യക്ഷപ്പെടുന്നതിനാൽ പ്രക്രിയ/പ്രവൃത്തി എന്ന നിലയിൽ ഹിംസ ഒതുങ്ങിനിൽക്കുന്നില്ല. വ്യത്യസ്ത അനുഭവങ്ങളിൽ വ്യത്യസ്ത രൂപങ്ങളിൽ പ്രത്യക്ഷമായും പരോക്ഷമായുമെല്ലാം ഹിംസ പ്രകടമാകുന്നുണ്ട്. മലയാളനോവലിന്റെ മാറിവരുന്ന ഭാവുകത്വത്തിനനുസരിച്ച് ഹിംസയെ  അവതരിപ്പിക്കുന്ന ആഖ്യാനങ്ങളും ഉണ്ടായിട്ടുണ്ട്. എന്താണ് ഹിംസ? നോവലിൽ ഹിംസയെ നിർമ്മിക്കുന്നതിന് നോവലിസ്റ്റ് സ്വീകരിക്കുന്ന നിർമ്മിതിതന്ത്രങ്ങൾ എന്തെല്ലാമാണ്? എന്നീ ചോദ്യങ്ങളിലൂടെ കെ. ആർ. മീരയുടെ "ആരാച്ചാർ' എന്ന നോവലിനെ ആധാരമാക്കി നോവലിലെ ഹിംസയുടെ നിർമ്മിതിയെക്കുറിച്ചുള്ള അന്വേഷണമാണ് ഈ പ്രബന്ധം.



**താക്കോൽവാക്കുകൾ:** ഹിംസ, പ്രത്യക്ഷ ഹിംസ, പരോക്ഷഹിംസ, നിർമ്മിതി, നിർമ്മിതി തന്ത്രങ്ങൾ.


**ആമുഖം**

ഹിംസയുടെ ആദിരൂപങ്ങൾ എന്ന നിലയിൽ ജീവികൾക്കിടയിലെ പരസ്പരമത്സരങ്ങളും യുദ്ധങ്ങളും എല്ലാക്കാലവും നിലനിന്നിരുന്നു. ഭൂമിയിൽ ജീവന്റെ നിലനിൽപുതന്നെ ഒന്നിനുമേൽ മറ്റൊന്ന് ആധിപത്യം നേടിക്കൊണ്ടാണ്. പരിണാമസിദ്ധാന്തത്തിൽ ഡാർവിൻ തന്നെ പ്രകൃതിയിലെ യുദ്ധത്തിൽനിന്നാണ് ജീവികളുടെ അതിജീവനം എന്നു പറയുന്നുണ്ട്. (..from the war of nature….)[1] മനുഷ്യചരിത്രം പരിശോധിച്ചാൽ നായാടിനടന്ന കാലം മുതൽ നിലനിൽപ്പിനുവേണ്ടി സഹജീവികളെ വേട്ടയാടിതുടങ്ങിയിരുന്നു. സമൂഹത്തിൽ എല്ലാകാലവും ഹിംസ നിലനിന്നിരുന്നു എന്നതിനു തെളിവാണ് 1991-ൽ ആൽപ്സ് പർവ്വതനിരയിൽനിന്നും

കണ്ടെടുക്കപ്പെട്ട 'ഓറ്റ്സീ' എന്ന മനുഷ്യന്റെ ശരീരാവശിഷ്ടങ്ങൾ. ശവശരീരം കണ്ടെത്തുമ്പോൾ അയാളുടെ ചുമലിൽ ഒരു അമ്പിന്റെ അഗ്രവും അതിൽ മറ്റു രണ്ടുപേരുടെ രക്തവും ഉണ്ടായിരുന്നു. വിശദമായ പരിശോധന യിൽ ഏകദേശം 5000 വർഷങ്ങൾക്കുമുൻപ് ജീവിച്ച അയാൾ കൊല്ലപ്പെട്ട തായിരുന്നു എന്ന് ബോധ്യപ്പെടുകയുണ്ടായി.[2] നിലനിൽപിനുവേണ്ടിയുള്ള പരസ്പരസംഘട്ടനങ്ങൾ എക്കാലവും നിലനിന്നിരുന്നുവെന്നും സമൂഹം മനുഷ്യരിൽ വളർത്തിയെടുത്ത ശീലങ്ങളിൽ ഹിംസയും ഉൾപ്പെടുന്നു എന്നു വ്യക്തമാക്കുന്നതാണ് ഈ കണ്ടുപിടുത്തം.

പരസ്പരസംഘട്ടനങ്ങളും യുദ്ധങ്ങളുമെല്ലാം ആദ്യകാലത്ത് അതിജീവനത്തിനുള്ള തന്ത്രങ്ങളായിരുന്നുവെങ്കിൽ കാലക്രമേണ അതിന്റെ ഉദ്ദേശ്യം മാറി. കൃഷിയുടെ ആരംഭത്തോടുകൂടി മനുഷ്യന്റെ സ്വകാര്യജീവിതം ആരംഭിച്ചു. കൃഷിസംരക്ഷിക്കുന്നതിനും സ്വന്തം സുഖഭോഗങ്ങൾക്കുമായി മനുഷ്യർ പരസ്പരം ആയുധമെടുത്തു തുടങ്ങി. മണ്ണിനും അധികാരത്തിനും ഇണയെ സ്വന്തമാക്കാനും വേണ്ടിയുള്ള യുദ്ധങ്ങൾ ചരിത്രത്തിൽ ഇടംപിടിച്ചു. മനുഷ്യരുടെ ആവശ്യങ്ങളും സാഹചര്യങ്ങളും വ്യത്യസ്തമാകുന്നതിനനുസരിച്ച് യുദ്ധകാരണങ്ങളിൽ മാറ്റമുണ്ടായി. മനുഷ്യപുരോഗതിയുടെ ഓരോ പടവുക ളിലും ആയുധപരീക്ഷണങ്ങളും നൂതനവല്ക്കരണവും നടന്നുകൊണ്ടേയിരി ക്കുന്നു. മരക്കമ്പിൽനിന്നും കല്ലിലേക്കും അതിൽനിന്നും കൂടുതൽ മൂർച്ചയേറി യതിലേക്കും ഇരുമ്പിലേക്കും തോക്കിലേക്കും ബോംബിലേക്കും അണ്വായുധ ത്തിലേക്കും ജൈവായുധങ്ങളിലേക്കും അതു വികസിച്ചുകൊണ്ടേയിരിക്കുന്നു. ഒരേ സമയം ഒരു ശത്രുവിനെ നേരിടുന്നതിൽനിന്നും വ്യത്യസ്തമായി ഏററവും കൂടുതൽപ്പേരെ ഒന്നിച്ചാക്രമിക്കാനുള്ള ആയുധങ്ങളാണ് ആധുനികശാസ്ത്രം കണ്ടെത്തിക്കൊണ്ടിരിക്കുന്നത്.

സംഹാരത്തെ ഒരു സമരതന്ത്രമോ യുദ്ധകൗശലമോ ആയി ഉപയോ ഗിച്ചിരുന്ന മനുഷ്യരുടെ ഉള്ളിൽ എക്കാവും ഹിംസാത്മകത ഉറങ്ങിക്കിടന്നി രുന്നു എന്നുവേണം കരുതാൻ. സാഹചര്യങ്ങൾക്കനുസരിച്ച് ഹിംസാത്മക തയെ പുറത്തെടുക്കാനും മൂടിവെക്കാനുമുള്ള കഴിവ് മനുഷ്യർ സ്വായത്തമാക്കി

യിരിക്കുന്നു. സാമൂഹ്യവൽക്കരണത്തിന്റേയും നൂതനവൽക്കരണത്തിന്റേയും ഭാഗമായി മനുഷ്യരിലെ ആക്രമണോത്സുകതയ്ക്ക് ഏറ്റക്കുറച്ചിലുകൾ സംഭവിക്കുന്നതായി കാണാം. രാഷ്ട്രീയായുധം എന്ന നിലയിൽ ഹിംസയെ ഉപയോഗിച്ചുവരുന്ന സന്ദർഭങ്ങൾ ചരിത്രത്തിൽ ധാരാളമുണ്ട്. ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയുടെ മേലോ സമൂഹത്തിനു വ്യക്തികളുടെ മേലോ ആധിപത്യം സ്ഥാപിക്കാനുള്ള ഉപാധിയായി ഹിംസ മാറിയിരിക്കുന്നു. അധികാരത്തെ സ്ഥാപിക്കാനും സാധൂകരിക്കാനുമുള്ള ഉപകരണമെന്ന നിലയിലാണ് ഹിംസ നിലനിൽക്കുന്നത്. ജാതിമതങ്ങളും വംശവർഗ്ഗങ്ങളുമെല്ലാം ഈ ഉപാധിയെ ആധാരമാക്കിയാണ് തങ്ങളുടെ ആധിപത്യം ഉറപ്പിക്കുന്നത്.

**ഹിംസ - നിർവചനങ്ങൾ**

ബ്രിട്ടീഷ് സൈദ്ധാന്തികനായ ടെഡ് ഹോണ്ട്റിച്ചിന്റെ (Ted Honderich) അഭിപ്രായത്തിൽ "മനുഷ്യരെ അല്ലെങ്കിൽ വസ്തുക്കളെ മുറിപ്പെടുത്തുകയോ പരിക്കേൽപ്പിക്കുകയോ അവരുടെ സ്വത്വത്തെ ലംഘിക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്ന വിധത്തിലുള്ള ശാരീരികമായ ബലപ്രയോഗമാണ് ഹിംസ". (violence as a use of physical force that injures, damages, violates or destroys people or things.) (2002 :91)

"മാൻഫ്രഡ് സ്റ്റെഗറിന്റെ (Manfred Steger) അഭിപ്രായത്തിൽ സ്വാഭാവികമായ ഒരു ബലപ്രയോഗം എന്നതിനപ്പുറം നിരവധി അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്ന പദമാണ് ഹിംസ. ബലം പ്രയോഗിക്കുക എന്നതിനു പുറമെ മുറിവേല്പ്പിക്കുക, അപമാനിക്കുക, നിഷേധിക്കുക/ലംഘിക്കുക എന്നീ അർത്ഥങ്ങൾകൂടി വയലൻസ് എന്ന പദം ഉൾക്കൊള്ളുന്നുണ്ട്." (violence comprises a range of meanings including "to force", "to injure", "to dishonour" and "to violate".) (2003:12). സ്റ്റെഗറിന്റെ അഭിപ്രായത്തിൽ ഹിംസ എന്നത് ഒരു വ്യക്തിയെയോ വ്യക്തികളെയോ മാനസികമായോ ശരീരികമായോ മുറിവേൽപ്പിക്കുംവിധം മറ്റൊരു വ്യക്തി

അല്ലെങ്കിൽ ഒരു കൂട്ടം നടത്തുന്ന ബോധപൂർവ്വമായ അടിച്ചേൽപ്പിക്കലാണ്. (intentional infliction).

ഇറ്റാലിയൻ സൈദ്ധാന്തികനായ വിറ്റോറിയോ ബഫക്കി (Vittorio Buffacchi) വയലൻസ്, വയലേഷൻ എന്നീ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ഹിംസയ്ക്ക് രണ്ട് അർത്ഥതലങ്ങൾ നൽകുന്നു. ഹിംസയെ ബലപ്രയോഗം എന്നും ലംഘനം എന്നും രണ്ടുവിധത്തിലാണ് ബഫക്കി പരിഗണിക്കുന്നത്. ബലപ്രയോഗം എന്ന രീതിയിൽ മാത്രം ഹിംസയെ നോക്കിക്കാണുന്നത് സങ്കുചിതരീതിയാണെന്നും ഹിംസയെന്നാൽ ലംഘനം എന്ന രീതിയിൽക്കൂടിയുള്ള നോട്ടമാണ് വിശാലാർത്ഥത്തിലുള്ള പഠനമെന്നും ബഫക്കി വിശദീകരിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഹിംസയും (violence) ലംഘനവും (violation) തമ്മിലുള്ള സമന്വയം നിർബന്ധമല്ല. എന്നാലത് ഒഴിവാക്കാനാവാത്തതുമാണ്. ശാരീരികമായ ബലപ്രയോഗങ്ങൾ ലംഘനങ്ങളിലേക്ക് വഴിമാറാറുണ്ട്. എന്നാൽ പ്രത്യക്ഷമായി ബലം പ്രയോഗിച്ചുകൊണ്ടല്ലാതെതന്നെ നിശബ്ദമായി നിഷേധങ്ങളും ലംഘനങ്ങളും സാധ്യമാണ്.(2005:193-204)

**പ്രത്യക്ഷഹിംസ, പരോക്ഷഹിംസ**

ഹിംസയ്ക്ക് ബഫക്കി കൽപ്പിക്കുന്ന സങ്കുചിതവും വിശാലവുമായ അർത്ഥതലങ്ങൾ തന്നെയാണ് പ്രത്യക്ഷ ഹിംസയ്ക്കും പരോക്ഷഹിംസയ്ക്കും ആധാരം. ഒരു ജീവനുമേൽ കായികമായി ഏൽപിക്കുന്ന ആഘാതങ്ങളെ പ്രത്യക്ഷമായ ഹിംസയുടെ പരിധിയിൽപ്പെടുത്താം. ശരീരമാണ് അതിന് ആധാരം. മൂർത്തമാണ് അതിന്റെ അനന്തരഫലം. ബലാൽസംഗം, കൊലപാതകം, ശാരീരികസംഘട്ടനങ്ങൾഎന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ശാരീരികമായി ഏൽക്കേണ്ടി വരുന്ന ആഘാതങ്ങളോടൊപ്പംതന്നെ മാനസികമായ മുറിപ്പെടുത്തലും ഇതിന്റെ ഭാഗമാണ്. ഒരു വ്യക്തിയെ കായികമായി ആക്രമിക്കുമ്പോൾ ശാരീരികമായി മാത്രമല്ല മുറിവുകളേൽക്കപ്പെടുന്നത് ആ വ്യക്തിയുടെ ആത്മാഭിമാനത്തിനും ആഘാതമേൽക്കുന്നുണ്ട്.

ശാരീരികമായ മുറിവുകളുണങ്ങിയാലും മാനസികമായി ഏൽക്കേണ്ടി വരുന്ന ആഘാതങ്ങൾ പലപ്പോഴും ദീർഘകാലം നിലനിൽക്കുന്നതായി കാണാം. അവയ്ക്ക് പ്രത്യക്ഷമായ വെളിപ്പെടുത്തലുകൾ ഉണ്ടായിക്കൊള്ളണമെന്നില്ല. ഇത്തരത്തിൽ പ്രത്യക്ഷമായി പ്രകടമല്ലാത്ത ഹിംസയെ പരോക്ഷഹിംസ എന്നു വിളിക്കാം. പരോക്ഷഹിംസയെ രണ്ടുവിധത്തിൽ കാണാവുന്നതാണ്. മേൽ പറഞ്ഞപ്രകാരം പ്രത്യക്ഷഹിംസയുടെ ഭാഗമായിത്തന്നെ ഉണ്ടാകുന്ന മാനസിക ആഘാതങ്ങളാണ് ആദ്യത്തേത്. പ്രത്യക്ഷത്തിൽ യാതൊരു ബലപ്രയോഗവും പ്രകടിപ്പിക്കാതെതന്നെ ഒരാളിൽ/കൂട്ടത്തിനുമേൽ പ്രയോഗിക്കുന്ന അധികാരപ്രയോഗത്തിന്റെ അനന്തരഫലമായുണ്ടാവുന്ന താണ് രണ്ടാമത്തെ വിഭാഗം. മൂർത്തമായ രീതിയിൽ അത് പ്രത്യക്ഷപ്പെട ണമെന്നില്ല. മറിച്ച് ഒരു വ്യക്തിയുടെ സ്വത്വത്തെ ഹനിക്കും വിധത്തിലുള്ള ലംഘനമോ തിരസ്കാരമോ നോട്ടമോ ഭാഷയോ എല്ലാം ഇതിന്റെ പരിധി യിൽപ്പെടുന്നു. അധികാരത്തെക്കുറിച്ചുള്ള നൂതനമായ സംവാദങ്ങളുടെ വെളിച്ചത്തിലാണ് ഇത്തരം സൂക്ഷ്മമായ ഏത് ഇടപെടലും ഹിംസയായി പരിഗണിച്ചുതുടങ്ങിയത്. ശാരീരികമായ ആഘാതങ്ങൾക്കു പുറമെ അധികാരവ്യവസ്ഥ സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥകൾ, അസംതൃപ്തികൾ, അസ്വസ്ഥതകൾ എന്നിവയെയും പുതിയകാലം ഹിംസയായി പരിഗണിക്കു ന്നുണ്ട്. പരോക്ഷമായ ഹിംസയായി ഇതിനെ കരുതാവുന്നതാണ്.

അധികാരശക്തിക്ക് അനുയോജ്യമായവിധത്തിൽ വ്യക്തിശരീ രത്തെ പരിശീലിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന നിയമങ്ങളെയും രീതിക ളെയും ഫൂക്കോ അധികാരത്തിന്റെ സൂക്ഷ്മരൂപത്തിലുള്ള ഇടപെടലായി കാണുന്നു. സമൂഹം അംഗീകരിക്കുന്ന രീതിയിൽ ചിന്തിക്കുകയും പ്രവർത്തി ക്കുകയും ചെയ്യുന്ന വ്യക്തികളെ ഉത്പാദിപ്പിക്കുക എന്നതാണ് ഇത്തരം ഇടപെടലുകളുടെ പ്രധാനലക്ഷ്യം. ഇതിനെതിരായുള്ള പ്രയോഗത്തെ നിയമലംഘനമായി ഭരണകൂടം കണക്കാക്കുന്നു. സൂക്ഷ്മാർത്ഥത്തിൽ ഭരണകൂടം പൗരർക്കുമേൽ നടപ്പിലാക്കുന്ന ഹിംസയാണ് ഈ അധികാരം. അധികാരവ്യവസ്ഥയുടെ ഇത്തരം ഇടപെടലുകളെ തിരിച്ചറിയാനാകാത്ത

വിധം പൗരരെ നിയന്ത്രണങ്ങൾക്കു വിധേയമാക്കുക എന്നതാണ് വ്യവസ്ഥയുടെ വിജയം.

**ആഖ്യാനം ഒരു നിർമ്മിതി**

ഒരു സാംസ്കാരികനിർമ്മിതി എന്ന നിലയിൽ ഏതൊരു ആഖ്യാനകവും സമൂഹത്തിൽ നിന്നും വേറിട്ടു നിൽക്കുന്നില്ല. സംഭവങ്ങളുടെ വ്യത്യസ്തരൂപത്തിലുള്ള പ്രതിനിധീകരണം ഇവ ഉറപ്പുനൽകുന്നു. നോവൽ എന്നതും ഒരു സാംസ്കാരികനിർമ്മിതിയാണ്. നോവലിന്റെ കാലവും ചരിത്രവും സാമൂഹ്യമാറ്റവും വിശകലനംചെയ്താൽ കാലത്തെ ആഖ്യാനത്തിലേക്ക് പകർത്തുന്നതിലും സാമൂഹ്യമാറ്റത്തെ അംഗീകരിക്കുന്നതിലും നോവൽ ഊന്നൽ നൽകുന്നതായി കാണാം. "ആഖ്യാന(Narrative)മാണ് നോവൽ എന്ന സമവാക്യത്തിലേക്ക് പരിണമിച്ചെത്തുന്ന ഒരു സൗന്ദര്യശാസ്ത്രചരിത്രം കഴിഞ്ഞ ഒരു നൂറ്റണ്ടിലധികം കാലംകൊണ്ട് നോവലിന്റെ കലാചിന്തയ്ക്ക് കൈവരുന്നുണ്ട്" (2019:5). പുതിയൊരു ആഖ്യാനത്തിന്റെ സൗന്ദര്യശാസ്ത്രത്തെ മുന്നോട്ടുവെച്ചുകൊണ്ടാണ് നോവൽ മുന്നേറുന്നത്. ഉത്തരാധുനിക ഫിക്ഷനുകൾ ആദ്യമാദ്യം ആഗോളീകരണാനുഭവങ്ങളെയും പിന്നീട് അവയുണ്ടാക്കിയ അരക്ഷിതാവസ്ഥകളേയും രചനാസാമഗ്രികളാക്കി. പിന്നീട് കാൽനൂറ്റാണ്ടുകഴിഞ്ഞപ്പോൾ ആഗോളീകരണം സൃഷ്ടിച്ച ആഘാതത്തിന്റെ ആഴം തിരിച്ചറിയുകയും പ്രാദേശിക സ്വത്വഭാവങ്ങൾക്ക് പ്രാധാന്യം നൽകുന്ന എഴുത്തുകൾ ഉണ്ടാവുകയും ചെയ്തു. അതിനനുയോജ്യമാംവിധം ഭാഷയുടെ നിർമ്മിതിയും ശാസ്ത്രസാങ്കേതികവിദ്യ രൂപപ്പെടുത്തിയ മനുഷ്യാനന്തരലോകനിർമ്മിതി, മഹാമാരികൾ, പ്രകൃതിക്ഷോഭങ്ങൾ തുടങ്ങി മനുഷ്യനെ അപ്രസക്തനാക്കുംവിധത്തിലുണ്ടായ ഇടപെടലുകൾ, പുതിയ സാഹിത്യചിന്താപദ്ധതികൾ തുടങ്ങി പുതിയ ആഖ്യാനരീതിയും അനിവാര്യമാകുന്ന സാഹചര്യം രൂപപ്പെട്ടു.

ആഖ്യാനമെന്നത് ഒരു നിർമ്മിതിയാണ് എന്ന രീതിയിൽ കണ്ടുകൊണ്ടാണ് നിർമ്മിതി എന്ന പദം പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്.

"ഓരോ ആഖ്യാനവും ഓരോ കൃത്രിമസൃഷ്ടിയല്ല. എങ്കിലുംഅതിലൊരു ബോധപൂർവ്വവും കൃത്രിമവുമായ കെട്ടിച്ചമയ്ക്കൽ (artificial fabrication) ദർശിക്കുവാൻ കഴിയും. ഇത്തരത്തിലുള്ള കൃത്രിമത്വം സാധാരണ സംഭാഷണ ങ്ങളിൽ അനുഭവപ്പെടാറില്ല. ആഖ്യാനം അതിനാലൊരു നിർമ്മിതിയാണ്. ശൃംഖലാരൂപീകരണം, ഊന്നിപ്പറച്ചിലുകൾ, വേഗതാരൂപീകരണം (dynamization), എന്നിവയെല്ലാം വേണ്ടതുപോലെ ആസൂത്രണം ചെയ്താണ് നിർമ്മിതിയുടെ നിർവ്വഹണം പൂർത്തിയാവുന്നത്" (2000:8). ഫിക്ഷണൽ റിയലിസത്തിന്റെ കാലത്ത് നോവലിലെ രചനാവസ്തുക്കളുടെ നിർമ്മിതി ക്കായി എഴുത്തുകാർ സ്വീകരിക്കുന്ന നിർമ്മിതിതന്ത്രങ്ങളെക്കുറിച്ചുള്ള അന്വേഷണം പ്രസക്തമാണ്. യഥാർത്ഥമായ ഒരാളെ, ഒരു സംഭവത്തെ പുനർനിർമ്മിക്കും മുൻപ് നിർമ്മാതാവിന്റെ മനസ്സിലും ചിന്തയിലും കടത്തിവിട്ട് പരുവപ്പെടുത്തുന്നു. യഥാർത്ഥമായി വായനക്കാർക്ക് അവ അനുഭവപ്പെടുമെങ്കിലും നിർമ്മാതാവിന്റെ ഭാവന അതിൽ കൃത്യമായ ഇടപെടൽ നടത്തിയിട്ടുണ്ടാവും. ഉദാഹരണമായി ഹിംസ എന്ന രചനാ വസ്തുവിനെ എഴുത്തിലേക്ക് പ്രതിഫലിപ്പിക്കുംമുൻപ് എഴുത്തുകാർ സ്വീകരി ക്കുന്ന തന്ത്രങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം.

## ഹിംസ-നിർമ്മിതി തന്ത്രങ്ങൾ

ഭൗതികമായോ പ്രത്യക്ഷമായോ നോവലിൽ ചിത്രീകരിക്കപ്പെടുന്ന ഹിംസ, ഹിംസയായോ അല്ലാതെയോ നോവലിസ്റ്റ് അവതരിപ്പിക്കുന്ന സന്ദർഭങ്ങളുണ്ട്. തുടക്കത്തിൽ ഹിംസ എന്ന രീതിയിൽ അവതരിപ്പിക്കു കയും പിന്നീട് ആഖ്യാനത്തിന്റെ മുന്നോട്ടുപോക്കിനിടയിൽ ശക്തി ചോർത്തിക്കളയുകയും ഹിംസയല്ലാതാക്കി തീർക്കുകയും ചെയ്യുന്നു. അതിനായി പല മാർഗ്ഗങ്ങളും ആഖ്യാതാവ് സ്വീകരിക്കുന്നു. അതുപോലെ ചില പദപ്രയോഗങ്ങളിലൂടെ അക്രമത്തിന്റെ ആഴം കൂട്ടാനും നോവലിസ്റ്റിന് സാധിക്കുന്നു. കൂടാതെ ചില ചുരുക്കിപ്പറയലുകൾ, ആവർത്തനങ്ങൾ, വലിച്ചുനീട്ടലുകൾ എന്നിവയിലൂടെ ആഖ്യാനം ചെയ്യപ്പെടുന്ന ഹിംസയുടെ ആഘാതത്തിന്റെ ആഴം കൂട്ടാനും കുറയ്ക്കാനും നോവലിസ്റ്റിന് കഴിയുന്നു. ഒപ്പം

കഥാപാത്രരൂപീകരണത്തിൽ സ്വീകരിക്കുന്ന ചില ആവർത്തനങ്ങളും പർവ്വതീകരണവും വഴി വായനക്കാരിൽ കഥാപാത്രത്തോട് വെറുപ്പ് ജനിപ്പിക്കാനും സാധിക്കുന്നു.

കെ.ആർ. മീരയുടെ 'ആരാച്ചാർ' എന്ന നോവൽ ഫിക്ഷണൽ റിയലിസത്തിന്റെ പാതപിന്തുടർന്നു രചിക്കപ്പെട്ട കൃതിയാണ്. ചരിത്രവും മിത്തും ചേർന്ന് ഭൂതകാലത്തെയും വർത്തമാനകാലത്തെയും പ്രശ്നവൽക്കരിക്കുന്നതിന്റെ ഭാവനാഭൂപടമാണ് ആരാച്ചാർ എന്ന നോവൽ. ജോഷി ജോസഫ് 2005-ൽ പുറത്തിറക്കിയ 'വൺ ഡേ ഫ്രം എ ഹാങ്മാൻസ് ലൈഫ്' എന്ന ഡോക്യുമെന്ററി ഫിലിം, ഒരു സ്കൂൾവിദ്യാർത്ഥിനിയെ ബലാൽസംഗം ചെയ്തുകൊന്ന കുറ്റംചുമത്തി വധശിക്ഷയ്ക്കു വിധിക്കപ്പെട്ട് ആലിപ്പൂർ സെൻട്രൽ ജയിലിൽ കഴിഞ്ഞിരുന്ന ധനഞ്ജയ് ചാറ്റർജിയെന്ന തടവുകാരനെക്കുറിച്ച് എം.എസ്. സത്യു 1994-ൽ നിർമ്മിച്ച 'ദ റൈറ്റ് ടു ലിവ്' എന്ന ഡോക്യുമെന്ററി എന്നിവയിൽനിന്നും കഥാതന്തു സ്വീകരിച്ചുകൊണ്ട് എഴുതിയ നോവൽ 2012-ൽ മാധ്യമം ആഴ്ചപ്പതിപ്പിൽ ഖണ്ഡശ: പ്രസിദ്ധീകരിക്കുകയും പിന്നീട് പുസ്തകരൂപത്തിൽ പുറത്തിറക്കുകയും ചെയ്തു. നാനൂറ്റി അൻപത്തൊന്നുപേരെ തൂക്കിലേറ്റിയ ആലിപ്പൂർ ജയിലിലെ ആരാച്ചാർ ഫണീഭൂഷൻ ഗൃദ്ധാമല്ലിക്കിന്റെയും മകൾ ചേതനാമല്ലിക്കിന്റെയും അനുഭവങ്ങളിലൂടെ സമൂഹത്തിലെ ഹിംസാത്മകതയുടെ വിവിധമാനങ്ങൾ നോവൽ ആഖ്യാനം ചെയ്യുന്നു. നോവലിൽ ഹിംസയെ നിർമ്മിക്കുന്നതിനായി സംഭവം, ക്രിയ, കഥാപാത്രങ്ങൾ എന്നിവയുടെ ക്രമീകരണം, കഥപറച്ചിലിന്റെ രീതി, ഭാഷശൈലി, വാക്കുകളുടെ പ്രയോഗം, കൃത്രിമമായ കെട്ടിച്ചമയ്ക്കലുകൾ, ശൃംഖലാരൂപീകരണം, ഊന്നിപ്പറയലുകൾ, വേഗതാരൂപീകരണം, സാമാന്യവൽക്കരണം, അനുഭവങ്ങളുമായുള്ള ചേർത്തുവയ്ക്കലുകൾ, ചരിത്രം, വർത്തമാനം, രാഷ്ട്രീയം എന്നീഘടകങ്ങളുടെ മനപ്പൂർവ്വമായ ഉൾചേർക്കലുകൾ തുടങ്ങിയ സംവേദന തന്ത്രങ്ങൾ നോവലിസ്റ്റ് പ്രയോഗിച്ചിട്ടുണ്ട്.

"ആരാച്ചാർ" പരിശോധിച്ചാൽ കൊല, സംഘട്ടനം, ലൈംഗികാതിക്രമങ്ങൾ തുടങ്ങിയവയുടെ വ്യക്തമായ വിവരണങ്ങൾ എഴുത്തിൽ കടന്നുവരുന്നുണ്ട്. അധികാരം, ഹിംസ, നിർമ്മിതി എന്നിവയുടെ സൈദ്ധാന്തികാടിത്തറയുടെ പശ്ചാത്തലത്തിൽ നിരീക്ഷിച്ചാൽ ഇത്തരം ആഖ്യാനങ്ങൾ പ്രകടമാക്കുന്ന പ്രത്യക്ഷമായ ഹിംസയെ തിരിച്ചറിയാവുന്നതാണ്. ഭാഷയുടെ അടുക്കിവെക്കലുകളിലൂടെ, പ്രയോഗങ്ങളുടെ ഉചിതമായ തെരഞ്ഞെടുപ്പിലൂടെ കഥാപാത്രങ്ങളിലെ പ്രത്യക്ഷഹിംസയെ നോവലിസ്റ്റ് എങ്ങനെ അനുഭവപ്പെടുത്തുന്നു എന്നു നോക്കാം.

"ആറുവയസ്സുകാരി അമോലികയുടെ കണ്ണുകൾ തുരന്നെടുക്കപ്പെട്ടിരുന്നു. കൈകാലുകൾ വെട്ടിമാറ്റപ്പെട്ടിരുന്നു. കഴുത്തിലെ മാംസത്തിൽ ഇരുമ്പുകമ്പി ആഴ്ത്തിയിരുന്നു"' (പു. 345). നോവലിൽ അമോദിതയുടെ മകൾ അമോലികയുടെ ക്രൂരമായ കൊലപാതകം വിവരിക്കാൻ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ ശ്രദ്ധിച്ചാൽ തുരന്നെടുക്കപ്പെട്ടിരുന്നു, വെട്ടിമാറ്റപ്പെട്ടിരുന്നു, ആഴ്ത്തിയിരുന്നു എന്നീ വാക്കുകളിലൂടെ എങ്ങനെയാണ് കൊലയുടെ ഭീകരത ആവിഷ്കരിക്കുന്നത് എന്ന് മനസ്സിലാക്കാം. തുരന്നെടുക്കുക എന്നതിനു പകരം പറിച്ചെടുത്തിരുന്നു എന്നു പ്രയോഗിച്ചാൽ ഇത്ര ഭീകരത അനുഭവപ്പെടുകയില്ല. കാരണം പറിച്ചെടുക്കുന്നതിനേക്കാൾ സമയവും ആയാസവും ആവശ്യപ്പെടുന്നുണ്ട് തുരന്നെടുക്കൽ എന്ന പ്രവൃത്തി. ഒരു പൂ പറിച്ചെടുക്കുന്നതുപോലെ ആയാസരഹിതമല്ല തുരന്നെടുക്കൽ. തുരന്നെടുക്കപ്പെട്ടിരുന്നു എന്ന പ്രയോഗത്തിൽത്തന്നെ അതിനെടുത്ത സമയവും ആയാസവും ആ സമയമത്രയും ആ കുഞ്ഞ് അനുഭവിച്ച വേദനയും ഉൾച്ചേർന്നിട്ടുണ്ട്. വെട്ടിമാറ്റപ്പെട്ടിരുന്നു, ആഴ്ത്തിയിരുന്നു എന്നീ പ്രയോഗങ്ങളിലും ഇതേ ആയാസവും സമയവും ഉൾച്ചേർന്നിരിക്കുന്നതായി കാണാം. വെട്ടിയിരുന്നു എന്നു പറയുന്നതിനേക്കാൾ വ്യത്യസ്തമാണ് വെട്ടിമാറ്റപ്പെട്ടിരുന്നു എന്ന പ്രയോഗം. വെട്ടുക എന്നു പറയുമ്പോൾ ആഴത്തിൽ ഒരു മുറിവേൽക്കുക എന്ന ഒർത്ഥമാണ് ലഭിക്കുക. അവിടെ ആ മുറിവ് പൂട്ടുന്നതിനുള്ള ഒരു സാധ്യത ആ പ്രയോഗത്തിൽ മറഞ്ഞിരിപ്പുണ്ട്. കൈകാലുകൾ വെട്ടിമാറ്റുക എന്നു പ്രയോഗിക്കുമ്പോൾ മുറിവേറ്റിരിക്കുന്ന

എന്ന മാത്രമല്ല അവ അതാത് സ്ഥാനങ്ങളിൽ നിന്നും വേർപെടുത്തിയിരിക്കുന്ന എന്നുകൂടി വ്യക്തമാക്കുന്നുണ്ട്. ഒരിക്കലും കൂട്ടിച്ചേർക്കാനാവാത്തവിധം കൈകാലുകൾ വേർപെട്ടു രക്തത്തിൽ കുളിച്ചുകിടക്കുന്ന ഒരു ബാലികയുടെ ഒരേ സമയം ഭയാനകവും ദയനീയവുമായ ചിത്രമാണത് ആ പ്രയോഗം പകരുന്നത്. അക്രമി കൈകാലുകൾ വെട്ടിമാറ്റാനും ഇരുമ്പുകമ്പി ആഴ്ത്താനും എടുക്കുന്ന അത്രയും സമയം ആ കുഞ്ഞനുഭവിച്ച വേദനയുടെ ആഴവും ആഘാതവും ഒപ്പം ആ വേദന കാണുമ്പോൾ അക്രമി അനുഭവിക്കുന്ന ആഹ്ലാദവും ഉൾക്കൊള്ളുന്നുണ്ട് ഈ പ്രയോഗങ്ങൾ.

മറ്റൊരു സന്ദർഭം നോക്കുക:

> "ജീവിച്ചിരുന്നെങ്കിൽപോലും അമോദിതയുടെ മകൾ അവളെ അമ്മേ എന്നു വിളിക്കുമായിരുന്നില്ല എന്നതായിരുന്നു സത്യം. കാരണം അവളുടെ കുഞ്ഞുനാവ് കൈകാലുകളേക്കാൾ മുമ്പേ അറുത്തുമാറ്റപ്പെട്ടിരുന്നു. പൊന്തക്കാട്ടിൽ നിന്ന് കണ്ടെത്തുമ്പോൾ അവളുടെ ശരീരത്തിനരികിൽ അത് ഉറുമ്പുകൾ പൊതിഞ്ഞ ചെറിയൊരു മാംസക്കഷ്ണമായി മണ്ണിൽപ്പൂണ്ട കിടന്നിരുന്നു."(പു.347)

ഇവിടെ അമോദിത അനുഭവിച്ച ക്രൂരതയുടെയും വേദനയുടെയും ചിത്രം അനുവാചകരിലേക്ക് പരിവർത്തിപ്പിക്കാൻ നോവലിസ്റ്റിനു സാധിക്കുന്നുണ്ട്. "കൈകാലുകളേക്കാൾ മുമ്പേ അറുത്തുമാറ്റപ്പെട്ടിരുന്ന കുഞ്ഞുനാവ് എന്ന പ്രയോഗം ഒന്നിനുപിറകേ മറ്റൊന്നായി ആ കുഞ്ഞിനേൽക്കേണ്ടി വന്ന അതിക്രൂരമായ പീഡനത്തെ കുറിക്കുന്നു. കുഞ്ഞുനാവ് അറുത്തുമാറ്റിയ ശേഷം കൈകാലുകളും വെട്ടിമാറ്റി എന്നു പറയുന്നതിനേക്കാൾ ആഘാതം ആദ്യത്തെ പ്രയോഗത്തിനുണ്ട്. "മുമ്പേ' എന്ന വാക്ക് ആ പ്രവൃത്തി നിറവേറ്റിയ സമയത്തെക്കുറിക്കുന്നു. തൊട്ടുമുമ്പേ എന്നാണെങ്കിൽ കൈകാലുകൾ വെട്ടിമാറ്റുന്നതിനു വളരെ അടുത്തസമയത്താണ് അത് ചെയ്തത് എന്നു കരുതാം. എന്നാൽ "മുമ്പേ' എന്ന് പ്രയോഗിക്കുന്നതിലൂടെ മറ്റേതൊരാ

ഘാതവും ആ കുഞ്ഞിലേല്പിക്കുന്നതിനും വളരെ നേരത്തെ, ഒരു പക്ഷേ ആദ്യം തന്നെ ആ കൃത്യം നിർവ്വഹിക്കപ്പെട്ടിരുന്നു എന്ന സൂചന നൽകുന്നു. ഉപദ്രവിക്കുമ്പോൾ അവളുടെ ശബ്ദം പുറത്തുകേൾക്കാതിരിക്കാനാവാം ആദ്യംതന്നെ ആ നാവ് അറുത്തുമാറ്റിയതെന്ന ലക്ഷ്യവും ആ പ്രയോഗം ഉൾക്കൊള്ളുന്നുണ്ട്. വാക്കുകളുടെ സൂക്ഷ്മമായ തെരഞ്ഞെടുപ്പുകളിലൂടെയും ചിട്ടയായ അടുക്കിവെക്കലുകളിലൂടെയും സംഭവങ്ങളുടെ ക്രമപ്പെടുത്തലുകളിലൂടെയും മറിച്ചിടലുകളിലൂടെയുമെല്ലാം നോവലിന്റെ ഭാവത്തെ സ്ഥാപിക്കാൻ എഴുത്തുകാർക്ക് സാധിക്കുന്നു.

കഥാപാത്രനിർമ്മിതിയുടെവേളയിൽ എഴുത്തുകാരി സ്വീകരിച്ചിരിക്കുന്ന ആഖ്യാനതന്ത്രങ്ങൾ എന്തൊക്കെയാണെന്നു പരിശോധിക്കാം. തങ്ങളുടെ അധികാരം മറ്റുള്ളവർക്കുമേൽ പ്രത്യക്ഷമായി പ്രയോഗിക്കുന്ന രണ്ടുകഥാപാത്രങ്ങളാണ് സഞ്ജീവ്കുമാർ മിത്രയും ഫണീഭൂഷൻ ഗൃദ്ധാമല്ലിക്കും. ആൺകോയ്മ എങ്ങനെയാണ് ഹിംസാത്മകമായിത്തീരുന്നത് എന്നു വ്യക്തമാക്കുന്നവയാണ് നോവലിൽ ഈ രണ്ടു കഥാപാത്രങ്ങളുടെയും ഇടപെടലുകൾ.

സ്ത്രീകൾ നേരിടേണ്ടി വരുന്ന ഇരട്ട വയലൻസിനെക്കുറിച്ച് കൃത്യമായ ബോധ്യമുള്ള എഴുത്തുകാരിയാണ് കെ.ആർ. മീര. വയലാർ അവാർഡ് സ്വീകരിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിൽ അവരത് വ്യക്തമാക്കുന്നുണ്ട്. ഈ ഇരട്ട വയലൻസിൽ ആദ്യത്തേത് ഭരണകൂടം പൗരനുനേരെ പ്രയോഗിക്കുന്നതും മറ്റൊന്ന് ആൺകോയ്മ സ്ത്രീകളുടെമേൽ പ്രയോഗിക്കുന്നതുമാണ്. അധീശത്വ ആണത്വത്തിന് നോവൽ നൽകുന്ന ഉത്തമോദാഹരണമാണ് ഫണിഭൂഷൻ ഗൃദ്ധാമല്ലിക്. നോവലിസ്റ്റ് അയാളെ ചിത്രീകരിച്ചിരിക്കുന്നതും ഫണിഭൂഷന്റെ ഭാഷ, ഭാവങ്ങൾ എല്ലാം പുരുഷമേധാവിത്വത്തിന്റേതാണ്. നാനൂറ്റമ്പത്തൊന്നുപേരെ കൊന്ന ആരാച്ചാരെന്ന നിലയിൽ ഊറ്റംകൊള്ളുന്നവനാണ് ഫണിഭൂഷൻ. ആരാച്ചാർ എന്ന പദം അതുകേൾക്കുന്നവരെ മുഴുവൻ ഞെട്ടിക്കുന്ന വിധത്തിലാണ് അയാൾ ഉച്ചരിക്കുന്നത്. വളരെ നാടകീയമായി അയാളത് അവതരിപ്പിക്കുമ്പോൾ കേൾക്കുന്നവരെല്ലാവരും ഒരു

ഞെട്ടലോടെ അയാളെ നോക്കുകയും അയാളതിൽ അഭിരമിക്കുകയും ചെയ്യാറുണ്ട്. എൺപത്തെട്ടാം വയസ്സിലും നിൽപ്പിലും നടപ്പിലും പെരുമാറ്റത്തിലും ആണത്തത്തിന്റെ എല്ലാവിധ അധികാരത്തെയും അയാൾ പ്രകടിപ്പിക്കുന്നു. തന്റെ ചുറ്റിലുമുള്ളവർക്കു മുൻപിൽ പ്രവചനാതീതമായി തലയെടുപ്പോടെ നിൽക്കുന്ന ഒരാൾ. അയാളുടെ തൊഴിലിൽ മറ്റേതൊരു തൊഴിലിനേക്കാളും അഭിമാനം കൊള്ളുന്ന ഒരാൾ. അതുകൊണ്ടാണ് തന്റെ തൊഴിലിനെ ഇത്രയധികം നാടകീയമായി ഫണിഭൂഷൻ അവതരിപ്പിക്കുന്നത്. ജീവിതത്തിന്റെ ആദ്യനാളുകളിൽ അഭിനയിച്ച ജാത്രകളെ പിൻപറ്റി ജാത്രകളിലെ തന്റെ അഭിനയത്തെ എക്കാലവും തന്റെ ജീവിതത്തിൽ പിന്തുടരാൻ ഫണിഭൂഷൻ ശ്രമിച്ചു. ജീവിതത്തിലെ ഓരോ പ്രതിസന്ധിഘട്ടങ്ങളിലും അയാൾ നടത്തുന്ന നീക്കങ്ങളും പറയുന്ന വാക്കുകളും വളരെ കൃത്യമായിരിക്കും. ജാത്രയിലെ കഥാപാത്രം നടത്തുന്ന ഡയലോഗ് ഡെലിവറിപോലെ ഏറ്റവും സൻദർഭോചിതമായിരിക്കും. ഒരോ സാഹചര്യത്തിലും കേൾക്കാൻ ആഗ്രഹിക്കുന്നതെന്തോ അതുതന്നെയാണ് അയാൾ പറയാറുള്ളത്. ഫണീഭൂഷന്റെ വാക്കുകളിലും പെരുമാറ്റത്തിലും ആഖ്യാതാവ് നൽകിയിരിക്കുന്ന കൃത്യത ആ കഥാപാത്രത്തിലെ ആണത്തത്തെ ഉറപ്പിക്കുന്നതാണ്. തന്റെ വാക്കിലോ പ്രവൃത്തിയിലോ സംശയമുള്ള ഒരുവന് മറ്റൊരാൾക്കുമേൽ എളുപ്പത്തിൽ അധീശത്വം നേടിയെടുക്കാൻ സാധ്യമല്ല എന്ന യാഥാർത്ഥ്യമാണ് ഈ കഥാപാത്രചിത്രീകരണത്തിലെ കൃത്യതയ്ക്കു പിന്നിലുള്ളത്.

ചേതനയുടെ ജനനവും ചേച്ചിയുടെ മരണവും ഗൃദ്ധാമല്ലിക്കിലെ ഹിംസയുടെ അടയാളങ്ങളാണ്. ഏറ്റവും ഹിംസാത്മകമായ ഒരു വേഴ്ചയുടെ അനന്തരഫലമാണ് ചേതനയുടെ ജനനം. 23 വർഷം മുൻപ്, ഏഴുപേരെ കൊന്ന ഒരു പരമ്പരക്കൊലയാളിയെ തൂക്കിലേറ്റി തിരിച്ചുവന്ന ദിവസമാണ് അയാൾ ചേതനയെ ജനിപ്പിച്ചത്. "പുലർച്ചെ ജോലി തീർന്നതുമുതൽ കുടിച്ചു ബോധംകെട്ട അയാൾ പച്ചക്കറി വാങ്ങിക്കൊണ്ടു നിന്ന അമ്മയെ കയറിപ്പിടിച്ചു ചന്തയിൽ വച്ചുതന്നെ പ്രാപിക്കാൻ ശ്രമിച്ചു." അന്നയാൾക്ക് 65 വയസ്സായിരുന്നു. അങ്ങനെ 44-ാം വയസ്സിൽ സച്ചിൻമയീ ദേവി

ചേതുവിന് ജന്മം നൽകി. ആണധികാരത്തിന്റെ ഏറ്റവും ഭീകരമായ പൂർത്തീകരണമാണ് ചേതനയുടെ ജനനം. സ്വന്തം താൽപര്യങ്ങൾക്കനുസ രിച്ച് പ്രാപിക്കാനുള്ള ഉപകരണം മാത്രമാകുന്നു ഇവിടെ സ്ത്രീ. ഏകപക്ഷീയ നായി കഥയിൽ വാഴുന്ന അയാൾക്ക് അതേ നിലയിൽ തുടരാനാവുന്നില്ല. കഥയുടെ ഏറ്റവും മുറുകിയ ഒരു ഘട്ടത്തിൽ വേഷമഴിച്ചുവെച്ച് അയാൾക്ക് പിൻമാറേണ്ടി വരുന്നു. ഏറ്റവും സവിശേഷമായ ഒരു നീക്കത്തിലൂടെ ഗൃദ്ധാമല്ലിക്കിന് കഥയിലുണ്ടായിരുന്ന സ്ഥാനം ആഖ്യാതാവ് അപ്രത്യക്ഷമാ ക്കുന്നു. അതുവരെ കഥയെയും നോവലിന്റെ ഗതിയേയും നിയന്ത്രിച്ചിരുന്ന ഗൃദ്ധാമല്ലിക്കിന് നോവലിന്റെ അവസാന അധ്യായങ്ങളിലേക്കെത്തുമ്പോൾ പിൻമാറേണ്ടി വരുന്നു. തന്റെ സഹോദരനെയും ഭാര്യയെയും കൊലപ്പെടു ത്തിയ അയാളെ വധശിക്ഷ നടപ്പാക്കുന്നതിൽ നിന്ന് സർക്കാർ വിലക്കുന്നു. അതുവരെ ജീവിതത്തെയും മരണത്തെയും ചരിത്രത്തെയും ഭരണകൂടത്തെയും അധികാരത്തെയും കുറിച്ച് പറഞ്ഞ പാഠങ്ങളെല്ലാം തീർത്തും അനിശ്ചിതത്വ ത്തിലാക്കിക്കൊണ്ട് ഗൃദ്ധാമല്ലിക്കിനെ പിൻവലിക്കുന്നു. കഥയിൽ നിന്നും പിൻമാറിയിട്ടും പൂർവ്വരംഗങ്ങളുടെ പിൻബലത്തിൽ - അയാളുടെ വിടവ് നോവലിന്റെ ഘടനയെ, ഒഴുക്കിനെ ബാധിക്കാത്ത വിധത്തിൽ ഇതിവൃത്തത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ ആഖ്യാതാവ് വിജയിച്ചി ട്ടുണ്ട്.

'ആരാച്ചാർ' നോവൽ അവസാനിക്കുന്നത് തന്റെ പ്രണയത്തെ, ആത്മാഭിമാനത്തെ, സ്വത്വത്തെ തിരസ്കരിച്ച സഞ്ജീവ്കുമാർ മിത്രയെ തൂക്കിലേറ്റി എല്ലാ കെട്ടുപാടുകളേയും പുറംതള്ളി സ്വാതന്ത്ര്യത്തിലേക്ക് നടന്നുനീങ്ങുന്ന ചേതനയിലാണ്. നിയമത്തിന്റെ പക്ഷത്തുനിന്ന് പരിശോ ധിച്ചാൽ ചേതന ഒരു കൊല നടത്തിയിരിക്കുകയാണ്. അവൾ ചെയ്തത് ഹിംസയാണ്. എന്നാൽ വായനക്കാരെ സംബന്ധിച്ചിടത്തോളം ആ ഹിംസ അനിവാര്യമായ ഒന്നായാണ് അനുഭവപ്പെടുന്നത്. കാരണം ന്യൂസ്വാല്യുവിനു വേണ്ടി നിഷ്ഠൂരതയുടെ ഏതറ്റംവരെയും പോകുന്നവനായാണ് സഞ്ജീവ്കുമാർ മിത്രയെ മുൻ അധ്യായങ്ങളിലെല്ലാം ചിത്രീകരിച്ചിരിക്കുന്നത്. കൂടാതെ

പ്രണയം നടിച്ചുകൊണ്ട് അയാൾ ചേതനയെ വേട്ടയാടുന്നതും അതിൽ ഹൃദയം മുറിഞ്ഞ് ജീവിക്കുന്ന ചേതനയെയും മുൻ അധ്യായങ്ങളിൽ അനുവാചകർക്ക് പരിചയമുണ്ട്. ഈ രംഗങ്ങളെ റഫറൻസായെടുത്തുകൊണ്ട് സഞ്ജീവ് കുമാർ മിത്ര പ്രതികാരം അർഹിക്കുന്നവനാണെന്ന അനുമാനത്തിലേക്ക് വായനക്കാരെ എത്തിക്കാൻ നോവലിസ്റ്റിന് സാധിക്കുന്നു. ആഖ്യാനത്തിടെ നടത്തുന്ന ഈയൊരു മുന്നൊരുക്കത്തിലൂടെ സഞ്ജീവ്കുമാർ മിത്രയുടെ കൊലപാതകത്തെ സാധൂകരിക്കാനും ചേതനയുടെ പ്രവൃത്തിയിലെ ഹിംസാത്മകതയെ ചോർത്തിക്കളയാനും ആഖ്യാതാവിന് കഴിയുന്നു. ഈവിധത്തിൽ ഒരു അന്ത്യം അയാൾക്ക് അർഹതപ്പെട്ടതാണെന്ന ചിന്ത അനുവാചകരിൽ നിർമ്മിക്കുകയും നായികയുടെ വിജയമായി അതിനെ അവതരിപ്പിച്ചുകൊണ്ട് വായനക്കാരിൽ സംതൃപ്തി സൃഷ്ടിക്കാനും ആഖ്യാതാവിനു സാധിക്കുന്നത് ആഖ്യാനത്തിൽ സ്വീകരിച്ചിരിക്കുന്ന ഇത്തരം തന്ത്രങ്ങൾ വഴിയാണ്.

സഞ്ജീവ്കുമാർ മിത്രയുടെ ഇടപെടലുകളെ അവതരിപ്പിച്ചിരിക്കുന്ന ചില ഉദാഹരണങ്ങൾ താഴെ നൽകുന്നു.

> "എന്റെ കഴുത്തിലെ കുടുക്കിന്റെ തുമ്പ് അയാളുടെ കയ്യിലായിരുന്നു. അയാൾ ഇടയ്ക്കിടെ അതു വലിച്ചു. പ്രതിരോധം നഷ്ടപ്പെട്ട് ഞാൻ വാതിൽക്കലെത്തി." (പു.37)

> "എനിക്കു നിന്നെ ഒരിക്കലെങ്കിലും ഒന്ന് അനുഭവിക്കണം..! എന്റെ അസ്ഥികളിലൂടെ ഒരു പുളിരസം പാഞ്ഞു."(പു.38)

> "ശരീരത്തിൽ സ്പർശിക്കാതെതന്നെ വാക്കുകൾകൊണ്ട് മുറിപ്പെടുത്തിയതിന്റെ അപമാനം എന്നെ എരിയിച്ചു. അനുഭവിക്കുക എന്ന വാക്കാണോ ഒരിക്കലെങ്കിലും എന്ന വാക്കാണോ അതോ അയാൾ അതുപറഞ്ഞ രീതിയാണോ

എന്നെ കൂടുതൽ മുറിപ്പെടുത്തിയത് എന്നുമാത്രം വ്യക്തമായില്ല."(പു.43)

"സഞ്ജീവ്കുമാർ മിത്ര എന്റെ തൊട്ടുമുമ്പിൽ വന്നുനിന്ന് എന്നെ തറപ്പിച്ചുനോക്കി. തലചരിച്ച് ചുറ്റും അവലോകനം ചെയ്തു. പിന്നീട് ഒരു കൂസലുമില്ലാതെ അയാൾ എന്റെ ഇടതുമാറിടം പിടിച്ചുഞെരിച്ചു. എന്താണു സംഭവിക്കുന്നതെന്നു ഞാൻ തിരിച്ചറിയും മുമ്പേ അയാൾ ഇങ്ങനെ മന്ത്രിച്ചു. ആ ക്യാമറയ്ക്ക് എത്ര ലക്ഷമായിരുന്നു വില...

എന്റെ അസിഥികളിലൂടെപുളിരസം വീണ്ടും പാഞ്ഞു." (പു.58)

"സ്നേഹമില്ലാതെ സ്പർശിക്കുന്ന പുരുഷന്റെ കരങ്ങൾ എത്ര പരുപരുത്തതാകാമെന്നും അയാളുടെ ദുർഗന്ധങ്ങൾ എത്ര അരോചകമാകാമെന്നും ഒരിക്കൽമാത്രം തിരിച്ചറിഞ്ഞതൊഴിച്ചാൽ ലോകമെന്തെന്നത് എനിക്ക് അറിയുമായിരുന്നില്ല. മാരുതിപ്രസാദിന്റെ സ്പർശത്തിൽ ആർത്തിയാണുണ്ടായിരുന്നത്. സഞ്ജീവ്കുമാർ മിത്രയുടേതിൽ അഹങ്കാരവും ആർത്തിയോടു ക്ഷമിക്കാൻ എനിക്കു സാധിക്കും. പക്ഷേ അധീശത്വത്തോട് - സാധ്യമല്ല." (പു.58)

"ഇടതുമാറിടം പഴുത്തുവിങ്ങിയതുപോലെ വേദനിച്ചപ്പോൾ പുകച്ചിലോടെ ഞാൻ തീരുമാനിച്ചു. കൃത്യമായ അളവിൽ അയാൾക്കുവേണ്ടി ഞാൻ കയർ അളന്നെടുക്കും. ഒരിഞ്ചു കൂടുകയുമില്ല, കുറയുകയുമില്ല. അയാളെ എനിക്കും ഒരിക്കലെങ്കിലും അനുഭവിക്കണം" (പു. 58). ഇത്തരത്തിൽ കഥാപാത്രത്തോടു വെറുപ്പുജനിപ്പിക്കുംവിധത്തിൽ സന്ദർഭങ്ങൾ ആദ്യം തന്നെ കഥാവഴിയിൽ ചിത്രീകരിക്കുകയും പിന്നീടവയെ പിന്തുടർന്നുകൊണ്ട് കഥയിൽ ഹിംസാത്മകമായി ഇടപെടുകയുമാണ് എഴുത്തുകാരി ചെയ്തിരിക്കുന്നത്.

മറ്റൊരു സന്ദർഭത്തിൽ കൈകാലുകളില്ലാത്ത രാമുദായെക്കണ്ട് ചേതന ആശ്വസിക്കുന്നത് "ഭാഗ്യം ഈ പുരുഷന് അയാളെ സ്നേഹിക്കാൻ ആഗ്രഹിക്കുന്ന സ്ത്രീയെ അയാൾ വേണമെന്നുവെച്ചാലും വേദനിപ്പിക്കാൻ സാധ്യമല്ലല്ലോ" എന്നാണ്. സഞ്ജീവ്കുമാറിൽ നിന്നും നേരിടേണ്ടി വന്ന ദുരനുഭവങ്ങളാണ് ചേതനയെക്കൊണ്ട് ഇങ്ങനെ ചിന്തിപ്പിക്കുന്നത്. അയാളിലെ ക്രൂരതയേക്കാൾ ഭേദമാണ് മാംസപിണ്ഡമായി കിടക്കുന്ന മനുഷ്യൻ. ഒരേസമയം സഞ്ജീവ്കുമാറിനേയും രാമുദായേയും വെച്ച് നടത്തുന്ന ഈ താരതമ്യം അയാളുടെ കഥാപാത്രരൂപീകരണത്തിൽ പ്രധാനമാണ്. ശരീരവും ഹിംസയുടെ പ്രകടനവും തമ്മിൽ ബന്ധമുണ്ട്. പുരുഷാധിപത്യ വ്യവസ്ഥിതിയാൽ നിർമ്മിക്കപ്പെട്ട പൂർണ്ണ ആരോഗ്യവാനായ സഞ്ജീവ് കുമാർ പ്രകടിപ്പിക്കുന്ന അധികാരം കൂടുതൽ ഹിംസാത്മകമായിരിക്കും എന്ന് ഉറപ്പിക്കുകയാണ് ആഖ്യാതാവ്.

ഹിംസയുടെ മറുപടി പ്രതിഹിംസയായി മാറുന്ന സന്ദർഭങ്ങൾ നോവലിൽ ധാരാളമുണ്ട്. നോവലിന്റെ ദർശനം ഈ പ്രതിഹിംസയിലാണ് എത്തിനിൽക്കുന്നത്. തന്റെ ശരീരത്തിൽ പിടിച്ചുഞെരിച്ചുകൊണ്ട് "നിന്നെ എനിക്കൊന്ന് അനുഭവിക്കണം" എന്നു പറയുന്ന സഞ്ജീവ്കുമാർ മിത്രയോട് ചേതന ഇതേ വാക്കുകൾ ആവർത്തിക്കുന്നുണ്ട്. അധികാരത്തിനും അവഗണനയ്ക്കും അവഹേളനത്തിനും ബദലായി പ്രതികാരേച്ഛയോടെ മറുപടി നൽകുകയാണ് ചേതന. പുരുഷാധികാരത്തിന്റെ ലോകത്ത് സ്ത്രീക്ക് ദുപ്പട്ടയെ ടുക്കുകയറാക്കേണ്ടി വരുന്ന അനുഭവങ്ങൾ നിരവധിയാണ്. ഓരോ സ്ത്രീയും ഈ വ്യവസ്ഥയുടെ ആരാച്ചാരായി മാറേണ്ട കാലമാണ്. അത്തരമൊരു കാലത്തിൽ ഹിംസ തന്നെയാണ് മറുപടി എന്ന് ഉറപ്പിക്കുന്നു നോവലിസ്റ്റ്. 'അനുഭവിക്കണം' എന്ന വാക്ക് പ്രധാനമാണ്. അനുഭവങ്ങളാണ് മനുഷ്യരെ സ്വയം പുതുക്കുന്നത്. സമൂഹം നൽകിയ അനുഭവങ്ങളിൽനിന്നാണ് ചേതന എന്ന കൗമാരക്കാരിയിൽനിന്ന് ഒരു സ്ത്രീയായി പരുവപ്പെടുന്നത്. തനിക്കു നേരെ ആത്മാർത്ഥതയുടെ ഒരു കണികപോലും പ്രകടിപ്പിക്കാത്ത ആർത്തി യയോടെ മാത്രം സമീപിച്ച സഞ്ജീവ്കുമാർ മിത്രയെ 'അനുഭവിക്കണം'

എന്നു പറയുന്നതിലൂടെ അയാളുടെ കൈവിരലുകൾക്കിടയിൽ കിടന്നു ഞെരിഞ്ഞ സ്ത്രീയുടെ ആത്മാഭിമാനം പോലെ, പുരുഷാധിപത്യവ്യവസ്ഥയെ ഞെരിക്കാനാണ് അവൾ ശ്രമിക്കുന്നത്. ആ അനുഭവിക്കൽ നൽകുന്ന ഹർഷമാണ് നോവലിലെ ഹിംസയുടെ അനന്തരഫലം.

ഹിംസയുടെയും അധികാരത്തിന്റെയും നിരന്തരമായ ഇടപെടലുകൾ നിത്യജീവിതത്തിൽ സ്ഥാനംപിടിച്ചിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. മാറിവരുന്ന സാങ്കേതികതയ്ക്കും വിപണിയ്ക്കും രാഷ്ട്രീയത്തിനുമനുസരിച്ച് ഹിംസയുടെ ഭാവം മാറി വരുകയും സർഗ്ഗാത്മകരചനകൾക്ക് അവ പ്രചോദനമാവുകയും ചെയ്യുന്നുണ്ട്. ഹിംസയുടെ അന്തരീക്ഷം പ്രത്യക്ഷമായോ പരോക്ഷമായോ നിലനിൽക്കുന്ന സന്ദർഭങ്ങൾ സമകാലികനോവലുകളിൽ പ്രകടമാണ്. എഴുത്തിലെ ഹിംസയെ പരിചരിക്കുന്നതിന് നോവലിസ്റ്റ് സ്വീകരിക്കുന്ന നിർമ്മിതിതന്ത്രങ്ങളെ വിശദീകരിക്കാനാണ് പ്രബന്ധം ശ്രമിച്ചത്. നമ്മുടെ സാമൂഹിക ജീവിതപരിസരങ്ങളിൽ നിന്നും രൂപംകൊള്ളുന്ന കലാസാഹിത്യസൃഷ്ടികൾക്കും ഹിംസയെ പരിചരിക്കുന്നതിൽനിന്നും മാറിനിൽക്കാനാവില്ല എന്നതുകൊണ്ടുതന്നെയാണ് നോവലിലെ ഹിംസയും അതിന്റെ നിർമ്മിതിതന്ത്രങ്ങളും പ്രസക്തമാകുന്നത്.

## കുറിപ്പുകൾ

1. "Thus, from the war of nature, from famine and death, the most exalted object which we are capable of conceiving, namely, the production of the higher animals, directly follows. There is grandeur in this view of life, with its several powers, having been originally breathed into a few forms or into one; and that, whilst this planet has gone cycling on according to the fixed law of gravity, from so simple a beginning endless forms most beautifuland most wonderful have been, and are being, evolved."- Charles Darwin

2. ബിസി 3350നും 3105നും ഇടയിൽ ജീവിച്ചിരുന്ന മനുഷ്യന്റെ ഭൗതികാവശിഷ്ടമാണ് "ഓറ്റ്സി' എന്നു വിളിക്കപ്പെടുന്ന എസ്സെൻ. ജർമ്മൻ ദമ്പതികളായ എറിക്ക - ഹെൽമട്ട് സൈമൺ എന്നിവരാണ് 1991

സെപ്റ്റംബർ 19ന് ആൽപ്സ് പർവ്വതനിരകളിൽനിന്നും മഞ്ഞിൽ പുതഞ്ഞ നിലയിൽ ഈ മമ്മിയെ കണ്ടെത്തിയത്. 2001-ൽ നടത്തിയ വിശദമായ പരിശോധനയിൽ അയാളുടെ ചുമലിൽ ഒരു അമ്പിന്റെ അഗ്രവും അതിൽ മറ്റു രണ്ടുപേരുടെ രക്തവും ഉണ്ടായിരുന്നുവെന്നും 5000 വർഷങ്ങൾക്ക മുൻപ് ജീവിച്ച അയാൾ കൊല്ലപ്പെട്ടതായിരുന്നുവെന്നും ബോധ്യപ്പെടുകയു ണ്ടായി.

## ഗ്രന്ഥസൂചി


മീര,കെ.ആർ., 2012, ആരാച്ചാർ, ഡി.സി.ബുക്സ്, കോട്ടയം.

രാധാകൃഷ്ണൻ നായർ,ഡി.,2000, ആഖ്യാനവിജ്ഞാനം, തിരുവനന്തപുരം.

ശ്രീകുമാർ, ടി.ടി. 2017, വായനയും പ്രതിരോധവും, ഒലിവ് ബുക്സ്, കോഴിക്കോട്.

ഷാജി ജേക്കബ്, 2019, ആഖ്യാനവും നോവലിന്റെ കലയും, മലയാളനോവലിന്റെ ചരിത്രപഥങ്ങൾ വായന വിചാരം വിമർശം, മലയാളവിഭാഗം, ടി.എം.ജി. കോളേജ്. തിരൂർ.

Buffacchi,V., 2005,Two concepts of violence, Political Studies Review, vol 3, Political Studies Association, London.

Foucault Michel, 1977, Discipline and Punish: The Birth of the Prison, Penguine Press, London.

Honderich,T., 2002, After the Terror, Edinburgh: Edinburgh University press 2002.

Honderich,T., 2003,Terrorism for Humanity : Inquiries in Political Philosophy. London : Pluto.

Stegner, M., 2003, Judging Nonviolence: London: Routledge.


### Citations


https://www.britanica.com/topic/otzi.accessed 20 October 2023.

https://doi.org/10.1111/j.1478-9299.2005.00023*

# പ്രതിരോധത്തിന്റെ വഴികൾ പുതുകഥയിൽ

ഡോ. എസ്. സുസ്മിത

**പ്രബന്ധസംഗ്രഹം**

വർത്തമാനകാലജീവിതപരിസരങ്ങളെ സൂക്ഷ്മസംവേദനക്ഷമതയോടെ ആവിഷ്ക രിക്കുന്നവരാണ് ആധുനികാനന്തരകഥാകൃത്തുക്കൾ. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യം നിലനിർത്തേണ്ടതിന്റെ ആവശ്യകത നിഗീരണം ചെയ്യുന്ന നാലു കഥകളാണ് ഇവിടെ വിശകലനം ചെയ്യപ്പെടുന്നത്. പുതുലോകം പാർശ്വവൽക്കൃതരുടേത് കൂടിയാണെന്ന് ഈ കഥകൾ സ്ഥാപിക്കുന്നു. മനുഷ്യേതരമാനവികത മുന്നോട്ടുവെക്കുന്ന ദർശനമണ്ഡലമാണ് അവയെ പരസ്പരം ബന്ധിപ്പിക്കുന്ന അന്തർധാര.

**താക്കോൽവാക്കുകൾ:** ആധുനികാനന്തരത, ചെറുകഥ ജൈവികത, പ്രതിരോധം, സൂക്ഷ്മരാഷ്ട്രീയം, ആഖ്യാനം, മനുഷ്യേതരമാനവികത, പാർശ്വവൽക്കരണം, പെൺപക്ഷം.

കാലത്തോടും ലോകത്തോടും അതിസൂക്ഷ്മമായ സംവേദനശക്തി പ്രകടിപ്പിക്കുന്ന ശക്തമായൊരു മാധ്യമമാണ് ചെറുകഥ. മലയാളചെറുകഥ അതിന്റെ ഓരോ ചരിത്രഘട്ടത്തിലും സമൂഹവുമായുള്ള നിരന്തരമായ ഇടപെട ലുകളിലൂടെ സ്വയം നവീകരിച്ചതായി കാണാൻ സാധിക്കും. കഥ മാത്രമല്ല, ഏതു സാഹിത്യരൂപവും സാമൂഹിക പ്രവണതകളുമായുള്ള കൊടുക്കൽ വാങ്ങ ലുകളുടെ നൈരന്തര്യത്തിലൂടെയാണ് ഒരു ജൈവികരൂപമായി സ്വയം അടയാളപ്പെടുന്നത്. മനുഷ്യജീവിതമഹാകഥയുടെ അധ്യായങ്ങൾ തന്നെ യായി പരിണമിക്കപ്പെടുന്ന കഥകൾ സമൂഹ പുന:സൃഷ്ടിയിലും, കാഴ്ചപ്പാടുക ളുടെ രൂപീകരണത്തിലും സവിശേഷ പങ്കുവഹിക്കുന്നു. ഋണാത്മകമായ സാമൂഹ്യപ്രവണതകളെ പ്രതിരോധിക്കുന്ന തിരുത്തൽശക്തികളായി കഥ പരിണമിക്കുന്നത് മലയാളചെറുകഥാചരിത്രത്തിന്റെ സൂക്ഷ്മവിശകലന ത്തിൽ ദൃശ്യമാകും.

കഥയുടെ അടിത്തറ ശക്തമായി പണിതൊരുക്കിയ നവോത്ഥാന കാലഘട്ടത്തിൽ, പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും ആഖ്യാനങ്ങൾ പ്രത്യക്ഷവും വാച്യവുമായിരുന്നു. തുടർന്ന് കഥ കടന്നുപോയ കാല്പനികച്ഛവി പുരണ്ട ആഖ്യാനങ്ങളിൽ അത് വ്യംഗ്യമധുരമായെങ്കിലും വ്യക്തികളെ തന്നിലേക്ക് തന്നെ ചുരുക്കുന്ന നഗരസംസ്കാരത്തിന്റെ യാന്ത്രികതകളെ ചെറുത്തുനിൽക്കാനുള്ള ശ്രമങ്ങൾ തുടരുന്നത് കാണാം. ആധുനിക, ആധുനികാന്തര കാലഘട്ടങ്ങളിൽ ചെറുത്തുനിൽപ്പിന്റെ ഇടങ്ങൾ കൂടുതൽ പരുഷവും ധ്വന്യാത്മകവുമാകുന്നു.

സമകാലികജീവിതപരിസരങ്ങളെ വ്യതിരിക്തമായ വീക്ഷണകോണുകളിൽനിന്ന് വളരെ ജാഗ്രതയോടെ വീക്ഷിക്കുന്നവരാണ് ആധുനികാനന്തര കഥാകൃത്തുക്കൾ. 21-ാം ദശകത്തിന്റെ ആദ്യദശകങ്ങളിൽ കേരളീയ സാമൂഹ്യാന്തരീക്ഷത്തിൽ സംഭവിച്ച പരിണാമങ്ങളെ ആഴത്തിൽ അളന്നെടുക്കാനും രചനയെ അങ്ങേയറ്റത്തെ ഉത്തരവാദിത്വബോധത്തോടെ അർത്ഥപൂർണ്ണമായി വിനിയോഗിക്കാനും അവർ ശ്രമിക്കുന്നു. വായനക്കാരുടെ ജീവിതാവബോധത്തെയും വൈകാരിക മാനങ്ങളെയും പുതുക്കിപ്പണിയാൻ കെൽപ്പുള്ള പ്രമേയങ്ങളും വ്യാഖ്യാനപരിസരങ്ങളും നിർമിച്ചുകൊണ്ട് പുതു കഥ സംവേദനത്തിന്റെ സൂക്ഷ്മരാഷ്ട്രീയം നിർവ്വഹിക്കുന്നതോടൊപ്പം പാർശ്വവൽകൃതരെയും അധ:സ്ഥിതരെയും ഒപ്പം നിർത്താൻ ശ്രദ്ധിക്കുകയും ചെയ്യുന്നുണ്ട്.

സാങ്കേതികവിദ്യ, ആശയവിനിമയം, ദേശാന്തരഗമനം, വാണിജ്യം എന്നീ മേഖലകളിലെല്ലാം വൻകുതിച്ചുചാട്ടങ്ങളുണ്ടായെങ്കിലും, പ്രകൃതിക്കും മനുഷ്യനും മുമ്പത്തേക്കാളുമേറെ വിലയിടിഞ്ഞുകൊണ്ടിരിക്കുന്ന കാലഘട്ടം എന്നുകൂടി കടന്നുപോയ ദശകങ്ങളെ വിലയിരുത്താം.[1] കമ്പോളസംസ്കാരത്തിന്റെയും നഗരകേന്ദ്രീകൃത ജീവിതരീതിയുടെയും ഇടിച്ചു കയറ്റത്തിനിടയിൽ ഉൽപാദനത്തിനുമേൽ ഉപഭോഗം മേൽക്കൈ നേടുന്നതും, പാർശ്വവത്കൃതർ കൂടുതൽ അരികുവൽക്കരിക്കപ്പെടുന്നതും, അതിൽതന്നെ സ്ത്രീകൾ, കുഞ്ഞുങ്ങൾ, വൃദ്ധർ എന്നിവരുടെ അവസ്ഥകൾ കൂടുതൽ ദയനീയമാകുന്നതും,

നവോത്ഥാന മൂല്യങ്ങളിൽ ശോഷണം സംഭവിച്ച്, ഇടുങ്ങിയ ജാതിമത ചിന്താഗതികൾ പകരക്കാരായി കയറിവരുന്നതും ഉത്തരാധുനികയാഥാർത്ഥ്യങ്ങളാണ്. ജീവിതം കൂടുതൽ കൂടുതൽ മത്സരാധിഷ്ഠിതമാകുന്നതിനനുസരിച്ച് ഓരോ മനുഷ്യനും തന്നിലേക്ക് തന്നെ ചുരുങ്ങിക്കൂടുകയും ആകപ്പാടെയുള്ള സമയലഭ്യതക്കുറവും തിരക്കും, ബന്ധങ്ങളിൽ ചോർച്ചയും മുരടിപ്പും സൃഷ്ടിക്കുകയും ചെയ്യുന്നു.

ഈ സവിശേഷചരിത്രഘട്ടവും സാമൂഹിക പരിസരവും മുന്നോട്ടു വയ്ക്കുന്ന ജീർണ്ണതകളെ ഫലപ്രദമായി പ്രതിരോധിക്കാൻ ശ്രമിക്കുന്ന ഏതാനും ചില കഥകളാണ് ഇവിടെ പരിശോധിക്കപ്പെടുന്നത്. 2017 , 18 വർഷങ്ങളിലായി വിനോയ് തോമസ് രചിച്ച രണ്ടു കഥകളാണ് ആദ്യമായി വിശകലനം ചെയ്യപ്പെടുന്നത്. 'രാമച്ചി', 'കുട്ടുക്കുറുക്കത്തീ കുർ... കൂർ' എന്നിവയാണവ. പ്രകൃതിയും മനുഷ്യനും തമ്മിലുണ്ടായിരുന്ന സഹവർത്തിത്വം നഷ്ടമായപ്പോൾ, ഭാഷപോലും കൈമോശം വരുന്ന പുതുതലമുറയുടെ നിസ്സഹായതയ്ക്ക് കഥാഭാഷ്യം ചമയ്ക്കുകയാണ് 'കുട്ടു ക്കുറുക്കത്തീ കുർ...കൂർ' എന്ന കഥ. നഗരകേന്ദ്രീകൃതവും മത്സരാധിഷ്ഠിതവുമായ സമകാലജീവിതത്തിന്റെ ദൗർബല്യങ്ങളെ കഥ പ്രതിരോധിക്കുന്നു.

കാനഡയിലെ മോൺട്രിയൽ നഗരത്തിൽ ടവർ നിർമ്മാണകമ്പനിയിൽ ജോലിക്കാരനും മാഹിക്കാരനുമായ ലിസ്റ്റിനും അവിടെത്തന്നെ നേഴ്സായ ഭാര്യ സിനിയും മകൻ മൂന്നരവയസ്സുകാരൻ കുട്ടൂസുമാണ് കഥയുടെ കേന്ദ്രബിന്ദുക്കളെങ്കിലും, മണ്ണിനെയും മരങ്ങളെയും സഹജീവികളായി കണ്ടിരുന്ന, അവയുമായി ഹൃദയപൂർവ്വം സംവദിച്ചുകൊണ്ടിരുന്ന കൊച്ചുതെയ്യാവല്യമ്മച്ചി തീർത്തിരുന്ന നഷ്ടപ്രായമായ ഒരു അപരലോകമാണ് വായനക്കാരുടെ മനസ്സിൽ പച്ചപ്പായി അവശേഷിക്കുന്നത്. ജോലിത്തിരക്കിന്റെ ഇടവേളകൾക്കിടയിൽ, കൊച്ചുകുഞ്ഞായ കുട്ടൂസിന് ആവശ്യമായ കാര്യങ്ങൾ ചെയ്തുകൊടുക്കുന്ന ദമ്പതികൾ കുഞ്ഞുമായി സംവദിക്കുന്ന കാര്യം മന:പൂർവ്വമല്ലാതെ മറന്നു പോയിരുന്നു. ദമ്പതികൾ, അവർക്കറിയാവുന്ന

വിദേശഭാഷകളാണ് അതിനിടയിൽ മൊബൈൽഫോണിലും പരസ്പരവു മായി പറഞ്ഞുതീർത്തിരുന്നത്. അല്പാല്പമായി, അച്ഛനമ്മമാർ ഉപയോഗി ക്കുന്ന അന്യഭാഷകളും, ആയയായ ഫിലിപ്പൈൻയുവതിയുടെ ഭാഷയും ഒന്നും അവനിൽ ഭാഷാബോധം സൃഷ്ടിക്കാൻ പര്യാപ്തമായിരുന്നില്ല. ടവർ നിർമ്മാണം ആകസ്മികമായി നിർത്തിവെച്ച ഒരിടവേളയിലാണ് മൂന്നരവയ സ്സായിട്ടും കുട്ടൂസ് ഒരു വാക്കുപോലും സംസാരിച്ചിട്ടില്ല എന്ന തീക്ഷ്ണയാ ഥാർത്ഥ്യം അച്ഛനമ്മമാർ തിരിച്ചറിയുന്നത്. ഡോക്ടറുടെ വിശദീകരണങ്ങളി ലാണ് അവർക്ക് കാര്യങ്ങൾ മനസ്സിലാകുന്നത്.

"നിങ്ങൾ എൻജിനീയർമാരുടെ ഭാഷയിൽ തന്നെ പറയാം. അടിത്തറ കെട്ടാനൊരുങ്ങുന്ന നിങ്ങൾക്ക് കിട്ടുന്നത് പലതരം വസ്തുക്കളാണ് എന്ന് കരുതുക. കരിങ്കല്ല്, ചെങ്കല്ല്, സിമന്റുകട്ട, ഇഷ്ടിക അങ്ങനെ പലതും. എല്ലാം കുറച്ചു കുറച്ചു മാത്രം. നിങ്ങളെന്തു ചെയ്യും? പോടാ പുല്ലേ ഞാനീ കോപ്പ് പണിയുന്നില്ലാന്ന് പറയും. അതാണ് സംഭവിച്ചത്. പലതരം കല്ലുകൾ... ഇംഗ്ലീഷ്, ഫ്രഞ്ച്, മലയാളം, ഫിലിപ്പൈൻ... അവനെന്തു ചെയ്യും? ഇനി നമ്മൾ ആദ്യം അവന്റെ മാതൃഭാഷ ഏത് എന്ന് തീരുമാനിക്കണം. പിന്നെ ആ ഭാഷയിൽ അവനോട് സംസാരിക്കണം. ആ ഭാഷയിൽ മാത്രം."

ആശുപത്രിയിൽനിന്നും വീട്ടിലേക്കുള്ള യാത്രയ്ക്കിടയിൽ സിനിയുടെ മനസ്സിൽ കൊച്ചു തെയ്യാവല്യമ്മച്ചി വന്നു നിറയുന്നു. തൊട്ടിലിൽ കിടക്കുന്ന കൊച്ചുങ്ങളുടെ വയറിൽ ചുണ്ടു ചേർത്ത് 'ബർർ' എന്ന് ഒച്ചയുണ്ടാക്കുന്ന, കുഞ്ഞുങ്ങളെ പൊക്കിയെടുത്ത് ആകാശത്തിൽ നിർത്തി 'ക്ലക്ല ക്ലക്ല' എന്ന് വെറുതെ കോക്രി കാണിക്കുന്ന, അവരെ കിടത്തിയും എടുത്തും നടത്തിയും നിർത്താതെ ഓരോന്ന് പറഞ്ഞുകൊണ്ടിരിക്കുന്ന, കൈകൊട്ടിച്ച് ചുമ്മാ പാട്ടുകൾ പാടുന്ന, പ്രാക്കുകൾ ചൊല്ലുന്ന വല്യമ്മച്ചി .

സിനി കുട്ടൂസിനെ പ്രസവിച്ച് അധികനാൾ കഴിയുന്നതിനുമുൻപ് തെയ്യാ വല്യമ്മച്ചി മരിച്ചു പോയിരുന്നെങ്കിലും അമ്മച്ചിയുടെ നാട്ടിലേക്ക് ലിസ്റ്റിന്റെ എതിർപ്പ് വകവയ്ക്കാതെ അവൾ തിരിച്ചുപോകുന്നു. നാട്ടിലുള്ള

ഡോക്ടറും നിർദ്ദേശിക്കുന്നത് കുഞ്ഞിനോട് ഒരുപാട് സംസാരിക്കണം, മറ്റു കുട്ടികളുടെ കൂടെ കളിക്കാൻ വിടണം എന്നൊക്കെയാണ്. വീട്ടിനടുത്തൊന്നും കുഞ്ഞുങ്ങളേയില്ല. നാട്ടുകാർ അധികവും വിദേശജോലിക്കാരാണ് എന്ന് പറയുമ്പോൾ പരിഹാരമായി ഡോക്ടർ പറയുന്നത് അംഗനവാടിയിൽ കുഞ്ഞിനെ വിടാനാണ്. അവിടെ അവരെ സ്വാഗതം ചെയ്യുന്നത് അവിടത്തെ ഏക വിദ്യാർത്ഥിയായ ആരതിയാണ്. 'കുട്ടുക്കുറുക്കത്തീ... കുർ... കുർ' എന്ന വായ്ത്താരിയുമായി വെള്ളപ്പേരയിൽ വന്നിരിക്കുന്ന പക്ഷിയുമായി സംവദിക്കുന്ന ആരതി. കുട്ടൂസിനെ രജിസ്റ്ററിൽ ചേർക്കുന്നതിന്റെ ചിട്ടവട്ടങ്ങളും കുട്ടികളില്ലാത്തതിന്റേപേരിൽ ടീച്ചറുടെ പരിദേവനങ്ങൾ കേൾക്കലും കഴിഞ്ഞ് അവർ ഹാളിൽ എത്തുമ്പോഴേക്കും കുട്ടൂസിന്റെ പൊക്കിളിന്മേൽ വായമർത്തി 'ബർ' എന്ന് ഒച്ച കേൾപ്പിക്കുന്ന ആരതിയെയും ചിരിച്ചുമറിഞ്ഞ് പച്ച ഉടുപ്പിൽനിന്നും പക്ഷികൾ പറന്നുയരുന്ന കുട്ടൂസിനെയുമാണ് കണ്ടത്.

ചെടികളോടും മരങ്ങളോടും സംവദിച്ച് അവയെ പൂക്കാനും കായ്ക്കാനും പ്രേരിപ്പിക്കുന്ന കൊച്ചുതെയ്യാവല്യമ്മച്ചിയുടെ ആർജവമുള്ള വ്യക്തിത്വം സൃഷ്ടിക്കുന്ന അപരലോകമാണ് കഥയുടെ ആദ്യപകുതിയിൽ ഹരിതാഭ സൃഷ്ടിക്കുന്നത്. വീടിനു നേർക്ക് വളഞ്ഞുപൊങ്ങിയ പിടച്ചി തെങ്ങിനോടും അവൾക്ക് മാർഗതടസ്സം സൃഷ്ടിച്ച കലയമരത്തോടും പുന്നാരം പറഞ്ഞ് അനുസരണക്കാരാക്കിയ വല്ല്യമ്മച്ചി, കായ്ക്കാൻ കൂട്ടാക്കാത്ത വെണ്ണപ്പഴമരങ്ങളുടെ യാഥാർത്ഥ്യം അവരുമായി സംസാരിച്ച് മനസ്സിലാക്കുന്ന വല്ല്യമ്മച്ചി, നല്ല കരപ്പന്തെറി പറഞ്ഞ് 12 വയസ്സായിട്ടും കായ്ക്കാത്ത കോമാവിനെ കായ്പ്പിച്ച് മിണ്ടാട്ടമുള്ളവനാക്കിയ വല്യമ്മച്ചി, വെള്ളക്കാരിക്കായ്കൾ മാത്രം തന്നിരുന്ന ചാമ്പയോട് സല്ലപിച്ച് കരിപ്പെട്ടിമധുരമുള്ള ചാമ്പക്കകൾ കായ്പ്പിച്ച് വായാടിയാക്കിയ വല്യമ്മച്ചി അങ്ങനെ ഒരുപാട് കഥകൾ, 'പക്ഷേ വല്ല്യമ്മച്ചി പോയതിൽ പിന്നെ മരങ്ങൾ മരങ്ങളും മനുഷ്യർ മനുഷ്യരുമായി. ഒരു വിശേഷോം ആരും അങ്ങോട്ടുമിങ്ങോട്ടും പറയാറില്ല'. എന്നീ ലഘുവാക്യങ്ങളിലൂടെ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തിന്റെ വിച്ഛേദം സംഭവിച്ചുപോയെന്ന യാഥാർത്ഥ്യം കഥാകൃത്ത്

അടയാളപ്പെടുത്തുന്ന ആ ഇരുട്ടിൽ. പ്രതീക്ഷയുടെ തിരിനാളവുമായെത്തു കയാണ് 'കുട്ടക്കുറുക്കത്തി കൂർ, കൂർ...' എന്ന വായ്ത്താരിയുമായി പക്ഷികളുമായും കുഞ്ഞുങ്ങളുമായും സംവദിക്കുന്ന ആരതി എന്ന പെൺകുട്ടി. മനുഷ്യകുലം നിലനിന്നുപോകണമെങ്കിൽ ഇത്തരം തുടർച്ചകൾ ആവശ്യമാണെന്ന് പറഞ്ഞുവെക്കുകയാണ് കഥ. "ഭാവുകത്വപരമായി സാർവ്വദേശീയമായ അധികമാനം കൈവരിക്കുന്ന ലാളിത്യവും ദർശനസൂക്ഷ്മതയും ഈ കഥയ്ക്കുണ്ട്."[2] എന്ന് ഈ കഥ ഉൾപ്പെടുന്ന 'മുള്ളരഞ്ഞാണം' എന്ന സമാഹാര ത്തിന്റെ അവതാരികയിൽ എൻ ശശിധരൻ സൂചിപ്പിക്കുന്നു. മനുഷ്യേതര മാനവികത മുന്നോട്ടുവെക്കുന്ന സൂക്ഷ്മരാഷ്ട്രീയം കഥയുടെ അന്തർധാരയാണ്.

കാടിന്റെ ജൈവതാളം വീണ്ടെടുക്കുന്ന അപൂർവ്വസുന്ദരമായൊരു ആഖ്യാനമാണ് 'രാമച്ചി'. ആറളം ഫാമിലെ ജനവാസസ്ഥലങ്ങളിൽനിന്നും കാട്ടാനകളെ തുരത്തിയോടിക്കാനായി വനംവകുപ്പ് ഇറക്കിയ പ്രമുഖൻ എന്ന കുങ്കിയാന, കാടിന്റെ പഴകിയ മദം നിറഞ്ഞ മണങ്ങളിൽ, പിടിയാനകളുടെ പ്രലോഭനത്തിൽ കാടുകയറിപ്പോകുന്ന സന്ദർഭത്തിൽനിന്നാണ് കഥ തുടങ്ങുന്നത്. ഫാമിൽ ആദിവാസികൾക്കായി വേർതിരിച്ചിട്ടുകൊടുത്ത ഭൂമിയിലെ അന്തേവാസികളാണ് മല്ലികയും കുടുംബവും. കാടു മുഴുവൻ പൊരയാക്കിയ, കാട്ടിലെ പുഴകളെയും പുഴയിലെ മീനുകൾ വയറ്റുകണ്ണിക ളാകുമ്പോൾ അത്യാർത്തിയുമായി വരുന്നവരെ പുലയാട്ടു പറഞ്ഞ് ഓടിച്ചുവിട്ട് സംരക്ഷിക്കുകയും ചെയ്യുന്നവളായിരുന്ന കൂട്ടത്തിന്റെ നേതൃത്വം വഹിച്ചിരുന്ന അവളുടെ മുത്തി. അവർ പിറന്നുവീണപ്പോൾ കാറ്റിൽ പാറി വന്ന ഒരു മഞ്ഞപ്പൂവ് കുഞ്ഞിന്റെ നെഞ്ചിൽ വീണു. അങ്ങനെ പേര് മഞ്ഞയെന്നായി. പെട്ടെന്നൊരുദിവസം കാട്ടിൽനിന്നും ഫാമിലേക്ക് പോകാൻ നിർബന്ധി തയായപ്പോളാണ് ആദിവാസികൾക്ക് സ്വന്തമായി ഭൂമിയില്ലെന്നുള്ള കറുത്ത യാഥാർത്ഥ്യം അവർ തിരിച്ചറിയുന്നത്. "നിങ്ങള് പൂമിയില്ലാത്തോർക്ക് ഒരേക്കറ് വെച്ച് തന്നിറ്റ്ണ്ട് പാമില്' എന്ന് കുറിച്യൻ കുഞ്ഞാമൻ പറയു മ്പോൾ "ഞാക്ക് പൂമിയില്ലേ?' എന്ന മഞ്ഞമുത്തിയുടെ ഹൃദയം നുറുങ്ങുന്ന ചോദ്യത്തിൽ, അതുവരെ തങ്ങളുടെ സ്വന്തം വീടായിരുന്ന കാട്ടിൽനിന്നും

ആട്ടിപ്പായിക്കപ്പെട്ട പതിനായിരക്കണക്കിന് വനവാസികളുടെ ഹൃദയഭേദകമായ രോദനമുണ്ട്. അടുത്ത പുലരിയാവുമ്പോഴേക്കും, ഭൂമിയോളം പ്രായമുള്ള ഒരു വിറകുമുത്തിയായി നരച്ചുപോയ അവർ, മണ്ണോടു ചേർന്നു കഴിഞ്ഞിരുന്നു. കഥ തുടങ്ങുമ്പോൾ, നിറവയറുമായി നിൽക്കുന്ന പേരക്കുട്ടി മല്ലിക, തന്റെ പ്രസവം, മഞ്ഞമുത്തി പിറന്നുവീണ ഉൾക്കാട്ടിലെ രാമച്ചിയിലാകണം എന്നാഗ്രഹിക്കുന്നു. "ഞാനെമ്പടെ പെറണന്ന് പറേണ്ടത് ഞാനാണ്. നമ്മള് നാളെ രാമച്ചിപ്പോണ്.' എന്ന് സ്വയം തീരുമാനമെടുത്ത് അവൾ തന്റെ ഇണ കാട്ടുപ്രദീപനോടൊപ്പം രാമച്ചിയിലേക്ക് പുറപ്പെടുന്നു.

വെള്ളച്ചാട്ടത്തിനരികിൽ ഒന്നിനുമേലൊന്നു ചാരി ഇടുക്കപ്പെട്ട പാറകൾക്കിടയിലെ ഇടം പുരയാക്കി, കാളൻകിഴങ്ങും നാരൻകിഴങ്ങും ചുട്ടുതിന്ന്, കൽപ്പവത്തിന്റെ തളിര് വേവിച്ച് കഴിച്ച്, ഞാണിങ്ങ വേവിച്ച് ഊമ്പിവലിച്ച്, ചെറിയ കയത്തിൽനിന്നും കണിയാൻ പരലും ചേറ്റുപൂണ്ടിയുമൊക്കെ കൊതി തീരാൻ മാത്രം പിടിച്ചുകഴിച്ച് അവർ നാളുകൾ പിന്നിട്ടു. ഉയരമുള്ളൊരു തേൻമരത്തിൽ, തേനെടുക്കാൻ പ്രദീപൻ കയറിയ കൃത്യസമയത്താണ് മല്ലികയ്ക്ക് പേറ്റുനോവാരംഭിക്കുന്നത്. ഒഴുകിവരുന്ന മഴത്തുള്ളികൾക്കിടയിൽ മല്ലിക കിടക്കുമ്പോൾ, അവളുടെ നേർക്ക് കുതിക്കുന്ന പ്രമുഖനാനയെ കണ്ട് മരക്കൊമ്പിലിരുന്ന് നിസ്സഹായനായ പ്രദീപൻ കണ്ണുകളടച്ചു. അടുത്ത നിമിഷം.. പ്രമുഖന്റെ വഴിക്ക് കുറുകെ അവനെത്തടഞ്ഞ് തലച്ചിയാനയും മറ്റു പിടിയാനകളും കുഞ്ഞുങ്ങളുമെത്തുന്നു. കുഞ്ഞുങ്ങൾക്കായി മുല ചുരത്തുന്ന പിടിയാനകൾ... ആ നിമിഷം മല്ലികയുടെ മുലയും ആദ്യമായി ചുരക്കുന്നു... പ്രമുഖന്റെ നേർക്ക് പതിയെ തിരിഞ്ഞുനടന്നുതുടങ്ങിയ തലച്ചിയെ, അവളിൽ നിന്നുർന്ന സുഗന്ധത്തിൽ ആകൃഷ്ടനായി പിന്തുടർന്ന് അവൻ ഉൾക്കാട്ടിലേക്ക് മറഞ്ഞു. ആനക്കൂട്ടത്തിലെ മഞ്ഞമുത്തിയെപ്പോലെ മുന്നിൽ നടക്കുന്നവൾ, മേഘങ്ങളെ ഉമ്മവെക്കുന്നതുപോലെ തുമ്പിയുയർത്തുന്നവൾ, ആ ആദിമാതാവ് കാടിന്റെ മകൾക്ക് തുണയായി. 'മരമുകളിൽ നിന്നും വെള്ളച്ചാലുകൾ ഒഴുകിയിറങ്ങുമ്പോൾ, മുട്ടുമാറ്റിയിൽ നിറവയറോടെ ഒരു പുള്ളിവാള രാമച്ചിയിലേക്ക് പോകാൻ ആ വെള്ളമെത്തുന്നതും കാത്തു

നിൽപ്പുണ്ടായിരുന്നു. ' ഈ ഒരു വാക്യത്തിലൂടെ പ്രകൃതിയുടെ പാരസ്പര്യം ഹൃദയഹാരിയായി അവതരിപ്പിക്കുന്നു. ഇലകളും ചില്ലകളും പുൽനാമ്പുകളും നനഞ്ഞ് കാട് ചുരത്തിക്കൊണ്ടിരുന്നപ്പോൾ, മഴത്തുള്ളികൾക്കിടയിലൂടെ ഉയരത്തിൽനിന്ന് ഒരു മഞ്ഞപ്പൂവ് പുതുതായി പിറന്നുവീണ കുഞ്ഞുശരീരത്തിലേക്ക് കുതിർന്നുവീഴുന്നു. ചരിഞ്ഞുകിടന്ന് പെൺകുഞ്ഞിനെ മാറോട് ചേർക്കുമ്പോൾ മല്ലിക ആ ചെവിയിൽ ഒരു പേര് വിളിക്കുന്നുണ്ടായിരുന്നു.... എന്നിങ്ങനെ കഥ അവസാനിക്കുമ്പോൾ പ്രകൃതി ഒരുക്കുന്ന ഒരു ജീവചക്രം പൂർത്തിയാകുന്നു.

ദുരയും മത്സരബുദ്ധിയും പകയും അരങ്ങുതകർക്കുമ്പോൾ, ഉപാധികളില്ലാതെ, അതിരുകളില്ലാതെ സ്നേഹം ചുരത്തുന്ന സ്ത്രീ/മാതൃമനസ്സിന് മാത്രമേ ലോകത്തെ രക്ഷിക്കാനും മുന്നോട്ടുനയിക്കാനും കഴിയൂ എന്നാണ് കൊച്ചുതെയ്യാവല്യമ്മച്ചിയുടെയും മഞ്ഞമുത്തിയുടെയും തലച്ചിയാനയുടെയും പാത്രസൃഷ്ടിയിലൂടെ വിനോയ് തോമസ് സൂചിപ്പിക്കുന്നത്. ആ മാതൃബോധത്തിന്റെ തുടർച്ചകളായി മല്ലികയും ആരതിയും മാറുന്നു. കീഴടക്കുകയോ പാർശ്വവൽക്കരിക്കപ്പെടുകയോ ചെയ്യപ്പെട്ട ഗോത്രജനതയോടും മനുഷ്യേതരജീവിവർഗങ്ങളെ ചേർത്തുപിടിക്കുന്ന അവരുടെ ജീവിതദർശനത്തോടും താദാത്മ്യപ്പെട്ടാലേ മനുഷ്യരാശിയുടെ മുന്നോട്ടുള്ള യാത്ര സുഗമമാകൂ എന്ന സൂക്ഷ്മദർശനം ഈ കഥകൾ പങ്കുവെക്കുന്നു.

ഫാമിൽ ഭൂമിക്കധികാരികളായി മാറുമ്പോൾ വനവാസി പുരുഷന്മാരിൽ കുടിയേറുന്ന ഹിംസാത്മകമനോഭവവും ആധിപത്യത്വരയും ഒന്നുരണ്ടിടങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നതായി കാണാം. "ഏന്റെ പറമ്പ്, കടലാസില് എന്റെ പേര്... നെനക്ക് പൂമിയില്ല. നീ കളിക്കണ്ട, പോത്തമ്മ ചൂളത്തി' എന്ന് ഭാര്യയെ തെറിപറയുന്ന ചപ്പിലി സോമൻ. 'നെന്റെ ബയറ് ബീർത്തുപോയി. ഇല്ലാങ്കി കേറീട്ട് പോർന്ന്" എന്ന് നിറഗർഭിണിയായ മല്ലികയെ നോക്കി തുറന്നടിക്കുന്ന കട്ടൻരവി എന്നീ കഥാപാത്രങ്ങൾ ഉദാഹരണങ്ങൾ.

ഉൾക്കാടുകളിൽ മാത്രം ഇന്നവശേഷിക്കുന്ന അനേകം സസ്യജാലങ്ങളും ഇന്ന് അപൂർവ്വമായിക്കൊണ്ടിരിക്കുന്ന മത്സ്യനാമങ്ങളും കഥയുടെ ആഖ്യാനപരിസരത്തിന് അപൂർവ്വമായൊരു ജൈവികചാരുത നൽകുന്നു.

നിരന്തരപരിണാമിയായ ഉത്തരാധുനികകാലഘട്ടത്തിന്റെ സങ്കീർണ ജീവിതസമസ്യകൾ നിർധാരണം ചെയ്യുന്നതിൽ വൈദഗ്ധ്യം പ്രകടിപ്പിക്കുന്ന രണ്ട് കഥാകൃത്തുക്കളാണ് സന്തോഷ് ഏച്ചിക്കാനവും യമയും. അവർ സമീപകാലത്ത് പ്രസിദ്ധീകരിച്ച രണ്ട് ചെറുകഥകളാണ് അടുത്തതായി പരിശോധിക്കുന്നത്.

വടക്കൻമലബാറിലെ രാഷ്ട്രീയസംഘർഷങ്ങൾ പശ്ചാത്തലത്തിൽ നിർത്തിക്കൊണ്ട് ഒരു ഹോസ്പിറ്റൽ അറ്റൻഡന്റിന്റെ ആന്തരികസംഘർഷങ്ങൾ തുറന്നുകാട്ടുന്ന കഥയാണ് "ജംഗിൾ ബുക്ക്. പ്രകൃതിക്കും സഹജീവികൾക്കും മേൽ ആധിപത്യസ്വഭാവത്തോടുകൂടി മനുഷ്യൻ നടത്തുന്ന കടന്നുകയറ്റങ്ങളുടെ ആക്രാമകസ്വഭാവം പുതിയ തലമുറയിലേക്കുകൂടി കടന്നുകയറുന്ന ഭീതിദചിത്രമാണ് കഥ ആവിഷ്കരിക്കുന്നത്.

സഹജീവികളോട് അദമ്യമായ കരുണ മനസ്സിൽ സൂക്ഷിക്കുന്നയാളാണ്, പോസ്റ്റ്മോർട്ടം ടേബിളിൽ ഡോക്ടറുടെ സഹായിയായി ജോലി ചെയ്യുന്ന കഥാനായകൻ ശ്രീകുമാർ. അയൽപക്കത്തെ അമ്മിഞ്ഞപ്പാൽ മണം മാറാത്ത ഹനമോൾ എന്ന കുഞ്ഞ്, മുതിർന്നവരുടെ രാഷ്ട്രീയ കണക്കതീർക്കലിന്റെ ഭാഗമായ ബോംബിങ്ങിന് ഇരയാകുമ്പോൾ അയാൾ ആകെ ഉലഞ്ഞുപോകുന്നു. മാത്രമല്ല, പോസ്റ്റ്മോർട്ടം ടേബിളിലെത്തുന്ന പല ശരീരങ്ങളുടെ ഉടമകളും, അയാളുടെ നിദ്രാസ്വപ്നങ്ങളിൽ കടന്നുവന്ന്, മുൻജീവിതത്തിൽ തങ്ങൾ വരുത്തിയ തെറ്റുകൾ തിരുത്താൻ ഒരവസരം കൂടി യാചിക്കുന്നത് അയാളെ വല്ലാതെ അലോസരപ്പെടുത്തുന്നുമുണ്ട്. മനുഷ്യരോട് മാത്രം സംവദിക്കുന്നതിന്റെ നിരർത്ഥകത മനസ്സിലാക്കി, ഫേസ്ബുക്കും വാട്ട്സാപ്പുമൊക്കെ മൂലയ്ക്കിട്ടതോടെ, അയാൾ അതുവരെ കാണാത്ത, കണ്ടാലും ശ്രദ്ധിക്കാത്ത കാഴ്ചകൾ കാണാൻ തുടങ്ങുകയും മറന്നിട്ട പലതും

ഓർമ്മിച്ചെടുക്കുകയും ചെയ്യുന്നു. അങ്ങനെയാണയാൾ ഭാര്യ ശ്രദ്ധാപൂർവ്വം വൃത്തിയോടെ, പാറ്റപോലും കടക്കാതെ സംരക്ഷിക്കുന്ന വീട്ടിൽ ഒരു പല്ലിയെ കണ്ടെത്തുന്നതും, അതിനായി ആഹാരം പങ്കുവെക്കുന്നതും, ആഹാരം ലഭിക്കു മ്പോഴുള്ള അതിന്റെ ആനന്ദാനുഭൂതിയിൽ പങ്കുചേരുന്നതും.

വീട്ടിൽ ആർഭാടപൂർണമായ ബാത്ത്റൂം സൗകര്യമുണ്ടെങ്കിലും ജോലികഴിഞ്ഞ് സന്ധ്യയ്ക്ക് കിണറ്റിൽനിന്നും വെള്ളംകോരി നേരിട്ട് തലയിൽ ഒഴിക്കുന്നതിഷ്ടപ്പെട്ടിരുന്ന ശ്രീകുമാർ, അത്തരമൊരു കുളിക്കിടയി ലാണ് പണ്ടു കന്നുകാലികൾക്ക് വെള്ളം കുടിക്കാൻ കെട്ടിയ, ഇപ്പോൾ വരണ്ടുകിടക്കുന്ന ടാങ്കിൽ നിസ്സഹായനായി കിടക്കുന്ന ഒരു തവളയെ ശ്രദ്ധിക്കുന്നത്. വില്ലാ പ്രൊജക്റ്റിനുവേണ്ടി അടുത്തുള്ള വയൽ മണ്ണിട്ടുനിക ത്തിയപ്പോൾ കയറിവന്നതാണത്. ടാങ്കിൽ വെള്ളം കോരിനിറച്ച് അയാൾ തവളയുമായി സൗഹൃദം സ്ഥാപിക്കുന്നു. നാട്ടിൽ നടന്ന ഒരു സംഘർഷത്തി നിടയിൽ, ഒരാളെ കത്തിക്കിരയാക്കി, പിന്നീട് അതിന്റെ പ്രതികാരമെന്ന നിലയിൽ എതിർചേരിക്കാരുടെ കുത്തേറ്റ് മരണപ്പെട്ട, പോസ്റ്റ്മോർട്ടം ടേബിളിൽനിന്ന് ഇടയ്ക്കിടെ തന്റെ സ്വപ്നത്തിലേക്ക് ക്ഷണിക്കാതെ കടന്നു വരുന്ന ഷാജി എന്ന ചെറുപ്പക്കാരന്റെ പേര് അയാൾ തവളയ്ക്കുനൽകുന്നു. അന്നുരാത്രി സ്വപ്നത്തിൽ കടന്നുവന്ന ഷാജിയോട്, ആ തവളയിലൂടെ കഴിഞ്ഞ ജന്മത്തിൽ അവനുണ്ടാക്കിയ എല്ലാ അപാകതകളും തിരുത്താൻ കിട്ടിയ ഒരു അവസരമാണതെന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു. അതിന് ഒരു തവളയുടെ ശരീരം മതിയോ എന്ന ഷാജിയുടെ ചോദ്യത്തിന് അയാൾ നൽകുന്ന മറുപടി ഇതാണ്:

"മനുഷ്യൻ തന്നെ ആവണമെന്നില്ല. പാമ്പോ പുഴുവോ മാനോ മയിലോ ഏതായാലും അവ നയിക്കുന്നത് മനുഷ്യനെക്കാൾ മഹത്വം കുറഞ്ഞ ജീവിതമല്ല."

ഇത്തരമൊരു കാഴ്ചപ്പാട്, ഒരു സംഭാഷണശകലം മലയാള ചെറുകഥ യുടെ ആഖ്യാനഭൂമികയിലേക്ക് കടന്നുവന്നു എന്നുള്ളത് ഒരാകസ്മിക

കാര്യമല്ല. മനുഷ്യേതരമാനവികതയിലേക്ക് വിരൽ ചൂണ്ടുന്ന ഒരു വാക്യമായി ഇത് മാറുന്നു. 'മനുഷ്യൻ അനേകായിരം ജീവിവർഗങ്ങളിൽ ഒന്ന് മാത്രമാണെന്നും തനിക്കുണ്ടെന്ന് മനുഷ്യൻ കരുതുന്ന ഔന്നത്യം വെറുമൊരു മിഥ്യയാണെന്നുമുള്ള തിരിച്ചറിവാണ് മനുഷ്യകേന്ദ്രിതമായ മാനവവാദത്തെ വിമർശിക്കാനുള്ള പ്രാഥമികമായ മുന്നറിവ്.' എന്ന് പ്രസാദ് പന്ന്യൻ രേഖപ്പെടുത്തിയത് ഇതിനോട് ചേർത്തുവായിക്കാം. മനുഷ്യകുലം നിലനിൽക്കണമെങ്കിൽ സകല ജീവജാലങ്ങളുടെയും സഹവർത്തിത്വം അനിവാര്യമാണെന്ന തിരിച്ചറിവിലേക്ക് പതിയെയെങ്കിലും നടന്നടുക്കുക യാണ് നമ്മൾ.

ഉറുമ്പുകളുടെ നൃത്തവും കല്ലുകളുടെ സംഗീതവുമൊക്കെ ആസ്വദി ക്കാൻ ആ തവളജന്മത്തിലൂടെ ഷാജിക്ക് കഴിയുന്നു. അതിനിടയ്ക്കാണ് ശ്രീകുമാർ ജോലി ചെയ്യുന്ന ഹോസ്പിറ്റലിലേക്ക് ഒരു വൃദ്ധൻ ദാഹാർത്തനായി കടന്നുവരുന്നത്. ദാഹം തീർത്ത അയാൾ സ്നേഹത്തോടെ തന്റെ കൈയിലുണ്ടായിരുന്ന കറുത്ത ചരടിൽ കോർത്ത ഏലസ്സ് ശ്രീകുമാറിന് നൽകി, അധികം വൈകാതെ അന്ത്യശ്വാസം വലിക്കുന്നു. അദ്ദേഹത്തിന്റെ ബാഗിൽ നിന്നും പുറത്തുവന്നൊരു ഉടുമ്പ് മെല്ലെ വൃദ്ധന്റെ നെഞ്ചിൽ കയറി. അതിനെ സൗമ്യമായി തലോടിയതിനുശേഷമാണയാൾ മരിക്കുന്നത്.

അന്ന് വൈകീട്ട് കിണറ്റിൻകരയിലെത്തിയ ശ്രീകുമാർ ആ ഏലസ്സ് സ്നേഹപൂർവ്വം ഷാജിയുടെ കഴുത്തിൽ കെട്ടിക്കൊടുക്കുന്നു. അന്ന് ഷാജി ക്കൊപ്പം ഒരു സുഹൃത്തുകൂടിയുണ്ടായിരുന്നു. വില്ലാ പ്രോജക്റ്റിന്റെ ഭാഗമായ പൈലിങ്ങിൽനിന്നും രക്ഷതേടി എത്തിയ ഒരാമ. അന്ന് ഏലസ്സ് കഴുത്തിൽ കെട്ടിയ ഷാജി ആഹ്ലാദത്തോടെ ഏറെ നേരം നീന്തിത്തുടിക്കുന്നത് കണ്ടാണയാൾ പോയത്. അങ്ങനെയിരിക്കെ, ഒരു ദിവസം പെട്ടെന്ന് ഷാജിയെ കാണാതായി ഒരുനാൾ വൈകിട്ട് ജോലി കഴിഞ്ഞെത്തിയ അയാളോട്, മകൻ പോസ്റ്റുമോർട്ടത്തിൽ സാമർത്ഥ്യം പ്രകടിപ്പിച്ചുതുടങ്ങിയ കാര്യം ഭാര്യ അഭിമാനപുരസ്സരം വിസ്തരിക്കുമ്പോഴാണ് ഞെട്ടലോടെ അയാൾ മകന്റെ കഴുത്തിലെ ഏലസ്സ് കാണുന്നത്. അഹിംസാപ്രതീകമായ

ഗൗതമബുദ്ധന്റെ പേരിട്ടുവളർത്തിയ മകൻ കുഞ്ഞുപ്രായത്തിലേ ഹിംസയുടെ വഴിയിലൂടെ സഞ്ചരിക്കുമ്പോൾ തന്റെ ചോദ്യങ്ങൾ ഭാര്യ കൊണ്ടു തന്ന പഞ്ചസാരയിടാൻ മറന്ന ചായയുടെ കയ്പ്പിനൊപ്പം കുടിച്ചിറക്കാനേ അയാൾക്ക് കഴിയുന്നുള്ളൂ.

യന്ത്രസമാനമായ നഗരകേന്ദ്രീകൃതജീവിതത്തെ പ്രശ്നവൽക്കരിക്കുന്ന മറ്റൊരു കഥയാണ് യമ എന്ന താരതമ്യേന പുതിയ എഴുത്തുകാരിയുടെ 'പാലം കടക്കുമ്പോൾ പെണ്ണുങ്ങൾ മാത്രം കാണുന്നത്'. നഗരത്തിലെ ഐ ടി കമ്പനിയിൽ നിന്നും ക്രിസ്മസ് അവധി ആഘോഷിക്കാൻ, അവരിലൊരാളും സമ്പന്നയുമായ ലിസാ ചെറിയാന്റെ എസ്റ്റേറ്റ് ബംഗ്ലാവിൽ എത്തിയവരാണ് അമുദയും സംഘവും. നാല് തലമുറ മുമ്പേ കാട് വെട്ടിപ്പിടിച്ച് ഏക്കറ് കണക്കിന് നിലം സ്വന്തമാക്കിയവരാണ് ലിസയുടെ കുടുംബം. ഐ ടി മേഖലയിലെ ഓഫീസ് ജോലിയുടെ മടുപ്പും മത്സരവും വിഷാദവും വൃഥാ കുടഞ്ഞുകളയാൻ ശ്രമിച്ചുകൊണ്ട് അവർ മലയിറമ്പിലും പുഴക്കരയിലും ലഹരിയിൽ മുങ്ങിയും പാട്ടുകൾ പാടിയും അലഞ്ഞുനടന്നു. ഇതിനിടയിൽ നാഗരികജീവിതം വരച്ചിട്ട ലക്ഷ്മണരേഖകൾ മറന്നത് അവരിൽ പലരുമറിഞ്ഞില്ല. അങ്ങനെയൊരു നിമിഷത്തിലാണ് അമുദയും, അവളുടെ സഹപ്രവർത്തകനും കൂട്ടുകാരിയുടെ കാമുകനുമായ നെബിനുമായി ശാരീരികമായ അടുപ്പമുണ്ടാകുന്നത്. നിമിഷനേരങ്ങൾ കൊണ്ട് ബന്ധങ്ങൾ തകിടം മറിഞ്ഞു. അവസരങ്ങൾക്കും ആവശ്യങ്ങൾക്കും അനുസരിച്ച് അവർ നേരത്തെ തെരഞ്ഞെടുത്ത ഇണകൾ ക്ഷുഭിതരായി. 'കയറ് കുറുക്കിക്കെട്ടിയിരുന്ന തൊഴുത്തിൽ നിന്നും പുറമ്പോക്കിലേക്ക് നയിക്കപ്പെട്ട കാലിക്കൂട്ടങ്ങളുടെ മദമാണ് ഇവിടെയെത്തിയപ്പോൾ അവരെ നയിച്ചത്. ഓഫീസിനുള്ളിലെ അലൈംഗീകരിക്കപ്പെടുന്ന ജൈവികതയെ സാന്ത്വനപ്പെടുത്താനെന്നോണം ദയനീയമായി പറന്നുവീണ സ്നേഹബന്ധങ്ങളുടെ സ്വാതന്ത്ര്യം കണക്കുതീർത്തിരിക്കുന്നു' എന്നീ വാക്യങ്ങളിലൂടെ ഓഫീസ് ജോലിയുടെ മരവിപ്പും അവിടെ ജനിക്കുന്ന പ്രണയബന്ധങ്ങളുടെ യാന്ത്രികതയും സുവ്യക്തമാകുന്നു.

അവധി അവസാനിച്ചപ്പോൾ കാമുകനടക്കം മറ്റ 12 പേരും തിരിച്ച പോയെങ്കിലും കുറച്ച നാൾകൂടി അവിടെ കഴിയാൻ അമൃദ തീരുമാനിക്കുന്നു. ഒറ്റയ്ക്ക്, ലക്ഷ്യബോധമില്ലാത്ത നടത്തം അവളെ എത്തിക്കുന്നത് കാട്ടിലേക്കുള്ള വഴിയിലേക്ക് നീണ്ടുകിടക്കുന്ന പുഴയ്ക്കു കുറുകെയുള്ള പൊളിഞ്ഞുവീഴാറായ മുളമ്പാലത്തിലേക്കാണ്. കൂട്ടുകാരിൽ ആരുംതന്നെ നടക്കാൻ ധൈര്യപ്പെടാത്ത പാലത്തിലൂടെ അക്കരെക്കടക്കുവാൻ അവർ തീരുമാനിക്കുകയും ചെയ്യുന്നു. തലയിൽ പുല്ലുകെട്ടിന്റെ ഭാരവുമായി ആദിവാസികൾ എളുപ്പത്തിൽ താണ്ടിത്തീർക്കുന്ന ആ പാലം അവളിൽ ഭീതി ഉണർത്തി. ഒടുവിൽ ജീവൻ പണയംവെച്ച് അവൾ അപ്പുറത്തെത്തി. അവിടെ അവളെ എതിരേറ്റത് പെറ്റെണീറ്റ ഒരു പെൺനായയുടെ ക്രൗര്യമായിരുന്നു. തങ്ങളുടെ അതിർത്തി ലംഘിച്ചെത്തിയ അമൃദയെ നായ ആക്രമിക്കുന്നു. അവളെ രക്ഷിക്കുന്നതും, കടുത്ത വേദനയിൽനിന്ന്, നാട്ടുചികിത്സയിലൂടെ ആശ്വാസമേകുന്നതും ഒരു ആദിവാസി സ്ത്രീയാണ്. നിസ്സംഗതയായിരുന്നു അവരുടെ മുഖമുദ്ര. പാലത്തിനപ്പുറത്തെ നാട്യപ്രധാനമായ കൃത്രിമ ജീവിതത്തിലേക്ക് തിരിച്ചു പോകണമോ, പാലത്തിനിപ്പുറത്തെ, ക്ലേശങ്ങൾ നിറഞ്ഞതെങ്കിലും കലർപ്പില്ലാത്ത ജീവിതം വരിക്കണമോ എന്നൊരു ചോദ്യം അവളിലുയരുന്നു. അവൾ സ്വീകരിക്കുന്നത് കാട്ടിലേക്കുള്ള വഴിയാണ്. ഭൂതകാലമില്ലാത്ത ഒരു വഴി മുന്നിൽ കണ്ടേക്കാം എന്ന പ്രതീക്ഷയോടെ. അപ്പോഴും പെൺനായ അടുത്ത ശത്രുവിന്റെ വരവിനെ തടുക്കാനൊരുങ്ങി നില്പ്പുണ്ടായിരുന്നു. തന്റെ മക്കൾ വളർന്ന് വലുതായി താൻ നിർണയിച്ച അതിർത്തിരേഖകൾ കടന്ന് അപ്പുറത്തെത്തും. മക്കൾ വിഭജിച്ചും കൂട്ടിച്ചേർത്തും വികലമാക്കാൻ പോകുന്ന ഭൂരൂപങ്ങളിലൂടെ താൻ ഒരിക്കൽ ഭ്രാന്തമായി അലഞ്ഞു നടക്കുമെന്നും, താൻ കാവലിരുന്ന മക്കൾ തന്നെത്തന്നെ കടിച്ചുകീറുമെന്നും തന്നിൽത്തന്നെ അടുത്ത തലമുറ ഉത്പാദിപ്പിക്കുമെന്നും അത് വേദനയോടെ ഓർക്കുന്നു. ഈ പെൺനായ മനുഷ്യനും ഭൂമിയും പ്രകൃതിയുമെല്ലാമായി പരിണമിക്കുന്ന രാസവിദ്യയിലാണ് കഥ അവസാനിക്കുന്നത്.

നഗരജീവിതത്തിന്റെ യാന്ത്രികതയും വിരസതയും സർവ്വോപരി മനുഷ്യജീവിതത്തിന്റെ നിസ്സാരതയും വ്യക്തമാക്കുന്ന, ഇടയ്ക്കിടെ കടന്നു വരുന്ന പ്രസ്താവനകളാണ് യമയുടെ കഥാഖ്യാനത്തിന്റെ മറ്റൊരു സവിശേഷത. ചില ഉദാഹരണങ്ങൾ നോക്കാം.

1. "എത്ര പെട്ടെന്നാണ് മനുഷ്യരുടെ ധൃതികളും അത്യാവശ്യങ്ങളും നിസ്സാരങ്ങളാണെന്ന് പ്രകൃതി സമർഥിച്ചുകളയുന്നത്. മലയിറങ്ങിവരുന്ന ഒരു കാറ്റിൽ പറന്നുപോകാനുള്ള വിഷാദമേ മനുഷ്യരാശിയെ ബാധിച്ചിട്ടുള്ളൂ എന്നു തോന്നും. സത്യം അങ്ങനെയല്ല എങ്കിൽക്കൂടി."

2. "ദുരന്തം ക്ഷണിച്ചുവരുത്താനുള്ള മനുഷ്യന്റെ ത്വര എല്ലാത്തരം സമരസപ്പെടലുകൾക്കും ഒത്തുതീർപ്പുകൾക്കും മേലെയാണ്. നീട്ടിവെയ്ക്കപ്പെടുന്ന ഒരന്ത്യത്തിന്റെ, മരണത്തിന്റെ നിഴൽ ഓരോ മനുഷ്യമനസ്സിന്റെയും ബാധ്യതയാണ്."

3. "സകല അഹങ്കാരങ്ങൾക്കും ഒടുവിൽ എന്തെങ്കിലും ഒന്നിനോട് വിധേയപ്പെടുക എന്നല്ലാതെ മനുഷ്യന് മറ്റെന്താണ് ചെയ്യാനുള്ളത് ".

4. "ഒറ്റകളെ തിരഞ്ഞുപിടിച്ച് ബന്ധിപ്പിക്കുന്നതിൽ നഗരങ്ങൾക്ക് പ്രത്യേക ചതുരതയുണ്ട്. വസ്തുക്കളുടെ വിന്യാസത്തിൽ പെട്ടുപോയ മനുഷ്യർക്ക് സ്വയം അടയാളപ്പെടുത്താനും പെരുമാറാനും അവയെത്തന്നെ കൂട്ടുപിടിക്കേണ്ടിവരുന്നു."

ഉപഭോഗാധിഷ്ഠിതവും മത്സരാധിഷ്ഠിതവും നാട്യപ്രധാനവുമായ സമകാലികനഗരജീവിതത്തിന്റെ വിരസതീക്ഷ്ണതകളെ പെൺപക്ഷ കാഴ്ചപ്പാടിൽ നോക്കിക്കാണുന്നതാണ് യമയുടെ കഥ മാനവാനന്തരതലോകത്തെക്കുറിച്ചുള്ള ആകുലതകൾ കഥയുടെ ബലതന്ത്രമായി മാറുകയാണിവിടെ. വർത്തമാനകാലസാമൂഹ്യയാഥാർത്ഥ്യ ങ്ങളുടെ വികൃതമുഖം ഒപ്പിയെടുക്കുകയും അതിനെതിരായുള്ള ജീവിതാവബോധം വായനക്കാരിൽ സൃഷ്ടിക്കാൻ

ശക്തമാകുകയും ചെയ്യുന്ന ഓരോ കഥയും പ്രതിരോധത്തിന്റെ പുത്തൻ പാഠങ്ങൾ സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു.

**കുറിപ്പുകൾ**

1. പി.കെ. രാജശേഖരൻ, ഏകാന്തനഗരങ്ങൾ 3-ാം പതിപ്പ്, ഡി.സി.ബുക്സ്, കോട്ടയം, 2011. പു. 11.
2. എൻ. ശശിധരൻ, 'എന്തെന്നാൽ, അവൻ നിറയ്ക്കപ്പെടും.' അവതാരിക, മുള്ളരഞ്ഞാണം, വിനോയ് തോമസ്. 2-ാം പതിപ്പ്, ഡിസി ബുക്സ്, കോട്ടയം, 2019, പു. 9.
3. പ്രസാദ് പന്ന്യൻ, 'പോസ്റ്റ് ഹ്യൂമൻ ചിന്തയ്ക്കൊരാമുഖം' , ആർ യൂ ഹ്യൂമൻ? മനുഷ്യേതരമാനവികതയ്ക്ക് ഒരാമുഖം, ഡി സി ബുക്സ് ,കോട്ടയം, 2021. പു.14.

**സഹായകഗ്രന്ഥങ്ങൾ**

1. പ്രസാദ് പന്ന്യൻ (എഡി), ആർ യൂ ഹ്യൂമൻ? മനുഷ്യേതരമാനവികതയ്ക്ക് ഒരാമുഖം, ഡി സി ബുക്സ്, കോട്ടയം, 2021.

   1 യമ, പാലം കടക്കുമ്പോൾ പെണ്ണുങ്ങൾ മാത്രം കാണുന്നത്, ഡി സി ബുക്സ്, കോട്ടയം, 2020,
2. രാജശേഖരൻ പി.കെ, ഏകാന്ത നഗരങ്ങൾ 3-ാം പതിപ്പ്, ഡി സി ബുക്സ്, കോട്ടയം, 2011.
3. വിനോയ് തോമസ്, മുള്ളരഞ്ഞാണം – 2-ാം പതിപ്പ്, ഡി സി ബുക്സ്, കോട്ടയം 2019.
4. വിനോയ് തോമസ്, രാമച്ചി 4-ാം പതിപ്പ്, ഡി സി ബുക്സ്, കോട്ടയം 2021.

**ആനുകാലികം**

1. സന്തോഷ് ഏച്ചിക്കാനം, 'ജംഗിൾ ബുക്ക്', മാതൃഭൂമി ആഴ്ചപ്പതിപ്പ് മെയ് 13-19, 2018

# രാഷ്ട്രീയാധുനികത: യു.പി ജയരാജിന്റെ കഥകളിൽ

ഹരിത കെ പ്രസാദ്

**പ്രബന്ധസംഗ്രഹം**

1960-കൾ മലയാളസാഹിത്യത്തിൽ ആധുനികതയുടെ കാലഘട്ടമാണ്. ചെറുകഥ പുതിയ രൂപഭാവങ്ങളെ തേടുന്നത് ഈ ഘട്ടത്തിലാണ്. പാശ്ചാത്യസാഹിത്യത്തിൽ രൂപപ്പെട്ട പരിണാമങ്ങളെ തിരിച്ചറിഞ്ഞ് തങ്ങളുടെ കൃതികളിൽ ആധുനിക സംസ്കാരത്തെ സാക്ഷാത്കരിക്കുകയായിരുന്നു മലയാള സാഹിത്യകാരന്മാർ. നവോത്ഥാന സാഹിത്യത്തിന്റെ സാമൂഹികതയെ ഉപേക്ഷിക്കുകയും സാഹിത്യം വ്യക്തിയിലേക്ക് ചുരുങ്ങുകയും അസ്തിത്വവാദം, അന്യവൽക്കരണം എന്നിവ പ്രധാന പ്രമേയങ്ങളായിത്തീരുകയും ചെയ്തു.എന്നാൽ 1960കൾ സാമൂഹികവും രാഷ്ട്രീയവുമായി നിരവധി മാറ്റങ്ങൾക്ക് വിധേയമായ പ്രക്ഷുബ്ധതയുടെ കാലഘട്ടം കൂടിയായിരുന്നു. സ്വാതന്ത്ര്യലബ്ധിയ്ക്ക് ശേഷമുള്ള പ്രതീക്ഷാനഷ്ടം, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പ്, ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ മധ്യവത്ക്കരണം, ജനങ്ങൾക്ക് ഭരണത്തിലുണ്ടായ വിശ്വാസത്തകർച്ച, ബഹുരാഷ്ട്ര മൂലധനത്തിന്റെ ആവിർഭാവം, നക്സലിസം, അടിയന്തരാവസ്ഥ എന്നിവ അക്കാലത്ത് സാമൂഹിക ചലനങ്ങൾ സൃഷ്ടിച്ച വിഷയങ്ങളായിരുന്നു. ആധുനികതക്കുള്ളിൽ തന്നെ രൂപപ്പെട്ട രാഷ്ട്രീയാധുനികതയുടെ ഭാഗമായ രചനകൾ സാഹിത്യത്തിലേക്ക് സാമൂഹികതയെ തിരികെ കൊണ്ടുവരികയും ആധുനികതയുടെ സൗന്ദര്യബോധത്തെ സ്വീകരിക്കുകയും ചെയ്തു. രാഷ്ട്രീയാധുനികതയുടെ ഭാഗമായ രചനകളിൽ യു.പി ജയരാജിന്റെ രചനകൾ ശ്രദ്ധേയമാണ്. യു.പി ജയരാജിന്റെ കഥകളിൽ രാഷ്ട്രീയാധുനികതയുടെ ഘടകങ്ങൾ കണ്ടെത്തുകയാണ് ഈ പഠനത്തിലൂടെ.

**താക്കോൽവാക്കുകൾ:** ആധുനികത, രാഷ്ട്രീയാധുനികത, അധികാരം

## രാഷ്ട്രീയാധുനികത : യു.പി ജയരാജിന്റെ കഥകളിൽ

സാഹിത്യം കാലബന്ധിതമാണ്. അതിന്റെ രൂപം എന്നതുപോലെ നിയോഗവും കാലത്തിനനുസരിച്ച് പരിണമിക്കുന്നു. ഭക്തിപ്രസ്ഥാനവും പുരോഗമനസാഹിത്യവും കാലഘട്ടത്തിന്റെ ആവശ്യകതയായിരുന്നവെന്നതുപോലെ അറുപതുകളിലും എഴുപതുകളിലും സംഭവിച്ച പ്രതിരോധ രാഷ്ട്രീയത്തിന്റെ ഭാഗമായ ഭാവുകത്വപരിണാമവും കാലബന്ധിതമായിരുന്നു.

ചീത്തക്കാലങ്ങളെ കുറിച്ച് കവിതയുണ്ടാകുമോ എന്ന ചോദ്യത്തിന്, ഉവ്വ്, ചീത്തക്കാലത്തെക്കുറിച്ചുള്ള കവിത എന്ന് ബ്രഹത് പറയുന്നുണ്ട്. ചീത്ത ക്കാലത്തെക്കുറിച്ചുള്ള ആഖ്യാനമായിരുന്നു രാഷ്ട്രീയാധുനികതയുടെ രചന കൾ.

സ്വാതന്ത്ര്യത്തിന് ശേഷമുള്ള ഇന്ത്യൻ ജീവിതം നിരവധി വൈരു ധ്യങ്ങളുടെ സമ്മേളനമായിരുന്നു. സ്വാതന്ത്ര്യ പൂർവ ഇന്ത്യ വാഗ്ദാനം ചെയ്ത പ്രതീക്ഷകളും സ്വപ്നങ്ങളും നിറവേറ്റപ്പെടുകയുണ്ടായില്ല.സങ്കീർണമായ ജീവിതപ്രശ്നങ്ങൾക്കോ ക്ഷാമത്തിനോ ദാരിദ്ര്യത്തിനോ കാര്യമായ മാറ്റങ്ങൾ ഒന്നും സംഭവിച്ചില്ല. ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കുള്ള പലായനം, നഗരങ്ങളിലെ ദുരിതപൂർണ്ണമായ ജീവിതം ഇവ സാമാന്യ ജനങ്ങളുടെ മുഖമുദ്ര യായിത്തീർന്നു. വളരെ ചെറിയ ഒരു സമ്പന്ന വിഭാഗം ജീവിതത്തിന്റെ എല്ലാ സുഖങ്ങളും അനുഭവിക്കുന്നവരായി മാറി. കൊളോണിയലിസത്തിന്റെ തുടർച്ച യായിരുന്നു സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ഇന്ത്യയും. ത്യാജ്യഗ്രാഹ്യ വിവേചനശക്തി നഷ്ടപ്പെട്ട ഒരു വലിയ ജനസമൂഹം സ്വന്തം ഭാഗധേയം പോലും നിർണയിക്കാൻ കഴിയാതെ ആകുലപ്പെട്ടു. ജനാധിപത്യം രൂപനിഷ്ഠ സ്വഭാവത്തിൽ മാത്രം ഒതുങ്ങി നിന്നു. ധനത്തിലും വർണ്ണത്തിലും ലിംഗ ത്തിലും അസമത്വങ്ങൾ ഉണ്ടാവുകയും അത് ജനസമൂഹത്തെ നിരാശയി ലേക്ക് വഴിതെളിക്കുകയും ചെയ്തു. സാങ്കേതികവിദ്യ സൃഷ്ടിച്ച സ്വപ്നതുല്യമായ സുഖാനുഭവങ്ങൾ ഒരുവശത്ത് നിലനിന്നു. മറുവശത്ത് ജീവിതം കരുപ്പിടിപ്പി ക്കുവാനുള്ള ശ്രമങ്ങൾ സാമാന്യ ജനത തുടർന്നു വന്നു. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വിശ്വാസമർപ്പിച്ചവർക്കും പ്രതീക്ഷാനഷ്ടം അനുഭവപ്പെട്ടു. 1964ലെ പാർട്ടി പിളർപ്പ് പ്രതീക്ഷകൾ നൽകിയെങ്കിലും അധികം വൈകാതെ അതും അസ്തമിക്കുകയുണ്ടായി.1967ലെ നക്സൽബാരി കലാപം ഇടതുപക്ഷത്തിലെ തന്നെ തീവ്ര വിപ്ലവകാരികൾക്ക് പുതിയൊരു മാർഗ്ഗത്തെ തുറന്നുകൊടുത്തു. എന്നാൽ ഭരണകൂടം അതിന്റെ മർദ്ദനോപകര ണങ്ങളിലൂടെ നക്സൽ പ്രസ്ഥാനത്തെ പൂർണ്ണമായും ഇല്ലാതാക്കുവാൻ ശ്രമിച്ചു.

ഭരണഘടനാ വിധേയമായി കൊണ്ടുവന്ന 1975-ലെ അടിയന്തരാവസ്ഥ ഭരണകൂടാധികാരത്തിന്റെ ഭീകരതയെ കൂടുതൽ രൂക്ഷമാക്കി.

സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായി സംഭവിച്ച ഈ മാറ്റങ്ങൾ മലയാള സാഹിത്യത്തിൽ ഒരു അവാങ്-ഗാദ് പ്രസ്ഥാനത്തെ രൂപീകരിച്ചു. ആധുനികത സ്വാതന്ത്ര്യ ലബ്ധിക്കുശേഷമുള്ള ഇന്ത്യയുടെ അനുക്രമമായ അപചയവും വിമാനുഷീകരണവും രോഗാതുരതയും അന്യവൽക്കരണവും സ്വത്വനഷ്ടവും രേഖപ്പെടുത്തുവാനുള്ള ശ്രമങ്ങളായിരുന്നു. വ്യക്തിയിലേക്ക് ഒതുങ്ങുകയും ആധുനികതയ്ക്ക് മുമ്പുണ്ടായിരുന്ന നവോത്ഥാന സാഹിത്യത്തിന്റെ സാമൂഹികതയെ ഉപേക്ഷിക്കുകയുമാണ് അത് ചെയ്തത്. ആധുനികതയ്ക്കകത്തുതന്നെ രൂപപ്പെട്ട പുതിയ അവാങ്-ഗാദ് പ്രസ്ഥാനം സാമൂഹിക പരിവർത്തനങ്ങളോടും പാർശ്വവിഭാഗങ്ങളുടെ ചെറുപ്പുനിൽപ്പുകളോടുമുള്ള ആഭിമുഖ്യത്തെ ആധുനികതയുടെ സൗന്ദര്യ ബോധവുമായി സമന്വയിപ്പിച്ചു. സാഹിത്യത്തിലൂടെ പ്രതിരോധം സൃഷ്ടിക്കുകയായിരുന്നു രാഷ്ട്രീയാധുനികത എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ സാഹിത്യഭാവുകത്വത്തിന്റെ പ്രത്യേകത. ആധുനികതയുടെ ഈ രാഷ്ട്രീയവൽക്കരണം പ്രമേയത്തെ മാത്രമായിരുന്നില്ല ബാധിച്ചത്. രാഷ്ട്രീയ സ്വഭാവമുള്ള പ്രതീകങ്ങൾ, രൂപകങ്ങൾ മിത്തുകൾ, എന്നിവയെല്ലാം സാഹിത്യത്തിൽ പ്രയോഗിക്കപ്പെട്ടു.

രാഷ്ട്രീയാധുനികതയുടെ സൈദ്ധാന്തിക പശ്ചാത്തലം ഇരുപതാം നൂറ്റാണ്ടിൽ തന്നെ രൂപപ്പെട്ടിരുന്നു. കീഴാളരുടെ പ്രതിരോധം സാമ്പത്തിക മേഖലയിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ലെന്നും സാംസ്കാരികം ഉൾപ്പെടെ സകല മേഖലകളിലും നെടുനായകത്വത്തിനായി നടക്കുന്ന സർവ്വതല സ്പർശിയായ നിരന്തര സമരമാണെന്നും സിദ്ധാന്തിച്ച ഗ്രാംഷി, സാമൂഹിക ഘടനയിൽ മേലാളർ നെടുനായകത്വം നേടുന്നത് ഭരണകൂടത്തിന്റെ പീഡനോപാധികളിലൂടെ മാത്രമല്ല വിദ്യാഭ്യാസം കേന്ദ്രമായ പ്രത്യയ ശാസ്ത്രോപാധികളിൽ കൂടിയാണെന്ന് തിരിച്ചറിഞ്ഞ അൽത്യൂസർ, പ്രത്യയ ശാസ്ത്രങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്നത് അമൂർത്തമായല്ല എന്നും

സ്പർശനീയമായ സ്ഥാപനങ്ങളിലൂടെയാണെന്നും അവ സ്വാഭാവികമാണെന്ന് വരുത്തി അധികാരത്തിന്റെ സൂക്ഷ്മബലതന്ത്രം രൂപപ്പെടുത്തിയാണ് അധീശ വ്യവഹാരങ്ങൾ പ്രവർത്തിക്കുന്നത് എന്നും സിദ്ധാന്തിച്ച ഫൂക്കോ, ഇവരെല്ലാം പ്രതിരോധവ്യവഹാരത്തെ ശക്തിപ്പെടുത്തിയവരാണ്.

കവിതയിൽ കടമ്മനിട്ട രാമകൃഷ്ണൻ, ആറ്റൂർ രവിവർമ്മ, കെ.ജി ശങ്കരപ്പിള്ള, സച്ചിദാനന്ദൻ, ചുള്ളിക്കാട്, ഡി വിനയചന്ദ്രൻ, എ അയ്യപ്പൻ, സിവിക് ചന്ദ്രൻ, പി ഉദയഭാനു എന്നിവരും, കഥയിൽ എം സുകുമാരൻ, യുപി ജയരാജ്, പട്ടത്തുവിള കരുണാകരൻ, പികെ നാണു, ആനന്ദ്, കാക്കനാടൻ, സക്കറിയ, സി.വി ശ്രീരാമൻ, സി.ആർ പരമേശ്വരൻ, വി പി ശിവകുമാർ എന്നിവരും നാടകത്തിൽ രാമചന്ദ്രൻ മൊകേരി, മധു മാസ്റ്റർ, സിവിക് ചന്ദ്രൻ, പി.എം താജ് എന്നിവരും രാഷ്ട്രീയാധുനികതയെ തങ്ങളുടെ കൃതികളിൽ ആവിഷ്കരിച്ചവരാണ്.

നിലനിൽക്കുന്ന വ്യവസ്ഥിതിയിലും ഭരണകൂടത്തിലും വിശ്വാസം നഷ്ടപ്പെടുകയും സായുധവിപ്ലവത്തിലൂടെയുള്ള വിമോചന സങ്കല്പത്തിൽ പ്രത്യാശ പുലർത്തുകയും ചെയ്ത കഥാകൃത്താണ് യു.പി ജയരാജ്. വ്യവസ്ഥാപിത കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ പ്രതീക്ഷ നഷ്ടപ്പെട്ട യുപി ജയരാജ് ഒരു ബദൽ സങ്കല്പമായി വിപ്ലവ പ്രസ്ഥാനത്തെ കാണുന്നുണ്ട്. സത്യസന്ധതതയും ആദർശ ശുദ്ധിയും പുലർത്തുന്ന ഒരുകൂട്ടം ചെറുപ്പക്കാരെയാണ് യുപി ജയരാജ് ഇന്ത്യൻ നക്സലൈറ്റുകളിൽ കണ്ടത്. നിലനിൽക്കുന്ന ഭരണകൂട വ്യവസ്ഥിതിയോടുള്ള എതിർപ്പ്, വിപ്ലവാഭിമുഖ്യം, വ്യവസ്ഥാപിത ഇടതുപക്ഷത്തോടുള്ള വിയോജിപ്പ്, തൊഴിലാളിവർഗ്ഗ സംഘടിത ശക്തിയുള്ള വിശ്വാസം എന്നിവയാണ് യു.പി ജയരാജിന്റെ കഥകളിലെ പ്രധാന പ്രമേയങ്ങൾ.

തീവ്രവാദ രാഷ്ട്രീയം ഒരു കാലഘട്ടത്തിലെ യുവാക്കളെ ഏതെല്ലാം രീതിയിലാണ് സംക്രമിച്ചത് എന്ന അന്വേഷണമാണ് 'കിരീടങ്ങൾ നിലംപതിക്കുന്ന ശബ്ദം' എന്ന കഥ. പാരമ്പര്യ കൈവശാധികാരം കൊണ്ടും

ചതുർവിധമായ സംരക്ഷണം കൊണ്ടും സ്വാർത്ഥരായ ഒരു ന്യൂനപക്ഷം, ജീവിതത്തിന്റെ സമസ്ത സുഖങ്ങളും ആസ്വദിക്കുമ്പോൾ അതിൽ തെറ്റിനെ തെറ്റുകൊണ്ടു തന്നെയാണ് തിരുത്തുക എന്ന മാർഗം സ്വീകരിക്കുന്ന അഞ്ച് ചെറുപ്പക്കാരാണ് ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ. വിശപ്പ് ഒരു യാഥാർത്ഥ്യമായി നിലനിൽക്കുകയും അത് പരിഹരിക്കുവാനുള്ള മാർഗം ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ അക്രമത്തിന്റെ പാത ഇവർ തിരഞ്ഞെടുക്കുന്നു. പാരമ്പര്യമായി ധനികനായ ഗുജറാത്തിയുടെ കടയെ കൊള്ളയടിക്കുവാൻ തീരുമാനിക്കുന്നതിൽ അവരൊരു കാവ്യനീതി കണ്ടെത്തുന്നുണ്ട്. ജീവിതത്തിൽ ഒരിക്കലും അധ്വാനത്തിന്റെ ഭാരം അറിഞ്ഞ ആളല്ല എന്ന് വ്യക്തമാകുന്ന സ്ഥൂലശരീരനായ അയാളോട് പറ്റുപുസ്തകത്തിൽ തങ്ങളുടെ കണക്കുകൾ എഴുതുവാനവർ ആവശ്യപ്പെടുന്നു. സാഹസികതയും കരുത്തും മാത്രം സ്വന്തമായി ഉണ്ടായിരുന്ന ഇവർക്ക് സമ്പന്ന വർഗ്ഗം അടിസ്ഥാനപരമായി ദുർബലരാണെന്ന ബോധ്യമുണ്ടായിരുന്നു. സമ്പന്ന വിഭാഗത്തിന് എല്ലാ സുഖസൗകര്യങ്ങളും ഏർപ്പെടുത്തുകയും ബഹുഭൂരിപക്ഷം വരുന്ന പാർശ്വവർത്തികൾക്ക് എല്ലാ ദുരിതങ്ങളും സമ്മാനിക്കുകയും ചെയ്യുന്ന വൈരുധ്യത്തെ കഥയിലെ റെയിൽവേ സ്റ്റേഷൻ വ്യക്തമാക്കുന്നുണ്ട്. ട്രെയിനിൽ വെച്ച് കാണുന്ന സമ്പന്നനായ മധ്യവയസ്കകാരൻ, കിഴവനോട് പെരുമാറുന്നത് സമ്പൽ പ്രൗഢി അധികാര വ്യവസ്ഥയെ രൂപപ്പെടുത്തുന്നതിന്റെ തെളിവാണ്. പണക്കാരന് മാത്രം പ്രവേശനമുള്ള ശീതീകരിച്ച മുറിയിലേക്ക് അയാൾ കടന്നു വന്നതാണ് സമ്പന്നനെ പ്രകോപിപ്പിക്കുന്നത്. അജ്ഞത കൊടിയ പാപമായി കരുതുന്ന സമ്പന്ന വ്യവസ്ഥ ചെറുപ്പക്കാരെ സ്വാഭാവികമായി പ്രകോപിപ്പിക്കുന്നു. അപമാനിക്കപ്പെടുന്നതിന്റെയും നഷ്ടപ്പെടുന്നതിന്റെയും വേദന അനുഭവിക്കാൻ സമ്പന്നനും അയാളുടെ ഭാര്യയും ഒരേ തോതിൽ അർഹരാണെന്ന് ചെറുപ്പക്കാർ കരുതുന്നു. തെറ്റുകളെ തെറ്റുകൊണ്ട് തന്നെ നേരിടുന്ന മാർഗ്ഗത്തെ ചെറുപ്പക്കാരിൽ ഒരുവന് അംഗീകരിക്കാൻ കഴിയാത്ത ഘട്ടത്തിലാണ് കഥ അതിന്റെ അടിസ്ഥാന സത്തയെ കണ്ടെത്തുന്നത്. "പക്ഷേ തെറ്റുകളെ ശരികൾ കൊണ്ട് തിരുത്തുവാൻ ആരും നമുക്ക് അവസരം നൽകുന്നില്ല" എന്ന മറ്റൊരുവന്റെ ഉത്തരമാണ് അക്കാ

ലത്തെ വിപ്ലവകാരികളുടെ മുഴുവൻ ഭാഷയായി മാറുന്നത്. അവിടം തൊട്ട് കഥ സ്വപ്നാത്മകതയിലേക്ക് പ്രവേശിക്കുന്നുണ്ട്. എവിടുന്നൊക്കെയോ ഉയർന്നു കേൾക്കുന്ന ശബ്ദം കിരീടങ്ങൾ വീണുടയുന്നതിന്റെ ശബ്ദമായി അനസൂയക്ക് തോന്നുന്നു. "ആരുടെ കിരീടങ്ങൾ" എന്ന ദേവ് സന്യാന്റെ ചോദ്യത്തിന് കൃത്യമായ ഉത്തരം നൽകാതെ കഥ അവസാനിക്കുന്നു.

ഭരണകൂടത്തിന്റെ സഹായത്തോടെ ജനങ്ങളിൽ ഭൂരിപക്ഷം പേരെയും അകാലവാർദ്ധക്യത്തിലേക്കും രോഗങ്ങളിലേക്കും നയിക്കുന്ന രാസ ഫാക്ടറികൾ ഇന്ത്യൻ തെരുവുകളെ കയ്യടക്കി വെച്ചിരിക്കുകയാണ് എന്ന യാഥാർത്ഥ്യത്തെ ആവിഷ്ക്കരിക്കുന്ന കഥയാണ് 'ഇന്ത്യൻ തെരുവുകളെ പറ്റി ചില രഹസ്യങ്ങൾ'. മുതലാളിത്ത ന്യൂനപക്ഷം ഭൂരിപക്ഷം വരുന്ന തൊഴിലാളികളെ കയ്യടക്കി ഭരിക്കുമ്പോൾ, ശത്രുവാരാണെന്ന് തിരിച്ചറിയാതെ പരസ്പരം മല്ലടിക്കുകയാണ് ഇന്ത്യൻ ജനത. തങ്ങളെ ബാധിച്ചിട്ടുള്ള രോഗത്തിന്റെ തീക്ഷ്ണതയുടെ കാരണം ജനസമൂഹം തിരിച്ചറിയുവാൻ ശ്രമിക്കാത്തിടത്തോളം കാലം ജനസമൂഹത്തെ മുഴുവൻ ഇപ്രകാരം ചൂഷണം ചെയ്യാമെന്ന് മുതലാളിത്ത വ്യവസ്ഥ കണക്കുകൂട്ടുന്നു. ഭരണകൂടത്തിന്റെ താത്പര്യങ്ങൾ പോലീസുകാരുടെ വേഷത്തിൽ നഗരത്തെ റൗണ്ട് ചുറ്റി കൊണ്ടിരിക്കുന്നുണ്ട്. ഈ ഭീതിമായ അവസ്ഥയിലും വ്യവസ്ഥാപിത തൊഴിലാളി നേതാക്കൾ കേവലം കൂലിയുടെ വിലപേശൽ മാത്രമായി ഈ പാരിസ്ഥിതിക ആഘാതത്തെ അവഗണിക്കുന്നുവെന്ന് കഥാകൃത്ത് വിമർശിക്കുന്നുണ്ട്. ചേരികളും ചെളിക്കുണ്ടങ്ങളും നിറഞ്ഞ നഗരത്തിന്റെ പ്രാന്ത പ്രദേശങ്ങളിൽ ജീവിതത്തിന്റെ പ്രാരാബ്ധങ്ങളുമായി കഴിയുന്നവരിൽ നിന്ന് ഒരു പ്രത്യാക്രമണം വ്യവസ്ഥ പ്രതീക്ഷിക്കുന്നതേയില്ല. ഈ സാഹചര്യത്തിൽ ഉടലെടുത്ത നിശബ്ദമായ അമർഷത്തിന്റെ വേലിയേറ്റം എപ്പോഴും വ്യവസ്ഥാനുപക്ഷ ഭരണകൂട സാഹചര്യങ്ങൾ പ്രതീക്ഷിക്കണമെന്ന താക്കീതാണ് ഈ കഥ.

ശാന്തമാണെന്ന് കരുതുന്നിടത്തെല്ലാം മുതലാളിത്തത്തെ പരിഭ്രമിപ്പിക്കാൻ ആവശ്യമായ നിഗൂഢവും അപ്രതീക്ഷിതവുമായ ഒരു സമാന്തര

തീവ്രവാദ ഏറ്റുമുട്ടലിന് നഗരങ്ങൾ സജ്ജമായിരിക്കുകയാണെന്ന് കഥാകൃത്ത് ഇന്ത്യയിലെ ഒരു നഗരത്തെ പശ്ചാത്തലമാക്കിക്കൊണ്ട് വിലയിരുത്തുന്നു. തീവ്രവാദ വിപ്ലവത്തിന് ശക്തമായ സ്വാധീനമുണ്ടായിരുന്ന 1970 കാലഘട്ടത്തിലെ സാമൂഹ്യാവസ്ഥയാണ് കഥയിൽ ഇതിവൃത്തമായിരിക്കുന്നത്. കഥാനായകന്റെ ചിന്തകളിലൂടെയും കാഴ്ചകളിലൂടെയുമാണ് കഥ വികസിക്കുന്നത്. ഇരുട്ടിൽ അമർഷത്തിന്റെ യൗവ്വനം ഉയരുന്നുണ്ടെന്നും അവർ ആരാണെന്നും കഥാനായകന് നിശ്ചയമില്ല. ജനങ്ങൾ മുഴുവൻ തടവുകാരാണെന്ന് പറയുന്നതും അവരെ പോറ്റുന്ന സാമൂഹികാവസ്ഥ ജയിൽ ആണെന്നും അയാൾ മനസ്സിലാക്കിയിട്ടില്ല. പക്ഷേ ഒന്നയാൾക്ക് നിശ്ചയമുണ്ട് പ്രത്യാശയുടെ കണ്ണുകളുമായി ഒരുകൂട്ടം യുവാക്കൾ ഈ അസ്വാസ്ഥ്യങ്ങൾ ചുമലിലേറ്റി നടക്കുന്നുണ്ടെന്ന വസ്തുത. ഒരു ന്യൂനപക്ഷത്തിന്റെ തടവുകാരനാവാൻ ഒരു ഗ്രാമവാസിയും തയ്യാറാകരുതെന്നും പ്രത്യക്ഷമായ ആയുധങ്ങൾ ഉപയോഗിച്ച് തന്നെ ഭരണകൂടത്തെ പരിഭ്രാന്തിയിലാക്കുകയല്ലാതെ മറ്റൊരു പോംവഴി ഇല്ലെന്നുമുള്ള ലഘുലേഖ കഥാനായകനും ലഭിക്കുന്നുണ്ട്.

യഥാർത്ഥ വിഷയങ്ങളെ മറച്ചുവെച്ചുകൊണ്ട് അനുരണനങ്ങളുണ്ടാക്കാൻ ചുവപ്പ് കൊടിയുമായി എത്തുന്നവരോട് സന്ധി ചെയ്യുവാനും മുതലാളിത്തം എപ്പോഴും തയ്യാറാണെന്ന പ്രസ്താവന വ്യവസ്ഥാപിത ഇടതുപക്ഷത്തോടുള്ള കഥാകൃത്തിന്റെ വിയോജിപ്പിനെ രേഖപ്പെടുത്തുന്നു. വലിയ പാരിസ്ഥിതികാഘാതങ്ങൾ ചില്ലറ നാണയത്തുട്ടുകൾ ദാനമായി നൽകി പരിഹരിക്കാമെന്നാണ് മുതലാളിത്തത്തിന്റെ കണക്കുകൂട്ടലുകൾ. കൂടുതൽ കൂലി കൊടുത്ത് സങ്കീർണ്ണമായ വിഷയങ്ങളെ പൊതിഞ്ഞു വെക്കാറുള്ള മുതലാളിത്തത്തിന്റെ നിഗൂഢമായ താൽപര്യങ്ങൾ പുറത്തെത്തിക്കാതിരിക്കാനുള്ള ജാഗ്രതയാണ് തൊഴിലാളി വർഗ്ഗത്തിന്റെ തന്നെ ഒറ്റുകാരെ ആശ്രയിച്ച് അവർ നടപ്പിലാക്കുന്നത്. അതുകൊണ്ടാണ് പല സന്ധികൾക്കുമൊടുവിൽ തൽക്കാലം ജോലിയിൽ ഹാജരാകാനും കൂടുതൽ ശക്തവും തീവ്രവുമായ സമരങ്ങൾക്കു വേണ്ടി തയ്യാറെടുക്കുവാനും തൊഴിലാളി വർഗ്ഗ

നേതാക്കൾ  തൊഴിലാളികളോട് പറയുന്നത്.എന്നാൽ ഇവയെല്ലാം നടക്കു മ്പോഴും സമാന്തരമായി ഒരു വിപ്ലവത്തിന്റെ സാധ്യതയെ കഥ തള്ളിക്കളയു ന്നില്ല. ചില യാഥാർത്ഥ്യങ്ങളെ തുറന്നു കാണിക്കുക എന്ന ലക്ഷ്യമാണ് ഈ കഥയിലൂടെ കഥാകൃത്ത് നടത്തുന്നത്.

എഴുത്തുകാരൻ  തന്റെ എഴുത്തിന്റെ മാനിഫെസ്റ്റോ വ്യക്തമാക്കുന്ന കഥയാണ് 'നിങ്ങളുടെ ലോകങ്ങളിൽ ഹാ ജീവിതം'. തൊഴിലാളി വർഗ്ഗ ത്തിന്റെ ആത്യന്തികമായ മോചനലക്ഷ്യം പരമപ്രധാനമായി കാണുകയും, കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ ഉറച്ചുനിന്നു കൊണ്ടുള്ള നയസമീപനവും ഒരെഴുത്തുകാരന്റെ പ്രാഥമിക ലക്ഷ്യമാണെന്ന് കരുതി അതിനു വേണ്ടി അനവരതം എഴുതുകയാണ് തന്നെപ്പോലുള്ളവർ ചെയ്യേണ്ടതെന്ന് ഈ കഥയിലൂടെ യു.പി ജയരാജ് വ്യക്തമാക്കുന്നു. വ്യവസ്ഥാപിത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭരണകൂട സമീപനങ്ങളിൽ അദ്ദേഹമൊരിക്കലും ആകൃഷ്ടനായി രുന്നില്ല.പാശ്ചാത്യ സാഹിത്യത്തിൽ ദൃശ്യമായ പ്രവണതകൾ ഉപരിപ്ലവമാ ണെന്നും അത് തൊഴിലാളിവർഗ്ഗ നിഷേധമാണെന്നും കഥാകൃത്ത് പറയുന്നു. നഷ്ടബോധം, ജീവിതനിരാശ, അസ്തിത്വ ദുഃഖം, ആത്മനിഷ്ഠമായ ചിന്തകൾ എന്നിങ്ങനെയുള്ള ആശയങ്ങൾ ഇന്ത്യൻ സാഹചര്യത്തിൽ സാഹിത്യ ആധുനികതയുടെ ഭാഗമായ എഴുത്തുകാരെ സ്വാധീനിക്കുകയുണ്ടായി. ഇത്തരം പ്രമേയങ്ങൾ ഇന്ത്യൻ സാഹചര്യത്തിൽ സാംഗത്യമുള്ളതല്ല എന്ന അഭിപ്രായക്കാരനാണ് കഥാകൃത്ത്.

രക്തവും മാംസവുമാണ് അഭിസംബോധന ചെയ്യപ്പെടേണ്ടതെന്നും വ്യക്തി ദുഃഖങ്ങളും അതിനുള്ളിലെ സങ്കീർണമായ കാല്പനിക വിഷയങ്ങളും അപഗ്രഥിക്കാൻ ശ്രമിക്കുന്നത് മോചനമാഗ്രഹിക്കുന്ന അടിസ്ഥാന വർഗ്ഗ ത്തോട് കാണിക്കുന്ന നിന്ദയാണെന്നും കഥാകൃത്ത് മനസ്സിലാക്കുന്നു. പൊള്ള യായ പത്രപ്രസ്താവനകളും ശവക്കുമ്പാരങ്ങൾക്കു മുകളിലൂടെ ആകാശ വീക്ഷണം നടത്തുന്ന ഉപരിപ്ലവ വർഗ്ഗത്തിന്റെ കാപട്യപ്രകടനങ്ങളിലും കഥാകൃത്ത് വിശ്വസിക്കുന്നില്ല. ഗ്രാമങ്ങളിലെ കൊടുംകുരുതികളും തൊഴിലാ ളികളുടെ കണ്ണിലെ രോഷവും വിചാരണ അവസാനിക്കാത്ത തടവുകാരന്റെ

ദുഃഖവും അവന്റെ വീക്ഷുബ്ധതയുമാണ് കഥയെ നിയന്ത്രിക്കേണ്ടതെന്ന് കഥാകൃത്ത് ശാഠ്യം പിടിക്കുന്നു. വിയർപ്പും കണ്ണീരും ചോരയും സ്വപ്നങ്ങളും വിൽക്കാനുള്ള കച്ചവടോപാധികളായി സാഹിത്യം മാറുന്നത് കഥാകൃത്തിന് സഹിക്കാനാവുന്നതല്ല. കഥാകൃത്തിന്റെ ഈ മാനിഫെസ്റ്റോ സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ച വരെ അദ്ദേഹം നിലനിർത്തുന്നുണ്ടെന്നത് ശ്രദ്ധേയ മാണ്.

വിപ്ലവ സന്നദ്ധരായ ഒരു ജനസമൂഹം തയ്യാറായി നിൽക്കുമ്പോൾ അവരെ ജനാധിപത്യ ഭരണക്രമവുമായി ബന്ധപ്പെടുത്തി ആവേശം ഇല്ലാതാക്കുന്ന വിപ്ലവത്തിലെ വർഗ്ഗ വഞ്ചകനെ അനാവരണം ചെയ്യുന്ന കഥയാണ് 'ശിശിരത്തിലെ ആദ്യത്തെ വെടിയൊച്ചകൾ'. ഇവിടെ വർഗ്ഗവഞ്ചകൻ സമരങ്ങൾക്ക് നേതൃത്വം കൊടുക്കുകയും അസമത്വത്തിന്റെ വൈരുദ്ധ്യത്തെ കുറിച്ച് ബോധവാനുമാണ്. എന്നാൽ ജനവികാരം സ്വാർത്ഥമായ ലക്ഷ്യങ്ങൾക്കുവേണ്ടി ദുരുപയോഗം ചെയ്യുകയല്ലാതെ വിപ്ലവത്തിന്റെ വഴിയിലൂടെ സഞ്ചരിക്കുന്നവരെ ഒറ്റപ്പെടുത്തുന്നവനുമാണ്. വ്യവസ്ഥാപിത മായ അധികാരക്കസേര മാത്രമാണ് വർഗ്ഗവഞ്ചകന്റെ ലക്ഷ്യം. അല്പം വൈകിയാലും വിപ്ലവകാരികൾക്ക് ഇത് തിരിച്ചറിയാൻ കഴിയും എന്ന പ്രത്യാശ കഥയിൽ അന്തർലീനമാണ്. എഴുപതുകളിൽ കഥകൾ രചിക്കുന്ന ജയരാജിന് ഈ പ്രത്യാശയിൽ തെറ്റൊന്നും തോന്നുവാൻ സാധ്യതയുമില്ല. ധനവും അധികാരവും ഭൂമിയും കുത്തകയാക്കി വയ്ക്കുന്ന ഒരു ന്യൂനപക്ഷത്തിനു വേണ്ടി ബഹുഭൂരിപക്ഷം വരുന്നവരുടെ സ്വാതന്ത്ര്യവും സുഖവും കവർന്നെടുക്കുന്ന ചൂഷണത്തിന്റെ ഭീകരമായ മുഖം പീഡിതരായ ജനങ്ങളുടെ മുന്നിൽ ഉദാഹരണസഹിതം നിരത്തിവയ്ക്കുന്നവനാണ് ഇവിടുത്തെ ആചാര്യൻ. വിലപിക്കുകയല്ല പോരാടുകയാണ് വിപ്ലവ മാർഗം എന്നയാൾ പറയുന്നത് തികച്ചും വ്യർത്ഥമായാണ്. അയാളുടെ പിൽക്കാല ചരിത്രം ഇത് വ്യക്തമാക്കുന്നുമുണ്ട്. പൊടുന്നനെ ആചാര്യനെ നഷ്ടപ്പെടുന്ന ജനങ്ങൾ നേതൃത്വത്തെ നഷ്ടപ്പെട്ട് അനാഥത്വത്തിലേക്ക് പതിക്കുന്നു. തെരഞ്ഞെടുപ്പുകൾ ജനങ്ങളെ വഞ്ചിക്കാനുള്ള കെണിയാണെന്ന് മനസ്സിലാക്കിയിട്ടും അതിനെ സ്വീകരിച്ച

തിലൂടെ ഒരുകൂട്ടം വിപ്ലവകാരികൾ വ്യവസ്ഥയുടെ അടിമകളായി മാറുകയാണു ണ്ടായത്. സമരങ്ങളിലും തിരഞ്ഞെടുപ്പുകളിലും മാത്രം അഭിരമിക്കുകയും വിപ്ലവസാധ്യതകളെ ഇല്ലാതാക്കിക്കളയുകയും ചെയ്യുന്ന വർഗ്ഗവഞ്ചകനായി ട്ടാണ് ആചാര്യനെയും അയാളുടെ പ്രയോഗവൽക്കരണ സിദ്ധാന്തത്തെയും കഥയാവിഷ്കരിക്കുന്നത്. എന്നിരുന്നാലും തീവ്ര വിപ്ലവകാരികളുടെ ആവേശം അവസാനിക്കില്ലെന്നും അധികാരത്തെ ഭയപ്പെടുത്തുവാൻ കഴിയും വിധം വിപ്ലവകാരികൾ വളരുമെന്നുമുള്ള പ്രത്യാശയോടെ കഥ അവസാനിക്കുന്നു.

നാം ജീവിക്കുന്ന കാലഘട്ടത്തിന്റെ രൂക്ഷതയേയും അതിന്റെ ഗതിവിഗതികളെയും നിർണയിച്ചുകൊണ്ട് ഭാവി എങ്ങനെയാകുമെന്ന് തിരിച്ചറിയാൻ കഴിയാത്ത വ്യത്യസ്ത സ്വഭാവികളായ മനുഷ്യർ ഏകാധി പത്യം നിറഞ്ഞ നാളുകളിലേക്ക് എങ്ങനെയാണ് നിപതിച്ചു പോകുന്നതും അത് എത്രമേൽ ഭീഷണവും സംഹാരതുല്യവുമായിരിക്കുമെന്നും ഓർമ്മപ്പെടു ത്തുന്ന കഥയാണ് 'മഞ്ഞ്'. ഇന്ത്യയിലെ അടിയന്തരാവസ്ഥയെ ഒരു ലോഡ്ജ് മുറിയേയും പരിസരത്തെയും പശ്ചാത്തലമാക്കിക്കൊണ്ട് അന്യോ പദേശരൂപേണ അവതരിപ്പിക്കുകയാണ് കഥാകൃത്ത്. 'മഞ്ഞ്' ഭരണകൂട ഭീകരതയുടെ പ്രതീകമായി കഥയിൽ പ്രത്യക്ഷപ്പെടുന്നു. ഭരണകൂടാധികാരം പതിയെപ്പതിയെ ഓരോ രാജ്യങ്ങളേയും കീഴടക്കിയത് എങ്ങനെയെന്ന് കഥാനായകന് അറിവുള്ളതാണ്. എന്നാൽ മറ്റുള്ളവരാകട്ടെ അസ്തിത്വ ദുഃഖം പോലുള്ള വിഷയങ്ങളിൽ മുഴുകിയിരിക്കുന്നവരും സുഖലോലുപന്മാരുമാണ്. അവർ 'മഞ്ഞി'ന്റെ ഭീകരതയെ തിരിച്ചറിയുന്നില്ല. ജയരാജിന്റെ മറ്റു കഥകളി ലെന്നപോലെ കഥാനായകൻ ഇവിടെയും ഒരു പ്രത്യാശ കാത്തുസൂക്ഷിക്കു ന്നുണ്ട്. പ്രകൃതിയുടെ ഏത് വിന്യാസത്തെയും മനുഷ്യൻ കീഴടക്കിയിട്ടു ണ്ടെന്ന് ബോധ്യമാണ് അയാളെ പ്രത്യാശാഭരിതനാക്കുന്നത്.

അടിയന്തരാവസ്ഥയിലെ മനുഷ്യാവകാശ ലംഘനങ്ങളുടെയും വ്യക്തിസ്വാതന്ത്ര്യങ്ങളുടെയും അതിക്രൂരമായ അടിച്ചമർത്തലുകളുടെയും നാളുകളിലാണ് 'അണിയറയിൽ ഞങ്ങളുടെ ആയുധപ്പുരകൾ' എന്ന കഥ യെഴുതുന്നത്. വ്യവസ്ഥയെ കീഴടക്കുവാൻ വളരെയെളുപ്പം സാധ്യമാകുന്ന

സാഹചര്യം അടിസ്ഥാന തൊഴിലാളി വർഗ്ഗം സംഭരിച്ചു കഴിഞ്ഞുവെന്ന ബോധത്തിലധിഷ്ഠിതമാണ് ഈ രചനയും എന്നത് ശ്രദ്ധേയമാണ്. അടിസ്ഥാനവർഗ്ഗത്തെ ശിഥിലമാക്കി കൊണ്ട് പ്രത്യയശാസ്ത്രത്തിന്റെ വിവിധ ഗ്രൂപ്പുകൾ രൂപം കൊണ്ടത് വ്യവസ്ഥയുടെ സൃഗാല ബുദ്ധിയായി രിക്കണം. പ്രഭാതം മുതൽ പ്രദോഷം വരെയുള്ള സമയങ്ങളിൽ യന്ത്രങ്ങളെ പ്പോലെ തൊഴിലാളികളെ പണിയെടുപ്പിക്കുന്ന തടവറകളാണ് മൂലധന ശക്തികൾ ഭരണകൂടത്തിന്റെ സഹായത്തോടെ നടപ്പിലാക്കിയിരുന്നത്. കുറച്ച് സംസാരം കൂടുതൽ അധ്വാനം എന്ന മുദ്രാവാക്യം ഭരണകൂടം തന്നെ പ്രചരിപ്പിക്കുന്ന കാലം, രാജ്യത്തിന്റെ അഭിവൃദ്ധി ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുക മാത്രമാണ് തൊഴിലാളി വർഗ്ഗത്തിന്റെ കടമ എന്ന് ഭരണകൂടം പ്രചരിപ്പിച്ചിരുന്നു. പ്രതിഷേധ സ്വരങ്ങളൊന്നുമുയർത്തുവാൻ തൊഴിലാളി വർഗ്ഗത്തിനെന്നല്ല ജനതയ്ക്കാകെ നിഷേധിക്കപ്പെട്ട കാലമാണത്.

തൊഴിലാളിവർഗ്ഗത്തിൽ തന്നെ പെട്ട കുറച്ചു കൂടുതൽ ശമ്പളം കൈപ്പറ്റുന്ന മറ്റൊരു തൊഴിലാളിയാൽ പോലും അവർ കൂട്ടത്തോടെ അപമാനിക്കപ്പെടുന്നുണ്ട്. അടക്കിഭരിക്കൽ ഒരു സാംക്രമികരോഗം എന്ന പോലെ ഭരണാധികാര വർഗത്തിൽ നിന്ന് സന്ദേശമായി തൊഴിലാളിയുടെ വലതുപക്ഷ ചിന്താഗതിയെ ശക്തിപ്പെടുത്തിയിരുന്നു. അവർ തമ്മിലുള്ള ഏറ്റുമുട്ടലിലെ പരാജയങ്ങൾ പോലും വിജയങ്ങളായി ചിത്രീകരിക്കപ്പെട്ടു. സ്വാതന്ത്ര്യം തേടിയവരെല്ലാം തടവിലാക്കപ്പെട്ടു കഴിഞ്ഞിരുന്നു. അവരെ രാജ്യദ്രോഹികൾ എന്ന വിധിയെഴുതി വിചാരണയില്ലാതെ തടവിൽ സൂക്ഷിച്ചു. തെരുവുകൾ പോലീസ് അധികാരികളുടെ സ്വൈര്യവിഹാര കേന്ദ്രങ്ങളായി പരിവർത്തനം ചെയ്തു. ജോലി കഴിഞ്ഞ് തിരിച്ചെത്തുന്ന തൊഴിലാളികളെ അധികാരമുപയോഗിച്ച് ഭയപ്പെടുത്തുന്നതും മർദ്ദിക്കുന്നതും വാർത്തയല്ലാതായി മാറി. ഒരു ഉത്തരേന്ത്യൻ ഫാക്ടറിയിൽ നിന്ന് രാത്രി യിൽ പുറത്തിറങ്ങുന്ന തൊഴിലാളികൾക്ക് മുന്നിൽ ചാരുഭൂഷൻ എന്ന സഹതൊഴിലാളി മർദ്ദനമേറ്റ പാടുകളുമായി പൊടുന്നനെ പ്രത്യക്ഷപ്പെട്ട

ന്നുണ്ട്. തടവിൽ നിന്ന് രക്ഷപ്പെട്ട എട്ടു പേരടങ്ങുന്ന സംഘത്തിലെ അഭയം തേടുന്ന ഒരുവൻ മാത്രമാണ് ചാരുഭ്രഷൻ. ചാരുഭ്രഷണിനെ സംരക്ഷിച്ച എന്ന കാരണം കൊണ്ടാണ് തൊഴിലാളികൾ മർദ്ദനത്തിനിരയാകുന്നത്.

ജയരാജിന്റെ കഥയിൽ ഗ്രാമപശ്ചാത്തലങ്ങൾ, മാനസിക സംഘർഷങ്ങൾ, നാടകീയമായ ഗതിമാറ്റങ്ങൾ എന്നിവ ഒരു ചലച്ചിത്രം പോലെ ആവിഷ്കരിക്കാറുണ്ട്. ഡിസംബറിലെ മഞ്ഞ് അധികാര വ്യവസ്ഥ യുടെ സർവ്വവ്യാപിയായ സംഹാരത്തിന്റെ സൂചനയായി കാണാവുന്നതാണ്. തൊഴിലാളി വർഗ്ഗത്തോടുള്ള പകയും പുച്ഛവും വ്യവസ്ഥയെത്ര കരുതലോടെ യാണ് നടപ്പിലാക്കുന്നതെന്നും ഇതിനെതിരെ സായുധമായ കലാപമാണ് അഭിലഷണീയമെന്നുമുള്ള കഥാനായകന്റെ ചിന്ത കഥയുടെ മുഖ്യപ്രമേയ മാണ്. സംഘടിത ശക്തികൊണ്ട് അധികാര വർഗ്ഗത്തെയും അവരുടെ കങ്കാണികളെയും സ്ഥാനഭ്രഷ്ടരാക്കാൻ പോകുന്ന മഹാശക്തി സ്രോതസ്സാണ് ആയുധപ്പുരയായി ഇവിടെ വിശേഷിപ്പിക്കപ്പെടുന്നത്. എന്തിനാണ് അധ്വാന വർഗ്ഗം ദുർബലമായ വ്യവസ്ഥയ്ക്ക് മുന്നിൽ ഇപ്രകാരം കീഴടങ്ങുന്നതെന്ന ചോദ്യമാണ് കഥാകൃത്ത് പ്രത്യക്ഷമായിത്തന്നെ വായനക്കാർക്ക് നേരെ ഉന്നയിക്കുന്നത്. മാറ്റത്തിന്റെ പ്രതിരോധവുമായി തൊഴിലാളി വർഗ്ഗം ഇന്ത്യയിൽ കരുത്താർജ്ജിക്കുന്നു എന്ന ശുഭാപ്തിയാണ് ഈ കഥയുടെ അന്തർധാര.

'തെയ്യങ്ങൾ' എന്ന കഥയിൽ തൊഴിലാളിവർഗ ശക്തിയെ കേരള ത്തിലെ ഒരു അനുഷ്ഠാനകലയുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുകയാണ് കഥാകൃത്ത്. ഗുളികൻ വേഷം ആടുന്ന ഗംഗൻ, സമൂഹത്തിലെ ഭക്തിയുടെ ഊർജ്ജവും വിപ്ലവത്തിന്റെ ആവേശവും ഒരുപോലെ സ്വാംശീകരിക്കുന്നു. അതുകൊണ്ടുതന്നെ 'പൈതങ്ങളേ' എന്ന് വിളിച്ച നാവുകൊണ്ട് തന്നെ 'സഖാക്കളേ' എന്നു വിളിക്കാനും അയാൾക്ക് ധൈര്യം കിട്ടുന്നു. ഭക്തിയിൽ ലയിച്ചു നിന്ന സമൂഹം രണ്ടിടത്തും മനഃശാസ്ത്ര പരിവർത്തനത്തിന് വിധേയ മാവുകയാണ്. കഥയിൽ വിപ്ലവമാണോ ഭക്തിയാണോ അതോ രണ്ടും കൂടിയാണോ അധികാരശക്തിയെ സ്തബ്ധമാക്കുന്നത് എന്ന ചോദ്യം

പ്രസക്തമാണ്. കണ്ണൂർ ഭാഷയുടെയും ജീവിതശൈലിയുടെയും സന്നിവേശം കഥയുടെ സവിശേഷതയാണ്.

ഒരു രാജ്യത്തിന്റെ രാഷ്ട്രീയത്തെ തീരുമാനിക്കുന്നത് ആ രാജ്യത്തെ ഭരണകൂടവും നീതിന്യായ വ്യവസ്ഥയും ചേർന്നാണ്. ഇന്ത്യയെ സംബന്ധിച്ച് ഇന്ത്യൻ ഭരണഘടന അധിനിവേശ ശക്തിയായ ബ്രിട്ടന്റെ ഭരണഘടനയുടെ തുടർച്ചയാണെന്നത് വ്യവസ്ഥാപിത ഇടതുപക്ഷത്തിന്റെ ആക്ഷേപമാണ്. കുറ്റത്തെ ശിക്ഷിക്കുകയല്ലാതെ, കുറ്റവാളികളെ സൃഷ്ടിക്കുന്ന സാമൂഹിക സാഹചര്യം പരിശോധിക്കുവാൻ ഭരണകൂടമോ അതിന്റെ ഭാഗമായ നീതിന്യായ വ്യവസ്ഥയോ തയ്യാറല്ല.

വ്യവസ്ഥ എന്താണെന്ന് തിരിച്ചറിയുവാൻ വേണ്ടി എത്തുന്ന നിരീക്ഷകൻ 'വിചാരണ' എന്ന കഥയിലെ പ്രധാന കഥാപാത്രമാണ്. കുറ്റവിചാരണയിലെ വൈരുധ്യം അയാളെ അസ്വസ്ഥനാക്കുന്നുണ്ടെങ്കിലും കവാടത്തിൽ നിന്ന് പുറത്തിറങ്ങുവാൻ അനുവാദമില്ല. ഒരർത്ഥത്തിൽ അയാളും വ്യവസ്ഥയുടെ തടവുകാരനായി മാറുന്നു. വിചാരണയ്ക്ക് വിധേയരാകുന്നത് വ്യവസ്ഥയുടെ മുമ്പിൽ കടുത്ത കുറ്റം ചെയ്തവരാണ്. അവർക്ക് ഔപചാരികമായി മാത്രമാണ് തങ്ങളുടെ ഭാഗം വെളിപ്പെടുത്താൻ കഴിയുന്നതുപോലും. വിചാരണയ്ക്ക് വിധേയനാകുന്ന ആദ്യത്തെയാൾക്ക് സഹോദരിയെ വിവാഹം കഴിക്കാൻ നിർബന്ധിതമായ ജീവിത ദൈന്യതയെക്കുറിച്ചാണ് പറയാനുള്ളത്. എന്നും അവിവാഹിതയായി അസംതൃപ്തയായി ഒരു ബലാത്സംഗത്തിന് പോലും വിധേയമാകുമായിരുന്ന സഹോദരിയെ വിവാഹം കഴിക്കുകയല്ലാതെ തനിക്ക് മറ്റു മാർഗ്ഗങ്ങൾ ഉണ്ടായിരുന്നില്ലെന്ന് അയാൾ പറയുന്നു. രണ്ടാമത് വിചാരണയ്ക്ക് വിധേയനാകുന്നയാൾ പിതൃഘാതിയാണ്. അളവില്ലാതെ മക്കളെ ഉത്പാദിപ്പിക്കുന്നതിൽ ഉന്മാദം കൊള്ളുന്നയാളായിരുന്നു അയാളുടെ അച്ഛൻ. എന്നാൽ കുട്ടികളുടെ പ്രാഥമികാവശ്യങ്ങൾപോലും നിർവഹിക്കുവാനുള്ള ഉത്തരവാദിത്വം പിതാവ് ഏറ്റെടുക്കുന്നുമില്ല. പതിനൊന്നാമനെ തന്റെ അമ്മ ഗർഭം ധരിച്ചപ്പോഴാണ് അയാൾ പിതാവിനെ വധിക്കുന്നത്. ഇവിടെ കോടതിയുടെ തീർപ്പ്

വിചിത്രമാണ്. കുഞ്ഞിന്റെ ജനനത്തിന് നേരിട്ട് കാരണക്കാരിയായ മാതാവിനെ വധിക്കാൻ ശ്രമിക്കാതെ ഉൽപാദനപ്രക്രിയയ്ക്ക് ഉത്തരവാദി യാണോ എന്ന് പ്രതിക്ക് തന്നെ നിശ്ചയമില്ലാത്ത പിതാവിനെ വധിക്കാൻ ശ്രമിച്ചുവെന്നത് തന്നെ കാര്യങ്ങളെ കൃത്യമായി അറിയില്ല എന്നതിന്റെ തെളിവായി കോടതി കണക്കാക്കുന്നു.

വ്യവസ്ഥയെ അട്ടിമറിച്ചു കൊണ്ടുള്ള കഥാകാരന്റെ പ്രത്യാശയി ലാണ് കഥ അവസാനിക്കുന്നത്. ന്യായാധിപൻ വധിക്കപ്പെടുകയും വ്യവസ്ഥ അട്ടിമറിക്കപ്പെടുകയും, കുറ്റവാളികളോടും നിരീക്ഷകരോടും രക്ഷപ്പെട്ടുകൊള്ളു വാനുമുള്ള ഒരാഹ്വാനം കഥയുടെ അവസാനം ഉണ്ടാവുകയും ചെയ്യുന്നു. സംഭ്രമജനകമായ ഭാഷയും കഥാസന്ദർഭങ്ങളും വിചിത്രവും വിഭ്രാമകരവുമായ നാടകീയതയും ഈ കഥയുടെ സവിശേഷതയാണ്. സാർവ്വ ലൗകികമായ മാനം ഈ കഥയ്ക്കുണ്ട്.

അടിയന്തരാവസ്ഥയ്ക്ക് ശേഷം തീവ്ര വിപ്ലവകാരിയായ എക്സ് എന്ന പ്രതീകവും വ്യവസ്ഥാപിത കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രധാന വക്താവും തമ്മിൽ നടക്കുന്ന സംവാദാത്മകമായ കഥയാണ് 'സാഹസിക നായ എക്സും ഞാനും'. വ്യവസ്ഥാപിത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അക്കാല ഘട്ടത്തിലെ നിലപാടിനെ വിമർശനാത്മകമായി നിരീക്ഷിക്കുകയാണ് ഈ കഥയിലൂടെ കഥാകൃത്ത്. ഭരണകൂടാധികാരത്തിന്റെ എല്ലാ ഗുണങ്ങളും അനുഭവിക്കുകയും നക്സലൈറ്റുകളെ വേട്ടയാടുകയും ചെയ്ത വ്യവസ്ഥാപിത ഇടതുപക്ഷത്തിന് വിപ്ലവം എന്ന വാക്ക് പറയാൻ പോലും അർഹതയി ല്ലെന്ന് കഥയിൽ സൂചിപ്പിക്കുന്നു. കഥയിലെ 'ഞാൻ' വ്യവസ്ഥാപിത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രതിനിധിയാണ്. ബുദ്ധിപരവും പ്രായോഗിക വുമായ തീരുമാനങ്ങൾ സ്വീകരിച്ചതോർത്ത് കഥയിലെ 'ഞാൻ' അഭിമാനി ക്കുന്നുണ്ട്. ആത്മപരിശോധനയിലൊരിടത്ത് പോലും അയാൾ അപകർഷ ബോധത്തിന് അടിപ്പെടുന്നില്ല. എന്നാൽ നാമാവശേഷമായി എന്ന് കരുതിയ എക്സ് കരുത്താർജ്ജിച്ച വസ്തുത അവർ അറിയുന്നുമുണ്ടായിരുന്നില്ല. വിപ്ലവകാരികൾ തടവറ ഭേദിച്ച് പുറത്തുവരുമ്പോൾ പരിഭ്രാന്തനായി

സംരക്ഷകരുടെ സഹായം തേടി നിലവിളിക്കുന്നവരുടെകൂടെ വ്യവസ്ഥാപിത ഇടതുപക്ഷവും ഉൾപ്പെടുന്നുണ്ട്. തീവ്ര നിലപാടുകൾ സ്വീകരിക്കുന്നവർ ക്കൊപ്പം കഥാകൃത്ത് ഐക്യം പ്രഖ്യാപിക്കുന്ന കഥയാണിത്.

അരാഷ്ട്രീയമായി ജീവിക്കുകയും അതേസമയം വ്യവസ്ഥയുടെ രാഷ്ട്രീയം പ്രത്യക്ഷമായി തന്നെ ഉൾക്കൊള്ളുകയും ചെയ്യുന്ന ബഹുഭൂരിപക്ഷം ജനതയ്ക്ക് ജീവിതാവസ്ഥകളിൽ നിന്ന് പാഠം ഉൾക്കൊള്ളാതിരുന്നാൽ അതിന് വലിയ നഷ്ടങ്ങൾ അനുഭവിക്കേണ്ടി വരിക തന്നെ ചെയ്യുമെന്ന മുന്നറിയിപ്പാണ് 'വനഗീതികൾ കേട്ടുറങ്ങുന്നവർക്കുള്ള താക്കീതുകൾ' സമത്വാധിഷ്ഠിതമായ സുന്ദര ലോകത്തെയും അതിന്റെ രാഷ്ട്രീയത്തെയും സാക്ഷാത്കരിക്കാനായി ജീവിതമുഴിഞ്ഞുവെച്ച ത്യാഗികളായ ഒരുപാട് യുവാക്കളെക്കുറിച്ച് മേൽപ്പറഞ്ഞ വ്യവസ്ഥയുടെ അടിമകൾക്ക് അറിവില്ല. അവരോടാണ് കഥാകൃത്ത് ഈ കഥ പറയുന്നത്.

1991-ലെ സോവിയറ്റ് യൂണിയന്റെ തകർച്ചയും അതിന്റെ തുടർച്ച യെന്നോണം സാർവദേശീയമായി സോഷ്യലിസ്റ്റ് ചേരികൾ മുഴുവൻ ഇല്ലാതാക്കുകയും ചെയ്ത സാഹചര്യത്തിൽ രചിക്കപ്പെട്ട കഥയാണ് 'ഒരു പൗരന്റെ സംശയങ്ങൾ'. സോഷ്യലിസ്റ്റ് ചേരിയുടെ ഭാഗത്ത് നിന്ന് സജീവ മായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിയ വിപ്ലവകാരികൾക്കു ണ്ടായ ഇച്ഛാഭംഗവും നഷ്ടവ്യഥയുമാണ് കഥയുടെ ഇതിവൃത്തം. കഥാനായ കൻ കുഞ്ഞിക്കേളുവേട്ടൻ ഈ തകർച്ചയെ ഇരുപത്തിമൂന്ന് വർഷം മുമ്പ് പ്രവചിച്ച് സഹസഖാക്കളാൽ പരിഹാസ്യനായവനാണ്. സോവിയറ്റ് പ്രസിദ്ധീകരണങ്ങളിലൂടെ ഉക്രൈൻ ജോർജിയൻ സമ്പന്നതകളും സംസ്കാര ങ്ങളും ബാഹ്യമായി പ്രചരിപ്പിച്ചുകൊണ്ടിരുന്ന മാധ്യമങ്ങൾ ലോകത്തെങ്ങും സുലഭമായിരുന്നതാണ് പരിഹാസത്തിന് കാരണം. എന്നാൽ റഷ്യയും ചൈനയും തമ്മിൽ നടന്ന അന്ത:സംഘർഷങ്ങളും ആശയവിനിമയങ്ങളു മാണ് കുഞ്ഞിക്കേളുവേട്ടനെ പോലെ ചിലരെ തിരിച്ചറിവിലേക്ക് നയിച്ചത്. ഏറ്റുകത്തികൊണ്ട് നാടുവാഴിയുടെ തോളരിഞ്ഞ വിപ്ലവപാരമ്പര്യം കുഞ്ഞി ക്കേളുവേട്ടനുണ്ട്. സ്വാഭാവികമായും തൊഴിലാളി വർഗ്ഗ രാഷ്ട്രീയം അയാളുടെ

ജീവിതത്തിന്റെ ഭാഗമായിരുന്നു. 1948-ലെ കൽക്കത്ത തിസീസിന്റെ കാലത്തുണ്ടായ ലോക്കപ്പ് മർദ്ദനവും ജയിൽവാസവും അയാളെ രോഗിയും മരം വെട്ടുകാരന്റെ തൊഴിൽ തെരഞ്ഞെടുക്കുവാനും നിർബന്ധിതനാക്കി. മകൻ മാധവനെ വിപ്ലവകാരിയായി പരിവർത്തിപ്പിക്കുന്നതിലും അയാൾ നിഷ്ക്കർഷത പുലർത്തുന്നുണ്ട്. പ്രസ്ഥാനത്തിന്റെ ഏതുതരം പ്രതിസന്ധി യെയും ന്യായീകരിക്കാൻ മാത്രം വിധിക്കപ്പെട്ടവരുടെ ഒരു തുടർച്ചയിലാണ് കുഞ്ഞുക്കേളുവേട്ടനെങ്കിലും കൺമുന്നിൽ കാണുന്ന അനുഭവങ്ങൾ അയാളെയും മകനെയും പരിഭ്രാന്തരാക്കി മാറ്റുന്നുണ്ട്. അമേരിക്കൻ സാമ്രാജ്യ ത്വത്തിന് തുല്യമാണ് ലോക ചൂഷണത്തിൽ സോഷ്യൽ സാമ്രാജ്യത്വവും എന്ന് ഒട്ടനേകം വിപ്ലവകാരികൾ മാറി ചിന്തിക്കുന്ന കാലമായിരുന്നു അത്. മാവോയെ പ്രതിഷ്ഠിക്കുന്നതും നിരാകരിക്കുന്നതും പ്രത്യയശാസ്ത്രത്തിന്റെ പ്രയോഗപഥത്തിൽ വിശദീകരിക്കാനാകാതെ മറന്നുകളഞ്ഞ ഒരു യാഥാർത്ഥ്യവുമാണ്. ഈ സന്ദർഭത്തിലാണ് തീവ്രവിപ്ലവകാരികൾ പ്രത്യക്ഷപ്പെടുന്നത്. അതിന്റെ ഭാഗമായി മകൻ മാധവനും മാറുന്നു. പ്രത്യയശാസ്ത്ര നിലപാടുകളിൽ ഉറച്ചുനിന്ന കുഞ്ഞുക്കേളുവേട്ടൻ പാർട്ടിക്ക് അനഭിമതനാകുന്നു. എന്നാൽ കഥയുടെ ഒടുവിൽ ഒളിപ്പോരാട്ടത്തിൽ പങ്കെടുത്ത് നിരാശാഭരിതരായ അനവധി ചെറുപ്പക്കാരുടെ പ്രതീകമായി മാധവൻ മാറുന്നു. കമ്മ്യൂണിസ്റ്റുകാരുടെ വിപ്ലവത്തെക്കുറിച്ചുള്ള ദേശീയവും സാർവ്വദേശീയവുമായ കാഴ്ചപ്പാടുകൾ ഭിന്നവും സങ്കീർണവുമാകുന്നത് എങ്ങനെയെന്ന ചരിത്രപരമായ അന്വേഷണമാണ് ഈ കഥ നിർവഹിക്കു ന്നത്. "കമ്മ്യൂണിസം ലോകത്തിന്റെ മണ്ണാങ്കട്ടയാണ്" (യു.പി ജയരാജ്: 2012:228) എന്ന മാധവന്റെ നിരീക്ഷണം അക്കാലഘട്ടത്തിലെ വിപ്ലവ പ്രതിസന്ധിയുടെ വിഭിന്നമായ അഭിപ്രായങ്ങളുടെ സംശയമായി കഥയിൽ മാറുന്നുണ്ട്. പ്രത്യാശാഭരിതനായ കഥാകൃത്ത് എന്നാണ് സി വി ബാലകൃഷ്ണൻ ജയരാജിനെ ഓർമ്മിക്കുന്നത് (യു.പി ജയരാജ്: 2012: 09). ജയരാജിലെ പ്രത്യാശ സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചയ്ക്ക് ശേഷം നിരാശയായിത്തീ രുന്നു.

**സഹായക ഗ്രന്ഥങ്ങൾ**

1. അജയകുമാർ എൻ : ആധുനികത മലയാള കവിതയിൽ, 2013, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.

2. ജയരാജ് യു.പി : യു.പി ജയരാജിന്റെ കഥകൾ സമ്പൂർണം, 2012, ഡി.സി ബുക്സ്, കോട്ടയം.

3. നരേന്ദ്രപ്രസാദ്- എന്റെ സാഹിത്യനിരൂപണങ്ങൾ, 1999, ഡി സി ബുക്സ്, കോട്ടയം.

4. മുകുന്ദൻ എം - എന്താണ് ആധുനികത, 2015, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.

5. രവികുമാർ കെ എസ് - കഥയും ഭാവുകത്വപരിണാമവും, 2012, നാഷണൽ ബുക്ക്സ്റ്റാൾ, തിരുവനന്തപുരം.

6. രാജീവൻ ബി - വാക്കുകളും വസ്തുതകളും, 2014, ഡി സി ബുക്സ്, കോട്ടയം.

7. വിജയൻ എം എൻ - നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം, 2000, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

8. സച്ചിദാനന്ദൻ : മുഹൂർത്തങ്ങൾ, 1996, ഡി.സി ബുക്സ്, കോട്ടയം.

9. സച്ചിദാനന്ദൻ: സാഹിത്യവും പ്രതിരോധവും, 2013, പ്രതീക്ഷാബുക്സ്, കോഴിക്കോട്

# കോവിലന്റെ കഥകളിലെ സ്ത്രീ: സ്വരൂപവും ആഖ്യാനവും

**ഷീബ പി.**

**പ്രബന്ധ സംഗ്രഹം**

വ്യക്തമായ സ്ത്രീപക്ഷനിലപാടുകൾ വെച്ചുപുലർത്തുന്നവയാണ് കോവിലന്റെ മിക്ക കഥകളും. സ്ത്രീകളെ അപകീർത്തിപ്പെടുത്ത വിധമുള്ള പെരുമാറ്റങ്ങളും അവരെ തരംതാഴ്ത്താനുള്ള ശ്രമവും ഒരിക്കലും അദ്ദേഹം അംഗീകരിച്ചിരുന്നില്ല. തന്റെ ചുറ്റുപാടും കണ്ട സ്ത്രീകളെയാണ്, അവരുടെ അനുഭവങ്ങളെയാണ് ആവിഷ്കരിക്കാൻ ശ്രമിച്ചതെന്ന് കോവിലൻതന്നെ പറയുന്നുണ്ട്. അതിനായി ഓരോ കഥയുടെയും അവസാനം വരെ പരുഷമായ വാക്കുകളെ ആയുധമാക്കിക്കൊണ്ട് സ്ത്രീകൾ തങ്ങളുടെ ജീവിത യാത്രയിൽ പടയോട്ടം നടത്തുന്നു. 'ഒരു വിദ്യാർത്ഥിയുടെ അമ്മ', 'തേവിടിശ്ശി', 'നിലവിളക്ക്', 'അമ്മയും മകനും' 'സുജാത' എന്നീ കഥകളിലെ പ്രമേയം, ഭാഷ, അവതരണരീതി എന്നിവ അടിസ്ഥാനമാക്കിയാണ് ഈ പ്രബന്ധം തയ്യാറാക്കിയിരിക്കുന്നത്. രോഗം, നിരാശ്രയത്വം, പട്ടിണി തുടങ്ങിയ ജീവിത സാഹചര്യങ്ങളെ ഏതു വിധേനയും മറികടക്കാൻ പക്വത നേടിയ സ്ത്രീത്വത്തിന്റെ ഉടമകളായാണ് കോവിലൻ ഈ കഥകളിലെ ഓരോ സ്ത്രീകഥാപാത്രത്തെയും വരച്ചിടുന്നത്.

സ്വാതന്ത്ര്യം, വിദ്യാഭ്യാസം, വീട് തുടങ്ങിയ പ്രാഥമികമായ ആവശ്യങ്ങൾക്ക് ജീവിതത്തിൽ ഏറ്റവും പ്രാധാന്യം കൊടുക്കുന്നവരാണ് കോവിലന്റെ സ്ത്രീകഥാപാത്രങ്ങൾ. ഇത്തരം ആവശ്യങ്ങളുടെ പൂർത്തീകരണത്തിനായി ജീവിക്കുകയും പ്രശ്നങ്ങളെ അതിജീവിക്കാനുള്ള പോംവഴി കണ്ടെത്തുകയും ചെയ്യുന്നുണ്ട് ഇവർ. കഥയുടെ നിലവിലുള്ള നിയമങ്ങളോട് പോരാടിക്കൊണ്ട് ഇതിവൃത്തം, ഭാഷ, ആഖ്യാനം, ദർശനം എന്നിവയിലൊക്കെ സമകാല കഥകളെ വിഭ്രമിപ്പിക്കുന്ന കഥയുടെ മറ്റൊരു ലോകം സൃഷ്ടിക്കുന്ന കോവിലന്റെ രചനകൾ അക്കാലത്തെ മറ്റു കഥകളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്.

**താക്കോൽവാക്കുകൾ :** ചെറുകഥ, സ്ത്രൈണം, ആഖ്യാനം

മലയാളചെറുകഥാസാഹിത്യത്തിൽ തികച്ചും വ്യത്യസ്തമായ ആഖ്യാനരീതിയുമായി കടന്നുവന്ന എഴുത്തുകാരനാണ് കോവിലൻ. ആവിഷ്കരണത്തിലും ശില്പഘടനയിലും പുതിയ പാതയിലൂടെ സഞ്ചരിച്ച അദ്ദേഹം ആത്മാംശമുള്ള കഥകളുമായി രംഗപ്രവേശം ചെയ്തു. കഥയുടെ നിലവിലുള്ള നിയമങ്ങളോട് പോരാടിക്കൊണ്ട് ഇതിവൃത്തം, ഭാഷ, ആഖ്യാനം, ദർശനം

എന്നിവയിലൊക്കെ സമകാല കഥകളെ വിഭ്രമിപ്പിക്കുന്ന കഥയുടെ മറ്റൊരു ലോകം സൃഷ്ടിക്കുന്ന കോവിലന്റെ രചനകൾ അക്കാലത്തെ മറ്റു കഥകളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്.

വൈവിധ്യമാർന്ന തീക്ഷ്ണാനുഭവങ്ങളുടെ ആവിഷ്ക്കാരമാണ് കോവിലന്റെ കഥാലോകം. അത് നിരാലംബരായ സ്ത്രീകളുടെ അനുഭവാവിഷ്ക്കാരമായി മാറുന്നത് പല കഥകളിലും കാണാം. ഒരുകാലത്ത് നേരിട്ടിരുന്ന മുഖ്യപ്രശ്നങ്ങളായ വിശപ്പ്, രോഗം, നിരാശ്രയത്വം എന്നിവയോട് ജീവിതാവസാനം വരെ സധൈര്യം പോരാടുന്ന സ്ത്രീകഥാപാത്രങ്ങളെയാണ് കോവിലൻ തന്റെ കഥകളിൽ വരച്ചിട്ടുന്നത്. 'ഒരു വിദ്യാർത്ഥിയുടെ അമ്മ' , 'തേവിടിശ്ശി', 'നിലവിളക്ക്', 'അമ്മയും മകനും' , 'സുജാത' എന്നീ കഥകൾ ഇതിന്റെ പ്രത്യക്ഷോദാഹരണങ്ങളാണ്.

'ഒരു വിദ്യാർത്ഥിയുടെ അമ്മ' എന്ന കഥയിലെ കേശവന്റെ അമ്മ സമകാലിക മലയാള സമൂഹത്തിലും മായാത്ത അടയാളമായി നില്ക്കുന്നു. ഭർത്താവിന്റെ മരണത്തോടെ ജീവിതഭാരം സധൈര്യം ഏറ്റെടുക്കുന്നുണ്ട് അവർ. മകനെ പഠിപ്പിക്കാനായി കൂലിവേലക്കുപോകുന്ന ആ അമ്മ ജീവിതത്തിലെ നൊമ്പരങ്ങളെയും പ്രതികൂലസാഹചര്യങ്ങളെയും അതിജീവിച്ച് മുന്നേറാനുള്ള മനോധൈര്യം കാണിക്കുന്നുണ്ട്. സാമ്പത്തികതരംതിരിവുകൾ കൊണ്ട് അധ:പതിച്ചുപോയ ഒരു സമൂഹത്തിൽ കഷ്ടപ്പെടുന്ന സ്ത്രീയെ ഇവിടെ അവതരിപ്പിക്കുന്നു.

മഴക്കെടുതിയിൽ ആകെയുള്ള ഇരുപത്തിയൊന്ന് തെങ്ങുകളിൽ പതിനൊന്നെണ്ണം പൊട്ടി വീണതിന്റെ സങ്കടവും പേറി നിൽക്കുന്ന കുടുംബമാണ് കുഞ്ഞിയമ്മയുടേയും മകൻ കേശവന്റേതും. മകന്റെ വിദ്യാഭ്യാസത്തിന് മറ്റെല്ലാറ്റിനേക്കാളും പ്രാധാന്യം കൊടുക്കുന്ന ആ അമ്മ അവിടെയും തളരുന്നില്ല. അരയണയുടെ മുതിര വറുത്തിടിച്ച് തിളപ്പിച്ചാണ് അമ്മയും മകനും ചിലപ്പോൾ രാവും പകലും കഴിക്കുക. പ്രകൃതിക്ഷോഭത്താൽ ആകെയുള്ള തെങ്ങുകളും നശിച്ച് ജീവിതം വഴിമുട്ടിയപ്പോഴും തളരാതെ മറ്റൊരു മാർഗ്ഗം ആ അമ്മ കണ്ടെത്തുന്നു. അന്നുവരെ ചെയ്തിട്ടില്ലാത്ത നെല്ലു കൊയ്ത്ത് എന്ന

കൂലിവേല ചെയ്യാൻ അവർ തയ്യാറാവുകയാണ്. അവർ മകനോടു ചോദിക്കുന്നു :

ഇങ്ങനെ ഇരുന്നാ പറ്റ്വോ? അമ്മ കൊയ്യാൻ പോട്ടേ?” (കോവിലന്റെ സമ്പൂർണ്ണ കഥകൾ 2017 പു. 124).

ജീവിത യാത്രയിൽ വഴി മുടങ്ങിയപ്പോൾ മറ്റൊരു വഴി സ്വയം വെട്ടിത്തുറന്ന് സധൈര്യം യാത്രചെയ്യുന്ന ഒരമ്മയെ നമുക്കിവിടെ കാണാം. തന്റെ അമ്പത്തിരണ്ടാം വയസ്സിലും അവർ അതിനു തയ്യാറാകുന്നത് മകന്റെ വിദ്യാഭ്യാസത്തിനു മറ്റെല്ലാറ്റിനേക്കാളും പ്രാധാന്യം കൊടുക്കുന്നതു കൊണ്ടു തന്നെയാണ്.

“അവരെ ആരാണ് പണിക്കു വിളിക്കാൻ ?”

അമ്മ തന്നെ സ്നേഹമുള്ളവരോടു പറകയായി:

“ന്നേം കൊയ്യാൻ വിളക്കണന്ന പറേണട്ടോ” .

അങ്ങനെ അമ്മ കൊയ്തു . മകൻ കറ്റ കെട്ടി. മുമ്മൂന്നു ചുരുട്ട് വാഴവള്ളിയിൽ കെട്ടി അവൻ തലയിൽ ചുമന്നു.

മെതിച്ചു കിട്ടിയ പതമ്പു പുഴുങ്ങി വറുത്തു കുത്തി പാതിര കഴിഞ്ഞപ്പോൾ അവർ അത്താഴമുണ്ട് ഉറങ്ങാൻ കിടന്നു.

“മോനേ!”

“എന്തേ?”

“ഇന്ന് നമ്മള് പോയില്ലെങ്കി അത്താഴം ഉണ്ണാൻ പറ്റ്യേര്ന്നോ?” (കോവിലന്റെ സമ്പൂർണ്ണ കഥകൾ 2017 : പു.125)

ഇതുപോലെ ഏതു പ്രതിസന്ധിഘട്ടത്തെയും അതിജീവിച്ച് മുന്നേറാൻ കെല്പുള്ള സ്ത്രീ കഥാപാത്രങ്ങളെയാണ് കോവിലൻ അവതരിപ്പിക്കുന്നത്. കഥയുടെ അവസാനം അമ്മ ഉച്ചക്കഞ്ഞി കുടിച്ചു മുട്ടിനു ചേറുള്ള കണ്ടത്തിൽ

നട്ടുകൊണ്ടിരിക്കവേ, തലചുറ്റി, ഛർദ്ദിച്ച്, മറിഞ്ഞു വീണു...” എന്നാണ് കഥാകൃത്ത് പറഞ്ഞിരിക്കുന്നത് (കോവിലന്റെ സമ്പൂർണ്ണകഥകൾ 2017: പു.129). ദാരിദ്ര്യവും രോഗവും മൂലം മരണത്തിനു കീഴടങ്ങുന്നുണ്ടെങ്കിലും ജീവിക്കാൻവേണ്ടി അവസാനംവരെ പൊരുതുന്ന കുഞ്ഞിയമ്മ പരാജയപ്പെട്ടു കയല്ല, വിജയിക്കുകയാണ് ചെയ്യുന്നത്. ലക്ഷ്യം നേടിയാലും ഇല്ലെങ്കിലും ജീവിതത്തിലെ ദുരിതങ്ങൾക്കിടയിൽ തളരാതെപൊരുതുന്ന സ്ത്രീയുടെ കരുത്ത് ഇവിടെ മാതൃകാപരമാണ്. വൈയക്തികാനുഭവങ്ങളെ മൂർത്തീകരി ക്കാൻ ശ്രമിക്കുന്ന കോവിലൻ അതിനു കാരണമായിത്തീരുന്ന സാമൂഹിക സാഹചര്യങ്ങളെയും യാഥാർത്ഥ്യങ്ങളെയും തുറന്നെഴുതുന്നു.

‘തേവിടിശ്ശി’ എന്ന കഥയിലെ ജാനകി മുസ്ലിം യുവാവിനെ വിവാഹം കഴിച്ചതിന്റെ പേരിൽ സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടവളാണ്. എന്നാൽ എല്ലാം അവഗണിച്ചുകൊണ്ട് ജീവിക്കാൻ തീരുമാനിച്ച അവർ പിന്നീട് വിധവയായിട്ടു പോലും ജീവിതയാത്രയിൽ ഒട്ടും തളരുന്നില്ല.

" വിധവ !

പട്ടണം, വാടകപ്പുര, തൊഴിലില്ലായ്മ!” (കോവിലന്റെ സമ്പൂർണ്ണ കഥകൾ 2017 : പു.42).

ഉണ്ടായിരുന്ന ചില്ലറ പണ്ടങ്ങളും വീട്ടുസാമാനങ്ങളും അവൾ വിറ്റു. ശേഷിച്ച വസ്തുവകകൾ ഒതുക്കിക്കൂട്ടി മാറാപ്പാക്കി. പിഞ്ഞിയകല്യാണപ്പുടവയിൽ പൊതിഞ്ഞ ഭർത്താവിന്റെ ഫോട്ടോ ആയിരുന്നു അതിനുള്ളിലെ ഏറ്റവും വലിയ നിധി.

അവൾ താൻ ജനിച്ചു വളർന്ന നാട്ടിൻപുറത്തേക്ക് കുഞ്ഞിനെയുമെടുത്ത് പുറപ്പെട്ടു.

"പൊറുക്കാൻ ഒരു വീട്. അതായിരുന്നു അവളുടെ ആവശ്യം. "

"വാടിത്തളർന്ന കുഞ്ഞിനെ തോളിലിട്ട്, മാറാപ്പ് തലയിലേറ്റി, അവൾ നടന്നു. തളരാതെ, നിരാശത കൂടാതെ" (കോവിലന്റെ സമ്പൂർണ്ണ

കഥകൾ 2017: പു. 43). ഇങ്ങനെ വ്യക്തമായ ലക്ഷ്യബോധം എല്ലായ്പ്പോഴും കൂടെ കൊണ്ടു നടക്കുന്ന സ്ത്രീകളെയാണ് കോവിലനു പ്രിയം.

ഒരു കൊച്ചു വീട് കിട്ടിയപ്പോൾ അതിൽ അത്യാവശ്യ സൗകര്യമൊരുക്കുകയായി അവളുടെ അടുത്ത ലക്ഷ്യം.

"അവൾ വീടൊന്നു പരിഷ്കരിക്കയുണ്ടായി. പ്രവേശനദ്വാരത്തിൽ ഓരോലവാതിൽ, അകത്ത് ഒരടുപ്പ്. ഉടുതുണികളും ഭർത്താവിന്റെ ഫോട്ടോ ഉള്ളിൽവെച്ചു മടക്കിയ കല്യാണപ്പുടവകളുടെ മാറാപ്പും തൂക്കിയിടാൻ ഇല്ലികൊണ്ട് ഒരു അയ. മൂളം കഴുക്കോലിൽ ഒരു ഉറി... പരിഷ്കരണം കഴിഞ്ഞു" ( കോവിലന്റെ സമ്പൂർണ്ണ കഥകൾ 2017: പു. 43).

വീടു പരിഷ്കാരത്തിനുശേഷം എന്തെങ്കിലും ഒരു പണി കിട്ടാൻ വേണ്ടി അവൾ അയൽക്കാരോട് വെവ്വേറെ പറയുന്നു:

"എന്തെങ്കിലും പണിയുണ്ടെങ്കിൽ വിളിക്കണേ . കുഞ്ഞിനെ ഇവിടെ കൊണ്ടുവന്നാൽ കുട്ടികൾ നോക്കുലോ".

അയൽക്കാർ അവളെപ്പറ്റി പറയുന്നതിൽനിന്നുതന്നെ അവളുടെ തന്റേടം പ്രകടമാണ്: "ഓൾടെ മൊരക്കു നോക്കാൻ ഏതു പുരുസനാ ധൈര്യം? നല്ലൊരു കരളുറപ്പുള്ളോളാ അവള്".

"വളരെ കഷ്ടപ്പെട്ടിട്ടാണ് ജാനകി പഠിച്ചത്. സ്കൂൾ സമയം വരെ ഓലമുടയും - സ്കൂളിൽ നിന്നു വന്നാലും. രാത്രി വായിക്കും. ഒഴിവു ദിവസങ്ങളിൽ അങ്ങാടികളിലേക്കു ഓലക്കെട്ടു ചുമക്കും. ഓണത്തിനും ക്രിസ്തുമസിനും സ്കൂൾ പൂട്ടിയാൽ കൊയ്യാൻ പോകും. മധ്യവേനൽക്കല്പന ക്കാലത്ത് മണ്ണു കോരാനും. നൂറുനൂറു പേർ അവളെ അപഹസിച്ചു. അവളുടെ അമ്മയെ ഭീഷണിപ്പെടുത്തി. പ്രതിബന്ധങ്ങളെ എതിർക്കുക - അതായിരുന്നു ജാനകിയുടെ നയം. അനുഭവങ്ങൾ അതിന്റെ മൂർച്ച കൂട്ടി: വളരണമെങ്കിൽ, വികസിക്കണമെങ്കിൽ പ്രതിബന്ധങ്ങളെ മുച്ചൂടും മുടിക്കണം" (പു. 45). കഥാകൃത്തെന്ന നിലയിൽ കോവിലന്റെ നയം തന്നെയാണിവിടെ

കാണുന്നത്. ഭാഷാപരമായും പ്രമേയപരമായുമുള്ള കരുത്ത് ഇവിടെ പ്രകടമാണ്.

കോളറ ബാധിച്ച് അമ്മ മരിച്ചു. അവിടെയും തളരാതെ അവൾ തന്റെ ഇഷ്ടകാമുകനെ ജീവിതപങ്കാളിയായി സ്വീകരിച്ചു. മതം അവർക്കു മുന്നിൽ വിഷയമാവുന്നില്ല. "മനുഷ്യനു ജീവിക്കാൻ?" അതായിരുന്നു അവരുടെ പ്രശ്നം. ജാനകി കരളുറപ്പുള്ള പെണ്ണ് തന്നെയാണ്. ഒരു മുഹമ്മദീയനെ വിവാഹം ചെയ്താൽ സമുദായം നല്കുന്ന പ്രതിഫലം എന്തായാലും സഹിക്കാൻ തീരുമാനിച്ചു സഹപാഠിയെ ജീവിതപങ്കാളിയാക്കിയവൾ .

"മതം ! ദൈവം!! മതവും ദൈവവും മനുഷ്യന്റേതാണ്. മതത്തിന്റെയും ദൈവത്തിന്റെയും മനുഷ്യനല്ല..." (പു. 45).

ഗ്രഹണി പിടിച്ച മകനെ ജീവിതത്തിലേക്ക് കൊണ്ടുവരാൻ, മനുഷ്യസ്നേഹമുള്ള രാഷ്ട്രത്തെ സൃഷ്ടിക്കാൻ സ്വന്തം ശരീരംപോലും വില്ക്കാൻ തയ്യാറായവളാണ് അവർ. രചനയുടെ കാലം കൂടി നോക്കുമ്പോൾ ഇത്തരം കഥാപാത്രങ്ങൾ അന്ന് അപൂർവ്വമാണ്.

"പ്രതിബന്ധങ്ങളെ നേരിടണം. നശിപ്പിക്കണം. അവനെങ്കിലും മനുഷ്യൻ ജീവിക്കുന്ന രാഷ്ട്രത്തെ സൃഷ്ടിക്കാൻ തന്നാലാവുന്നത് നിർവ്വഹിക്കാൻ ജീവിക്കട്ടെ" (കോവിലന്റെ സമ്പൂർണ്ണ ക ഥകൾ 2017: പു.50) . ഇങ്ങനെ സ്വന്തമായ തീരുമാനങ്ങളും പ്രതീക്ഷകളും ലക്ഷ്യബോധവും 'തേവിടിശ്ശി' എന്ന കഥയിലെ ജാനകി വെച്ചുപുലർത്തുന്നുണ്ട്.

'നിലവിളക്ക്' എന്ന കഥയിലും സ്വന്തം തീരുമാനങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് ജീവിച്ച സ്ത്രീയെ ആണ് കോവിലൻ അവതരിപ്പിക്കുന്നത്. നീലി എന്ന നാടൻ പെണ്ണ് മരയ്ക്കാരെ സ്നേഹിച്ചു. ഒപ്പം ജീവിച്ചു. അതിന്റെ പേരിൽ സമുദായത്തിൽ നിന്നും വീട്ടിൽ നിന്നും ബഹിഷ്കൃതയായവൾ. "മാളുത്തള്ളയുടെ അനിയത്തി, നീലി കാതുകുത്തി. തട്ടമിട്ടു. വമ്പീൻ കച്ചവടക്കാരനായ മരയ്ക്കാരെ കെട്ടി. പേര് പാത്തുമ്മ. കാതുകുത്തി തട്ടമിട്ടപ്പോൾ അവരെ നാട്ടുകാർ വിളിക്കുന്നത് നീലിയുമ്മ എന്നാണ്" (മലയാളത്തിന്റെ

സുവർണ്ണ കഥകൾ 2004: പു. 29). തുടർന്നുണ്ടായ എല്ലാ ബുദ്ധിമുട്ടുകളിലും തന്റേടിയായ ഒരു സ്ത്രീകഥാപാത്രമായി അവർ കഥയിലുടനീളം നിറഞ്ഞു നില്ക്കുന്നുണ്ട്. പ്രണയ സാക്ഷാൽക്കാരത്തിനായി ജീർണ്ണപാരമ്പര്യത്തിന്റെ നെഞ്ചിൽ ചവിട്ടി കുതിച്ചിറങ്ങിയ, നിലവിളക്കിലെ നീലി നിലവിലെ സമുദായഘടനയിൽ നിന്ന് ഒരർത്ഥത്തിൽ ഭാവിയിലേക്ക് നാടുകടത്തപ്പെട്ട വളാണ്. മതാതീതമായ മാനുഷികതയുടെ വിളക്ക് തെളിയിച്ചാണ് പാത്തുമ്മ യായി മാറിയ നീലിയുമ്മ തന്റെ കുടുംബജീവിതം പ്രകാശപൂർണ്ണമാക്കുന്നത്. സ്നേഹിക്കുന്ന പുരുഷൻ മരയ്ക്കാർ ആയതിനാൽ സമുദായത്തിൽ നിന്നും പിന്തിരിപ്പിക്കാൻ ശ്രമിച്ചിട്ടും തന്റെ തീരുമാനത്തിൽ ഉറച്ചുനിന്ന മറ്റൊരു സ്ത്രീരൂപം. തന്റെ മതാതീതമായ സംസ്കാരബോധത്തിന്റെ അടയാളമായി ജീവിതകാലം മുഴുവൻ സൂക്ഷിച്ചുവെച്ച നിലവിളക്ക് എന്ന രഹസ്യത്തെ അന്യനുമുമ്പിൽ തുറന്നുകാട്ടാൻ തയ്യാറാവാത്ത ഉറച്ച മനസ്സിന്റെ ഉടമ കൂടിയാ ണവർ.

'അമ്മയും മകനും' എന്ന കഥയിൽ ഉപജീവനത്തിനായി തീവണ്ടിയിൽ കയറി പാട്ടുപാടുന്ന ഗർഭിണിയെയും സഹോദരിയെയും കാണിക്കുന്നുണ്ട്. ജീവിക്കാൻ മാർഗ്ഗം സ്വയം കണ്ടെത്തുന്ന, ആരും തുണയില്ലാത്ത ഇവർ പ്രാരബ്ധങ്ങൾക്കിടയിലും മനുഷ്യത്വം കൈവിടുന്നില്ല എന്നു കാണാം. കാരണം പനിച്ചു വിറയ്ക്കുന്ന അപരിചിതനായ യുവാവിനെ മാതൃസഹജമായ സ്നേഹം കൊടുത്ത് പരിചരിക്കാൻ അവർ തയ്യാറാകുന്നു. മാതൃസഹജമായ ബുദ്ധിവിശേഷത്തോടെ അവൾ അവനെ തലോടുകയായി രുന്നു എന്നാണ് കഥാകൃത്ത് ഇവിടെ എടുത്തു പറയുന്നത് (കോവിലന്റെ സമ്പൂർണ്ണ കഥകൾ 2017: പു .163).

ജീവിതം തള്ളിനീക്കുന്നതിനിടയിൽ ഒട്ടും തളരാതെ മുന്നോട്ടുപോയ മറ്റൊരു കഥാപാത്രമാണ് 'സുജാത' എന്ന കഥയിലെ നാണി. ജീവിക്കാൻ വേണ്ടി ചാരായം വാറ്റുകയും വിൽക്കുകയും ചെയ്തു അവർ വ്യക്തമായ കാഴ്ച്ചപ്പാടോടെയാണ് ജീവിക്കാൻ തീരുമാനിക്കുന്നത്. “എന്റെ മോൾ നാലക്ഷരം പഠിച്ച് വക്കീലത്തിയാവണം... നിന്നെ അന്വേഷിച്ച് മാനം മര്യാദയായി നാലുപേർ വരണം. അതു കാത്തിട്ടാണ് അമ്മ ഈ

വീടുകയറ്റിയത്. അല്ലാണ്ടെ, നിന്റമ്മ ഒരു കട്ടിലിൽ കയറിക്കിടന്നു ചാവാനൊന്നും കൊതിച്ചിട്ടില്ല" ( മലയാളത്തിന്റെ സുവർണ്ണ കഥകൾ 2004: പു. 119). ഇപ്രകാരം ചാരായക്കാരി നാണി തന്റെ ലക്ഷ്യബോധം ആദ്യമേ മകളോട് പറയുന്നുണ്ട്.

"ഞാൻ തൊട്ടു, എന്നെ തൊട്ട സകലരേയും കൊല്ലും". എന്നു പറഞ്ഞു കൊണ്ട് രൗദ്രഭാവത്തോടെ അവർ ഉറഞ്ഞു തുള്ളുന്നുണ്ട്. കോവിലൻ ഇതേ പോലെയുള്ള സ്ത്രീകളെപ്പറ്റി പറയാൻ കൂടുതൽ ആവേശം കാണിക്കുന്നു. അവരുടെ ധീരമായ ചെയ്തികളെപ്പറ്റി പറയുമ്പോൾ കൂടുതൽ വാചാലനാവുന്നുണ്ട്. ഇവിടെ ആരും തുണയ്ക്കില്ലാതെയാണ് ഒരു സ്ത്രീ അധ്വാനിച്ച് തന്റെ സ്വപ്നത്തിലുള്ള ചെറിയ വീടു വെയ്ക്കുന്നത് എന്നത് ശ്രദ്ധേയമാണ്. അമ്മയുടെ ധീരമായ പ്രവൃത്തികൾ മകൾ സുജാതയേയും ആവേശം കൊള്ളിക്കുന്നു. "അമ്മ അടുക്കളയിലുണ്ടായിരുന്നു അടുക്കള എന്നാൽ വേറിട്ട ഒരു നീട്ടോ അഞ്ചാം പുരയോ ഒന്നുമല്ല. അങ്ങനെ വിസ്തരിച്ച എടുപ്പുകളൊന്നും അമ്മ പണിയിച്ചിട്ടില്ല. ഒരിക്കൽ തറ പണിതിട്ട് ഒരു കൊല്ലത്തെ മഴയും വെയിലും കൊണ്ടു കഴിഞ്ഞപ്പോൾ രണ്ടു മുറികൾ മാത്രമുള്ള പടിഞ്ഞാറ്റി പണിതു. ചെറ്റ പൊളിച്ചു കത്തിക്കുകയും ചെയ്തു. അടുത്ത വർഷത്തിൽ അടുക്കളയുടെ പണി നടന്നു...". ഇങ്ങനെ തുടങ്ങുന്ന ആഖ്യാനം ഒരു സ്ത്രീയുടെ സ്വപ്നത്തിന്റെയും ക്ഷമയുടെയും അടയാളമായി മാറുന്നുണ്ട്.

സുജാത തന്റെ അമ്മയുടെ കത്തുന്ന ഭാവങ്ങളെ കാണുന്നത് നോക്കുക:

"അമ്മയുടെ കടക്കണ്ണിന്റെ നിറം നീല. ആ നോട്ടത്തിന്റെ മൂർച്ചയിൽ സർപ്പം. ഒരു കാളസർപ്പത്തിന്റെ ഫണം വിരിയും പോലെ കടക്കണ്ണിലെ നീലനിറം അമ്മയുടെ മുഖമാകെ പടർന്നു" (മലയാളത്തിന്റെ സുവർണ്ണ കഥകൾ 2004: പു. 120 ).

"അമ്മയുടെ കറുത്ത മുഖം ഒരു സർപ്പഫണമായിപ്പരന്നു. ഒരു കാളസർപ്പം അവളുടെ കൺമുന്നിലൊരു നീലക്കടലായി പൊങ്ങി. ആ തിര വരുന്നു. അതാ, വരുന്നു" .

ഇതു പോലെ ഏതു പ്രതിസന്ധികളെയും നേരിടാൻ തയ്യാറുള്ള കരുത്തുറ്റ സ്ത്രീ കഥാപാത്രങ്ങളെ കോവിലൻ തന്റെ കഥകളിലൂടെ സൃഷ്ടിച്ചിട്ടുണ്ട്. ദാരിദ്ര്യം, പ്രകൃതിക്ഷോഭം, വിശപ്പ്, പ്രാരബ്ധം, ഒറ്റപ്പെടൽ തുടങ്ങിയ സാഹചര്യങ്ങളെ സധൈര്യം നേരിടാനും ജീവിതത്തെ മുറുകെപ്പിടിക്കാനും കരുത്തുനേടിയ സ്ത്രീകഥാപാത്രങ്ങൾ ഇന്നത്തെ ജീവിത ചുറ്റുപാടിലും മാതൃകാപരമാണ്.

വ്യക്തമായ സ്ത്രീപക്ഷനിലപാടുകൾ വെച്ചുപുലർത്തുന്നവയാണ് കോവിലന്റെ മിക്കകഥകളും. സ്ത്രീകളോടുള്ള അവജ്ഞയും അപമാനപരമായ പെരുമാറ്റങ്ങളും അവരെ താഴ്ത്തിക്കെട്ടാനുള്ള ശ്രമവും പൊറുക്കാൻ അദ്ദേഹത്തിനു കഴിയില്ല. തന്റെ ചുറ്റുപാടുംകണ്ട സ്ത്രീകളെയാണ്, അവരുടെ അനുഭവങ്ങളെയാണ് ആവിഷ്കരിക്കാൻ ശ്രമിച്ചത് എന്ന് കോവിലൻതന്നെ പറയുന്നുണ്ട്. അതിനായി ഭാഷയെ ഏറ്റവും വലിയ ആയുധമാക്കിക്കൊണ്ട് ജീവിതത്തിൽ അവർ എന്നും പോരാടിക്കൊണ്ടിരുന്നു.

ശക്തവും വന്യവുമായ ഒരു താളാത്മകത കോവിലന്റെ ആഖ്യാന രീതിയുടെ പ്രത്യേകതയാണ്. മാടമ്പ് കുഞ്ഞിക്കുട്ടൻ ഇപ്രകാരം പറയുന്നു: "കരിങ്കല്ലിൻ ഗോട്ടികൊണ്ടുള്ള ഗോലികളിയെ ഓർമ്മിപ്പിക്കുന്നതാണ് ആ ഭാഷ. താൻ സ്വയം മേടി മുറിച്ച് ഉരുട്ടിയുണ്ടാക്കിയ ഗോട്ടി ഏണും കോണും ഉരച്ച് മിനുസപ്പെടുത്തി യെടുത്ത കരിങ്കല്ലിൻ ചീള്" (കോവിലന്റെ സമ്പൂർണ്ണ കഥകൾ 2017: പു. 255). തന്റെ സമകാലികരായിരുന്ന പേരെടുത്ത സാഹിത്യകാരന്മാരുമായി ഭാഷാപ്രയോഗത്തിൽ ഒരു താരതമ്യവും കോവിലൻ കാണിച്ചിട്ടില്ല. കരിങ്കൽച്ചീളിന്റെ ഉറപ്പും മൂർച്ചയും ഉള്ളപ്പോൾത്തന്നെ കവിത തുളുമ്പുന്നതാണ് ആ ഭാഷ.

വിശപ്പും രോഗവും അനാഥത്വവുമെല്ലാം അനുഭവിക്കുന്ന സ്ത്രീകഥാപാത്രങ്ങളെ പല കഥകളിലായി അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്. എന്നാൽ ഇവരൊന്നുംതങ്ങളുടെ ബലഹീനതയിൽ ഒതുങ്ങിക്കഴിയുന്നവരല്ല.മറിച്ച് നിലവിലെ പരിമിതികൾക്കെതിരെ പൊരുതി മുന്നേറാനുള്ള ശ്രമം നടത്തുന്നവരാണ് ഓരോരുത്തരും. അതായത് ജീവിത ലക്ഷ്യത്തെ

മുറുകെപ്പിടിച്ചവർ. വലിയ മോഹങ്ങളൊന്നും പേറി നടക്കുന്നവരല്ല കോവിലന്റെ കഥകളിലെ സ്ത്രീവ്യക്തിത്വം. എങ്കിലും സ്ത്രീ എന്ന വാക്കിന് പരിമിതി കല്പിക്കാൻ ഒരിക്കലും അവർ തയ്യാറായില്ല എന്ന യാഥാർത്ഥ്യത്തി ലാണ് അവരുടെ മഹത്വം ഇടം പിടിക്കുന്നത്. ജീവിതയാത്രയിൽ തുണയായി ഒരു പുരുഷന്റെ സാന്നിധ്യം ഈ കഥകളിലൊന്നും നമുക്ക കാണാൻ കഴിയില്ല. എന്നാൽ അവിടെ തളരാതെ സ്വന്തം മാർഗ്ഗം സ്വയം തെരഞ്ഞെടുത്ത് മുന്നേറാൻ തിടുക്കം കാണിക്കുന്ന സ്ത്രീകളെയാണ് കോവിലൻ അവതരിപ്പിക്കുന്നത്.

**ഗ്രന്ഥസൂചി:**


- ഉണ്ണികൃഷ്ണൻ സി. 2008, കോവിലൻ എന്ന തഥാഗതൻ - സമ്പാദ്യവും പഠനവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
- കോവിലൻ, 2017, കോവിലന്റെ സമ്പൂർണ്ണകഥകൾ, ഗ്രീൻ ബുക്സ്, തൃശ്ശൂർ.
- കോവിലൻ , 2006, കോവിലന്റെ ലേഖനങ്ങൾ, മാതൃഭൂമി ബുക്സ് , കോഴിക്കോട്.
- കോവിലൻ, 1995, ആത്മഭാവങ്ങൾ, ലേഖനങ്ങൾ ജ്വാല അരിയന്നൂർ.
- രാജശേഖരൻ പി.കെ. 2006, ഏകാന്ത നഗരങ്ങൾ, ഡി.സി ബുക്സ്.
- രാമകൃഷ്ണൻ ഇ.വി., 2017, മലയാള നോവലിന്റെ ദേശകാലങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
- രവികുമാർ കെ. എസ് . 2007, കഥയുടെ കഥ, ചിന്ത പബ്ലിഷേഴ്സ് തിരുവനതപുരം .
- രവികുമാർ കെ.എസ്. 2012, കഥയും ഭാവുകത്വ പരിണാമവും, പഠനം, സാഹിത്യ പ്രവർത്തക സഹകരണ സംഘം നാഷണൽ ബുക്സ്റ്റാൾ.
- ശ്രീജൻ വി.സി., 2018, വാക്കും വാക്കും, സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ.

**ആനുകാലികങ്ങൾ :**

സാഹിത്യ ലോകം 2010 ജൂൺ, പുസ്തകം 37, ലക്കം 3.

# उपभोगि तराज़ू में तौलती तालीम और इंसानी जज़्बात

**डॉ. षंली एम एम**

**सारांश**

मानव के भीतर जो बचे हुए मानवीय मूल्य हैं उन्हें बचाना और उन्हें मूर्तरूप में चित्रित करके उनकी अभिव्यक्ति करना समकालीन साहित्यकार कमल कुमार का लक्ष्य रहा।पासवर्ड के द्वारा उन्होंने मनुष्य के जज़्बाती रिश्तों को उजागर करने की कोशिश की है।

**कूट शब्द:** पासवर्ड :तकनीकि रूप से तो इसका अर्थ हमें मालूम है।लेकिन यहां प्रस्तुत उपन्यास के जरिए लेखिका ने नए दौर की रहस्यमय जीवन रीति को चुनने में किस प्रकार हम मजबूर हो जाते हैंइस पर प्रकाश डाली है।

नव औपनिवेश के आगमन से दुनिया में जो बदलाव आए,हम सब इससे वाकिफ हैं।किसी ताकतवर राष्ट्र का अपनी निजी हितों को अमल में लाने के लिए किसी दुर्बल कमजोर किंतु प्राकृतिक संसाधनों से परिपूर्ण देश को अपनी शक्ति के मुकाबले वश में करके उसका उपभोग करने की प्रक्रिया को उपनिवेश कर सकते हैं।इसी को उपनिवेशवाद कहना अधिक उचित होगा।भारत इसका उदाहरण है।भारत में ब्रिटिश औपनिवेशिक शासन का साम्राज्यवाद इसका उदाहरण है।1757 के प्लासी युद्ध से लेकर 1947तक की करीब दो शताब्दियों तक का शासन इसका गवाह है। कृषि, व्यापार, वाणिज्य, अर्थव्यवस्था, शिक्षणप्रणाली, प्रशासन, सामाजिक, राजनीतिक, सामूहिक जीवन,सब इसके चंगुल में फंस गए थे।आगे चलकर विकसित राष्ट्रों द्वारा भारत जैसे विकासशील देशों के आंतरिक मामलों में प्रत्यक्ष या परोक्ष रूप से घुसपेटिये की तरह दखल देकर अपना कब्जा जमाने लगे,आगे चलकर हम इन प्रवृत्तियों को नव उपनिवेशवाद की संज्ञा देने लगे।उदारीकरण,उपभोगवाद,निजीकरण,भूमंडलीकरण,ब्रांड संस्कृति आदि इसके षड्यंत्र व तंत्र हैं।

उदारीकरण की शुरुआत भारत में 1991से मानी जाती है।बहुराष्ट्रीय कंपनियों का जल भारत में फैलने लगा।भारत के खेती,वनस्पति, औषधियां,विज्ञान एवं तकनीकि क्षेत्र इसके स्वाधीन मेंआगए।कला,संगीत,धर्म,संस्कृति,आपसी संबंध,या यूं कहिए मनुष्य तक इसके दबाव में आ गए।

मनुष्य को जीव जंतुओं से अलग करनेवाला प्रमुख तत्व है मानवीयता। मानवीयता और मानवीय मूल्य मनुष्य के आभूषण हैं।नव औपनिवेशिक समाज उसके मानवीय मूल्यों के सामने चुनौती बनके सामने खड़ी होती है।'पासवर्ड' उपन्यास में नव उपनिवेश स्थियों का खुलासा हुआ है। 21वीं सदी की महिला लेखिकाओं में कमल कुमार का नाम बड़े आदर के साथ लिया जाता है।कमल कुमार द्वारा लिखित सम्पूर्ण कहानी संग्रह,काव्य संग्रह,उपन्यास व आलोचना उनके सशक्त लेखन का परिचय देता है।कमल कुमार एक सशक्त हिंदी कथा लेखिका है।जहां इनका कथापक्ष सशक्त है वहीं वे अपने दायरे को खुला कर देती है।नारी सुलभ सीमा इनका लेखन नहीं है।संकीर्ण सीमाओं से परे व्यापक यथार्थ और संघर्ष को आत्मसात करते हुए वे कथ्य में यथार्थ जीवन अभिव्यक्ति करती है।

2010 में प्रकाशित कमल कुमार का उपन्यास 'पासवर्ड' एक अनोखा उपन्यास है।अनोखापन इसलिए कहा गया कि ईमेल शैली में इस उपन्यास रचा गया। लेखिका कमल कुमार ,उपन्यास की नायिका को 'एक मेच्योर्ड औरत' कहती है। क्योंकि वह विशिष्ट रूप से सोचने वाली,व्यवहार करने वाली एक मेच्योर्ड औरत है।शिक्षित एवं स्वावलंबी लेक्चरर है।

नव औपनिवेशवाद का प्रभाव गंभीर मात्रा में मानवीय मूल्यों पर भी पड़ रहा है।आधुनिकता से उत्तराधुनिकता तक पहुंचते पहुंचते मनुष्य पूरी तरह मशीन और उपभोग व्यवस्थित हो चुका है।मानव के भीतर जो बचे हुए मानवीय मूल्य हैं उन्हें बचाना और उन्हें

उजागर करना समकालीन साहित्य का ही नही हर एक सहृदय का लक्ष्य रहा।पासवर्ड उपन्यास के दौरान लेखिका कमल कुमार ने ऐसे कई प्रसंगों को पाठकों के सम्मुख रखकर उनके दिमाग में ऐसा दबाव भी डाला है,जिससे इस मुद्दे पर हर कोई विचार कर सकता है।

नव औपनिवेशिक शक्तियों ने बाजार को केंद्र बनाकर साधारण लोगों को अपने दबाव में लाने के लिए कई षड्यंत्र रचे।स्वदेशी चीजों का उपभोग कम कराकर विज्ञापन द्वारा विदेशी और ब्रांडेड चीजों के उपभोग बढ़ाना उनमें एक था। इस्प्रकार भारत , दूसरे देशों का मार्केट बनता गया।

विकास परियोजनाओं के नाम पर प्रकृति पर होने वाला दोहन अब  भयानक रूप धारण कर चुका है।विकास के नाम पर हम नदियों एवं जंगलों को प्रदूषित  करते गए।बलपूर्वक आदिवासी व दलितों का विस्थापन किया गया।"कभी सेज के  नाम पर,कभी औद्योगीकरण ,विकास के नाम पर,उन्हें सरकारी बुल्डोजर के नीचे पीसा जा रहा है। नहीं तो पुलिस की लाठियों और गोलियों से मारा जनता है।क्या यही विकास है?आज हमारी जमीन,जल और जंगल बहुराष्ट्रीय कंपनियों के हवाले किए जा रहे हैं"1।खेत और खलिहान के बगैर किसान आजीवन केलिए तरसने लगे। ननकू चाचा किसान के प्रतिनिधि हैं,जो अच्छी खेती जीवन पर भी आत्महत्या करते हैं।"उनकी आत्महत्या अच्छी खेती होने से हुई।सूखे, बाढ़ या ऋण के बोझ नहीं।खेतों में गन्ने की फसल पिछले साल से चौगुनी हुई। चीनी मीलों ने गन्ना लेने से मना कर दिया गया।खेतों में गन्ना खड़ा है।किसान अपना गन्ना पेरकर गुड नही बना सकता ।प्रतिबंध है।गांव से ही उपलब्ध गन्ने का बाजार कुछ नहीं कर सकता।"2 क्यों की बाजार में चीनी माल भरा पड़ा है,जब तक यह माल बिकेगा नहीं किसानों के उपज को कोई खरीदेगा नहीं।ऐसी हालत में किसानों को अपना बाजार भी गवा देना पड़ता था।

नवऔपनिवेश में स्त्री और उसकी जज़्बात भी बिकाऊ बन गई।नायक डा.आशीष और नायिका के जीवन मूल्य भी दूसरे से मेलखाते नहीं थे ।नायक मशीनों की दुनिया में जीनेवाला कुशल डॉक्टर तो नायिका का संबंध साहित्यिक जगत से है।नया समाज नायिका के मानवीय मूल्यों के समने चुनौति बनके खड़ा है।उसकी राय में"मुझे जीने केलिए सूरज और प्यास बुझाने के लिए समुद्र नही चाहिए।बारिश की कुछ बूंदे ही पर्याप्त होगी"।3 पूर्व वैवाहिक जीवन से मुक्ति पाकर जीने वाली नायिका के जीवन में नायक आशीष का आना स्वाभाविक था।लेकिन नायिका की जरूरत शारीरिक या भौतिक न होने पर भी भावात्मक स्तर पर एक सशक्त सहभागी के रूप में आशीष को उसने स्वीकारा।लेकिन अधिकांश स्त्री पुरुषों की रिश्तों की तरह इन दोनो का रिश्ता देह पर शुरू होकर वहीं खतम हुआ।मानवीय मूल्यों से ज्यादा वैज्ञानिक व तकनीकी तत्वों पर विश्वास करने वाला आशीष का पहला प्यार उसके डॉक्टरी उपकरण है।कंप्यूटर और लेजर मशीन से उसे बेशुमार प्यार था।वह नाम,प्रसिद्धि और पैसे के मैटेरियल दुनिया में जीने वाला युवा है।उसमें प्रेम,दया,हमदर्द,सहभागीत्व कम ही है।सबके प्रति उसके मन में उपभोग की भावना ही ज्यादातर देखी जाती है।अपनी स्वार्थ की पूर्ति के बाद किसी वस्तु की तरह फेंक देना उसकी प्रवृत्ति बनी।अपना भविष्य,अपना विकास बस यही मूल मंत्र है उसका।उसका मानना है,'फॉरगेट अबाउट एंड मूव ऑन' ।

नव औपनिवेश का सबसे बड़ा आघात मानवीय मूल्यों पर भी ज्यादा हुआ।मानव अपने संबंधों को समझने में असमर्थ रह गए।संबंध तो उपभोग के तराजू में नापने लगे। डाक्टरी करने वाला नायक आशीष अपना सेवा कार्य अमरीका में करना चाहता है।मध्यवर्गीय परिवार में पला बढ़ा वह युवक महत्वाकांक्षी तो था ही साथ में शालीनता,संयम,परिश्रमी,अनुशासन युक्त भी था।फिर भी धीरे धीरे वह स्वार्थी, तटस्थ एवं बिना जज़्बात हो जाता है।दोनो का रिश्ता इतना शिथिल रहा कि "सिर्फ इतना कहा करते थे,जब भी हमारी उपस्थिति एक दूसरे के जीवन में विरोध या बाधा उत्पन्न करेगी,हम

आमने सामने बैठकर दिस फॉर नो फर्थर,यहां तक,आगे नहीं कहकर बिदा लेंगे एक दूसरे से‘‘।4इस तरह केवल पांच साल में ही दोनो अलग हो गए।

उपन्यास का आकर्षण इसकी रचना शैली है।ईमेल शैली में लिखा गया उपन्यास में इमेलबके जरिए कथा का विकास होता है।नव औपनिवेशिक समय में व्यक्ति अपने को दूसरों से स्वयं को छुपाकर रखता है।उसे डर है किंकोई बाह्य शक्ति उसपर कभी भी हावी हो सकता है,अपने को कब्जा कर सकता है,मानव की यही खोज के परिणाम स्वरूप उसने ऐसे ऐसे तंत्र बनाए,जिस से वह खुद को बंद रह सकता है।पासवर्ड शीर्षक भी प्रतीकात्मक है।हम अपने आपको न जाने कितने कितने पासवर्डों में खुद को बचाकर रखते है।बचाकर रखने की दावा करते हैं या भ्रांति पैदा करके खुद को सिखाते हैं यह कहकर कि हम सुरक्षित हैं।लेकिन अंदर ही अंदर हम जानते हैं हम कितने असुरक्षित हैं।बदलता समय और बदलता परिवेश में हम सच्चाई को जानकर भी छूठ का लिबास ओढ़े सच्चाई का वहम में जीते हैं।

**संदर्भ ग्रंथ**

1. कमल कुमार,पासवर्ड, पृ. सं 63
2. वही पृ सं 54
3. वही पृ सं 125
4. वही, पृ सं 203.

# ജലബിംബങ്ങൾ സാറാജോസഫിന്റെ കഥകളിൽ

ഡോ. സജിത കിഴിനിപ്പുറത്ത്

**പ്രബന്ധ സംഗ്രഹം**

പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയധാരകൾ മലയാള കഥാസാഹിത്യത്തിൽ സജീവമാക്കിയ എഴുത്തുകാരിയാണ് സാറാ ജോസഫ്. ഭൂശരീരത്തെ പെണ്ണുടലിന്റെ വിപുലീകൃത രൂപമായി കഥകൾ വ്യാഖ്യാനിക്കുന്നു. കഥകളിലെ ജലബിംബങ്ങളെയാണ് ഇവിടെ സൂക്ഷ്മപഠനത്തിന് തെരഞ്ഞെടുത്തിരിക്കുന്നത്. ഭൂമിയിലെ ജലത്തിന് സമാന്തരമായി കണ്ണീരും മുലപ്പാലും രക്തവും ശരീരത്തിലെ ജലസ്രോതസ്സ് കൾ ആകുന്നു. രണ്ടും വറ്റി വരണ്ടു പോകുന്ന കാലത്തെ ശാപായനം, തായ്കുലം, നിലാവ് അറിയുന്നു തുടങ്ങിയ കഥകൾ ആഖ്യാനം ചെയ്യുന്നുണ്ട്. ജലനഷ്ടത്തെക്കുറിച്ചുള്ള തിരിച്ചറിവും ജലസമൃദ്ധിയെക്കുറിച്ചുള്ള സ്വപ്നങ്ങളും അവ പങ്കുവെക്കുന്നു.

**താക്കോൽവാക്കുകൾ:** ജലബിംബങ്ങൾ, പാരിസ്ഥിതികസ്ത്രീവാദം, ജലാന്വേഷണം, ജലസ്മൃതി

പ്രകൃതിയെയും സ്ത്രീകളെയും ചൂഷിതരായ മറ്റു വിഭാഗങ്ങളെയും ഒരേ ചൂഷണത്തിന്റെ ഇരകളായി കണ്ടുകൊണ്ട് ഈ ചൂഷണത്തിന്റെ പ്രശ്നങ്ങളെ ആവിഷ്ക്കരിക്കുക എന്ന രാഷ്ട്രീയബോധമാണ് സാറാജോസഫിന്റെ കഥകളിൽ പ്രവർത്തിക്കുന്നത്. സ്ത്രീശരീരത്തിന്റെ സവിശേഷതയെ ഒരു പരാധീനതയായി കണ്ട് നിരാശപ്പെടുന്നതിനുപകരം സർഗ്ഗാത്മകതയുടെ ഒരു ഖനിയായി കണ്ട് പ്രയോജനപ്പെടുത്തുവാനുള്ള ശ്രമമാണ് അവർ എഴുത്തിലൂടെ നടത്തുന്നത്. എന്തിനുവേണ്ടി എഴുതുന്നു എന്നതിനെക്കുറിച്ച് അവർ വ്യക്തമാക്കിയിട്ടുണ്ട്. "ലിംഗപരമായ മേധാവിത്തത്തിൻ കീഴിൽ സ്വന്തം ശരീരത്തിന്മേലുള്ള സ്വയം നിർണയാവകാശംപോലും എടുത്തുകളയപ്പെട്ടിട്ടുള്ള പെണ്ണിന്റെ ലോകത്തെക്കുറിച്ച് ഭയലേശമില്ലാതെ എഴുതുക എന്നതാണ് എന്റെ കർത്തവ്യം" (സാറാജോസഫ് 1997, പുറം 17).

നിലവിലുള്ള ഭാഷ പുരുഷാധിപത്യപരമാണെന്നതിനാൽ മുഖ്യധാരാ എഴുത്തിനെ അവർ പ്രതിരോധിക്കുന്നുണ്ട്. "എന്താണ് മുഖ്യധാരാ

എഴുത്ത്, അത് ദളിതർക്കും സ്ത്രീകൾക്കും ദരിദ്രർക്കും പരിസ്ഥിതിക്കും എതിരാണ്. അതുകൊണ്ടുതന്നെ എനിക്ക് പുതിയൊരു ഭാഷ കണ്ടെത്തണം" (ദേശാഭിമാനി 2000, പു. 42).

പ്രകൃതി ചൂഷണത്തിനും സ്ത്രീ ചൂഷണത്തിനുമെതിരെ തന്റെ രചനകളിൽ പ്രകൃതിയുടെയും ശരീരത്തിന്റേതുമായ ഒരു ഭാഷ അവർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കഥാഖ്യാനത്തിൽ വരുന്ന യാഥാർത്ഥ്യം, സ്വപ്നം എന്ന രണ്ട് അവസ്ഥകളുടെ ആവിഷ്ക്കാരം എഴുത്തുകാരിയുടെ നിലപാടിനെ കൃത്യമായി വെളിപ്പെടുത്തുന്നു. ചൂഷണത്തിന്റെ യഥാർത്ഥ അവസ്ഥ വിവരിക്കുന്നതോടൊപ്പം ചൂഷണങ്ങളില്ലാത്ത ഒരു ലോകത്തെ അവർ സ്വപ്നം കാണുന്നു. വിണ്ടുകീറിയ ഭൂമിയെക്കുറിച്ച് വിവരിക്കുമ്പോൾത്തന്നെ സസ്യസമൃദ്ധമായ ഒരു ഭൂമിയെ കഥകൾ സ്വപ്നം കാണുന്നു. സ്ത്രീക്ക് നേരിടേണ്ടിവരുന്ന ദുരന്തയാഥാർത്ഥ്യങ്ങളെ അവതരിപ്പിക്കുന്നതോടൊപ്പം 'പെണ്ണുപൂക്കുന്ന ഒരു ലോകം' കഥകളിൽ സ്വപ്നമായി വരുന്നുണ്ട്. ഈ സ്വപ്നസാക്ഷാത്ക്കാരമാണ് രചനകളുടെ ലക്ഷ്യമായി മാറുന്നത്.

പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയങ്ങളാൽ സമ്പന്നമാണ് സാറാജോസഫിന്റെ കഥാലോകം. മണ്ണ്, ജലം, ഭക്ഷണം തുടങ്ങിയ പാരിസ്ഥിതിക ബിംബങ്ങൾ ഈ അവബോധത്തിന്റെ അടിത്തറയിൽ അവരുടെ കഥകളിൽ പുതിയ മാനങ്ങൾ നേടുന്നുണ്ട്. അതിൽ ജലം കഥകളിൽ എങ്ങനെ ആവിഷ്കരിക്കപ്പെടുന്നു എന്ന അന്വേഷണമാണ് ഇവിടെ നടത്തുന്നത്.

പ്രവാഹത്തിന്റെയും ദ്രാവകത്തിന്റെയും രൂപകങ്ങൾ ഉപയോഗിക്കുകയെന്നത് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പ്രധാന ധാരകളിലൊന്നാണ്. സാറാജോസഫിന്റെ ഒട്ടുമിക്ക കഥകളുടെയും അടിയൊഴുക്കായി ജലവും ആർദ്രതയും കാണാം. സ്ത്രീയുമായി ബന്ധപ്പെട്ടുകൊണ്ടാണ് ജലം കഥകളിൽ ആവിഷ്കരിക്കപ്പെടുന്നത്. പരിസ്ഥിതി മലിനീകരണം ഏറ്റവുമധികം നടക്കുന്നത് ജലത്തിലാണ് എന്ന തിരിച്ചറിവോടൊപ്പം തന്നെ ജലനഷ്ടത്തിന്റെ മാനസികവും ഭൗതികവുമായ കാരണങ്ങളെക്കൂടി കഥകൾ

വിശകലന വിധേയമാക്കുന്നുണ്ട്. ഈ കഥകളിലെ ജലാന്വേഷണം മാലിന്യ മുക്തമായ ഒരു ജീവിതത്തിനും സ്നേഹത്തിനും സ്വാതന്ത്ര്യത്തിനും സ്ത്രീസമ ത്വത്തിനും വേണ്ടിയുള്ള അന്വേഷണമായി മാറുന്നുണ്ട്.

**ജലനഷ്ടത്തെക്കുറിച്ചുള്ള തിരിച്ചറിവ്**

മലിനീകരിക്കപ്പെടുന്ന, വറ്റിവരണ്ടു പോകുന്ന ജലസ്രോതസ്സുകൾ മനുഷ്യന്റെ അവിവേകമായ ഇടപെടലുകളുടെ നിത്യസ്മാരകങ്ങളാണ്. ജലനഷ്ടത്തിന്റെ ഭീതിദമായ അവസ്ഥയെ ആവിഷ്കരിക്കുന്ന കഥയാണ് 'നിലാവ് അറിയുന്നു' എന്നത്. ജലനഷ്ടം ഈ കഥയിലെ ഉണ്ണികൃഷ്ണനെ ഭ്രാന്തനായി മാറ്റുന്നു.

"നിലാവ് തിളങ്ങുന്ന പുഴയിലൂടെ ഉണ്ണികൃഷ്ണൻ നിലവിളിച്ചുകൊണ്ട് നടന്നു. ഇന്നു സന്ധ്യയ്ക്കും കൂടി കോരിക്കുളിച്ച നീർച്ചാലെവിടെ? ആര്, എന്താഭിചാരം കൊണ്ടാണ് ഒന്ന് മയങ്ങിയെണീക്കുമ്പോഴേക്കും അത് വറ്റിച്ചുകളഞ്ഞത്? (1994: 80)." മലിനീകരണത്തിന്റെ വേഗതയാണ് സൂചന. വെള്ളത്തിനു പകരം ഓളം വെട്ടുന്ന മണൽപ്പരപ്പിലൂടെയുള്ള അയാളുടെ ജലാന്വേഷണം സ്നേഹത്തിനായുള്ള സഹിഷ്ണുതയ്ക്കായുള്ള അന്വേഷണമായി മാറുന്നുണ്ട്. "ഇപ്പോഴും പൊള്ളുന്ന മണലിൽ അവന്റെ കാലടികൾ വെന്തു. ജലസ്മൃതികളിൽ നിന്ന് ആട്ടിയകറ്റപ്പെട്ട പേപ്പട്ടിയെ പ്പോലെ വെള്ളത്തിനുവേണ്ടി അയാളുടെ ഉടൽ വലിഞ്ഞുമുറുകി (1994 : 82)." ജലസ്രോതസ്സുകൾ വറ്റിവരണ്ട കാലം ഏറെ ക്രൂരമാണെന്ന അറിവാണ് ഈ കഥ നൽകുന്നത്.

'ശാപായനം' എന്ന കഥ ജലാന്വേഷണത്തിന്റെ മറ്റൊരു മുഖം അനാവരണം ചെയ്യുന്നു. കുഴിച്ചിട്ടും കുഴിച്ചിട്ടും വെള്ളം കാണാത്ത കിണറുക ളാണ് ഈ കഥയിൽ വരൾച്ചയുടെ പ്രതീകമായി നിലകൊള്ളുന്നത്. ഒരു തുള്ളി വെള്ളത്തിനുവേണ്ടി ഈ കഥയിലെ ഭാരതി സ്വന്തം സ്ഥലത്ത് ഏഴു കിണറുകൾ കുഴിച്ചു. ആഴത്തിലാഴത്തിലേക്ക് കുഴിക്കുന്തോറും കോരിയിടുന്ന ആർദ്രത വറ്റിയ മണ്ണ് അവരുടെ സ്വപ്നനഷ്ടത്തെ സൂചിപ്പിക്കുന്നു. വരൾച്ചയുടെ രൂക്ഷത ഈ കഥയിൽ ഇങ്ങനെ ആവഷ്ക്കരിക്കപ്പെടുന്നു. "മണ്ടകരിഞ്ഞ

തെങ്ങുകൾ അതൃപ്തരായ പിതൃക്കളെപോലെ മുടിയഴിച്ചിട്ടാടി എന്നെ പേടിപ്പിച്ചു. നീരുവറ്റിയ ഇളംചെടികൾ അന്ത്യശ്വാസം വലിക്കുന്ന കുഞ്ഞുങ്ങളെപ്പോലെ കുഴഞ്ഞുകിടന്ന് എന്നെ വിഷമിപ്പിച്ചു (1997:118)." ഭൂമിയിലെ ജലസ്രോതസ്സുകളുടെ നഷ്ടത്തോടൊപ്പം, ഉള്ള ജലത്തിന്റെ മലിനതയും ഈ കഥ ആവിഷ്ക്കരിക്കുന്നുണ്ട്. മലിനജലം തിളക്കുന്ന കോമൻനായരുടെ കിണറിന്റെ പരാമർശം ശുദ്ധജലത്തിന്റെ അലഭ്യതയെക്കുറിച്ചുള്ള അറിവ് നൽകുന്നുണ്ട്.

മനുഷ്യമനസ്സിലെ ആർദ്രത നഷ്ടപ്പെടുന്നതോടുകൂടിയാണ് ഭൂമിയുടെ ആർദ്രതയും നഷ്ടപ്പെടുന്നത്. വളർച്ചയ്ക്കായി പ്രകൃതിവിഭവങ്ങളെ അവിവേകമായി ചൂഷണം ചെയ്യുന്ന മനുഷ്യൻ ആർദ്രത നഷ്ടപ്പെട്ട മനസ്സിനുടമയാണ്. ഈ ആർദ്രത നഷ്ടപ്പെട്ടവരിൽ നിന്നും രക്ഷപ്പെടാനായി ജലം ആഴത്തിലാഴത്തിലേക്ക് വലിഞ്ഞു പോകുന്നതായുള്ള പരാമർശം 'ശാപായന'ത്തിലുണ്ട്. കിണറുകുഴിക്കാരൻ വാസു പറയുന്നു: "മനുഷ്യരുടെ പ്രവൃത്തിദോഷം കൊണ്ടാ ഭാരതിയമ്മേ, ഭൂമീദേവി ചുരുങ്ങിച്ചുരുങ്ങി ആഴത്തിലേക്കങ്ങട് വലിയ്യ്യാ. പേടിച്ചിറ്റ്. ദുഷ്ടന്മാരെ പേടിക്കണല്ലോ?" 1997:113).

കിണറിന് കുറ്റിയടിക്കാൻ വന്ന ലക്ഷണക്കാരനും പറയാനുള്ളത് മറ്റൊന്നല്ല. വെഷമാ! മനഃശുദ്ധിയില്ല. കർമ്മശുദ്ധിയില്ല. നേരും നെറിയുമില്ല. പൊറുതിമുട്ടി പുറകോട്ടു പോവ്വാ! പിൻവലിയ്യ്യാ, അമ്മ! ആഴത്തിലേയ്ക്കാഴത്തിലേക്ക്... പിൻവലിയ്യ്യാ... (1997:116).

മണ്ണും മനസ്സും നശിപ്പിക്കപ്പെടുന്ന ഒരവസ്ഥയിൽ മണ്ണിൽ കിണറുകുഴിച്ചു കൊണ്ടേയിരിക്കുന്ന ഭാരതി തേടുന്നത് ആർദ്രത അഥവാ സ്നേഹമാണ്. ഭാരതിയുടെ ഭർത്താവും കുഞ്ഞുങ്ങളും മരുഭൂമിയിൽ ജോലി ചെയ്യുന്നവരാണ്. അല്പം വെള്ളത്തിനുവേണ്ടിയുള്ള അവരുടെ ദാഹം ഭാരതിയെ അസ്വസ്ഥയാക്കുന്നു. ദാഹം കൊണ്ട് തൊണ്ട വരണ്ടുപൊട്ടിയ അവർ ശബ്ദമില്ലാതെ കരയുന്നതും ഈർപ്പം വറ്റി വിണ്ടുപൊട്ടിയ തൊലിയിലെ മുറിവുകളിൽ മണലടിഞ്ഞു കൂടിയ വേദനയാൽ അവർ പിടയുന്നതും

വെയിലേറ്റ് കരിഞ്ഞ ചുണ്ടുകൾ ഒട്ടുന്ന നാവുനീട്ടി നനയ്ക്കാൻ അവർ വൃഥാ ശ്രമിക്കുന്നതും കഥയിൽ വിവരിക്കുന്നുണ്ട്.

> "കരുണയറ്റ മനസ്സുപോലെ വരണ്ടുണങ്ങിക്കിടക്കുന്ന കിണറുകൾക്കിടയിലൂടെ പരിഭ്രാന്തയായി ഞാൻ പരക്കം പാഞ്ഞു. എന്റെ കയ്യിൽ ഉണങ്ങിപ്പൊട്ടിയ പാളയും ഇഴവേറിട്ടൊരു കയറുമുണ്ടായിരുന്നു. കത്തിക്കാളുന്ന ആകാശത്തോട് ഒരു തുള്ളിവെള്ളത്തിനായി ഞാൻ കരഞ്ഞപേക്ഷിച്ചു" (997:117).

മനസ്സിന്റെ ആർദ്രത വീണ്ടെടുക്കുമ്പോൾ ഭൂമിയും ആർദ്രമാകുന്നു എന്ന ദർശനം 'നിലാവ് അറിയുന്നു' എന്ന കഥയിലുണ്ട്. വെള്ളമന്വേഷിച്ച് വറ്റിവരണ്ട പുഴയിലേക്കിറങ്ങിയ ഉണ്ണികൃഷ്ണന്റെ കൈകളിൽ പുഴ പുനർജനിക്കുന്നു.

> "പെട്ടെന്ന് ആവേശത്തോടെ ഉണ്ണികൃഷ്ണൻ മണൽ മാന്തി മാറ്റി. മണൽ കുഴിക്കുമ്പോൾ ഊറിവരുന്ന പുഴ അയാളെ കുട്ടിയാക്കി... ആഹ്ലാദത്തോടെ അയാൾ മണൽകുഴിക്കാൻ തുടങ്ങി. അയാൾക്കിരുപുറവും വേഗം വേഗം നനഞ്ഞ മണലിന്റെ ചെറുകൂമ്പാരങ്ങളുയർന്നു... കള്ളപ്പൈക്കൾ ക്ഷമയോടെ അയാൾക്കരികിൽ കാത്തുനിന്നു. തല കരിഞ്ഞ കറുകകൾ വേരുപടർത്തി അയാളുടെ കാലിൽ ചുറ്റി. ഹൃദയത്തിൽ നിന്ന് പൊട്ടിവിരിഞ്ഞ ചിരിയോടെ ഉണ്ണികൃഷ്ണൻ ഒരു കുടന്ന വെള്ളം കോരിയെടുത്തു" (1994: 84).

മനുഷ്യാക്രമണത്തിന്റെ ഫലമായാണ് ഭൂമിയുടെ ജലാംശം നഷ്ടപ്പെടുകയും മലിനമാക്കപ്പെടുകയും ചെയ്യുന്നത്. സ്ത്രീപീഡനത്തെയും ഈ ജലനഷ്ടത്തിന്റെ ഹേതുവായി കഥകൾ തിരിച്ചറിയുന്നുണ്ട്. വറ്റിപ്പോകുന്ന ജലസ്രോതസ്സുകൾ, പീഡിപ്പിക്കപ്പെടുന്ന സ്ത്രീത്വം, രക്തക്കറ പുരണ്ട ജലാശയങ്ങൾ,

രക്തം പെയ്യുന്ന തെരുവുകൾ എന്നിവയെല്ലാം മനുഷ്യാക്രമണത്തിന്റെ വിവിധ മുഖങ്ങളായി അവതരിപ്പിക്കപ്പെടുന്നുണ്ട്.

ഭൂമിയിൽ അല്പം ശേഷിക്കുന്ന ജലംപോലും സ്ത്രീപീഡനത്തിന്റെ കറകൾകൊണ്ട് മലിനമാണെന്ന് 'ശാപായനം' കണ്ടെത്തുന്നുണ്ട്. ജലംതേടി അലഞ്ഞുനടന്ന ഭാരതി ജലം അല്പം അവശേഷിക്കുന്ന കോമന്നായരുടെ തൊടിയിലെ കിണറ്റിൽ കണ്ടത് പീഡനമേറ്റ് മരണമടഞ്ഞ അനേകം പെൺകുട്ടികളെയാണ്. "എന്തേകണ്ടത് പാളേല്? നെയ്യുയുള്ള എളംപച്ച വെള്ളത്തില് കുത്തു കുത്തായിട്ട് പെൺകിടാങ്ങള്ടെ നീണ്ട മുടീം ചുണ്ണാമ്പ് പോലെ വെള്ത്ത നഖങ്ങളും കെടന്ന് പതയ്ക്കുന്നു" (1997 : 119).

'നിലാവ് അറിയുന്നു' എന്ന കഥയിലെ ഉണ്ണികൃഷ്ണനെ ഉന്മാദിയാക്കിയത് അനുദിനം അരങ്ങേറിക്കൊണ്ടിരിക്കുന്ന അക്രമങ്ങളാണ്. ഏതു വെള്ളത്തിൽ കഴുകിയാലും കറതീരാത്ത പാപങ്ങളായി അയാളത് തിരിച്ചറിയുന്നുണ്ട്. ഉണ്ണാനെടുത്തുവെച്ച ചോറിലും എഴുതുന്ന പേനയിലും വായിക്കുന്ന പുസ്തകങ്ങളിലും ശമ്പളമായി കിട്ടുന്ന പണത്തിലും പറ്റിപ്പിടിച്ചിരിക്കുന്ന വിഷം കഴുകിക്കളയാൻ ജലമന്വേഷിച്ച് അയാൾ അലയുന്നുണ്ട്. ഇവിടെ അക്രമങ്ങളുടെ ചോരക്കറവീണ അന്തരീക്ഷത്തിൽ നിന്നും ജലശുദ്ധിയിലേക്കാണയാൾ രക്ഷപ്പെടാൻ ശ്രമിക്കുന്നത്. ''ഓഫീസിൽ നിന്നുവന്നാൽ കുളിമുറിയിലേക്കോടുന്നു. മണിക്കൂറുകളോളം തേച്ചു കഴുകിയിട്ടും വെടുപ്പാവാത്ത കാലുകൾ കുളിമുറിയിലെ പരുത്ത കല്ലിലുരച്ച് പൊട്ടിക്കുന്നു'' (1994: 83). പക്ഷെ, താൻ കഴുകിവെടുപ്പാക്കാനുപയോഗിക്കുന്ന ജലംപോലും ശുദ്ധമല്ലെന്നും എങ്ങും ശുദ്ധജലം ലഭിക്കാതായിരിക്കുന്നുവെന്നും ഉണ്ണികൃഷ്ണൻ ജലനഷ്ടത്തിന്റെ തീവ്രത തിരിച്ചറിയുന്നുണ്ട്.

**ജലത്തിന്റെ വിവിധരൂപങ്ങൾ**

കണ്ണീരും മുലപ്പാലും രക്തവും ശരീരത്തിലെ ജലത്തിന്റെ വിവിധ ആവിഷ്ക്കാര രൂപങ്ങളായി കഥകളിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. ഭൂമിയിലെ ജലത്തെ മുലപ്പാലുമായി ബന്ധപ്പെടുത്തി ആവിഷ്കരിക്കുന്നതിലൂടെ സ്ത്രൈണതയുമായി ഭൂമിയെ ബന്ധിപ്പിക്കുകയാണ് ചെയ്യുന്നത്. നഷ്ടപ്പെട്ട

സ്ത്രൈണതയെ 'ശാപയാന'ത്തിലെ ഭാരതി ഇങ്ങനെ തിരിച്ചറിയുന്നു. "മരുഭൂമിയിലെ എന്റെ ഭർത്താവിന്റെ ജഡത്തിലേക്ക് എന്റെ കുട്ടികളോ രോരുത്തരായി മരിച്ചുവീഴാൻ തുടങ്ങി. ഇളയമകൻ കൂടി കുഴഞ്ഞുവീഴുമെന്നായ പ്പോൾ ഒരുതുള്ളി മുലപ്പാലോ ഒരിറ്റു കണ്ണീരോ കൊണ്ട് അവന്റെ ചുണ്ടുകൾ നനയ്ക്കാൻ എനിക്കാവുമെന്ന് ഞാൻ പ്രതീക്ഷിച്ചു. കിണറുകളുടെ കത്തിക്കാ ളുന്ന ഉദരംപോലെ എന്റെ മുലകൾ വരണ്ടുപോയിരുന്നു. കൊല്ലുന്ന ചൂടിൽ എന്റെ കണ്ണീരിന്നുറവകളും വറ്റിപ്പോയിരുന്നു" (1997 : 118).

ഭൂമിയിലെ ജലാംശം നശിക്കുന്നതിനു സമാന്തരമായി സ്ത്രീശരീര ത്തിലെ ജലസ്രോതസ്സുകൾ നശിക്കുന്നതിന്റെ ചിത്രം 'തായ്ക്കുല'ത്തിലുണ്ട്. "അവര് ഇന്റെ മൊലപ്പാലിന്റെ വേര്കളാ അറ്ത്തിട്ടത്! ഇന്റെ കുലത്തിന്റേം നിണത്തിന്റേം വേരുകള്!" (1994 : 35).

'ശാപായന'ത്തിൽ ശരീരത്തിൽനിന്ന് രക്തം വാർന്നു പോകുന്ന തിനെ ജലനഷ്ടവുമായി ബന്ധിപ്പിക്കുന്നുണ്ട്. ഈ കഥയിലെ കിണറുപണി ക്കാരിയായ വേശു ഗർഭമലസി രക്തം വാർന്ന് മരണമടയുന്നു. കുഴിച്ചിട്ടും കുഴിച്ചിട്ടും വെള്ളം കാണാത്ത കിറണിനോടാണ് ഇവിടെ രക്തം നഷ്ടപ്പെട്ട വേശുവിന്റെ ശരീരത്തെ സാത്മ്യപ്പെടുത്തുന്നത്. ജലം ഭൂമിയുടെ രക്തമാ ണെന്ന തിരിച്ചറിവ് ഈ കഥ നൽകുന്നുണ്ട്.

ഭൂമിയിൽ അവശേഷിക്കുന്ന ജലം എന്തുവിലകൊടുത്തും സംരക്ഷി ക്കേണ്ടതാണെന്ന ബോധം കഥകളിലുണ്ട്. അക്രമികളായ മനുഷ്യരെ പേടിച്ച് അനുദിനം ആഴത്തിൽ നിന്ന് ആഴത്തിലേക്കു പോകുന്ന ജലത്തെ മനസ്സിൽ ശേഷിച്ചിട്ടുള്ള അല്പം നന്മകൊണ്ട് കാത്തുപോരാനാകും എന്ന ചിന്ത 'നിലാവ് അറിയുന്നു' എന്ന കഥയിലുണ്ട്. പുഴയുടെ ആർദ്രതയെ വീണ്ടും തോറ്റിയുണർത്തിയ ഉണ്ണികൃഷ്ണൻ അതു സംരക്ഷിക്കാനുള്ള വ്യഗ്രത കാണി ക്കുന്നതായി കാണാം. ഉണ്ണികൃഷ്ണനെ തിരഞ്ഞ് ചൂട്ടുമായി ആളുകൾ പുഴത്തീരത്തേക്ക് വരുമ്പോൾ അയാളിൽ സംഭവിക്കുന്ന ഭാവമാറ്റം അത് വ്യക്തമാക്കും. ''ഉണ്ണികൃഷ്ണന് പേടിയായി. ഉറവകളവർ പിടിച്ചെടുക്കും. കാരുണ്യം വറ്റിച്ചുകളയും ''ഇങ്ങട് വരണ്ടാ...'' ഉണ്ണികൃഷ്ണൻ ഉറക്കെ

വിളിച്ചുപറഞ്ഞു. കൈനീട്ടി അവൻ വെള്ളത്തെ ആലിംഗനം ചെയ്തു. ഇല്ല, ഈ വെള്ളം കെടുത്താൻ സമ്മതിക്കില്ല. ഉണ്ണികൃഷ്ണൻ ഇരുകയ്യും വിടർത്തി വെള്ളത്തെ മാറോടമർത്തി'' (1994 : 87).

**ജലത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ**

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സ്വപ്നമായി ജലം കഥകളിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. 'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും', 'ഛായാപടം', 'സ്കൂട്ടർ' എന്നീ കഥകളിൽ സ്വാതന്ത്ര്യത്തെക്കുറിച്ച് സ്ത്രീ കാണുന്ന സ്വപ്നങ്ങളിൽ ജലത്തിന്റെ സാന്നിധ്യം കാണാം.

'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും' എന്ന കഥയിലെ എഴുത്തുകാരി സ്വതന്ത്രമായി രചനയിലേർപ്പെടാനുള്ള സ്ഥലമായി കാണുന്നത് കടലോരത്തുള്ള മേബിൾ അമ്മായിയുടെ വീടാണ്. "അനന്തമായി തുറന്നുകിടക്കുന്ന കടലോരമാണ് അതിന്റെ പശ്ചാത്തലം. കടലോരത്തുകൂടെ ഒറ്റയ്ക്കുള്ള സ്വതന്ത്രമായ ആ യാത്ര വളരെ ഹൃദ്യമാണ്. എന്റെ കണ്ണും കാതും പരിപൂർണമായി തുറന്നുവെച്ചുകൊണ്ടാണ് ഞാൻ നടക്കുക" (1997:54).

ജീവിതത്തിൽ അനേകമനേകം കഷ്ടപ്പാടുകളിലൂടെയും അസ്വാതന്ത്ര്യങ്ങളിലൂടെയും കടന്നുപോന്ന 'ഛായാപട'ത്തിലെ അമ്മമ്മ കാണുന്ന സ്വപ്നത്തിലും ജലം പ്രധാനമായി വരുന്നുണ്ട്. "ആർത്തലച്ച് മഴ വരുമ്പോ മയിലോള് പീലി നീർത്തിയാടണ ഒരു കുന്നുമ്പുറണ്ട്ന്റെ ഉള്ളില്പ്പഴം.... മേലേ, അറ്റല്യാണ്ടെ ആകാശോം താഴെ അതിര്ല്യാണ്ടെ തെരമറയണ കടലും കാണണ കുന്നുമ്പുറം... നിയ്ക്ക് അവിട്യാ കഴിയണ്ടത്!" (1997 : 83).

'സ്കൂട്ടർ' എന്ന കഥയിൽ മടുപ്പുളവാക്കുന്ന ദാമ്പത്യത്തിൽ നിന്നും രക്ഷപ്പെടാനായി അതിലെ യാത്രക്കാരി കണ്ടെത്തുന്നത് പച്ചത്തടാകങ്ങളെക്കുറിച്ചുള്ള സ്വപ്നങ്ങളാണ്. 'ശാപയാന'ത്തിൽ മരുഭൂമിയിലെ വരൾച്ചയിൽ നിന്നും ഭാരതിയുടെ ഭർത്താവും കുട്ടികളും എഴുതുന്ന കത്തുകൾ നിറയെ ജലത്തെക്കുറിച്ചും പച്ചപ്പിനെക്കുറിച്ചുമുള്ള സ്വപ്നങ്ങളാണ്. "അമ്മേ, ഇളനീരു പോലെ കുളിരും മധുരവുമുള്ള വെള്ളം ഏന്തിത്തുടിക്കുന്ന നമ്മുടെ കിണറാണ്

ഞങ്ങളുടെ സ്വപ്നം! കിണറിനു മീതെ പച്ചക്കറുക വളർന്നു വട്ടച്ചു കിടക്കുന്നതും തെങ്ങോലകളുടെ നിഴലും സൂര്യവെളിച്ചവും തെളിവെള്ളത്തിൽ നീന്തിത്തുടി ക്കുന്നതും അത്ര ചെറിയ കാര്യമല്ലമ്മേ!" (1997 : 116) എന്ന് മക്കളും "അവധിക്ക് നാട്ടിൽ വരുമ്പോൾ ഭാരതീ നമുക്ക് മൺകുടങ്ങളിൽ വെള്ളം കോരി കായ്കറികൾക്ക് നനയ്ക്കാം. പാളകോട്ടി വെള്ളം കോരാം. കുതിർന്ന പാളയിൽ നിന്ന് കൈക്കുമ്പിളിലൊഴിച്ച തരുന്ന വെള്ളത്തിന്റെ ഗന്ധം ഏതാണ് ഭാരതി? എന്റെയും നിന്റെയും ബാല്യത്തിന്റെ ഗന്ധമോ?" (1997 : 115) എന്ന് ഭർത്താവും ഭാരതിക്കെഴുതുന്നു. പൊയ്പ്പോയ ജലസമൃദ്ധിയുടെയും നന്മയുടെയും പ്രകൃതിയോടൊത്തുള്ള ജീവിതത്തിന്റെ നൈർമല്യതയുടെയും സൂചനകൾ ഇതിലുണ്ട്. വരണ്ട കാലത്തിൽ നിന്നും രക്ഷപ്പെടാനുള്ള തുരുത്തായി മാറുകയാണ് ഇവിടെ ജലസ്മൃതികൾ.

ജലം സാറാജോസഫിന്റെ കഥകളിൽ മനുഷ്യശരീരത്തിലെ ഉറവകളായി മാറുന്നു. ഭൂമിയിലും സ്ത്രീയിലും ഒരേ നീരൊഴുക്കാണ് ഉള്ളതെന്ന് അവ കണ്ടെത്തുന്നു. മനുഷ്യമനസ്സിന്റെ ആർദ്രത വറ്റുമ്പോൾ ഭൂമിയുടെ ഉറവയും വറ്റുന്നു. സ്ത്രീപീഡനത്തിന് സമാന്തരമായി ജലനഷ്ടം സംഭവിക്കുന്നു വെന്ന കണ്ടെത്തൽ പ്രധാനമാണ്. അവശേഷിക്കുന്ന ജലം മനസ്സിലെ ആർദ്രത തിരിച്ചുപിടിക്കുന്നതിലൂടെ സംരക്ഷിക്കാമെന്ന ശുഭാപ്തിവിശ്വാസം കഥ പുലർത്തുന്നു. സ്വാതന്ത്ര്യത്തിന്റെയും സ്ത്രീ സമത്വത്തിന്റെയും അടയാള മായി ജലത്തെ സ്വീകരിക്കുന്നതിന്റെ അപൂർവ്വാനുഭവമാണ് സാറാജോസ ഫിന്റെ കഥകൾ നൽകുന്നത്.

**ഗ്രന്ഥസൂചി**


1. സാറാജോസഫ് 1979, കാടിന്റെ സംഗീതം, കോട്ടയം, എസ്.പി.സി.എസ്.
2. ______ 1994 നിലാവ് അറിയുന്നു, തൃശ്ശൂർ, കറന്റ് ബുക്സ്
3. ______ 1994 പാപത്തറ, തൃശ്ശൂർ, കറന്റ് ബുക്സ്
4. Irne, Diamond & Gloria Oren Stein (ed.) 1990, Re weaving the world: The Emergence of Eco feminism , San Francisco : Sierra Club Books

# പോരാട്ടങ്ങളുടെ ചരിത്രരേഖകൾ: കെ.പി. ശശിയുടെ ഡോക്യുമെന്ററി ജീവിതം

**ഡോ. സ്റ്റാലിൻ ദാസ് പടിഞ്ഞാറെ പുരക്കൽ**

ഇന്ത്യയിലെ ഡോക്യുമെന്ററി ആക്ടിവിസ്റ്റുകളിൽ ഒന്നാംനിരയിലുള്ള ആളായിരുന്ന കെ.പി. ശശി. എൺപതുകളുടെ തുടക്കത്തിൽ ശശി 8 mm ഫിലിമിൽ കേരളശാസ്ത്രസാഹിത്യ പരിഷത്തിന്റെ ജനകീയ ഇടപെടലുകളെ അടിസ്ഥാനമാക്കി സയൻസ് ടു പീപ്പിൾ എന്ന തന്റെ ആദ്യ ഡോക്യുമെന്ററി സിനിമ ചെയ്യുമ്പോൾ ഡോക്യുമെന്ററികളെ സോഷ്യൽ ആക്ടിവിസത്തിനുള്ള ഉപാധിയായി തിരിച്ചറിഞ്ഞ അപൂർവ്വം ചലച്ചിത്രപ്രവർത്തകരേ ഇന്ത്യയിലാകെ ഉണ്ടായിരുന്നുള്ളൂ.

ഡോക്യുമെന്ററിമേക്കറായി മാറുന്നതിനു മുമ്പ് ശശി കാർട്ടൂണിസ്റ്റായിരുന്നു. ജെ.എൻ.യുവിലെ പഠനകാലം മുതലേ കാർട്ടൂണുകൾ വരക്കുന്ന സ്വഭാവമുണ്ടായിരുന്നു ശശിക്ക്. പിൽക്കാലത്ത് ശശി ബോംബെയിൽ ഫ്രീപ്രസ് ജേണലിലെ കാർട്ടൂണിസ്റ്റായി. അക്കാലത്ത് തപൻബോസിന്റെയും ആനന്ദ് പടവർദ്ധനന്റെയും മറ്റും ഡോക്യുമെന്ററികൾ കാണാനവസരമുണ്ടായപ്പോഴാണ് ഡോക്യുമെന്ററി സിനിമക്ക് നിർവ്വഹിക്കാനാവുന്ന രാഷ്ട്രീയദൗത്യങ്ങളെക്കുറിച്ച് ശശിക്ക് ബോധ്യങ്ങളുണ്ടാവുന്നത്. രാഷ്ട്രീയ ജീവി എന്ന നിലയിൽ മനുഷ്യനിലർപ്പിതമായ രാഷ്ട്രീയദൗത്യങ്ങളെക്കുറിച്ച് ആഴത്തിലുള്ള നിലപാടുകളുണ്ടായിരുന്നു ശശിക്ക്. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രമുഖനേതാവും സൈദ്ധാന്തികനുമായിരുന്ന കെ. ദാമോദരൻ എന്ന പിതാവിനെ പിന്തുടർന്ന് ശശി സാമ്പ്രദായിക ഇടതുപക്ഷക്കാരനായി മാറിയില്ലെങ്കിലും അച്ഛൻ തന്റെ ജീവിതത്തിലുടനീളം പാർശ്വവല്ക്കരണങ്ങളെയും തമസ്കരണങ്ങളെയും അതിജീവിച്ച് ഉയർത്തിപ്പിടിക്കാൻ ശ്രമിച്ച രാഷ്ട്രീയവും സൈദ്ധാന്തികവുമായ മൂല്യങ്ങളെ ശശി ആവുന്നത്ര പിന്തുടർന്നു

എന്നതിന്റെ സാക്ഷ്യങ്ങളായി അദ്ദേഹത്തിന്റെ ഡോക്യുമെന്ററികളും ഫീച്ചർ സിനിമകളും മ്യൂസിക് വീഡിയോകളുമടങ്ങുന്ന ചലച്ചിത്രസഞ്ചയം.

മ്യൂസിക് വീഡിയോകളും അപൂർവ്വമായി ചില ഫീച്ചർ സിനിമകളും ചെയ്തിട്ടുണ്ടെങ്കിലും അടിസ്ഥാനപരമായി ഡോക്യുമെന്ററി സ്രഷ്ടാവായിരുന്നു ശശി. ഇന്ത്യയിലുടനീളം പോരാടുന്ന മനുഷ്യരുടെ പ്രശ്നങ്ങളെ ലോകത്തിനു മുന്നിൽ ശശിയുടെ ഡോക്യുമെന്ററി സിനിമകൾ വെളിച്ചപ്പെടുത്തി. ഗുജറാത്തിലെ ഭൂകമ്പബാധിതരുടെ ഇടയിലും സർദാർ സരോവർ സമരപ്രവർത്തകരുടെ മധ്യത്തിലും കന്ധമാലിൽ ന്യൂനപക്ഷവേട്ടക്കിരയായവർക്കരികിലും അതിജീവനത്തിനായി പോരാടുന്ന മത്സ്യത്തൊഴിലാളികളുടെ ഇടയിലും ശശി തന്റെ ക്യാമറയുമായെത്തി. മനുഷ്യരനുഭവിക്കുന്ന ദയനീയ ദൃശ്യങ്ങളെക്കാൾ ശശിയുടെ ഡോക്യുമെന്ററികളിൽ പ്രതിഷേധിക്കുകയും അതിജീവിക്കാൻ അവസാന ശ്വാസം വരെയും പോരാടുകയും ചെയ്യുന്ന മനുഷ്യരുടെ ദൃശ്യങ്ങൾ നിറഞ്ഞു. പ്രതിഷേധങ്ങളുടെ കൂടെ നിൽക്കുകയാണ്, പോരാടുന്നവരുടെ കൂടെ നിൽക്കുകയാണ് ഒരു ഡോക്യുമെന്ററി ആക്ടിവിസ്റ്റിന്റെ പ്രാഥമികവും പ്രധാനവുമായ ദൗത്യം എന്നുറപ്പുള്ളതിനാൽ അധികാരവും വർഗ്ഗീയതയും വംശീയതയും മനുഷ്യർക്കു മുകളിൽ അഴിഞ്ഞാടിയ ഇടങ്ങളിലൊക്കെ ശശി എത്തിച്ചേർന്നു. അവിടങ്ങളിൽ രൂപപ്പെട്ട നിൽപ്പുകൾക്ക് ദൃശ്യത നൽകി പൊതുസമൂഹത്തിന്റെ പിന്തുണയുറപ്പിക്കാൻ ശശി എല്ലായ്പ്പോഴുമുണ്ടായി.

സർദാർ സരോവർ പദ്ധതിക്കെതിരെ നർമ്മദ തീരവാസികളുടെ ഐതിഹാസികസമരം ചിത്രീകരിച്ച 'എ വാലി റെഫ്യൂസ്ഡ് ടു ഡൈ', 'AFSPA' എന്ന കിരാതനിയമത്തിനെതിരെ മണിപ്പൂരിലെ ജനങ്ങൾ നടത്തുന്ന പ്രക്ഷോഭം പ്രമേയമായ 'റീ ഡിഫൈനിങ് പീസ്', കന്ധമാലിലെ ന്യൂനപക്ഷവേട്ടയെ കേന്ദ്രമാക്കി നിർമ്മിച്ച 'വോയ്സസ് ഫ്രം ദ റൂയിൻസ്', വനമാഫിയയുടെ ആർത്തിക്കിരയായ കാശിപ്പൂരിലെ ആദിവാസികളുടെ ചെറുത്തുനിൽപ്പിനെ അടയാളപ്പെടുത്തിയ 'ഡവലപ്മെന്റ് അറ്റ് ഗൺപോയിന്റ്' തുടങ്ങിയ ഡോക്യുമെന്ററികളെല്ലാം അധികാരത്തിന്റെ

ഇരകളായി മാറിയ മനുഷ്യരുടെ പോരാട്ടങ്ങളുടെ ജ്വലിക്കുന്ന രേഖകളായിരുന്നു.

അധികാരങ്ങളോടേറ്റുമുട്ടുന്ന മനുഷ്യജീവിതങ്ങളുടെ അടയാളപ്പെട്ടുത്തലുകളായ ഡോക്യുമെന്ററികൾക്കൊപ്പം തന്നെ പ്രാധാന്യത്തോടെ അനിശ്ചിതമായ പ്രകൃതിയെന്ന പ്രതിഭാസത്തോട് അതിജീവനത്തിനായി നിരന്തര സംഘർഷത്തിലേർപ്പെടേണ്ടി വരുന്നവരുടെ ജീവിതചിത്രങ്ങൾക്കും ശശി നിലപാടുകളിൽ ഊന്നിക്കൊണ്ടുള്ള ചലച്ചിത്രഭാഷ്യങ്ങൾ നല്കിയിട്ടുണ്ട്. പ്രകൃതിദുരന്തങ്ങളുടെ ഇരകളായി തീരുന്ന മനുഷ്യജീവിതങ്ങളും അനിയന്ത്രിതമായ പ്രകൃതിചൂഷണം വരുത്തി വെക്കുന്ന ദുരന്തദൃശ്യങ്ങളും ശശിയുടെ ഡോക്യുമെന്ററികളിൽ കടന്നു വരുന്നു. ഈഫ് ഇറ്റ് റെയ്ൻസ് എഗയ്ൻ, വോയ്സസ് ഫ്രം ഡിസാസ്റ്റർ, ദ ടൈം ആഫ്റ്റർ സുനാമി, വി ഹു മേക്ക് ഹിസ്റ്ററി ആൻഡ് ദാറ്റ് ആൻഗ്രി അറേബ്യൻ സീ, എ ക്ലൈമറ്റ് കാൾ ഫ്രം ദ കോസ്റ്റ് തുടങ്ങിയ ഡോക്യുമെന്ററികളൊക്കെ മുകളിൽ പറഞ്ഞ വിഭാഗത്തിലെ ശ്രദ്ധേയ സൃഷ്ടികളാണ്.

ഭരണകൂടം അതിന്റെ തന്നെ പൗരന്മാർക്കുമുകളിൽ നടത്തുന്ന കൊടിയ പീഡനങ്ങളെയും മനുഷ്യാവകാശലംഘനങ്ങളേയും ചിത്രീകരിച്ച ഓഷ്യൻ ഓഫ് ടിയേഴ്സ്, ഫാബ്രിക്കേറ്റഡ്, വോയ്സസ് ഫ്രം ദ റുയ്ൻ സ്, റീ ഡിഫൈനിങ് പീസ് തുടങ്ങിയ ഡോക്യുമെന്ററികൾ ശശിയുടെ ഏറ്റവും ഉജ്ജ്വലമായ സൃഷ്ടികളാണ്. ഫാസിസ്റ്റു നിലപാടുകളുള്ള ഭരണകൂടങ്ങളുടെ നിരന്തരവേട്ടക്കിരയായി, വിചാരണ പോലും നിഷേധിക്കപ്പെട്ട് ദീർഘ കാലം ജയിൽവാസമനുഷ്ഠിക്കേണ്ടി വന്ന അബ്ദുനാസിർ മദനിയുടെ പ്രക്ഷുബ്ധ മായ ജീവിതം ചിത്രീകരിച്ച ഫാബ്രിക്കേറ്റഡ് ന്യൂനപക്ഷവിഭാഗങ്ങളോടുള്ള ഭരണകൂട ഭീകരതയുടെയും പക്ഷപാതത്തിന്റെയും കൃത്യമായ സാക്ഷ്യമാണ്. കാശ്മീരിലും മണിപ്പൂരിലും ഭരണകൂടം നടത്തുന്ന മനുഷ്യാവകാശ ലംഘന ങ്ങളിലേക്കും അക്രമങ്ങളിലേക്കും തുറന്നു വെച്ച കാഴ്ചയായി മാറുന്ന ഓഷ്യൻ ഓഫ് ടിയേഴ്, റീ ഡിഫൈനിങ് പീസ് എന്നീ ഡോക്യുമെന്ററികൾ . മദനി നേരിട്ട മനുഷ്യാവകാശ പ്രശ്നങ്ങളിൽ ഇടപെടുമ്പോഴും കാശ്മീരിലേയും

കന്ധമാലിലേയും ന്യൂനപക്ഷവേട്ടകളെ പ്രമേയമായി സ്വീകരിക്കുമ്പോഴും ദേശവിരുദ്ധമെന്ന് മുദ്രകുത്തപ്പെടാനുള്ള സാധ്യതകൾ വിപുലമാണെന്ന് അറിയാമായിരുന്നിട്ടും സധൈര്യം ശശി അത്തരം വെല്ലുവിളികൾ ഏറ്റെടുത്തു. ന്യൂനപക്ഷങ്ങൾ നേരിടുന്ന അനീതികൾ തുറന്നു പറയുന്നവരെ ജയിലറകൾ കാത്തിരിക്കുന്ന ഒരു കാലത്ത് തീവ്രവാദക്കുറ്റം ചുമത്തി ജയിലിലടക്കപ്പെട്ട മദനിയടക്കമുള്ളവരെ ജയിലുകൾക്കകത്തു പോയി കാണുകയും ലോകത്തിനു മുന്നിൽ ആ കാഴ്ചകളെ പ്രദർശിപ്പിക്കുകയും ചെയ്തു.

ശശി അപൂർവ്വം ഫീച്ചർ സിനിമകളേ സംവിധാനം ചെയ്തിട്ടുള്ളൂവെങ്കിലും അവ പരമ്പരാഗത ഫീച്ചർ സിനിമകളുടെ ഭാവനാ ലോകത്തിനപ്പുറമുള്ള തീവ്രമായ ജീവിതയാഥാർത്ഥ്യങ്ങളെ അവതരിപ്പിക്കുന്നതായിരുന്നു. തിലകനും പല്ലവി ജോഷിയുമഭിനയിച്ച് തൊണ്ണൂറുകളുടെ ആദ്യപകുതിയിൽ പുറത്തു വന്ന 'ഇലയും മുള്ളും' ദേശീയ ശ്രദ്ധനേടിയ ചിത്രമാണ്. സ്ത്രീകൾക്കെതിരെയുള്ള സാമൂഹികവും ഗാർഹികവുമായ പീഡനങ്ങളെ അവതരിപ്പിക്കുന്ന 'ഇലയും മുള്ളും; മലയാളസ്ത്രീകൾ നേരിടുന്ന അതിഭീകരമായ ലിംഗവിവേചനങ്ങളുടെ ഡോക്യുമെന്റ് എന്ന നിലയിൽ കാണാവുന്ന സിനിമയാണ്. സിനിമ ഉന്നയിക്കുന്ന ഗൗരവമേറിയ വിഷയം അതിന്റെ പ്രസക്തി ഒട്ടും ചോർന്നു പോവാതെ ഇപ്പോഴും നിലനിൽക്കുന്നു എന്നതു തന്നെ പ്രസ്തുത സിനിമയുടെ പ്രാധാന്യത്തിന് അടിവരയിടുന്നുണ്ട്. എയ്ഡ്സ് ബാധിതർ അനുഭവിക്കുന്ന സാമൂഹികവിലക്കുകളേയും അവഗണനകളെയും വിഷയമാക്കിയ 'ഏക് അലഗ് മോസം' 2003ൽ പുറത്തു വന്ന സിനിമയാണ്. അനുപംഖേർ, രജത്കപൂർ, നന്ദിതദാസ് തുടങ്ങിയവർ പ്രധാനവേഷമഭിനയിച്ച 'ഏക് അലഗ് മോസം' എയ്ഡ്സിനോടുള്ള സാമൂഹികഭയം പോലുള്ള ദാരുണവും ക്രൂരവുമായ യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കാൻ ശ്രമിച്ച ആദ്യ ഇന്ത്യൻ ചലച്ചിത്രപരിശ്രമങ്ങളിലൊന്നാണ്. സാമൂഹികവും രാഷ്ട്രീയവുമായ സംവാദത്തിന് ഡോക്യുമെന്ററികളേക്കാൾ സാധ്യത കഥാചിത്രങ്ങൾക്കാണെന്ന് മുസ്തഫ ദേശമംഗലത്തിനു നൽകിയ ഒരു അഭിമുഖത്തിൽ ശശി പറയുന്നുണ്ടെങ്കിലും ഫീച്ചർസിനിമയിൽ എന്തുകൊണ്ടോ ശശി കൂടുതൽ സമയം ചെലവഴി

ച്ചില്ല. അഫ്ഗാൻ - ഇറാഖ് യുദ്ധങ്ങളിലെ അമേരിക്കൻ താല്പര്യങ്ങളെ ആക്ഷേപഹാസ്യത്തോടെ അവതരിപ്പിക്കുന്ന 'അമേരിക്ക-അമേരിക്ക', കാശിപ്പൂരിലെ ഖനനത്തിനെതിരായി സമരം ചെയ്യുന്ന ആദിവാസികളെ മുൻനിർത്തി രൂപം നൽകിയ 'ഗ്യാൻ ചോദാബ് നഹീൻ' തുടങ്ങിയ ചില മ്യൂസിക് വീഡിയോകൾ ശശി സംവിധാനം ചെയ്തിട്ടുണ്ടെങ്കിലും ജനകീയ പ്രശ്നങ്ങളിൽ ഇടപെടാനുള്ള ഏറ്റവും കൃത്യമായ ഉപാധിയായി അദ്ദേഹം സ്വീകരിച്ചു പോന്നത് ഡോക്യുമെന്ററികൾ തന്നെയായിരുന്നു.

ഭരണകൂടങ്ങളുടെ അധികാര താല്പര്യങ്ങൾക്കെതിരെയും അധീശ വ്യവസ്ഥയുടെ ഇരകളാക്കപ്പെടുന്നവർക്കു വേണ്ടിയും ശശി തന്റെ ഡോക്യുമെന്ററികളിലൂടെയും സിനിമ കളിലൂടെയും സംസാരിച്ചു കൊണ്ടിരുന്നു. എഴുത്തിലൂടെയും കാർട്ടൂണുകളിലൂടെയും വിബ്ജിയോർ പോലുള്ള സമാന്തര ഫിലിം ഫെസ്റ്റിവലുകളിലൂടെയും ശശി തന്റെ സാമൂഹികദൗത്യം തുടർന്നു കൊണ്ടിരുന്നു. എല്ലായ്പ്പോഴും വേട്ടയാടപ്പെടുന്നവർക്കൊപ്പവും പരാജയപ്പെട്ടവർക്കൊപ്പവും ചൂഷിതർക്കൊപ്പവും നിലകൊണ്ടു. ഫാസിസ ത്തെയും ഭരണകൂടഭീഷണികളെയും വകവെച്ചതേയില്ല. നിരന്തരമായ പോരാട്ടങ്ങളാൽ അനീതികൾക്കെതിരെ ജാഗ്രത്തായിരുന്ന ആ ജീവിതം നിശ്ചലമാകുമ്പോഴും ശശി ഉയർത്തിപ്പിടിച്ച പ്രതിഷേധങ്ങളെയും പ്രതിരോധ ത്തിന്റെയും ദൃശ്യങ്ങൾ മങ്ങാതെ, ഉജ്ജ്വലമായി തെളിഞ്ഞുനിൽക്കുന്നുണ്ട്.

**Book Review**

# ओमप्रकाश वाल्मीकी की कविता 'अब और नहीं' में अभिव्यक्त टीस की अभिव्यक्ति।

**डॉ. पी .प्रिया**

**ओम प्रकाश वाल्मीकि**
**अब और नहीं।**
**राजकमल प्रकाशन, 2009**

ओमप्रकाश वाल्मीकि और दलित साहित्य के बीच नाभि-नाल का संबंध है।वे अपने संपूर्ण साहित्य में दलित जीवन की व्यथा कथा अस्मिता की खोज, चेतना,एवं संघर्ष को ही व्यक्त किया था। 'जूठन' के आमुख में कवि का बयान कि 'दलित जीवन की पैदाइश असहनीय और अनुभव दग्ध है। ऐसे अनुभव जो साहित्यिक अभिव्यक्तियां स्थान नहीं पा सकी, एक ऐसे समाज व्यवस्था में हमने साँसें ली हैं,जो बेहद क्रूर और अमानवीय है और दलितों के प्रति असंवेदनशील भी'।ओमप्रकाश वाल्मीकी अपनी रचनाओं के जरिए अपनी व्यथा दर्द एवं चुभन को बहुत मार्मिकता से दर्ज किया है। दर्द या पीडा एक अप्रिय अनुभव है ,जिसको कई बार किसी चोट या ठोकर लगने से अनुभूत होता है।

ओमप्रकाश वाल्मीकि का जन्म 1950 में उत्तर प्रदेश के मुजफ्फरपुर नगर में हुआ था। सदियों का संताप, बस बहुत हो चुका जूठन, सलाम, घुसपैठिया अम्मा एंड अदर स्टोरीस मुख्य धारा और दलित साहित्य ,सफाई देवता, दलित साहित्य का सौंदर्य शास्त्र आदि उनकी प्रमुख रचनाएँ है।

'अब और नहीं' कविता संग्रह में कुल इक्यावन कविताएँ हैं, जिनमें ज्यादात्तर कवि के द्वारा अनुभूत पीडाएँ ही हैं।दलित शब्द का अर्थ है जिसका दलन या उत्पीड़न

किया गया हो ।दबा, कुचला अपमानित प्रताड़ित प्राणी दलित कहा जाता है। 'लेखा जोखा' कविता में मंदिर में घुसने न देने की पीडा को ही चित्रित किया है।

शिवाले के दरवाजे से दूर/खडे होकर माँगी मन्नतें/सही दुत्कार बामन की/यह सोचकर कभी तो खुलेगा दरवाजा/अपने लिए भी/भीतर सोया देवतायजागेगा किसी रोज पी जाएगा विषय/बाहर आकर।

'अस्तिविसर्जन' में भी देवताओं से दूर रखनेवाले समाज के प्रति विरोध संघर्ष एवं उससे उद्भूत पीडा ही विद्यमान है।

मुश्किल होता है/टिके रहना/धारा के विरुद्ध/जैसे खडा रहना /दहकते अंगारों पर।

'आईना' कविता में जाति व्यवस्था पर प्रश्न चिह्न लगाया है ।

किस हरामजादे की देन है /ये जाति

'जूता' कविता में सवर्ण अवर्ण के बीच के मानसिक भिन्नता को प्रत्येक की अनुभूति एवं संवेदनाओं को बहुत ही दर्द भरे शब्दों में अभिव्यक्ति दी  है।

मैं जानता हूं/ मेरा दर्द तुम्हारे लिए/ चींटी जैसा है/और तुम्हारा अपना दर्द/पहाड जैसा इसलिए/मेरे और तुम्हारे बीच/ एक लंबा फासला है/ जिसे लंबाई से नहीं/ समय से नापा जाएगा।इसमें जूता दलित लोगों की सीमाओं का प्रतिनिधित्व भी करता है।

'जो मेरा कभी नहीं हुआ'- नामक कविता में दलितों की भीषण गरीबी का वर्णन है।

जुटानी है रोटी/ सीधे चलते हुए/ बिना किसी शिकवे शिकायत/और कातर गुहार के।

'जाती' कविता में जाति व्यवस्था पर कड़ी विरोध ही जताया है।

भीड की जाती पूछना/वैसा ही है/ जैसे नदी के बहाव को रोकना /समुद्र में जाने से।

'किष्किंधा' कविता में बाली एवं सुग्रीव के पौराणिक कथा को लेकर उनके बीच हुए समझौते का वर्णन कर सुग्रीव के द्वारा गलतफहमी से किष्किंधा को अपनाने की कथा समकालीन संदर्भ के साथ जोड़कर चित्रित है। कवि के अनुसार सुग्रीव उस मोहग्रस्त सत्ता के चहेता व्यक्ति है जिसका अस्तित्व आज भी समाज में विशेष कर राजनीति में विद्यमान है। इसमें दर्द के साथ कवि बाली की शक्ति पर प्रतीक्षा रत भी है।

मेरे अंतस की गुफा में /बंद पड़े हैं /असंख्य बाली/ जो बाहर आएंगे किसी दिन/ अवरोधक हटाकर/बाली जगेगा/तो कांपेगी किष्किंधा।

'अंगूठे का निशान' कविता में इतिहास में अपना नाम दर्ज नहीं कर पाने वाले गरीबों एवं दलितों के दुख एवं दर्द को रेखांकित किया है

इतिहास/जानना/पहचानना/गढना/नहीं सीख पाए/भूल गए/पुरखों की वे तमाम स्मृतियां/जिन्हें रखना जरूरी था सहेजकर।

'दीवार के उस पार कविता' में भी इतिहास सं वंचित होने की पीडा व्यंजित है।

दीवार के उस पार/जहाँ सड रहा है/सदियों से /जमा कूडा।

'काले दिनों में' कविता में अपनी अस्तित्व पर टीस चित्रित किया गया है।

टीसता है दर्द पसलियों में/एक-एक शब्द का /जिसे रचा है तुम्हें/मेरे जिस्म पर/काले दिनों में।

इसमें उनके द्वारा भोगे गये हादसाओं से उद्भूत पीडा को टीस सा चित्रित किया गया है।

गोदामों में बंद रोशनी कविता में /खामोश चीखों का कोलाहल /सुलगता रहा इर्द गिर्द/यातनाओं की बारिश में /भीग गया वर्तमान।-इसमें कवि एवं कवि के समूचे समूह का वर्णन है।

'कोई खतरा नहीं कविता' में सत्ता के द्वारा दलितों पर हो रहे वर्जनाओं पर कवि क्रोधित एवं मायूस है।

शहर की सडकों पर /दौडती भागती गाडियों /के शोर में/सुनाई नहीं पडती/ सिसकियों की अनुगूँज 'खाली हाथ कविता' में बहुत अधिक कोशिशों के बावजूद भी लक्ष्य हाजिल नहीं कर पाने की निराशा है।

सच को सच मान लेना/बहुत मुश्किल होता है।

'दहलीज' कविता में जाति व्यवस्था को तोडकर समतामूलक समाज का सपना संजोते हुए कवि का दर्द व्यंजित है।

दहलीज पार कर/हमेशा रहा हूँ तट पर मैं/करने के लिए प्रवेश/तुम्हारे आँगन में।

'कोलाहल' कविता में सामाजिक विकास होने पर भी दलितों की जिन्दगी की मार्मिक स्थिति पर कवि व्यथित है।

गूंगी चीखों में परत दर परत छिपी /दुखों की कहानी /रह जाती है अनसुनी।

'हमलावर' कविता में दलितों को दमित करने वाले शक्तियों से सावधान रहने का ऐलान है साथ ही अपने दुख एवं दर्द को दर्द का चित्रण भी है। हमला करने के लिए विपक्षी लोग हमेशा तैनात है इस पर कवि ने निराशा जाहिर किया है।

चारों ओर खड़ी/भीड़ का दर्दनाक कोलाहल/सुनाई नहीं पड़ेगा/जंगली भेड़िए आ खड़े होंगे/ किसी भी वक्त/ हमलावर की शक्ल में।

'सदी का आखिरी पहर' कविता में खामोशी को छोड़कर प्रतिरोध करने का ऐलान है। अब समय ज्यादा हो चुका है।अब दलितों को अपनी हीन भावना को छोडकर बाहर आना समय की जरूरत है।

आंखों में भारी हीनता/ हूंकरती है/ फूट पडना चाहता है /आग का दरिया 'मौत का चेहरा कविता' में तीव्र भक्ति की खिल्ली उड़ाते हुए पारिस्थितिक संकट पर दर्द को व्यक्त किया गया है।

घूमना चाहता हूं/भयरहित/देवताओं की बस्ती में /हरे पेड़ सूखने पड़े हैं/ घट गई है संख्या चिड़ियों की/बादलों ने भी बदल लिया है सस्ता/जलने लगी है त्वचा/सूरज की तपिश से।

समाज के उच्च्च वर्ग द्वारा दलितों को अक्सर सत्ता की शक्ति की सहायता से फंसाने की प्रवृत्ति जोरों पर होता रहता है इस विषय को लेकर 'मकड जाल' कविता रची गयी थी। डर से मुक्त होने वाले दलितों का चित्र भी इसमें देख सकता है।

अपना डर तर्क में लपेटकर// झूठ बोल रहे थे वे/लग रहे थे/ आरोप मुझ पर/आगे कवि का कहना है/उतारकर/ फेंक दिया है मैं ने/ अपना डर।

यह एक प्रकार का सकारात्मक ऐलान है। डर को हटाकर कवि या साहित्यकार या अन्य लोग गर्व के साथ आगे ही बढ़ रहे है।

'एक और युद्ध' में कवि ने दलितों की गरीबी एवं संघर्ष को दर्ज किया है। प्रतिरोध की भावना दलितों को जब होता है तब समाज बेचैन एवं नाराज दिखता है।

वे सख्त नाराज है /तुम्हारी बेबाक अभिव्यक्ति पर/वे बहुत खुश है /उस आदमी से /जो खड़े हैं सर झुकाए/ उनकी भीड़ में/ जिसे जब चाहे/करते हैं इस्तेमाल/निर्जीव जड़ पदार्थ की तरह 'विपथित संघर्ष' यात्रा  कविता में अपनी अस्मिता को बनाने की कोशिश एवं भयाक्रांत मन चित्रित है।

'शब्द झूठ नहीं बोलते' कविता में दलितों के द्वारा हो रहे संघर्ष को सकारात्मक ढंग से देखने की प्रक्रिया है।

निकल आए हैं शब्द/कूड़ेदान से बाहर /खड़े हो गए हैं/उनके पक्ष में /जो फंसे हुए है अभी तक अतीत की गहरी दलदल में ।

'सजा' कविता में दलित बनकर जन्म लेने वालों की वेदना है।

जन्म लेने भर की/ इतनी बड़ी सजा/आखिर कुछ तो सोचा होता।

'अपरिचित' कविता में समाज जितने भी आगे बढ़े फिर भी मानव के बीच विशेष कर दलित एवं तथाकथित उच्च्च वर्ग के लोगों के बीच के रिश्तों पर संदेह जाहिर है।

रोज मिलते हैं/फिर भी अपरिचित है एक दूसरे से।

खुल मिलाकर जीना वे लोग नहीं चाहते हैं इस पर कभी बहुत दुखी भी है।

प्रतिबद्ध कविता में समाज के द्वारा हो रहे वर्जनाओं पर पीड़ा को व्यक्त किया गया है।वे अपनी जरूरती  चीजों के रूप में नदी पेड़ आदि को मानता है।

मुझे डर है/मेरी जरूरतों का पता चलते ही/ वे हथिया लेंगे तमाम चीजें/कर देंगे प्रतिबन्धित /पेड़ की छाँव/बांध देंगे नदी का जल/सूदृढ दीवारों से/लिख देंगे/चेतावनी दूर

रहो यह प्रतिबन्धित क्षेत्र है 'दहशत' कविता में भी टीस है।'गीली जमीन','इन अपाहिज दिनों में भी' आदि कविताओं में टीस के साथ सत्ता के खिलाफ खडे होने का ऐलान है।

'श्रेष्ठ' कविता में हीन भावना से उतरकर जाति के विरुद्ध शब्द है।

मनुष्य का जन्म तो होता है/सिर्फ मां के गर्भ से/फिर आप कैसे पैदा हो गये/ब्रह्मा के मुख से जब उसकी जाति के बारे में पूछा तो जवाब के अलावा वापसी प्रश्न पूछने की रीति को जो तर्कसंगत चर्चा के लिए बहुत महत्वपूर्ण बात है यहां चित्रित किया गया है। यह एक बहु चर्चित कविता भी है।सवाल का जवाब हमेशा देना जरूरी नहीं है। उसके बदले में विवेकवान व्यक्ति सवाल पर वापसी सवाल ही पूछता है ।इस प्रक्रिया में आत्मविश्वास का होना जरूरी है। इस कविता में  कवि ओमप्रकाश वाल्मीकी की सामाजिक बदलाव में योगदान व्यक्त हुआ है।'लावा' तथा 'वाचक' आदि कविताओं में दलितों को मानसिक बदलाव न आने पर कई बेचैन है।हीनताबोध  उसे इस प्रकार जकडकर रखा है कि अपनी व्यथा को चाहकर भी एवं बहुत कोशिश के बावजूद भी पूर्ण रूप से अपनी अनुभूतव्यथा को बाहर अभिव्यक्त नहीं कर पा रहे हैं। इतिहास कविता में तथाकथित सवर्ण लोगों के द्वारा देवता पूजन एवं  उसको खुश करने के लिए बलि चढ़ाने की अमानवीय व्यवस्था पर व्यंग्य के साथ दर्द भी व्यंजित है।

'असहमति' कविता में संघर्ष एवं पीडा विद्यमान है।

मैं भी चाहता हूं/मेरे शब्द सहना सीख जाए/विश्वास में छले गए/ हताश क्षणों की पीड़ा/ भूल जाएँ पसीने और रक्त से/भीगी पीठ पर/कोड़ों के निशान 'आंदोलन' कविता में क्रांति का ऐलान ही है।

'रोशनी के उस पार'  'विध्वंस बनकर खड़ी होगी नफरत'आदि कविताओं में क्रांति मुखरित है। नफरत को केवल  कवच के रूप में बनाने वालों से घोषणा है इनका। इसलिए इसके विरुद्ध विध्वंस का ऐलान भी है।

विध्वंस बनकर खडी होगी/एक दिन यह नफरत। 'विरासत', 'बयान' आदि कविताओं में प्रश्न है समाज से की समाज की हाँ में कैसे हाँ मिला पाएंगे दलित लोग।

'अपने हिस्से की रोटी' ,'चुप्पी टूटेगी' आदि कविताओं में पीडा ,दर्द आदि से उभरकर नई आशा एवं प्रतीक्षा मुखरित है।

मैं लडूंगा/अपनी हड्डियों के वज्र से /जिसकी मूठ पर चिपकी है/निर्दोष बच्चों की सिसकियाँ।

'लुटी पिटी स्तियों का प्रतिशोध','ऐसा क्यों होता है' 'शब्द चुप नहीं है' 'अच्छा ही हुआ', 'अब और नहीं', 'अखाड़े की माटी', आदि में कवि शक्ति संजोकर सामाजिक बदलाव के लिए परिश्रम करने का ऐलान करता है।

हजारों साल का मैल /रगड़ रगड़कर निकालने में/समय जाया मत करो आगे कवि का बयान है कि- खेल हो चुका/अब और नहीं/तय करना होगा/ कहां खड़े हो तुम /साये या धूप में।

इस प्रकार 'अब और नहीं कविता' संग्रह की कविताएं ओमप्रकाश वाल्मीकी की पीडा एवं प्रतिरोध का ऐतिहासिक दस्तावेज ही है जिसको घोषणा के रूप में लेना ही होगा। जूठन में उन्होंने अपनी गंदी गली का चित्रण करके बताया है कि मैं इस गंदगी से बाहर निकल आया हूं ।लेकिन लाखों लोग आज भी उस घिनौनी जिंदगी को जी रहे हैं।यह उनका दर्द है।यह उनका सवाल है। सत्ता से समाज से ।इसको नजरअंदाज करना सुधी लोगों के लिए संभव नहीं ठीक एवं आसान भी नहीं है।व्यक्ति के बदलाव से समाज बदलेगा समाज के दृष्टिकोण में बदलाव आना ही है। सबको सहारा देना जरूरी है।सबको समाश्लेषित करना होगा।एक समता मूलक समाज जहाँ सब लोग खुश एवं आनंद के साथ रहे सकारात्मक भावना को फैलायें।इस प्रकार एक आनंद पूर्ण समाज ही कवि की आशा है।

BOOK REVIEW

# ഹെർബേറിയം: അതിജീവനത്തിന്റെ സർഗാവിഷ്കാരം

ദിവ്യ കെ

**ഹെർബേറിയം, സോണിയ റഫീക്**
**ഡി.സി. ബുക്സ്, കോട്ടയം, 2016**

"മണമറ്റ മണ്ണിന്, മരിച്ച മരങ്ങൾക്ക് ആഴത്തിലാഴ്ന്ന പുഴകൾക്ക്, ഏതേതിനേയും പുനർജ്ജീവിപ്പിക്കാൻ കെല്പുള്ള ദൈവഭാവനയുടെ കുട്ടികൾക്ക്" എന്ന കുറിപ്പോടെയാണ് സോണിയ റഫീകിന്റെ ആദ്യനോവലായ 'ഹെർബേറിയം' ആരംഭിക്കുന്നത്. 2016-ലെ ഡി സി സാഹിത്യ പുരസ്കാരം നേടിയ ഈ നോവൽ വരും തലമുറയിലേക്ക് പകർന്നു നൽകേണ്ട അതിജീവനപാഠങ്ങളെ സംവഹിക്കുന്നതാണ്. പ്രവാസജീവിതം നയിക്കുന്ന എഴുത്തുകാരിയുടെ ഹരിതബോധ്യത്തിന്റെ സാക്ഷ്യം കൂടിയാവുന്നു നോവൽ. ആഗോള കമ്പോളവ്യാപനത്തിന്റെ ഫലമായി ഭൂമിയും വെള്ളവും വായുവും മണ്ണും പ്രകൃതിയും ജീവജാലങ്ങളുമെല്ലാം വിപണന വസ്തുക്കളായി മാത്രം കണക്കാക്കപ്പെടുമ്പോൾ സംഭവിക്കുന്നത് ജൈവികമായ അസന്തുലിതാവസ്ഥയാണ്. ഈയൊരു സാഹചര്യത്തിൽ ഭാവിയിലേക്കുള്ള പ്രകൃതിസംരക്ഷണത്തിന്റെ ആദ്യ പാഠങ്ങളെങ്കിലും നമ്മൾ സ്വായത്തമാക്കിയേ മതിയാകൂ എന്ന ബോധ്യത്തിൽ നിന്നാവാം നോവലിന്റെ പിറവി.

മണൽക്കാടുകളിലെ ചിട്ടപ്പെടുത്തിയ ജീവിതവ്യവസ്ഥയിൽ നിന്നും പ്രകൃതിയിലെ ജൈവഘടികാരത്തിനനുയോജ്യമായ ജീവിതക്രമത്തിലേക്ക് പറിച്ചു നടപ്പെട്ട ഒരു കുട്ടിയുടെ കണ്ണിലൂടെ മുന്നേറുന്ന നോവൽ സ്വഭാവിക പ്രകൃതത്തിൽ നിന്നും അകന്നുപോയഒരു തലമുറയെ സ്വാഭാവികമായി ത്തന്നെ പ്രകൃതിയോടിണങ്ങിച്ചേരാൻ പര്യാപ്തമാക്കുന്നതിന്റെ ചിത്രം കൂടിയാവുന്നു. പ്രകൃതിയോട് സമരസപ്പെട്ടു ജീവിക്കുമ്പോൾ അനുഭവപ്പെടുന്ന ലാളിത്യം നോവലിന്റെ മനോഹാരിത വർദ്ധിപ്പിക്കുന്നു. പ്രവാസജീവിതം നയിച്ചിരുന്ന ടിപ്പു എന്ന കുട്ടിയെ കേന്ദ്രീകരിച്ചാണ് നോവലിന്റെ വളർച്ച

ടിപ്പുവും' ഉമ്മുട്ട്' എന്നവൻ സ്നേഹപൂർവ്വം വിളിക്കുന്ന ഫാത്തിമയും പിതാവ് ആസിഫും അടങ്ങിയ കുടുംബത്തിലേക്ക് അപ്രതീക്ഷിതമായി കടന്നുവരുന്ന മരണം പല മാറ്റങ്ങൾക്കും കാരണമാവുന്നു.ജൈവികമായ ഒരു ആവാസ വ്യവസ്ഥയിൽ സ്വന്തമായ നിലപാടുകളും ചിന്തകളുമായി സ്വാതന്ത്ര്യത്തോടു കൂടി ജീവിച്ച ഫാത്തിമയ്ക്ക് തന്റെ ഉപ്പയുടെ മരണശേഷം തുടർപഠനം സാധ്യമാവാതിരിക്കുകയും ബന്ധുക്കളുടെയെല്ലാം നിർബന്ധത്തിന് വഴങ്ങി ആസിഫെന്ന പ്രവാസിയെ വിവാഹം കഴിച്ച് മണലാരണ്യത്തിലേക്ക് ജീവിതം പറിച്ചു നടേണ്ടി വരികയും ചെയ്തു. എങ്കിലും തന്റെ ഫ്ലാറ്റിന്റെ ഇത്തിരിവട്ടത്തിനിടയിലും പൂർവ്വജീവിതത്തിൽ നിറസാന്നിധ്യമായിരുന്ന ജൈവപ്രകൃതിയെ ഒരു കറിവേപ്പിലതണ്ടിന്റെയോ തുളസിതൈയുടെയോ രൂപത്തിലെങ്കിലും പുനരുജ്ജീവിപ്പിക്കാൻ അവൾ ശ്രമിച്ചു കൊണ്ടേയിരുന്നു. ടിപ്പുവെന്ന തന്റെ ഒമ്പതുവയസുകാരൻ മകൻ കമ്പ്യൂട്ടർ ഗെയിമുകളുടേയും കെ.എഫ്. സി.യുടേയും ലോകത്തുനിന്നും മാറി ജീവന്റെ മണവും നിറവും കിനിയുന്ന ചിത്രങ്ങളെങ്കിലും വരയ്ക്കണേ എന്നവളാശിച്ചെങ്കിലും അവന്റെ ചിത്രങ്ങളെ ഭരിച്ചിരുന്നത് ഗെയിമുകളിലെ പിശാചുക്കളും വാഹനങ്ങളും കെട്ടിടങ്ങളും മാത്രമായിരുന്നു.

സാഹസികയാത്രാപ്രിയനായ ഭർത്താവ് ആസിഫും ടിപ്പുവുമൊന്നിച്ച് തിലാപ്പിയയിലെ തടാകത്തിനരികിലേക്ക് യാത്ര പോയ ഫാത്തിമ തടാകത്തിൽ വീണ് മരണപ്പെട്ടതോടെ ദുബായിലെ ജീവിതമാകെ താളം തെറ്റുകയും ആസിഫിന് ടിപ്പുവിനെ ഫാത്തിമയുടെ ഉമ്മയ്ക്കരികിലേക് മാറ്റിപ്പാർപ്പിക്കേണ്ടി വരികയും ചെയ്തു. കാല്പനികഭാവന ഉള്ളിൽ പേറിയിരുന്ന ഫാത്തിമയുടെ കുറിപ്പുകളിലൂടെയാണ് ആസിഫും വായനക്കാരും പിന്നീടവളെ കൂടുതലറിയുന്നത്. നോവലിന്റെ ക്രമികമായ വളർച്ചയിൽ ആ കുറിപ്പുകൾക്ക് വലിയ പങ്കുണ്ട്.

തിരുനിലം വീടിനോടും കാവിനോടും ചേർന്ന വീട്ടിൽ താമസിക്കുന്ന ഫാത്തിമയുടെ ഉമ്മ നബീസത്തിനരികിലേക്ക് ടിപ്പു എത്തുന്നതോടെയാണ് നോവലിൽ മറ്റൊരു ലോകത്തിലേക്ക് വായനക്കാരും സഞ്ചരിക്കുന്നത്. വിരുദ്ധമായ രണ്ട് സാമൂഹികാന്തരീക്ഷങ്ങളെ വളരെ സ്വാഭാവികമായി

ത്തന്നെ ചേർത്തു വെയ്ക്കാൻ നോവലിസ്റ്റിന് സാധിക്കുന്നുണ്ട്. സൂക്ഷ്മദർശിനി ക്കുഴലിലൂടെ സസൂക്ഷ്മം നോക്കിയിരുന്ന് ലോകത്തിന്റെ നിഗൂഢതകൾ കണ്ടെത്തുന്ന ശാസ്ത്രജ്ഞനെപ്പോലെ ദുബായിലെ ഫ്ലാറ്റിൽ ഏകാകിയായി മൊബൈൽ ഗെയിമുകളിൽ മുഴുകിയിരുന്ന ടിപ്പുവിന് തുടക്കത്തിൽ പ്രകൃതി യുടെ സ്വാഭാവികചലനങ്ങളും ശബ്ദങ്ങളും ഭയവും അറപ്പുമെല്ലാം ജനിപ്പിക്കു ന്നുണ്ടെങ്കിലും വളരെ പെട്ടെന്ന് തന്നെ അവയോടിണങ്ങിച്ചേരാൻ അവന് സാധിക്കുന്നുണ്ട്. ടിപ്പുവിന് കൂട്ടായി മിടുക്കിയായ അമ്മാളു കൂടി എത്തുന്ന തോടെ പ്രകൃതിയുടെ വർണാഭമായ അന്തരീക്ഷം ആഖ്യാനത്തിലും തെളി യുന്നു. പിന്നീടങ്ങോട്ട് കുട്ടികളുടെ നോട്ടത്തിലൂടെയാണ് നോവൽ മുന്നേറു ന്നത്.

അമ്മാളുവിലൂടെയാണ് ടിപ്പു തിരുനിലം വീടിനോട് ചേർന്നുള്ള കാടും കാവും അനുഭവിച്ചറിയുന്നത്. കാവിനേയും അവിടത്തെ വൈവിദ്ധ്യ മാർന്ന ജൈവപ്രവഞ്ചത്തേയും അതിന്റെ നൈസർഗ്ഗികതയോടെ ഉൾക്കൊ ള്ളാൻ വളരെ പെട്ടെന്ന് തന്നെ ടിപ്പുവിന് സാധിക്കുന്നു. അമ്മാളുവിന്റെ അച്ഛന്റെ സ്വകാര്യശേഖരത്തിൽ ഉണ്ടായിരുന്ന 100 സസ്യങ്ങൾ അടങ്ങിയ 'ഹെർബേറിയം' നോവലിനെ മറ്റൊരു തലത്തിലേക്കുയർത്തുന്നു. കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപകനും പ്രകൃതിയോടങ്ങേയറ്റം ഇണങ്ങി ജീവിക്കുന്നവനുമായ വിനോദ് ലോകത്താകമാനമുള്ള സസ്യങ്ങളുടെ ഓർമ യ്ക്കായുള്ള ആൽബം സൂക്ഷിക്കുന്ന ജാഗ്രതയോടെയാണ് 'ഹെർബേറിയം' സംരക്ഷിച്ചു പോരുന്നത്. ഹെർബേറിയം കണ്ടപ്പോഴുണ്ടായ കൗതുകത്തിൽ ആ സസ്യങ്ങളത്രയും കണ്ടുപിടിക്കാനൊരുങ്ങിയ ടിപ്പുവിനും അമ്മാളുവിനും ആദ്യഘട്ടത്തിൽ 65 സസ്യങ്ങളെ മാത്രമേ കണ്ടെടുക്കാനായുള്ളൂ. പ്രതീതി യാഥാർത്ഥ്യത്തിന്റെ സഹായത്തോടെ അവർ 'ഹെർബാറഷ്' എന്ന ഒരു ഗെയിം സംഘടിപ്പിക്കുകയും ബാക്കി വന്ന 25 സസ്യങ്ങൾ കൂടി കണ്ടെത്തു കയും ചെയ്യുന്നു. എന്നാൽ പിന്നെയും ബാക്കിയായ 10 ചെടികളെക്കുറിച്ച് യാതൊരു തെളിവും ലഭിക്കാത്തത് കുട്ടികളെ പരിഭ്രാന്തരാക്കിയതു പോലെ വായനക്കാരേയും സംഭ്രമിപ്പിക്കുന്നു. ഹെർബാറഷെന്ന സാങ്കൽപ്പികകളിയി ലൂടെ 25 ചെടികളിൽ ഭൂരിപക്ഷം കണ്ടെത്തി ടിപ്പു ജയിക്കുകയും അമ്മാളു

തോൽക്കുകയും ചെയ്തു. എന്നാൽ അവർക്കു രണ്ടുപേർക്കും കണ്ടെത്താനാവാത്ത ആ പത്ത് സസ്യങ്ങളുടെ വിഷയത്തിൽ ലോകമാകമാനം തോറ്റുപോയി.

അവധിക്കാലം അവസാനിക്കാറായ സാഹചര്യത്തിലാണ് തിരുനിലം വീടിന്റേയും കാവിന്റേയുമെല്ലാം ഉടമയായ രാമചന്ദ്രൻ നായരും മകൻ ജനാർദ്ദനനും വിദേശത്തുനിന്ന് നാട്ടിലെത്തുന്നതും പ്രവാസിയായ റഷീദലിക്ക് അമ്യൂസ്മെന്റ്പാർക്ക് തുടങ്ങാനായി ആ സ്വത്തുവകകളെല്ലാം വിൽക്കുന്നതും. ടിപ്പുവും അമ്മാളുവും പല പ്രതിരോധപദ്ധതികളും മിനഞ്ഞെങ്കിലും റഷീദലി കാവിന്റെ ജൈവപ്രപഞ്ചത്തെയാകെ മണ്ണുമാന്തിയന്ത്രത്തിന്റെ സഹായത്താൽ പിഴുതെടുക്കുന്നു. വിനീതിന്റെ നേതൃത്വത്തിൽ മാധ്യമങ്ങളുടെയും മറ്റും ഇടപെടലിലൂടെ കാവിനെ തരിശാക്കുന്ന പ്രകിയയ്ക്ക് താൽകാലികമായി തടസ്സം നേരിട്ടെങ്കിലും ആ തടസ്സം ശാശ്വതമായിരുന്നില്ല. എന്നാൽ അതിജീവനപാഠങ്ങളിലേക്കുള്ള പുതുതലമുറയുടെ സംഭാവന വലുതായിരുന്നു. കാവിലെ ഓരോ മരത്തിൽ നിന്നുമായി ടിപ്പുവും അമ്മാളുവും ശേഖരിച്ച വിത്തുകളും തൈകളും മറ്റുള്ളവരുടെ കൂടി സഹായത്തോടെ കാവിലാകെ നട്ടും നനച്ചും പരിപാലിക്കുന്നു. നാഷണൽ ഹൈവേയുടെ ഓരങ്ങളിൽ നിന്ന് വെട്ടിമാറ്റിയവയ്ക്കുപകരമായി അവിടെയും തൈകൾ വച്ചുപിടിപ്പിക്കുന്നു. ഇനിയൊരിക്കലും കണ്ടെത്താൻ സാധ്യതയില്ലാത്ത പത്ത് ചെടികൾക്കായി ശവക്കുഴി തോണ്ടുന്ന കുട്ടിക്കൂട്ടം ഭൂമിയുടെ ജൈവികതുടർച്ചയ്ക്ക് തുരങ്കം വെക്കുന്നവർക്കായി പതിനൊന്നാമതൊരു കുഴി കൂടി കുഴിക്കുന്നു. പ്രതീതിയാഥാർത്ഥ്യത്തിൽ മാത്രം മുഴുകിയിരിക്കാതെ വരും തലമുറയുടെ അതിജീവനത്തിനായി പ്രതിരോധത്തിന്റെ ബദൽമാതൃകകൾക്ക് തുടക്കമിടാൻ തങ്ങൾ തന്നെ വേണമെന്നുള്ള ഉറച്ച ബോധ്യം കുട്ടിക്കൂട്ടത്തെ മുന്നോട്ട് നയിക്കുന്നു

സോഷ്യൽ ഇക്കോളജിയുടെ വക്താവായ മുറേ ബുക്ചിന്റെ കാഴ്ചപ്പാടിൽ, മനുഷ്യന് നശിപ്പിക്കാനുള്ള ശേഷിയുണ്ട് എന്നതിനർത്ഥം അവന് നിർമ്മിക്കാനുള്ള ശേഷിയുമുണ്ടെന്നുള്ളതാണ്. മനുഷ്യന്റെ ക്രിയാത്മകതയിൽ വിശ്വാസമർപ്പിക്കുക എന്നത് പരിസ്ഥിതിസംരക്ഷണത്തിന്

അനിവാര്യമായ ഘടകമാണ്. തന്റെ ആദ്യനോവലിലൂടെ സോണിയ റഫീകും മുന്നോട്ടുവയ്ക്കുന്നത് അത്തരമൊരു ദർശനം തന്നെയാണ്. മനുഷ്യൻ നശിപ്പിക്കുന്നതിനെ അതിന്റെ സ്വാഭാവികതയോടുകൂടി പുനരുജ്ജീവിപ്പിക്കാനുള്ള ബദൽ നിർമ്മിതികളന്വേഷിക്കുന്നവരാണ് ടിപ്പുവും അമ്മാളുവുമടങ്ങുന്ന കൂട്ടായ്മ. വിനോദിന്റെ സ്വകാര്യശേഖരമായിരുന്ന ഹെർബേറിയം ടിപ്പുവിന്റെ കൈയിലെത്തുകയും അതിന്റെ മാതൃകയിൽ അവരുടെ സ്കൂളിലെ കുട്ടികളൊന്നടങ്കം അതിനെ ക്രിയാത്മമായി പുനർ നിർമ്മിക്കാനൊരുങ്ങുകയും ചെയ്യുമ്പോൾ പ്രകൃതിസംരക്ഷണയജ്ഞത്തിന്റേതായ സാമൂഹികമാനം കൈവരിക്കുന്നു.

പ്രമേയസ്വീകരണത്തിലെ ജൈവാവബോധം നിലനിർത്താനുതകുന്ന വളരെ ലളിതമായ ഭാഷ ആഖ്യാനത്തിലുടനീളം കാത്തുസൂഷിക്കാൻ എഴുത്തുകാരിക്ക് സാധിച്ചിട്ടുണ്ട്. മുതിർന്നവരോടൊപ്പം പുതിയ തലമുറയെ പ്രതിനിധീകരിക്കുന്ന കുട്ടികളിലേക്കും നോവലിലെ ആശയപ്രപഞ്ചം എത്തണമെന്ന ഉദ്ദേശമായിരിക്കാം എഴുത്തിലെ ലാളിത്യത്തിന് പിന്നിൽ. നോവലിലെ ഓരോ കഥാപാത്രത്തെയും അവരുടെ സ്വഭാവസവിശേഷതകളിലൂന്നി കൈയ്യടക്കത്തോടെ അവതരിപ്പിച്ചിരിക്കുന്നതിലും നോവലിസ്റ്റ് വിജയിച്ചിരിക്കുന്നു. ടിപ്പുവിന്റെ ഉമ്മുട്ടു മുൻപെഴുതിയ ചെറിയ ചെറിയ കുറിപ്പുകളിലൂടെ മരണശേഷവും വായനക്കാരിലേക്ക് കൃത്യമായ നിലപാടറിയിക്കുന്നു. തന്റെ ചുറ്റുമുണ്ടായിരുന്ന സ്വാഭാവിക പ്രകൃതിയെ എത്ര ഉൾക്കാഴ്ചയോടും സൂക്ഷ്മവുമായാണവൾ മനസ്സിലാക്കിയതെന്ന് വ്യക്തമാക്കുന്നവയാണ് ഓരോ കുറിപ്പും. “ലോകത്ത് എത്രയിനം കിളികളും മൃഗങ്ങളും പ്രാണികളുമുണ്ടോ അത്രതന്നെ ഭാഷകളുമുണ്ട്. സസ്യഭാഷ നമുക്ക് അറിയില്ലെന്നു കരുതി അവർക്ക് ഭാഷയില്ലെന്ന് പറയാനാവില്ലല്ലോ. വളരെ ദൃഢമായ ലിപികൾ അവർക്കുമുണ്ട്. മഴ പെയ്യുമ്പോൾ കിളിർക്കുവാനും വെയിലണയുമ്പോൾ വാടുവാനും പോന്ന ഭാഷ. സസ്യങ്ങൾ സംവേദനം നടത്തുന്നത് സൂര്യനോടും മണ്ണിനോടും മഴയോടുമൊക്കെയാണ്. തൊട്ടാവാടി ചെടിക്ക് ഭാഷയില്ലെന്ന് ആർക്കെങ്കിലും പറയാനാവുമോ? എത്ര വ്യക്തതയോടെയാണ് അത് തന്റെ നിലപാട് വ്യക്തമാക്കുന്നത്.?” എന്നാണ് ഫാത്തിമയുടെ

ഭാഷ്യം. തന്റെ ചുറ്റുമുള്ള ലോകത്തെ സമഭാവനയോടെ കാണാനും സൂക്ഷ്മനിരീക്ഷണത്തിലൂടെ അവയിൽ മാനുഷികഭാവങ്ങളാവിഷ്ക്കരിക്കാനു മായിരുന്നു ഫാത്തിമ തുനിഞ്ഞത്. ഫാത്തിമയുടെ കുറിപ്പുകളുടെ സാന്നിധ്യ ത്തിലാണ് ഭർത്താവായ ആസിഫിന്റെ ലോകം വയനക്കാരോട് സംവദിക്കു ന്നത്. എന്നാൽ നോവലിന്റെ അർദ്ധഭാഗം പിന്നിടുമ്പോഴേക്കും തിലാപ്പിയ യിലെ തടാകത്തിൽ പൊടുന്നനെ അപ്രത്യക്ഷയായ ഫാത്തിമയെപ്പോലെ അവളുടെ കുറിപ്പുകളും അപ്രത്യക്ഷമായത് വായനക്കാർക്ക് അത്ര എളുപ്പ ത്തിൽ ഉൾക്കൊള്ളാനാവില്ലെന്ന കാര്യത്തിൽ നോവലിസ്റ്റ് വേണ്ടത്ര മനസ്സി രുത്തിയ മട്ടില്ല.

ലോകമാകമാനമുള്ള സസ്യങ്ങളുടെ ഓർമയ്ക്കായൊരു ആൽബം സൂക്ഷിക്കുന്ന ജാഗ്രതയോടെ ഹെർബേറിയം കാത്തുസൂക്ഷിക്കുന്ന വിനോദ് ഒരു ജൈവപ്രതിനിധിയായി നോവലിലുടനീളം തുടരുന്നു. ടിപ്പുവിന്റെ യാന്ത്രികലോകം പ്രകൃതിയുടെ പച്ചപ്പിലേക്ക് പറിച്ചു നട്ടതിൽ അമ്മാളുവി നൊപ്പം പ്രാധാന്യം വിനോദിനുമുണ്ട്. ' റ'പോലെ വളഞ്ഞ ശരീരവുമായി പ്രാഞ്ചി പ്രാഞ്ചി നടക്കുന്ന തങ്കയമ്മ തന്റെ ജീവിത രീതികളിലും നിലപാ ടിലും വളവൊട്ടും കൂടാതെ നട്ടുനിവർന്നു നിൽക്കുന്നതായി നമുക്ക് കാണാം. അതുകൊണ്ടുതന്നെയാണ് ടിപ്പുവിന്റെ മനസിൽ അവരൊരു സൂപ്പർവുമൺ ആയി മാറുന്നതും. തിരുനിലം വീട്ടിലെ ജനാർദ്ദനന്റെ ഭാര്യയായ വിദേശ വനിത ജൂലിയയുടെ മനസ്സിലെ നന്മയും സഹജീവിസ്നേഹവും മനസ്സിലാ ക്കാൻ അവരുടെ ചില സംഭാഷണങ്ങൾ തന്നെ ധാരാളം. ഞാൻ ജനിച്ചു വളർന്ന ഇടത്തെക്കുറിച്ച് നീയെന്നെ പഠിപ്പിക്കേണ്ടെന്ന് ജനാർദ്ദനൻ പറയുമ്പോൾ "ജനിച്ചു വളർന്നിട്ടെന്തു കാര്യം? അവിടെ നിങ്ങളറിയാത്ത ഒരു ലോകമുണ്ട്. സൂക്ഷ്മദർശിനിയുടെയൊന്നും സഹായമില്ലാതെ തന്നെ കാണാ നാവുന്നൊരു ലോകം; കണ്ണു തന്നെ വേണമെന്നില്ല അതു കാണുവാൻ. മനസ്സൊന്നു ഭംഗിയായി തുറന്നു വെച്ചാൽ മതി... ഒമ്പത് വയസുള്ളൊരു കുട്ടി കാണുന്ന ലോകം നിങ്ങൾക്ക് കാണാനാവുന്നില്ലല്ലോ. അവർ ഭയക്കുന്ന ലോകവിപത്തിനെക്കുറിച്ച് നിങ്ങൾക്ക് ബോധമില്ലാതെ പോയല്ലോ; ജനിച്ച

ഇടമാണത്രേ.” എന്ന മറുചോദ്യം ജനിച്ച ഇടത്തെ മനസ്സുതുറന്നു കാണാത്തവർക്കെല്ലാമുള്ള മറുപടിയാവുന്നു.

മനുഷ്യരോടൊപ്പം തന്നെ മൃഗങ്ങളും പക്ഷികളും സസ്യജാലങ്ങളുമെല്ലാം സവിശേഷസാന്നിധ്യമായി മനുഷ്യരോട് പ്രതികരിക്കുന്നവരായി നോവലിൽ വികസിക്കുന്നു. നോവലിന്റെ മധ്യഭാഗം മുതലാണ് അങ്കുവാമ പ്രത്യക്ഷപ്പെടുന്നതെങ്കിലും കഥാഗതിയിൽ അത് കാര്യമായ പങ്കു വഹിക്കുന്നുണ്ട്. ഫാത്തിമ കുട്ടിയായിരുന്നപ്പോൾ അവൾക്കേറ്റവും പ്രിയപ്പെട്ട അങ്കുവാമ പിന്നീട് തങ്കയമ്മയുടെ സംരക്ഷണയിലായിരുന്നു. കാടിന്റെ സ്വാഭാവിക പ്രകൃതിയിൽ കഴിയേണ്ട ജീവജാലങ്ങളെ നാട്ടുമനുഷ്യർ കൗതുകത്താലും അല്ലാതെയും മാറ്റിപാർപ്പിക്കുമ്പോളുണ്ടാകുന്ന ദൈന്യാവസ്ഥ കൂടി അങ്കുവാമ പങ്കുവെയ്ക്കുന്നു.

പ്രകൃതിയിലേക്ക് മടങ്ങുക എന്നുള്ളത് വെറുമൊരു ജൈവികാവസ്ഥയിലേക്കുള്ള മടക്കം എന്നതിലുപരി സാമൂഹിക രാഷ്ട്രീയ ഇടങ്ങളിലെ പാരിസ്ഥിതിക പ്രതിരോധം കൂടിയായി മാറേണ്ടതുണ്ട്. വികസനമെന്നാൽ നഗരവൽക്കരണത്തിന്റെയും കമ്പോളസംസ്കാരത്തിന്റെയും ഭാഗമായി ഉടലെടുക്കുന്ന കൂറ്റൻ കെട്ടിടസമുച്ചയങ്ങളും അതിനൂതന യന്ത്രസംവിധാനങ്ങളുമാണെന്ന മലയാളിയുടെ പൊള്ളയായ പുരോഗമനബോധ്യത്തെ ചോദ്യം ചെയ്തുകൊണ്ട് മുന്നേറുന്ന നോവൽ ഭാവി തലമുറയിൽ എഴുത്തുകാരിക്കുള്ള പ്രത്യാശ കൂടി പങ്കുവെക്കുന്നുണ്ട്. അന്തരീക്ഷ മലിനീകരണവും മനുഷ്യജനസംഖ്യയിലുണ്ടായ അസാമാന്യ വർദ്ധനയും ആവാസവ്യവസ്ഥയുടെ സംഹാരവും കാട്ടുതീ പോലെയുള്ള വിപത്തുകളും പ്രകൃതിദുരന്തങ്ങളും കാരണം പല സസ്യവർഗങ്ങളും ഇന്ന് ഭൂമിയിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഹെർബേറിയത്തിലെ ചലനമറ്റ മൃതദേഹങ്ങളായി മാത്രം നമ്മുടെ വരും തലമുറ സസ്യങ്ങളെ കാണാതിരിക്കുമെന്നും പരിസ്ഥിതിജാഗ്രത്തായൊരു സംസ്കാരം അവർക്കും സാധ്യമാവുമെന്നുമുള്ള ശുഭപ്രതീക്ഷ കൂടി വായനക്കാരിലേക്കെത്തുന്നുണ്ട്.

# List of Contributors


- Dr. Ravi K.P, Associate Professor, Dept.of Malayalam,
  Govt.Arts & Science College Calicut
  Email: ravikummanchery@gmail.com
  Mob:9446157523

- Dr. Priya P   Principal & Associate Professor of History
  Govt.Arts & Science College Calicut
  Email: priyapoovatta@gmail.com
  Mob:9496109814

- Dr.Kabeer K.T, Assistant Professor, Dept.of Economics,
  Govt.Arts & Science College Calicut
  Email: kabeerpengad@gmail.com
  Mob:9847250869

- Dr. Sureshbabu P A, Assistant Professor, Dept.of Economics,
  Govt.Arts & Science College Calicut
  Email: sureshbabupa111@gmail.com
  Mob: 7736084385

- Dr. Sheba Susan Johns, Assistant Professor, Dept.of Commerce,
  Govt.Arts & Science College Calicut
  Email: shebajohns13@yahoo.com
  Mob: 9539239692

- Dr.Reeja Raveendran, Assistant Professor, Dept.of Malayalam,
  NSS College for Women,Neeramankara
  Email: reejaarunkumar@gmail.com
  Mob:  9447461476

- Nima M, Research Scholar, Dept.of Malayalam,
  Govt.Arts & Science College Calicut
  Email: nimasarovaram@gmail.com
  Mob: 9746269261

- Dr. B. Sreekumar Sambath   Associate Professor, Dept.of Malayalam,
  University College, Thiruvananthapuram

Email: sreekumarsampath@gmail.com
Mob: 8075329075

- Dr. Siju K.D, Assistant Professor, Dept.of Malayalam,
  SARBTM Govt.College , Koyilandy
  Email: sijusadhana@gmail.com
  Mob: 9446996050

- Dr.Reena A.M, Assistant Professor, Dept.of Malayalam,
  Sree Krishna College,Guruvayur
  Email: alkalahan@gmail.com
  Mob: 9497647732

- Leena E.P, Research Scholar, Dept.of Malayalam,
  Govt.Arts & Science College Calicut
  Email: epleenaep@gmail.com
  Mob: 9447754192

- Dr.Susmitha S, Assistant Professor, Dept.of Malayalam,
  Govt.Arts & Science College Calicut
  Email: ssusmitha886@gmail.com
  Mob: 9495575431

- Haritha K Prasad, Research Scholar, Dept.of Malayalam,
  SNGS Pattambi
  Email: harithakprasad@gmail.com
  Mob: 9605517668

- Sheeba P, Assistant Professor, Dept.of Malayalam,
  CHMKM Govt.Arts & Science College, Koduvally
  Email: psheeba020@gmail.com
  Mob:8157856121

- Dr.Shamli M M, Professor, Dept.of Hindi,
  Govt.Arts & Science College Calicut
  Email: shamlikhan973@gmail.com
  Mob: 9446164053

- Dr. Sajitha Kizhinipurath, Professor, Dept.of Malayalam,
  Govt.Arts & Science College Calicut
  Email: sajithakizhini@gmail.com
  Mob: 9495721540

- Dr. Stalindas Padinhare Purakkal, Associate Professor,
  Dept.of Malayalam, Govt.Arts & Science College Calicut
  Email: stalindas77@gmail.com
  Mob: 9447926575

- Dr.Priya P, Associate Professor, Dept.of Hindi,
  Govt.Arts & Science College Calicut
  Email: priyaradhan@gmail.com
  Mob: 9447279181

- Divya K, Research Scholar, Dept.of Malayalam,
  Govt.Arts & Science College Calicut
  Email: divyasreedhar88@gmail.com
  Mob: 9656740907

Vol. 13 Issue 1 January 2023

# പ്രതിരോധ പഠനങ്ങൾ
## Studies on Resistance

Dr. Ravi K.P
Dr. Priya Pilikkode
Dr. Kabeer K.T.
Dr. Suresh Babu P A
Dr. Sheba Susan Johns
Dr. Reeja Raveendran
Nima M
Dr. B. Sreekumar Sambath
Dr. Siju K.D
Dr. Reena A M
Leena E P
Dr. S. Susmitha
Haritha K Prasad
Sheeba P
Dr. Shamli M M
Dr. Sajitha Kizhinipurath
Dr. Stalin Das Padinhare Purakkal
Dr. P. Priya
Divya K

Address for editorial correspondence and subscriptions: The Research Journal Editorial Board, Govt. Arts and Science College, Kozhikode - 18
E-mail: gasckkdprincipal@gmail.com, Ph: 0495-2320694 Website: www.gasckkd.ac.in